# ഇസ്‌ലാം ഭീകരതയെ തള്ളിപ്പറയുന്നു

സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് പരമകാരുണികൻ സ്നേഹവിരുന്നൊരുക്കും.(മർയം 96)

**ഹാറൂൺ യഹ്‌യ (അദ്നാൻ അഖ്തർ)**

ആദ്യഎഡിഷൻ ജനുവരി 2002
രണ്ടാം എഡിഷൻ മാർച്ച് 2002
മൂന്നാം എഡിഷൻ മാർച്ച് 2002
നാലാം എഡിഷൻ ജൂൺ 2013
പരിഭാഷ:
എഡിറ്റിങ്:
പ്രസാധകർ:
പ്രിന്റിങ്:
ഖുർആൻ തർജമ: ഖുർആൻ ലളിതസാരം

www.harunyahya.com/ www.harunyahyaapps.com
en.a9.comt.r-http://harunyahya.tv

## ഗ്രന്ഥകാരൻ

ഹാറൂൺ യഹ്യ എന്ന അപരനാമത്തിലെഴുതുന്ന അദ്നാൻ അഖ്തർ തുർക്കിയിലെ അങ്കാറയിൽ 1956 ൽ ജനിച്ചു. സെക്കണ്ടറിതലംവരെ തന്റെ വിദ്യാഭ്യാസം അദ്ദേഹം അങ്കാറയിലാണ് പൂർത്തീകരിച്ചത്. തുടർന്ന് മിമാർസിനാൻ യൂണിവേഴ്സിറ്റിയിൽനിന്ന് ഫൈൻ ആർട്സിൽ ബിരുദമെടുത്തു. അതോടൊപ്പം ഇസ്തംബൂൾ യൂണിവേഴ്സിറ്റിയിൽനിന്ന് തത്ത്വശാസ്ത്രവും പൂർത്തിയാക്കി. 1980 മുതൽക്ക് രാഷ്ട്രീയം, ശാസ്ത്രം, വിശ്വാസം എന്നിങ്ങനെ വ്യത്യസ്തവിഷയങ്ങളിൽ നിരവധി പുസ്തകങ്ങൾ എഴുതി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. പരിണാമവാദികളുടെ യുക്തിരാഹിത്യത്തിന് നൽകിയ മറുപടികളാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ രചനകളിൽ ഏറെയും. ഫാസിസവും കമ്യൂണിസവും പോലെ രക്തംചിന്തുന്ന പ്രത്യയശാസ്ത്രങ്ങൾ ഡാർവിനിസവുമായി അഭേദ്യബന്ധം പുലർത്തുന്നത് വിശദീകരിക്കുന്ന പുസ്തകങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. 55000 പേജുകളും 40000 അനുബന്ധവിശകലനങ്ങളുമായി പ്രസ്തുത കൃതികൾ ഇതിനകം 76 വ്യത്യസ്തഭാഷകളിലേക്ക് മൊഴിമാറ്റം നടത്തപ്പെട്ടുകഴിഞ്ഞു.

ദൈവവിശ്വാസത്തിൽ പങ്കുചേർത്ത തങ്ങളുടെ സമൂഹത്തെ മാർഗദർശനം ചെയ്യാൻ നിയോഗിതരായ ഹാറൂൺ, യഹ്യ എന്നീ പ്രവാചകൻമാരുടെ പേരുകൾ കൂട്ടിയോജിപ്പിച്ചാണ് ഗ്രന്ഥകാരൻ തന്റെ തൂലികാനാമം സ്വീകരിച്ചിരിക്കുന്നത്. തന്റെ ബുക്കുകളുടെ പുറംചട്ടയിലുള്ള പ്രവാചകന്റെ സീൽചിഹ്നം അതിന്റെ ഉള്ളടക്കത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നുണ്ട്. അതായത്, അന്ത്യപ്രവാചകനായ മുഹമ്മദ് നബിയ്ക്ക് അവതരിച്ചുകിട്ടിയ ഖുർആനും അദ്ദേഹത്തിന്റെ ജീവിതചര്യയായ സുന്നത്തുമാണ് പുസ്തകത്തിന്റെ പ്രതിപാദ്യം . നിർമത-യുക്തിരഹിതആശയങ്ങളെ വിശകലനംനടത്തി അന്തിമവിധിപറച്ചിലെന്നോണം സമർപ്പിച്ചിട്ടുള്ള പുസ്തകം മതത്തിനെതിരെയുണ്ടായിട്ടുള്ള എല്ലാ വിമർശനങ്ങളെയും നിർവീര്യമാക്കുന്നു. അതുകൊണ്ടാണ് യുക്തിയുടെയും സ്വഭാവവിശുദ്ധിയുടെയും മൂർത്തിമദ്ഭാവമായ മുഹമ്മദ് നബിയുടെ മുദ്രയെ അന്തിമവർത്തമാനമെന്നതിന്റെ പ്രതീകമായി പുറംചട്ടയിൽ നൽകിയിരിക്കുന്നത്.

ഹാറൂൺ യഹ്യയുടെ എല്ലാ രചനകളും ഏകലക്ഷ്യത്തോടെയുള്ളവയാണ്.അതായത്, ഖുർആനിക സന്ദേശമെത്തിക്കുകയെന്ന പ്രാഥമികദൗത്യമാണതിന്റേത്. തെളിച്ചുപറഞ്ഞാൽ, വിശ്വാസവുമായി ബന്ധപ്പെട്ട ദൈവാസ്തിക്യവും അവന്റെ ഏകത്വവും പരലോകവിചാരണയും വിശദാംശങ്ങളോടെ വായനക്കാരെ ബോധ്യപ്പെടുത്തുക, മനുഷ്യനിർമിത നിർമതവാദങ്ങളെല്ലാം യുക്തിരഹിതവും ദുർബലവും മാർഗച്യുതിയുമാണെന്ന് മനസ്സിലാക്കിക്കൊടുക്കുക തുടങ്ങിയവ അതിൽപെടുന്നു.ഇന്ന് ലോകത്ത് ഒട്ടേറെ വായനക്കാരെ നേടിയെടുത്ത എഴുത്തുകാരനാണ് ഹാറൂൺ യഹ്യ. ഇന്ത്യ, അമേരിക്ക, ഇംഗ്ലണ്ട്, ഇന്തോനേഷ്യ, പോളണ്ട്, ബോസ്നിയ, സ്പെയിൻ, ബ്രസീൽ മലേഷ്യ , ഇറ്റലി, ഫ്രാൻസ്, ബൾഗേറിയ, റഷ്യ തുടങ്ങി രാജ്യങ്ങളിൽ അവ വായിക്കപ്പെടുന്നുണ്ട്. ഇംഗ്ലീഷ് , ജർമൻ, സ്പാനിഷ്, ഇറ്റാലിയൻ, പോർട്ടുഗീസ്, ഉർദു, അറബിക്, അൽബേനിയൻ, ചൈനീസ്, സ്വാഹിലി, ഹോസ, ദിവേഹി(മാലിദ്വീപിയൻ ഭാഷ), റഷ്യൻ, സെർ

ബോ-ക്രോട്ട്(ബോസ്നിയൻ), പോളിഷ്, മലായ്, ഉയ്ഗൂർ ടർക്കിഷ്, ഇന്ത്യോനേഷ്യൻ, ബംഗാളി, ഡാനിഷ്, സ്വീഡിഷ് എന്നിങ്ങനെ വ്യത്യസ്തഭാഷകളിൽ ആ പുസ്തകങ്ങൾ ലഭ്യമാണ്.ലോകാംഗീകാരം പിടിച്ചുപറ്റിയ അദ്ദേഹത്തിന്റെ രചനകൾ ഒട്ടേറെയാളുകളെ ദൈവവിശ്വാസത്തിലേക്ക് വഴിതിരിച്ചുനടത്തിയിട്ടുണ്ട്. അവർക്കെല്ലാം തങ്ങളുടെ മതവിശ്വാസത്തിന്റെ സാംഗത്യം ബോധ്യപ്പെടാൻ അതുപകാരപ്പെട്ടുവെന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ രചനകളിൽ അനാവൃതമാകുന്ന യുക്തിയും ആത്മാർഥതയും വിവരണത്തിനുപയോഗിച്ച ഭാഷയുടെ ലാളിത്യവും അനുവാചകരെ ആകർഷിക്കുന്നവയാണ്. വായനയെ ഗൗരവത്തിൽ സമീപിക്കുന്ന ഏതൊരു അനുവാചകനെയും ആ രചനകൾ തലതിരിഞ്ഞ ദൈവനിഷേധത്തിന്റെ കുഴലൂത്തുകാരനാക്കുകയില്ല. എന്നല്ല, നിർമതപ്രത്യയശാസ്ത്രങ്ങളുടെ അടിസ്ഥാനദൗർബല്യങ്ങളെ തുറന്നുകാണിക്കുംവിധം വസ്തുതകളെ കൃത്യമായി ചൂണ്ടിക്കാട്ടുന്ന അതിലെ സമർഥനങ്ങളെ നിഷേധിക്കാൻ ഒരാൾക്കും കഴിയില്ല. ഇന്ന് എല്ലാ മതനിഷേധപ്രസ്ഥാനങ്ങളും ആശയപരമായി പരാജയപ്പെട്ടുകഴിഞ്ഞു. അതിൽ ഹാറൂൺയഹ്‌യയുടെ പുസ്തകങ്ങൾ വഹിച്ച പങ്കിനെ നന്ദിയോടെ ഓർക്കുന്നു. ഇത് ഖുർആന്റെ യുക്തിജ്ഞാനത്തിന്റെയും തെളിമയുടെയും സദ്ഫലമാണെന്നതിൽ യാതൊരു സംശയവുമില്ല. ദൈവത്തിന്റെ ശരിയായ പാത കണ്ടെത്താനുള്ള മനുഷ്യരുടെ പരിശ്രമങ്ങളെ സഹായിക്കുകമാത്രമാണ് ഗ്രന്ഥകാരന്റെ ഉദ്ദേശ്യം. ഇത്തരം രചനകളുടെ പ്രസാധനത്തിലൂടെ എന്തെങ്കിലും ഭൗതികനേട്ടങ്ങൾ ഒരിക്കലും അദ്ദേഹം ആഗ്രഹിച്ചിട്ടില്ല.അദ്ദേഹത്തിന്റെ പുസ്തകങ്ങളെ വായിക്കാൻ പ്രേരിപ്പിക്കുന്നവർ, മനസ്സും ഹൃദയവും തുറക്കാൻ ആളുകൾക്ക് അവസരമൊരുക്കുകയാണ്. അതിലൂടെ അവർ ദൈവത്തോട് പ്രതിബദ്ധത പുലർത്തുന്ന വിശ്വാസികളായിത്തീരുന്നു. സമൂഹത്തിന് ചെയ്യുന്ന വിലമതിക്കാനാകാത്ത സേവനമാണ് അതെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.അതേസമയം ആളുകളെ ചിന്താക്കുഴപ്പത്തിലും ആദർശസന്ദേഹത്തിലും കൊണ്ടെത്തിക്കുന്ന മറ്റുപുസ്തകങ്ങൾ വായിക്കാൻ നൽകുന്നത് അവരുടെ സമയവും ഊർജവും നഷ്ടപ്പെടുത്തലാണ്. എന്നല്ല, അവ മനുഷ്യഹൃദയങ്ങളിൽ കുടിയിരിക്കുന്ന സംശയങ്ങളെ നീക്കംചെയ്യുന്നതിൽ ഒട്ടുംതന്നെ ഫലപ്രദമല്ലെന്ന് മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്കറിയാം. അവയൊക്കെ ആളുകളെ വിശ്വാസരാഹിത്യത്തിൽനിന്ന് രക്ഷിക്കുകയെന്നതിനപ്പുറം രചയിതാക്കളുടെ സാഹിത്യമികവും വൈജ്ഞാനികസിദ്ധിയും പ്രകടിപ്പിക്കാൻവേണ്ടി വിരചിതമായിട്ടുള്ളവയാണെന്നതുകൊണ്ട് അത്രയൊക്കെയേ ഗുണപ്പെടുകയുള്ളൂ.ഇപ്പറഞ്ഞതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഹാറൂൺ യഹ്‌യയുടെ പുസ്തകങ്ങൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്ന വസ്തുതയുണ്ട്: അത് ഖുർആന്റെ ധാർമികമൂല്യങ്ങളെ പ്രസരിപ്പിക്കാനും ദൈവനിഷേധത്തെ പരാജയപ്പെടുത്താനും ലക്ഷ്യമിടുന്നു. വായനക്കാരൻ കണ്ടെത്തുന്ന സത്യംതന്നെയാണ് അദ്ദേഹത്തിന്റെ സേവനത്തിന്റെ മഹത്ത്വവും വിജയവും തെളിയിക്കുന്നത്.ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ദൈവവിരുദ്ധപ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനഫലമായാണ് ലോകത്തെ ബഹുഭൂരിപക്ഷം ജനതയും ക്രൂരതകൾക്കും സംഘർഷങ്ങൾക്കും കടുത്തദുരിതങ്ങൾക്കുമിരയാകുന്നത്. ദൈവനിരാസം ആശയതലത്തിൽതന്നെ പരാജയപ്പെട്ടെങ്കിലേ ഇവയ്ക്ക് അറുതിവരുത്താനാകൂ. ഈ പ്രപഞ്ചസൃഷ്ടിപ്പിന്റെ അത്ഭുതങ്ങളെക്കുറിച്ചും ഖുർആന്റെ ധാർമികാധ്യാപനങ്ങളെക്കുറിച്ചും ആളുകൾക്ക് അറിയിച്ചുകൊടുത്തുകൊണ്ടേ അത് സാധ്യമാകുകയുള്ളൂ. ഇന്ന് അക്രമത്തിന്റെയും അഴിമ

തിയുടെയും സംഘർഷത്തിന്റെയും ചുഴിയിലാഴ്ന്നുപോയിക്കൊണ്ടിരിക്കുന്ന ലോകത്തെ മുൻനിർത്തി ചിന്തിച്ചാൽ എത്രയുംപെട്ടെന്ന് ഫലപ്രദമായ രീതിയിൽ നടപ്പാക്കേണ്ട ദൗത്യമാണിതെന്ന് ബോധ്യമാകും. അത്തരമൊരുദൗത്യത്തിൽ ഹാറൂൺ യഹ്‌യയുടെ പുസ്തകങ്ങൾ മുഖ്യപങ്കുവഹിക്കുന്നുണ്ട്. ദൈവം അനുഗ്രഹിച്ചാൽ അവയിലൂടെ ഈ 21 -ാം നൂറ്റാണ്ടിലെ മനുഷ്യസമൂഹത്തിന് ഖുർആൻ വാഗ്ദത്തംചെയ്തിട്ടുള്ള സമാധാനവും നീതിയും സന്തോഷവും അനുഭവിക്കാനാകും.

## വായനക്കാരോട്

എല്ലാ ഭൗതികവാദങ്ങളുടെയും അടിസ്ഥാനമായ പരിണാമവാദത്തിന്റെ തകർച്ച യെസംബന്ധിച്ച് ഒരു പ്രത്യേകഅധ്യായം അനുബന്ധമായി ചേർത്തിട്ടുണ്ട്. സൃഷ്ടി വാദത്തെയും അതുവഴി ദൈവാസ്തിക്യത്തെയും ഡാർവിനിസം തള്ളിക്കളയുന്ന തിനാൽ കഴിഞ്ഞ ഒന്നരനൂറ്റാണ്ടിൽ ഒട്ടേറെ മനുഷ്യർ സന്ദേഹവാദികളോ നിർമത വാദികളോ ആയിത്തീർന്നിട്ടുണ്ട്. അതിനാൽ ഡാർവിനിസം പൊള്ളയാണെന്നും വഞ്ചനാത്മകമാണെന്നും ആളുകളെ ബോധ്യപ്പെടുത്തേണ്ടത് നമ്മുടെ ബാധ്യത യാണ്. വായനക്കാരന് ഞങ്ങളുടെ ഒരു പുസ്തകമേ വായിക്കാൻ കഴിഞ്ഞുള്ളൂ എന്ന് വന്നാൽ പോലും പ്രസ്തുതവിഷയം സംഗ്രഹരൂപത്തിൽ ഒരു അധ്യായമെന്നോണം ഉണ്ടാകുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു.

ഗ്രന്ഥകാരന്റെ എല്ലാ പുസ്തകങ്ങളും ഖുർആനികസൂക്തങ്ങളുടെ വെളിച്ചത്തിൽ വിശ്വാസകാര്യങ്ങളെ വിശദീകരിക്കുന്നവയാണ്. വായനക്കാരന്റെ മനസ്സിൽ ഏതെങ്കിലും രീതിയിലുള്ള സംശയമോ ചോദ്യമോ ബാക്കിവെക്കാതെയാണ് ദൈവിക സൂക്തങ്ങളെ ഉദ്ധരിച്ചിട്ടുള്ളത്. ഗ്രന്ഥത്തിന്റെ ലളിതവും സുവ്യക്തവും തുറന്നമട്ടിലുള്ളതുമായ രചനാശൈലി ഏതുതട്ടിലും ഏതുപ്രായത്തിലുമുള്ള വായനക്കാരെയും വിഷയത്തെ അടുത്തറിയാൻ സഹായിക്കുന്നു. വേണമെങ്കിൽ ഒറ്റയിരുപ്പിന് അവർക്കത് വായിച്ചുതീർക്കാനാകുംവിധം വ്യക്തവും സുഗ്രാഹ്യവുമാണ് അതിന്റെ രചനാശൈലി. ആത്മീയചിന്തകളോട് വിരക്തി പുലർത്തുന്നവർ പോലും ഈ പുസ്തകം മുന്നോട്ട് വെക്കുന്ന സത്യസന്ധമായ വാദമുഖങ്ങളാൽ സ്വാധീനിക്കപ്പെടുമെന്നതിൽ സംശയമില്ല.ഇതടക്കം ഗ്രന്ഥകാരന്റെ എല്ലാ പുസ്തകങ്ങളും ഒറ്റക്കോ കൂട്ടായോ വായിച്ച് ചർച്ചചെയ്യാവുന്നതാണ്. ഈ പുസ്തകത്തെ പ്രയോജനപ്പെടുത്തണമെന്നാഗ്രഹിക്കുന്നവർ, ഇതരദർശനങ്ങളും വിശ്വാസധാരകളും തമ്മിലുള്ള താരതമ്യത്തിന് അവസരമൊരുക്കുന്ന ഇത്തരം പുസ്തകങ്ങൾ ചർച്ച ചെയ്യുന്നതിന്റെ ഗുണഫലം അനുഭവിച്ചറിയും.

അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ഇത്തരത്തിലുള്ള പുസ്തകങ്ങൾ വായനക്കാർക്കായി പ്രസിദ്ധീകരിക്കുന്നത് ഇസ്‌ലാമിനുവേണ്ടി ചെയ്യുന്ന ഒരു സേവനംകൂടിയാണ്. ഗ്രന്ഥകാരൻ രചിച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും യുക്തിഭദ്രമാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാമികാദർശങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്താൻ ആ പുസ്തകങ്ങൾ വായിക്കാനായി നൽകുന്നത് വളരെ ഫലവത്തായിരിക്കും.ഈ പുസ്തകത്തിന്റെ പിൻഭാഗത്ത് ഗ്രന്ഥകാരന്റെ മറ്റുപുസ്തകങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ചേർത്തിട്ടുള്ളത് വായനക്കാർ ശ്രദ്ധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. സാരസമ്പുഷ്ടവും വിശ്വാസസംബന്ധിയായ വിഷയങ്ങളുൾക്കൊള്ളുന്നവയുമായ

അത്തരം കൃതികൾ പ്രയോജനപ്രദവും വായനാനുഭൂതി പകരുന്നവയുമാണ്.

ഈ പുസ്തകങ്ങളിൽ മറ്റുപുസ്തകങ്ങളിലേതുപോലെ ഗ്രന്ഥകാരന്റെ കാഴ്ചപ്പാടുകളോ അഭിപ്രായങ്ങളോ കാണാനാകില്ല. പൂർണമായും ദൈവസൂക്തങ്ങളെ ആസ്പദമാക്കിയുള്ള വിശകലനമാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ നിരാശയോ അശുഭാപ്തിവിശ്വാസമോ  ഉളവാക്കുംവിധം വാദമുഖങ്ങളോ സമർഥനങ്ങളോ ഇവയിലില്ല.

## ഉള്ളടക്കം

**ഇസ്‌ലാമികധാർമികമൂല്യങ്ങൾ: സുരക്ഷയുടെയും സമാധാനത്തിന്റെയും ഉറവിടം**
**ഖുർആന്റെ യുദ്ധവീക്ഷണം**

**മതത്തിന്റെ പേരിൽ ഭീകരപ്രവർത്തനങ്ങളിലേർപ്പെടുന്നവരുടെ യഥാർഥമുഖം**
**വേദഗ്രന്ഥം നൽകപ്പെട്ടവരെക്കുറിച്ച ഇസ്‌ലാമികകാഴ്ചപ്പാട്**
**മധ്യപൗരസ്ത്യദേശത്തിന് സമാധാനം നൽകിയത് ഇസ്‌ലാം.**

**ഭീകരതയുടെ യഥാർഥവേരുകൾ: ഡാർവിനിസവും ഭൗതികവാദവും**
**സമാപനം**
**പാശ്ചാത്യലോകത്തിനും മുസ്‌ലിംകൾക്കുമുള്ള നിർദ്ദേശങ്ങൾ**
**അനുബന്ധം: പരിണാമവാദത്തിലെ ചതി**

'നീതിപാലിക്കണമെന്നും നൻമചെയ്യണമെന്നും കുടുംബ ബന്ധമുള്ളവർക്ക് സഹായം നൽകണമെന്നും അല്ലാഹു കൽപിക്കുന്നു. നീചവും നിഷിദ്ധവും അതിക്രമവും വിലക്കുകയും ചെയ്യുന്നു. അവൻ നിങ്ങളെ ഉപദേശിക്കുകയാണ്. നിങ്ങൾ കാര്യം മനസ്സിലാക്കാൻ'.(അന്നഹ്ൽ 90)

## ആമുഖം

2001 ൽ അമേരിക്കയിലെ രണ്ട് പ്രമുഖനഗരങ്ങളിലടക്കം ലോകത്തുണ്ടായ, ഒട്ടേറെ പേരുടെ മരണത്തിനും പരിക്കിനും ഹേതുവായ സെപ്റ്റംബർ 11 അടക്കമുള്ള ഭീകരാക്രമണങ്ങളെ മുസ്‌ലിംകളെന്ന നിലയിൽ നാം ശക്തിയായി അപലപിക്കുകയും തള്ളിപ്പറയുകയുംചെയ്യുന്നു.

സെപ്റ്റംബർ 11 ലെ ആക്രമണം ഭീകരതയുടെ ഉറവിടമേതെന്ന മർമപ്രധാനമായ വിഷയം മുന്നിലേക്കെടുത്തിട്ടു. അങ്ങനെ നീതിക്കും സാഹോദര്യത്തിനും പരക്ഷേമത്തിനുംവേണ്ടി ആഹ്വാനംചെയ്യുന്ന സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മതമാണ് ഇസ്‌ലാമെന്ന് വിളംബരം ചെയ്യപ്പെട്ടു. ശരിയായ ഇസ്‌ലാം ഭീകരതയെയും അക്രമങ്ങളെയും തള്ളിപ്പറയുന്നുവെന്ന് ലോകനേതാക്കളും മുഖ്യധാരാമാധ്യമങ്ങളും റേഡിയോ- ടിവിചാനലുകളും ആവർത്തിച്ചുവ്യക്തമാക്കി. അതോടൊപ്പം വ്യക്തികളും രാഷ്ട്രങ്ങളും തമ്മിൽ സമാധാനത്തിൽ വർത്തിക്കണമെന്ന് ആഹ്വാനമുണ്ടായി. പാശ്ചാത്യലോകത്തിന് ഇസ്‌ലാം എന്ന മതത്തെക്കുറിച്ച് ദൈവപ്രോക്തമതമാണെന്നും, അതും ഭീകരതയും വിപരീതധ്രുവങ്ങളിൽ നിലകൊള്ളുന്നുവെന്നുമുള്ള ധാരണപകർന്നുനൽകി. അതോടൊപ്പം ദൈവികമതം അക്രമത്തെ അനുവദിക്കുന്നില്ലെന്നുള്ള വസ്തുത ഖുർആൻ ഊന്നിപ്പറയുന്നുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തുകയുംചെയ്തു.

ഭീകരതയ്ക്ക് ഇസ്‌ലാമിൽ സ്ഥാനമില്ലെന്നും അതിന്റെ ഉറവിടം ദൈവികമതമല്ലെന്നും ഈ പുസ്തകം സമർഥിക്കുന്നു. ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണങ്ങളായ ഖുർആനിലും ഹദീസിലും ഇക്കാര്യം അർഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാണ്. മാത്രമല്ല, പ്രവാചകചര്യ മുറുകെപ്പിടിച്ചുകൊണ്ട് ജനതയെ നയിച്ചിട്ടുള്ള മുസ്‌ലിംഭരണാധികാരികളുടെ ചരിത്രവും അതിന് പിൻബലമേകുന്നുണ്ട്. ഭീകരത വിലക്കപ്പെട്ടിരിക്കുന്നുവെന്നും ലോകത്തിന് സമാധാനവും സുരക്ഷയുമൊരുക്കുകയെന്നത് ഇസ്‌ലാമിന്റെ ലക്ഷ്യമാണെന്നുമുള്ള യാഥാർഥ്യം ഈ പൂസ്തകം ഖുർആനികസൂക്തങ്ങളുടെയും പ്രവാചകചര്യയുടെയും വെളിച്ചത്തിൽ അനാവരണം ചെയ്യുന്നു.നൂറ്റാണ്ടുകളായി, വ്യത്യസ്തലേബലുകളുള്ള സംഘങ്ങളും സംഘടനകളും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഭീകരപ്രവർത്തനങ്ങളഴിച്ചുവിട്ടിട്ടുള്ളത് തങ്ങളുടെ സ്വാർഥലക്ഷ്യങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നത് ഏവരുമറിയുന്ന വസ്തുതയാണ്. അവയ്ക്കുപിന്നിൽ ചിലപ്പോൾ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളായിരിക്കാം. മറ്റുചിലപ്പോൾ ഫാസിസ്റ്റ് പ്രസ്ഥാനങ്ങളോ, തീവ്രവാദി-വിഘടനവാദി ഗ്രൂപ്പുകളോ ആയിരിക്കും അത്തരംചെയ്തികളുടെ ഉത്തരവാദിത്വമേറ്റെടുത്ത് രംഗത്തുവരുന്നത്. ഈ അടുത്ത ദശകങ്ങളിൽ വംശീയവാദികളും സമാന്തരഭീകരസംഘങ്ങളും നടത്തിയിട്ടുള്ള അത്തരം ആക്രമണങ്ങൾക്ക് അമേരിക്കയടക്കമുള്ള രാ

ജ്യങ്ങൾ ഇരയായിട്ടുണ്ട്.എന്നുമാത്രമല്ല, യൂറോപ്യൻ രാജ്യങ്ങളും അത്തരം ആക്ര മണങ്ങളുടെ മുഖ്യവേദിയാകാറുണ്ട്. ഗ്രീസിലെ നവംബർ 17 സംഘം, ജർമനിയി ലെ റെഡ്ആർമി ഫാക്ഷൻ, നിയോ-നാസിസംഘങ്ങൾ, സ്പെയിനിലെ ഇടിഎ, ഇ റ്റലിയിലെ റെഡ് ബ്രിഗേഡ്സ് തുടങ്ങി നിരവധി തീവ്രവാദിസംഘങ്ങൾ നിരപരാ ധികളും നിരായുധരുമായ എത്രയോപേരെ കൊന്നുതള്ളിയിരിക്കുന്നു. ലോകനാഗ രികപുരോഗതിയിലെ മാറ്റങ്ങൾക്കൊത്ത് ഭീകരതയുടെ സ്വഭാവവും മാറുന്നത് നാം കാണുന്നു. സാങ്കേതികവിദ്യ പുരോഗമിച്ചതോടെ ഭീകരകൃത്യങ്ങൾ നടപ്പാക്കാൻ ശക്തവും മാരകവുമായ ആയുധങ്ങളും ശൈലികളും ഉപയോഗപ്പെടുത്തുന്നുവെ ന്ന് മാത്രം. പ്രത്യേകിച്ചും ഇന്റർനെറ്റ് യുഗത്തിൽ, ഭീകരസംഘങ്ങൾക്ക് നിഗൂഢ മായി ഭീകരപ്രവർത്തനങ്ങൾ അനായാസം നടത്താൻ അത്യാധുനികസങ്കേത ങ്ങൾ വലിയൊരു സഹായംതന്നെയാണ്.പാശ്ചാത്യഭീകരസംഘങ്ങളെക്കൂടാതെ മ ധ്യപൗരസ്ത്യദേശത്തും ഭീകരസംഘങ്ങൾ പിറവികൊണ്ടിട്ടുണ്ട്. ലോകത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ഇത്തരം സംഘങ്ങൾ ആക്രമണങ്ങൾ നടത്തിക്കൊണ്ടിരി ക്കുന്നു. ക്രൈസ്തവ-മുസ്‌ലിം-ജൂത ലേബലുകളിൽ അറിയപ്പെടുന്ന അത്തരം സംഘങ്ങളുടെ രംഗപ്രവേശം ദൈവികമതവുമായി യാതൊരുബന്ധവുമില്ലാത്ത ചില വാദമുഖങ്ങൾ അവതരിപ്പിക്കാൻ ചിലരെയെങ്കിലും പ്രേരിപ്പിച്ചിട്ടുണ്ട്. ഭീകര രിൽ മുസ്‌ലിം സാംസ്കാരികചിഹ്നങ്ങൾ പേറുന്നവരുണ്ടെന്നുകരുതി അതിനെ ഇ സ്‌ലാമികഭീകരതയെന്ന് വിളിക്കാനാകില്ല. കാരണം, ഭീകരപ്രവർത്തനങ്ങളിൽ ഏ തെങ്കിലും ജൂതവംശജൻ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ ജൂതഭീകരതയെനന് നാ മാരും വിളിക്കാറില്ലല്ലോ. ഭീകരത അഴിച്ചുവിട്ടത് ഏതെങ്കിലും ക്രൈസ്തവനാണെ ങ്കിൽ അതിനെ ക്രിസ്ത്യൻ ഭീകരതയെന്ന് നാം ആക്ഷേപിക്കില്ല. ദൈവികമത ത്തിന്റെ പേരിൽ നിരപരാധികളെ വധിക്കുന്നത് ഒട്ടും സ്വീകാര്യമായ സംഗതിയ ല്ലെന്നതുതന്നെ അതിന് കാരണം. സെപ്റ്റംബർ 11 സംഭവത്തിൽ ന്യൂയോർക്കിലും വാഷിങ്ടണിലും കൊല്ലപ്പെട്ടവരിൽ മോസസ് ,ജീസസ് ,മുഹമ്മദ് പ്രവാചകരിൽ വിശ്വസിക്കുന്നവരുമുണ്ടായിരുന്നു. നിരപരാധികളെ കൊല്ലുന്നവർ ദൈവം മാപ്പു നൽകാത്തപക്ഷം ശാശ്വതമായ നരകത്തിലാണ് എത്തിച്ചേരുക. മതപ്രതിബദ്ധത പുലർത്തുന്നവനും ദൈവസ്നേഹമുള്ളവനും അത്തരം ഹീനകൃത്യങ്ങളിലേർപ്പെ ടുകയില്ല.

അക്രമികളുടെ അത്തരം ആക്രമണങ്ങൾ മതത്തിനാണ് പരിക്കേൽപിക്കുന്നത്. അക്രമത്തിന്റെ ഫലമായി ആളുകൾ മതത്തെ തിൻമയുടെ അച്ചുതണ്ടായി കുറ്റപ്പെ ടുത്തുന്ന അവസ്ഥ വന്നുചേർന്നു. കൂടാതെ, ആളുകൾ മതത്തിൽനിന്നകലാനും അതിടയാക്കി. എന്നല്ല, മതാഭിമുഖ്യം പുലർത്തുന്നവരെ ജനം വെറുക്കുന്ന സ്ഥിതി വിശേഷംപോലും സംജാതമായി. അമേരിക്കൻജനതയുടെയും അതുപോലുള്ള നി രപരാധികളുടെയും നേർക്ക് മതത്തിന്റെ പേരിൽ നടത്തിയ ആക്രമണങ്ങളെല്ലാം ഫലത്തിൽ മതത്തിനുനേർക്കുള്ളതായി മാറി.

സ്നേഹവും കാരുണ്യവും സമാധാനവുമാണ് മതം ഉദ്ഘോഷിക്കുന്നത്. അതേ സമയം ഭീകരത മതവിരുദ്ധമായാണ് നിലകൊള്ളുന്നത്. അത് ദുരിതവും രക്ത ചൊരിച്ചിലും ഉണ്ടാക്കുന്ന ദയാരാഹിത്യവും ക്രൂരതയുമാണ്. ഇതുമുമ്പിൽവെച്ച് പരിശോധിച്ചാൽ ഭീകരപ്രവർത്തനത്തിന്റെ വേരുകൾ മതത്തിലല്ല, മതനിഷേധത്തി ലാണെന്ന് കാണാനാകും. ഫാസിസ്റ്റ്, കമ്യൂണിസ്റ്റ്, വംശവിരുദ്ധകാഴ്ചപ്പാടുകൾ വെച്ചുപുലർത്തുന്നവർ അത്യന്തം ആക്രമണകാരികളായി സംശയിക്കപ്പെടണം. അ ക്രമത്തിന് തുനിയുന്നവന്റെ പേരും ജാതിയും അതിൽ മാനദണ്ഡമാകാവതല്ല. ഒ രാൾക്ക് തെല്ലും മനസ്സാക്ഷിക്കുത്തില്ലാതെ നിരപരാധികളെ കൊന്നുതള്ളാനാകു മെങ്കിൽ  അവനെങ്ങനെ മതവിശ്വാസിയാകും? അവൻ അവിശ്വാസിയാണെന്ന തിൽ ഒരു സംശയവും വേണ്ട. ദൈവഭയമേതുമില്ലാത്ത കൊലയാളിയാണവൻ. ര ക്തംചിന്തി കുഴപ്പമുണ്ടാക്കാനാണവൻ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ 'ഇ സ്ലാമികഭീകരത' എന്ന സംജ്ഞ ഇസ്ലാമിന്റെ സന്ദേശത്തിന് വിരുദ്ധമാണ്. സ മാധാനത്തിന്റെ മതമായ ഇസ്ലാമിന് ഒരിക്കലും ഭീകരതയെ പിന്തുണക്കാ നാകില്ല. അതേസമയം ഭീകരത(അതായത്, നിരപരാധികളുടെ രക്തം ചിന്തുക യെന്നത്)ഇസ്ലാമിൽ ഏറ്റവും വലിയ പാപമാണ്. ആ വൻപാപത്തെ ചെറുക്കുക യാണ് മുസ്ലിംകളുടെ ഉത്തരവാദിത്തം. അതുവഴി നീതിയും സമാധാനവും ലോകത്ത് സംസ്ഥാപിക്കുകയാണ് അവരുടെ ജോലി.

*''അല്ലാഹു നൽകിയ വിഭവങ്ങളിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യുക. ഭൂമിയിൽ നാശകാരികളായിക്കഴിയരുത്.''(അൽബഖറ 60)*

# ഇസ്‌ലാമിക ധാർമികസദാചാരവ്യവസ്ഥ: സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഉറവിടം

മതത്തിന്റെ പേരിൽ അതുമിതുംകാട്ടിക്കൂട്ടി പ്രസ്തുത മതത്തിന്റെ ആളുകളാണെന്ന് വാദിക്കുന്നവർ അതിനെ തെറ്റായി മനസ്സിലാക്കുകയും ആചരിക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ അത്തരക്കാരെ ചൂണ്ടിക്കാട്ടി മതത്തെക്കുറിച്ച് മനസ്സിലാക്കുന്നതും വിലയിരുത്തുന്നതും  തെറ്റാണ്. മതത്തെ അതിന്റെ അടിസ്ഥാനസ്രോതസ്സായ ദൈവികവചനങ്ങളിൽനിന്ന് മനസ്സിലാക്കുകയാണ് ശരിയായ രീതി.ഇസ്‌ലാമിന്റെ അടിസ്ഥാനഉറവിടം ഖുർആനാണ്. അത് ധാർമികസദാചാരമൂല്യങ്ങളിലും സ്നേഹം ,സഹാനുഭൂതി, വിനയം, ത്യാഗസന്നദ്ധത, വിവേകം, സമാധാനം എന്നീ അടിസ്ഥാനഗുണവിശേഷങ്ങളിലും നിലകൊള്ളുന്നു. ഈ അടിസ്ഥാനങ്ങളിൽ ജീവിതം നയിക്കുന്ന ഒരു മുസ്‌ലിം വിനയമുള്ളവനും വിവേകമതിയും ഉന്നതസ്വഭാവശീലനും നീതിമാനും സത്യസന്ധനും ആർക്കും സമീപിക്കാവുന്നവനുമായിരിക്കും. തന്റെചുറ്റുമുള്ളവർക്ക് സ്നേഹവും ബഹുമാനവും സൗഹാർദവും സന്തോഷവും അവൻ പകർന്നുനൽകുന്നു.

## ഇസ്‌ലാം സമാധാനത്തിന്റെ മതം

വിശാലാർഥത്തിൽ പറഞ്ഞാൽ, ചില രാഷ്ട്രീയതാൽപര്യങ്ങൾക്കുവേണ്ടി നിരായുധരായ ജനങ്ങൾക്കെതിരെ അക്രമമഴിച്ചുവിടുന്നതാണ് ഭീകരത. അതായത്, ഭീകരതയുടെ ഇരകളാക്കപ്പെട്ട നിരപരാധികൾ ചെയ്ത തെറ്റ് അവർ  'മറുപക്ഷ'ത്തിന്റെ ആളുകളായി എന്നതുമാത്രം.

അതിനാൽ ,നിരപരാധികളെ അക്രമിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതാണ് ഭീകരത. ഒരിക്കലും നീതികരിക്കാനാകാത്ത ദുഷ്കൃത്യമാണത്. ഹിറ്റ്ലറും സ്റ്റാലിനുമൊക്കെ നടത്തിയ നരഹത്യകൾ മനുഷ്യരാശിക്കുനേരെയുള്ള  കുറ്റകൃത്യമായതും അതുകൊണ്ടുതന്നെ.

ജനങ്ങൾക്ക് നേർമാർഗം കാട്ടിക്കൊടുക്കുന്ന സത്യവേദമാണ് ഖുർആൻ. അതിലൂടെ ദൈവം കൽപിക്കുന്നത് ജനങ്ങൾ ധാർമികമൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നാണ്. ആ സ്വഭാവമൂല്യങ്ങളെല്ലാം സ്നേഹം, സഹാനുഭൂതി, പരസ്യഷ്ടിഅവബോധം, കാരുണ്യം എന്നിവയിലധിഷ്ഠിതമാണ്. സമാധാനം എന്നർഥം വരുന്ന അറബിവാക്കിൽനിന്നാണ് 'ഇസ്‌ലാം' എന്ന പദമുണ്ടായത്. ഈ ലോകത്ത് മനുഷ്യന് സമാധാനജീവിതം സമ്മാനിക്കുകയെന്ന  ഉദ്ദേശ്യത്തോടെ അവതീർണമായ മതമാണ് ഇസ്‌ലാം. ഭൂമിയിൽ ദൈവം  തന്റെ സീമാതീതമായ കാരുണ്യവും സ്

നേഹവും അതിലൂടെ നടപ്പാക്കുന്നു. സഹാനുഭൂതി, കാരുണ്യം, സമാധാനം എന്നിവ ലോകത്തിന് അനുഭവിക്കാനാകുംവിധം ഇസ്‌ലാമികമൂല്യങ്ങൾ മുറുകെപ്പിടിക്കാൻ ദൈവം ആഹ്വാനംചെയ്യുന്നു. ഖുർആൻ വിശ്വാസികളെ അഭിസംബോധനചെയ്യുന്നതിപ്രകാരമാണ്:'വിശ്വസിച്ചവരേ, നിങ്ങൾ പൂർണമായി ഇസ്‌ലാമിൽ പ്രവേശിക്കുക. പിശാചിന്റെ കാൽപ്പാടുകളെ പിൻപറ്റരുത്. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്.'(അൽബഖറ 208)

മേൽസൂക്തത്തിൽ വ്യക്തമാക്കിയതുപോലെ ഖുർആൻ സമർപ്പിക്കുന്ന മൂല്യങ്ങളെ ജീവിതത്തിൽ പ്രാവർത്തികമാക്കി 'ഇസ്‌ലാമിൽ പ്രവേശിച്ചു'കൊണ്ടുമാത്രമേ സുരക്ഷിതത്വം ഉറപ്പാക്കാനാകുകയുള്ളൂ. എല്ലാവിധ കുഴപ്പങ്ങളും പരക്കുന്നത് തടഞ്ഞ്, അഗതികളെയും അനാഥരെയും സംരക്ഷിച്ച് ,വിശ്വാസി-അവിശ്വാസി ഭേദമന്യേ എല്ലാവരോടും കാരുണ്യത്തിലുംനീതിയിലും വർത്തിക്കാൻ ഖുർആനികമൂല്യങ്ങൾ മുസ്‌ലിമിനെ ചുമതലപ്പെടുത്തുന്നു. ആശ്വാസവും സുരക്ഷിതത്വവും സമാധാനവും ഹനിക്കുന്ന ഭീകരതയും അരാജകപ്രവർത്തനങ്ങളുമെല്ലാം കുഴപ്പങ്ങളിൽപെട്ടതാണ്. ദൈവം അരുളുന്നത് കാണുക:'അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല'(അൽബഖറ 205

കാരണമേതുമില്ലാതെ ഒരു മനുഷ്യനെ കൊല്ലുന്നത് കുഴപ്പമുണ്ടാക്കുന്നതിന് ഒരു ഉദാഹരണമാണ്. അഹ്‌ലുകിതാബിൽപെട്ട ജൂതൻമാർക്ക് തോറയിലൂടെ മുമ്പ് ദൈവം നൽകിയ കൽപന ഖുർആനിൽ വിവരിക്കുന്നത് ഇങ്ങനെയാണ്:'... ആരെയെങ്കിലും കൊന്നതിനോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ വല്ലവനും ഒരാളെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചവനെപ്പോലെയാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയും.''(അൽ മാഇദ 32)

സൂക്തത്തിൽ പറയുന്നതുപോലെ മറ്റുള്ളവരെ കൊന്നതിനുപകരമോ ,ഭൂമിയിൽ അക്രമം തടയുന്നതിനോ അല്ലാതെ ഏതെങ്കിലും മനുഷ്യാത്മാവിനെ ആരെങ്കിലും ഹനിച്ചാൽ അവൻ മുഴുവൻ മനുഷ്യരാശിയെയും കൊന്നതുപോലെയാണ്

ഈ വീക്ഷണപ്രകാരം, ഭീകരർ നടത്തുന്ന കൊലപാതകങ്ങളും ,വംശഹത്യകളും ചാവേർസ്ഫോടനവും ഏറ്റവും കൊടിയ വൻപാപമായി ഗണിച്ചിരിക്കുന്നു. അത്തരത്തിൽ ഭീകരതയുടെ മുഖം സ്വീകരിച്ചവർക്ക് പരലോകത്ത് കഠിനശിക്ഷയുണ്ടാകുമെന്ന് ദൈവം ഓർമിപ്പിക്കുന്നു. ഖുർആൻ പറയുന്നത് കാണുക:'ജനങ്ങളെ ദ്രോഹിക്കുകയും അന്യായമായി ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യുന്നവർ മാത്രമാണ് കുറ്റക്കാർ. അത്തരക്കാർക്കു തന്നെയാണ് നോവേറിയ ശിക്ഷയുള്ളത്.'(അശ്ശൂറാ 42)നിരപരാധികളായ ജനങ്ങൾക്കുനേരെ ഭീകരാക്രമണം

നടത്തുന്നത് തികച്ചും ഇസ്‌ലാമികവിരുദ്ധമാണെന്ന് മേൽവചനങ്ങളെല്ലാം തെര്യപ്പെടുത്തുന്നു . അതിനാൽ, ഒരു മുസ്‌ലിമിനും അത്തരം നീചകൃത്യങ്ങൾ ചെയ്യാനാവില്ല. എന്നല്ല, അത്തരം കൃത്യങ്ങൾക്കുതുനിയുന്നവരെ തടഞ്ഞ് അക്രമം അവസാനിപ്പിക്കേണ്ട ഉത്തരവാദിത്വമാണ് അവന്നുള്ളത്. അതുവഴി ലോകത്ത് എല്ലാ ജനങ്ങൾക്കും സുരക്ഷിതത്വവും സമാധാനവും ഉറപ്പാക്കാനാകും. ഭീകരതയോട് രാജിയാകാൻ ഇസ്‌ലാമിനൊരിക്കലും കഴിയില്ല. ഭീകരതയെ തടയാനുള്ള മാർഗവും പരിഹാരവും ആയാണ് അത് നിലകൊള്ളുന്നത്.

## അധാർമികവൃത്തികളെ ദൈവം തള്ളിപ്പറയുന്നു

അടിച്ചമർത്തൽ, ക്രൂരത, കൊല, രക്തച്ചൊരിച്ചിൽ തുടങ്ങി അധാർമികവൃത്തികളെ വെടിയാൻ ദൈവം ജനങ്ങളോട് കൽപിച്ചിട്ടുണ്ട്. തന്റെ കൽപനകളെ അനുസരിക്കാതെ 'സാത്താൻെറ കാലടികളെ പിന്തുടർന്നു'കൊണ്ട് ധിക്കാരനയം കൈക്കൊണ്ടവർ പരാജിതരാണെന്ന് ഖുർആനിലൂടെ അവൻ വ്യക്തമാക്കിയിരിക്കുന്നു:

'അല്ലാഹുവോടുള്ള കരാർ ഉറപ്പിച്ചശേഷം ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ചവയെ അറുത്തുമാറ്റുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്ക് ശാപം. അവർക്കുണ്ടാവുക ഏറ്റവും ചീത്തയായ പാർപ്പിടമാണ്'(അർറഅ്ദ് 25).

''അല്ലാഹു നൽകിയ വിഭവങ്ങളിൽനിന്ന് തിന്നുകയും കുടിക്കുകയും ചെയ്യുക. ഭൂമിയിൽ നാശകാരികളായിക്കഴിയരുത്.''(അൽബഖറ 60)

'ഭൂമിയിൽ നൻമ വരുത്തിയശേഷം നിങ്ങളതിൽ നാശമുണ്ടാക്കരുത്. നിങ്ങൾ പേടിയോടെയും പ്രതീക്ഷയോടെയും പടച്ചവനോടു മാത്രം പ്രാർഥിക്കുക. അല്ലാഹുവിന്റെ അനുഗ്രഹം നൻമ ചെയ്യുന്നവരോടു ചേർന്നാണ്.'(അൽ അഅ്റാഫ് 56)

കലാപമുണ്ടാക്കിയും ആളുകളെ അടിച്ചമർത്തിയും നിരപരാധികളെ കൊന്നും നീചവൃത്തികൾ ചെയ്തും ജയിക്കാമെന്ന് കരുതുന്ന ആളുകൾ പക്ഷേ, ഗുരുതര പാപമാണ് ചെയ്യുന്നത്. ഭീകരതയും അക്രമവുമുൾപ്പെടെ എല്ലാ കുത്സിതനീചവൃത്തികളെയും ദൈവം വിലക്കിയിരിക്കുന്നു. അത്തരം നീചവൃത്തികളെ കുറ്റപ്പെടുത്തിക്കൊണ്ട് അവയൊന്നും സ്വീകരിക്കപ്പെടില്ലെന്ന് ഖുർആൻ വ്യക്തമാക്കുന്നു.'നാശകാരികളുടെ ചെയ്തികളെ അല്ലാഹു ഫലവത്താക്കുകയില്ല.'(യൂനുസ് 81).

വർത്തമാനയുഗത്തിൽ പലതരത്തിലുമുള്ള ഭീകരപ്രവർത്തനങ്ങളും നരഹത്യകളും ലോകമൊട്ടുക്കും നടമാടുന്നുണ്ട്. നിരപരാധികളായ ജനം നിഷ്ഠൂരമായി കൊലചെയ്യപ്പെടുന്നു. യാതൊരടിസ്ഥാനവുമില്ലാത്ത പ്രശ്നങ്ങൾ ഉയർത്തിവിട്ട് ജനസമൂഹങ്ങളിൽ വൈരംസൃഷ്ടിച്ച് അവരെ തമ്മിലടിപ്പിച്ച് രാജ്യമൊട്ടാകെ ചോരപ്പുഴയൊഴുക്കുന്നു. വ്യത്യസ്ത സാംസ്കാരിക,സാമൂഹിക,ചരിത്രപാരമ്പര്യമുള്ള ദേശങ്ങളിലെ വൈവിധ്യങ്ങൾ സംഘർഷകാരണമാകാമെങ്കിൽപോലും , ഇത്തരം പ്രവണതകൾക്ക് വഴിയൊരുക്കുന്നത് ഖുർആൻ ആഹ്വാനംചെയ്യുന്ന സ്നേഹത്തിന്റെയും ആദരവിന്റെയും സഹാനുഭൂതിയുടെയും മൂല്യങ്ങളുടെ അഭാവമാണെന്നത് നിസ്തർക്കമാണ്. ദൈവസ്നേഹത്തിന്റെയും ഭയഭക്തിയുടെയും തനത്ജീവിതദർശനത്തെക്കുറിച്ച അജ്ഞതയാൽ ഈ ലോകത്തെ കർമങ്ങൾക്ക് ആരോടും ഉത്തരംബോധിപ്പിക്കേണ്ടതില്ലെന്ന ആത്മവഞ്ചനാപരമായ നിലപാടുകളെടുത്ത സമൂഹങ്ങൾ പിറവിയെടുത്തു. 'എന്റെ പ്രവൃത്തികൾക്ക് ഞാനാരോടും കണക്കുപറയേണ്ടതില്ലെ'ന്ന തെറ്റുധാരണയാൽ സ്നേഹവും ധാർമികസദാചാരവും വിവേകവും കൈവെടിയാൻ ആർക്കും മടിയില്ലാതായി.

ഖുർആനിൽ ദൈവം തള്ളിപ്പറഞ്ഞ നീച-അധാർമികപ്രവൃത്തികൾക്ക് കപടൻമാർ മതത്തിന്റെയും ദൈവത്തിന്റെയും മുഖംമൂടിയണിഞ്ഞ് ഒത്താശചെയ്യുന്നു. ദൈവത്തെ മുൻനിർത്തി സത്യംചെയ്ത് നബിയെ വധിക്കാൻ ഗൂഢാലോചന നടത്തിയ ഒമ്പതംഗസംഘത്തെ ക്കുറിച്ച് ഖുർആൻ ഇപ്രകാരം പറയുന്നുണ്ട്.

'ആ പട്ടണത്തിൽ ഒമ്പതു പേരുണ്ടായിരുന്നു. അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നവരായിരുന്നു. സംസ്കരണം നിർവഹിക്കാത്തവരും.'(അന്നംല് 48-50) അവരന്യോന്യം പറഞ്ഞു: ''നിങ്ങൾ ദൈവത്തിന്റെ പേരിൽ സത്യം ചെയ്യുക, 'സ്വാലിഹിനെയും കുടുംബത്തെയും നാം രാത്രി കൊന്നുകളയു'മെന്ന്. എന്നിട്ട് അവന്റെ അവകാശിയോട് തന്റെ ആൾക്കാരുടെ നാശത്തിന് ഞങ്ങൾ സാക്ഷികളായിട്ടില്ലെന്നു ബോധിപ്പിക്കണം. തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാണെന്നും.അവർ ഒരു തന്ത്രം പ്രയോഗിച്ചു. നാമും ഒരു തന്ത്രം പ്രയോഗിച്ചു. അവരത് അറിയുന്നുണ്ടായിരുന്നില്ല.'(അന്നംല് 48-50)'

മേൽ സംഭവം വിവരിച്ചുകൊണ്ട് ഖുർആൻ വ്യക്തമാക്കുന്നു: 'പടച്ചവനാണെ' എന്നുപറഞ്ഞ് സത്യമിടുന്നവരും മതത്തിന്റെ ആളുകളായി ചമഞ്ഞ് സംസാരിക്കുന്നവരും അനുഷ്ഠിക്കുന്നതെല്ലാം മതമാണെന്ന് വിചാരിക്കേണ്ടതില്ല. എന്നല്ല, ദൈവികതാൽപര്യത്തിനും മതനിർദ്ദേശങ്ങൾക്കും വിരുദ്ധമാണ് അവർ പ്രവർത്തിക്കുന്നത്.' കാര്യങ്ങളുടെ സത്യാവസ്ഥ അവരുടെ പ്രവർത്തനങ്ങൾ വിളിച്ചോതുന്നുണ്ട്. സൂക്തത്തിൽ പറഞ്ഞപോലെ 'കുഴപ്പങ്ങൾ സൃഷ്ടിച്ചും അക്രമമുണ്ടാക്കി

യുമാ’ണ് അവർ മുന്നോട്ടുപോകുന്നതെങ്കിൽ  മതത്തിന്റെ ആളുകളല്ല അവർ. മതത്തെ സേവിക്കലല്ല അവരുടെ ഉദ്ദേശ്യം.

ദൈവത്തെ ഭയപ്പെടുകയും ഇസ്‌ലാമിന്റെ ധാർമികസദാചാരനിയമങ്ങൾ മുറുകെപ്പിടിക്കുകയും ചെയ്യുന്നവർക്ക്  അക്രമത്തെയും കുതന്ത്രങ്ങളെയും രക്തച്ചൊരിച്ചിലുകളെയും പിന്തുണക്കാനാകില്ല. ഭീകരതയ്ക്ക് ശരിയായ പരിഹാരം ഇസ്‌ലാമേയുള്ളൂ എന്ന് പറയുന്നത് അതിനാലാണ്. ഖുർആൻ വിവരിക്കുന്ന ഉന്നതവും ഉദാത്തവുമായ ധാർമികസദാചാരമൂല്യങ്ങളെ വിശദീകരിച്ചുകൊടുത്താൽ വെറുപ്പും വൈരവും യുദ്ധവും അരാജകത്വവും സൃഷ്ടിക്കുന്നവരെ അതുമായി ചേർത്തുപറയാൻ ആളുകൾക്ക് കഴിയില്ല.  ദൈവം കുത്സിതവൃത്തികളെ വിലക്കിയിട്ടുണ്ടെന്ന് അവർക്കറിയാമല്ലോ.‘അധികാരം ലഭിച്ചാൽ അവൻ ശ്രമിക്കുക ഭൂമിയിൽ കുഴപ്പമുണ്ടാക്കാനാണ്; കൃഷിനാശം വരുത്താനും മനുഷ്യകുലത്തെ നശിപ്പിക്കാനുമാണ്. അല്ലാഹു കുഴപ്പം ഇഷ്ടപ്പെടുന്നില്ല.’അല്ലാഹുവെ സൂക്ഷിക്കുക’ എന്ന് അവനോട് പറഞ്ഞാൽ ദുരഭിമാനം അവനെ പാപത്തിൽ തന്നെ ഉറപ്പിച്ചുനിർത്തുന്നു. അവന് നരകം മതി. അത് എത്ര ചീത്ത മെത്ത!‘(അൽബഖറ 205,206).

എത്രതന്നെ ചെറുതാണെങ്കിലും മനുഷ്യരാശിക്ക് അപകടമുണ്ടാക്കുന്ന വിഷയങ്ങളിൽ,  ദൈവഭയമുള്ള വ്യക്തി അജ്ഞതനടിക്കുന്ന പ്രശ്നമേയില്ലെന്ന് മേൽവചനത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാം. അതേസമയം, ദൈവത്തിൽ വിശ്വസിക്കാത്ത, പരലോകവിചാരണയെ ഭയക്കാത്ത അവിശ്വാസിക്ക് തിൻമപ്രവർത്തിക്കാൻ ഒട്ടും മടിയുണ്ടാകില്ല. കാരണം, അവന്റെ ധാരണ തനിക്കാരോടും ഉത്തരം ബോധിപ്പിക്കേണ്ടതില്ലെന്നാണ്.

വർത്തമാനലോകത്തെ ഭീകരതയുടെ ചമ്മട്ടിപ്രഹരത്തിൽനിന്ന്  രക്ഷിക്കാൻ പ്രഥമപ്രധാനമായി ചെയ്യേണ്ടതിതാണ്: മതമൂല്യങ്ങൾ കൈവെടിഞ്ഞവരെ അതെക്കുറിച്ച് ബോധവത്കരിക്കുക. മതത്തിന്റെ പേരിൽ ചെയ്യുന്നതൊന്നും ഖുർആൻ കൽപിച്ചിട്ടില്ലാത്തതാണെന്ന് അവരെ തെര്യപ്പെടുത്തുക. ഖുർആൻ മുന്നോട്ടുവെക്കുന്ന സ്നേഹവും ദൈവഭയവും ധാർമികസദാചാരബോധവും അവർക്ക് പഠിപ്പിച്ചുകൊടുക്കുക.

## നിങ്ങൾ നൻമചെയ്യുവിൻ

ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുന്നവനാണ് മുസ്‌ലിം. അവൻ ഖുർആൻ പഠിപ്പിക്കുന്ന ധാർമികസദാചാരമൂല്യങ്ങളുടെയും സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും അധ്യാപനങ്ങൾക്കൊത്ത് തികഞ്ഞ സൂക്ഷ്മതയോടെ

ജീവിക്കാൻ പരിശ്രമിക്കുന്നു. അതുവഴി പുരോഗതിയിലേക്ക് ചുവടുവെക്കുന്ന സുന്ദരഗ്രാമമായി ലോകം മാറും. അങ്ങനെ മനുഷ്യരാശിയെ സൗഖ്യത്തിലേക്കും നൻമയിലേക്കും സുന്ദരലോകത്തേക്കും നയിക്കുകയെന്നതാണ് വിശ്വാസിയുടെ ലക്ഷ്യം. അക്കാര്യം ഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു:'അല്ലാഹു നിനക്കു തന്നതിലൂടെ നീ പരലോകവിജയം തേടുക. എന്നാൽ ഇവിടെ ഇഹലോക ജീവിതത്തിൽ നിനക്കുള്ള വിഹിതം മറക്കാതിരിക്കുക. അല്ലാഹു നിനക്കു നൻമ ചെയ്തപോലെ നീയും നൻമ ചെയ്യുക. നാട്ടിൽ നാശം വരുത്താൻ തുനിയരുത്. നാശകാരികളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.'(അൽഖസ്വസ് 77)

ഇസ്‌ലാമികവിശ്വാസമുൾക്കൊണ്ട് ദൈവികപ്രീതിയും കാരുണ്യവും നേടുന്ന ആൾക്ക് സ്വർഗമാണ് പ്രതിഫലം. പക്ഷേ, അതിന് ഏറെ പരിശ്രമങ്ങളാവശ്യമുണ്ട്. ഈ ലോകത്ത് ദൈവം അനുശാസിച്ചിട്ടുള്ള ധാർമികസദാചാരമൂല്യങ്ങൾ അവൻ മുറുകെപ്പിടിക്കണം. ആ ഉന്നതമൂല്യങ്ങളിൽ പെട്ടതാണ് കാരുണ്യം, ദയ, നീതി, സത്യസന്ധത, വിട്ടുവീഴ്ച, വിനയം, ത്യാഗസന്നദ്ധത, ക്ഷമ തുടങ്ങിയവ. ആളുകളോട് ഏറ്റവും നന്നായി വർത്തിക്കേണ്ടവനാണ് വിശ്വാസി. അവൻ സത്കർമങ്ങൾ പ്രവർത്തിച്ച് നൻമ പ്രസരിപ്പിക്കണം. അല്ലാഹുപറയുന്നു:
'ആകാശഭൂമികളെയും അവയ്ക്കിടയിലുള്ളവയെയും നാം ന്യായമായ ആവശ്യത്തിനല്ലാതെ സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും അന്ത്യസമയം വന്നെത്തുക തന്നെ ചെയ്യും. അതിനാൽ നീ വിട്ടുവീഴ്ച കാണിക്കുക. മാന്യമായ വിട്ടുവീഴ്ച.'(അൽഹിജ്റ് 85)

'.....മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ബന്ധുക്കൾ, അനാഥകൾ, അഗതികൾ, കുടുംബക്കാരായ അയൽക്കാർ, അന്യരായ അയൽക്കാർ, സഹവാസികൾ, വഴിപോക്കർ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ; എല്ലാവരോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചവും ദുരഹങ്കാരവുമുള്ള ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'(അന്നിസാഅ് 36)

'...പുണ്യത്തിലും ദൈവഭക്തിയിലും പരസ്പരം സഹായികളാവുക. പാപത്തിലും പരാക്രമത്തിലും പരസ്പരം സഹായികളാകരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.'(അൽമാഇദ 2)

മേൽസൂക്തങ്ങളിൽ നിന്ന് വ്യക്തമായതനുസരിച്ച് തന്നിൽ വിശ്വസിക്കുന്നവൻ ആളുകളോട് നല്ല രീതിയിൽ പെരുമാറണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മാത്രമല്ല,നൻമയിൽ പരസ്പരം സഹകരിക്കുകയും നീചവൃത്തികളിൽനിന്ന് അകന്നുനിൽക്കുകയുംവേണം. അൻആം അധ്യായം 160-ാം സൂക്തത്തിലൂടെ ദൈവം വാഗ്ദാനംചെയ്യുന്നത്, 'ആരെങ്കിലും വല്ല നൻമയുമായി വന്നാൽ അവന്ന് അതിന്റെ

പത്തിരട്ടിയുണ്ട്. ആരെങ്കിലും വല്ല തിൻമയുമായി വന്നാൽ അതിനു തുല്യമായ പ്രതിഫലം മാത്രമേ അവന്നുണ്ടാവുകയുള്ളൂ. അവരോട് ഒരനീതിയും കാണിക്കുക യില്ല' എന്നാണ്.

മനുഷ്യഹൃദയങ്ങളുടെ അന്തരാളങ്ങളിലുള്ളതിനെ അറിയുന്നവനാണ് ദൈവമെ ന്ന് അവൻ സ്വയംവിശേഷിപ്പിച്ചിരിക്കുന്നു. എല്ലാ തിൻമകളിൽനിന്നും വിട്ടുനിൽ ക്കണമെന്ന് മനുഷ്യർക്ക് മുന്നറിയിപ്പ് നൽകുകയുംചെയ്യുന്നു. മാത്രമല്ല, ' മു സ്‌ലിം' എന്നതിന്റെ വിവക്ഷ 'ദൈവത്തിന് സമ്പൂർണമായി വിധേയപ്പെട്ടവൻ' എ ന്നാണ്. അതിനാൽ, ഭീകരതയ്ക്കെതിരെ ബുദ്ധിപരമായും ആദർശപരമായും സു ശക്തമായ പ്രതിരോധം തീർക്കുന്നത് അവനായിരിക്കും.

മുസ്‌ലിം തന്റെ ചുറ്റും നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളിൽ നിസംഗത പുലർത്തുകയില്ല. 'തനിക്ക് ദ്രോഹമൊന്നുമില്ലെങ്കിൽ പിന്നെന്തിന് ഗൗനിക്കണം?' എന്ന അലസഭാവം അവൻ കൈക്കൊള്ളുകയുമില്ല. കാരണം ദൈവത്തിന് തന്നെ പൂർണമായും സമർപ്പിച്ചിരിക്കുകയാണല്ലോ അവൻ. അവൻ ദൈവത്തിന്റെ പ്രതി നിധിയെന്നതുപോലെ നൻമയുടെ സ്ഥാനപതിയുമാണ്. അതുകൊണ്ടുതന്നെ, ഭീ കരതയും ക്രൂരതയും വിളയാടുമ്പോൾ അവന് ഉറക്കം നടിക്കാനാകില്ല. വാസ്തവ ത്തിൽ , നിരപരാധികളെ കൊന്നുതള്ളുന്ന ഭീകരതയുടെ ഏറ്റവുംവലിയ ബൗദ്ധി കശത്രുവാണ് മുസ്‌ലിം. ഖുർആൻ വരച്ചുകാട്ടുന്ന ധാർമികസദാചാരമൂല്യങ്ങൾ ഭീ കരതയുടെ എല്ലാ രൂപങ്ങൾക്കും എതിരാണ്. അത്തരം മൂല്യങ്ങളാകട്ടെ ഭീകരപ്ര വണതകളെ മുളയിലേ നുള്ളിക്കളയാൻ ശ്രമിക്കുന്നു. ആശയാദർശതലങ്ങളിലും അതങ്ങനെത്തന്നെ. ജനങ്ങൾക്കിടയിൽ സമാധാനവും നീതിയും പുലരാൻ അത് നിർബന്ധംപിടിക്കുന്നു. കുടിലതയും സംഘർഷവും ഏറ്റുമുട്ടലുകളും ഒഴിവാ ക്കാൻ അത് ജനങ്ങളോട് ആജ്ഞാപിക്കുന്നു.

## നിങ്ങൾ നീതിപാലിക്കൂ

നീതിയെസംബന്ധിച്ച് കൃത്യമായ വിശകലനം ചെയ്യുന്ന ഖുർആൻ ജനങ്ങൾക്കിട യിൽ വിവേചനമേതുമില്ലാതെ നീതിപാലിക്കണമെന്ന് കൽപിക്കുന്നു. അക്രമത്തി ന് അവസരം നൽകാതെ ജനങ്ങളുടെ അവകാശം സംരക്ഷിക്കണം. അക്രമിക്കെ തിരിൽ മർദ്ദിതനെയും പതിതനെയും സഹായിക്കാൻ രംഗത്തുവരണം. ഒരു തർ ക്കമോ കയ്യേറ്റമോ ഉണ്ടായാൽ ഇരുകൂട്ടരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെ ടുംവിധം വിധിതീർപ്പുണ്ടാക്കണമെന്നാണ് നീതിയുടെ താൽപര്യം. പ്രശ്നത്തിലേ ക്ക് വഴിതെളിച്ച എല്ലാ സാഹചര്യങ്ങളും വിലയിരുത്തിക്കൊണ്ട് സത്യസന്ധ മായും കാരുണ്യപൂർവവും സഹാനുഭൂതിയോടെയും , മുൻവിധികളൊട്ടുമില്ലാ തെ പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്. നിഷ്പക്ഷമായി കാര്യകാരണങ്ങളെ വി

ലയിരുത്താനാകാതെ ചപലവികാരങ്ങൾക്കടിപ്പെട്ടാൽ ഉറച്ച നിലപാടെടുക്കുന്നതിൽ പരാജയപ്പെടും. അതിനാൽ നീതിപൂർവം വിഷയങ്ങളെ കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നവൻ തന്റെ വ്യക്തിപരമായ വീക്ഷണങ്ങളെയും താൽപര്യങ്ങളെയും വികാരങ്ങളെയും മാറ്റിവെച്ച് മാത്രമേ വിധികൽപിക്കാവൂ. സഹായത്തിനായി തന്നെ സമീപിക്കുന്ന കക്ഷികളോട് നീതിപൂർവം പെരുമാറണം. സാഹചര്യങ്ങളെല്ലാം വിലയിരുത്തി സത്യത്തിന്റെ പക്ഷം ചേർന്നുനിൽക്കണം. ഒരു കാരണവശാലും സത്യസന്ധതയുടെയും വിശ്വാസ്യതയുടെയും പാതയിൽനിന്ന് വ്യതിചലിക്കരുത്. ഒരുവേള തന്റെ തന്നെ താൽപര്യങ്ങൾക്ക് എതിരാണെന്ന് വന്നാൽ പോലും നീതിയുടെ പക്ഷത്തുനിന്നുകൊണ്ട് മറ്റുള്ളവരുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകാനാകുംവിധം ഓരോ വ്യക്തിയും ഖുർആൻ പഠിപ്പിച്ച മൂല്യങ്ങളെ സ്വന്തം ജീവിതത്തിലേക്ക് ആവാഹിക്കുകതന്നെവേണം.

ഖുർആൻ പറയുന്നത് കാണുക: ‘ ജനങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിപൂർവം വിധി നടത്തുക. ‘(അന്നിസാഅ് 58)
ഒരുവേള സ്വന്തംതാൽപര്യങ്ങൾക്കെതിരായാൽ പോലും നീതിപൂർവം വർത്തിക്കാൻ ദൈവം വിശ്വാസികളോട് ആവശ്യപ്പെടുന്നു.

‘വിശ്വസിച്ചവരേ, നിങ്ങൾ നീതി നടത്തി അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനോ ദരിദ്രനോ എന്നു നോക്കേണ്ടതില്ല. ഇരുകൂട്ടരോടും കൂടുതൽ അടുപ്പമുള്ളവൻ അല്ലാഹുവാണ്. അതിനാൽ നിങ്ങൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ പേരിൽ നീതി നടത്താതിരിക്കരുത്. വസ്തുതകൾ വളച്ചൊടിക്കുകയോ സത്യത്തിൽനിന്ന് തെന്നിമാറുകയോ ചെയ്യുകയാണെങ്കിൽ അറിയുക. തീർച്ചയായും നിങ്ങൾ ചെയ്യുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു‘.(അന്നിസാഅ് 135)

ഏതു പ്രശ്നവും പ്രതിസന്ധിയും അഭിമുഖീകരിക്കുമ്പോഴും വിശ്വാസികൾ സ്വീകരിക്കേണ്ട നിലപാടുകളെപ്പറ്റിയും നീതിബോധത്തെപ്പറ്റിയും ഖുർആൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ദൈവത്തിങ്കൽനിന്നുള്ള അത്തരം ഉപദേശനിർദേശങ്ങൾ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആശ്വാസവും കാരുണ്യവുമാണ്. അതിനാൽ വിശ്വാസികൾ ദൈവപ്രീതി ലാക്കാക്കി ജനങ്ങൾക്ക് സമാധാനവും സുരക്ഷയും ഉറപ്പാക്കുകയും പക്ഷംചേരാതെ നീതി നടപ്പാക്കുകയും ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്വമാണ്.

ജനങ്ങളിൽ വർഗ-വർണ-ഭാഷാ-ദേശ-മത പരിഗണനകളേതുമില്ലാതെ ഒരുപോ

ലെ നടപ്പിലാക്കുന്ന നീതിയാണ് ദൈവം ഖുർആനിലൂടെ  അനുശാസിക്കുന്നത്. ആ നീതി  സ്ഥല-കാല-വംശ പരിഗണനയ്ക്കൊത്ത് മാറുകയില്ല. എന്നാൽ ,ഈ ആധുനികകാലഘട്ടത്തിലും ആളുകൾ അവരുടെ വർണത്തിന്റെയും വംശത്തിന്റെയും പേരിൽ ലോകത്തെല്ലായിടത്തും അക്രമത്തിനും അനീതിക്കും ഇരയായിക്കൊണ്ടിരിക്കുന്നു.

ദൈവം ജനങ്ങളെ വ്യത്യസ്ത വർഗക്കാരും ദേശക്കാരുമൊക്കെ ആക്കിയത്  പരസ്പരം തിരിച്ചറിയാനും പരിചയപ്പെടാനും വേണ്ടിയാണെന്ന് സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം വ്യക്തമാക്കി ഖുർആൻ   അറിയിക്കുന്നു. വിവിധദേശവാസികളെല്ലാംതന്നെ ദൈവത്തിന്റെ സേവകരാണ്. അവർ പരസ്പരം അറിയണം; പരിചയപ്പെടണം. അതായത്, ഓരോരുത്തരുടെയും സംസ്കാരം ,ഭാഷ, പാരമ്പര്യരീതികൾ, അഭിരുചികൾ, സിദ്ധികൾ തുടങ്ങിയവ അറിയാനും പഠിക്കാനും മാർഗമുണ്ടാകണം. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യരെ വ്യത്യസ്ത വർഗ-വർണ-വംശ-ദേശക്കാരായി ദൈവം സൃഷ്ടിച്ചതിന്റെ ലക്ഷ്യങ്ങളിലൊന്ന്  സാംസ്കാരികസമൃദ്ധി ആയിരുന്നു. അല്ലാതെ, സംഘട്ടനമല്ല. ഇന്ന് ലോകത്തുള്ള സകലവൈവിധ്യങ്ങളും ദൈവത്തിന്റെ കാരുണ്യമാണ്. ഒരാൾക്ക് അപരനെക്കാൾ  വെളുപ്പും ഉയരവും ഉണ്ടെന്നത്  ഒരുവന്റെ വംശമേൻമയ്ക്കോ  അധമത്വത്തിനോ തെളിവോ ന്യായമോ അല്ല. ഓരോ വ്യക്തിയിലും സവിശേഷഗുണങ്ങൾ നിക്ഷേപിച്ചതിന് ദൈവത്തിന് ചില ഉദ്ദേശ്യലക്ഷ്യങ്ങളുണ്ട്. എന്നാൽ ആ  വ്യത്യാസങ്ങളൊന്നും ദൈവത്തിന്റെ കണ്ണിൽ സവിശേഷപദവി നേടിത്തരുന്നില്ല. ദൈവവിശ്വാസവും അവനുള്ള അനുസരണവും മുറുകെപ്പിടിച്ച്  ജീവിക്കുമ്പോഴാണ് മനുഷ്യൻ ആദരണീയനും മഹാനുമാകുന്നതെന്ന് വിശ്വാസി മനസ്സിലാക്കുന്നു. ഈ യാഥാർഥ്യത്തെ ഖുർആൻ അനാവരണംചെയ്യുന്നത് കാണുക:
‘

മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങളന്യോന്യം തിരിച്ചറിയാനാണ്. അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റം ആദരണീയൻ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാണ്; തീർച്ച. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.‘(അൽഹുജുറാത് 13)
 സൂക്തത്തിലൂടെ ദൈവം അറിയിച്ചതനുസരിച്ച് ജനങ്ങൾക്കിടയിൽ യാതൊരു വിവേചനവും കൽപിക്കാതെ, സമത്വവും കാരുണ്യവും സമാധാനവും അനുഭവവേദ്യമാക്കുന്നതാണ് ആ നീതി.

## വിശ്വാസികളുടെ ഉത്തരവാദിത്വം

മതം മനുഷ്യർക്ക് പകർന്നുനൽകുന്ന നിസ്വാർഥത, സാഹോദര്യം, സൗഹൃദം ,സ

ത്യസന്ധത, സേവനതൽപരത, തുടങ്ങി  സ്വഭാവഗുണങ്ങളെക്കുറിച്ച ഉൾക്കാഴ്ച യില്ലാത്തവർ, തങ്ങളെ നേരിട്ടുബാധിക്കാത്ത വിഷയങ്ങളിൽ യാതൊരു ഗൗര വവും കൽപിക്കുകയില്ല. തങ്ങളുടെ അധ്വാനപരിശ്രമങ്ങളെ വൃഥാവിലാക്കുന്ന സ്വാർഥമോഹങ്ങളുടെ തടവറയിലായിരിക്കും അവരെപ്പോഴും. അതിനാൽതന്നെ മ നുഷ്യരാശിയെ ഭീകരമായി തുറിച്ചുനോക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവർ അ ജ്ഞരായിരിക്കും. അതേസമയം, സഹജീവികളുടെ നൻമയ്ക്കായി സദാ പരിശ്രമി ക്കുകയും ചുറ്റുപാടും നടക്കുന്ന സംഭവവികാസങ്ങളെ ഗൗരവബുദ്ധ്യാ സമീപി ക്കുകയും  ആളുകളെ സദ്പന്ഥാവിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നവരുടെ  ഉന്ന തധാർമികബോധത്തെ ഖുർആൻ പ്രശംസിക്കുന്നുണ്ട്. ജനങ്ങൾക്ക് യാതൊരു നൻമയും സമ്മാനിക്കാത്തവരെയും അതിന് വിരുദ്ധമായി സദാ സത്യമാർഗത്തിൽ പരിശ്രമിക്കുന്നവരെയും ഖുർആൻ താരതമ്യം ചെയ്യുന്നത് കാണുക:
'അല്ലാഹു മറ്റൊരുദാഹരണം കൂടി നൽകുന്നു: രണ്ടാളുകൾ. അവരിലൊരുവൻ ഊമയാണ്. ഒന്നിനും കഴിയാത്തവൻ. അവൻ തന്റെ യജമാനന് ഒരു ഭാരമാണ്. അയാൾ അവനെ എവിടേക്കയച്ചാലും അവനൊരു നൻമയും വരുത്തുകയില്ല. അയാളും, സ്വയം നേർവഴിയിൽ നിലയുറപ്പിച്ച് നീതി കൽപിക്കുന്നവനും ഒരുപോലെയാണോ?'(അന്നഹ്ൽ 76)

ഖുർആനിൽ പ്രസ്താവിച്ചതുപോലെ തങ്ങളെ പൂർണമായും  മതത്തിൽ സമർപ്പി ച്ചവരാണ് സൻമാർഗികളെന്ന യാഥാർഥ്യം ഏവർക്കും ബോധ്യപ്പെടും. അവർ ദൈവത്തെ ഭയപ്പെടുകയും ജീവിതത്തിൽ സൂക്ഷ്മതപുലർത്തുകയുംചെയ്യും. ജ നങ്ങളെ സേവിക്കാനും സഹായിക്കാനും ഔത്സുക്യം കാട്ടുന്ന അവർ ആത്മീയമാ യി ഉന്നതവിതാനത്തിലായിരിക്കും. പൊതുവെ, ജനങ്ങളെ സഹായിക്കുകയും അ പകടങ്ങളിൽനിന്ന് കാത്തുരക്ഷിക്കുകയുംചെയ്യണമെന്ന മനസ്ഥിതി പുലർത്തു ന്നവർ മനുഷ്യരാശിക്ക് സേവനങ്ങൾ ചെയ്യുന്നവരായിരിക്കും. അതിനാൽ ശരിയാ യ മതത്തെ ക്കുറിച്ച്  ജനങ്ങൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. അന്തിമ വേദഗ്രന്ഥമായ ഖുർആൻ വിശദീകരിക്കുന്ന ധാർമികഗുണങ്ങളെന്തെന്ന് അവർ പഠിക്കണം. അത്തരത്തിൽ ഉയർന്ന ധാർമികനിലവാരം പുലർത്തുന്ന ആളുകളെ ഖുർആൻ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്:

'ഭൂമിയിൽ നാം അധികാരം നൽകുകയാണെങ്കിൽ അവർ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കും. സകാത്ത് നൽകും. നൻമ കൽപിക്കും.തിൻമ തടയും.കാര്യങ്ങളുടെ അന്തിമമായ തീരുമാനം അല്ലാഹുവിന്റേതാണ്.'(അൽഹജ്ജ് 41)

'നിന്റെ നാഥൻ ഇച്ഛിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ

നിർബന്ധിക്കുകയോ?'(യൂനുസ് 99)

## പരമതവിദ്വേഷം അനീതിക്ക് പ്രേരണയാകരുത്

വിദ്വേഷവും വെറുപ്പുമാണ് അധിക തിൻമകളുടെയും ഉറവിടം . അതാണ് നീതി പൂർവമായ തീരുമാനങ്ങളെടുക്കുന്നതിൽനിന്ന് ആളുകളെ തടയുന്നതും. അത്തരം സ്വഭാവങ്ങളുള്ളവർ തങ്ങളുടെതുമാത്രമായ യുക്തിയിലൂടെ കാര്യങ്ങളെ വ്യവഹ രിക്കാൻ ശ്രമിക്കുന്നതിനാൽ ശരിയാംവിധം ചിന്തിക്കുകയില്ല. ഏതെങ്കിലും വിഭാഗ ത്തോട് ശത്രുതതോന്നിക്കഴിഞ്ഞാൽ പിന്നെ സത്യവും നീതിയും വകവെക്കാതെ സാധ്യമായ എല്ലാരീതിയിലും അവരെ ഉപദ്രവിക്കാനായിരിക്കും അക്കൂട്ടരുടെ ശ്രമം. നിരപരാധിത്വം ബോധ്യമായാൽപോലും കള്ളസാക്ഷ്യം നൽകുന്നവരെ രം ഗത്തുകൊണ്ടുവന്ന് അന്നേവരെ ചെയ്തിട്ടില്ലാത്ത കുറ്റങ്ങൾ അവരുടെമേൽ ആ രോപിക്കും. ആ ശത്രുതയുടെയും വിരോധത്തിന്റെയും കാരണത്താൽ ക്രൂരമായ അടിച്ചമർത്തലുകൾക്ക് അവർ വിധേയരാകും. ചിലരാകട്ടെ, തങ്ങളുമായി വിയോ ജിപ്പിലുള്ള ജനതയ്ക്ക് അനുകൂലമായി സാക്ഷ്യംപറയാൻ തയ്യാറാവാതെ മാറി നിൽക്കും.അതുമാത്രമോ, അവർ നിരപരാധികളാണെന്ന് ബോധ്യമായാൽപോലും അത് വ്യക്തമാക്കുന്ന തെളിവുകൾ പുറംലോകം കാണാതിരിക്കാൻ ഒളിപ്പിച്ചുവെ ക്കും. ആ ജനങ്ങൾ അക്രമത്തിനും അനീതിക്കുമിരയായി കഷ്ടപ്പാടുകളിൽ ഉഴറു ന്നതുകാണുമ്പോൾ അക്കൂട്ടർ അതിൽ സന്തോഷം കണ്ടെത്തും. ആ ജനങ്ങളുടെ നിരപരാധിത്വം എന്നെങ്കിലും വെളിച്ചത്തുവരുമോ, അവർക്ക് നീതി ലഭിച്ചേക്കുമോ എന്നൊക്കെയായിരിക്കും അത്തരം നീചൻമാരുടെ ഏറ്റവം വലിയ ആശങ്ക.

മേൽപറഞ്ഞ കാരണങ്ങളാൽ മതപരമായ ധാർമികമൂല്യങ്ങൾ മുറുകെപ്പിടിച്ചി ട്ടില്ലാത്ത സമൂഹങ്ങൾക്ക് പരസ്പരവിശ്വാസം നഷ്ടപ്പെടുന്നു. ഏതുസമയത്തും തങ്ങൾ ആർക്കും ഇരയായിത്തീരാമെന്ന ആശങ്കയിലായിരിക്കും ജനങ്ങൾ. പരസ് പരവിശ്വാസമില്ലാതാകുമ്പോൾ സഹാനുഭൂതി, സാഹോദര്യം, സഹകരണമനസ്ഥി തി തുടങ്ങി മാനുഷികമൂല്യങ്ങൾ നഷ്ടപ്പെട്ട് അന്യോന്യം വെറുക്കാൻ തുടങ്ങും.
അതെന്തായാലും ഏതെങ്കിലും വ്യക്തികളോടോ സമുദായത്തോടോ വെച്ചുപുലർ ത്തുന്ന ഇത്തരത്തിലുള്ള പ്രതിലോമവികാരങ്ങൾ ഒരു വിശ്വാസിയുടെ തീരുമാ നങ്ങളെ സ്വാധീനിക്കാവതല്ല. താനുമായി ഇടപെടുന്ന വ്യക്തി എത്രമാത്രം നീച നും ശത്രുതപുലർത്തുന്നവനും ആയാലുംശരി, സ്വാഭാവികമായി ഉണ്ടാകാവുന്ന എതിർപ്പും അനിഷ്ടവും മാറ്റിവെച്ചുകൊണ്ട് വിശ്വാസി അയാളുമായി നീതിപൂർവ മേ വർത്തിക്കുകയുള്ളൂ. തന്റെ വിവേകത്തെയോ മനസ്സാക്ഷിയെയോ അടച്ചു പൂട്ടുംവിധം മനസ്സിൽ വെറുപ്പോ ദേഷ്യമോ ഉണ്ടാകാൻ അവസരംനൽകുകയില്ല അയാൾ. പ്രത്യുത ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കും കൽപനകൾക്കും വഴങ്ങാ നാണ് അയാളെ മനസ്സാക്ഷി എന്നും പ്രചോദിപ്പിക്കുക. അല്ലാതെ നല്ല സ്വഭാവമൂ

ല്യങ്ങളെ ഉപേക്ഷിക്കാനല്ല. കാരണം, ഖുര്‍ആനിലൂടെ ദൈവം നല്‍കുന്ന കല്‍പന അതാണല്ലോ. ഖുര്‍ആന്‍ പറയുന്നത് കാണുക:'വിശ്വസിച്ചവരേ, നിങ്ങള്‍ അല്ലാഹുവിനുവേണ്ടി നേരാംവിധം നിലകൊള്ളുന്നവരാവുക. നീതിക്ക് സാക്ഷ്യം വഹിക്കുന്നവരും. ഒരു ജനതയോടുള്ള വിരോധം നീതി നടത്താതിരിക്കാന്‍ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. അതാണ് ധര്‍മപാലനത്തോട് ഏറ്റവും ചേര്‍ന്നുനില്‍ക്കുന്നത്. നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുക. ഉറപ്പായും അല്ലാഹു നിങ്ങള്‍ ചെയ്യുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്'(അല്‍മാഇദ 8).

ദൈവത്തിനുള്ള സ്നേഹത്തോടും ഭയഭക്തിബഹുമാനങ്ങളോടും ചേര്‍ന്നുനില്‍ക്കുന്നതാണ് നീതിപൂര്‍വമായ പെരുമാറ്റം എന്ന വസ്തുതയെ മേല്‍സൂക്തം വ്യക്തമാക്കുന്നു. എല്ലാറ്റിനെയും നീതിപൂര്‍വം സമീപിക്കുമ്പോഴേ ദൈവപ്രീതി നേടാനാകൂവെന്ന് വിശ്വാസി തിരിച്ചറിയുന്നു. ഒരു വ്യക്തിയുടെ സത്യസന്ധതയ്ക്കും സദ്പെരുമാറ്റത്തിനും അനുഭവസ്ഥനായ ആള്‍ ആ വ്യക്തിയില്‍ വിശ്വാസമര്‍പ്പിക്കുകയും ആ സാന്നിധ്യത്തില്‍ ആശ്വസിക്കുകയും ഉത്തരവാദിത്തങ്ങള്‍ അയാളെ ഏല്‍പിക്കുകയും ചെയ്യും. അത്തരം വ്യക്തികളെ ശത്രുക്കള്‍ പോലും ബഹുമാനാദരവുകളോടെയാകും കാണുക. അത്തരക്കാരുടെ ചിന്താഗതികളും വീക്ഷണങ്ങളും പലരെയും ദൈവവിശ്വാസത്തിലേക്ക് നയിക്കുകയുംചെയ്യും.

## ചിന്താസ്വാതന്ത്ര്യമാണ് ഇസ്‌ലാം

ഏതൊരാള്‍ക്കും ആശയ-ചിന്താ-ജീവിത സ്വാതന്ത്ര്യം അനുവദിച്ചുനല്‍കുന്ന മതമാണ് ഇസ്‌ലാം. സംഘര്‍ഷവും വഴക്കും അപവാദപ്രചാരണങ്ങളും എന്തിനേറെ, ദുര്‍വിചാരങ്ങള്‍പോലും ജനങ്ങളിലുണ്ടാകുന്നത് വിലക്കുന്ന മാര്‍ഗനിര്‍ദ്ദേശങ്ങള്‍ അതിലുണ്ട്. അതേഗൗരവത്തില്‍, ഭീകരതയും അക്രമപ്രവര്‍ത്തനങ്ങളും ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. എന്നല്ല, മതവിശ്വാസം സ്വീകരിക്കാന്‍ സമ്മര്‍ദ്ദം ചെലുത്തുന്നതുപോലും അത് വിലക്കി.
'മതത്തില്‍ ബലപ്രയോഗം അരുത്. നന്‍മ-തിന്‍മകളുടെ വഴികള്‍ വ്യക്തമായും വേര്‍തിരിഞ്ഞുകഴിഞ്ഞിരിക്കുന്നു'(അല്‍ബഖറ 256)
'അതിനാല്‍ നീ ഉദ്ബോധിപ്പിക്കുക. നീ ഒരുദ്ബോധകന്‍ മാത്രമാണ്.നീ അവരുടെ മേല്‍ നിര്‍ബന്ധം ചെലുത്തുന്നവനല്ല'(അല്‍ഗാശിയ 21,22)

ജനങ്ങളുടെ മനപരിവര്‍ത്തനത്തിന് ബലപ്രയോഗം നടത്തുന്നതോ, മതവിശ്വാസം വെച്ചുപുലര്‍ത്താന്‍ അവരെ നിര്‍ബന്ധിക്കുന്നതോ ഇസ്‌ലാമിന്റെ ധാര്‍മികനിലപാടിനും അന്തഃസത്തയ്ക്കും കടകവിരുദ്ധമാണ്. ഇഛാസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും ഉള്ളിടത്തേ യഥാര്‍ത്ഥമതം പുലരൂ എന്നാണതിന്റെ കാഴ്ചപ്പാട്. അതു

കൊണ്ടുതന്നെ, ഖുർആന്റെ ധാർമികസദാചാരമൂല്യങ്ങളുടെ സവിശേഷതകൾ ജനങ്ങൾക്ക് പരിചയപ്പെടുത്തി അത് പിൻപറ്റാൻ ഉപദേശിക്കണമെന്നാണ് മുസ്‌ലിംകളോടുള്ള കൽപന. മറ്റുള്ളവർക്ക് പ്രസ്തുത ധാർമികമൂല്യങ്ങളെപ്പറ്റി ഏറ്റവും ഹൃദ്യമായ രീതിയിൽ വിശദീകരിക്കേണ്ട ഉത്തരവാദിത്വം അവർക്കുണ്ട്. ദൈവത്തിലേക്ക് സദുദ്ദേശ്യത്തോടെയും വിവേകത്തോടെയും നിങ്ങൾ ക്ഷണിക്കുകയെന്ന ഖുർആനികനിർദ്ദേശം പിന്തുടർന്ന് ഇസ്‌ലാമിന്റെ സൗന്ദര്യത്തെ മറ്റുള്ളവർക്ക് അനാവൃതമാക്കികൊടുക്കണം. 'അതിനാൽ നീ ഉദ്ബോധിപ്പിക്കുക. നീ ഒരുദ്ബോധകൻ മാത്രമാണ്.നീ അവരുടെ മേൽ നിർബന്ധം ചെലുത്തുന്നവനല്ല'(അന്നഹ്ൽ 125)

'ജനങ്ങളെ നേർവഴിയിലാക്കേണ്ട ബാധ്യത നിനക്കില്ല. എന്നാൽ അല്ലാഹു അവനിച്ഛിക്കുന്നവരെയാണ് നേർവഴിയിലാക്കുന്നത്'.(അൽബഖറ 272) എന്ന സൂക്തം അവരുടെ മനസ്സിലുണ്ടാകണം.

മതവിശ്വാസം സ്വീകരിക്കാൻ ശാരീരിക-മാനസികസമ്മർദ്ദത്തിന്റെയോ ബലപ്രയോഗത്തിന്റെയോ വഴികൾ മുസ്‌ലിംകൾ സ്വീകരിക്കുകയില്ല. മതത്തിലേക്ക് ആളെക്കൂട്ടാൻ ഭൗതികസുഖസൗകര്യങ്ങൾ കാട്ടി അവരെ പ്രലോഭിപ്പിക്കുകയുമില്ല. തങ്ങൾ പ്രബോധനംചെയ്യുന്ന ആദർശത്തിന് വിരുദ്ധമായ മറുപടിയാണ് മറുപക്ഷത്തുനിന്ന് ലഭിക്കുന്നതെങ്കിൽ 'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം (അൽ കാഫിറൂൻ 6)' എന്നതായിരിക്കും അവരുടെ പ്രതികരണം.

ക്രൈസ്തവ-ജൂത-ബുദ്ധ-ഹിന്ദു-നിരീശ്വര-അദ്വൈത-ബഹുദൈവ വിശ്വാസങ്ങൾ വെച്ചുപുലർത്തുന്ന ജനസമൂഹങ്ങളുൾക്കൊള്ളുന്നതാണ് ഇന്നത്തെ ലോകം.തങ്ങളുടെ വിശ്വാസാദർശങ്ങളിൽനിന്ന് തികച്ചുംവ്യത്യസ്തമായ ആചാരരീതികൾക്കൊത്ത് ജീവിക്കുന്ന സമൂഹവുമായി മുസ്‌ലിംകൾ സ്നേഹത്തോടെ വർത്തിക്കണം. അവർ എവ്വിധത്തിലുള്ള ആളുകളായിക്കൊള്ളട്ടെ, മനുഷ്യത്വത്തിന്റെയും നീതിയുടെയും വിട്ടുവീഴ്ചയുടെയും സമീപനമാണ് അവരോട് വെച്ചുപുലർത്തേണ്ടത്. സമാധാനത്തിലും കാരുണ്യത്തിലും ദൈവികമതത്തിന്റെ സൗന്ദര്യം മറ്റുള്ളവർക്ക് ദർശിക്കാനാകും വിധം ജീവിതം കാഴ്ചവെക്കേണ്ട ഉത്തരവാദിത്വം വിശ്വാസികൾക്കുണ്ട്. എന്നാൽ താൻ മനസ്സിലാക്കിയ സത്യം ജീവിതത്തിലൂടെ പ്രാവർത്തികമാക്കണോ വേണ്ടേ, വിശ്വസിക്കണോ വേണ്ടേ തുടങ്ങിയ കാര്യങ്ങളുടെ അന്തിമതീരുമാനം വ്യക്തിഗതമാണ്. വിശ്വാസകാര്യത്തിൽ ബലപ്രയോഗം നടത്തുന്നതോ, എന്തെങ്കിലും അടിച്ചേൽപിക്കുന്നതോ ഖുർആന്റെ ധാർമികമൂല്യങ്ങൾക്ക് എതിരാണ്. അക്കാര്യത്തിൽ ഖുർആൻ വിശ്വാസികളെ താക്കീത്ചെയ്യുന്നത് കാണുക.

'നിന്റെ നാഥൻ ഇച്ഛിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം

സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ? '(യൂനുസ് 99)

'അവരുടെ മേൽ നിർബന്ധം ചെലുത്തേണ്ട ആവശ്യം നിനക്കില്ല. അതിനാൽ എന്റെ താക്കീത് ഭയപ്പെടുന്നവരെ നീ ഈ ഖുർആൻ വഴി ഉദ്ബോധിപ്പിക്കുക'(ഖാഫ് 45)

ബാഹ്യസമ്മർദ്ദങ്ങൾക്ക് വിധേയമായി ആരാധനാനുഷ്ഠാനങ്ങൾ ചെയ്യുന്ന സമൂഹം എന്നത് ഇസ്ലാമിന്റെ മൂല്യസങ്കൽപങ്ങൾക്ക് തികച്ചുംവിരുദ്ധമാണ്. ഒരു വ്യക്തി വിശ്വാസവും ആരാധനകളും ദൈവത്തിന് സമർപ്പിക്കുന്നത് സ്വാഭീഷ്ടപ്രകാരമായിരിക്കണം. വിശ്വാസാചാരാനുഷ്ഠാനങ്ങൾ ജനങ്ങളിൽ അടിച്ചേൽപിക്കാനുള്ള ബാഹ്യശക്തികളുടെ ശ്രമം മതജീവിതത്തെ ഭയത്തിന്റെ മുൾമുനയിൽനിർത്തുന്നു. കപടവിശ്വാസം ശക്തിപ്പെടുമെന്നതല്ലാതെ അതുകൊണ്ട് യാതൊരു ഗുണവുമില്ല. ഒരു മുസ്ലിമിന് അതൊട്ടും അംഗീകരിക്കാനാകില്ല. ദൈവത്തെ സ്നേഹിച്ചുകൊണ്ട് ജീവിക്കുന്നതേ മതമാകുകയുള്ളൂ. ജനങ്ങൾ വീക്ഷണസ്വാതന്ത്ര്യം അനുഭവിക്കുന്ന അന്തരീക്ഷത്തിൽമാത്രമേ ദൈവപ്രീതിയും കാരുണ്യവും സ്വർഗവും ഉണ്ടാകുകയുള്ളൂവെന്നതാണ് അതിനുകാരണം.

തങ്ങളുടെ അധികാരംനിലനിന്നിരുന്ന നാടുകളിലെ വിവിധമതസ്ഥരായ ജനതയോട് മുസ്ലിംഭരണാധികാരികൾ സ്നേഹത്തിലും സമഭാവനയിലും പെരുമാറിയതിന്റെ ഏടുകൾ ഇസ്ലാമികചരിത്രലെമ്പാടും കാണാം. ബ്രിട്ടീഷ് ഇന്ത്യൻഭരണകൂടത്തിൽ മതപ്രബോധനകനായി സേവനമനുഷ്ഠിച്ച തോമസ് ആർനോൾഡ് ഇസ്ലാമികമൂല്യങ്ങൾ ആ മതസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിച്ചതെങ്ങനെയെന്ന് വിവരിക്കുന്നുണ്ട്:

' തങ്ങളുടെ പ്രജകളിലെ അമുസ്ലിംകളെ ഖലീഫമാർ ഇസ്ലാമികവിശ്വാസം സ്വീകരിപ്പിക്കാനോ ക്രൈസ്തവവിശ്വാസം ഉപേക്ഷിക്കാനോ ഏതെങ്കിലും രീതിയിലുള്ള ബലപ്രയോഗങ്ങളോ പീഡനമുറകളോ അവലംബിച്ചതായി നാം കാണുന്നില്ല. ഫെർഡിനന്റും ഇസബെല്ലയും സ്പെയിനിൽനിന്ന് ഇസ്ലാമിനെ തുടച്ചുനീക്കിയതുപോലെ, ഫ്രാൻസിൽ ലൂയിപതിനാറാമൻ പ്രൊട്ടസ്റ്റന്റ് മതം നടപ്പാക്കിയതുപോലെ , 350 വർഷത്തോളം ജൂതൻമാരെ ബ്രിട്ടനിൽനിന്ന് അകറ്റിനിർത്തിയതുപോലെ, ശക്തിപ്രയോഗിച്ചിരുന്നെങ്കിൽ ഖലീഫമാർക്കും ക്രൈസ്തവതയെ അടിച്ചമർത്താനാകുമായിരുന്നു. അങ്ങനെവന്നാൽ കിഴക്കൻ ഏഷ്യയിലെ ചർച്ചുകൾ ക്രൈസ്തവലോകവുമായി യാതൊരു ആശയവിനിമയങ്ങൾക്കും അവസരംലഭിക്കാതെ ഒറ്റപ്പെട്ടുപോയേനെ. എങ്കിൽ അതിന്റെ ഫലം കൂട്ടമതപരിത്യാഗമായിരിക്കുമെന്നതിൽ യാതൊരുസംശയവും വേണ്ട. അതിനാൽ ഇന്നും നിലനിൽക്കുന്ന

ചർച്ചുകൾ മുഹമ്മദൻ ഭരണകൂടത്തിന്റെ സഹിഷ്ണുതാമനോഭാവത്തിന്റെ ശക്തമായ തെളിവാണ്.1

## ‘നിരപരാധികളെ വധിക്കരുതെന്ന് ദൈവം

യാതൊരു വിധ ന്യായവുമില്ലാതെ നിരപരാധികളെ കൊല്ലുന്നത് വൻപാപങ്ങളിലൊന്നായാണ് ഖുർആൻ എണ്ണുന്നത്.

‘ആരെയെങ്കിലും കൊന്നതിനോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനോ അല്ലാതെ വല്ലവനും ഒരാളെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചവനെപ്പോലെയാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുവൻ മനുഷ്യരുടെയും ജീവൻ രക്ഷിച്ചവനെപ്പോലെയും.'' നമ്മുടെ ദൂതൻമാർ വ്യക്തമായ തെളിവുകളുമായി അവരുടെ അടുത്ത് വന്നിട്ടുണ്ടായിരുന്നു. എന്നിട്ട് പിന്നെയും അവരിലേറെപേരും ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുന്നവരാണ്.‘ (അൽമാഇദ 32)

‘ അല്ലാഹുവോടൊപ്പം മറ്റു ദൈവങ്ങളെ വിളിച്ചുപ്രാർഥിക്കാത്തവരുമാണവർ. അല്ലാഹു ആദരണീയമാക്കിയ ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിക്കാത്തവരും. വ്യഭിചരിക്കാത്തവരുമാണ്. ഇക്കാര്യങ്ങൾ ആരെങ്കിലും ചെയ്യുകയാണെങ്കിൽ അവൻ അതിന്റെ പാപഫലം അനുഭവിക്കുകതന്നെ ചെയ്യും.‘ (അൽഫുർഖാൻ 68)

സൂക്തത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, യാതൊരുനീതീകരണവുമില്ലാതെ നിരപരാധികളെ കൊന്നുതള്ളുന്നവർക്ക് വേദനാജനകമായ ശിക്ഷയുണ്ട്. നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലുന്നതുപോലും ഭൂമിയിലെ മുഴുവൻ മനുഷ്യരെയും കൊന്നതിന് സമാനമായാണ് ദൈവം ഗണിക്കുന്നത്. അങ്ങനെയെങ്കിൽ ,ദൈവം നിർദേശിച്ച അതിർവരമ്പുകൾ കാത്തുസൂക്ഷിക്കുന്ന വിശ്വാസി, ആയിരക്കണക്കായ നിരപരാധികളെ കൊല്ലുന്നതുപോയിട്ട് ഒരു മനുഷ്യനെപ്പോലും നോവിക്കുമെന്ന് കരുതാനാകുമോ? ഇഹലോകത്ത് ന്യായവിചാരണകളെയും ശിക്ഷകളെയും ഭയക്കേണ്ടതില്ലെന്ന മൂഢവിചാരമുള്ളവർ ഒരിക്കലും വിജയിക്കുകയില്ല. കാരണം, ചെയ്തുകൂട്ടിയ ഓരോ കർമങ്ങൾക്കും നാളെ ദൈവസന്നിധിയിൽ അവർ ഉത്തരം ബോധിപ്പിക്കേണ്ടിവരും. അതേസമയം ഒരുനാൾ ദൈവത്തിനുമുമ്പിൽ വിചാരണ ചെയ്യപ്പെടുമെന്ന് മനസ്സിലാക്കിയിട്ടുള്ള വിശ്വാസികൾ അവൻ അറിയിച്ചുതന്ന പരിധികളെ കാത്തുസൂക്ഷിക്കുകതന്നെചെയ്യും.

## ജനാധിപത്യത്തിന് അന്തരീക്ഷമൊരുങ്ങുന്നത് ഇസ്‌ലാമികസമൂഹത്തിൽ മാത്രം

### 1. സർവശക്തൻ കൽപിക്കുന്നത് സാമൂഹികനീതിയും വിഭവങ്ങളുടെ പങ്കുവെയ്പും

ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽപെട്ടതാണ് സാമൂഹികനീതി. നോഹ, അബ്രഹാം പ്രവാചകൻമാരിൽ നിന്നാണ് ജനങ്ങൾ സാമൂഹികനീതിയെക്കുറിച്ച് പഠിച്ചത്. മതപ്രമാണങ്ങളുടെ വിവരണമനുസരിച്ച്, പ്രളയത്തിനുശേഷം പെട്ടകം കരയിലുറച്ചപ്പോൾ നൂഹ് തന്റെ കയ്യിൽ അവശേഷിച്ച കടല, പരിപ്പ്, ഉണക്കമുന്തിരി, അത്തിപ്പഴം ,ഗോതമ്പ് എല്ലാംചേർത്ത് മധുരമുള്ള സൂപ്പ് തയ്യാറാക്കി. പെട്ടകത്തിലുണ്ടായിരുന്ന എല്ലാവരും അത് ഒരുമിച്ചിരുന്നുകഴിച്ചു. സമത്വത്തിന്റെയും ഉദാരതയുടെയും ഐക്യദാർഢ്യത്തിന്റെയും സമത്വത്തിന്റെയും പാഠങ്ങളോടൊപ്പം എല്ലാവർക്കും ഭക്ഷണം എത്തേണ്ടതിന്റെ പ്രാധാന്യവും പഠിപ്പിച്ച സാമൂഹികനീതിയായിരുന്നു അത്.
ഹൂദ് അധ്യായം 69-ാം സൂക്തത്തിൽ വ്യക്തമാക്കിയതുപോലെ, നമ്മുടെ ദൂതൻമാർ ശുഭവൃത്താന്തവുമായി ഇബ്റാഹീമിനെ സമീപിച്ചു. അവർ പറഞ്ഞു: ''സലാം.'' അദ്ദേഹം പറഞ്ഞു: ''സലാം.'' ഒട്ടും വൈകാതെ വേവിച്ചു പാകംചെയ്ത ഒരു കാളക്കുട്ടിയെ അദ്ദേഹം കൊണ്ടുവന്നു'. അബ്രഹാം അതിഥികൾക്ക് മുമ്പിൽ അത് വിളമ്പി. ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലാത്ത അതിഥികളെ അബ്രഹാം ഭക്ഷണം തയ്യാറാക്കി ഉപചാരപൂർവം സ്വീകരിച്ചതിനെ ദൈവം തമ്പുരാൻ എടുത്തുപറഞ്ഞതിലൂടെ അഗതികൾക്ക് ഭക്ഷണം നൽകുന്നതിന്റെയും സാമൂഹികനീതിയുടെയും പ്രാധാന്യമാണ് വെളിപ്പെടുന്നത്.

### 2. സമത്വം: ആർക്കും സ്വയം മേൻമ അവകാശപ്പെടാനില്ല

ഖുർആനിലൂടെ അല്ലാഹു വ്യക്തമാക്കിയിട്ടുള്ളത് ഇതാണ്:പദവിയും കേമത്തവും ദൈവഭക്തിയുടെ അടിസ്ഥാനത്തിൽ മാത്രമേ അവകാശപ്പെടാനാകൂ. ഖുർആൻ പറയുന്നു:'മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങളന്യോന്യം തിരിച്ചറിയാനാണ്. അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റം ആദരണീയൻ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാണ്; തീർച്ച. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു'(അൽഹുജുറാത് 13)

ഈ ദൈവികവെളിപാടിനെ സത്യപ്പെടുത്തിക്കൊണ്ട് മുഹമ്മദ് നബി(സ) ഇപ്രകാരം അരുളിയത് കാണാം:'നിങ്ങൾ ആദമിന്റെ മക്കളാണ്. ആദമോ മണ്ണിൽ നിന്നും.

അതിനാൽ പൂർവപിതാക്കളുടെ മേനിപറഞ്ഞ് പൊങ്ങച്ചം നടിക്കുന്നത് ആളുകൾ അവസാനിപ്പിച്ചുകൊള്ളട്ടെ.'(അബൂദാവൂദ് പുസ്തകം 41 നമ്പർ 5097)
'നിങ്ങളുടെ വംശവും പൈതൃകവും മറ്റുള്ളവരെ വെറുക്കാനോ ആക്ഷേപിക്കാനോ ഉള്ള ന്യായമല്ല. നിങ്ങളെല്ലാം ആദമിന്റെ മക്കളാണ്. ഒരാൾക്കും മറ്റൊരാളുടെ മേൽ മേൻമ അവകാശപ്പെടാനില്ല; സദാചാരവിശുദ്ധിയുടെയും ഭയഭക്തിയുടെയും പേരിലല്ലാതെ' (അഹ്മദ് 158/4)

തന്റെ വിടപറയൽ പ്രഭാഷണത്തിൽ മുസ്‌ലിംകളെ നബിതിരുമേനി ഇപ്രകാരം ഉണർത്തി:
'അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ ശ്രേഷ്ഠതയില്ല. വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ ശ്രേഷ്ഠത ഇല്ല, ദൈവഭക്തിയുടെ പേരിലല്ലാതെ. നിങ്ങളിൽ ദൈവഭക്തിയുള്ളവനത്രെ ഏറ്റവും ശ്രേഷ്ഠൻ.'(മുഹമ്മദ് നബിയുടെ വിടവാങ്ങൽ പ്രഭാഷണം-http://www.stanford.edu/ ~jamila/Sermon.html)

## 3. ദൈവം നീതി കൽപിക്കുന്നു

ദൈവം ഈ അനുശാസനം വിശ്വാസികൾക്ക് നൽകിയത് ഇപ്രകാരമാണ്:' വിശ്വസിച്ചവരേ, നിങ്ങൾ നീതി നടത്തി അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരാവുക. അത് നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനോ ദരിദ്രനോ എന്നു നോക്കേണ്ടതില്ല. ഇരുകൂട്ടരോടും കൂടുതൽ അടുപ്പമുള്ളവൻ അല്ലാഹുവാണ്. അതിനാൽ നിങ്ങൾ സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ പേരിൽ നീതി നടത്താതിരിക്കരുത്. വസ്തുതകൾ വളച്ചൊടിക്കുകയോ സത്യത്തിൽനിന്ന് തെന്നിമാറുകയോ ചെയ്യുകയാണെങ്കിൽ അറിയുക. തീർച്ചയായും നിങ്ങൾ ചെയ്യുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ് അല്ലാഹു.'(അന്നിസാഅ് 135).

വിശ്വാസികൾക്ക് മുഹമ്മദ് നബി അറിയിച്ചുകൊടുത്ത കൽപനകളും, വ്യത്യസ്ത ഗോത്ര-വംശ-വർണ-ഭാഷാ-മതങ്ങളിൽപെട്ട ആളുകളോട് പുലർത്തിയ സ്നേഹവും നീതിബോധവും, സമ്പന്നനെന്നോ ദരിദ്രനെന്നോ വേർതിരിക്കാതെ അവരോട് സ്വീകരിച്ച സമത്വസമീപനവും ഖുർആനിൽ വ്യക്തമാക്കിയതുപോലെ ഉയർന്ന ജനാധിപത്യസങ്കൽപങ്ങളുടെ മഹിതമാതൃകയാണ്.

പ്രവാചകനോട് ദൈവം ഇപ്രകാരം അരുളിയത് കാണാം:'''ഇവർ കള്ളം കേൾക്കുന്നവരും നിഷിദ്ധമുതൽ തിന്നുന്നവരുമാകുന്നു. ഇവർ (തങ്ങളുടെ

തർക്കങ്ങളുമായി) നിന്നെ സമീപിച്ചാൽ, വേണമെങ്കിൽ അവർക്കിടയിൽ തീരുമാനമുണ്ടാക്കിക്കൊടുക്കാം, അല്ലെങ്കിൽ അവരെ അവഗണിക്കാം. രണ്ടിനും നിനക്ക് സ്വാതന്ത്ര്യമുണ്ട്. അവരെ അവഗണിച്ചാലും നിനക്കൊരു ദോഷവും ചെയ്യാൻ അവർക്കാവില്ല. നീ വിധിപറയുകയാണെങ്കിൽ നീതിപൂർവം വിധിപറയുക. നിശ്ചയം, അല്ലാഹു നീതിമാൻമാരെ സ്നേഹിക്കുന്നു.'(അൽമാഇദ 42).'(അൽ മാഇദ 42)

നമ്മുടെ പ്രവാചകൻ മുഹമ്മദ് ദൈവത്തിന്റെ കൽപനകൾ എപ്പോഴും മുറുകെപ്പിടിച്ചു. ഏറ്റവും കടുത്ത വെല്ലുവിളി ഉയർത്തിയ ജനങ്ങളുമായി ഇടപെട്ടപ്പോഴും നീതിയുടെ വിഷയത്തിൽ യാതൊരു വിട്ടുവീഴ്ചക്കും അദ്ദേഹം തയ്യാറായില്ല. തിരുമേനി പറയാറുണ്ടായിരുന്നു:''പറയുക: എന്റെ നാഥൻ നീതിയാണ് നിർദേശിച്ചത്.'(അൽഅഅ്റാഫ് 29) അതിലൂടെ എക്കാലത്തേക്കുമുള്ള മാതൃകയാവുകയായിരുന്നു നബി.

## ദൈവം അനുശാസിച്ച ധാർമികമൂല്യങ്ങളുള്ളിടത്തേ ജനാധിപത്യം പുലരുകയുള്ളൂ

വിശ്വാസ-കർമ-ചിന്താ സ്വാതന്ത്ര്യമെല്ലാം ഇസ്‌ലാമിന്റെ അന്തസ്സത്തയിലുൾച്ചേർന്നതാണെന്ന് നാം കണ്ടുകഴിഞ്ഞു. മനുഷ്യചരിത്രത്തിൽ ജനാധിപത്യംകടന്നുവന്നത് പുരാതനഗ്രീക്കുകാരിലൂടെയാണെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ ജനാധിപത്യത്തെക്കുറിച്ച് ജനങ്ങൾക്ക് പഠിപ്പിച്ചുകൊടുത്തത് ഇസ്‌ലാമാണ്. ആദിമനുഷ്യനും പ്രവാചകനുമായ ആദം മുതൽക്കുള്ള എല്ലാ പ്രവാചകൻമാരും തന്നെ ചിന്താസ്വാതന്ത്ര്യവും വീക്ഷണബഹുമാനങ്ങളും വെച്ചുപുലർത്തിയവരാണ്. നീതി സ്വാതന്ത്ര്യം, തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, വിവേചനമില്ലായ്മ, ജനങ്ങളോട് ആദരവും അവരിൽ വിശ്വാസവും വെച്ചുപുലർത്തുക, മുൻവിധിയിൽനിന്ന് മുക്തനാവുക തുടങ്ങി ഇന്ന് ജനാധിപത്യത്തിന്റെ പ്രാഥമികതത്ത്വങ്ങളുടെ അന്തഃസത്തയായി അറിയപ്പെടുന്നവയെല്ലാംതന്നെ മതംപഠിപ്പിച്ച മൂല്യങ്ങളാണ്. ചരിത്രത്തിലുടനീളം ദൈവം മനുഷ്യർക്ക് അറിയിച്ചുകൊടുത്ത യഥാർഥമതത്തിലൂടെ ഈ ജനാധിപത്യക്കാഴ്ചപ്പാടുകൾ ജനങ്ങൾ സ്വാംശീകരിക്കുകയായിരുന്നു. പ്രസ്തുതമതമനുസരിച്ച് ജീവിച്ച ജനതയിൽ അക്കാലത്തെ അനിഷേധ്യമാതൃകകൾ ഉടലെടുക്കുകയുംചെയ്തു.

തങ്ങളുടെ വിശ്വാസാദർശത്തിന്റെയും കാഴ്ചപ്പാടിന്റെയും പേരിൽ ജനസമൂഹം അടിച്ചമർത്തപ്പെട്ട ഒരു കാലം നമുക്കോർമയുണ്ട്. വ്യത്യസ്തമതങ്ങളുടെ അനുയായികൾ അന്ന് അപമാനിതരായി കഴിഞ്ഞുകൂടി. കല, ശാസ്ത്രം, വാസ്തുശിൽപവിദ്യ അങ്ങനെ തുടങ്ങി പലതിനും ശവക്കല്ലറയിലായിരുന്നു സ്ഥാനം. ഇന്ന്,

ജീവിതത്തിൽ സന്തോഷമെല്ലാം നഷ്ടപ്പെട്ട് ആളുകൾ യന്ത്രമനുഷ്യനെപ്പോലെ കഴിഞ്ഞുകൂടുന്ന കാഴ്ച നാം കാണുന്നു. ഈ ആധുനികനാഗരികതയിലും പുസ്തകംകത്തിക്കലും , കൊലപാതകങ്ങളും നരമേധങ്ങളും വംശഹത്യകളം വ്യാപകമാണ്. മതത്തെ തള്ളിപ്പറയുന്ന ദൈവനിഷേധ കാഴ്ചപ്പാടുകൾക്കും, അടിസ്ഥാന മൂല്യങ്ങളിൽനിന്ന് അകന്നുമാറി മതത്തെ ദുർവ്യാഖ്യാനിക്കുന്ന തീവ്രചിന്താധാരകൾക്കും സ്വാധീനമേറിവരുന്നത് എങ്ങും ദൃശ്യമാണ്.

ദൈവംപഠിപ്പിച്ച യഥാർഥമതം ഉയിരെടുത്താൽ ഏവരുമാഗ്രഹിക്കുന്ന നീതിയും ജനാധിപത്യവും സ്നേഹാദരബഹുമാനങ്ങളും ജനങ്ങൾക്ക് അനുഭവിക്കാനാകും. ജനാധിപത്യവും സാഹോദര്യവും സ്നേഹവും സൗഹാർദവും സമാധാനവും ലോകത്ത് ആധിപത്യം പുലർത്തുന്നതോടൊപ്പം സന്തോഷവും ജീവിതാനുഗ്രഹങ്ങളും വിശ്വാസദാർഢ്യവും ജനങ്ങൾ നന്നായിആസ്വദിക്കും. ഖുർആനും പ്രവാചകവചനങ്ങളും പണ്ഡിതാഭിപ്രായങ്ങളും നൽകുന്ന സൂചനകളനുസരിച്ച്, അന്ത്യദിനങ്ങളോടടുത്ത കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സംഘർഷങ്ങളും പ്രതിസന്ധികളും നിറഞ്ഞ ദിനങ്ങൾക്ക് ഈ നൂറ്റാണ്ടോടെ അറുതിവരും. ശോഭനമായ ഭാവി വാഗ്ദാനംചെയ്യുന്ന പുതുയുഗത്തിലേക്ക് ലോകം കടന്നുചെല്ലും. ഖുർആനിൽ വിവരിച്ചതുപോലെ ഏറ്റവും ആകർഷകവും യുക്തിപൂർണവുമായ രീതിയിൽ ദൈവത്തിന്റെ ഏകത്വവും പരമാധികാരവും ആളുകൾക്ക് ബോധ്യപ്പെടുത്തുകയും അതിനുസഹായകരമായ രീതിയിൽ ജീവിതസാക്ഷ്യം നൽകുകയും ചെയ്താൽ അടുത്തുതന്നെ നാം ആ ശുഭസുന്ദരദിനങ്ങൾക്ക് സാക്ഷിയാകും. അതിന് ഇത്തരം രചനകൾ ചാലകശക്തിയാകുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷയും ആഗ്രഹവും. വൈകാതെതന്നെ, ജനങ്ങൾ ദൈവികദീനിലേക്ക് കൂട്ടംകൂട്ടമായി കടന്നുവരുന്ന ആ ദിനങ്ങൾ കാണാനാകുമെന്ന് ഞങ്ങൾ വിചാരിക്കുന്നു. ആ സന്തോഷനാളുകളെ ഖുർആൻ വിവരിച്ചതിങ്ങനെ:'അല്ലാഹുവിന്റെ സഹായവും വിജയവും വന്നെത്തിയാൽ;ജനം കൂട്ടംകൂട്ടമായി ദൈവിക മതത്തിൽ കടന്നുവരുന്നത് നീ കാണുകയും ചെയ്താൽ,നിന്റെ നാഥനെ നീ സ്തുതിച്ച് വാഴ്ത്തുക. അവനോട് പാപമോചനം തേടുക. തീർച്ചയായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്.'(അന്നസ്ർ1-3)

## വിശ്വാസികൾ കാരുണ്യത്തിന്റെ നിറകുടങ്ങളാകട്ടെ

ഇസ്‌ലാമിന്റെ ധാർമികഗുണത്തെ വിവരിക്കുന്ന ഖുർആൻ സൂക്തം കാണുക:
'പിന്നെ സത്യവിശ്വാസം സ്വീകരിക്കുകയും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുകയും ചെയ്തവരിൽ ഉൾപ്പെടലുമാണ്. അവർ തന്നെയാണ് വലതുപക്ഷക്കാർ' (അൽബലദ് 17,18).

‘അന്യോന്യം ദയയും സ്നേഹവും ഉപദേശിക്കുകയും കൽപിക്കുകയും ചെയ്യുന്ന വരാകുക‘യെന്നത് വിശ്വാസികൾക്ക് പരലോകമോക്ഷവും അതുവഴി സ്വർഗപ്രാപ് തിയും സമ്മാനിക്കുന്ന ധാർമികമൂല്യങ്ങളിൽപെട്ടതാണ് .

ദൈവത്തോടുള്ള സ്നേഹമാണ് പരസ്പരസ്നേഹത്തിന്റെയും സഹാനുഭൂതിയു ടെയും ഉറവിടം. ഒരാൾക്ക് ദൈവത്തോടുതോന്നുന്ന പ്രസ്തുത സ്നേഹം അവ ന്റെ സൃഷ്ടികളിലേക്ക് വഴിഞ്ഞൊഴുകുന്നു. വിശ്വാസിക്ക് ദൈവത്തോടുള്ള ആ ഇ ഷ്ടവും സ്നേഹവും  കാരണമായി എല്ലാ സൃഷ്ടികളിൽനിന്നുള്ള അടുപ്പവും സ് നേഹവും  പ്രത്യക്ഷത്തിൽതന്നെ അനുഭവിക്കാനാകുന്നു. താനടക്കമുള്ള മനുഷ്യ സമൂഹത്തെ സൃഷ്ടിച്ച ദൈവത്തോടുള്ള സ്നേഹവും സാമീപ്യവും അവനെ ഏവ രുമാകർഷിക്കുന്ന, ഖുർആന്റെ ധാർമികമൂല്യങ്ങളിലേക്ക് വഴിനടത്തുന്നു. ആ സ ദാചാരധാർമികഗുണങ്ങൾ നിമിത്തം അപരനോട് സഹാനുഭൂതിയും സ്നേഹവും ഉടലെടുക്കുന്നു.  സ്നേഹവും ത്യാഗമനോഭാവവും സഹാനുഭൂതിയും നിറഞ്ഞ ആ ധാർമികഗുണത്തെ ഖുർആൻ വിവരിക്കുന്നത് കാണുക:

‘നിങ്ങളിൽ ദൈവാനുഗ്രഹവും സാമ്പത്തിക കഴിവുമുള്ളവർ, തങ്ങളുടെ കുടുംബക്കാർക്കും അഗതികൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ നാടുവെടിഞ്ഞ് പലായനം ചെയ്തെത്തിയവർക്കും സഹായം കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും പരമകാരുണികനുമാണ്.‘(അന്നൂർ 22)

‘അവരെത്തും മുമ്പേ സത്യവിശ്വാസം സ്വീകരിക്കുകയും അവിടെ താമസിക്കുകയും ചെയ്തവർക്കുമുള്ളതാണ് ആ യുദ്ധമുതൽ.പലായനം ചെയ്ത് തങ്ങളിലേക്കെത്തുന്നവരെ അവർ സ്നേഹിക്കുന്നു. അവർക്കു നൽകിയ സമ്പത്തിനോട് ഇവരുടെ മനസ്സുകളിൽ ഒട്ടും മോഹമില്ല. തങ്ങൾക്കു തന്നെ അത്യാവശ്യമുണ്ടെങ്കിൽ പോലും അവർ സ്വന്തത്തെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകുന്നു. സ്വമനസ്സിന്റെ പിശുക്കിൽ നിന്ന് മോചിതരായവർ ആരോ, അവർതന്നെയാണ് വിജയം വരിച്ചവർ.‘(അൽഹശ്ർ 9)

‘വിശ്വസിക്കുകയും അതിന്റെ പേരിൽ സ്വദേശം വെടിയുകയും ദൈവമാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാണ് യഥാർഥ സത്യവിശ്വാസികൾ; അവർക്ക് അഭയമേകുകയും അവരെ സഹായിക്കുകയും ചെയ്തവരും. അവർക്ക് പാപമോചനവും മാന്യമായ ജീവിതവിഭവങ്ങളുമുണ്ട്.‘(അൽഅൻഫാൽ 74)

‘മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ബന്ധുക്കൾ, അനാഥകൾ,

അഗതികൾ, കുടുംബക്കാരായ അയൽക്കാർ, അന്യരായ അയൽക്കാർ, സഹവാസികൾ, വഴിപോക്കർ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ; എല്ലാവരോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചവും ദുരഹങ്കാരവുമുള്ള ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'(അന്നിസാഅ് 36)

'സകാത്ത് ദരിദ്രർക്കും അഗതികൾക്കും അതിന്റെ ജോലിക്കാർക്കും മനസ്സിണങ്ങിയവർക്കും അടിമ മോചനത്തിനും കടംകൊണ്ട് വലഞ്ഞവർക്കും ദൈവമാർഗത്തിൽ വിനിയോഗിക്കാനും വഴിപോക്കർക്കും മാത്രമുള്ളതാണ്. അല്ലാഹു നിർണയിച്ച കടമയാണിത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ് '(അത്തൗബ 60).

വിശ്വാസികൾക്കുണ്ടാകണമെന്ന് ഖുർആൻ നിഷ്കർഷിക്കുന്ന, മേൽവിവരിച്ച ഉന്ന തസ്വഭാവമൂല്യങ്ങളെല്ലാംതന്നെ തങ്ങളുടെ സ്രഷ്ടാവിനോടുള്ള അതിരറ്റ സ്നേഹ ത്താൽ പ്രചോദിതമായുണ്ടാകുന്നതാണ്. ദൈവത്തോടുള്ള ആ അദമ്യസ്നേഹ വും അതുവഴി ജീവിതത്തിൽ അവർ പുലർത്തുന്ന സൂക്ഷ്മതയും പ്രശംസനീയ മാണ്. ജനങ്ങളോട് തങ്ങൾ വെച്ചുപുലർത്തുന്ന സ്നേഹത്തിനും സഹാനുഭൂ തിക്കും നൽകുന്ന ജീവിതസഹായത്തിനും, യാതൊരുതരത്തിലുമുള്ള പ്രത്യുപ കാരവും അവർ ആഗ്രഹിക്കുകയില്ല. അവരുടെ ഏകലക്ഷ്യം ദൈവപ്രീതിമാത്രമാ ണ്. കാരണം ആ പെരുമാറ്റ സ്വഭാവഗുണങ്ങൾക്ക് പിന്നിലെ പ്രചോദനമെന്തെന്ന ചോദ്യത്തിന് നാളെ വിചാരണാദിനത്തിൽ ദൈവത്തിനുമുമ്പിൽ ഉത്തരം ബോ ധിപ്പിക്കേണ്ടതുണ്ടെന്ന് അവർക്കറിയാം. ഖുർആന്റെ അത്തരം ധാർമികനിർദ്ദേശ ത്തെ ബോധപൂർവം ധിക്കരിക്കുന്നവർക്ക് നരകശിക്ഷയെക്കുറിച്ച മുന്നറിയിപ്പ് അവൻ നൽകിയിട്ടുണ്ടല്ലോ.

' നിങ്ങളെ നരകത്തിലെത്തിച്ചത് എന്താണ്? അവർ പറയും: 'ഞങ്ങൾ നമസ് കരിക്കുന്നവരായിരുന്നില്ല. അഗതികൾക്ക് ആഹാരം കൊടുക്കുന്നവരുമായിരുന്നില്ല '(അൽമുദ്ദസിർ 42-44)

' അപ്പോൾ കൽപനയുണ്ടാകുന്നു: നിങ്ങൾ അവനെ പിടിച്ച് കുരുക്കിലിടൂ. പിന്നെ നരകത്തീയിലെറിയൂ. എന്നിട്ട് എഴുപതു മുഴം നീളമുള്ള ചങ്ങലകൊണ്ട് കെട്ടിവരിയൂ. അവൻ മഹാനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല. അഗതികൾക്ക് അന്നം നൽകാൻ പ്രേരിപ്പിച്ചിരുന്നുമില്ല.'(അൽഹാഖ്ഖ 30-34)

' മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടോ? അവൻ അനാഥയെ ആട്ടിയകറ്റുന്നവനാണ്. അഗതിയുടെ അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനും.'(അൽമാഊൻ 1-3)

'......അതല്ല; നിങ്ങൾ അനാഥയെ പരിഗണിക്കുന്നില്ല. അഗതിക്ക് അന്നം നൽകാൻ പ്രേരിപ്പിക്കുന്നുമില്ല'.(അൽഫജ്ർ 17,18)

ഖുർആന്റെ സൂക്തങ്ങളിൽ വിവരിച്ചതുപോലെ ഉന്നതസ്വഭാവമൂല്യങ്ങളുള്ള മുസ്ലിം, തികഞ്ഞ സ്നേഹവും സഹാനുഭൂതിയും പരക്ഷേമതൽപരതയും ഉള്ളവനായിരിക്കും. അപ്പോൾപിന്നെ അവനെങ്ങനെയാണ് നിരപരാധികളായ ജനങ്ങളുടെ നേർക്ക് ആക്രമണമഴിച്ചുവിടുക? അത്തരം അക്രമഭീകരപ്രവർത്തനങ്ങൾക്ക് അവൻ മറ്റുള്ളവരെ പ്രേരിപ്പിക്കുമെന്ന് കരുതാനാകുമോ? ഭീകരരുടെ സ്വഭാവം ഖുർആന്റെ ധാർമികമൂല്യങ്ങൾക്ക് തികച്ചുംവിരുദ്ധമാണെന്ന് പറയുന്നത് അതുകൊണ്ടാണ് . ലോകത്തിലെ എല്ലാറ്റിനോടും വെറുപ്പ് വെച്ചുപുലർത്തുന്ന , ചോരയെ ഇഷ്ടപ്പെടുന്ന, എല്ലാം നശിപ്പിക്കണമെന്നാഗ്രഹിക്കുന്ന ദയാശൂന്യനും ശിലാഹൃദയനുമാണ് ഭീകരൻ.

ഖുർആന്റെ ധാർമികസ്വഭാവമൂല്യങ്ങൾ സ്വാംശീകരിച്ച ഒരു വിശ്വാസി എല്ലാവരെയും തുറന്ന മനസ്സോടെ സ്നേഹിക്കുന്നു. എല്ലാ ചിന്താവീക്ഷണങ്ങളെയും ആദരിക്കുന്നു. അകന്നുകഴിയുന്ന മനസ്സുകളിൽ സൗഹാർദ്ദം ഊട്ടിവളർത്തുന്നു. സംഘർഷങ്ങളെ ഇല്ലാതാക്കുന്നു. എല്ലാം കേൾക്കാൻ സന്നദ്ധനാകുന്ന അവൻ സമചിത്തതയോടെ പെരുമാറുന്നു. ഇത്തരത്തിലുള്ള ആളുകളുൾപ്പെട്ട സമൂഹം അതിനേക്കാൾ സംസ്കാരികമായി ഉയർന്ന ഭരണകൂടത്തിന്റെ കീഴിലായിരിക്കും. ഇന്ന് ചില വികസിതരാഷ്ട്രങ്ങളിൽ കാണുന്നതിനേക്കാൾ ഉയർന്ന സാമൂഹികമൂല്യങ്ങളും സൗഹാർദ്ദവും നീതിയും ഏവർക്കും അവിടെ ആസ്വദിക്കാൻ കഴിയും.

## വിട്ടുവീഴ്ച കാണിക്കുക. നല്ലതു കൽപിക്കുക

മറ്റുള്ളവരുടെ അബദ്ധങ്ങളും തെറ്റുകുറ്റങ്ങളും വിട്ടുവീഴ്ചചെയ്ത് അവരോട് കാരുണ്യാതിരേകത്താൽ പെരുമാറണമെന്നാണ് ഖുർആന്റെ കൽപന. ' നീ വിട്ടുവീഴ്ച കാണിക്കുക. നല്ലതു കൽപിക്കുക. അവിവേകികളെ അവഗണിക്കുക'(അൽ അഅ്റാഫ് 199) എന്നത് ഇസ്ലാമിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ ഒന്നാണ്.

ഖുർആന്റെ ഈ ധാർമികധ്യാപനത്തെ മുസ്ലിംകൾ തങ്ങളുടെ സാമൂഹികജീവിതത്തിൽ നടപ്പാക്കിയിട്ടുള്ളത് ഇസ്ലാമികചരിത്രം പരിശോധിച്ചാൽഏവർക്കും ബോധ്യമാകും. ഈ പുസ്തകത്തിന്റെ അവസാനഭാഗത്ത് ആ വിഷയങ്ങൾ ഞങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇസ് ലാമിനോട് ആത്മാർഥത പുലർത്തിയിട്ടുള്ള വിശ്വാസികൾ തങ്ങൾ കടന്നുചെന്നിട്ടുള്ള എല്ലാ സ്ഥലങ്ങളിലും സ്വാതന്ത്ര്യത്തിന്റെയും സഹിഷ്ണുതയുടെയും അന്തരീക്ഷം നിലനിർത്താൻ ശ്രദ്ധിച്ചിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്. തങ്ങളുടെ വിശ്വാസാചാരക്രമങ്ങളിൽ നിന്ന് തികച്ചും വിരുദ്ധമായ മതാചാരങ്ങൾ പുലർത്തി ജീവിച്ച ഒട്ടനേകംസമൂഹ

ങ്ങളുമായി ഒരുകുടക്കീഴിലെന്നോണം സൗഹൃദത്തിലും സമാധാനത്തിലും അവർ കഴിഞ്ഞുകൂടി. ഇതരമതസമൂഹങ്ങളിൽ വ്യക്തികൾ തമ്മിലുള്ള സമാധാനവും സൗഹൃദവും നിലനിർത്താനും അത് കാരണമായി. ഇസ്‌ലാം നിഷ്കർഷിക്കുകയും നടപ്പാക്കുകയും ചെയ്ത പരസ്പരാദരവിന്റെയും കാരുണ്യത്തിന്റെയും മൂല്യങ്ങളായിരുന്നു പ്രവിശാലമായ ഭൂപ്രദേശങ്ങളെ കൈക്കലാക്കാൻ ഉസ്മാനിയഖിലാഫതിന് വഴിയൊരുക്കിയത് . അന്യമതങ്ങളോടുള്ള സഹിഷ്ണുതയുടെയും സ്നേഹത്തിന്റെയും നൂറ്റാണ്ടുകളോളംനീളുന്ന ചരിത്രപാരമ്പര്യമുള്ള മുസ്‌ലിംകൾ എക്കാലത്തും ജനങ്ങളോട് കാരുണ്യത്തിലും നീതിയിലും വർത്തിച്ചിട്ടുള്ളവരാണ്. അതുവഴി , എല്ലാ അർഥത്തിലുമുള്ള സ്വാതന്ത്ര്യം ആസ്വദിക്കാൻ വ്യത്യസ്ത മത -ദേശീയ സാമൂഹികഘടനയിലെ ഓരോ സമൂഹത്തിനും സാധിച്ചു.

ഖുർആൻ നിർദ്ദേശിക്കുന്ന കാരുണ്യവും സമഭാവനയും നടപ്പിൽ വരുമ്പോഴേ അത് ശാശ്വതസമാധാനവും സ്ഥിരതയും ലോകത്തിന് സമ്മാനിക്കുകയുള്ളൂ. ഈ വസ്തുത ഖുർആൻ ഇപ്രകാരം വെളിപ്പെടുത്തുന്നുണ്ട്: 'നൻമയും തിൻമയും തുല്യമാവുകയില്ല. തിൻമയെ ഏറ്റവും നല്ല നൻമകൊണ്ട് തടയുക. അപ്പോൾ നിന്നോട് ശത്രുതയിൽ കഴിയുന്നവൻ ആത്മമിത്രത്തെപ്പോലെയായിത്തീരും'(ഹാമീം അസ്സജദ 34).

വിട്ടുവീഴ്ച ഏറ്റവും മഹത്തരമായ സ്വഭാവഗുണമായാണ് ദൈവം ഖുർആനിലൂടെ അറിയിച്ചിട്ടുള്ളത്. അത്തരത്തിലുള്ള വിട്ടുവീഴ്ചാമനോഭാവം വെച്ചുപുലർത്തുന്നവർക്ക് ഉന്നത പ്രതിഫലമുണ്ടെന്ന് അവൻ സന്തോഷവാർത്തയറിയിച്ചിരിക്കുന്നു. 'തിൻമക്കുള്ള പ്രതിഫലം തത്തുല്യമായ തിൻമ തന്നെ. എന്നാൽ ആരെങ്കിലും മാപ്പേകുകയും യോജിപ്പുണ്ടാക്കുകയുമാണെങ്കിൽ അവന് പ്രതിഫലം നൽകുക അല്ലാഹുവിന്റെ ഉത്തരവാദിത്വമത്രേ. അവൻ അക്രമികളെ ഒട്ടും ഇഷ്ടപ്പെടുന്നില്ല' (അശ്ശൂറാ 40).

വേറൊരിടത്ത് സത്യവിശ്വാസികളുടെ പ്രത്യേകതകളെക്കുറിച്ച് പറഞ്ഞതിങ്ങനെ:'ധന്യതയിലും ദാരിദ്ര്യത്തിലും ധനം ചെലവഴിക്കുന്നവരും കോപം കടിച്ചിറക്കുന്നവരുമാണവർ; ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവരും. സൽസ്വഭാവികളെ അല്ലാഹു ഇഷ്ടപ്പെടുന്നു'(ആലുഇംറാൻ 134).

തന്നോട് മോശമായി പെരുമാറിയവരോടുപോലും വിട്ടുവീഴ്ചചെയ്യുന്നത് മഹത്തായ സ്വഭാവഗുണമാണെന്ന് ഖുർആൻ വ്യക്തമാക്കിയിരിക്കുന്നു. ഖുർആൻ അതെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്: 'അവരിൽ അൽപം ചിലരൊഴിച്ച് ബാക്കിയുള്ളവരൊക്കെ ചെയ്തുകൊണ്ടിരിക്കുന്ന വഞ്ചന നീ കണ്ടുകൊണ്ടേയിരിക്കും. അതിനാൽ നീ അവർക്ക് മാപ്പേകുക. അവരോടു

വിട്ടുവീഴ്ച കാണിക്കുക. നൻമ ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടും; തീർച്ച.'(അൽ മാഇദ 13).

ഇസ്ലാം മനുഷ്യരാശിക്ക് പകർന്നുനൽകുന്ന ധാർമികമൂല്യങ്ങളുടെ ലോകത്ത് സമാധാനവും സൗഹാർദ്ദവും നീതിയും സംസ്ഥാപിക്കാൻ സഹായത്താൽ കഴിയുമെന്ന് മേൽപറഞ്ഞതെല്ലാം തെളിയിക്കുന്നു. ഇന്ന് ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഭീകരതയുടെ ഭീതിജനകമായ സാഹചര്യം വിവരമില്ലാത്ത അൽപൻമാരുടെയും മതഭ്രാന്തൻമാരുടെയും ചെയ്തികളുടെ ഫലമായുണ്ടായതാണ്. ഖുർആൻ പഠിപ്പിക്കുന്ന ധാർമികമൂല്യങ്ങളിൽനിന്നകന്നുകൊണ്ട് കാട്ടിക്കൂട്ടുന്ന അത്തരം കോപ്രായങ്ങൾക്ക് മതവുമായി യാതൊരുബന്ധവുമില്ല. മതത്തിന്റെ മൂടുപടമണിഞ്ഞ് തങ്ങളുടെ നീചപ്രവൃത്തികൾക്ക് ന്യായീകരണംചമക്കുന്ന ഇക്കൂട്ടർക്ക് ഖുർആന്റെ ശരിയായ ധാർമികമൂല്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയേ പരിഹാരമുള്ളൂ. തെളിച്ചുപറഞ്ഞാൽ, ഭീകരപ്രവർത്തനങ്ങളല്ല, ഇസ്ലാമും ഖുർആനും പഠിപ്പിക്കുന്ന ധാർമികമൂല്യങ്ങളാണ് ഭീകരതയുടെ ചമ്മട്ടിപ്രഹരത്തിന് പരിഹാരം.

# യുദ്ധത്തെക്കുറിച്ച ഖുർആനികവീക്ഷണം

കർശനമായ ധാർമിക-മാനുഷികമൂല്യങ്ങളും മാർഗനിർദേശങ്ങളും മുറുകെപ്പിടിച്ചു കൊണ്ട് നിർവഹിക്കേണ്ട 'അനിവാര്യമല്ലാത്ത കടമ' എന്നാണ് യുദ്ധത്തെപ്പറ്റി ഖുർആന്റെ വീക്ഷണം. അതുകൊണ്ടുതന്നെ, വളരെ നിർബന്ധിതസാഹചര്യത്തിലല്ലാതെ അതിനെ അവലംബിക്കരുതെന്ന് അനുയായികൾക്ക് കർശനനിർദ്ദേശം നൽകിയിരിക്കുന്നു.

അവിശ്വാസികളാണ് യുദ്ധത്തിന് തിരികൊളുത്തുന്നതെന്ന് ഖുർആൻ പറയുന്നു. ദൈവമാകട്ടെ, യുദ്ധത്തെ അംഗീകരിക്കുന്നില്ലെന്ന് വ്യക്തമാക്കുകയുംചെയ്തു. 'അവർ യുദ്ധത്തീ ആളിക്കത്തിക്കുമ്പോഴെല്ലാം അല്ലാഹു അത് ഊതിക്കെടുത്തുന്നു. അവർ ഭൂമിയിൽ കുഴപ്പമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'(അൽമാഇദ 64)

സംഘർഷസാഹചര്യത്തിൽ യുദ്ധമുണ്ടാകുന്നതുവരെ വിശ്വാസികൾ പ്രകോപനമുണ്ടാക്കരുതെന്നാണ് ഇസ്‌ലാമിന്റെ നിർദ്ദേശം. മറുഭാഗം തങ്ങളെ ആക്രമിക്കുകയും യുദ്ധമല്ലാതെ ഇനി മറ്റൊരു മാർഗവും മുന്നിലില്ലാതിരിക്കുകയും ചെയ്യുന്ന ഘട്ടത്തിലേ അതിനായി രംഗത്തിറങ്ങാൻ പാടുള്ളൂ.'എന്നാൽ അവർ(യുദ്ധത്തിൽ നിന്ന്) വിരമിക്കുകയാണെങ്കിലോ, അറിയുക: അല്ലാഹു ഏറെ മാപ്പേകുന്നവനും പരമദയാലുവുമാകുന്നു'(അൽബഖറ 192).

മുഹമ്മദ് നബി(സ) യുടെ നടപടികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്ന പക്ഷം, അനിവാര്യമായ ഘട്ടത്തിൽ പ്രതിരോധാർഥമായിരുന്നു എല്ലാ യുദ്ധങ്ങളുമെന്ന് ഏതൊരാൾക്കും ബോധ്യമാകും.

ഖുർആൻ എന്ന ദൈവികവെളിപാട് നീണ്ട 23 വർഷക്കാലം കൊണ്ടാണ് പൂർത്തിയായത്. ആദ്യത്തെ13 വർഷങ്ങൾ മക്കയിൽ നിലവിലുണ്ടായിരുന്ന വിഗ്രഹപൂജകരുടെ അധീശക്രമത്തിനുകീഴിൽ മുസ്‌ലിംന്യൂനപക്ഷം അടിച്ചമർത്തലുകൾക്കും ഭീഷണികൾക്കും വിധേയമായി കഴിഞ്ഞു. നബിയിൽ വിശ്വസിച്ച പലരും ഭീഷണികൾക്കും പരിഹാസങ്ങൾക്കും ശരവ്യമായി . അവർക്കെതിരിൽ നാനാവിധത്തിലുമുള്ള മർദ്ദനപീഡനമുറകൾ മക്കാ ഖുറൈശികൾ പ്രയോഗിച്ചു. ചിലരെ ക്രൂരമായി കൊന്നുകളഞ്ഞു. വേറെ ചിലരുടെ സ്വത്തും വീടും കവർന്നെടുത്തു. ഇത്രയൊക്കെ അടിച്ചമർത്തപ്പെട്ടിട്ടും അവർ അക്രമമാർഗങ്ങളിലേക്ക് തിരിയാതെ ബഹുദൈവാരാധകരെ സമാധാനത്തിലേക്ക് ക്ഷണിച്ചുകൊണ്ട് മുന്നോട്ട് ജീവിതം നയിച്ചു.

അവസാനം ബഹുദൈവാരാധകരുടെ പീഡനം സഹിക്കവയ്യാതായപ്പോൾ, പിൽ

ക്കാലത്ത് മദീനയെന്ന പേരിലറിയപ്പെട്ട യസ്രിബിലേക്ക് മുസ്‌ലിംകൾ പലായനം ചെയ്തു. അവരവിടെ തങ്ങളുടേതായ സാമൂഹികക്രമം കെട്ടിപ്പടുത്തു. അതോടെ, സ്വതന്ത്രവും സൗഹാർദ്ദപരവുമായ അന്തരീക്ഷം അവിടെ സംജാതമായി. തങ്ങളുടെ ആധിപത്യം വന്നിട്ടും മക്കയിലെ അക്രമികളായ ബഹുദൈവാരാധകർക്കെതിരെ ആയുധമെടുക്കാൻ വിശ്വാസികൾ തുനിഞ്ഞില്ല. താഴെപറയുന്ന സൂക്തം അവതരിച്ച ഘട്ടത്തിലാണ് നബി തന്റെ അനുയായികളോട് യുദ്ധത്തിന് തയ്യാറാകാൻ കൽപിച്ചത്:

'യുദ്ധത്തിനിരയായവർക്ക് തിരിച്ചടിക്കാൻ അനുവാദം നൽകിയിരിക്കുന്നു.കാരണം അവർ മർദിതരാണ്. ഉറപ്പായും അല്ലാഹു അവരെ സഹായിക്കാൻ പോന്നവൻ തന്നെ.സ്വന്തം വീടുകളിൽനിന്ന് അന്യായമായി ഇറക്കപ്പെട്ടവരാണവർ. 'ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്' എന്നു പ്രഖ്യാപിച്ചതല്ലാതെ ഒരു തെറ്റുമവർ ചെയ്തിട്ടില്ല.'(അൽഹജ്ജ് 39,40)

ചുരുക്കത്തിൽ, അടിച്ചമർത്തപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്തപ്പോൾമാത്രമാണ് വിശ്വാസികൾക്ക് യുദ്ധത്തിന് അനുവാദം നൽകിയത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആത്മപ്രതിരോധാർഥമായിരുന്നു ദൈവം അവർക്ക് യുദ്ധാനുമതി നൽകിയത്. പ്രകോപനമോ അക്രമമോ സൃഷ്ടിക്കുന്നതിൽനിന്ന് മുസ്‌ലിംകൾക്ക് ഖുർആൻ മുന്നറിയിപ്പുനൽകിയതുകാണാം.'നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് ദൈവമാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ പരിധി ലംഘിക്കരുത്. അതിക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'(അൽബഖറ 190)

മേൽ സൂക്തങ്ങളുടെ അവതരണത്തിനുശേഷം മുസ്‌ലിംകൾക്കും മക്കയിലെ ബഹുദൈവാരാധകർക്കും ഇടയിൽ നിരവധിയുദ്ധങ്ങൾ ഉണ്ടായി. എന്നാൽ, ഈ യുദ്ധങ്ങളിലൊന്നുംതന്നെ മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് യാതൊരു പ്രകോപനവുമുണ്ടായിരുന്നില്ലെന്നതായിരുന്നു വസ്തുത. എന്നല്ല, ബഹുദൈവാരാധകരുമായി സമാധാനപൂർണമായ ജീവിതം ഉറപ്പുവരുത്താൻ അവരുടെതുമാത്രമായ നിബന്ധനകൾ അംഗീകരിച്ചുകൊണ്ട് മുഹമ്മദ് നബി(സ) ഹുദൈബിയ സന്ധി ഒപ്പുവെക്കുകപോലുമുണ്ടായി. ആ സമാധാനഉടമ്പടി ആദ്യം ലംഘിച്ചതും ബഹുദൈവാരാധകരായ അറബികളായിരുന്നു. ഒട്ടേറെ ആളുകൾ ഇസ്‌ലാംസ്വീകരിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ അവരെയെല്ലാം അണിനിരത്തി, ആ അറബികൾക്കെതിരെ സൈന്യത്തെ സജ്ജരാക്കി. എന്നിട്ടും റസൂൽ തിരുമേനി മക്ക കീഴടക്കിയത് യാതൊരു രക്തചൊരിച്ചിലും കൂടാതെ, കരുണാർദ്രമായ വിട്ടുവീഴ്ചാനടപടികളിലൂടെയായിരുന്നു. മക്കയിലെ ഏതെങ്കിലും നേതാക്കൾക്കെതിരെ യാതൊരുവിധത്തിലുമുള്ള പ്രതികാരനടപടികൾക്ക് അദ്ദേഹം മുതിർന്നില്ല. അവരെ ഉപദ്രവിക്കാൻ ശ്രമിച്ചില്ല. പകരം അവർക്ക് മാപ്പുനൽകി. മാത്രമല്ല, എല്ലാവിധ ആദരബഹുമാന

ങ്ങളോടെ അവരെ പരിഗണിച്ചു. പ്രവാചകന്റെ അത്യുദാരവും ഉദാത്തവുമായ ആ പെരുമാറ്റരീതികണ്ട് അവരിൽ പലരും സ്വമേധയാ ഇസ്‌ലാംസ്വീകരിക്കുകപോലു മുണ്ടായി.

മക്കാവിജയത്തിൽ മാത്രമല്ല, തന്റെ ജീവിതകാലത്ത് നടത്തിയ എല്ലാ യുദ്ധങ്ങളി ലും അശരണരും നിരപരാധികളുമായ ആളുകളുടെ അവകാശങ്ങളെ എല്ലാവിധ ത്തിലും സംരക്ഷിക്കുന്നതിൽ മുഹമ്മദ് നബി സൂക്ഷ്മത പുലർത്തി. പ്രസ്തുത വിഷയത്തിൽ മറ്റുള്ളവർക്ക് മാതൃകയായി ജീവിച്ച അദ്ദേഹം തന്റെ അനുയായിക ളെ അക്കാര്യം എപ്പോഴും ഓർമപ്പെടുത്താറുണ്ടായിരുന്നു. യുദ്ധത്തിന് പുറപ്പെടാ നൊരുങ്ങുന്ന വിശ്വാസികളുടെ സൈനികദളത്തെ അദ്ദേഹം ഇങ്ങനെ അഭിസം ബോധനചെയ്തു:' അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ മുറുകെപ്പിടിച്ച് നിങ്ങൾ യുദ്ധ ത്തിന് പുറപ്പെടുക. വയോവൃദ്ധരെയും സ്ത്രീകളെയും കുട്ടികളെയും നിങ്ങൾ ഒ ന്നുംചെയ്യരുത്. അവർക്ക് സംരക്ഷണം ഉറപ്പുവരുത്തുകയും നല്ലരീതിയിൽ അവ രോട് പെരുമാറുകയും ചെയ്യുക. സത്യത്തോട് പ്രതിബദ്ധത പുലർത്തുന്നവരെ ദൈവം ഇഷ്ടപ്പെടുന്നു'[2]. യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുന്ന വേളയിൽപോലും മുസ്‌ലിംകൾ കൈക്കൊള്ളേണ്ട നിലപാടിനെപ്പറ്റി ദൈവദൂതൻ വ്യക്തമാക്കിയത് ഇങ്ങനെയാണ്:' കുട്ടികളെ കൊല്ലരുത്. ചർച്ചുകളിലെ പുരോഹിതൻമാരെ ഒന്നും ചെയ്യരുത്. പ്രായമായവരെയും സ്ത്രീകളെയും വധിക്കരുത്. മരങ്ങൾ വെട്ടിനശിപ്പി ക്കുകയോ തീയിടുകയോ ചെയ്യരുത്. വീടുകൾ തകർക്കരുത'[3]

സമാധാനമുറപ്പുവരുത്താനുതകുംവിധം ക്ഷമയും ആത്മസംയമനവും മുറുകെപ്പി ടിച്ച മുഹമ്മദ് നബി(സ)യുടെ നയനിലപാടിനെ ഊന്നിപ്പറഞ്ഞുകൊണ്ട് ഇസ്‌ലാമി ന്റെ അടിസ്ഥാനനിയമങ്ങളെക്കുറിച്ച് ഖുർആൻ പ്രഘോഷിക്കുന്നുണ്ട്. അവിശ്വാ സികളോട് നീതിയും ദയയും പുലർത്തണമെന്ന് ദൈവം വിശ്വാസികളോട് കൽ പിക്കുന്നു:'മതത്തിന്റെ പേരിൽ നിങ്ങളോട് പൊരുതുകയോ, നിങ്ങളുടെ വീടുകളിൽനിന്ന് നിങ്ങളെ ആട്ടിപ്പുറത്താക്കുകയോ ചെയ്യാത്തവരോട് നൻമ ചെയ്യുന്നതും നീതി കാണിക്കുന്നതും അല്ലാഹു വിലക്കുന്നില്ല. നീതി കാട്ടുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു.'(അൽമുംതഹിന 8)

മുസ്‌ലിംകൾ മറ്റുള്ളവരോട് എങ്ങനെ പെരുമാറണമെന്ന് മേൽസൂക്തങ്ങൾ പ്രസ് താവിച്ചതിപ്രകാരമാണ്:' എല്ലാ പരമതരസമുദായങ്ങളോടും വിശ്വാസികൾ കാരു ണ്യപൂർവം പെരുമാറണം . ഇസ്‌ലാമിനും മുസ്‌ലിമിനും എതിരെ ആരെങ്കിലും ശ ത്രുതപുലർത്തുകയോ അവരെ അക്രമിക്കുകയോ അതുവഴി യുദ്ധത്തിലേക്ക് വഴി ച്ചിഴക്കപ്പെടുകയോ ചെയ്താൽ എന്തുതന്നെയായാലും മാനുഷികമായ എല്ലാ വശ ങ്ങളും മുൻനിർത്തി നീതിയോടെ പ്രതികരിക്കുക. എല്ലാതരംഹീനകൃത്യങ്ങളും

അതിക്രമങ്ങളും അന്യായമായ ആക്രമണങ്ങളും ഇസ്ലാം വിലക്കിയിരിക്കുന്നു. ശത്രുക്കൾ അനീതിക്കിരയാകുന്ന യാതൊരു സാഹചര്യവും സൃഷ്ടിക്കരുതെന്ന് ദൈവം മുസ്ലിംകൾക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു:

'വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നേരാംവിധം നിലകൊള്ളുന്നവരാവുക. നീതിക്ക് സാക്ഷ്യം വഹിക്കുന്നവരും. ഒരു ജനതയോടുള്ള വിരോധം നീതി നടത്താതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുക. അതാണ് ധർമപാലനത്തോട് ഏറ്റവും ചേർന്നുനിൽക്കുന്നത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഉറപ്പായും അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്'(അൽമാഇദ 8)

**ഖുർആനിലെ ജിഹാദിന്റെ വിവക്ഷ**

ഖുർആനിലെ ജിഹാദിൽ ഹിംസയില്ല. ആ ജിഹാദിൽ ജനതയുടെ മേൽ ബോംബുവർഷമില്ല. ജനമധ്യത്തിൽ കടന്നുകയറിയുള്ള ചാവേർ ആക്രമണങ്ങളില്ല. നിരപരാധികളെ കൊന്നൊടുക്കുന്ന ഭീരുത്വപ്രകടനമില്ല. ജനങ്ങളെ വെറുക്കുന്നതോ അവരെ ശപിക്കുന്നതോ ആയ ഒന്നും ഖുർആൻ പഠിപ്പിച്ച ജിഹാദിലില്ല. അബ്രഹാം പ്രവാചകന്റെ സന്തതികളോ, യാക്കോബ് പ്രവാചകന്റെ സന്തതികളോ മോശപ്രവാചകന്റെ സന്തതികളോ ഖുർആനിലെ ജിഹാദിൽ ശാപവാക്കുകൾ കേട്ടിട്ടില്ല. ഭീഷണിയും അടിച്ചമർത്തലും ഖുർആൻ വരച്ചുകാട്ടുന്ന ജിഹാദിലില്ല. ഇസ്ലാം അത്തരമൊരു വിശ്വാസസംഹിതയല്ലെന്നതാണ് അടിസ്ഥാനപരമായി മനസ്സിലാക്കേണ്ട കാര്യം. കൂട്ടക്കൊലകളോ, ഹിംസയോ, വെറുപ്പോ, രോഷപ്രകടനമോ ഇസ്ലാമിലില്ല.അത് ക്രൈസ്തവതയിലുമില്ല ജൂതായിസത്തിലുമില്ല.

അതുകൊണ്ട്, 'ആളുകൾക്കെതിരിൽ ശാപവാക്കുകളുച്ചരിക്കണമെന്നും അവരെ ബോംബുപൊട്ടിച്ചും അക്രമിച്ചും കൊല്ലണമെന്നും ഞാൻ ഖുർആനിൽനിന്ന് മനസ്സിലാക്കിയിട്ടുണ്ടെ'ന്ന് ഇനിയാരെങ്കിലും പറഞ്ഞാൽ അവൻ ഒന്നുകിൽ നുണപറയുകയാണ്, അല്ലെങ്കിൽ അവനെ ആരോ വഴിതെറ്റിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കിക്കൊള്ളുക. മുസ്ലിമാണെന്ന് സ്വയം അവകാശപ്പെടുന്ന തീവ്രവാദി ആളുകളെ കൊല്ലാനും ബോംബിടാനും ശപിക്കാനും വേണ്ടി തന്റേതായ ഒരു മതത്തെ സ്വയം ആവിഷ്കരിക്കുകയാണ്. ആ സ്വാഭീഷ്ടമതം ഖുർആന്റെ താൽപര്യമല്ല. ഏതൊരു ഖുർആനെയാണോ അവർ ചുംബിക്കുകയും നെറ്റത്തുവെക്കുകയും ഷെൽഫിൽ പൊതിഞ്ഞുസൂക്ഷിക്കുകയും ചെയ്യുന്നത്, സത്യത്തിൽ ഒരു വട്ടംപോലും അവരത് വായിച്ചിട്ടുപോലുമില്ല.

അത്തരം മതവിശ്വാസത്തിനകത്ത് എല്ലാം അന്ധകാരമായിരിക്കും. സ്നേഹത്തിനുപകരം വെറുപ്പായിരിക്കും അത് സമ്മാനിക്കുക. സൗഹൃദത്തിനുപകരം ദേഷ്യ

മായിരിക്കും അവിടെയുണ്ടാവുക. സാഹോദര്യത്തിനുപകരം ശത്രുതയാണത് പ്രഘോഷിക്കുക. സൗന്ദര്യത്തിനുപകരം രോഗങ്ങളും ദുരിതങ്ങളുമായിരിക്കും സമ്മാനിക്കുക. സംസ്കാരം ,ശാസ്ത്രം, കല, സൗന്ദര്യം എന്നിവയുടെ സ്ഥാനത്ത് അജ്ഞതയെയാണ് അത് പ്രതിഷ്ഠിക്കുക. അത്തരം വിശ്വാസം വെച്ചുപുലർത്തുന്നവന്റെ കയ്യിൽ തോക്ക് വെച്ചുകൊടുക്കാൻ എളുപ്പമാണ്. 'ആ സമുദായം നിങ്ങളുടെ ശത്രുക്കളാണ്'എന്ന് അപ്പോൾ പറയാൻ എളുപ്പമായിരിക്കും. അത്തരത്തിൽ ചിന്താഗതിവെച്ചുപുലർത്തുന്നവരെ ഇളക്കിവിടാൻ അനായാസംകഴിയും. രോഷവും വിദ്വേഷവും വെച്ചുപുലർത്തുന്ന ജനതയെ സൃഷ്ടിക്കാൻ എളുപ്പമാർഗമാണത്. ഇത്തരത്തിൽ ഭീകരമായഅവസ്ഥ, ഇസ്‌ലാമിൽ മാത്രമല്ല മറ്റെല്ലാ മതവിശ്വാസത്തിലും എന്തിനേറെ, മാർക്സിസത്തിലും, പിശാച്സേവയിലും ഭൗതികവാദത്തിലും കാണാനാകും. ചുരുക്കത്തിൽ എല്ലാ മതങ്ങളിലും ആശയാദർശങ്ങളിലും ചിന്താധാരകളിലും തീവ്രത ശാപമായിത്തീർന്നിരിക്കുന്നു.

തീവ്രചിന്താഗതി എന്തുകൊണ്ട് മനസ്സിൽ കടന്നുവരുന്നു? അത്തരത്തിൽ ചിന്തിക്കാൻ അധികജനങ്ങളെയും പഠിപ്പിച്ചിരിക്കുന്നുവെന്നതാണ് കാരണം. ആർക്കും ഇതരവിശ്വാസസംഹിതകളെക്കുറിച്ചറിയില്ല. അതുകൊണ്ടാണ് ഇസ്‌ലാമിന്റെ പേരിൽ രംഗത്തുവരുന്ന തീവ്രവാദികളെ ആളുകൾ ഇസ്‌ലാമായി തെറ്റുധരിക്കുന്നത്. അവർ അജ്ഞതയുടെ ചേരിയിൽ പാർശ്വവത്കൃതരാണ്. അവർ സമൂഹത്തിൽ നിന്നും കലയിൽനിന്നും ശാസ്ത്രത്തിൽനിന്നും ബഹുദൂരം അകന്നുകഴിയുന്നു. അവർക്ക് മതത്തെ തെറ്റായി പഠിപ്പിച്ചുകൊടുത്തതിനാൽ ജിഹാദിനെ തെറ്റായി മനസ്സിലാക്കുകയും ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു. തങ്ങളെ പഠിപ്പിച്ച സംഗതി പ്രാവർത്തികമാക്കുമ്പോൾ എന്തോ സത്കർമംചെയ്തുവെന്ന ധാരണയാണവർക്ക്. ഒരുവേള, തങ്ങളെയും തങ്ങളുടെ മതവിശ്വാസത്തെയും കുടുംബങ്ങളെയും സമുദായാംഗങ്ങളെയും മറ്റുള്ളവരെയും അപകടപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് അവർ തിരിച്ചറിയുന്നേയില്ല.

എന്നാൽ അവർ സങ്കൽപിച്ചതിനേക്കാൾ എത്രയോ വ്യത്യസ്തമാണ് ഖുർആനിലെ ജിഹാദ്. 'ജഹദ' എന്ന അറബിവാക്കിൽനിന്നാണ് ജിഹാദ് നിഷ്പന്നമായിരിക്കുന്നത്. അതിന്റെ അർഥം ഒന്നാമതായി,പണിയെടുക്കുക, പരിശ്രമിക്കുക, അതിനുവേണ്ടി ത്യജിക്കുക എന്നൊക്കെയാണ്. രണ്ടാമതായി, അധമവിചാരവികാരങ്ങളിൽനിന്ന് ആത്മനിയന്ത്രണം പാലിക്കുക എന്നതാണ്. ഉത്തമസദാചാരമൂല്യങ്ങളെ പഠിപ്പിക്കുകയും അത് മനസ്സിലാക്കിക്കൊടുക്കുകയുംചെയ്യുക, സ്നേഹത്തോടെയും കാരുണ്യത്തോടെയും ആളുകളെ തിൻമയിൽനിന്ന് തിരിച്ചുവിടാൻ പരിശ്രമിക്കുക എന്നൊക്കെയാണ് ഇസ്‌ലാമിൽ അതുകൊണ്ടുദ്ദേശിക്കുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ആളുകളെ തിൻമയിൽനിന്ന് അകറ്റാൻ തികഞ്ഞ ഗുണകാംക്ഷാമനസ്സോടെ അവരോട് സ്നേഹവും സമാധാനവും അടുപ്പവും വെച്ചുപുലർ

ത്താൻ പരിശ്രമിക്കുകയാണ് ജഹ്ദിൽ ഉള്ള മുസ്‌ലിം ചെയ്യേണ്ടത് . മുസ്‌ലിമിന്റെ രണ്ടാമത്തെ ജിഹാദ് സ്വന്തത്തോടുതന്നെയുള്ളതാണ്. തന്നിലുള്ള അധമവിചാര വികാരങ്ങളോടുപൊരുതി, അവയെ പരാജയപ്പെടുത്തി ഒരു നല്ല വ്യക്തിയായി ത്തീരാനുള്ള പരിശ്രമമാണ് അത്.

ഈ ഒരു വശത്തെക്കുറിച്ച് തീവ്രവാദികൾ അജ്ഞരാണ്. അതിനാൽ ആളുകളെ കൊന്നുകൊണ്ട് അതിലൂടെ ജിഹാദ് ചെയ്തതായി കരുതുന്നവനെ കുറ്റപ്പെടുത്തി യതുകൊണ്ടോ, ശപിച്ചതുകൊണ്ടോ, ഭീഷണിപ്പെടുത്തിയതുകൊണ്ടോ, നാടുകട ത്തിയതുകാണ്ടോ, ജയിലിലടച്ചതുകൊണ്ടോ യാതൊരു കാര്യവുമില്ല. ഭേദ്യം കൊണ്ടും ആയുധംകൊണ്ടും അയാളുടെ തലയിൽ മൂടുറച്ച ആശയത്തെ ഇല്ലാതാ ക്കാനാകില്ല. ഇനി ആ വ്യക്തിതന്നെ ഇല്ലാതായാലും അയാളുടെ ആശയങ്ങൾ നി ലനിൽക്കും. ആ ആശയത്തിൽ വിശ്വസിക്കുന്ന അനേകം ആളുകൾ തുടർന്നും ഉ യിർകൊള്ളും. ആശയത്തെ ആശയം കൊണ്ടുമാത്രമേ നേരിടാനാകൂ. അതിന് വേ റെ പോംവഴിയില്ല. ശരിക്കുംപറഞ്ഞാൽ, വിദ്യാഭ്യാസമില്ലാത്തതാണ് പ്രശ്നം. അ തിനാൽ അത്തരം വ്യക്തികളെ ശരിയെന്തെന്ന് പഠിപ്പിച്ചുകൊടുക്കാൻ സമാധാന ത്തെയും സ്നേഹത്തെയും സത്യത്തെയും മുറുകെപ്പിടിക്കുന്ന അധ്യാപകരെയാ ണ് നമുക്കാവശ്യം. ഇന്നുവരെ ആരും പ്രയോഗിച്ചിട്ടില്ലാത്ത, ഒരു പുതിയഭാഷ അ തായത്, 'സമാധാനത്തിന്റെ ഭാഷ' ആയിരിക്കണം അവരുടേത്.

ദേഷ്യംതോന്നുമ്പോൾ ആളുകളെ ശപിക്കാൻ എളുപ്പമാണ്. എന്നാൽ അവരുമായി സമാധാനത്തിന്റെ ഭാഷയിൽ സഹവർത്തിക്കുകയെന്നത് തികച്ചും വ്യത്യസ്തമായ കാര്യമാണ്. സമാധാനത്തിന്റെ ഭാഷയിൽ 'ഭീകരർ' എന്ന വർഗമില്ല. പകരം അ റിവില്ലാത്ത, ആശയത്തെ തെറ്റായി പഠിപ്പിക്കപ്പെട്ട ആളുകളാണുള്ളത്. ഇത് വള രെ പ്രധാനപ്പെട്ട സംഗതിയാണ്. കാരണം, ആശയത്തെ സംബന്ധിച്ച് തെറ്റായി പഠിപ്പിക്കപ്പെട്ട വ്യക്തിയെ നാം ഭീകരനെന്ന് ആക്ഷേപിച്ചാൽ അയാളെ തിരു ത്തുക പ്രയാസമായിരിക്കും. എന്നല്ല, താൻ വിശ്വസിക്കുന്നതാണ് ശരിയെന്ന നി ലപാട് കടുപ്പിക്കാനാണ് അത് സഹായിക്കുക. സമാധാനത്തിന്റെ പാത സ്വീകരി ക്കുമ്പോൾ അവിടെ സംഹാരാത്മകതയോ ബലപ്രയോഗമോ ഉണ്ടാകില്ല. പരു ഷവും വെറുപ്പിക്കുന്നതുമായ സംസാരമില്ല. ദേഷ്യപ്രകടനങ്ങളില്ല. അങ്ങേയറ്റം ദേ ഷ്യമുളവാക്കുന്ന ഘട്ടത്തിൽ പോലും പ്രകോപനപരമായ വർത്തമാനങ്ങളോ പ്ര സ്താവനകളോ ഇല്ല. 'നീ ചതിയനും കൊലപാതകിയുമാണ്' എന്ന് കോപിഷ്ടരാ യി പുലമ്പുന്നവരെ സമാധാനഭാഷണത്തിൽ കാണാനാകില്ല. 'നിങ്ങൾ കാര്യം തെ റ്റായി മനസ്സിലാക്കിയതാണ്. ആരോ നിങ്ങളെ തെറ്റുധരിപ്പിച്ചതാണ്' എന്ന് പറയു ന്ന ഗുരുനാഥൻമാരാണ് അവിടെയുണ്ടാവുക. അത്തരം പ്രത്യേകതകളുള്ള ആളു കളെയാണ് നമുക്കാവശ്യം. വെറുപ്പും കൊലയും വർധിപ്പിക്കാൻ മാത്രം സഹായി ക്കുന്ന കോപത്തിന്റെ ഭാഷ ഉപേക്ഷിച്ച ഒരു സമൂഹം. തങ്ങൾ പുലർത്തുന്ന വിവേ

കത്തിന്റെയും നിസ്വാർഥമനസ്സിന്റെയും ഉന്നതധാർമികഗുണങ്ങളുടെയും ഭാഗമായി സമാധാനത്തിന്റെ ഭാഷയാണ് അവരുപയോഗിക്കുക. ഒന്നിനും പരിഹാരം നിർദ്ദേശിക്കാനില്ലാതെ, എല്ലാറ്റിനെയും കുറ്റപ്പെടുത്തിയും ശപിച്ചും കഴിയുന്നവരുടെ കൂട്ടത്തിൽ ചേരുന്നതിനുപകരം മാനവദുരന്തത്തിന് പരിഹാരംകാണാനായി പരിശ്രമിക്കുന്ന അത്തരം ഉത്കൃഷ്ടസമൂഹത്തോടൊപ്പം ചേരുകയാണ് വേണ്ടത്.

എന്നാൽ യാതൊരു ചേതവുമില്ലാതെ മറ്റുള്ളവരെ മോശക്കാരായി മുദ്രകുത്തി അക്രമികളെ ശപിക്കാനല്ലാതെ, ഇത്തരത്തിലൊരു ശ്രമം നടത്താൻ ഏതെങ്കിലും സമുദായമോ രാഷ്ട്രമോ മുന്നോട്ടുവന്നിട്ടില്ല. അതുകൊണ്ടുതന്നെ പുതിയ തലമുറ വേറെ പോംവഴിയൊന്നുമില്ലെന്നമട്ടിൽ പകയും അക്രമവും ശാപവാക്കുകളുമായി ഈ ലോകത്ത് വളരുന്നു. അജ്ഞതയാണ് മുഖ്യപ്രശ്നമെന്നത് അവരൊട്ടും തിരിച്ചറിയാൻ ശ്രമിച്ചിട്ടില്ല. എല്ലാ സമുദായത്തിലും മോശക്കാരായ ആളുകളുണ്ട്. പക്ഷേ, സമുദായത്തിലെ ബഹുഭൂരിപക്ഷം വരുന്ന അജ്ഞരായ ആളുകളെ ശരിയായരീതിയിൽ വസ്തുതകൾ ധരിപ്പിക്കുകയും അവർക്ക് വിദ്യാഭ്യാസം നൽകുകയുംചെയ്താൽ തിൻമയുടെ വക്താക്കൾക്ക് അവരുടെ മേൽ സ്വാധീനമുണ്ടാവുകയില്ല. അതേസമയം, സൂക്ഷ്മമായും കാര്യക്ഷമമായും വിദ്യാഭ്യാസം പകർന്നുകൊടുത്തുകൊണ്ട് ജനതയുടെ അജ്ഞത അകറ്റാൻ സമാധാനത്തിന്റെ ഭാഷയുപയോഗിക്കുന്നവർക്കേ കഴിയുകയുള്ളൂ എന്ന കാര്യം നാം ഒട്ടും മറക്കരുത്. അജ്ഞത നീക്കംചെയ്യപ്പെടുന്നതോടെ കൊലയും റോക്കറ്റാക്രമണവും ചാവേറാക്രമണവും ആഹ്വാനംചെയ്യാൻ ആരുമുണ്ടാകില്ല. അപ്പോൾ ബോംബുസ്ഫോടനവും കൊലപാതകവും യുക്തിരഹിതമായ സംഗതിയാണെന്ന് എല്ലാവരും മനസ്സിലാക്കും. അക്രമാസക്തചിന്താഗതികളാൽ ഊട്ടപ്പെട്ട ഒരു സമൂഹത്തിൽ സമാധാനത്തിന്റെ ഭാഷ സംസ്ഥാപിക്കണമെങ്കിൽ പക്വതയും അടിസ്ഥാനധാർമികഗുണങ്ങളും ഉണ്ടായേ തീരൂവെന്നത് സംശയമില്ലാത്ത കാര്യമാണ്. ഏറ്റവും ദുഷ്കരമായത് നേടിയെടുക്കുമ്പോഴേ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകുകയുള്ളൂ. തീവ്രചിന്താഗതിക്കാരെ സമാധാനത്തിന്റെ ഭാഷ പഠിപ്പിച്ചുകൊടുക്കുകയാണ് ഒരു പരിഹാരം. സംഗതി അവർ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും അതല്ലാതെ മറ്റൊരു പരിഹാരവും അതിനില്ല.

*'നിങ്ങൾ നിങ്ങളെത്തന്നെ കശാപ്പു ചെയ്യരുത്. അല്ലാഹു നിങ്ങളോട് ഏറെ കരുണയുള്ളവനാണ്; തീർച്ച'(അന്നിസാഅ് 29).*

## ആത്മഹത്യ ഖുർആൻ വിലക്കിയതാണ്

മതത്തിന്റെ പേരുപറഞ്ഞ് ഭീകരവാദികൾ നടത്തുന്ന അക്രമങ്ങളുടെ പട്ടികയിൽ

ശ്രദ്ധേയമായ ഒന്നാണ് ചാവേറാക്രമണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മതമായ ഇസ്‌ലാമിനെ അങ്ങേയറ്റം തെറ്റുധരിപ്പിച്ചുകൊണ്ട് അത് ചാവേറാക്രമണത്തെ അനുവദിക്കുന്നുവെന്ന് അവർ അബദ്ധംഎഴുന്നള്ളിക്കുന്നു. എന്നാൽ സ്വന്തത്തെ അപായപ്പെടുത്തുന്നതും മറ്റു നിരപരാധികളായ ആളുകളുടെ ജീവൻ ഹനിക്കുന്നതും അത് കർശനമായി വിലക്കിയിട്ടുള്ളതാണ്. ഖുർആൻ പറയുന്നത് കാണുക:'നിങ്ങൾ നിങ്ങളെത്തന്നെ വധിക്കരുത്'(അന്നിസാഅ് 29). ആത്മഹത്യ പാപമായി ദൈവം എണ്ണിയിരിക്കുന്നു. എന്തുതന്നെ ന്യായമുണ്ടായാലും സ്ത്രീയോ പുരുഷനോ തന്റെ ജീവൻ സ്വയം ഹനിക്കുന്നത് ഇസ്‌ലാമിൽ വിലക്കപ്പെട്ട സംഗതിയാണ്.

സ്വയം ജീവൻഹനിച്ചുകൊണ്ട് നടത്തുന്ന ചാവേറാക്രമണത്തിലൂടെ നിരപരാധികളായ ആയിരക്കണക്കിന് ആളുകളെ കൂട്ടക്കശാപ്പുനടത്തുന്നത് ഇസ്‌ലാമിന്റെ ധാർമികമൂല്യങ്ങൾക്ക് വിരുദ്ധമാണ്. ഒരാൾ തന്റെതന്നെയോ മറ്റുള്ളവരുടെയോ ജീവൻ ഹനിക്കുന്നത് പാപമാണെന്ന് ഖുർആനിലൂടെ ദൈവം അറിയിക്കുന്നു. അതുകൊണ്ടുതന്നെ ദൈവത്തിൽ വിശ്വസിക്കുന്ന, ഖുർആനിനെ പിൻപറ്റുന്നുവെന്ന് അവകാശപ്പെടുന്ന ആർക്കുംതന്നെ അത്തരമൊരു ഹീനകൃത്യം ചെയ്യാനാകില്ല. മതത്തെ തെറ്റായി മനസ്സിലാക്കിയിരിക്കുന്ന, ഖുർആന്റെ ധാർമികനിർദേശങ്ങളെക്കുറിച്ച് യാതൊരുപിടിപാടുമില്ലാത്ത, വിവേകമോ യുക്തിബോധമോ തൊട്ടുതീണ്ടാത്ത, നിരീശ്വരദർശനങ്ങളുടെ സ്വാധീനത്തിലകപ്പെട്ടുപോയ, പ്രതികാരചിന്തയും വെറുപ്പും വെച്ചുപുലർത്തുന്ന ആളുകൾമാത്രമേ അത്തരത്തിൽ ചാവേറാക്രമണത്തിന് തുനിയുകയുള്ളൂ. അത്തരം ചെയ്തികളെ എല്ലാവരും എതിർക്കുകതന്നെ വേണം.

## അദ്നാൻ അക്തറുമായി അഭിമുഖസംഭാഷണം

## മുസ്‌ലിംകളുടെ പരിശ്രമം അറിവിന്റെയും യുക്തിയുടെയും പിൻബലത്തിൽ

**റിപോർട്ടർ:** ഭീകരതയെക്കുറിച്ച് താങ്കൾക്കെന്താണ് പറയാനുള്ളത്? അഫ്ഗാനിസ്താനിൽ ചാവേറാക്രമണങ്ങൾ പതിവാണല്ലോ. അത് ഇസ്‌ലാം അനുവദിച്ചിട്ടുണ്ടോ? ആത്മഹത്യചെയ്തുകൊണ്ട് ജിഹാദ് ചെയ്യാനാകുമോ?
**അദ്നാൻ അക്തർ:** ആത്മഹത്യയുടെ എന്താവശ്യമാണുള്ളത്?ഒന്നാമത്തെ കാര്യം, ആത്മഹത്യ പാപമാണ്. യാതൊരു ന്യായവുമില്ലാതെ നിരപരാധിയായ ഒരു മനുഷ്യനെ കൊല്ലുകയെന്നത് ശാശ്വതനരകശിക്ഷ ലഭിക്കുന്ന ചെയ്തിയാണ്. സ്വയം ജീവൻ ഹനിച്ചുകൊണ്ട് മറ്റുള്ളവരെ കൊന്നൊടുക്കുന്നവർ പശ്ചാത്താപത്തിനുള്ള അവസരംനിഷേധിക്കപ്പെട്ട് നരകത്തിൽ അനന്തകാലം കഴിച്ചുകൂട്ടേണ്ടി

വരും. അതുകൊണ്ട്  ആത്മഹത്യക്ക് ഇറങ്ങിപ്പുറപ്പെടാതെ ദീൻ എന്താണെന്ന്  മുസ്ലിം പഠിക്കട്ടെ. കൂടുതൽ അറിവ് നേടി സ്നേഹവും കാരുണ്യവും അലിവും ശക്തിയും കൈമുതലാക്കി ആളുകളിലേക്ക് സത്യസന്ദേശം എത്തിച്ചുകൊടുക്കട്ടെ. ആളുകളെ ബോംബുസ്ഫോടനംനടത്തി കൊല്ലേണ്ട യാതൊരാവശ്യവുമില്ല. അവരിലേക്ക് ഇറങ്ങിച്ചെന്ന് ഇസ്ലാം എന്തുപറയുന്നുവെന്ന് മനസ്സിലാക്കിക്കൊടുക്കുക. നിങ്ങൾക്കറിയാമല്ലോ, മുഹമ്മദ് നബി, പ്രവാചകത്വത്തിന്റെ ആദ്യകാലങ്ങളിൽ താൻ ആരാണെന്ന്  എല്ലാവരോടും വെളിപ്പെടുത്തുകയുണ്ടായില്ല. രഹസ്യമായാണ് സത്യസന്ദേശത്തെ ആളുകളിലെത്തിച്ചത്. അൽപംകഴിഞ്ഞാണ് അത് പരസ്യമായി നിർവഹിച്ചത്. അതിന്റെ പേരിൽ നബിയും കൂട്ടരും അപമാനിക്കപ്പെട്ടു. അക്രമത്തിനുവിധേയരായി.മർദ്ദനമുറകളെ നേരിടേണ്ടിവന്നു. പലവിധത്തിലുമുള്ള ഉപരോധങ്ങൾക്കും ഊരുവിലക്കിനും വിധേയരായി. അവസാനം സ്വന്തം നാടും വീടും ഉപേക്ഷിച്ച് അന്യദേശത്തേക്ക് പലായനംചെയ്യേണ്ടിവന്നു.  ഈ പ്രയാസങ്ങൾക്കിടയിലും സത്യസന്ദേശം ആളുകൾക്ക് എത്തിച്ചുകൊണ്ടിരുന്നു. മുസ്ലിംകളും അതുതന്നെയാണ് ചെയ്യേണ്ടത്. ഇസ്ലാമിന്റെസന്ദേശം എത്തിക്കുകയും അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയുംചെയ്യുക. അല്ലാതെ ആളുകളെ ബോംബുപൊട്ടിച്ചും കഴുവിലേറ്റിയും കൊന്നിട്ട് പ്രയോജനമില്ല. അത് മഹാഅബദ്ധമാണ്. അത് ഖുർആനിന്റെ അന്തസ്സത്തക്കോ അത് മുന്നോട്ടുവെക്കുന്ന മൂല്യങ്ങൾക്കോ യോജിച്ചതല്ല.

അവർ പാഠശാലകളും മദ്റസകളും തുറക്കുകയാണെങ്കിൽ തീർച്ചയായും അതൊരുവലിയ കാര്യമാണ്.  വിശ്വാസകാര്യങ്ങളും മതവും ശാസ്ത്രവും അതിലൂടെ വിശദീകരിച്ചുകൊടുക്കട്ടെ. ഡാർവിനിസത്തിനും അത് പ്രചരിപ്പിക്കുന്ന മാർക്സിസം, ലെനിനിസം ,കമ്യൂണിസം, ഫാസിസം തുടങ്ങി ആശയാദർശങ്ങൾക്കും എതിരിൽ അവർക്ക്  ധിഷണാപ്രവർത്തനങ്ങൾ  നടത്താൻ കഴിയും. അതിലൂടെ എല്ലാ പാപങ്ങളിൽനിന്നും മുക്തരായി ധാർമികഗുണങ്ങളുടെ വസ്ത്രങ്ങളണിഞ്ഞ് സാംസ്കാരിക ഔന്നത്യം നേടട്ടെ. ഇസ്ലാം പ്രചരിക്കാൻ ഇതേയുള്ളൂ മാർഗം. യാതൊരു കാര്യവുമില്ലാതെ നിരപരാധികളായ ആളുകളെ  ബോംബുസ്ഫോടനത്തിലൂടെ ഛിന്നഭിന്നമാക്കിയിട്ട് ഒന്നുംകിട്ടാനില്ല. അത്തരംചെയ്തികളൊന്നും ഇസ്ലാം കൽപിക്കുകയുമില്ല. പ്രവാചകൻ മുഹമ്മദ് (സ) അതൊട്ടും പ്രോത്സാഹിപ്പിച്ചിട്ടുമില്ല. ഖുർആനിൽ അക്കാര്യം പറഞ്ഞിട്ടുമില്ല. ചാവേറാക്രമണങ്ങൾ നടത്തുന്നവർ  അങ്ങേയറ്റം ഹീനമായ പാപമാണ് ചെയ്യുന്നത്. മദ്റസകളെ അവർ സമാധാനംവിരിയുന്ന പൂന്തോട്ടങ്ങളാക്കട്ടെ.  ആളുകളുടെ മനസ്സുകളിൽ വെളിച്ചം വീശാനും സമാധാനചിന്ത ഊട്ടിയുറപ്പിക്കാനും സ്നേഹവും സാഹോദര്യവും വിശ്വമാനവികതയും പരസഹായബോധവും പ്രസരിപ്പിക്കാനും കഴിയുന്ന ആധുനിക മദ്റസകൾ നിർമിക്കാൻ നമുക്ക്  കഴിയണം. ചുരുക്കത്തിൽ ധാർമികഗുണങ്ങൾ ജനത അതിലൂടെ സ്വായത്തമാക്കട്ടെ. ബോംബെറിഞ്ഞ് മതത്തെ വ്യാപിപ്പിക്കാനാ

കില്ല. എന്നല്ല, അത് വിപരീതഫലമാണ് ചെയ്യുക. ഭീകരത തികച്ചും പ്രതിലോമകരമാണ്. ഞാൻ മുമ്പുപറഞ്ഞ കാര്യങ്ങൾ ചെയ്യുന്നപക്ഷം മതത്തിന് മുന്നേറ്റമുണ്ടാക്കാനാകും. അതിലൂടെ ഇസ്‌ലാമികമൂല്യങ്ങൾ ലോകത്ത് ആധിപത്യംനേടും . ഇൻശാ അല്ലാഹ്(അഫ്ഗാനിസ്താൻ ആയ്ന 12 ഡിസംബർ 2008)

## ചാവേറുകളുടെ പിന്നാമ്പുറം

രണ്ടാംലോകയുദ്ധാനന്തരം, പശ്ചിമേഷ്യൻജനത ആ നാടുകളിൽ പ്രചരിച്ചുകൊണ്ടിരുന്ന കമ്യൂണിസ്റ്റ് ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടു. ഇസ്‌ലാമിന്റെ മൂല്യങ്ങളുമായി പൊരുത്തപ്പെടാത്ത കമ്യൂണിസ്റ്റ് ചിന്താധാര ക്രമേണ ആ നാട്ടിലെ ജനങ്ങളുടെ ബോധമണ്ഡലത്തെ മാറ്റിമറിക്കുകയായിരുന്നു. തദ്ഫലമായി അവിടെല്ലാം നിർമതരാഷ്ട്രീയപ്രസ്ഥാനങ്ങൾ ഉദയംചെയ്തു.

സിറിയയുടെ ഇന്നത്തെ ഭയാനകാവസ്ഥയ്ക്ക് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. ഒട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചയെത്തുടർന്ന് പാശ്ചാത്യശക്തികൾ അതിരുകൾ വരച്ചുണ്ടാക്കിയെടുത്ത ആ രാജ്യത്തിന്റെ പാരമ്പര്യം കമ്യൂണിസത്തിന്റേതാണ്. ഒട്ടോമൻ സാമ്രാജ്യത്തിനുകീഴിൽ ഇസ്‌ലാമികവിശ്വാസത്തിന് മേൽക്കൈ ഉണ്ടായിരുന്ന നാടുകളിൽ പാശ്ചാത്യൻ,കമ്യൂണിസ്റ്റ് (സോവിയറ്റ്, ചൈന)ചിന്താഗതികളാണ് പിന്നീട് വേരോട്ടമുണ്ടാക്കിയത്. അതാകട്ടെ, സ്നേഹം,സാഹോദര്യം, സഹാനുഭൂതി, തുടങ്ങി മാനുഷികമൂല്യങ്ങൾക്ക് യാതൊരു പ്രാധാന്യവും കൽപിച്ചില്ല.

സിറിയയുടെ ഉദാഹരണം അത്തരത്തിലൊന്നാണ്. 1960 കളിൽ ബഅസ് പാർട്ടി രൂപവത്കരിച്ച് അധികാരം പിടിച്ചെടുത്ത ഹാഫിസുൽ അസദ് തദ്ദേശീയരായ ജനങ്ങളെ അടിച്ചമർത്താൻതുടങ്ങി. ബഅസ് പാർട്ടിയുടെ ക്രൂരഏകാധിപത്യഭരണത്തെ ലോകമാധ്യമങ്ങളുടെ തലക്കെട്ട് പിടിച്ചെടുത്ത ഹമാ കൂട്ടക്കൊലയിലൂടെ ഏവരും തിരിച്ചറിഞ്ഞു.

മധ്യപൗരസ്ത്യദേശത്ത് ബഅസ് പാർട്ടിയുടെ മനുഷ്യത്വവിരുദ്ധനടപടികളുടെ മൃഗീയതയ്ക്ക് വിധേയമായത് സിറിയമാത്രമായിരുന്നില്ല. ഇറാഖും ഈജിപ്തിലും ആ പാർട്ടിയുടെ കരാളഹസ്തങ്ങളിലമർന്നു. അതേസമയം, ആരോരുമറിയാതെ ഇറാനടക്കം അറബ് രാജ്യങ്ങൾ കമ്യൂണിസ്റ്റ് ചൈനയുടെ സ്വാധീനത്തിലകപ്പെട്ടു. ഇസ്‌ലാമിന്റെ പാരമ്പര്യത്തിൽനിന്ന് അകന്നുമാറി കമ്യൂണിസത്തിന് വിധേയപ്പെട്ട മറ്റൊരു മധ്യപൗരസ്ത്യരാജ്യമായിരുന്നു ഫലസ്തീൻ. അവിടെ തങ്ങളുടേത് കമ്യൂണിസ്റ്റ് ആശയങ്ങളാണെന്ന് നിസ്സങ്കോചം പ്രഖ്യാപിച്ചുകൊണ്ടാണ് അൽഫതഹ് പ്രസ്ഥാനം പ്രവർത്തിക്കുന്നത്.

ക്രമേണ ശക്തിയാർജിച്ച അറബ് ദേശീയതയുമായി  കമ്യൂണിസം ഇഴുകിച്ചേർന്ന് പ്രവർത്തിച്ചതിന്റെ അനന്തരഫലമായിരുന്നു മധ്യപൗരസ്ത്യദേശത്ത് രക്തപ്പുഴ യൊഴുക്കിയ എല്ലാ സംഘർഷങ്ങളും. കമ്യൂണിസത്തിന്റെയും സോഷ്യലിസത്തി ന്റെയും  പ്രത്യയസാസ്ത്രപിൻലത്തിലേറിയ ഭരണകൂടങ്ങൾ അക്രമവും ജനദ്രോ ഹനടപടികളും കൈക്കൊണ്ടതിൽ അത്ഭുതമൊന്നുമില്ല.  അവയുടെ അത്തരം ശൈലി  സ്വാഭാവികമായിരുന്നു.

മേൽരാജ്യങ്ങളിൽ ഇസ്‌ലാമിക് റിപബ്ലിക് എന്നത് നിലനിർത്തി , ഭരണാധികാരിക ളും ഭരണഘടനയും കമ്യൂണിസത്തിലേക്കും സോഷ്യലിസത്തിലേക്കും പരിവർ ത്തനംചെയ്തിരുന്നു. പുറംലോകം അപ്പോഴും അതിനെ ഇസ്‌ലാമികരാജ്യങ്ങളുടെ ഗണത്തിൽതന്നെയാണ് പെടുത്തിയത്. വസ്തുതയിതായിരിക്കെ, അവിടെ ഭരണ കൂടവും വ്യക്തികളും നടത്തിയ കൊലപാതകങ്ങളും കുറ്റകൃത്യങ്ങളും കൂട്ടക്കൊ ലകളുമെല്ലാം ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരിൽ വരവുവെക്കുകയായി രുന്നു.

ചാവേറുകളുടേത്  അത്തരത്തിലൊരുദാഹരണമാണ്. ലോകത്തിന്റെ ഏതുഭാ ഗത്തും നടത്തുന്ന ചാവേറാക്രമണങ്ങളും ഇസ്‌ലാമിന്റെ ലേബലിലാണ് അറിയ പ്പെടുന്നത്. ഇസ്‌ലാമിനെക്കുറിച്ചറിയാത്ത പാശ്ചാത്യലോകജനതയും പ്രസ്തുതമ തം ചാവേറാക്രമണം പ്രോത്സാഹിപ്പിക്കുന്നുവെന്ന് തെറ്റുധരിച്ചിരിക്കുകയാണ്.

സത്യത്തിൽ, മനുഷ്യജീവന് ഏറ്റവും കൂടുതൽ വിലകൽപിക്കുന്ന മതമാണ് ഇ സ്‌ലാം. അതിന്റെ അടിസ്ഥാനങ്ങൾ മാനവികത, സ്നേഹം, കാരുണ്യം, സാഹോ ദര്യം ,സഹിഷ്ണുത,നീതി, സമാധാനം എന്നിവയിലൂന്നിയുള്ളതാണ്. അത് മനു ഷ്യനെ ഏറ്റവും മൂല്യമുള്ളതായി കണക്കാക്കുന്നു. മനുഷ്യനെ വ്യക്തിയെന്ന നില യിൽ അംഗീകരിക്കാത്ത അപരിഷ്കൃതവ്യവസ്ഥയാണ് കമ്യൂണിസം. അത് ഡാർ വിനിസത്തെയും പരിണാമവാദത്തെയും  ആധാരമാക്കിയാണ് പടുത്തുയർത്തപ്പെ ട്ടിരിക്കുന്നത്. ശക്തൻ അതിജയിക്കുമെന്നും അവനേ ജീവിക്കാനർഹതയുള്ളൂ വെന്നും ദുർബലൻ നശിക്കാനുള്ളതാണെന്നുമുള്ള സോഷ്യൽ ഡാർവിനിസമാണ് അത് ഉദ്ഘോഷിക്കുന്നത്. അതുകൊണ്ടുതന്നെ അത്തരം ക്രൂരമായ ആശയവീക്ഷ ണങ്ങളെ അടിസ്ഥാനമാക്കിയുള്ള കമ്യൂണിസ്റ്റുകളുടെ പ്രവൃത്തികളിൽ  ആശ്ചര്യ ത്തിന് വകയേതുമില്ല. കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ രാജ്യനിവാസികളെ-അത് സ്വ ന്തം വംശമോ, വർഗമോ ആയാൽപോലും-കൂട്ടക്കൊല നടത്താൻ മടിക്കാത്തതിനു കാരണമതാണ്. ആളുകളെ കൊല്ലുന്നതും ഉൻമൂലനംചെയ്യുന്നതും  ആശയസാ ക്ഷാത്കാരത്തിന്റെ ഭാഗമായിരിക്കെ ,ആത്മഹത്യചെയ്യുന്നതും ചാവേറാക്രമണം നടത്തുന്നതും അതിനെ സംബന്ധിച്ചിടത്തോളം  സർവാംഗീകൃതമായ കാര്യ

മാണ്. നേരെമറിച്ച്, ദൈവം ഇതെല്ലാം തികഞ്ഞ കാടത്തമാണെന്ന് ഖുർആനിലൂടെ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ കൊലപാതകത്തിൽനിന്ന് വലിയവ്യത്യാസമൊന്നുമില്ലാത്ത നിയമവിരുദ്ധപ്രവൃത്തിയാണ് ആത്മഹത്യ. ആത്മഹത്യചെയ്യുന്നത് മറ്റൊരു കൊലപാതകമാണെന്ന് ചുരുക്കം. ഓരോ വ്യക്തിക്കും ജീവൻ നൽകുന്നത് ദൈവമാണെന്നിരിക്കെ അത് തിരിച്ചെടുക്കാൻ അവനുമാത്രമേ അധികാരമുള്ളൂ. തന്റെ ജീവൻ സ്വകാര്യസ്വത്താണെന്നും അതിൻമേൽ തീരുമാനാധികാരം തനിക്കാണെന്നും നിനച്ച് ജീവൻ ഹനിക്കാൻ ആർക്കും അവകാശമില്ല. അതിനാൽ നിരപരാധികളായ ആളുകളെയും സ്ത്രീകളെയും കുട്ടികളെയും കൊല്ലാൻ തയ്യാറായി ആത്മഹത്യബോംബായി മാറുന്ന ഒരാൾ യഥാർഥത്തിൽ ഖുർആന്റെ മാർഗനിയമചട്ടങ്ങൾക്കെതിരാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അയാൾ മുസ്‌ലിമല്ല. അത്തരംചിന്താഗതി വെച്ചുപലർത്തുന്നവർ ഇസ്‌ലാമിനെ എന്നേ മൊഴിചൊല്ലിക്കഴിഞ്ഞു. അതിനാൽ അത്തരം കുറ്റകൃത്യങ്ങളെ ഇസ്‌ലാമിനോട് ചേർത്തുപറയുന്നതിൽ കാര്യമില്ല.

ഇന്ന്, മധ്യപൗരസ്ത്യദേശത്തെ ഭരണകൂടങ്ങളും ജനതയും വലിയൊരളവോളം പരിവർത്തനത്തിന് വിധേയമായിക്കഴിഞ്ഞു. ആ നാട്ടിലെ ജനതയുടെ സ്വഭാവരൂപവത്കരണത്തിൽ ഇസ്‌ലാമിന് വലിയ പങ്കൊന്നുമില്ല. ഇസ്‌ലാമിന്റെ ആശയങ്ങൾക്ക് തികച്ചും കടകവിരുദ്ധമായ കമ്യൂണിസവും സോഷ്യലിസവുമാണ് ജനതയുടെ സമസ്തമേഖലയിലും കാലങ്ങളായി സ്വാധീനംപുലർത്തുന്നത്. അതുകൊണ്ടുതന്നെ ആ ജനതയിലെ തീവ്രവാദചിന്താഗതിക്ക് പിന്നിലുള്ളത് പ്രസ്തുത നിർമതആശയങ്ങളാണ്. തീവ്രവാദികളുടെയും ഭീകരവാദികളുടെയും കൊടുംകൃത്യങ്ങൾക്ക് പിന്നിലെ പ്രചോദനമെന്തെന്ന് കൃത്യമായി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. അല്ലാത്തപക്ഷം, ഒരു മതത്തെ അന്യായമായി പ്രതിക്കൂട്ടിൽ നിറുത്തുകയായിരിക്കും നാം ചെയ്യുന്നത്.

## സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും ഇസ്‌ലാമികചരിത്രം

ഇതുവരെ നാം കണ്ട വസ്തുതകളെ മുൻനിർത്തി പറയുകയാണെങ്കിൽ, ഇസ്‌ലാം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സഹാനുഭൂതിയുടെയും മതമാണ്. മിഡിലീസ്റ്റ് ചരിത്രവിശാരദയും മുൻകന്യാസ്ത്രീയുമായിരുന്ന ബ്രിട്ടീഷുകാരി കരെൻ ആംസ്ട്രങ് മൂന്ന് സെമിറ്റിക് മതങ്ങളുടെയും ചരിത്രംവിശകലനംചെയ്യുന്ന തന്റെ 'ഹോളി വാർ ' എന്ന പുസ്തകത്തിൽ കുറിക്കുന്നത് കാണുക:

'സമാധാനം എന്ന അർഥമുള്ള അറബി പദത്തിൽനിന്നുതന്നെയാണ് 'ഇസ്‌ലാം'

എന്ന വാക്കും കടന്നുവരുന്നത്. ദൈവതാൽപര്യങ്ങൾക്ക് വിരുദ്ധമായ യുദ്ധത്തെ ഖുർആൻ തള്ളിപ്പറയുന്നു. എല്ലാം ഉൻമൂലനാശംവരുത്തുന്ന യുദ്ധത്തെ ഇസ്ലാം ഒരിക്കലും ന്യായീകരിക്കുന്നില്ല. ദുരിതവും അടിച്ചമർത്തലും അവസാനിപ്പിക്കാൻ വേണ്ടി ചിലപ്പോഴൊക്കെ അനിവാര്യമാകുന്ന യുദ്ധത്തെ ഇസ്ലാം അംഗീകരിക്കുന്നുണ്ട്. യുദ്ധം സാധ്യമാകുംവിധം പരിമിതപ്പെടുത്തണമെന്നും നാശനഷ്ടങ്ങൾ തുലോകുറവായിരിക്കണമെന്നും ഖുർആൻ കർശനനിർദ്ദേശം വെച്ചിരിക്കുന്നു. തന്റെ ദൗത്യത്തിന് പ്രതിബന്ധംസൃഷ്ടിച്ചുകൊണ്ട് ആക്രമണംനടത്തിയ ഖുറൈശി ഗോത്രങ്ങളും ജൂതഗോത്രങ്ങളും അവരെ പിന്തുണച്ച സിറിയൻക്രൈസ്തവഗോത്രങ്ങളും ഉൾപ്പെട്ട സഖ്യസേനയോട് മുഹമ്മദ് നബിക്ക് യുദ്ധംചെയ്യേണ്ടിവരികയുണ്ടായി. എങ്കിലും വേദക്കാരെ തള്ളിപ്പറയാനോ നിഷേധിക്കാനോ അദ്ദേഹം തയ്യാറായില്ല. ആത്മരക്ഷാർഥം പ്രതിരോധിച്ച പ്രവാചകാനുയായികൾ തങ്ങളുടെ എതിരാളികളായി നിലകൊണ്ട വേദക്കാർക്കെതിരെ 'വിശുദ്ധയുദ്ധം' നയിക്കുകയായിരുന്നില്ല.' മുസ്ലിംകളോട് യുദ്ധത്തിനുവന്ന ക്രൈസ്തപോരാളികൾക്കെതിരിൽ സേനയെ സജ്ജീകരിച്ച നബി അതിന്റെ നേതൃത്വം മുൻ അടിമയായിരുന്ന സൈദിനെ ഏൽപിച്ചപ്പോൾ പറഞ്ഞത് 'ദൈവികപ്രീതി ലാക്കാക്കി സധൈര്യം എന്നാൽ നാശനഷ്ടങ്ങളുണ്ടാക്കാതെ പോരാടൂ' എന്നായിരുന്നു. അവർ പുരോഹിതൻമാരെയും സന്ന്യാസിമാരെയും കന്യാസ്ത്രീകളെയും യുദ്ധംചെയ്യാനാകാത്ത വയോജനങ്ങളെയും നിസ്സഹായരെയും ഉപദ്രവിച്ചില്ല. അവിടെ സിവിലിയൻമാരെ കൂട്ടനരമേധം നടത്തിയില്ല. ഏതെങ്കിലും വൃക്ഷങ്ങളോ കെട്ടിടങ്ങളോ നിലംപതിച്ചില്ല.4

മുഹമ്മദ് നബിക്കുശേഷം വന്ന ഖലീഫമാരും നീതിനിഷ്ഠരായിരുന്നു. തങ്ങൾ കടന്നുചെന്ന നാടുകളിലെല്ലാം തന്നെ വ്യത്യസ്തജനസമൂഹങ്ങളുമായി മുസ്ലിംസമൂഹം സമാധാനത്തിലും സുരക്ഷിതാന്തരീക്ഷത്തിലും കഴിയുകയുണ്ടായി. തദ്ദേശീയജനതയോട് നീതിയിലും വിട്ടുവീഴ്ചയിലും അനുവർത്തിക്കണമെന്ന് ആദ്യഖലീഫയായിരുന്ന അബൂബക്ർ (റ) തന്റെ പടയാളികളെ പ്രത്യേകം ഉണർത്തുകയുണ്ടായി. ഇത്തരത്തിലുള്ള നിലപാടിന് കാരണം ഖുർആൻ നിർദ്ദേശിച്ച മൂല്യങ്ങളോടുള്ള പ്രതിബദ്ധതയായിരുന്നു. തന്റെ സൈന്യം സിറിയയിലേക്ക് തിരിക്കുംമുമ്പ് അബൂബക്ർ നൽകിയ നിർദ്ദേശങ്ങളിവയായിരുന്നു: ' പടയാളികളേ,ഒന്നുനിൽക്കൂ.. നിങ്ങളെന്നും ഓർത്തിരിക്കാൻ പത്തുകൽപനകളിതാ ഞാൻ നൽകുന്നു. വഞ്ചന അരുത്. സത്യത്തിൽനിന്ന് വ്യതിചലിക്കുകയുമരുത്. ശത്രുഭടൻമാരെ അംഗവിച്ഛേദം നടത്തരുത്. കുട്ടികളെയും വയോജനങ്ങളെയും കൊല്ലരുത്. പനകൾ വെട്ടിനിരത്തി തീയിടരുത്. ഫലവൃക്ഷങ്ങൾ മുറിച്ചിടരുത്. ഒട്ടകങ്ങളുടെയും ആടുകളുടെയും പറ്റത്തെ അറുകൊല ചെയ്യരുത്. സ്വന്തം ആവശ്യങ്ങൾക്കായി അവയെ നിലനിർത്തുക. സന്ന്യാസത്തിനും ദൈവപൂജയ്ക്കുമായി സ്വയം സമർപ്പിതരായ സമൂഹത്തിനരികിലൂടെ പോകുന്ന ഘട്ടത്തിൽ നിങ്ങൾ അവരെ ഉപദ്രവിക്കരുത്. അവരെ അവരുടെ പാട്ടിന് വിട്ടേക്കുക. അതുപോലെ നിങ്ങളെ പല തരത്തിലുമുള്ള ഭക്ഷ്യവിഭവങ്ങളാൽ സൽക്കരിക്കുന്നവരെ കണ്ടുമുട്ടിയേക്കും. അ

ത് ഭക്ഷിച്ചുകൊള്ളുക. എന്നാൽ ദൈവനാമം സ്മരിച്ചേ ഭക്ഷിക്കാവൂ എന്നത് മറക്കരുത്.'5

അബൂബക്റിനുശേഷം വന്ന ഉമർ ബിൻ ഖത്ത്വാബ് നീതി നടപ്പാക്കുന്നതിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹം കീഴടക്കിയ നാട്ടിലെ ജനതകളുമായി കരാറിലേർപ്പെടുകയും  അവരോട് നീതിയിൽ വർത്തിക്കുകയുംചെയ്തു. ജറൂസലമിലെ ക്രൈസ്തവർക്ക് സംരക്ഷണം നൽകിക്കൊണ്ട്  അദ്ദേഹം നടത്തിയ പ്രഖ്യാപനം  അതിനുദാഹരണമാണ്. ചർച്ചുകൾ നശിപ്പിക്കില്ലെന്നും മുസ്‌ലിംകൾ പ്രസ്തുത ആരാധനാലയങ്ങളിൽ കൂട്ടമായി കടന്നുചെല്ലില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ബത്‌ലഹേമിലെ ക്രൈസ്തവർക്കും സമാനമായ ഉറപ്പ് അദ്ദേഹം നൽകുകയുണ്ടായി. മദായിൻ കീഴടക്കിയ വേളയിൽ അവിടെയുള്ള ചർച്ചുകൾ നശിപ്പിക്കുകയോ, കെട്ടിടങ്ങൾ വീടുകളോ പള്ളികളോ ആക്കിമാറ്റുകയോ ചെയ്യില്ലെന്ന് നെസ്റ്റോറിയൻ പാത്രിയാർക്കീസ് ഇശൈയ്യാവ് മൂന്നാമന്(ഏ.ഡി. 650-660) ഖലീഫ  വാഗ്ദത്തം നൽകി.6 പേർഷ്യയിലെ ബിഷപ്പിന്  പാത്രിയാർക്കീസ് എഴുതിയ കത്തിൽ മുസ്‌ലിംഭരണാധികാരികൾ വേദക്കാരോട് അനുവർത്തിച്ച സഹാനുഭൂതിയുടെയും സഹവർത്തിത്വത്തിന്റെയും  വിവരണം കാണുക:' ലോകത്തിന്റെ അധീശാധികാരം ദൈവം അറബികൾക്ക് നൽകി..... ക്രൈസ്തവമതത്തെ അവർ പീഡിപ്പിച്ചില്ല. എന്നല്ല, അതിന് ഒട്ടേറെ ഉപകാരങ്ങൾ ചെയ്തു. ദൈവത്തിന്റെ സന്ന്യാസിമാരെയും പുരോഹിതൻമാരെയും ആദരിച്ചു. ചർച്ചുകൾക്കും ആശ്രമങ്ങൾക്കും ഒട്ടേറെ ആനുകൂല്യങ്ങൾ നൽകി.'7

ദൈവം മനുഷ്യന് നൽകാനുദ്ദേശിക്കുന്ന നീതിയുടെ താൽപര്യം ഗ്രഹിച്ച ഉമറിന്റെ  ഒരു ഉടമ്പടി പത്രം നോക്കുക:
' ദൈവദാസനും വിശ്വാസികളുടെ നേതാവുമായ ഉമറിൽ നിന്ന് ഏലിയാ ദേശവാസികൾക്കുള്ള സുരക്ഷാഉടമ്പടി, മതവുമായി ബന്ധപ്പെട്ട്  ചർച്ചുകളും കുരിശുകളും അതിന്റെ സ്ഥാവരജംഗമവസ്തുക്കളും അതിലെ ദുർബലരും അല്ലാത്തതുമായ സകലമനുഷ്യരും പരിപൂർണസുരക്ഷിതരായിരിക്കും. ചർച്ചുകൾ വാസഗൃഹങ്ങളാക്കില്ല. ആരാധനാമന്ദിരങ്ങളോ അതിന്റെ അടയാളങ്ങളോ നശിപ്പിക്കുകയില്ല. വിശ്വാസകാര്യത്തിൽ ഏതെങ്കിലുംതരത്തിലുള്ള നിയന്ത്രണങ്ങൾ അവരുടെ മേൽ അടിച്ചേൽപിക്കില്ല.'8

യഥാർഥവിശ്വാസികളെയും  യഥാർഥനീതിയെയുംകുറിച്ച കൃത്യമായ വിശദീകരണംനൽകുന്ന സുപ്രധാനമായ ഏടുകളാണ്  ഇവയെല്ലാംതന്നെ. ദൈവം മനുഷ്യന് നൽകുന്ന കൽപന കാണുക:
'അല്ലാഹു നിങ്ങളോടിതാ കൽപിക്കുന്നു: നിങ്ങളെ വിശ്വസിച്ചേൽപിച്ച വസ്തുക്കൾ അവയുടെ അവകാശികളെ തിരിച്ചേൽപിക്കുക. ജനങ്ങൾക്കിടയിൽ

തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിപൂർവം വിധി നടത്തുക. എത്ര നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്കു നൽകുന്നത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ് ' (അന്നിസാഅ് 58).

ആംഗ്ലിക്കൻചർച്ചിന്റെ മിഷണറി നേതാക്കളിലൊരാളായ കാനൻ ടെയ്‌ലർ തന്റെ പ്രഭാഷണങ്ങളിലൊന്നിൽ ഇസ്‌ലാമിന്റെ ധാർമികവിശുദ്ധിയുടെ ആ സൗന്ദര്യത്തെ ഇങ്ങനെ വിവരിക്കുന്നു:' ഏകത്വം, യുക്തിജ്ഞനും കരുണാവാരിധിയുമായ ദൈവത്തിന്റെ മഹത്ത്വം, ദൈവത്തിന് എല്ലാഅനുസരണവും നൽകുന്ന സമ്പൂർണസമർപ്പണം എന്നിങ്ങനെ മതത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങളെ ഇസ്‌ലാം സമർപ്പിക്കുകയുണ്ടായി. മനുഷ്യന്റെ ഉത്തരവാദിത്വമെന്തെന്ന് അത് മനുഷ്യനെ പഠിപ്പിച്ചു. പരലോകത്തെയും അതിലെ വിചാരണയെയും ദുർവൃത്തർക്ക് അവിടെ ലഭിക്കുന്ന ശിക്ഷയെയും കുറിച്ച് ഓർമപ്പെടുത്തി. നമസ്കാരം, നോമ്പ്, സകാത്ത്, കാരുണ്യപ്രവർത്തനം എന്നിങ്ങനെ ചുമതലകൾ ഊന്നിപ്പറഞ്ഞു. അത് മതത്തിന്റെ പേരിൽ കൃത്രിമമായുണ്ടാക്കുന്ന ആത്മീയമാർഗങ്ങൾ, കപടനാട്യങ്ങൾ, വഴിതെറ്റിയ മതവികാരങ്ങൾ, തർക്കവിഷയങ്ങളിലെ വ്യാഖ്യാനക്കസർത്തുകൾ തുടങ്ങിയവയ്ക്ക് അന്ത്യം കുറിച്ചു. മനുഷ്യപ്രകൃതിയുടെ അടിസ്ഥാനവസ്തുതകളെ തിരിച്ചറിഞ്ഞ് മാനവരാശിക്ക് സാഹോദര്യത്തിന്റെയും അടിമകൾക്ക് പ്രതീക്ഷയുടെയും മൂല്യങ്ങൾ നൽകി.'9

മുസ്‌ലിംകൾ അവർ കടന്നുചെന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയരെ ബലംപ്രയോഗിച്ച് മതത്തിൽചേർത്തുവെന്ന കുപ്രചാരണത്തെ പാശ്ചാത്യൻഗവേഷകർ തള്ളിക്കളഞ്ഞിട്ടുണ്ട്. അതേസമയം അവിടങ്ങളിലെല്ലാം തികഞ്ഞ നീതിയോടെ , സഹാനുഭൂതിയോടെ മുസ്‌ലിംകൾ പെരുമാറിയെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്. പാശ്ചാത്യൻ ഗവേഷകനായ എൽ. ബ്രൗൺ ആ ആരോപണത്തെക്കുറിച്ച് നടത്തിയ പരാമർശം ശ്രദ്ധേയമാണ്:' സാന്ദർഭികമായി പറയട്ടെ, മുസ്‌ലിംകൾ കടന്നുചെന്ന പ്രദേശങ്ങളിലെല്ലാം തദ്ദേശീയരെ വാൾമുനയിൽ നിർത്തി ഇസ്‌ലാം സ്വീകരിപ്പിച്ചുവെന്ന നുണയെ ക്രൈസ്തവഎഴുത്തുകാർ തങ്ങളുടെ സൃഷ്ടികളിൽ സർവാംഗീകൃതവസ്തുതയെന്നോണം എഴുന്നള്ളിക്കുന്നതു കാണുന്നു.'10

മുസ്‌ലിംകൾ അന്യനാടുകളിൽ കടന്നുചെന്നതിന്റെ പിന്നിലെ പ്രചോദനമായി വർത്തിച്ചത് ഇസ്‌ലാമിന്റെ സാഹോദര്യബന്ധമായിരുന്നുവെന്ന് തന്റെ 'പ്രോസ്‌പെക്റ്റ്സ് ഓഫ് ഇസ്‌ലാം' എന്ന പുസ്തകത്തിൽ ബ്രൗൺ പറയുന്നുണ്ട്. പ്രവിശാലമായ ഭൂപ്രദേശങ്ങളിലെ മുസ്‌ലിംഭരണാധികാരികളെല്ലാംതന്നെ ഇതരമതസ്ഥരോട് അത്യാദരവോടെയും സഹാനുഭൂതിയോടെയുമാണ് ഇടപെട്ടത്. ഇസ്‌ലാമികാധിപത്യത്തിൻ കീഴിൽ സമ്പൂർണസ്വാതന്ത്ര്യത്തോടെ ജൂതരും ക്രൈസ്തവരും സുരക്ഷിതമായി കഴിയുകയുണ്ടായി.

ഒട്ടോമൻ സാമ്രാജ്യത്തിലെ സൽജൂക് ഭരണാധികാരികളുടെ നടപടികളെല്ലാംത ന്നെ ഇസ്‌ലാംമുന്നോട്ടുവെച്ച നീതിയുടെയും സഹാനുഭൂതിയുടെയും അനുസ്മര ണമായിരുന്നു. ക്രൈസ്തവർ എന്തുകൊണ്ട് സൽജൂകുകൾക്ക് വിധേയരാകാൻ ത യ്യാറായി എന്നതിന്റെ കാരണം ചരിത്രകാരനായ സർ തോമസ് ആർണൾഡ് തന്റെ 'ദ പ്രീചിങ് ഓഫ് ഇസ്‌ലാം' എന്ന പുസ്തകത്തിൽ പറയുന്നു: 'മുസ്‌ലിംഭര ണാധികാരികൾക്കുകീഴിൽ തങ്ങൾ അനുഭവിച്ച സുരക്ഷയുടെയും മതസ്വാതന്ത്ര്യ ത്തിന്റെയും അനുഭവചരിത്രസാക്ഷ്യങ്ങളാണ് ഏഷ്യാമൈനറിലെ ക്രൈസ്തവരെ സൽജൂക് ഭരണാധികാരികൾക്ക് സ്വാഗതമോതുന്നതിന് പ്രേരിപ്പിച്ചത്...മൈക്കൽ എട്ടാമന്റെ(1261–1282) ഭരണകാലത്ത് ഏഷ്യാമൈനറിന്റെ ഉൾനാടൻപ്രദേശങ്ങൾ കീഴടക്കാൻ അവർ മുസ്‌ലിംകളെ ക്ഷണിക്കുകപോലുമുണ്ടായി. അതിലൂടെ ഏകാ ധിപതിയുടെ ക്രൂരതകളിൽനിന്ന് രക്ഷപ്പെടാമെന്നായിരുന്നു പ്രദേശവാസികളുടെ പ്രതീക്ഷ. പലപ്പോഴും തുർക്കി ആധിപത്യപ്രദേശങ്ങളിലേക്ക് പാവപ്പെട്ടവനും പ ണക്കാരനും ഒരുപോലെ കുടിയേറാനും അത് വഴിയൊരുക്കി.' 11

സൽജൂക്കികളുടെ സുവർണദശയെന്ന് അറിയപ്പെടുന്ന മലിക് ഷായുടെ കാലത്ത് കീഴടക്കപ്പെട്ട പ്രദേശങ്ങളിലെ ജനതയോട് തികഞ്ഞ വിട്ടുവീഴ്ചയോടെയും കാരു ണ്യത്തോടെയുമാണ് അദ്ദേഹം പെരുമാറിയത്. അതുകൊണ്ടുതന്നെ അദ്ദേഹം ആ ജനതയുടെ സ്മരണയിൽ എന്നുമുണ്ടായിരുന്നു. എല്ലാ ചരിത്രകാരൻമാരും അദ്ദേ ഹത്തിന്റെ നീതിബോധത്തെയും ഔദാര്യത്തെയും പ്രകീർത്തിച്ചെഴുതിയിട്ടുണ്ട്. സഹജീവിസ്നേഹംകാരണത്താൽ വേദക്കാരായ ആളുകൾ അദ്ദേഹത്തെ ഒരു പാട് സ്നേഹിച്ചു. അതെത്തുടർന്ന് ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തവിധം ഒ ട്ടേറെ പട്ടണങ്ങൾ സ്വമേധയാ മലിക് ഷായുടെ ആധിപത്യത്തിലേക്ക് കടന്നു ചെന്നു. രണ്ടാംകുരിശുയുദ്ധനീക്കത്തിൽ ലൂയിസ് ഏഴാമനെ മതകാര്യവാഹിയെ ന്ന നിലക്ക് അനുഗമിച്ച സെന്റ് ഡെനീസിലെ പാതിരി ഒഡോ ഡി ഡിയോജിലോ മുസ് ലിംഭരണാധികാരികൾ ജാതിമതഭേദമന്യേ പ്രജകളോട് അനുവർത്തിച്ച നീ തിപൂർവമായ നടപടികളെ എടുത്തുപറയുന്നത് സർ തോമസ് ആർണോൾഡ് വി വരിക്കുന്നതിങ്ങനെ:'മുഹമ്മദീയരുടെ ദൃഷ്ടിയിൽ പെട്ടില്ലായിരുന്നുവെങ്കിൽ യുദ്ധ ത്തിൽ ബാക്കിയായവരുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരമാകുമായിരുന്നു. രോഗികളായവരെ അവർ പരിചരിച്ചു. ദരിദ്രരെയും പട്ടിണിക്കാരെയും തുറന്ന ഔ ദാര്യമനസ്സോടെ അവർ സഹായിച്ചു. ഗ്രീക്കുകാർ തീർഥാടകരിൽനിന്ന് കൗശല ത്തോടെയും ബലംപ്രയോഗിച്ചും കവർന്നെടുത്ത ഫ്രഞ്ച് നാണയങ്ങൾ അവർ വീ ണ്ടെടുത്ത് അർഹതപ്പെട്ട അഗതികൾക്ക് നൽകി. ഗ്രീക്ക് ക്രൈസ്തവർ തീർഥാടക രെ ബലംപ്രയോഗിച്ച് പണിയെടുപ്പിക്കുകയും മർദ്ദിക്കുകയും അവരുടെ കയ്യിലു ണ്ടായിരുന്ന സമ്പത്തെല്ലാം കൊള്ളയടിക്കുകയുംചെയ്തു. തങ്ങളുടെ സഹോദര ങ്ങളോട് ഗ്രീക്കുകാർ ചെയ്തത് താരതമ്യം ചെയ്യുമ്പോൾ മുസ്‌ലിംകളുടെ അവ

രോടുള്ള പെരുമാറ്റം എത്രയോ ഉദാത്തമാണ്. അക്കാരണംകൊണ്ടുതന്നെ ഒട്ടേറെ പേർ ഇസ്‌ലാമിലേക്ക് കടന്നുവന്നു. ആ വൃദ്ധസന്ന്യാസി(ഒഡോ ഡി ഡി യോജിലോ) പറയുന്നു:'തങ്ങളോട് അങ്ങേയറ്റംക്രൂരമായി പെരുമാറിയ ഗ്രീക്ക് ക്രൈസ്തവരുടെ അരക്ഷിതത്ത്വത്തിൽനിന്ന് അങ്ങേയറ്റം സഹാനുഭൂതിയോടെയും കാരുണ്യത്തോടെയും പെരുമാറിയ അവിശ്വാസികളായ തുർക്കിമുസ്‌ലിംകളുടെ ചേരിയിലേക്ക്  നാം കേട്ടതനുസരിച്ച് മുവായിരത്തിലേറെ പേർ കൂടുമാറുകയുണ്ടായി.' [12]

മുസ്‌ലിംഭരണാധികാരികളെല്ലാംതന്നെ ഇസ്‌ലാം അനുശാസിച്ചതനുസരിച്ചുള്ള മൂല്യങ്ങൾ പുലർത്തിക്കൊണ്ടാണ് നാടുഭരിച്ചതെന്ന്  ചരിത്രകാരൻമാരുടെ മേൽ വിവരണങ്ങളെല്ലാം വെളിപ്പെടുത്തുന്നുണ്ട്.  അപ്രകാരംതന്നെ മൂന്ന് ഭൂഖണ്ഡങ്ങളിൽ ആധിപത്യംവാണ ഒട്ടോമൻ സാമ്രാജ്യത്തിന്റെ ചരിത്രത്തിലും നീതിപൂർവകമായ നടപടികളുടെ സംഭവപരമ്പരതന്നെ കാണാനാകും.

സുൽത്താൻ ബയാസിദ് രണ്ടാമന്റെ കാലത്ത് , സ്പെയിനിലെയും പോർച്ചുഗലിലെയും കത്തോലിക്കാരാജഭരണകൂടത്തിന്റെ പീഡനങ്ങളിലും അറുകൊലയിലും ഗതിമുട്ടിയ ജൂതൻമാർ  ഒട്ടോമൻ ആധിപത്യത്തിൻകീഴിലുള്ള പ്രദേശങ്ങളിൽ കുടിയേറിയത് മുസ്‌ലിംകളുടെ ദയാനുകമ്പയ്ക്ക് ഏറ്റവും ഉത്തമോദാഹരണമാണ്. അന്തലൂസിയയിൽ മുസ്‌ലിംഭരണകൂടങ്ങളുടെ കീഴിലായിരുന്നപ്പോൾ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യവും സമാധാനവും ശരിക്കറിയാമായിരുന്ന ജൂതൻമാരെ സംബന്ധിച്ചിടത്തോളം കത്തോലിക്കഭരണകൂടങ്ങളുടെ കടുത്ത സമ്മർദ്ദം അസഹനീയമാവുകയെന്നത് സ്വാഭാവികമായിരുന്നു. അന്തലൂസിയയിൽ മുസ്‌ലിംകളും ക്രൈസ്തവരും ജൂതൻമാരും നല്ല സൗഹാർദ്ദത്തിലായിരുന്നുവല്ലോ  കഴിഞ്ഞിരുന്നത്. ഈ ഘട്ടത്തിലാണ് കത്തോലിക്കാരാജാവ് രാജ്യനിവാസികളോടെല്ലാം ക്രൈസ്തവവിശ്വാസം പുൽകാനാവശ്യപ്പെട്ടത്. അവർ ജൂതൻമാരെ അടിച്ചമർത്തുകയും മുസ്‌ലിംകളോട് യുദ്ധം പ്രഖ്യാപിക്കുകയുംചെയ്തു. അതെത്തുടർന്ന്  1492- ൽ തെക്കൻസ്പെയിനിലെ ഗ്രാനഡപ്രവിശ്യയിലെ മുസ്‌ലിംഭരണാധികാരി സ്ഥാനഭ്രഷ്ടനാവുകയുണ്ടായി.  മുസ്‌ലിംകൾ കൂട്ടത്തോടെ അറുകൊല ചെയ്യപ്പെട്ടു. മതപരിവർത്തനംചെയ്യാൻ തയ്യാറാകാതിരുന്ന ജൂതൻമാരെ  നാടുകടത്തി.

അക്കൂട്ടത്തിൽ പെട്ട ജൂതൻമാരുടെ ഒരു സംഘം  ഒട്ടോമൻ സാമ്രാജ്യത്തിൽ അഭയംതേടി.  അധികാരികൾ അവർക്ക് താമസിക്കാനിടംകൊടുത്തു. കമാൽ റീസിന്റെ കീഴിലുള്ള നാവികസേന പ്രവാസജൂതൻമാരെയും കൂട്ടക്കുരുതിയിൽനിന്ന് രക്ഷപ്പെട്ട മുസ്‌ലിംകളെയും  രക്ഷപ്പെടുത്തി ഒട്ടോമൻ ഭരണാധിപത്യത്തിൻ കീഴിലുള്ള നാടുകളിലേക്ക് കൊണ്ടുവന്നു.

ചരിത്രത്തിലെ ഏറ്റവും ദൈവഭക്തനായ വിശ്വാസിയായാണ് സുൽത്താൻ ബയാസിദ് രണ്ടാമൻ സ്മരിക്കപ്പെടുന്നത്.  പീഡനങ്ങൾക്കുശേഷം സ്പെയിനിൽനിന്ന് നാടുകടത്തപ്പെട്ട ജൂതൻമാരെ ഇന്നത്തെ ഗ്രീസിലെ തെസ്സലോണിക എന്നറിയപ്പെടുന്ന ദേശത്ത് സുൽത്താൻ പാർപ്പിച്ചു. ആ സ്പാനിഷ് ജൂതൻമാരുടെ പിൻഗാമികളായി ഏതാണ്ട് 25000 ജൂതൻമാർ ഇന്ന് തുർക്കിയിലുണ്ട്. 500 വർഷങ്ങൾക്ക്മുമ്പ് സ്പെയിനിൽനിന്ന് കൊണ്ടുവന്ന ആ മതപാരമ്പര്യം മുറുകെപ്പിടിച്ച് തങ്ങളുടെ സ്കൂളുകളും ആശുപത്രികളും  വൃദ്ധസദനങ്ങളും ദിനപത്രങ്ങളും സാംസ്കാരികപ്രവർത്തനങ്ങളും അവർ ഇന്നും  നടത്തിക്കൊണ്ടിരിക്കുന്നു. യൂറോപ്പിൽ സെമിറ്റിക് -വംശീയ വിരുദ്ധആക്രമണങ്ങൾക്കും ഭീഷണികൾക്കുംവിധേയരായി ജൂതൻമാർ നൂറ്റാണ്ടുകളോളം ജീവിച്ചപ്പോഴും തുർക്കിയിൽ അവർ സമാധാനത്തിലും സുരക്ഷയിലും കഴിഞ്ഞുകൂടി.  ഇസ്‌ലാമിന്റെ നീതിബോധവും സഹജീവിസ്നേഹവും അടുത്തറിയാൻ ഈ ഒരൊറ്റ ഉദാഹരണം മതിയാകും.

സുൽത്താൻ ബയാസിദ് രണ്ടാമന്റെ ആ ദയാവായ്പും സ്നേഹവും ഏതാണ്ടെല്ലാ ഒട്ടോമൻ ഭരണാധികാരികളും പിന്തുടർന്നുവെന്നുതന്നെ പറയാം.  ഇസ്തംബൂൾ കീഴടക്കിയ സുൽത്താൻ മുഹമ്മദ്, ക്രൈസ്തവർക്കും ജൂതൻമാർക്കും സർവതന്ത്രസ്വാതന്ത്ര്യത്തോടെ ജീവിക്കാൻ അവസരംനൽകി. ഇസ്‌ലാമികലോകത്തെ മുസ്‌ലിംഭരണാധികാരികളുടെ നീതിനിഷ്ഠയെയും ജീവകാരുണ്യത്തെയും  വിവരിച്ച് ഒട്ടേറെ ഗ്രന്ഥങ്ങൾ എഴുതിയ ആളാണ് ആന്ദ്രെ മികെൽ. അദ്ദേഹം പറയുന്നു:' ബൈസാന്റിയൻ, ലാറ്റിൻ ആധിപത്യകാലത്തൊന്നും അനുഭവിച്ചിട്ടില്ലാത്ത ക്ഷേമാശ്വൈര്യങ്ങൾ ആസ്വദിച്ചാണ് ഒട്ടോമൻ ഭരണത്തിൽകീഴിൽ ക്രൈസ്തവസമൂഹം ജീവിച്ചത്. യാതൊരുതരത്തിലുമുള്ള പീഡനങ്ങളൊന്നും അവർക്ക് ഏൽക്കേണ്ടിവന്നില്ല. അതേസമയം,  പീഡിതരായ സ്പാനിഷ് ജൂതസമൂഹത്തിന്  ഇസ്തംബൂൾ ഭരണകൂടം  അഭയമൊരുക്കി. ആരും നിർബന്ധിതരായി ഇസ്‌ലാം സ്വീകരിച്ചില്ല. സാമൂഹികവികസനത്തിന്റെ സ്വാധീനംകൊണ്ട്  ഇസ്‌ലാമിലേക്ക് ആളുകൾ  കടന്നുവരികയായിരുന്നു.'13

ഒട്ടോമൻ ഭരണകൂടത്തിന് മുമ്പുള്ള മുസ്‌ലിം വാഴ്ചക്കാലത്തും ഇസ്‌ലാമേതരസമൂഹങ്ങൾക്ക്  ഒട്ടേറെ അവകാശങ്ങൾ ആസ്വദിക്കാനായിട്ടുണ്ട്. ജോർജ്ടൗൺ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായ ജോൺ .എൽ. എസ്പോസിറ്റോ മുസ്‌ലിംഭരണകൂടങ്ങൾക്ക് കീഴിൽ ക്രൈസ്തവരും ജൂതൻമാരും എത്തിപ്പെട്ടതിനെക്കുറിച്ച് കൃത്യമായി വിവരിക്കുന്നുണ്ട്: ''

വൈദേശികാധിപത്യത്തിൻകീഴിൽ വന്ന ബൈസാന്റൈൻ ,പേർഷ്യൻ പ്രദേശങ്ങളിലെ വേദക്കാരായ സമൂഹത്തിന് പിന്നീട് വന്ന ഇസ് ലാമികഭരണകൂടം അത്ഭുതം ജനിപ്പിക്കുന്നതായിരുന്നു. പുതിയ അധികാരികൾ വിട്ടുവീഴ്ചചെയ്യുന്നവരും

സഹിഷ്ണുക്കളുമായിരുന്നു. തങ്ങളുടെ സ്വാതന്ത്ര്യം അവർക്ക് വിനഷ്ടമായില്ല. ആ ജനത സ്വയംഭരണത്തിന് അവസരം നൽകപ്പെട്ടിരുന്നു. വളരെ കുറഞ്ഞ നികുതി മാത്രമേ അവർക്ക് ഒടുക്കേണ്ടിവന്നുള്ളൂ. മതപരമായി നോക്കിയാൽ, ജൂത-ക്രൈസ്തവസമൂഹത്തിന് ഏറ്റവും കൂടുതൽ സ്വാതന്ത്ര്യം നൽകുകയും സഹിഷ്ണുത കാട്ടുകയുംചെയ്തത് ഇസ്ലാമാണെന്ന് ഇതിലൂടെ തെളിയുന്നു'. [14]

ചരിത്രത്തിലൊരിക്കലും മുസ്ലിംകൾ അടിച്ചമർത്തൽ ശക്തികളായിരുന്നില്ലെന്നാണ് ഈ വസ്തുകളൊക്കെ വെളിപ്പെടുത്തുന്നത്. എന്നല്ല, മുസ്ലിംകൾ കടന്നുചെന്ന ദേശങ്ങളിൽ മതജാതി പരിഗണനകൾക്കതീതമായി പ്രജകൾക്കെല്ലാം പൂർണമായ സുരക്ഷിതത്ത്വവും സമാധാനവും അവർ ഉറപ്പുവരുത്തുകയുണ്ടായി. ഖുർആനിലൂടെ നൽകപ്പെട്ട ദൈവത്തിന്റെ കൽപന അവർ മുറുകെപ്പിടിച്ചു:' നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. മാതാപിതാക്കളോട് നന്നായി വർത്തിക്കുക. ബന്ധുക്കൾ, അനാഥകൾ, അഗതികൾ, കുടുംബക്കാരായ അയൽക്കാർ, അന്യരായ അയൽക്കാർ, സഹവാസികൾ, വഴിപോക്കർ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ; എല്ലാവരോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചവും ദുരഹങ്കാരവുമുള്ള ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല'(അന്നിസാഅ് 36).

ചുരുക്കത്തിൽ , സൗഹൃദവും സാഹോദര്യവും സമാധാനവും സ്നേഹവും എല്ലാംതന്നെ ഖുർആന്റെ അടിസ്ഥാനധാർമികമൂല്യങ്ങളാണ്. ഈ മൂല്യങ്ങളെ മുറുകെപ്പിടിക്കാനാണ് മുസ്ലിംകൾ എന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

## അദ്നാൻ അഖ്തറുമായി അഭിമുഖം

## നബിയുടെ സ്നേഹം മുസ്ലിംകളുടെ മാതൃകയാകണം

അദ്നാൻ അഖ്തർ: ഖുർആനിൽ വേദക്കാരെപ്പറ്റി സവിശേഷം പ്രസ്താവിക്കുന്നത് കാണാനാകും. അത് ആർക്കും അജ്ഞാതമൊന്നുമല്ല. വേദക്കാരെ എവിടെക്കണ്ടാലും വധിക്കണമെന്നും അവരുടെ വിവാഹസദസ്സിൽ നുഴഞ്ഞുകയറി ബോംബുവെച്ച് സ്ത്രീകളെയും കുട്ടികളെയും കൊന്നുകളയണമെന്നും ചില മൂഢൻമാർ ധരിച്ചുവശായിരിക്കുന്നു. പക്ഷേ, അതെല്ലാം കൊടിയ പാപമാണ്. അത്തരം നീക്കങ്ങളൊന്നുംതന്നെ ഇസ്ലാമിന്റേതല്ല. ഇസ്ലാം സ്നേഹവും സൗഹാർദ്ദവും കാരുണ്യവുമാണ് അനുവർത്തിക്കുന്നത്. ദൈവം വേദക്കാരെ നമ്മിൽ വിശ്വസിച്ചേൽപിച്ചിരിക്കുകയാണ്. ദൈവനിശ്ചയത്താൽ തുർക്കിഗവൺമെന്റിന്റെ സംരക്ഷണത്തിലായിരിക്കും അവർ. ഹസ്റത്ത് ഉമർ (റ) കാലത്ത് ക്രൈസ്തവ ജനതയും മുസ്ലിംകളും തമ്മിലുണ്ടാക്കിയ കരാർ നാം കണ്ടതാണല്ലോ. ഹീറയി

ലെ ക്രൈസ്തവരും മുസ്‌ലിംകളും തമ്മിലുണ്ടാക്കിയ ഉടമ്പടിയനുസരിച്ച്, ക്ഷേമാശ്വൈര്യങ്ങൾ നഷ്ടപ്പെട്ട് ദാരിദ്ര്യാവസ്ഥയിലെത്തിയ കുടുംബങ്ങളിലും രോഗം കൊണ്ടും വാർധക്യംകൊണ്ടും കഷ്ടപ്പെടുന്ന വയോജനങ്ങളിലുമടക്കം എല്ലാ ക്രൈസ്തവസഹോദരങ്ങൾക്കും പൊതുഖജനാവിൽനിന്ന് സാമ്പത്തികസഹായം ലഭ്യമായിരുന്നു. അല്ലാതെ, കൊല്ലുമെന്നോ, കഴുത്തറുക്കുമെന്നോ, ബോംബിടുമെന്നോ തുടങ്ങി വെറുപ്പിന്റെ വർത്തമാനമൊന്നും അവിടെയില്ലായിരുന്നു.

ഇനി , ഖുർആനും സുന്നത്തുമനുസരിച്ച് നോക്കിയാൽ തന്നെ ആ ഭീകരവാദികളുടെ ചെയ്തികളെല്ലാം തികച്ചുംതെറ്റാണ്. ഖുർആനിക നിർദ്ദേശവും തിരുചര്യയുമനുസരിച്ച് വേദക്കാരോടുള്ള സമീപനം ഇതാണ്. നോക്കുക:' ക്ഷേമാശ്വൈര്യങ്ങൾ നഷ്ടപ്പെട്ട് ദാരിദ്ര്യാവസ്ഥയിലെത്തിയ കുടുംബങ്ങളിലും രോഗംകൊണ്ടും വാർധക്യംകൊണ്ടും കഷ്ടപ്പെടുന്ന വയോജനങ്ങളിലുംപെട്ടവരടക്കം എല്ലാ ക്രൈസ്തവസഹോദരങ്ങൾക്കും പൊതുഖജനാവിൽനിന്ന് സാമ്പത്തികസഹായം ' എന്നതിൽ അസാധാരണമായ എന്തോ ഒന്ന് കാണാനാകുന്നില്ലേ? രാജ്യത്തെ പൗരൻമാർക്ക് ഇതെല്ലാം ലഭിക്കുന്നുണ്ട്. പക്ഷേ, ഇത് ' .....ഇസ്‌ലാമികസ്റ്റേറ്റിന്റെ ആധിപത്യത്തിൻ കീഴിലുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ക്രൈസ്തവർക്ക് ' പ്രത്യേകമായി ഏർപ്പെടുത്തിയതാണ്. ക്രൈസ്തവർക്കും ജൂതൻമാർക്കും ഉസ്മാൻ (റ)ന്റെ കാലത്ത് കീഴടങ്ങിയ അർമേനിയൻ പട്ടണമായ ദെബിലിലെ സതുരാഷ്ട്രർക്കും വേണ്ടി തയ്യാറാക്കിയ കരാറാണിത്. അവർക്ക് ആരാധനാസ്വാതന്ത്ര്യവും സുരക്ഷയും അതിലുറപ്പുനൽകിയിട്ടുണ്ടായിരുന്നു. ചർച്ചുകൾ പുതുക്കിപ്പണിയാൻ അനുവാദംകൊടുത്തു. പുതുതായി സിനഗോഗുകളും ആശ്രമങ്ങളും പണിയാൻ അവസരമൊരുക്കി. കത്തിച്ചാമ്പലായ ആശ്രമം പത്രിയാർക്കീസ് മാർ എയ്മ് പുതുക്കിപ്പണിയുകയുണ്ടായി. അല്ലാതെ അവിടെ ബോംബിടലും നരഹത്യയും അല്ല നടമാടിയത്. അവരുടെ സ്വത്തുവകകൾ സംരക്ഷിക്കപ്പെട്ടു. അവർക്ക് മതപരിവർത്തനമൊന്നും നേരിടേണ്ടിവന്നില്ല. ആർക്കും ആ നാടുകളിൽ കടന്നുവന്ന് തങ്ങളുടെ വിശ്വാസസംഹിതകളനുസരിച്ച് ജീവിക്കാൻ കഴിഞ്ഞിരുന്നു.(ഗാസിയൻതെപ് ഒലേടിവി , 23 ജനുവരി 2010)

# മതത്തെ കരുവാക്കുന്ന ഭീകരരുടെ തനിനിറം

നിരപരാധികളായ ആളുകൾക്കെതിരിലുള്ള എല്ലാ ഭീകരപ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ അന്തസ്സത്തയ്ക്ക് യോജിക്കാത്തതാണെന്ന് മേൽ വിശകലനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ഒരു മുസ്‌ലിമും അത്തരത്തിൽ പ്രവർത്തിക്കാനുള്ള സാധ്യത ഒട്ടുമേയില്ല. നേരെ മറിച്ച്, അത്തരം ഭീകരവൃത്തികൾക്ക് തുനിഞ്ഞിറങ്ങുന്നവരെ തടയേണ്ട ബാധ്യത മുസ്‌ലിംകളുടെതാണ്. ലോകജനതയ്ക്ക് സുരക്ഷിതത്വവും സമാധാനവും ഉറപ്പുവരുത്തുംവിധം എല്ലാ 'അധാർമിക-അക്രമ'പ്രവർത്തനങ്ങളും ഇല്ലാതാക്കുകയാണ് അവർ ചെയ്യേണ്ടത്.
'ക്രൈസ്തവഭീകരത','യഹൂദഭീകരത', 'ഇസ്‌ലാമികഭീകരത' എന്നിങ്ങനെയുള്ള അഭിസംബോധനകൾ അസാധ്യമാണ്. വാസ്തവത്തിൽ,അക്രമഭീകരപ്രവർത്തനങ്ങൾ നടത്തുന്നവരുടെ പിന്നാമ്പുറങ്ങൾ പരിശോധിച്ചാൽ ഭീകരത മതങ്ങളുമായി ബന്ധപ്പെട്ടതല്ലെന്നും, അതൊരു സാമൂഹികപ്രശ്നമാണെന്നും ഏവർക്കും ബോധ്യമാകും.

## കുരിശുയോദ്ധാക്കൾ: സ്വമതത്തെ ചവിട്ടിയരച്ച പ്രാകൃതർ

നേരത്തേ സൂചിപ്പിച്ചതുപോലെ , ഒരു മതത്തിന്റെയോ വിശ്വാസസംഹിതയുടെയോ ആശയങ്ങൾ പലപ്പോഴും അതിലെ കപടവിശ്വാസികളുടെ പ്രവർത്തനഫലമായി വികൃതമാക്കപ്പെടാം. ക്രൈസ്തവചരിത്രത്തിലെ ഇരുണ്ട അധ്യായമായ കുരിശുയോദ്ധാക്കൾ തന്നെ അതിന് ഏറ്റവും നല്ല ഉദാഹരണം.

പതിനൊന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ ഭൂഖണ്ഡാന്തരപര്യവേഷണത്തിനിറങ്ങി പുണ്യഭൂമിയായ ഫലസ്തീനും സമീപപ്രദേശങ്ങളും മുസ്‌ലിംകളിൽനിന്ന് പിടിച്ചെടുക്കാനെത്തിയ ഒരുസംഘം യൂറോപ്യൻ ക്രൈസ്തവരായിരുന്നു കുരിശുയോദ്ധാക്കൾ. പ്രഖ്യാപിതലക്ഷ്യത്തിനായി ഇറങ്ങിത്തിരിച്ചെങ്കിലും കടന്നുചെന്നിടങ്ങളിലെല്ലാം ഭീതിപരത്തി വിശാലമായ ഭൂപ്രദേശങ്ങൾ അവർ തരിശുനിലങ്ങളാക്കി മാറ്റി. പിന്നിട്ട പ്രദേശങ്ങളിലെ വീടുകളും നിർമിതികളും അവർ നശിപ്പിച്ചു. തദ്ദേശീയജനതയെ കൂട്ടക്കൊലചെയ്തു. അങ്ങനെ ഇസ്‌ലാമികഭരണത്തിൻകീഴിൽ സമധാനത്തിലും സൗഹൃദത്തിലും കഴിഞ്ഞിരുന്ന മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും ജൂതൻമാരുടെയും വിശുദ്ധനഗരിയായ ജറുസലമിൽ രക്തംചാലിട്ടൊഴുകി.നഗരവാസികളായ മുസ്‌ലിംകളെയും ജൂതൻമാരെയും നിർദാക്ഷിണ്യം കശാപ്പുചെയ്തു.

ചരിത്രകാരൻമാരിലൊരാൾ അതെപ്പറ്റി പറഞ്ഞതിങ്ങനെ:'സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ലാതെ തങ്ങളുടെ കൺമുന്നിൽ പെട്ട എല്ലാ ക്രൈസ്തവ

രെയും മുസ്‌ലിംകളെയും അവർ  കൊന്നു.[15]

ആദ്യകുരിശുയുദ്ധ(1096–1099)ത്തിൽ പങ്കെടുത്ത കുരിശുയോദ്ധാക്കളിലൊരാളും ചരിത്രാഖ്യാതാവുമായ റെയ്മണ്ട് ഓഫ് ആഗിൽസ് അന്നത്തെ അക്രമത്തെക്കുറിച്ച് വമ്പുപറഞ്ഞതിങ്ങനെ:

'എവിടെയും സുന്ദരമായ കാഴ്ചകളായിരുന്നു. നമ്മിൽ ചിലർ  ശത്രുക്കളുടെ തല അറുത്തെടുത്തു(അത്  കാരുണ്യാതിരേകമായിരുന്നു). ഗോപുരമുകളിലുണ്ടായിരുന്നവരെ അമ്പെയ്ത് താഴെ വീഴ്ത്തി.  മറ്റുചിലരെ മൃഗീയമായി പീഡിപ്പിച്ച് തീകൊളുത്തിക്കൊന്നു. തലകളും കൈകാലുകളും നഗരത്തിന്റെ തെരുവോരങ്ങളിലെല്ലാം  കൂമ്പാരങ്ങളായി കിടക്കുന്നത് ഏവർക്കും കാണാമായിരുന്നു. ആർക്കെങ്കിലും ഒന്ന് വഴിനടക്കണമെങ്കിൽ ആളുകളുടെയും കുതിരകളുടെയും മൃതശരീരങ്ങൾ ചവിട്ടിക്കടന്നുപോകണം. പക്ഷേ, ആരാധനകളുടെ വേദിയായ, ശാന്തി അലതല്ലുന്ന സോളമൻക്ഷേത്രത്തിൽ നടന്നതുമായി താരതമ്യംചെയ്താൽ ഇതെല്ലാം നിസ്സാരമായിരുന്നു. ക്ഷേത്രവരാന്തയിലും അകത്തളത്തിലും പടയാളികൾ  തങ്ങളുടെ കാൽമുട്ടിന്റെയും കുതിരയുടെ കടിഞ്ഞാണിന്റെയും ഉയരത്തിൽ  തളംകെട്ടിനിന്ന രക്തത്തിലൂടെയാണ് കടന്നുപോയത്.[16] '

'രണ്ടുദിവസത്തിനുള്ളിൽ  കുരിശുയുദ്ധസേന നാൽപതിനായിരം മുസ്‌ലിംകളെ അതിക്രൂരമായി കൊന്നതെങ്ങനെയെന്ന് വിവരിച്ചിട്ടുണ്ട്.[17]

കുരിശുയോദ്ധാക്കളുടെ ക്രൂരത അവിടംകൊണ്ടുമവസാനിച്ചില്ല. അവർ നാലാം കുരിശുയുദ്ധവേളയിൽ  ക്രൈസ്തവകോൺസ്റ്റാന്റിനോപ്പിൾ നഗരം(ഇന്നത്തെ തുർക്കിയിലെ ഇസ്തംബൂൾ) തരിപ്പണമാക്കി ചർച്ചുകളിൽനിന്ന് സ്വർണംകൊണ്ടുണ്ടാക്കിയ പൂജാവസ്തുക്കൾ കവർന്നു.

ക്രൈസ്തവവിശ്വാസത്തിന്റെ അന്തസ്സത്തയ്ക്കെതിരായിരുന്നു ഈ ക്രൂരതകളെല്ലാം എന്നതിൽ സംശയമില്ല.  'നിങ്ങളുടെ ശത്രുവിനെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിപ്പിൻ'(മത്തായി 5:44)എന്ന സുവിശേഷപ്രമാണമനുസരിച്ച് സ്നേഹസന്ദേശമാണ് ക്രൈസ്തവത. 'നിന്റെ ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതുംകൂടി കാണിച്ചുകൊടുക്ക(ലൂക്കോസ് 6: 29) ' എന്ന് പ്രവാചകൻ യേശുപറഞ്ഞതായി ലൂക്കോസിന്റെ സുവിശേഷത്തിൽ പറയുന്നുണ്ട്. സുവിശേഷങ്ങളിലെവിടെയും അക്രമത്തെ സാധൂകരിക്കുന്ന യാതൊരു പരാമർശവും കാണാനാകില്ല. അതുകൊണ്ടുതന്നെ നിരപരാധികളെ  കൂട്ടക്കശാപ്പുചെയ്യുന്നത് സങ്കൽപിക്കാനേ വയ്യ.  പ്രവാചകനായ യേശു ശിശുവായിരിക്കുമ്പോൾ അദ്ദേഹത്തെ കൊല്ലാൻ ക്രൂരനായ ഹെരോദ് രാജാവ് ശ്രമിച്ചതല്ലാതെ 'നിരപരാധിക

ളെ കൊല്ലുക'യെന്നത് ബൈബിളിൽ കാണുകയേ ഇല്ല.

അക്രമത്തെ അംഗീകരിക്കാത്ത , സ്നേഹത്തെ മാത്രം ഉദ്ഘോഷിക്കുന്ന മതമാണ് ക്രൈസ്തവതയെന്നിരിക്കെ ചരിത്രത്തിൽ തുല്യതയില്ലാത്ത അക്രമപ്രവർത്തനങ്ങൾ നടത്താൻ കുരിശുയോദ്ധാക്കൾക്ക് എങ്ങനെ കഴിഞ്ഞു? അതിനുകാരണം ആ യോദ്ധാക്കൾ പാമരസമൂഹമായിരുന്നുവെന്നതാണ്. അവരെ ഒറ്റവാക്കിൽ 'തെമ്മാടിക്കൂട്ട'മെന്ന് വിശേഷിപ്പിക്കാം. ജീവിതകാലത്ത് ബൈബിൾ കാണുകയോ വായിക്കുകയോ ചെയ്യാത്ത തങ്ങളുടെ മതത്തെക്കുറിച്ച് യാതൊരു ചുക്കുമറിയാത്ത ആൾക്കൂട്ടമായിരുന്നു അവർ. വേദഗ്രന്ഥം മുന്നോട്ടുവെക്കുന്ന ധാർമിക മൂല്യങ്ങളെക്കുറിച്ച് അവരിലേറെപ്പേരും അജ്ഞരായിരുന്നു. അക്രമങ്ങളെ 'ദൈവ ഇംഗിത'മാണതെന്ന് കുരിശുയോദ്ധാക്കൾ വിശേഷിപ്പിച്ചതതുകൊണ്ടാണ്. വഞ്ചനാത്മകമായ ഈ നയംസ്വീകരിച്ചതിനാൽ ദൈവം കർശനമായി വിലക്കിയ ഭീകര വൃത്തികൾക്ക് അവർക്ക് സങ്കോചമേതുമുണ്ടായില്ല.

ആ ഘട്ടത്തിൽ പാശ്ചാത്യൻക്രൈസ്തവരെക്കാൾ സാംസ്കാരികൗന്നത്യം പുലർത്തിയിരുന്ന, കരുണാർദ്രരായ ബൈസാന്റിയൻ ക്രൈസ്തവരെക്കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. കുരിശുയുദ്ധങ്ങൾക്ക് മുമ്പും ശേഷവും മുസ്ലിംകളുമായി സഹവർത്തിത്വത്തോടെ കഴിയാൻ ആ ഓർത്തഡോക്സ് ക്രൈസ്തവർക്ക് കഴിഞ്ഞു. ബിബിസി കമന്റേറ്ററായ ടെറി ജോൺസ് പറയുന്നത്, മധ്യപൗരസ്ത്യദേശത്തുനിന്ന് കുരിശുയോദ്ധാക്കൾ മടക്കയാത്ര ആരംഭിച്ചപ്പോൾതന്നെ ഏകദൈവവിശ്വാസം അടിസ്ഥാനമായിസ്വീകരിച്ച മൂന്നുമതസമുദായങ്ങളും സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും നാഗരികജീവിതത്തിലേക്ക് തിരിച്ചെത്തിയെന്നാണ്.[18]

കുരിശുയോദ്ധാക്കളുടെ ഉദാഹരണം സാധാരണയായി കണ്ടുവരുന്ന പ്രതിഭാസത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു ആദർശത്തിന്റെ അനുയായികൾ എത്രമാത്രം അപരിഷ്കൃതരും ബൗദ്ധികനിലവാരം കുറഞ്ഞവരും അജ്ഞരും ആകുന്നുവോ അത്രമാത്രം അവർ അക്രമമാർഗങ്ങളെ ആശ്രയിക്കും. മതങ്ങളുമായി പുലബന്ധം പോലുമില്ലാത്ത മനുഷ്യനിർമിതപ്രത്യയശാസ്ത്രങ്ങളുടെ കാര്യത്തിലും ഇതു ശരിയാണെന്ന് കാണാം. ലോകത്തെ എല്ലാ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും കിരാതമുറകൾ സ്വീകരിക്കുന്നവരാണ്. ആ ഗണത്തിൽ രക്തദാഹികളും ക്രൂരൻമാരുമായി അറിയപ്പെട്ടിരുന്നത് കമ്പോഡിയയിലെ ഖമർറൂഷുകളാണല്ലോ. ഒട്ടുംതന്നെ വിവരമില്ലാത്ത ജനതയായിരുന്നു അവരെന്നതാണ് അതിനുകാരണം.

ഇവ്വിധം വിവരമില്ലാത്ത ജനത അതിരില്ലാത്ത ക്രൂരതകളെ പിന്തുണക്കുന്ന ആശയങ്ങളെ കൂട്ടുപിടിക്കും. അക്രമങ്ങളെ തള്ളിപ്പറയുന്ന ദൈവികമതത്തിന്റെ അനു

യായികളായി രംഗത്തുവരുന്ന വിവരംകെട്ടവരും സമാനരീതിയിൽ അക്രമവും ക്രൂരതയും അവലംബിക്കും. ഇന്ന് ഇസ്‌ലാമികലോകത്തുനടക്കുന്ന സംഭവവികാസങ്ങളെല്ലാംതന്നെ ഇതിനുദാഹരണമാണ്.

**ബദവി സ്വഭാവത്തെ ഖുർആൻ അനാവരണംചെയ്യുമ്പോൾ.**

മുഹമ്മദ് നബി(സ)യുടെകാലത്ത് അറേബ്യയിൽ രണ്ട് സാമൂഹികഘടനയിൽപെട്ട ജനതയാണ് ഉണ്ടായിരുന്നത്.നഗരവാസികളും മരുഭൂവാസം സ്വീകരിച്ച ബദവികളുമായിരുന്ന അവ. അറബ് പട്ടണങ്ങൾ ഉയർന്ന സാംസ്കാരികൗന്നത്യം പ്രകടിപ്പിച്ചിരുന്നു. വ്യാപാരയിടപാടുകൾ പുറംലോകവുമായി ബന്ധം പുലർത്തുന്നതിന് അവരെ സഹായിച്ചു. നഗരങ്ങളിൽ താമസിക്കുന്ന അറബികൾക്കിടയിൽ ഉന്നത സ്വഭാവമൂല്യങ്ങൾ ഉയിർകൊള്ളുന്നതിന് പ്രസ്തുത ജീവിതശൈലി കാരണമായി. സാഹിത്യത്തിലും കവിതകളിലും വേറിട്ട ആസ്വാദനമൂല്യങ്ങൾ അവർപുലർത്തിയിരുന്നു. നേരെമറിച്ച്, മരുഭൂമികളിലൂടെ ദേശാന്തരയാത്രകൾ നടത്തി ഉപജീവനംകഴിച്ചിരുന്ന അപരിഷ്കൃതരായിരുന്നു ബദവികൾ. കലകളെയും സാഹിത്യങ്ങളെയും കുറിച്ച് ഒട്ടും അറിവുതന്നെയുണ്ടായിരുന്നില്ല അവർക്ക്. അതിനാൽ പരുഷപ്രകൃതത്തോടെയാണ് അവർ വളർന്നത്.

അറേബ്യൻ ഉപദ്വീപിലെ പ്രമുഖനഗരമായ മക്കയിലെ ജനതയിലൂടെയാണ് ഇസ്‌ലാംവളർന്നുവികസിച്ചത്. ഉപദ്വീപിലെമ്പാടും ഇസ്‌ലാംപ്രചരിച്ചതോടെ ഒട്ടേറെ അറബ്ഗോത്രങ്ങൾ അതിലേക്കാകൃഷ്ടരായി. അക്കൂട്ടത്തിൽ മരുഭൂവാസികളായ അറബ് ബദവിഗോത്രങ്ങളുമുണ്ടായിരുന്നു. ഇസ്‌ലാം മുന്നോട്ടുവെക്കുന്ന മഹിതമൂല്യങ്ങളുടെ ആഴവും പരപ്പും ചൈതന്യവും മനസ്സിലാക്കി ഉൾക്കൊള്ളാൻ മാത്രമുള്ള സാംസ്കാരികോന്നതി അവർക്കില്ലാതിരുന്നത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിച്ചു. അതെപ്പറ്റി ദൈവം ഈ സൂക്തത്തിലൂടെ സൂചിപ്പിക്കുന്നത് കാണുക:

'പ്രാകൃതരായ അറബികൾ കടുത്ത സത്യനിഷേധവും കാപട്യവുമുള്ളവരത്രേ. അല്ലാഹു തന്റെ ദൂതന്ന് ഇറക്കിക്കൊടുത്ത നിയമപരിധികൾ അറിയാതിരിക്കാൻ കൂടുതൽ സാധ്യതയുള്ളതും അവർക്കാണ്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.(അത്തൗബ : 97)

'അവിശ്വാസവും കപടനയവും' മൂലം ദൈവികകൽപനകളെ ധിക്കരിക്കാൻ മാത്രം ഔദ്ധത്യം പുലർത്തിയവരായിരുന്നു ബദവികളിൽ പലരും. നബിയുടെ ജീവിതകാലത്തുള്ള ഇസ്‌ലാമികസമൂഹത്തിന്റെ ഭാഗമായിത്തീർന്നു അവർ. പക്ഷേ, തുടർന്നുള്ള കാലഘട്ടങ്ങളിൽ ദുർവ്യാഖ്യാനങ്ങളുടെയും തെറ്റായ ചിന്താഗതികളുടെയും ഫലമായി ഇസ്‌ലാമിന്റെ മഹിതധാർമികമൂല്യങ്ങളോട് യോജിച്ചുപോകാ

നാകാത്ത വ്യക്തിത്വങ്ങൾ അവരിലുദയംചെയ്തു.

ബദവി സമൂഹത്തിലെ 'ഖാരിജു'കൾ അത്തരക്കാർക്ക് ഉദാഹരണമാണ്. നബിചര്യയിൽനിന്ന് വ്യതിചലിച്ച് തങ്ങളുടെതായ ശാഠ്യബുദ്ധിയിൽ നിലകൊണ്ടവരായിരുന്നു അവർ. വന്യവും ഭ്രാന്തവുമായ സവിശേഷസ്വഭാവരീതികളായിരുന്നു അവരുടേത്. ഇസ്‌ലാമിന്റെ അന്തസ്സത്തയെക്കുറിച്ചോ ഖുർആന്റെ ധാർമികനിയമങ്ങളെക്കുറിച്ചോ കാര്യമായ അറിവില്ലാത്ത അക്കൂട്ടർ, ദുർവ്യാഖ്യാനംചെയ്ത ഖുർആൻ സൂക്തങ്ങളോതി മുസ്‌ലിംകളോട് യുദ്ധംചെയ്തു. എന്തിനേറെ, പലപ്പോഴും 'ഭീകരവൃത്തികളെ' അവർ അവലംബിച്ചു. 'അറിവിന്റെ കവാടം' എന്ന് മുഹമ്മദ് നബി (സ)വിശേഷിപ്പിച്ച, സന്തതസഹചാരികളിലൊരാളായ അലി(റ)യെ കൊന്നത് അക്കൂട്ടത്തിൽ പെട്ട ഒരു 'ഖാരിജ്' ആയിരുന്നല്ലോ.

അവസാനഘട്ടത്തിൽ 'ഹശാശികൾ' (ശീഈകളിലെ നിസാരി ഇസ്മാഈലി വിഭാഗം)എന്ന പേരിൽ ഒരു കിരാതസംഘം ഉദയംകൊണ്ടു. ഇസ്‌ലാമിന്റെ ധാർമിക മൂല്യങ്ങളെക്കുറിച്ച് യാതൊന്നുമറിയാത്ത സായുധമതഭ്രാന്തൻമാരുടെ കൂട്ടമായിരുന്നു അത് . അന്തസ്സാരശൂന്യമായ മുദ്രാവാക്യങ്ങളിലും വാഗ്ദാനങ്ങളിലും സ്വാധീനിക്കപ്പെടുന്നവരായിരുന്നു അവർ.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ക്രൈസ്തവവിശ്വാസത്തെ അക്രമമാർഗമായി തെറ്റുധരിപ്പിക്കുകയും ദുർവ്യാഖ്യാനിക്കുകയുംചെയ്ത കുരിശുയോദ്ധാക്കളെപ്പോലെ ഇസ്‌ലാമിനെ തെറ്റായി വ്യാഖ്യാനിച്ചും അക്രമശൈലി സ്വീകരിച്ചും ചില സംഘങ്ങൾ ഉയർന്നുവരികയുണ്ടായി. അത്തരത്തിലുള്ള സംഘങ്ങളുടെ സവിശേഷത അവർ അജ്ഞരും അപരിഷ്കൃതരും സംസ്കാരശൂന്യരുമായിരുന്നുവെന്നതാണ്. തങ്ങൾ നിലകൊള്ളുന്നുവെന്നവകാശപ്പെടുന്ന മതത്തിന്റെ മൂല്യങ്ങളെക്കുറിച്ച അറിവില്ലായ്മയാണ് അവരെ അക്രമത്തിന്റെ പാതയിലേക്ക് നയിച്ചത്.

## നിർദ്ദയനായ ഭീകരൻ ലക്ഷ്യമിടുന്നത് സർവനാശം.

റഷ്യൻ അരാജകപ്രസ്ഥാനത്തിന്റെ സ്ഥാപകനായ മൈക്കൾ ബാക്കുനിനും അനുയായി നെക്യയേവും മാതൃകാഭീകരനെ വിശദീകരിക്കുന്നത് ഇങ്ങനെ: 'നിലവിലുള്ള സാമൂഹികക്രമത്തോടും പരിഷ്കൃതലോകത്തോടും ധാർമിക-സാമ്പ്രദായിക മൂല്യങ്ങളോടും താത്ത്വിക-പ്രായോഗിക തലത്തിൽ ഒട്ടുംതന്നെ വിട്ടുവീഴ്ചയില്ലാത്ത കർക്കശനിലപാടാണ് 'വിപ്ലവകാരി'യുടെ സത്ത. അവന്റെ ജീവിതം അതിനായി ഉഴിഞ്ഞുവെച്ചതാണ്.'(ദ അലാം, ന്യൂസ്പേപ്പർ ആർട്ടിക്കിൾ, 'ബാകുനിൻസ് ഗ്രൗണ്ട് വർക് ഫോർ ദ സോഷ്യൽ റെവല്യൂഷൻ' 1885 ഡിസം. 26)

ബാകുനിന്റെയും നെക്യയേവിന്റെയും വാക്കുകളിൽനിന്ന് വ്യക്തമാകുന്നത് പോലെ തങ്ങളുടെ ലക്ഷ്യസാക്ഷാത്കാരത്തിന് വിഘാതമായി വരുന്ന ആത്മീയ-ഭൗതികസ്ഥാപനങ്ങളെയും അവ മുന്നോട്ടുവെക്കുന്ന ധാർമിക-സദാചാരമൂല്യങ്ങളെയും ഇല്ലായ്മചെയ്യുംവിധം അവയോടെല്ലാം നിതാന്തശത്രുതയോടെ പെരുമാറുന്നവരാണ് ഭീകരർ. ബാകുനിൻ പറയുന്നത് കാണുക:'രാപകലെന്ന വ്യത്യാസമില്ലാതെ വിപ്ലവകാരി ഒരേചിന്തയിലായിരിക്കും. ഒരൊറ്റ ലക്ഷ്യം മാത്രം; യാതൊരു ദയയും കാട്ടാതെ, എല്ലാം തച്ചുതകർക്കുക. മുൻകൂട്ടിതയ്യാറാക്കിയ അജണ്ടയനുസരിച്ച് വിശ്രമമില്ലാതെ ആ ലക്ഷ്യത്തിലേക്ക് കുതിക്കുമ്പോഴും , പ്രസ്തുത ലക്ഷ്യത്തെ അട്ടിമറിക്കുന്ന ശക്തികളെ തന്റെ കൈകൾക്കൊണ്ട് കൊല്ലാനും വേണ്ടിവന്നാൽ അതിനായി മരിക്കാനും അവൻ സദാ സന്നദ്ധനായിരിക്കണം'.
ഒരു ഭീകരൻ എങ്ങനെയുള്ളവനായിരിക്കണമെന്നതുസംബന്ധിച്ച് തന്റെ 'ഗ്രൗണ്ട് വർക് ഫോർ ദ സോഷ്യൽ റെവല്യൂഷൻ' എന്ന ലേഖനത്തിൽ ബാകുനിൻ വിവരിക്കുന്നതിങ്ങനെ:
'തന്നോടുതന്നെ വിട്ടുവീഴ്ചചെയ്യാത്ത അവൻ മറ്റുള്ളവരോടും അങ്ങനെതന്നെ. കുടുംബബന്ധം, സൗഹൃദം , സ്നേഹം, ഉപകാരസ്മരണ തുടങ്ങി എല്ലാ ചപലവികാരങ്ങളെയും കൃത്യമായവിപ്ലവപ്രവർത്തനങ്ങളിലൂടെ അടിച്ചമർത്തണം. '(ദ അലാം, ന്യൂസ്പേപ്പർ ആർട്ടിക്കിൾ, 'ബാകുനിൻസ് ഗ്രൗണ്ട് വർക് ഫോർ ദ സോഷ്യൽ റെവല്യൂഷൻ' 1885 ഡിസം. 26 പേജ് 2)

ഭീകരതയുടെ ഇരുണ്ട മുഖത്തെയാണ് ഈ വാക്കുകൾ വെളിപ്പെടുത്തുന്നത്. അതെല്ലാംതന്നെ സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മതമായ ഇസ്‌ലാമിന് കടകവിരുദ്ധമാണ്. പിശാചിന്റെ കാലടികൾ പിന്തുടർന്ന് യുദ്ധത്തിലേക്കും സംഘർഷത്തിലേക്കും വഴിതെളിക്കുന്ന ഭീകരതയുടെ നേർവിപരീതമാണ് ഇസ്‌ലാം മാനവസമൂഹത്തിന് സമർപ്പിക്കുന്ന സമാധാനമെന്ന് ദൈവം വ്യക്തമാക്കുന്നുണ്ട്.'വിശ്വസിച്ചവരേ, നിങ്ങൾ പൂർണമായി ഇസ്‌ലാമിൽ പ്രവേശിക്കുക. പിശാചിന്റെ കാൽപ്പാടുകളെ പിൻപറ്റരുത്. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്(അൽബഖറ 208).

## ഭീകരതയുടെ ആൾക്കൂട്ടമനഃശാസ്ത്രം

ആൾക്കൂട്ടംനൽകുന്ന ആവേശത്തിലാണ് ഭീകരരുടെ പ്രവർത്തനങ്ങളെന്നത് അതിന്റെ പ്രത്യേകതയാണ്. ആ ആവേശത്തള്ളിച്ചയിൽ വ്യക്തിഗതകാഴ്ചപ്പാടുകളോ നിലപാടുകളോ ആരും കണക്കിലെടുക്കുകയില്ല. എല്ലാവരും ഏകലക്ഷ്യത്തിലേക്ക് മുഖംതിരിച്ചിരിക്കുന്നുവെന്നതുതന്നെ അതിനുകാരണം. ഈ ആൾക്കൂട്ടലഹരിയുടെ ആവേശത്തിൽ അതുമിതുംചെയ്യുന്നവർ തങ്ങളുടെ വിവേകവും ത്യാജ്യഗ്രാഹ്യബുദ്ധിയും ഉപയോഗപ്പെടുത്തിയാൽ അത്തരം കിരാതവൃത്തികൾക്ക് തുനി

യുകയില്ലെന്നത് ഉറപ്പാണ്. ലോകത്തെ വിവിധ രാജ്യങ്ങളിലായി അറിയപ്പെട്ട ഭീകരസംഘങ്ങളിലൊക്കെത്തന്നെ ബുദ്ധിശൂന്യരും വിദ്യാഭ്യാസം സിദ്ധിക്കാത്തവരുമായ ആളുകൾ ഏതെങ്കിലും സ്ഥലത്ത് ഒത്തുകൂടി മുദ്യാവാക്യങ്ങൾ മുഴക്കിക്കൊണ്ട് ,എന്താണെന്നോ,എന്തിനാണെന്നോ തിരിച്ചറിയാതെ വികാരാവേശത്താൽ അതിക്രമങ്ങൾക്ക് ഒരുമ്പെടുന്നത് പതിവ് കാഴ്ചയാണ്. ഒരു നിമിഷാർധത്തിൽ അത്തരം ആളുകൾ മനുഷ്യത്വരഹിതമായ പ്രവൃത്തികൾക്ക് മുതിരുകയും കൊലചെയ്യാൻ പോലും മടികാട്ടാത്ത നീചൻമാരായി അധഃപതിക്കുകയുംചെയ്യുന്നു. ഇത്തരക്കാർ തനിച്ചാകുമ്പോൾ ശാന്തരും സൽസ്വഭാവികളുമായി തോന്നാമെങ്കിലും ഏതെങ്കിലും ഭീകരസംഘത്തിന്റെ ഭാഗമാകുന്നതോടെ എന്തിനെന്നറിയാതെ അക്രമത്തിനും രക്തചൊരിച്ചിലിനും മുന്നിട്ടിറങ്ങുന്നു. അത്തരം ആൾക്കൂട്ടത്തിലായിരിക്കുമ്പോൾ മരിക്കാനും തയ്യാറെടുത്തുകൊണ്ടായിരിക്കും അവരുടെ ഓരോ ചുവടുവെപ്പുകളും. ഭീകരവൃത്തികളിൽ പങ്കുകൊള്ളുന്നവരിലേറെയും ദുർബലചിത്തരും വിവേകശൂന്യരുമാണ്. അതിനാൽ ആൾക്കൂട്ട മനഃശാസ്ത്രമനുസരിച്ച് ഇടയന്റെ ഇംഗിതത്തിനൊത്ത് ചരിക്കുന്ന ആട്ടിൻപറ്റങ്ങളെപ്പോലെയായിരിക്കും അത്തരക്കാർ. അക്രമത്തിനും പ്രകോപനത്തിനും എളുപ്പത്തിൽ വംശവദരാകുന്ന അവർക്ക് സദ്ബുദ്ധിക്കും യുക്തിബോധത്തിനും പകരമുള്ളത് വികാരാവേശം മാത്രം. ആർക്കും എളുപ്പത്തിൽ അവരെ പ്രകോപിപ്പിക്കാനാകും. ഒരു നിയമത്തിനും കൂച്ചുവിലങ്ങിടാൻ കഴിയാത്തവിധം കൊടുംക്രൂരതകൾ പ്രവർത്തിക്കാൻ അവർക്ക് ഒട്ടും മടിയുമുണ്ടാവില്ല.

ആൾക്കൂട്ടത്തിന്റെ ചെയ്തികൾക്കൊത്ത് ചലിക്കാതെ, തങ്ങൾക്കുലഭിച്ചിട്ടുള്ള യുക്തിചിന്തയും വിവേകവും ഉപയോഗിച്ച് പ്രവർത്തിക്കാൻ ഖുർആൻ മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നുണ്ട്.
'നിനക്കറിയാത്തവയെ നീ പിൻപറ്ററുത്. കാതും കണ്ണും മനസ്സുമെല്ലാം ചോദ്യം ചെയ്യപ്പെടുന്നവതന്നെ.(അൽഇസ്റാഅ് 36)'

## ഭീകരതയുടെ ഉറവിടം : മൂന്നാം ലോകരാജ്യങ്ങളുടെ തീവ്രവാദം

ഇന്ന് അന്താരാഷ്ട്രതലത്തിൽതന്നെ ചർച്ചയായിരിക്കുന്ന 'ഇസ്ലാമികഭീകരത'യെന്ന പ്രതിഭാസത്തെക്കുറിച്ച് വ്യക്തമായൊരു ചിത്രം ലഭിക്കാൻ ചരിത്രത്തിലെ ചില സംഭവവികാസങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും. മതത്തിന്റെ പേരുപറഞ്ഞ് അക്രമപ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങുന്നവരും അവയെ പിന്തുണക്കുന്നവരും ഇസ്ലാമികലോകത്തെ ഒരുശതമാനംപോലുമില്ലാത്ത 'ബദവിസ്വഭാവികളും' ഡാർവിനിസ്റ്റ് ,ദൈവനിഷേധ-ഭൗതിക ആശയങ്ങൾ ഉള്ളിൽപേറുന്നവരാണ്. സമാധാനവും നീതിയുമാണ് ഇസ്ലാം മുന്നോട്ടുവെക്കുന്നതെന്ന യാഥാർഥ്യം തിരിച്ചറിയാതെ, ജനിച്ചുവളർന്ന സാമൂഹിക-സാംസ്കാരികപരിസരങ്ങളുടെ

സ്വാധീനഫലമായി അക്രമത്തെ കൂട്ടുപിടിക്കുകയാണവർ. സഹജീവികളോടുള്ള സ്നേഹവും കാരുണ്യവും ലവലേശം തൊട്ടുതീണ്ടാത്ത, സാംസ്കാരിക പിന്നാക്കാവസ്ഥയിലുള്ള ആളുകളുടെ വിവരമില്ലായ്മയാണ് 'മൂന്നാം ലോക തീവ്രവാദം' എന്നുവിശേഷിപ്പിക്കാവുന്ന കിരാതസ്വഭാവത്തിന് കാരണം.

കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി പാശ്ചാത്യൻ ശക്തികളുടെയും സഖ്യകക്ഷികളുടെയും അക്രമങ്ങൾക്ക് ലോകത്തെല്ലായിടത്തുമുള്ള മുസ്‌ലിംകൾ വിധേയരായിട്ടുണ്ടെന്നത് സത്യമാണ്. കൊളോണിയൽ ചിന്താഗതിവെച്ചുപുലർത്തുന്ന യൂറോപ്യൻരാജ്യങ്ങളും, പാശ്ചാത്യൻപിന്തുണയോടെ കൊളോണിയലിസ്റ്റുകളും പ്രാദേശികഭരണകൂടങ്ങളും മുസ്‌ലിംകളെ ക്രൂരമായി പീഡിപ്പിച്ചിട്ടുണ്ട്. പക്ഷേ, അത്തരം സാഹചര്യങ്ങളെ ഖുർആന്റെ നിലപാടുതറയിൽനിന്നുകൊണ്ടാണ് മുസ്‌ലിംകൾ സമീപിക്കേണ്ടത്.

അക്രമത്തെ അക്രമം കൊണ്ട് നേരിടണമെന്ന് ഖുർആനിലെവിടെയും കൽപിച്ചിട്ടില്ല. നേരെ മറിച്ച്, 'തിൻമയെ നൻമകൊണ്ടാണ് പ്രതിരോധിക്കേണ്ടതെന്ന്'അത് കൽപിക്കുന്നു:'നൻമയും തിൻമയും തുല്യമാവുകയില്ല. തിൻമയെ ഏറ്റവും നല്ല നൻമകൊണ്ട് തടയുക. അപ്പോൾ നിന്നോട് ശത്രുതയിൽ കഴിയുന്നവൻ ആത്മമിത്രത്തെപ്പോലെയായിത്തീരും'(ഹാമീം അസ്സജദ 34).

ക്രൂരതകൾക്കെതിരെ പ്രതികരിക്കാൻ മുസ്‌ലിംകൾക്ക് നിയമപരമായി അവകാശമുണ്ടെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ആ പ്രതികരണങ്ങൾ അന്ധമായ വെറുപ്പിന്റെയും അന്യായമായ ശത്രുതയുടെയും തലത്തിലേക്ക് മാറരുത്. അക്കാര്യം ദൈവം ഉണർത്തുന്നത് കാണുക:
'മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതിൽ നിന്ന് നിങ്ങളെ വിലക്കിയവരോടുള്ള വെറുപ്പ് അവർക്കെതിരെ അതിക്രമം പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. പുണ്യത്തിലും ദൈവഭക്തിയിലും പരസ്പരം സഹായികളാവുക. പാപത്തിലും പരാക്രമത്തിലും പരസ്പരം സഹായികളാകരുത്'(അൽമാഇദ 2).

അതുകൊണ്ടുതന്നെ 'ലോകത്തെ നല്ലപിള്ളകളായി' ഭാവിക്കുന്ന നാടുകളിലെ, നിരപരാധികൾക്കുനേരെ ഭീകരാക്രമണങ്ങൾ നടത്തുന്നത് ഒട്ടുംതന്നെ ഇസ്‌ലാമികമല്ല.

മറ്റൊരു സുപ്രധാനസംഗതികൂടി നാമോർക്കേണ്ടതുണ്ട്. ലോകത്ത് മുസ്‌ലിംകൾക്കെതിരിൽ നടത്തുന്ന അടിച്ചമർത്തലുകൾക്കും പീഡനങ്ങൾക്കും സകലപാശ്ചാത്യരാജ്യങ്ങളോ അവിടങ്ങളിലെ ജനതയോ ഉത്തരവാദികളല്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ ഉദയംചെയ്ത നിർമത-ഭൗതികപ്രത്യയശാസ്ത്രങ്ങളും ആശയസംഹിത

കളുമാണ് അക്രമപ്രവർത്തനങ്ങൾക്ക് ഉത്തരവാദി. ക്രൈസ്തവവിശ്വാസത്തിന്റെ സൃഷ്ടിയല്ല യൂറോപ്യൻ കൊളോണിയലിസം. എന്നാൽ ക്രൈസ്തവമൂല്യങ്ങളെ എതിർക്കുന്ന മതവിരുദ്ധപ്രസ്ഥാനങ്ങളാണ് അതിനെ കൊളോണിയലിസത്തിലേക്ക് നയിച്ചത്. അതിന് അടിത്തറപാകിയത് 19-ാം നൂറ്റാണ്ടിലെ കൊടുംക്രൂരതകൾക്ക് വഴിമരുന്നിട്ട സോഷ്യൽ ഡാർവിനിസ്റ്റ് ആശയങ്ങളായിരുന്നു.അവ്വിധം ക്രൂരരും മനുഷ്യത്വവിരുദ്ധരും സംഘർഷപ്രിയരുമായ ഒട്ടേറെ ശക്തികളുള്ളതോടൊപ്പംതന്നെ ക്രൈസ്തവമൂല്യങ്ങളിൽനിന്ന് ഉയിർകൊണ്ട സമാധാനത്തിന്റെയും നീതിയുടെയും സംസ്കാരവും മുറുകെപ്പിടിക്കുന്നവർ പാശ്ചാത്യരാജ്യങ്ങളിലുണ്ട്. സത്യത്തിൽ പടിഞ്ഞാറും ഇസ്‌ലാമും തമ്മിലല്ല വിയോജിപ്പുള്ളത്. പടിഞ്ഞാറൻ നാടുകളിലെ മൂല്യബോധമുള്ളവരും മുസ്‌ലിംലോകജനതയും ഒരുവശത്തും മതത്തെ തള്ളിപ്പറയുന്ന(ഭൗതികവാദ-നിരീശ്വര-പരിണാമവാദികളടക്കമുള്ള)വർ മറുവശത്തുമായി നിൽക്കുന്നുവെന്നതാണ് വസ്തുത.

മൂന്നാംലോകമതഭ്രാന്തിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലെന്ന് പ്രത്യേകം നാം മനസ്സിലാക്കണം. ഈ അടുത്തകാലം വരെ അത് കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രവുമായി ബന്ധപ്പെട്ടാണ് അറിയപ്പെട്ടിരുന്നത്. 1960-70 കാലഘട്ടങ്ങളിൽ സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പടിഞ്ഞാറൻവിരുദ്ധഭീകരപ്രവർത്തനങ്ങളെല്ലാംതന്നെ ഏവർക്കും സുപരിചിതമാണ്. കമ്യൂണിസ്റ്റ് ആശയങ്ങൾ അനാകർഷകമായതോടെ അത്തരം സംഘടനകൾക്ക് ജൻമംനൽകിയ സാമൂഹികഘടകങ്ങൾ ഇസ്‌ലാമിലേക്ക് ആകർഷിക്കപ്പെട്ടു. ഇസ്‌ലാമികപ്രതീകങ്ങളും കാഴ്ചപ്പാടുകളും മുൻകാല കമ്യൂണിസ്റ്റ് സാഹിത്യങ്ങളുടെ ആശയവീക്ഷണങ്ങളുമായി സംയോജിപ്പിച്ച് ആവിഷ്കരിച്ച 'മതത്തിന്റെ മറപറ്റിയുള്ള അക്രമം' ഇസ്‌ലാമിന്റെ അടിസ്ഥാനധാർമികമൂല്യങ്ങൾക്ക് കടകവിരുദ്ധമാണ്.

ഏതെങ്കിലും ജനതയിലോ രാഷ്ട്രത്തിലോ പ്രത്യേകമായി ചേർത്തുപറയേണ്ട ഒന്നല്ല ഇസ്‌ലാം എന്നാണ് അവസാനമായി ഓർമിപ്പിക്കാനുള്ളത്. ഇന്ന് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടതുപോലെ പാശ്ചാത്യൻ കാഴ്ചപ്പാടിനുവിരുദ്ധമായ കിഴക്കിന്റെ സംസ്കാരമല്ല അത്. മാനുഷ്യകത്തിന് അത് സ്വയം സമർപ്പിക്കുന്നതുതന്നെ ശരിയായി മാർഗദർശനം ചെയ്യുന്ന അന്തിമസമ്പൂർണമതം എന്നാണ്. അതിനാൽ തങ്ങൾ വിശ്വസിക്കുന്ന ആശയാദർശത്തെ മുസ്‌ലിംകൾ എല്ലാ രാജ്യങ്ങളിലെയും സംസ്കാരങ്ങളിലെയും ജനതയ്ക്ക് പരിചയപ്പെടുത്തേണ്ടതുണ്ട്.

ജനങ്ങളെ അടിച്ചമർത്തുന്ന ഭരണകൂടങ്ങൾക്കെതിരിൽ ഇസ്‌ലാമിന്റെ സമത്വസുന്ദരലോകം സമർപ്പിക്കുന്നതിനുപകരം, യുദ്ധക്കളമൊരുക്കുന്ന ഭീകരസംഘടനകൾക്ക് നൽകാനുള്ള നിർദേശമിതാണ്: ജനങ്ങൾക്ക് മനസ്സിലാക്കാനും അതനുസരിച്ച് ജീവിക്കാനും സഹായകമാംവിധം ഇസ്‌ലാമിന്റെ ധാർമികസദാചാരമൂല്യങ്ങളെ അ

വർക്കുമുമ്പാകെ പരിചയപ്പെടുത്തുക.

## അദ്നാൻ അക്തറുമായി സംഭാഷണം

## മുസ്‌ലിംസൗന്ദര്യം പ്രസരിപ്പിക്കുന്നു

അദ്നാൻ അക്തർ: ഗൗരവചിന്തയും ഉൾക്കാഴ്ചയുമുള്ള ഒരു മുസ്‌ലിം സമാധാന ചിത്തനായിരിക്കും. അവൻ മറ്റുള്ളവരോട് വിട്ടുവീഴ്ച ചെയ്യുന്നു. തനിക്കുചുറ്റുമുള്ള സഹജീവികളെ പരിഗണിക്കുകയും അവരുടെ സന്തോഷത്തിനായി പരിശ്രമിക്കുകയും ചെയ്യുന്നു. അവൻ  എപ്പോഴും വൃത്തിയും സൗന്ദര്യബോധവും നിലനിർത്തി തന്റെ ചുറ്റുപാടിനെ ആകർഷകമാക്കിത്തീർക്കുന്നു. വീട്ടിലായിരിക്കുമ്പോൽ അതിനെ അലങ്കരിക്കുന്നു. ആരോഗ്യപരിരക്ഷ ഉറപ്പാക്കുകയും മുടിചീകിയൊതുക്കി നല്ല വസ്ത്രങ്ങളണിഞ്ഞ് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഏവരും സന്തോഷംകണ്ടെത്തുന്ന നല്ല മുഖഭാവവും സംസാരശൈലിയും ശരീരഭാഷയുമായിരിക്കും അവന്റേത്. പരിധികൾ ലംഘിക്കാതെ നല്ല ഭക്ഷണവും സംഗീതവും ഒക്കെയായി ഗൃഹാന്തരീക്ഷം ആകർഷകമായിരിക്കും. കാരണം അവന്റെ ആത്മാവ് എപ്പോഴും 'സ്വർഗം, സ്വർഗം' എന്ന് സദാ മന്ത്രിക്കുകയും അതിനായി കൊതിക്കുകയുമാണ്. പ്രസ്തുത ആഗ്രഹവുമായി നടക്കുന്ന വിശ്വാസിക്ക് ദൈവം എല്ലായിടവും സ്വർഗമായി അനുഭവിപ്പിക്കുന്നു. എല്ലാറ്റിലും സ്ഥിരതയാർന്ന മികവും തികവും അവന്റെ മുഖമുദ്രയായിരിക്കും. ഉദാഹരണത്തിന് , അവനിട്ടിരിക്കുന്ന പാദരക്ഷ വൃത്തിയുള്ളതും ആകർഷവുമായിരിക്കം. അതിൽ പൊടിയോ ചെളിയോ പറ്റിപ്പിടിച്ചിരിക്കുകയില്ല. പാന്റ്സിലോ, മുണ്ടിലോ അഴുക്കുണ്ടാവുകയില്ല. കാലുറയിലും പല്ലിലും കറയോ പാടുകളോ കാണില്ല. വായും മൂക്കും ചെവിയും  നാറ്റമോ അഴുക്കോ ഇല്ലാത്തവിധം വൃത്തിയുള്ളതായിരിക്കും. മുടി ഭംഗിയായി ചീകിയൊതുക്കിയിരിക്കും. ഏവർക്കും ഹൃദ്യമായ സുഗന്ധലേപനമാണ് അവൻ ഉപയോഗിക്കുക. എന്തുപയോഗിച്ചാലും അത് മറ്റുള്ളവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ളതായിരിക്കും. അവയൊരിക്കലും ഒരാൾക്കുംതന്നെ അസ്വസ്ഥതയോ അലോസരമോ സൃഷ്ടിക്കുകയില്ല. എന്നാൽ വീടിനുപുറത്തിറങ്ങുന്നതോടെ ഇവയെക്കാളേറെ പ്രാധാന്യമുള്ളതായി  സഹജീവികളെ വിശ്വാസി കാണുകയും ഇഷ്ടപ്പെടുകയുംചെയ്യുന്നു. പരസ്പരം കാണുന്നതുതന്നെ സന്തോഷദായകമായ  അനുഭവമാക്കിമാറ്റുന്നു. ഇതാണ് ഏവരും ആഗ്രഹിക്കുന്ന സംഗതി.  ഹസ്റത്ത് മഹ്ദിയുടെ ആഗമനത്തോടെ അത് തീർച്ചയായും സംഭവിക്കുകതന്നെ ചെയ്യും. മേൽപ്പറഞ്ഞ കാര്യങ്ങളൊക്കെ ഇക്കാലത്ത് വളരെ അപൂർവമായല്ലാതെ ഞാൻകാണുന്നില്ല. എന്നാൽ അവസാനനാളുകളിൽ മഹ്ദിയുടെ ആഗമനത്തോടെ  അത് സർവസാധാരണമായിരിക്കും, ഇൻശാ അല്ലാഹ്.(Cay TV 4 March 2009)

## സമൂഹത്തെ ഭീതിപ്പെടുത്തുകയെന്ന തന്ത്രവുമായി ഭീകരത

യാതൊരു തത്ത്വദീക്ഷയുമില്ലാതെ എല്ലായിടങ്ങളിലും ഭീതിയും ഭയവും വിതയ്ക്കുകയെന്നതാണ് ഭീകരരുടെ ഏറ്റവും വലിയ പ്രത്യേകത. അരക്ഷിതബോധം ജനങ്ങളിലുണ്ടാക്കുംവിധം മുൻപിൻ നോക്കാതെയാണ് ഭീകരർ ആക്രമണമഴിച്ചുവിടുന്നത്. തങ്ങൾ ഏതുനിമിഷവും ആക്രമിക്കപ്പെട്ടേക്കാമെന്ന ഭയംഉടലെടുത്തുകഴിഞ്ഞാൽ ജനങ്ങളിൽ സുരക്ഷിതബോധം ഉണ്ടാവുകയില്ല. മുൻകൂട്ടി നിശ്ചയിച്ച സ്ഥലങ്ങളിൽ തക്കസമയത്ത് ആക്രമണം നടത്തുകയാണ് ഭീകരർ ചെയ്യുക. തന്നിഷ്ടപ്രകാരം ഭീകരർ നടത്തുന്ന ആക്രമണങ്ങൾ മുൻകൂട്ടി പ്രവചിക്കാനാകാത്തതുകൊണ്ട് സുരക്ഷിതമെന്നുപറയാവുന്ന ഒരിടവുമില്ല.

## തീവ്രചിന്താഗതിയുടെ കുഴപ്പം

ഭീകരതയോടൊപ്പംതന്നെ നാം പരിശോധിക്കേണ്ട മറ്റൊരു പ്രതിഭാസമാണ് തീവ്രചിന്താഗതി. ജീവിതത്തിന്റെ സമസ്തമേഖലയിലും സാമൂഹികഘടനയെ തകർക്കുംവിധം മാറ്റങ്ങൾ തൽക്ഷണം നടപ്പാക്കാൻ ശാഠ്യംപിടിക്കുന്നതാണ് തീവ്രചിന്താഗതി. സമൂഹത്തിൽ വിപ്ലവാത്മകമായ മാറ്റങ്ങളുണ്ടാകണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി നിർബന്ധംപിടിക്കുകയും ചെയ്യുന്ന അക്കൂട്ടർ പക്ഷേ, പലപ്പോഴും അതിനായി അക്രമത്തിന്റെ പാത സ്വീകരിക്കുന്നു.

എന്നാൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും സമൂഹത്തിൽ മാറ്റം സൃഷ്ടിക്കേണ്ടതെങ്ങനെയെന്ന വിഷയത്തിൽ നമുക്ക് വഴികാട്ടേണ്ടത് ഖുർആനും നബിചര്യയുമാണ്. തീവ്രചിന്താഗതിയെ ഖുർആന്റെ വെളിച്ചത്തിൽ പരിശോധിച്ചാൽ വിശ്വാസികളോട് അത്തരമൊരു ശൈലി ദൈവം കൽപിച്ചിട്ടില്ലെന്ന് കാണാനാകും. സ്നേഹശീലൻ, മൃദുഭാഷി, വാദകോലാഹലങ്ങളെയും ഏറ്റുമുട്ടലുകളെയും അംഗീകരിക്കാത്തവൻ, കടുത്ത പകയും വിദ്വേഷവും വെച്ചുപുലർത്തുന്നവരോട് പോലും സൗഹൃദബുദ്ധ്യാ ഇടപെടുന്നവൻ എന്നൊക്കെയാണ് വിശ്വാസിയെക്കുറിച്ച് ഖുർആന്റെ ചിത്രീകരണം.

കടുത്ത ഏകാധിപതിയും ക്രൂരനുമായ ഫറോവയുടെ അടുക്കൽ വളരെ മയത്തിൽ സംസാരിക്കണമെന്നാണ് ദൈവം മോശെ(മൂസാ(അ))യോടും ആരോനോ(ഹാറൂൻ(അ))ടും കൽപിച്ചതെന്നത് ഇതിന് നല്ലൊരുദാഹരണമാണ്.''നിങ്ങളിരുവരും ഫറവോന്റെ അടുത്തേക്ക് പോവുക. നിശ്ചയമായും അവൻ അതിക്രമിയായിരിക്കുന്നു.''നിങ്ങളവനോട് സൗമ്യമായി സംസാരിക്കുക. ഒരുവേള അവൻ ചിന്തിച്ചു മനസ്സിലാക്കിയെങ്കിലോ? അല്ലെങ്കിൽ

ഭക്തിയുള്ളവനായെങ്കിലോ?''(ത്വാഹാ: 43,44)

അക്കാലത്തെ ക്രൂരനും കടുത്ത ദൈവനിഷേധിയുമായിരുന്നു ഫറോവ. സ്വേഛാധിപതിയായ അയാൾ ദൈവത്തെ തള്ളിപ്പറയുകയും അജ്ഞതമൂലം വിഗ്രഹങ്ങളെ പൂജിക്കുകയുംചെയ്തിരുന്നു. അതിനുപറമെ, വിശ്വാസികളായ ആളുകളെ (അന്നത്തെ ഇസ്രയേൽ സമൂഹം) ക്രൂരമായ പീഡനങ്ങൾക്കിരയാക്കുകയും കൊല്ലുകയുംചെയ്തു. എന്നിട്ടും ,ശത്രുവായ മനുഷ്യനോട് മയത്തിൽ സംസാരിക്കാനാണ് ദൈവം തന്റെ പ്രവാചകൻമാരോട് കൽപിച്ചത്.

ദൈവം കൽപിച്ചത് സൗഹൃദഭാഷണത്തിന്റെ രീതിയാണെന്നത് പ്രത്യേകം ശ്രദ്ധിക്കുക. അല്ലാതെ, ദേഷ്യവർത്തമാനങ്ങളോ, രോഷമുദ്രാവാക്യങ്ങളോ സംഘർഷസമരങ്ങളോ സ്വീകരിച്ചുള്ള  ഏറ്റുമുട്ടൽശൈലിയല്ല അവൻ നിർദ്ദേശിച്ചത്.

മുസ്‌ലിംകൾ സംഭാഷണത്തിലും സംവാദത്തിലും സ്വീകരിക്കേണ്ട ശൈലിഎന്താണെന്നതിന് എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും. സത്യനിഷേധികളും പ്രവാചകൻ ശുഐബും തമ്മിലുള്ള സംഭാഷണം അതിനുദാഹരണമാണ്. അത് ഖുർആനിൽ ഇങ്ങനെ കാണാം:

'മദ്‌യൻ നിവാസികളിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ നാം നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: ''എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനല്ലാതെ നിങ്ങൾക്കൊരു ദൈവമില്ല. നിങ്ങൾ അളവിലും തൂക്കത്തിലും കുറവു വരുത്തരുത്. ഞാൻ നിങ്ങളെ കാണുന്നത് സുസ്ഥിതിയിലാണ്. അതോടൊപ്പം നിങ്ങളെയാകെ വലയം ചെയ്യുന്ന ശിക്ഷ നിങ്ങൾക്കുണ്ടാകുമോയെന്ന് ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.എന്റെ ജനമേ, നിങ്ങൾ നീതിയോടെ അളവിലും തൂക്കത്തിലും തികവു വരുത്തുക. നിങ്ങൾ ജനങ്ങൾക്ക് അവരുടെ ചരക്കുകളിൽ കുറവു വരുത്തരുത്. ഭൂമിയിൽ കുഴപ്പക്കാരായി കൂത്താടി നടക്കരുത്.അല്ലാഹു നിങ്ങൾക്കായി കരുതിവെക്കുന്നതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ സത്യവിശ്വാസികളെങ്കിൽ! ഞാൻ നിങ്ങളുടെ സംരക്ഷകനല്ല.അവർ പറഞ്ഞു: ''ശുഐബേ, നമ്മുടെ പിതാക്കൻമാർ പൂജിച്ചുപോരുന്നവയെ ഞങ്ങളുപേക്ഷിക്കണമെന്നും ഞങ്ങളുടെ ധനം ഞങ്ങളുടെ ഇഷ്ടംപോലെ ഞങ്ങൾ കൈകാര്യം ചെയ്യരുതെന്നും നിന്നോട് കൽപിക്കുന്നത് നിന്റെ നമസ്കാരമാണോ? നീ വല്ലാത്തൊരു വിവേകശാലിയും സൻമാർഗിയും തന്നെ!''ശുഐബ് പറഞ്ഞു: ''എന്റെ ജനമേ, നിങ്ങൾ ആലോചിച്ചിട്ടുണ്ടോ; ഞാൻ എന്റെ നാഥനിൽ നിന്നുള്ള സ്പഷ്ടമായ പ്രമാണം മുറുകെ പിടിക്കുന്നവനാണ്. അവൻ എനിക്കു തന്റെ പക്കൽനിന്നുള്ള ഉത്തമ വിഭവം നൽകിയിരിക്കുന്നു. എന്നിട്ടും ഞാൻ നന്ദികെട്ടവനാവുകയോ? ഞാൻ

നിങ്ങളെ വിലക്കുന്ന അതേ കാര്യം തന്നെ നിങ്ങൾക്കെതിരായി ചെയ്യാൻ ഞാനുദ്ദേശിക്കുന്നില്ല. കഴിയാവുന്നിടത്തോളം നിങ്ങൾക്ക് നൻമ വരുത്തണമെന്നേ ഞാനുദ്ദേശിക്കുന്നുള്ളൂ. അല്ലാഹുവിലൂടെയല്ലാതെ എനിക്കൊന്നിനും ഒരു കഴിവും കിട്ടുന്നില്ല. ഞാൻ അവനിൽ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്കുതന്നെ ഞാൻ എളിമയോടെ മടങ്ങിപ്പോവുകയും ചെയ്യും.'(ഹൂദ് 84-88)

തന്റെ ജനതയെ ഏകദൈവവിശ്വാസത്തിലേക്കും ധാർമികസദാചാരവിശുദ്ധിയിലേക്കും ശുഐബ് പ്രവാചകൻ ക്ഷണിച്ചത് സൗഹൃദഭാവത്തോടെയും വിനയത്തോടെയുമാണെന്ന് മേൽസംഭാഷണങ്ങൾ പരിശോധിച്ചാൽ കാണാം. സൂക്തങ്ങളിലൂടെ അനാവരണംചെയ്യുന്ന വസ്തുതകളുടെ വിശദാംശങ്ങൾ ഇങ്ങനെ നിരീക്ഷിക്കാം:

ശുഐബ് പ്രവാചകൻ 'ഞാൻ നിങ്ങളുടെ സംരക്ഷകനല്ല' എന്ന് ആളുകളോട് പറയുന്നത് അദ്ദേഹം അവരുടെമേൽ അധികാരിയാകാൻ താൻ ഇഷ്ടപ്പെടുന്നില്ലെന്ന തുറന്നുപറച്ചിലിന്റെ ഭാഗമാണ്. ദൈവം വെളിപ്പെടുത്തിത്തന്ന സത്യത്തെ അവർക്കറിയിച്ചുകൊടുക്കുക മാത്രമാണ് തന്റെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കുകയാണ് അദ്ദേഹം.
' നീ വല്ലാത്തൊരു വിവേകശാലിയും സൻമാർഗിയും തന്നെ!' എന്ന് നിഷേധികൾ ശുഐബ് നബിയോട് പറയുന്നത് അദ്ദേഹത്തിന്റെ മാന്യവും ഉദാരവുമായ പെരുമാറ്റത്തിനുള്ള അംഗീകാരം എന്ന നിലക്കാണ്. അതായത്, വിവേകത്തിന്റെയും സൻമാർഗത്തിന്റെയും പാത അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നുവെന്നത് നിസ്തർക്കം ശത്രുക്കൾ പോലും അംഗീകരിച്ചിരുന്നു.

'എന്റെ ജനമേ, നിങ്ങൾ ആലോചിച്ചിട്ടുണ്ടോ; ' എന്ന് ശുഐബ് തന്റെ ജനതയോട് ചോദിക്കുന്നത് അവരുടെ ചിന്തകളെ ഉണർത്താൻവേണ്ടിയാണ്. തങ്ങൾക്കുനൽകിയിട്ടുള്ള വിവേകവും ബുദ്ധിയും ഉപയോഗപ്പെടുത്തണമെന്ന് അവരോട് ആവശ്യപ്പെടുകയാണ് അദ്ദേഹം ചെയ്തത്. അതായത്, അദ്ദേഹം അവരിൽ സമ്മർദ്ദം ചെലുത്തുന്നില്ല. പകരം അവരുടെ നിഷേധാത്മകനിലപാടിനെക്കുറിച്ച് ആലോചിക്കണമെന്ന് ആവശ്യപ്പെട്ടുവെന്ന് മാത്രം. അങ്ങനെ സ്വതന്ത്രചിന്തയിലൂടെ ബോധ്യപ്പെടുന്ന വസ്തുത അംഗീകരിച്ച് നിലപാട് കൈക്കൊള്ളണമെന്നും.

'ഞാൻ നിങ്ങളെ വിലക്കുന്ന അതേ കാര്യം തന്നെ നിങ്ങൾക്കെതിരായി ചെയ്യാൻ ഞാനുദ്ദേശിക്കുന്നില്ല'. ചില പ്രവൃത്തികൾ തിൻമയാണെന്നും അതിനാൽ അതുപേക്ഷിക്കണമെന്നുമാണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ അക്കാര്യം പറഞ്ഞ് ആളുകളുമായി വഴക്കിനും വക്കാണത്തിനും താൻ ഒരുക്കമല്ലെന്ന് പ്രവാചകൻ ശുഐബ് മദ്‌യൻ ജനതയോട് വ്യക്തമാക്കുകയാണ്. അവരോട്

വിശ്വാസം സ്വീകരിക്കാനും അതുവഴി ധാർമികമൂല്യങ്ങൾ കൈക്കൊള്ളാനുമാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

ഖുർആൻ പരിശോധിച്ചാൽ എല്ലാ പ്രവാചകരും ഇത്തരത്തിൽ സൗഹാർദഭാവത്തിലും കാരുണ്യാതിരേകത്തിലും സംവദിച്ചത് കാണാനാകും. അബ്രഹാം(ഇബ്റാഹീം (അ))പ്രവാചകനെക്കുറിച്ച് 'ഏറെ പശ്ചാത്താപമുള്ളവനും സഹനശീലനു (അത്തൗബ 114)മെന്നാണ് ഖുർആൻ പറഞ്ഞത്. മറ്റൊരു സൂക്തത്തിൽ മുഹമ്മദ് നബിയുടെ സ്വഭാവഗുണങ്ങളെ ഖുർആൻ ഇപ്രകാരം വിവരിക്കുന്നുണ്ട്:

'അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് നീ അവരോട് സൗമ്യനായത്. നീ പരുഷപ്രകൃതനും കഠിനമനസ്കനുമായിരുന്നെങ്കിൽ നിന്റെ ചുറ്റുനിന്നും അവരൊക്കെയും പിരിഞ്ഞുപോകുമായിരുന്നു. അതിനാൽ നീ അവർക്ക് മാപ്പേകുക. അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. അങ്ങനെ നീ തീരുമാനമെടുത്താൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേൽപിക്കുന്നവരെ ഇഷ്ടപ്പെടുന്നു.(ആലുഇംറാൻ 159)

തീവ്രചിന്താഗതിയുടെ പ്രകടസ്വഭാവമാണ് ദേഷ്യവും കോപവും. അത് തീവ്രചിന്താഗതിക്കാരുടെ ഭാഷണത്തിലും എഴുത്തിലും പ്രതിഷേധപ്രകടനങ്ങളിലും ഏവർക്കും കാണാനാകും. എന്നാൽ ദേഷ്യവും കോപവും പ്രകടിപ്പിക്കുകയെന്നത് മുസ്ലിംകളുടെ സ്വഭാവമല്ല. വിശ്വാസികളെപ്പറ്റി ദൈവം ഖുർആനിൽ വിവരിക്കുന്നത് കാണുക:
'ധന്യതയിലും ദാരിദ്ര്യത്തിലും ധനം ചെലവഴിക്കുന്നവരും കോപം കടിച്ചിറക്കുന്നവരുമാണവർ; ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവരും. സൽസ്വഭാവികളെ അല്ലാഹു ഇഷ്ടപ്പെടുന്നു.'(ആലുഇംറാൻ 134)

മുസ്ലിം കോപിക്കേണ്ടതായ സാഹചര്യങ്ങളൊട്ടുമേയില്ല. മറ്റുള്ളവരും ഏകദൈവത്തിൽ വിശ്വസിക്കണമെന്നും ധാർമികവിശുദ്ധിപുലർത്തണമെന്നും മുസ്ലിംതീർച്ചയായും ആഗ്രഹിക്കുന്നു. എന്നാൽ ദൈവാനുഗ്രഹം ഉണ്ടെങ്കിലേ അത് സാധിക്കുകയുള്ളൂ. മറ്റുള്ളവരെ സൻമാർഗം ബോധ്യപ്പെടുത്താനും അംഗീകരിപ്പിക്കാനും നാമെന്തുതന്നെ ചെയ്തിട്ടും കാര്യമില്ല. കാരണം മനുഷ്യഹൃദയങ്ങളുടെ നിയന്ത്രണം ദൈവത്തിന്റെ കരങ്ങളിലാണ്. അക്കാര്യം ദൈവം മുസ്ലിംകളെ ഓർമിപ്പിക്കുന്നുണ്ട്.'അല്ലാഹു ഇച്ഛിച്ചിരുന്നെങ്കിൽ അവൻ മുഴുവൻ മനുഷ്യരെയും നേർവഴിയിലാക്കുമായിരുന്നു(അർറഅ്ദ് 31)

ഇതേ യാഥാർഥ്യം മറ്റൊരിടത്ത് ഊന്നിപ്പറയുന്നത് കാണുക: 'നിന്റെ നാഥൻ

ഇച്ഛിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?‘(യൂനുസ് 99).

അതിനാൽ ആളുകൾക്ക് സത്യം വിശദീകരിച്ചുകൊടുക്കുകയും അതിലേക്ക് ക്ഷണിക്കുകയുമാണ് മുസ്‌ലിമിന്റെ ഉത്തരവാദിത്വം. ആ ക്ഷണത്തിന് ഉത്തരം ചെയ്യുകയോ ചെയ്യാതിരിക്കുകയോ എന്നത് അവരുടെ മനസ്സാക്ഷിയുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത സത്യം ഊന്നിപ്പറയാനാണ് മതത്തിൽ ബലപ്രയോഗമില്ല എന്ന് ദൈവം പറഞ്ഞത്.

‘മതത്തിൽ ബലപ്രയോഗം അരുത്. നൻമ-തിൻമകളുടെ വഴികൾ വ്യക്തമായും വേർതിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനാൽ വ്യാജ ദൈവങ്ങളെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ മുറുകെപ്പിടിച്ചത് ഉറപ്പുള്ള കയറിലാണ്. അതറ്റുപോവില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.‘(അൽബഖറ 256)

അതിനാൽ ജനങ്ങളെ വിശ്വസിപ്പിക്കാനും മുസ്‌ലിംകളാക്കാനും ബലപ്രയോഗത്തിന്റെ ആവശ്യമില്ല. പാപങ്ങളിൽനിന്ന് വിട്ടുനിൽക്കാനും നമസ്കാരം നിലനിറുത്താനും മുസ്‌ലിംകളെ നിർബന്ധിക്കേണ്ടതുമില്ല. അവരെ ഉത്ബോധിപ്പിക്കുക മാത്രമാണ് നമ്മുടെ ചുമതല. മുസ്‌ലിംകൾ സ്വേഛാധിപതികളല്ലെന്നും ആരെയും അടിച്ചമർത്തുന്നവരല്ലെന്നും ദൈവദൂതന് നൽകിയ നിർദ്ദേശത്തിൽ ഖുർആൻ എടുത്തുപറയുന്നുണ്ട്:

‘അവർ പറഞ്ഞുകൊണ്ടിരിക്കുന്നതിനെപ്പറ്റി നാം നന്നായറിയുന്നു. അവരുടെ മേൽ നിർബന്ധം ചെലുത്തേണ്ട ആവശ്യം നിനക്കില്ല. അതിനാൽ എന്റെ താക്കീത് ഭയപ്പെടുന്നവരെ നീ ഈ ഖുർആൻ വഴി ഉദ്ബോധിപ്പിക്കുക.‘(ഖാഫ് 45)
‘

പറയുക: മനുഷ്യരേ, നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം ഇതാ വന്നെത്തിയിരിക്കുന്നു. അതിനാൽ ആർ സൻമാർഗം സ്വീകരിക്കുന്നുവോ അതിന്റെ നേട്ടം അവനുതന്നെയാണ്. ആരെങ്കിലും ദുർമാർഗത്തിലാവുകയാണെങ്കിൽ ആ വഴികേടിന്റെ ദുരന്തവും അവനുതന്നെ. ഇക്കാര്യത്തിൽ എനിക്കു നിങ്ങളുടെമേൽ ഒരുവിധ ഉത്തരവാദിത്വവുമില്ല.‘(യൂനുസ് 108)

മതം അറിയിച്ചുതന്ന ധാർമികമൂല്യങ്ങളെ മറ്റുള്ളവർക്ക് വിശദീകരിച്ചുകൊടുക്കുകയെന്നതാണ് മുസ്‌ലിംകളുടെ ഉത്തരവാദിത്വം. അക്കാര്യത്തിൽ ആരുടെമേലും സമ്മർദ്ദംചെലുത്തുകയോ ബലം പ്രയോഗിക്കുകയോ അവരുടെ സ്വഭാവമല്ല. എന്നല്ല,

കടുത്ത ദൈവനിഷേധികളായ സ്വേഛാധിപതികളോടുപോലും മയത്തിൽ സംസാരിക്കുകയാണ് അവർ ചെയ്യുക. കാരണം നമ്മളിതുവരെ വിവരിച്ച ഉന്നത സ്വഭാവഗുണങ്ങൾക്കെതിരാണ് തീവ്രചിന്താഗതി. അത് പുറത്തുനിന്നുള്ള അനിസ്‌ലാമിക ചിന്താധാരകളിൽനിന്നും രാഷ്ട്രീയസിദ്ധാന്തങ്ങളിൽനിന്നും ഇസ്‌ലാമികലോകത്തേക്ക് കടന്നുവന്നതാണ്. സാമൂഹികപ്രതിഭാസം എന്ന നിലക്ക് തീവ്രവാദത്തെ വിശകലനംചെയ്യുമ്പോൾ അത്തരത്തിലുള്ള ഒട്ടേറെ ശൈലികൾ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും അതുപോലെ ഇസ്‌ലാമിനന്യമായ 'മതഭ്രാന്തൻ'മാരും ഉദ്ഘോഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് കാണാം. .

യാതൊരുവിട്ടുവീഴ്ചയ്ക്കും വഴങ്ങാതെ വാദപ്രതിവാദം നടത്തുന്നതും കോപിക്കുന്നതും ഖുർആന്റെ അധ്യാപനങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. അതിനാൽ എല്ലാ മുസ്‌ലിംകളും അത്തരം സ്വഭാവങ്ങളെല്ലാം വെടിഞ്ഞ് പക്വതയുടെയും സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും മൃദുസമീപനത്തിന്റെയും വിട്ടുവീഴ്ചയുടെയും വിനയത്തിന്റെയും സഹാനുഭൂതിയുടെയും സമാധാനത്തിന്റെയും ഉദാത്ത മാതൃകകൾ സൃഷ്ടിക്കാനാണ് മുന്നിട്ടിറങ്ങേണ്ടത്. തങ്ങളാലാകുംവിധം ഇസ്‌ലാമികജീവിതം നയിച്ച് ലോകത്ത് ധാർമികസദാചാരമൂല്യങ്ങൾ പരിചയപ്പെടുത്തുന്നതിൽ മാത്രം പരിമിതപ്പെടാതെ ശാസ്ത്രം, സംസ്കാരം, കല, സൗന്ദര്യശാസ്ത്രം, സാമൂഹികക്രമം തുടങ്ങി എല്ലാ രംഗത്തും തങ്ങളുടേതായ കയ്യൊപ്പ് അവർ ചാർത്തേണ്ടതുണ്ട്.

ഇസ്‌ലാമിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുകയും ഇതരപ്രത്യയശാസ്ത്ര ആക്രമണങ്ങളെ തടുത്തുനിറുത്തുകയും ചെയ്യുന്നതടക്കമുള്ള എല്ലാ മാർഗങ്ങളും മേൽവിവരിച്ചതിൽപെട്ടതാണ്. ഇതരസമൂഹങ്ങളോട് മുസ്‌ലിംകൾസ്വീകരിക്കേണ്ട ശൈലിയെക്കുറിച്ച് ദൈവം നൽകുന്ന നിർദ്ദേശം കാണുക:

യുക്തികൊണ്ടും സദുപദേശം കൊണ്ടും നീ ജനത്തെ നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റം നല്ല നിലയിൽ അവരുമായി സംവാദം നടത്തുക. നിശ്ചയമായും നിന്റെ നാഥൻ തന്റെ നേർവഴി വിട്ട് പിഴച്ചുപോയവരെ സംബന്ധിച്ച് നന്നായറിയുന്നവനാണ്. നേർവഴി പ്രാപിച്ചവരെപ്പറ്റിയും സൂക്ഷ്മമായി അറിയുന്നവനാണവൻ.'(അന്നഹ്ൽ 125)

'അല്ലാഹു നിങ്ങളോടിതാ കൽപിക്കുന്നു: നിങ്ങളെ വിശ്വസിച്ചേൽപിച്ച വസ്തുക്കൾ അവയുടെ അവകാശികളെ തിരിച്ചേൽപിക്കുക. ജനങ്ങൾക്കിടയിൽ തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിപൂർവം വിധി നടത്തുക. എത്ര നല്ല ഉപദേശമാണ് അല്ലാഹു നിങ്ങൾക്കു നൽകുന്നത്. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ്.'(അന്നിസാഅ് 58)

## ഭീകരതയുടെ ശൈലിയും മനഃശാസ്ത്രവും

ഭീകരത ഇന്നിന്റെ ഭാഷയിൽ വിശാലമായ അർഥപരികൽപന നൽകപ്പെട്ട ഒരു ആശയമാണ്. തീവ്രചിന്താഗതിയും ആശയവീക്ഷണങ്ങളുമുള്ളവർ നടത്തുന്ന സായുധാക്രമണമാണ് ഭീകരതയെന്ന് വിവക്ഷിക്കപ്പെടുന്നത്. ജനങ്ങളെ ഭയപ്പെടുത്തുകയാണ് അതിന്റെ ലക്ഷ്യം. എന്നാൽ ജനമനസ്സുകളിൽ ഭയവും ഭീതിയും ജനിപ്പിച്ചിച്ച് അവരുടെ ജീവിതം ദുസ്സഹമാക്കുകയാണ് ഭീകരത ചെയ്യുന്നത്. ഭീകരവൃത്തിയിലൂടെ തങ്ങളുദ്ദേശിക്കുന്ന വിധത്തിൽ ജനങ്ങൾ ചിന്തിക്കുകയും ജീവിതശൈലി മാറ്റുകയും ചെയ്യണമെന്ന് അവർ ഉദ്ദേശിക്കുന്നു. അതിനായി ഭീതിപടർത്തും വിധം ആക്രമണങ്ങൾ അഴിച്ചുവിടുന്നു. ഒരുവേള, ഭീകരത നേർക്കുനേരെയോ മറഞ്ഞോ പൊതുജനത്തെയാണ് എല്ലായ്പ്പോഴും ലക്ഷ്യമിടുന്നത്.

ജനപിന്തുണ നേടിയെടുക്കാൻ ഭീകരപ്രവർത്തനത്തെ കരുവാക്കുകയാണ് തീവ്രചിന്താഗതിക്കാർ ചെയ്യുന്നത് . ഭീതിജനകമായ ആക്രമണങ്ങളിലൂടെ തങ്ങളുടെ ശക്തിയും സ്വാധീനവും ആളുകൾ മനസ്സിലാക്കുമെന്നും അങ്ങനെ ഒരു പ്രത്യേകവിഭാഗത്തിന്റെയോ രാജ്യനിവാസികളുടെയോ പിന്തുണ നേടിയെടുക്കാമെന്നും അവർ വിചാരിക്കുന്നു.

'ഭീകരത' എന്ന വാക്ക് നാമുപയോഗിക്കുമ്പോൾ ആളുകളുടെ മനസ്സിലേക്ക് കടന്നുവരിക ഇടതുപക്ഷഭീകരതയാണ്.(കമ്പോഡിയയിലെ പോൾപോട്ട്, റഷ്യയിലെ സ്റ്റാലിൻ തുടങ്ങിയ കമ്യൂണിസ്റ്റ് ഏകാധിപതികളുടെ ക്രൂരതകൾ അക്കാലങ്ങളിൽ മാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്നതാണ് ലേഖകൻ ഉദ്ദേശിച്ചത്) എന്നാൽ മൂന്നാംലോക രാജ്യങ്ങളിലെ ഏകാധിപത്യഭരണകൂടങ്ങൾ അനുവർത്തിക്കുന്ന സവിശേഷഭീകരതയുണ്ട്. യഥാർഥത്തിലത് കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കുന്ന ഇടതുപക്ഷഭീകരനയങ്ങളല്ലാതെ മറ്റൊന്നുമല്ല. അധികാരത്തിലിരിക്കുന്ന ഏകാധിപതിയോ പാർട്ടിയോ തങ്ങൾക്കെതിരിൽ ഉയരുന്ന പ്രതിഷേധങ്ങളെയും നീക്കങ്ങളെയും അടിച്ചൊതുക്കാനും പാർട്ടി-വ്യക്തി താൽപര്യങ്ങൾ സംരക്ഷിക്കാനും അടിച്ചമർത്തൽ നയം കൈക്കൊള്ളുന്നു. അതേപോലെ, തങ്ങൾ എതിരാളികളെക്കാൾ ശക്തരാണെന്ന് ബോധ്യപ്പെടുത്താൻ ഭരണകൂടങ്ങളും മർദ്ദനപീഡനമുറകളുടെയും അടിച്ചമർത്തലിന്റെയും ശൈലി സ്വീകരിക്കുന്നു അവർ. അതിലൂടെ പൗരൻമാരെ ഭയപ്പെടുത്തി അധികാരം ഭദ്രമാക്കാമെന്നാണ് അവർ കരുതുന്നത്.

എന്നാൽ ജനങ്ങളുടെ അവകാശങ്ങളെ ഹനിക്കുകയും ജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്ന നിയമവിരുദ്ധഭരണകൂടങ്ങളെ നിഷ്കാസനംചെയ്യാൻ സായുധപോരാട്ടത്തിലൂടെയേ കഴിയൂ എന്ന് പ്രത്യയശാസ്ത്രപിൻബലത്തോടെ സമർഥി

ക്കാൻ ഭീകരസംഘങ്ങൾ ശ്രമിക്കാറുണ്ട്. കൂടുതൽ സന്തോഷകരവും സമാധാന പൂർണവുമായ ജീവിതം അതുവഴി ഉറപ്പാക്കാമെന്നാണവർ ജനങ്ങളോട് പറഞ്ഞു കൊണ്ടിരിക്കുന്നത്. അതെന്തായാലും യാഥാർഥ്യവുമായി പുലബന്ധമില്ലാത്ത ഒരു വാദമാണിത്. അൽബഖറ അധ്യായത്തിൽ അത്തരത്തിൽ ചിന്തിക്കുന്നവരെ താക്കീതുചെയ്തുകൊണ്ട് ദൈവം പറയുന്നത് കാണുക:'നിങ്ങൾ ഭൂമിയിൽ കുഴപ്പമുണ്ടാക്കരുതെ'ന്ന് ആവശ്യപ്പെട്ടാൽ അവർ പറയും: ''ഞങ്ങൾ ക്ഷേമം വരുത്തുന്നവർ മാത്രമാണ്.''അറിയുക; അവർ തന്നെയാണ് കുഴപ്പക്കാർ. പക്ഷേ, അവരതേക്കുറിച്ച് ബോധവാൻമാരല്ല.(അൽബഖറ:11-12)

ജനങ്ങളെ കൊന്നുതള്ളുന്നത് ഭീകരവാദികളുടെ പതിവുപരിപാടിയാണ്. നിരപരാധികളെ വെടിവെച്ചും കുട്ടികളെ ബോംബെറിഞ്ഞും അവർ വകവരുത്തുന്നു. ചോര കാണുന്നത് അവർക്ക് ഏറെ സന്തോഷംനൽകുന്നു. മനുഷ്യത്വം നഷ്ടപ്പെട്ട് കാട്ടുമൃഗങ്ങളുടെ നിലവാരത്തിലെത്തിയിരിക്കുകയാണവർ. ഇനി സംഘത്തിലാരെങ്കിലും അൽപം മനുഷ്യത്വമോ കാരുണ്യമോ കാണിച്ചുപോയാൽ മറ്റുള്ളവരെല്ലാം ചേർന്ന് അവനെ ഭീരുവെന്നും വഞ്ചകനെന്നും വിളിച്ച് നിശബ്ദനാക്കുകയും പുറന്തള്ളുകയുംചെയ്യും. പലപ്പോഴും അത്തരം ചിന്താഗതിക്കാരെ തങ്ങളുടെ ആയുധങ്ങൾക്കിരയാക്കുകയാണ് ഭീകരസംഘങ്ങൾ ചെയ്യാറ്.

ചോരപ്പുഴയൊഴുക്കാൻ പൈശാചികപ്പിറവിയെടുത്ത ഒന്നാണ് ഭീകരത. കൊലയും അക്രമവും നിർബാധം നടമാടുന്ന ഈ കാടൻരീതിയെ പിന്തുണക്കുന്നവർ പൈശാചികവ്യവസ്ഥയെയാണ് അനുകൂലിക്കുന്നത്. ഭീകരവാദികൾ മതത്തിന്റെ ഭാഷയും ചിഹ്നങ്ങളും ഉപയോഗിക്കുമ്പോൾ നാം അതിൽ വഞ്ചിതരാകരുത്.മതത്തെ മറയാക്കി നിലയുറപ്പിക്കുന്ന ഭീകരവാദികൾ മാപ്പർഹിക്കാത്ത കൊടുംപാതകമാണ് ചെയ്യുന്നതെന്നോർക്കണം. കാരണം, ഒരുവശത്ത് ചോരചിന്തുന്ന ക്രൂരതകളിലൂടെ ആളുകളിലെ മതവിരുദ്ധകാഴ്ചപ്പാടിന് അവർ ശക്തിപകരുന്നു. മറുവശത്ത് മതത്തിന്റെ പേരുപറഞ്ഞ് എല്ലാ വിധ അക്രമപ്രവർത്തനങ്ങളും നടത്തുന്നു.

ഭീകരതയും മതവും തീർത്തും വിരുദ്ധാശയങ്ങളാണ്. ഭീകരത ആക്രമണത്തിന്റെയും കൊലപാതകത്തിന്റെയും ഏറ്റുമുട്ടലിന്റെയും ക്രൂരതകളുടെയും അസ്വസ്ഥതകളുടെയും മാർഗം സ്വീകരിക്കുന്നു. ഖുർആൻ അത്തരം ശൈലികളെ അക്രമത്തിന്റെയും സ്വേഛാധിപത്യത്തിന്റെയും നടപടികളെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

സമാധാനം, സൗഹാർദ്ദം, ഗുണകാംക്ഷ,വിട്ടുവീഴ്ച എന്നിവ ദൈവം മുന്നോട്ടുവെക്കുന്നു. ഈ നൻമകളെയെല്ലാം നിരാകരിക്കുന്ന ഭീകരതയെ വിലക്കുന്നു. അക്രമം നടത്തുന്നവരെ ഖുർആൻ ആക്ഷേപിക്കുന്നതുകാണുക:'അല്ലാഹുവോടുള്ള

കരാർ ഉറപ്പിച്ചശേഷം ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ചവയെ അറുത്തുമാറ്റുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്ക് ശാപം. അവർക്കുണ്ടാവുക ഏറ്റവും ചീത്തയായ പാർപ്പിടമാണ് '(അർറഅ്ദ് 25).

അക്രമത്തിന്റെയും ഭീകരതയുടെയും മാർഗം അവലംബിച്ചവരുടെ പ്രത്യേകത അവരുടെ മനസ്സിൽ ദൈവഭയമോ ദൈവസ്നേഹമോ തൊട്ടുതീണ്ടിയിട്ടില്ല എന്നതാണ്. അവരുടെ ഹൃദയങ്ങൾ  അങ്ങേയറ്റം കടുത്തുപോയിരിക്കുന്നു. ആത്മീയമായ ഒന്നും അവരിൽ അവശേഷിച്ചിട്ടുണ്ടാകില്ല. അത്തരക്കാരുടെ സ്വഭാവത്തെ ഖുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ് :'അടിക്കടി ആണയിട്ടുകൊണ്ടിരിക്കുന്ന അതിനീചനെ നീ അനുസരിക്കരുത്.അവനോ ദൂഷണം പറയുന്നവൻ, ഏഷണിയുമായി ചുറ്റിക്കറങ്ങുന്നവൻ.നൻമയെ തടയുന്നവൻ, അതിക്രമി, മഹാപാപി. ക്രൂരൻ, പിന്നെ, പിഴച്ചു പെറ്റവനും'(അൽഖലം 10-13).

പ്രത്യേകിച്ചൊരു കാരണവുമില്ലാതെ അക്രമപ്രവർത്തനങ്ങളിൽ മുഴുകുന്നതിനെ ദൈവം വിലക്കിയിരിക്കുന്നു. ഇന്ന് കാണുന്ന എല്ലാ ഭീകരശൈലികളെയും അരാജകത്വപ്രവണതകളെയും ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. ഖുർആൻ അതിങ്ങനെ വിശദമാക്കുന്നു:'പറയുക: രഹസ്യവും പരസ്യവുമായ നീചവൃത്തികൾ, കുറ്റകൃത്യം, അന്യായമായ അതിക്രമം, അല്ലാഹു ഒരു തെളിവും ഇറക്കിത്തരാത്ത വസ്തുക്കളെ അവനിൽ പങ്കുചേർക്കൽ, നിങ്ങൾക്കറിയാത്ത കാര്യങ്ങൾ അല്ലാഹുവിന്റെ പേരിൽ പറഞ്ഞുണ്ടാക്കൽ ഇതൊക്കെയാണ് എന്റെ നാഥൻ നിഷിദ്ധമാക്കിയത് '(അൽഅഅ്റാഫ് 33).

**ഭീകരതാപ്രചാരണം അക്രമത്തിലൂടെ**

തങ്ങളുടെ സംഘടനയ്ക്ക് പ്രചാരം വർധിപ്പിക്കാൻ അക്രമത്തിന്റെ പാതയാണ് അനുയോജ്യമെന്ന് ഭീകരർ കരുതുന്നു. നിരപരാധികളുടെ ചോരയും ബാങ്ക് കൊള്ളയും ബോംബുഭീഷണിയും ആളുകളെ തട്ടിയെടുത്തുള്ള വിലപേശലും തങ്ങളുടെ നയപരിപാടികൾക്ക് പ്രചാരംനൽകാനായാണ് അവർ ചെയ്യുന്നത്. ഒരു ദിവസത്തെ ആക്രമണത്തിന് ലഭിക്കുന്ന വാർത്താപ്രാധാന്യം  ദശലക്ഷക്കണക്കിന് ലഘുലേഖകൾ അച്ചടിക്കുന്നതിനെക്കാൾ ഫലപ്രദമാണെന്നത്  ഭീകരർക്ക് പ്രചോദനമേകുന്നുണ്ട്.

അതെല്ലാം അറിയപ്പെട്ട എല്ലാ മാനുഷികമൂല്യങ്ങൾക്കുമെതിരാണ്. ഖുർആന്റെ ധാർമികാധ്യാപനങ്ങൾക്ക് അപരിചിതമാണ് അത്തരം ശൈലികൾ .നിർമത-ഭൗതികാശയങ്ങൾക്ക് വേരോട്ടമുള്ള സമൂഹത്തിൽ മാത്രമേ അക്രമമാർഗങ്ങൾക്ക് പിന്തുണലഭിക്കുകയുള്ളൂ. അതിനാൽ ദയ, സഹാനുഭൂതി, എന്നിങ്ങനെ ധാർമികമൂല്യ

ങ്ങൾ ഉദ്ഘോഷിക്കുന്ന ഖുർആനിന്റെ അധ്യാപനങ്ങളെ പ്രചരിപ്പിക്കുകയും അത് ജീവിതശൈലിയായി സ്വീകരിക്കുകയുംചെയ്യുന്ന അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടു മാത്രമേ മാനവരാശിയെ അധാർമികമായ ഭീകരചിന്താഗതികളിൽനിന്ന് രക്ഷപ്പെടുത്താനാകൂകയുള്ളൂ.

## ബോസ്റ്റൺ ആക്രമണമുൾപ്പെടെ എല്ലാ അക്രമങ്ങളെയും ഇസ്‌ലാം അപലപിക്കുന്നു

അമേരിക്കയിലെ ബോസ്റ്റൺമാരത്തണിൽനടന്ന ഭീകരാക്രമണത്തെ യഥാർഥമുസ്‌ലിംകൾ അപലപിച്ചിട്ടുണ്ട്. ഒന്നാമതായി, അത്തരത്തിലുള്ള അക്രമങ്ങളെയും ആക്രമണങ്ങളെയും ഇസ്‌ലാം വിലക്കിയിട്ടുണ്ടെന്ന്  നാം പ്രഖ്യാപിക്കണം. മാത്രമല്ല,അത്തരം വിഷയങ്ങളിൽ ഖുർആന്റെ നിലപാട് ഏവർക്കും വ്യക്തമാക്കിക്കൊടുക്കേണ്ടതുമുണ്ട്.

പാശ്ചാത്യലോകത്തെയും ഇസ്‌ലാമികലോകത്തെയും തമ്മിലടിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി വിവരംകെട്ട ഒരുപറ്റം ആളുകൾ നടത്തിയ നീചവൃത്തിയായിരുന്നു ബോസ്റ്റൺ ഭീകരാക്രമണം. ആക്രമണത്തിൽ 3 പേർ കൊല്ലപ്പെടുകയും നൂറോളം പേർക്ക് പരിക്കേൽക്കുകയുംചെയ്തിരുന്നു. ഇസ്‌ലാം അക്രമത്തിന്റെയും രണോത്സുകതയുടെയും പാത സ്വീകരിക്കുന്ന മതമാണെന്ന ധാരണ ഊട്ടിയുറപ്പിക്കാൻ പലപ്പോഴായി പടിഞ്ഞാറൻ മണ്ണിൽ അത്തരം ഭീകരാക്രമണങ്ങൾ അക്കൂട്ടർ നടത്തിയിട്ടുണ്ട്. അത്തരം ആക്രമണങ്ങളിൽ ഏറ്റവും മാരകമായത് സെപ്റ്റംബർ 11 നു നടന്ന വേൾഡ് ട്രേഡ് സെന്റർ ആക്രമണമായിരുന്നു. പ്രസ്തുത ആക്രമണത്തിന്റെ തൊട്ടുടനെ ചില രാഷ്ട്രീയനേതാക്കൻമാരും മതാധ്യക്ഷൻമാരും ഇസ്‌ലാം ഭീകരതയെ പിന്തുണക്കുന്ന മതമാണെന്ന് പ്രസ്താവനയിറക്കുകയുണ്ടായി. മുസ്‌ലിംലോകത്തിനുനേരെ മതയുദ്ധം നടത്തണമെന്നുവരെ ചിലർ പറഞ്ഞുകളഞ്ഞു. അതുകൊണ്ടുതന്നെ ഭീകരരുടെ  അത്തരം ആക്രമണങ്ങൾ ലക്ഷ്യംകണ്ടുവെന്ന് സമ്മതിക്കേണ്ടിവരും. അമേരിക്കയിലിന്നും ചില രാഷ്ട്രീയകക്ഷികളും മതഭ്രാന്തൻമാരും തീവ്രവാദികളും വാർത്താമാധ്യമങ്ങളും മുസ്‌ലിംകൾക്കെതിരിലുള്ള അക്രമത്തെ പിന്തുണച്ചും സമൂഹം അവരെ ഒറ്റപ്പെടുത്തണമെന്നാവശ്യപ്പെട്ടും പ്രസ്താവനകളിറക്കുന്നത് നാം കേട്ടുകൊണ്ടിരിക്കുന്നു. എന്നാൽ അമേരിക്കൻ ജനത അത്തരം കുത്സിതപ്രചാരണങ്ങളിൽ വീണുപോകുകയോ പ്രകോപനങ്ങൾക്കിരയാകുകയോ ചെയ്യില്ലെന്നാണ് നമ്മുടെ പ്രതീക്ഷ.

സ്നേഹവും സൗഹൃദവും പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ വചനങ്ങൾ ഖുർആനിലുണ്ട്. ആലുഇംറാൻ അധ്യായത്തിലെ 159-ാം സൂക്തത്തിലെ 'അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് നീ അവരോട് സൗമ്യനായത്' എന്ന ഭാഗം ജനങ്ങളു

മായി മമതയിലും കാരുണ്യത്തിലും ഇടപഴകണമെന്ന് ഇസ്‌ലാമിന്റെ കൽപനയെ വ്യക്തമാക്കുന്നു.

മുസ്‌ലിമാണെന്ന് വാദിക്കുകയും എന്നിട്ട് ഇസ്‌ലാം അക്രമപ്രവർത്തനങ്ങളെ ആവശ്യപ്പെടുന്നുണ്ടെന്ന് പ്രഘോഷിക്കുകയും ചെയ്യുന്നവർ ഒന്നുകിൽ കപടവാദം ഉന്നയിക്കുന്ന പ്രകോപനകാരിയോ അല്ലെങ്കിൽ മതതത്ത്വങ്ങളെപ്പറ്റി യാതൊന്നുമറിയാത്ത പമ്പരവിഡ്ഢിയോ ആണ്. അറിവില്ലാതെ അത്തരം വിവരക്കേടുകൾ വിളമ്പുന്നവരെ ഖുർആൻ പറയുന്നതെന്തെന്ന് ബോധ്യപ്പെടുത്തിയാൽ തെറ്റുതിരുത്താനവർ തയ്യാറാകും. പ്രകോപനത്തിന്റെ അന്തരീക്ഷം ഇല്ലാതിരിക്കുമ്പോഴേ ജനങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച യഥാർഥചിത്രം ലഭിക്കുകയുള്ളൂ. ഇസ്‌ലാം അക്രമങ്ങളെയും വിദ്വേഷപ്രകടനങ്ങളെയും തള്ളിക്കളയുന്നുവെന്ന് എല്ലാവരും തിരിച്ചറിഞ്ഞാൽ പിന്നെ പ്രകോപനകാരികൾക്കും തീവ്രവാദികൾക്കുംപ്രസക്തിയില്ലാതാകും.

ജൂത-ക്രൈസ്തവജനതയിൽ ഇസ്‌ലാമിനെതിരെ ശത്രുതയും വിദ്വേഷവും ജനിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. അതേപോലെത്തന്നെ മുസ്‌ലിംസമൂഹത്തിലും ക്രൈസ്തവ-ജൂതവിരോധം ആളിക്കത്തിക്കാൻ തുനിയുന്നവരുമുണ്ട്. അത്തരക്കാർ മതഭ്രാന്തൻമാരായ ആളുകളാണ്. തങ്ങളുടെ വാദം സമർഥിക്കാൻ മെനഞ്ഞെടുത്ത 'ഹദീസു'കളെ അവർ ഖുർആനിനുപകരം പൊക്കിക്കൊണ്ടുവരുന്നു. നിസ്സാരമെന്ന് തള്ളിക്കളയാനാകാത്തവിധം ഇസ്‌ലാമികലോകത്ത് ഗുരുതരമായ ഒരു പ്രശ്നമായി ഇന്നത് മാറിക്കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിന്റെ ധാർമികമൂല്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത അത്തരക്കാർ ഇസ്‌ലാമികവിശ്വാസധാരയുടെ അപോസ്തലൻമാരും മുസ്‌ലിംകളുമായി പരിഗണിക്കപ്പെടുന്നത് യഥാർഥമുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം മനോവേദനയുണ്ടാക്കുന്ന സംഗതിയാണ്. സ്നേഹം, സൗഹൃദം , കാരുണ്യം തുടങ്ങി മാനവികവികാരങ്ങളൊന്നും തൊട്ടുതീണ്ടിയിട്ടില്ലാത്തവരാണവർ. ഇതരമതവിശ്വാസധാരകളോട് മാത്രമല്ല, സ്വമതത്തിൽപെട്ട അവാന്തരവിഭാഗങ്ങളോടുപോലും കടുത്ത വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തുന്ന അസഹിഷ്ണുക്കളാണവർ. അതുവരെ കണ്ടുമുട്ടിയിട്ടില്ലാത്ത വ്യക്തിയെ അന്യസമൂഹത്തിൽപെട്ടതാണെന്ന ഒറ്റക്കാരണത്താൽ വെറുക്കാൻ അവർ മടിക്കാറില്ല. അതിനാൽ മുസ്‌ലിംകൾ അത്തരത്തിലുള്ള സമൂഹമാണെന്ന ധാരണ സൃഷ്ടിക്കപ്പെടുന്നതു ഒട്ടും സ്വീകാര്യമേയല്ല.

വ്യത്യസ്തചിന്താസരണികളിലും മതങ്ങളിലും വംശങ്ങളിലും പെട്ട ജനങ്ങളെ തമ്മിലടിപ്പിക്കുകയെന്നത് യുദ്ധക്കൊതിയൻമാരായ ആളുകൾ പ്രയോഗിച്ചുവിജയംകണ്ട തന്ത്രമാണ്. ഈ ലോകം എല്ലാവിഭാഗം ആളുകൾക്കും സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാൻ പശ്ചാത്തലമൊരുക്കുംവിധം വിശാ

ലവും ഫലഭൂയിഷ്ഠവുമാണെന്നിരിക്കെ അക്രമത്തിനും യുദ്ധത്തിനും മുതിരേണ്ട യാതൊരു ന്യായവുമില്ല. ഏറ്റുമുട്ടലിനും യുദ്ധത്തിനും ന്യായമായി പറയപ്പെടുന്ന എല്ലാംതന്നെ വഞ്ചനാത്മകമായ പൊള്ളത്തരങ്ങളാണ്.

അല്ലെങ്കിലും  ഏറ്റുമുട്ടലിനും യുദ്ധത്തിനും പോകുന്നതിനേക്കാൾ എളുപ്പമല്ലേ സമാധാനത്തിലും സ്നേഹത്തിലും കഴിഞ്ഞുകൂടുന്നത്. ഉദാഹരണത്തിന്, ഫലസ്തീനികളായാലും ഇസ്രയേലികളായാലും  ബോംബിന്റെയും റോക്കറ്റിന്റെയും മറ്റു മാരകായുധങ്ങളുടെയും ഭയാന്തരീക്ഷത്തിൽ കഴിയേണ്ടിവരികയെന്നത് അസ്വീകാര്യമാണ്. പ്രവാചകൻമാരായ യെശ്മയേലിന്റെയും യാക്കോബിന്റെയും സന്തതിപരമ്പരകളിൽപെട്ട രണ്ടുജനസമൂഹങ്ങൾ അനുഭവിക്കുന്ന ഈ ദുരന്തം മനുഷ്യരാശിക്കുതന്നെ നാണക്കേടായി മാറിയിരിക്കുന്നു.

മിതവാദവും പരസ്പരസ്നേഹവും ആദരവും യുക്തിദീക്ഷയും വെച്ചുപുലർത്തുന്ന ആളുകൾക്കിടയിൽ തീവ്രചിന്താഗതിക്കാരുടെ വീക്ഷണങ്ങൾ അന്തിമമായി പരാജയപ്പെടുമെന്നുതന്നെയാണ് നമ്മുടെ പ്രതീക്ഷ -ചരിത്രം പരിശോധിച്ചാൽ തീവ്രആശയക്കാർ തങ്ങളുടെ ചിന്താഗതിയിൽ സ്വയം എരിഞ്ഞൊടുങ്ങിയതാണ് കാണാനാകുക-ജൂത-ക്രൈസ്തവ-മുസ്ലിംസമൂഹങ്ങളിലെ വിവേകശാലികൾ  ഐക്യദാർഢ്യത്തോടെ മുൻപന്തിയിൽ നിലകൊണ്ടാലേ അത് സാധിക്കുകയുള്ളൂ. നൻമേഛുക്കളായ ആളുകളുടെ ഐക്യനിര അനിവാര്യമാണതിന്.  ഭീകരതയെയും അക്രമത്തെയും പരാജയപ്പെടുത്താൻ അതല്ലാതെ മറ്റൊരുവഴിയുമില്ല.

*അല്ലാഹു സമാധാനത്തിന്റെ ഭവനത്തിലേക്ക് ക്ഷണിക്കുന്നു. അവനിച്ഛിക്കുന്നവരെ അവൻ നേർവഴിയിൽ നയിക്കുന്നു.(യൂനുസ് 25)*

# വേദക്കാരെക്കുറിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട്

അമേരിക്കക്കെതിരെ നടക്കുന്ന ഭീകരാപ്രവർത്തനങ്ങളെ മുൻനിർത്തി പാശ്ചാത്യ-ഇസ്‌ലാമികലോകങ്ങൾ തമ്മിലുള്ള ബന്ധത്തെ നിർവചിക്കാനുള്ള ചിലരുടെ അജണ്ടയാണ് മറ്റൊരു പ്രധാനവിഷയം. ഏവർക്കുമറിയാവുന്നപോലെ, 90കളോടെ പാശ്ചാത്യലോകവും ഇസ്‌ലാമികലോകവും തമ്മിൽ അനതിവിദൂരഭാവിയിൽ സംഘർഷത്തിലേർപ്പെടുമെന്ന് ചില ബുദ്ധിജീവികൾ പ്രചരിപ്പിച്ചു. സാമുവൽ ഹണ്ടിങ്ടണിന്റെ 'നാഗരികതകളുടെ സംഘർഷം' എന്ന സിദ്ധാന്തം മുന്നോട്ടുവെക്കുന്ന ആശയമിതാണ്. എന്നാൽ ഈ ആശയം-എഡ്വേർഡ് സൈദ് അതിനെ വിളിച്ചത് അജ്ഞതകളുടെ സംഘർഷം എന്നാണ്- രണ്ടുനാഗരികതകളിലെയും വിവരംകെട്ട തീവ്രചിന്താഗതിക്കാരുടെ അതിശയോക്തിയാൽ ഊതിവീർപ്പിക്കപ്പെട്ട സാങ്കൽപികലോകത്തിലാണ് കുടിയിരിക്കുന്നത്. യഥാർഥത്തിൽ പാശ്ചാത്യ-ഇസ്‌ലാമികനാഗരികതകൾ തമ്മിൽ ഒരിക്കലും സംഘർഷത്തിന് സാധ്യതയില്ല. പാശ്ചാത്യനാഗരികതയ്ക്ക് മൂല്യങ്ങൾ സംഭാവനചെയ്ത ക്രൈസ്തവ-ജൂതവിശ്വാസങ്ങൾ ഇസ്‌ലാമുമായി യോജിപ്പിലാണെന്നതാണ് അതിനുകാരണം.

ഖുർആൻ ക്രൈസ്തവരെയും ജൂതരെയും വേദക്കാരെന്ന് അഭിസംബോധനചെയ്യുന്നു. ദൈവം അവർക്കുനൽകിയ വേദപുസ്തകത്തെ പിൻപറ്റുന്ന മതത്തിന്റെ അനുയായികളാണവർ എന്നതാണ് അതിനുകാരണം. വേദക്കാരെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് നീതിയിലും സഹാനുഭൂതിയിലും അധിഷ്ഠിതമത്രേ.

വേദക്കാരോടുള്ള സമീപനം ഇസ്‌ലാമിന്റെ ആവിർഭാവകാലംതൊട്ടേയുണ്ടെന്ന് ഖുർആനികതത്ത്വങ്ങൾ നമ്മോട് പറയുന്നു. മക്കയിലെ മുസ്‌ലിംകൾ ബഹുദൈവാരാധകരുടെ നാനാഭാഗത്തുനിന്നുള്ള മർദ്ദന-പീഡനങ്ങൾ സഹിച്ച് തങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ പ്രയാസപ്പെട്ട ന്യൂനപക്ഷമായിരുന്ന കാലം. പീഡനങ്ങൾ അസഹനീയമായപ്പോൾ, സുരക്ഷതേടി നീതിമാനായ ഭരണാധികാരികളുള്ള ഏതെങ്കിലും രാജ്യത്തേക്ക് പലായനംചെയ്യാൻ അവർ തീർച്ചയാക്കി. ഏതോപ്യയിലെ ക്രൈസ്തവരാജാവായ നജ്ജാശിയുടെ അടുക്കൽ അഭയംതേടാൻ മുഹമ്മദ് നബി അവരോട് നിർദ്ദേശിച്ചു. അങ്ങനെ മുസ്‌ലിംകൾ ഏത്യോപ്യയിൽ ചെന്നപ്പോൾ അവിടത്തെ ഭരണകൂടം സ്നേഹത്തോടെയും ആദരവോടെയും അവരെ സ്വീകരിച്ചു. മുസ്‌ലിംകൾ അവിടെയെത്തിയതറിഞ്ഞ മക്കയിലെ ബഹുദൈവവിശ്വാസികൾ, രാജാവിന്റെ അടുക്കൽ ചെന്ന് അവരെ വിട്ടുതരാൻ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം സമ്മതിച്ചില്ല. മാത്രമല്ല, മുസ്‌ലിംകൾക്ക് സമാധാനത്തോടെ തന്റെ രാജ്യത്ത് ജീവിക്കാമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുംചെയ്തു.

ക്രൈസ്തവരുടെ സഹജമായ സഹാനുഭൂതിയും ദയയും നീതിയും ഖുർആൻ

ഇങ്ങനെ വിവരിക്കുന്നു.(5:82)
‘ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്നു പറഞ്ഞവരാണ് വിശ്വാസികളോട് കൂടുതൽ സ്നേഹമുള്ളവരെന്നും. അവരിൽ പണ്ഡിതൻമാരും പുണ്യാളൻമാരുമുണ്ടെന്നതും അവർ അഹന്ത നടിക്കുന്നില്ലെന്നതുമാണിതിനു കാരണം‘(അൽമാഇദ 82)

## വേദക്കാരും മുസ്ലിംകളും പങ്കുവെക്കുന്ന വിശ്വാസധാർമികമൂല്യങ്ങൾ

ക്രൈസ്തവ-മുസ്ലിംവിശ്വാസങ്ങൾ പലതലങ്ങളിലും സാദൃശ്യം പുലർത്തുന്നു. ജൂതായിസവും ഇസ്ലാമിന്റെ അതേ വിശ്വാസമൂല്യങ്ങൾ പങ്കുവെക്കുന്നുണ്ട്. മുസ്ലിംകൾ വേദക്കാരോടൊപ്പം ഒരേ വിശ്വാസം പങ്കുവെക്കുന്നവരാണെന്നും അവരോട് ഇപ്രകാരം പറയുന്നവരാണെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട്: ‘ഞങ്ങൾക്ക് ഇറക്കിത്തന്നതിലും നിങ്ങൾക്ക് ഇറക്കിത്തന്നതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെ. ഞങ്ങൾ അവനെ മാത്രം അനുസരിക്കുന്നവരാണ്‘(അൽഅൻകബൂത് 46).

ദൈവം ശൂന്യതയിൽനിന്നാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളതെന്നും അവൻ അതിനെ പരിപാലിച്ചുകൊണ്ട് സർവാധിപതിയായി നിലകൊള്ളുന്നുവെന്നും മൂന്ന് മതവിശ്വാസങ്ങളുടെയും അനുയായികൾവിശ്വസിക്കുന്നു. മനുഷ്യരടക്കം സർവജീവജാലങ്ങളെയും ദൈവം അത്യദ്ഭുതകരമായ രീതിയിൽ സൃഷ്ടിച്ചിട്ടുള്ളതെന്നും അതിൽപെട്ട മനുഷ്യന് ദൈവദത്തമായ ആത്മാവുണ്ടെന്നും വിശ്വസിക്കുന്നു. പുനരുത്ഥാനനാളിലും ,സ്വർഗ-നരകങ്ങളിലും മാലാഖമാരിലും വിശ്വസിക്കുന്നു. ദൈവം നമ്മുടെ ജീവിതംകൊണ്ട് ചിലത് ലക്ഷ്യമിടുന്നുണ്ടെന്ന് തിരിച്ചറിയുന്നു.
ചരിത്രത്തിലുടനീളം ദൈവം നോഹ(അ), അബ്രഹാം(അ), ഇസാഖ്(അ) യോസഫ്(അ),മോസസ്(അ) എന്നിങ്ങനെ ഒട്ടനേകം പ്രവാചകൻമാരെ അയച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. എല്ലാ സെമിറ്റിക്മതവിഭാഗങ്ങളും ഈ പ്രവാചകൻമാരെ ഇഷ്ടപ്പെടുന്നു.

മുസ്ലിംകൾ പ്രവാചകൻമാർക്കിടയിൽ യാതൊരു വിവേചനവും കൽപിക്കുന്നില്ലെന്ന് ഖുർആൻ പറയുന്നു: ‘ദൈവദൂതൻ തന്റെ നാഥനിൽ നിന്ന് തനിക്ക് ഇറക്കിക്കിട്ടിയതിൽ വിശ്വസിച്ചിരിക്കുന്നു. അതുപോലെ സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദപുസ്തകങ്ങളിലും ദൂതൻമാരിലും വിശ്വസിച്ചിരിക്കുന്നു. ’ദൈവദൂതൻമാരിൽ ആരോടും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ലെ’ന്ന് അവർ സമ്മതിക്കുന്നു. അവരിങ്ങനെ പ്രാർഥിക്കുകയും ചെയ്യുന്നു: ’’ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ മാപ്പേകണമേ. നിന്നിലേക്കാണല്ലോ മടക്കം.’’(അൽ ബഖറ 285)

വേദക്കാരുടെ വിശ്വാസം മുസ്‌ലിംകളുടെതുമായി യോജിക്കുന്നു. കേവലം വിശ്വാസകാര്യങ്ങളിൽമാത്രമല്ല, ധാർമികമൂല്യങ്ങളിലും അപ്രകാരം തന്നെ. വ്യഭിചാരം, സ്വവർഗലൈംഗികത, ലഹരിയോടുള്ള ആസക്തി, അഹംഭാവം, സ്വാർത്ഥതാൽപര്യങ്ങൾക്കായുള്ള ക്രൂരത എന്നിവ വ്യാപകമായിരിക്കുന്ന ഈ കാലഘട്ടത്തിൽ വേദക്കാരും മുസ്‌ലിംകളും അഭിമാനം, വിശുദ്ധി, വിനയം, ആത്മത്യാഗം, വിശ്വസ്തത, സഹാനുഭൂതി, ദയ, നിരുപാധികസ്നേഹം തുടങ്ങി ശ്രേഷ്ഠഗുണങ്ങൾ പങ്കുവെക്കുന്നുവെന്നത് ശ്രദ്ധേയമാണ്.

## അദ്നാൻ അഖ്തറുമായി സംഭാഷണം

## വേദക്കാരോട് സ്നേഹത്തിലും കരുണയിലും വർത്തിക്കുകയെന്നതാണ് നബിചര്യ

അദ്നാൻ അഖ്തർ: ഇസ്രയേൽ സമൂഹം പ്രവാചകൻമാരുടെ സമൂഹമാണ്. അവർ നമ്മുടെ സ്വന്തം പ്രവാചകൻമാരുടെ പൗത്രൻമാരാണ്. മോസസ്(മൂസാനബി)പ്രവാചകന് അവതരിച്ചുകിട്ടിയ തോറാസംരക്ഷിക്കുകയും അതനുസരിച്ച് ഇന്നേവരെ ജീവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു അവർ. അതിനാൽ ആ ജനതയെ രാഷ്ട്രമില്ലാതെ അലഞ്ഞുതിരിയാൻ വിടുന്നത് വിവേകത്തിനോ യുക്തിക്കോ യോജിച്ചതല്ല. അവരുടെ ഭൂമിയിൽനിന്ന് അവരെ പുറത്താക്കാൻ ശ്രമിക്കുന്നതോ അതുവഴി ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്നതോ ശരിയല്ല. മുസ്‌ലിംകൾ സ്നേഹവും കാരുണ്യവും അലിവും ഉള്ളസമൂഹമാണ്. ജൂതൻമാർ നമ്മുടെ സഹോദരൻമാരാണ്.നമ്മെപ്പോലെ അവർക്കും ജീവിക്കാൻ അവകാശമുണ്ട്. തങ്ങളിച്ഛിക്കുന്ന നാട്ടിൽ ശാസ്ത്രത്തിലും കലയിലും വ്യാപാരത്തിലും തങ്ങളുടേതായ മുദ്രപതിപ്പിച്ച് ജീവിക്കാനാഗ്രഹിക്കുന്ന ഒന്നാംകിടമനുഷ്യർതന്നെയാണവർ. അതിനാൽ അവരെ സ്വദേശത്തുനിന്ന് എന്തിന് പുറത്താക്കണം? ജീവിക്കാൻ അവർക്കുള്ള അവകാശത്തെ എന്തിന് നിഷേധിക്കണം?ഒരാൾക്കും അത്തരം നടപടി സ്വീകാര്യമാവില്ല. എനിക്കും അത് സ്വീകരിക്കാനാകില്ല. തീർച്ചയായും അവർക്ക് സമാധാനത്തിലും സന്തോഷത്തിലും ജീവിക്കാം. അവരുടെ ജീവന് സുരക്ഷയുണ്ടായിരിക്കും. തുർക്കി -ഇസ്‌ലാമികരാഷ്ട്രത്തിൽ അവർക്ക് കൂട്ടമായി വന്ന് താമസിക്കാം. ഖുർആന്റെ വചനങ്ങളും പ്രവാചകസമീപനങ്ങളും ആർക്കും കാണാവുന്നവിധം സുവ്യക്തമാണ്. വേദക്കാരായ ഇസ്രയേൽജനത പ്രവാചകകാലഘട്ടത്തിൽ നിർഭയത്വത്തോടെ സുഖകരമായ ജീവിതമാണ് നയിച്ചിരുന്നത്. അക്കാലത്ത് ഇസ്രയേലിലെ ജറൂസലമിലും അവർ താമസിച്ചിരുന്നു. അവർ അവിടെ ഐശ്വര്യത്തിലും സന്തോഷത്തിലും ജീവിച്ചു. മുസ്‌ലിംകൾ അവരോട് സ്നേഹത്തിലും സൗഹൃദത്തിലും സഹവർത്തിച്ചു. മുസ്‌ലിമിന് ജൂതപെൺകുട്ടിയെ വിവാ

ഹം കഴിക്കുന്നതിൽ വിലക്കില്ലായിരുന്നു. അവരുടെ കൂടെയിരുന്ന് അവരുണ്ടാക്കിയ ഭക്ഷണം അവർ കഴിച്ചിരുന്നു. അവരുടെ വീടുകൾ സന്ദർശിച്ച് അവരുമായി സൗഹൃദം പുലർത്തിയിരുന്നു.

അതായിരുന്നു നബി(സ)യുടെ കാലത്തെ രീതിയും ചര്യയും.അതുതന്നെയാണ് ക്രൈസ്തവരോടുള്ള നിലപാടും. നിങ്ങൾക്കറിയാമല്ലോ നമ്മുടെ പ്രവാചകന്റെ വലംകൈ ഉടമപ്പെടുത്തിയവരിൽ ഒരു മഹതി ക്രിസ്ത്യാനിയായിരുന്നെന്ന്. ആ മഹതി ഏവരും ആദരവോടെ സ്മരിക്കുന്ന നമ്മുടെ മാതാവാണ്. ഞാൻ ജൂതമതത്തെക്കുറിച്ചുമാത്രമല്ല, സംസാരിക്കുന്നത് ഈ ഭൂമിയിൽ തങ്ങളിഷ്ടപ്പെടുന്നിടത്ത് തങ്ങളുടേതായ സന്തോഷം കണ്ടെത്തി സമാധാനത്തിലും സൗഹാർദ്ദത്തിലും ജീവിക്കാൻ ക്രൈസ്തവർക്കും അവകാശമുണ്ടെന്ന് നാം മനസ്സിലാക്കണം. (The Gulf Today Nov. 2008)

## വേദക്കാരോട് ഉത്തമനിലയിൽ സഹവർത്തിക്കണം

അദ്നാൻ അഖ്തർ:  ഒന്നാമതായി, അക്രമവും ആക്രോശവും അട്ടഹാസവും ഒന്നിനും പരിഹാരമല്ല. എന്നല്ല, അതെല്ലാം ഭീരുത്വമാണ്.  ഖുർആനും പ്രവാചകചര്യയും വരച്ചുകാട്ടിയതുപോലെ യുക്തിസഹമായി പ്രവർത്തിക്കുന്നവനായിരിക്കണം ഒരു മുസ്‌ലിം. പ്രവാചകൻ തന്റെ അനുയായികളോടൊത്ത് ജീവിച്ച കാലഘട്ടത്തിൽ അനുവർത്തിച്ചതേ അവൻ ആധാരമാക്കാവൂ. അദ്ദേഹത്തിന്റെ അനുചരൻമാർ ജനങ്ങളോട് ഏറ്റവും നല്ല രീതിയിലാണ് വർത്തിച്ചത്. നമ്മുടെ പ്രവാചകൻ മുഹമ്മദ് (സ) ആകർഷകപെരുമാറ്റമര്യാദകൾക്കുടയവനായിരുന്നു.  മറ്റുള്ളവരുമായുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളും സമീപനവും, സമ്പൂർണവും സ്ഥിരതയുമുള്ളതായിരുന്നു. വേദക്കാർക്ക് എല്ലാ പരിഗണനകളും പരിചരണവും കൊടുത്ത് സ്നേഹത്തോടെ അവരുമായി ഇടപഴകി. അതിനാൽതന്നെ പ്രവാചകന്റെ ജീവിതരീതികളിലും പെരുമാറ്റമര്യാദകളിലും ആകൃഷ്ടരായ അവർ കൂട്ടത്തോടെ മുസ്‌ലിംകളായിത്തീരുകയുണ്ടായി. ജൂത□ാരും ക്രൈസ്തവരും പ്രവാചകനെ കണ്ടിട്ടില്ലെങ്കിൽ പിന്നെങ്ങനെയാണ് അദ്ദേഹത്തിന്റെ സദ്പെരുമാറ്റം അവർക്ക് അനുഭവിക്കാൻ കഴിയുക?  അവരോട് നല്ലരീതിയിൽ പെരുമാറാതെ എങ്ങനെയാണ് അദ്ദേഹത്തിന്റെ സത്യസന്ദേശത്തിൽ അവർ ആകൃഷ്ടരായിട്ടുണ്ടാകുക? അതിനാൽ എല്ലാ മുസ്‌ലിംകളും മുഹമ്മദ് നബി(സ) തന്റെ ജീവിതകാലത്ത് വേദക്കാരോട് പുലർത്തിയ സമീപനശൈലിയെങ്ങനെയെന്ന് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. (Kral karadeniz TV , 25 January 2010)

## വേദക്കാരുടെയും മുസ്‌ലിംകളുടെയും മുഖ്യഎതിരാളികൾ

സമകാലീനലോകത്ത് സ്വാധീനശക്തിയായി വളർന്നുകഴിഞ്ഞ നിരീശ്വരപ്രത്യയ ശാസ്ത്രങ്ങൾ ക്രൈസ്തവതയെയും ജൂതായിസത്തെയും ഇസ്‌ലാമിനെയും ഒരുമിപ്പിക്കുന്ന മറ്റൊരുയാഥാർഥ്യം.

ഇന്നത്തെ കാലഘട്ടത്തിൽ ഏറെ സുപരിചിതമായ നിരീശ്വരപ്രതിലോമ ദർശനങ്ങൾക്കുദാഹരണമാണ് ഫാഷിസം, കമ്യൂണിസം, ഭൗതികവാദം,അസ്തിത്വവാദം, ശൂന്യതാവാദം, വംശീയതാവാദം, അരാജകത്വവാദം തുടങ്ങിയവ .
പ്രപഞ്ചം,മനുഷ്യൻ, സമൂഹം തുടങ്ങിയവയെ സംബന്ധിച്ച് ഈ ആശയങ്ങൾ നൽകുന്ന അബദ്ധജഢിലവും വഞ്ചനാത്മവുമായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും വിശ്വസിച്ച് ഒട്ടേറെയാളുകൾ തങ്ങളുടെ മതവും വിശ്വാസാചാരങ്ങളും ഉപേക്ഷിച്ചിട്ടുണ്ട്. എന്തിനേറെ, ഈ തത്ത്വദർശനങ്ങൾ ആളുകളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും ദുരന്തത്തിലേക്കും സംഘർഷത്തിലേക്കും യുദ്ധങ്ങളിലേക്കും വലിച്ചിഴച്ചു. ഇന്ന് മാനവരാശി അനുഭവിക്കുന്ന വേദനയിലും ദുഃഖത്തിലും അത്തരം നിർമതദർശനങ്ങളും വഹിച്ച ആക്ഷേപകരമായ പങ്ക് വലുതാണ്.

ദൈവത്തെയും അവന്റെ സൃഷ്ടിപ്പിനെയും തള്ളിക്കളയുന്ന മേൽപറഞ്ഞ നിർമത പ്രത്യയശാസ്ത്രങ്ങളെല്ലാം ചാൾസ് ഡാർവിന്റെ പരിണാമവാദത്തിന്റെ ചട്ടക്കൂട് സ്വീകരിച്ചവയാണ്. എല്ലാ ദൈവനിഷേധതത്ത്വശാസ്ത്രങ്ങളുടെയും അടിസ്ഥാനം ഡാർവിനിസമാണ്. അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടത്തിലൂടെയും യാദൃഛികപ്രതിഭാസങ്ങളുടെയും ഫലമായി ജീവിവർഗം ഉടലെടുത്തുവെന്ന തികച്ചും ശാസ്ത്രീയമല്ലാത്ത സിദ്ധാന്തമാണ് ഡാർവിനിസം സമർപ്പിക്കുന്നത്. അതിലൂടെ ഡാർവിനിസം മനുഷ്യന് നൽകുന്ന വഞ്ചനാത്മകമായ സന്ദേശമിതാണ്

'നിങ്ങൾക്ക് ആരോടും യാതൊരു ഉത്തരവാദിത്വവുമില്ല. നിങ്ങളുടെ ജീവിതം യാദൃശ്ചികതകളോട് കടപ്പെട്ടിരിക്കുന്നു. വിജയിക്കണമെങ്കിൽ പരിശ്രമം ആവശ്യമാണ്. വേണമെങ്കിൽ മറ്റുള്ളവരെ കീഴ്പ്പെടുത്തുകയും ആവാം. ഈ ലോകം സംഘർഷങ്ങളുടെയും സ്വാർത്ഥതാൽപര്യങ്ങളുടെതുമാണ്.'
പ്രകൃതിയുടെ തെരഞ്ഞെടുപ്പ് , ജീവിതത്തിനുവേണ്ടിയുള്ള പോരാട്ടം, അർഹതയുള്ളവന്റെ അതിജീവനം തുടങ്ങി ഡാർവിനിസ്റ്റ് സിദ്ധാന്തം മുന്നോട്ടുവെക്കുന്ന സാമൂഹികസന്ദേശംല്ലാം തന്നെ അപകടകരമാംവിധം മതനിഷേധത്തിലേക്ക് നയിക്കുന്ന മാർഗങ്ങളാണ്. ഈ പൈശാചികചിന്താഗതി ജനങ്ങളെ ആത്മപൂജകരും സ്വാർത്ഥംഭരികളും ക്രൂരരും ഏകാധിപതികളും ഒക്കെ ആകാൻ പ്രേരിപ്പിക്കുന്നു. ജീവിത നിയമത്തിൽ അതെല്ലാം ആവശ്യമാണെന്ന മട്ടിൽ ,ഏകദൈവവിശ്വാസത്തിലൂന്നുന്ന മതത്രയങ്ങൾ മുന്നോട്ടുവെക്കുന്ന ദയ, കാരുണ്യം, ആത്മത്യാ

ഗം, വിനയം തുടങ്ങി മാനുഷികഗുണങ്ങളെ അത് ഇല്ലായ്മചെയ്യുന്നു. .

വേദക്കാരുടെ വിശ്വാസമൂല്യങ്ങൾക്കും ഖുർആന്റെ ധാർമികമൂല്യങ്ങൾക്കും കടക വിരുദ്ധമാണ് ഈ ഡാർവിനിസ്റ്റ് അധ്യാപനങ്ങൾ. തദ്ഫലമായി ജൂത-ക്രൈസ്തവ ഇസ്‌ലാംമതങ്ങളെ ആത്യന്തികമായി എതിർക്കുന്ന ലോകത്തിന്റെ നിർമിതിക്കാണ് ഡാർവിനിസം നിലമൊരുക്കുന്നത്.

ഇത്തരമൊരു പരിതസ്ഥിതിയിൽ ഏകദൈവത്തിലും അവൻ അറിയിച്ചുതന്ന ധാർ മികമൂല്യങ്ങളിലും വിശ്വസിക്കുന്ന വേദക്കാരും മുസ്‌ലിംകളും സഹകരിച്ച് നില കൊള്ളേണ്ടതുണ്ട്. യാതൊരു ശാസ്ത്രീയാടിത്തറയുമില്ലാത്ത, ഭൗതികവീക്ഷണ ങ്ങൾക്ക് പിൻബലമേകാൻ ജനങ്ങൾ കൂട്ടുപിടിക്കുന്ന ഡാർവിനിസമെന്ന കെട്ടു കഥയെ മതവിശ്വാസികൾ ലോകത്തിന് മുന്നിൽ തുറന്നുകാട്ടേണ്ടതുണ്ട്. മതനിരാ സം പ്രചരിപ്പിക്കുന്ന കമ്യൂണിസം, ഫാസിസം ,വംശീയത, തുടങ്ങിയ വഞ്ചനാത്മ ആശയങ്ങൾക്കെതിരെ മതവിശ്വാസികൾ പരസ്പരം സഹകരിച്ച് ആശയസമരം ത ന്നെ നടത്തേണ്ടതുണ്ട്. അത് യാഥാർഥ്യമായാൽ കുറഞ്ഞനാളുകൾക്കുള്ളിൽ ലോ കം സമാധാനത്തിന്റെയും ശാന്തിയുടെയും  നീതിയുടെയും വിളനിലമായിമാറും.

## സെമിറ്റിക് വിരുദ്ധത: ഇസ്‌ലാമിനന്യമായ വംശീയവാദം

വർത്തമാനകാലഘട്ടത്തിൽ നിരപരാധികളായ ജനങ്ങളുടെ സമാധാനത്തിനും സു രക്ഷയ്ക്കും ഭംഗം സൃഷ്ടിച്ചുകൊണ്ട്  ലോകസമാധാനത്തിന് ഭീഷണിയുയർത്തു ന്ന ഒരു പ്രത്യയശാസ്ത്രമാണ് സെമിറ്റിക് വിരുദ്ധത. ജൂതസമൂഹത്തിനെതിരെ ആളുകൾ വെച്ചുപുലർത്തുന്ന വംശീയവിദ്വേഷനിലപാടാണിത്.
ഇരുപതാംനൂറ്റാണ്ടിൽ, നാസികൾ ജൂതൻമാർക്കെതിരെ അഴിച്ചുവിട്ട കൊടുംക്രൂര തകളുടെയും നരഹത്യകളുടെയും നീണ്ടപരമ്പര സെമിറ്റിക് വിരുദ്ധതയിലെ ഏ റ്റവും വലിയ ദുരന്തങ്ങളിലൊന്നായി ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടു. അ തോടൊപ്പംതന്നെ, വിവിധരാജ്യങ്ങളിലെ ഏകാധിപത്യഭരണകൂടങ്ങൾ ജൂതൻമാർ ക്കെതിരെ തിരിയുകയും അവരെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. ഫാസി സ്റ്റുപ്രസ്ഥാനങ്ങൾ ജൂതൻമാരെ നിരന്തരം ഉപദ്രവിക്കുകയും അവർക്കെതിരെ മൃ ഗീയമായ ആക്രമണങ്ങൾ അഴിച്ചുവിടുകയുമുണ്ടായി.
അതിനാൽ ഒരു മുസ്‌ലിമിന് സെമിറ്റിക് വിരുദ്ധത അഥവാ ജൂതവിരുദ്ധതയോടു ള്ള നിലപാട് എന്തായിരിക്കണം?

ഉത്തരം വ്യക്തമാണ്: ‘എല്ലാ വംശീയവിരുദ്ധകാഴ്ചപ്പാടുകളെയും എതിർക്കുന്നതു പോലെ ജൂതവിരുദ്ധതയെയും എതിർക്കേണ്ടതുണ്ട്. ഈ വെറുപ്പിന്റെ പ്രത്യയശാ സ്ത്രത്തിനെതിരെ പോരാടുകയും ജൂതൻമാരുടെ അവകാശങ്ങളെ മറ്റെല്ലാ ജന

ങ്ങളുടെയും അവകാശങ്ങളെ സംരക്ഷിക്കുന്നതുപോലെ സംരക്ഷിക്കേണ്ടതുമുണ്ട്. ലോകത്തുള്ള എല്ലാ ജൂതൻമാർക്കും വേണ്ടി നാം ശബ്ദിക്കണം. അവർ ഇസ്രയേലിലുള്ളവരോ ,ഇതരദേശങ്ങളിലുള്ള ആട്ടിയോടിക്കപ്പെട്ടവരോ ആയിക്കൊള്ളട്ടെ; സ്വതന്ത്രമായി ആരാധന നിർവഹിക്കാനും തങ്ങളുടെ സ്വത്വം നിലനിർത്തിക്കൊണ്ട് ജീവിക്കാനും അവർക്കുള്ള അവകാശം ഹനിക്കപ്പെടാൻ പാടില്ല.

ഏതെങ്കിലും ഒരു ,സമുദായത്തെ ഒന്നടങ്കം കുറ്റപ്പെടുത്താനോ അടച്ചാക്ഷേപിക്കാനോ പാടില്ലെന്നാണ് ഖുർആന്റെ കൽപന. സമൂഹത്തിലുള്ള ദുഷ്ടജനങ്ങളെയും ശിഷ്ടജനങ്ങളെയും, ക്രൂരൻമാരെയും നിരപരാധികളെയും വേർതിരിച്ചുകാണാൻനമുക്കുകഴിയേണ്ടതുണ്ട്. സത്യത്തോട് പ്രതിബദ്ധതയുള്ള ജൂതൻമാരെയും ക്രൈസ്തവരെയും ഖുർആൻ എടുത്തുപറഞ്ഞുകൊണ്ട് ഖുർആൻ അതിന്റെ മൂല്യം ഉയർത്തിപ്പിടിക്കുന്നത് കാണുക:

‘അവരെല്ലാം ഒരുപോലെയല്ല. വേദക്കാരിൽ നേർവഴിയിൽ നിലകൊള്ളുന്ന ഒരു വിഭാഗമുണ്ട്. അവർ രാത്രി വേളകളിൽ സാഷ്ടാംഗം പ്രണമിച്ച് അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്യുന്നു.അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നു. നൻമ കൽപിക്കുന്നു. തിൻമ തടയുന്നു. നല്ല കാര്യങ്ങളിൽ മത്സരിച്ചു മുന്നേറുന്നു. അവർ സജ്ജനങ്ങളിൽ പെട്ടവരാണ്.അവരെന്തു നൻമ ചെയ്താലും അതിന്റെ ഫലം അവർക്കു ലഭിക്കാതിരിക്കില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ നന്നായറിയുന്നവനാകുന്നു.‘(ആലുഇംറാൻ 113-115)
നവ-ബഹുദൈവത്വ ദർശനങ്ങളിൽനിന്ന് ഉയിർകൊണ്ട മതവിരുദ്ധകാഴ്ചപ്പാടാണ് ജൂതവിരുദ്ധത. അതിനാൽ ഒരു മുസ്‌ലിം ജൂതവിരുദ്ധകാഴ്ചപ്പാട് വെച്ചുപുലർത്തുകയെന്നത് ചിന്തിക്കാനേ കഴിയില്ല. മനുഷ്യരാശിക്ക് ഉത്തമമാതൃകകളായി ജീവിതംകാഴ്ചവെച്ച, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രവാചകൻമാരായ അബ്രഹാം(അ) മോശ(അ)ദാവീദ്(അ) തുടങ്ങിയവരോട് സെമിറ്റിക് വിരുദ്ധർ യാതൊരുവിധ ആദരബഹുമാനങ്ങളുമുള്ളവരല്ല.

കറുത്തവരോടുള്ള വർഗവിവേചനം, ജൂതവിരുദ്ധത തുടങ്ങി വംശീയവിദ്വേഷങ്ങൾക്കൊന്നും സത്യമതത്തിൽ സ്ഥാനമില്ല. മറ്റുള്ള ദർശനങ്ങളിലും അന്ധവിശ്വാസങ്ങളിലും ഉയിർകൊണ്ട തികഞ്ഞ വഴികേടാണത്.

സെമിറ്റിക് വിരുദ്ധതയുൾപ്പെടെയുള്ള വംശീയവിവേചനങ്ങളെല്ലാംതന്നെ ഇസ്‌ലാംപഠിപ്പിക്കുന്ന ധാർമികാധ്യാപനങ്ങൾക്ക് വിരുദ്ധമായി നിലകൊള്ളുന്ന സമൂഹത്തിന്റെ നിർമിതിക്കാണ് ആശയപരിസരമൊരുക്കുന്നത്. ഉദാഹരണത്തിന് , സെമിറ്റിക് വിരുദ്ധതയുടെ വേരുകൾ ചെന്നെത്തുന്നത് ഒരു ജനതയോടുള്ള വെറുപ്പിലും, അക്രമത്തിലും , ക്രൂരതയിലുമാണ്. സെമിറ്റിക് വിരുദ്ധനായ ആൾ ജൂതസ

മൂഹത്തിലെ സ്ത്രീകളെയും പുരുഷൻമാരെയും വയോവൃദ്ധരെയും കുട്ടികളെയും കൂട്ടക്കൊലനടത്തുന്നതിനെ പിന്തുണക്കുന്നതിൽ യാതൊരുവിധ മനസ്സാക്ഷിക്കുത്തുമില്ലാത്തവനാണ്. എന്നുമാത്രമല്ല, ആ ജനത അത്തരത്തിൽ പീഡനമർഹിക്കുന്നുവെന്ന് ഉറച്ചുവിശ്വസിക്കുന്ന അവർ അതിനെ പിന്തുണയ്ക്കുകയുംചെയ്യുന്നു. എന്നാൽ എല്ലാജനങ്ങളെയും സ്നേഹിക്കണമെന്നും അവരോട് സഹാനുഭൂതി കാട്ടണമെന്നുമാണ് ഖുർആന്റെ അധ്യാപനം. ശത്രുസമൂഹത്തോടുപോലും നീതിയിൽ വർത്തിക്കണമെന്നും അവരോട് വിട്ടുവീഴ്ചാനയം കൈക്കൊള്ളണമെന്ന് അത് നിർദ്ദേശിക്കുന്നു.

എന്നാൽ, സെമിറ്റിക് വിരോധികളും വംശീയവാദികളും തങ്ങളിൽനിന്ന് വ്യത്യസ്തരായ വംശ-വർഗ-മത സമൂഹത്തിൽപ്പെട്ട ജനങ്ങളുമായി സ്നേഹത്തിലും സമാധാനത്തിലും കഴിഞ്ഞുകൂടുന്നത് ഇഷ്ടപ്പെടുന്നില്ല(ഉദാ: ജർമനിയിലെ നാസികൾ, ജൂതൻമാരും ജർമൻകാരും ഒരുമിച്ച് ജീവിക്കുന്നതിനെ എതിർത്തിരുന്നവരാണ്). എന്നാൽ വംശ-വർഗ വേർതിരിവുകളെ പ്രോത്സാഹിപ്പിക്കുന്ന യാതൊന്നും ഖുർആനിൽ കാണാനാകില്ല. വ്യത്യസ്തചിന്താധാരയിൽപ്പെട്ട മതവിശ്വാസികളും ജനസമൂഹവും സൗഹാർദ്ദത്തിലും സ്നേഹത്തിലും കഴിയണമെന്നാണ് അത് ഉപദേശിക്കുന്നത്.

## മുസ്ലിം- ജൂത-ക്രൈസ്തവ സമൂഹങ്ങൾ സൗഹൃദത്തിൽ വസിക്കണമെന്ന് ഖുർആൻ

വേദക്കാരും ദൈവനിഷേധികളും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടെന്ന് ഖുർആൻ പറയുന്നുണ്ട്. സാമൂഹികജീവിതവുമായി ബന്ധപ്പെട്ട മേഖലയിലാണ് അക്കാര്യം ഊന്നിപ്പറഞ്ഞിരിക്കുന്നത്. ഉദാഹരണത്തിന് ദൈവത്തിൽ പങ്കുചേർക്കുന്നവരെ സംബന്ധിച്ച പരാമർശം ഇപ്രകാരമാണ്: 'വിശ്വസിച്ചവരേ, ബഹുദൈവവിശ്വാസികൾ അവിശുദ്ധരാണ്. അതിനാൽ ഇക്കൊല്ലത്തിനുശേഷം അവർ മസ്ജിദുൽ ഹറാമിനെ സമീപിക്കരുത്' (അത്തൗബ 28). ദൈവത്തിൽ പങ്കുചേർക്കുന്നവർ ദൈവികനിയമത്തെക്കുറിച്ച അറിവില്ലാത്തവരാണ്. അവർക്ക് യാതൊരുവിധ ധാർമികകാഴ്ചപ്പാടുകളുമുണ്ടാകില്ല. എല്ലാ തരത്തിലുമുള്ള അധാർമികനീചപ്രവർത്തനങ്ങൾ ചെയ്യാൻ അവർക്ക് യാതൊരുമടിയുമുണ്ടാകില്ല.

എന്നാൽ വേദക്കാരായ ആളുകൾ ദൈവിക വെളിപാടുകളെ മുൻനിർത്തിയാണ് പ്രവർത്തിക്കുക.ദൈവം അനുവദിച്ചതും വിലക്കിയതും എന്തൊക്കെയാണെന്ന് അവർക്ക് ബോധ്യമുണ്ടായിരിക്കും. അതുകൊണ്ടാണ്, വേദക്കാരായ സ്ത്രീകളെ വിവാഹംകഴിക്കാൻ മുസ്ലിമിന് അനുവാദം നൽകിയത്. പ്രസ്തുതവിഷയത്തിൽ ദൈവത്തിന്റെ അരുളപ്പാട് കാണുക:

'ഇന്ന് എല്ലാ നല്ല വസ്തുക്കളും നിങ്ങൾക്ക് അനുവദനീയമാക്കിയിരിക്കുന്നു. വേദക്കാരുടെ ആഹാരം നിങ്ങൾക്കും നിങ്ങളുടെ ആഹാരം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസിനികളിൽ നിന്നുള്ള ചാരിത്രവതികളും നിങ്ങൾക്കുമുമ്പേ വേദം നൽകപ്പെട്ടവരിൽ നിന്നുള്ള ചാരിത്രവതികളും നിങ്ങൾക്ക് അനുവദനീയരാണ്. നിങ്ങൾ അവർക്ക് വിവാഹമൂല്യം നൽകി കല്യാണം കഴിക്കണമെന്നുമാത്രം. അതോടൊപ്പം അവർ പരസ്യമായി വ്യഭിചാരത്തിലേർപ്പെടുന്നവരോ രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരോ ആവരുത്. സത്യവിശ്വാസത്തെ നിഷേധിക്കുന്നവന്റെ പ്രവർത്തനങ്ങളൊക്കെയും പാഴായിരിക്കുന്നു. പരലോകത്ത് അവൻ പാപ്പരായിരിക്കും' (അൽ മാഇദ 5).

വേദക്കാരിൽപെട്ട സ്ത്രീകളെ വിവാഹം കഴിക്കുന്നതോടെ അവരുമായി കുടും ബബന്ധം സ്ഥാപിതമാകുന്നു. ഇരുകൂട്ടർക്കും ഭക്ഷണത്തിനുള്ള ക്ഷണം സ്വീകരി ക്കാൻ യാതൊരു തടസ്സവുമില്ല. ഇതിലൂടെ സമത്വാധിഷ്ഠിതമായ മാനുഷികബന്ധ ങ്ങളും സമുദായസൗഹാർദ്ദവും ഉറപ്പുവരുത്താനാകുന്നു. ഖുർആൻ ഇവ്വിധം തു ല്യതയുടെയും സഹാനുഭൂതിയുടെയും മനോഭാവത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ഒരു മുസ്‌ലിമിന് ഇതിനുവിരുദ്ധമായ നിലപാട് കൈക്കൊള്ളാനാകുമോ?

മുസ്‌ലിംകൾക്ക് അനുകരിക്കാൻ പാകത്തിൽ മുഹമ്മദ് നബി വേദക്കാരോട് നീതി യിലും കാരുണ്യത്തിലും വർത്തിച്ചത് വ്യക്തമാക്കുന്ന ഒട്ടേറെ സംഭവങ്ങളുള്ളതാ യി കാണാം. . അറേബ്യയുടെ തെക്കുഭാഗത്ത് നജ്റാനിൽ വസിച്ചിരുന്ന ക്രൈസ് തവജനതയുമായി ഉണ്ടാക്കിയ കരാർ മുഹമ്മദ് നബിയുടെ കാരുണ്യത്തിന്റെയും നീതിയുടെയും നിലപാടിന് ഉത്തമോദാഹരണമാണ്. ഈ കരാറിലുണ്ടായിരുന്ന ഒ രു ഖണ്ഡിക ഇപ്രകാരമാണ്:

'നജ്റാനിലെയും അവിടത്തെ പരിസരപ്രദേശങ്ങളിലെയും ഇന്നിവിടെ ഹാജരുള്ള വരും ഹാജരില്ലാത്തവരുമായ ജനങ്ങളുടെ മതവും ,ഭൂപ്രദേശങ്ങളും സ്വത്തുവക കളും കന്നുകാലിസമ്പത്തും ,ദൂതൻമാരും ആരാധനാലയങ്ങളും ദൈവത്തിന്റെ സംരക്ഷണത്തിലും അവന്റെ ദൂതനായ മുഹമ്മദിന്റെ രക്ഷാകർതൃത്വത്തിലുമായി രിക്കും.[19]

ഇത്തരത്തിലുള്ള കരാറുകളിലൂടെ വിശ്വാസികൾക്കും വേദക്കാർക്കും ഒരുപോലെ സുരക്ഷയിലും സമാധാനത്തിലും കഴിഞ്ഞുകൂടാൻ സാധിച്ചു. ഇവ്വിധമുള്ള സാമൂ ഹികാന്തരീക്ഷത്തിന്റെ സൃഷ്ടിയാണ് താഴെപറയുന്ന സൂക്തം ലക്ഷ്യമിടുന്ന ത്.'സത്യവിശ്വാസം സ്വീകരിച്ചവരോ യഹൂദരോ ക്രൈസ്തവരോ സാബിഉകളോ ആരുമാവട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും

സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ അടുക്കൽ അർഹമായ പ്രതിഫലമുണ്ട്. അവർ ഭയപ്പെടേണ്ടതില്ല. ദുഃഖിക്കേണ്ടതുമില്ല.'(അൽബഖറ 62)
ജൂത-ക്രൈസ്തവ-മുസ്ലിം-ബഹുദൈവവിശ്വാസി സമൂഹത്തിന്റെ ഇടയിൽ സമാധാനവും നീതിയും ഉറപ്പുവരുത്തുംവിധമുള്ള സുപ്രധാനഉടമ്പടിയായിരുന്നു മദീന ഭരണഘടന.

1400 വർഷങ്ങൾക്കുമുമ്പ് അഉ622 ൽമുഹമ്മദ് നബിയുടെ കാർമികത്വത്തിലായിരുന്നു മേൽ ഭരണഘടനയ്ക്ക് രൂപം കൊടുത്തത്. വ്യത്യസ്തവിഭാഗത്തിൽപെട്ട ജനതകളുടെ വിശ്വാസസ്വാതന്ത്ര്യം തികച്ചും ഔദ്യോഗികവും നിയമപരവുമായ രീതിയിൽ പരിരക്ഷിക്കപ്പെടുകയായിരുന്നു ഈ കരാറിലൂടെ. 120 വർഷമായി അന്യോന്യം വിദ്വേഷവും വെറുപ്പും വൈരാഗ്യവും ശത്രുതയും വെച്ചുപുലർത്തിയിരുന്ന വിവിധ ഗോത്ര-മത-വർഗ -വംശങ്ങൾ ഈ കരാർ അംഗീകരിച്ച കക്ഷികളായിരുന്നു. പരസ്പരം സംസാരിക്കാനോ, അടുത്തിടപഴകാനോ സന്ധിയിലെത്താനോ ശത്രുതയവസാനിപ്പിക്കാനോ കിണഞ്ഞുപരിശ്രമിച്ചിട്ടും കഴിയാതിരുന്ന ആ ഭിന്ന ഗോത്ര-മത-വർഗ സമൂഹങ്ങൾക്ക് അടുത്തിടപഴകാനും സഹവർത്തിത്വത്തോടെ ഒരുമിച്ചുകഴിയാനും സാധിക്കുമെന്ന് നബി പ്രസ്തുത കരാറിലൂടെ കാട്ടിക്കൊടുത്തു.

മദീനാഭരണഘടനയനുസരിച്ച് ഏതൊരാൾക്കും തങ്ങളിഷ്ടപ്പെടുന്ന രീതിയിൽ വിശ്വാസാചാരങ്ങൾ വെച്ചുപുലർത്താനും രാഷ്ട്രീയവീക്ഷണം സ്വീകരിക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. ഓരോ സമുദായത്തിനും തങ്ങളുടെ വേദഗ്രന്ഥത്തിനനുസരിച്ച് വിധികൽപിക്കാനുതകുംവിധം നീതിന്യായവ്യവസ്ഥയ്ക്ക് അനുവാദം ലഭിച്ചു. എന്നാൽ കുറ്റകൃത്യം ചെയ്തവർക്ക് യാതൊരുവിധത്തിലുമുള്ള പരിരക്ഷയും ലഭിച്ചില്ല. കരാറിലേർപ്പെട്ട എല്ലാ കക്ഷികളും പരസ്പരം പിന്തുണനൽകി സഹകരിച്ചു. മുഹമ്മദ് നബിയുടെ സംരക്ഷണത്തിൽ കഴിയാൻ അവർക്ക് കഴിഞ്ഞു. കക്ഷികൾതമ്മിലുള്ള തർക്കങ്ങൾ മുഹമ്മദ് നബിയുടെ അടുക്കലാണ് തീർപ്പുകൽപ്പിക്കപ്പെട്ടിരുന്നത്.

മേൽകരാറിന്റെ ചട്ടക്കൂടിലുള്ള ഭരണഘടന അഉ 622 മുതൽ 632 വരെ യാതൊരു ലംഘനവുമില്ലാതെ പരിരക്ഷിക്കപ്പെട്ടു. രക്ത -കുടുംബബന്ധം മാത്രം ആധാരമാക്കിയുള്ള ഗോത്രഘടനയിൽനിന്ന് വ്യത്യസ്ത മത-ഗോത്ര-വംശ-സാംസ്കാരിക ധാരകളിലെ ജനങ്ങളെല്ലാം ഒത്തുചേർന്ന ഏക സാമൂഹികക്രമത്തിലേക്ക് ജനത പരിവർത്തിതമായി. മദീനാഭരണഘടന ഏവരുടെയും മതസ്വാതന്ത്ര്യം പരിരക്ഷിച്ചു.

## മഠങ്ങൾ, ചർച്ചുകൾ , സിനഗോഗുകൾ  എന്നിവ ആദരിക്കപ്പെടണം

വിശ്വാസികളെന്ന നിലക്ക് മുസ്‌ലിംകൾ ജൂത-ക്രൈസ്തവ ദേവാലയങ്ങളെ ആദരിക്കണമെന്ന് ഖുർആൻ നമ്മോട് കൽപിക്കുന്നു. ഖുർആനിൽ  വേദക്കാരുടെ മഠങ്ങളും ചർച്ചുകളും സിനഗോഗുകളും  അല്ലാഹുവിന്റെ സംരക്ഷണത്തിലുള്ള ആരാധനാഗേഹങ്ങളാണെന്ന്  വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു.

'അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റുചിലരെക്കൊണ്ട് പ്രതിരോധിക്കുന്നില്ലായെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന സന്ന്യാസിമഠങ്ങളും ചർച്ചുകളും സെനഗോഗുകളും മുസ്‌ലിംപള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ ഉറപ്പായും അല്ലാഹു സഹായിക്കും. അല്ലാഹു സർവശക്തനും ഏറെ പ്രതാപിയും തന്നെ'(അൽഹജ്ജ് 40).
മേൽസൂക്തം വിവിധമതസ്ഥരുടെ ആരാധനാലയങ്ങൾ ആദരിക്കപ്പെടേണ്ടതിന്റെയും സംരക്ഷിക്കപ്പെടേണ്ടതിന്റെയും  പ്രാധാന്യം  വിളിച്ചോതുന്നു.
മുഹമ്മദ് നബി(സ) വേദക്കാരുമായും ബഹുദൈവവിശ്വാസികളുമായും  കരാറുകളുണ്ടാക്കിയിരുന്നു. ബഹുദൈവവിശ്വാസികളോട് നബി നീതിപൂർവം വർത്തിക്കുകയും അവർ സംരക്ഷണം ആവശ്യപ്പെട്ട് വന്നപ്പോൾ അത്  സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്തു. അതിനർഥം  അവർക്കെതിരെ ആരോപണമുയരുകയും ആക്രമണഭീഷണിയുണ്ടാകുകയുംചെയ്തപ്പോൾ ആ സമുദായങ്ങൾ നബിയുടെ അടുക്കൽ സഹായമഭ്യർഥിച്ച് എത്തിയെന്നാണ്. തന്റെ ജീവിതകാലംമുഴുവൻ ഇതര സമൂഹങ്ങളും ബഹുദൈവവിശ്വാസികളും  നബിയിൽ നിന്ന് സംരക്ഷണം തേടിയിരുന്നു. ആ അഭ്യർഥന സ്വീകരിച്ച്  നബി അവർക്ക് സംരക്ഷണം വാഗ്ദാനംചെയ്യുകയും അവരുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്തു. ബഹുദൈവവിശ്വാസികൾ സംരക്ഷണം ആവശ്യപ്പെട്ട് വന്നാൽ വിശ്വാസികൾ അത് നൽകണമെന്ന് ഖുർആനിലൂടെ ദൈവം ഉപദേശിക്കുന്നു. ഇക്കാര്യം സൂചിപ്പിക്കുന്നതിങ്ങനെയാണ്:

'ബഹുദൈവ വിശ്വാസികളിലാരെങ്കിലും നിന്റെയടുത്ത് അഭയം തേടിവന്നാൽ അവന്ന് നീ അഭയം നൽകുക. അവൻ ദൈവവചനം കേട്ടറിയട്ടെ. പിന്നെ അവനെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചുകൊടുക്കുക '(അത്തൗബ 6)
നാസ്തികരുമായി താരതമ്യംചെയ്യുമ്പോൾ ജൂത-ക്രൈസ്തവ സമൂഹങ്ങൾ  വിശ്വാസസംഹിതയുടെ വിഷയത്തിൽ  മുസ്‌ലിംകളുമായി പല വീക്ഷണങ്ങളിലും യോജിക്കുന്നു. മേൽപറഞ്ഞ രണ്ടു വിശ്വാസിസമൂഹത്തിനും  അവരുടെ വേദപുസ്തകങ്ങളുണ്ട്. അതായത്, അവരുടെ കൈവശം ദൈവദത്തമായ വേദഗ്രന്ഥമുണ്ട്. അവർക്ക് നൻമയേതെന്നും തിൻമയേതെന്നും അറിയാം. വേദപ്രമാണമനുസരിച്ച് എന്താണ് അനുവദനീയമെന്നും അനുവദനീയമല്ലാത്തതെന്നും അവർക്ക് ബോധ്യമുണ്ട്.  എല്ലാ പ്രവാചകരെയും ദൂതൻമാരെയും അവർ ആദരിക്കുന്നു. അ

വർ പരലോകത്തിൽ വിശ്വസിക്കുന്നു. തങ്ങളുടെ ഇഹലോകജീവിതത്തിലെ എല്ലാ കർമങ്ങൾക്കും നാളെ ദൈവത്തിനുമുന്നിൽ കണക്കുബോധിപ്പിക്കേണ്ടിവരുമെന്ന് അവർക്കുറപ്പുണ്ട്. അതിനാൽ സെമിറ്റിക് മതവിശ്വാസികൾക്ക് ഐക്യപ്പെടാവുന്ന ഒരു പൊതുഇടമുണ്ടെന്ന വസ്തുത സുവ്യക്തമാണ്.

## പൊതുതത്ത്വത്തിൽ ഐക്യപ്പെടാം

വേദക്കാരെ സംബന്ധിച്ച് ദൈവം മുസ്‌ലിംകൾക്ക് നൽകുന്ന നിർദ്ദേശം പൊതുതത്ത്വത്തിൽ ഒന്നിക്കണമെന്നാണ്: ഖുർആൻ പറയുന്നത് കാണുക:'പറയുക: വേദവിശ്വാസികളേ, ഞങ്ങളും നിങ്ങളും ഒന്നുപോലെ അംഗീകരിക്കുന്ന തത്ത്വത്തിലേക്കു വരിക. അതിതാണ്: ''അല്ലാഹു അല്ലാത്ത ആർക്കും നാം വഴിപ്പെടാതിരിക്കുക; അവനിൽ ഒന്നിനെയും പങ്കുചേർക്കാതിരിക്കുക; അല്ലാഹുവെ കൂടാതെ നമ്മിൽ ചിലർ മറ്റുചിലരെ രക്ഷാധികാരികളാക്കാതിരിക്കുക.'(ആലുഇംറാൻ 64)
ജൂത-ക്രൈസ്തവസമൂഹങ്ങളോടുള്ള നമ്മുടെ ആഹ്വാനം ഇതായിരിക്കണം. ദൈവത്തിൽ വിശ്വസിക്കുന്ന , അവൻ ഇറക്കിയ വേദങ്ങളിൽ വിശ്വസിക്കുന്ന ആളുകളെന്ന നിലക്ക് നമുക്ക് ഒരു പൊതുതത്ത്വത്തിലേക്ക് ഒരുമിക്കാം-അതായത്, വിശ്വാസത്തിൽ. നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ സ്നേഹിക്കാം. അവന്റെ കൽപനകൾ അനുസരിക്കാം. നമ്മെ സത്യമാർഗത്തിലേക്ക് കൈപിടിച്ചു നടത്താൻ അവനോട് പ്രാർത്ഥിക്കാം.

ഈ രീതിയിൽ പൊതുതത്ത്വത്തിലേക്ക് ജൂത-ക്രൈസ്തവ-മുസ്‌ലിംസമൂഹങ്ങൾ ഒന്നിക്കുകയാണെങ്കിൽ തങ്ങൾ ശത്രുക്കളല്ലെന്നും പരസ്പരമിത്രങ്ങളാണെന്നും അവർ തിരിച്ചറിയും. ദൈവനിഷേധികളാണ് യഥാർഥശത്രുക്കളെന്ന് തിരിച്ചറിയുന്ന ഘട്ടത്തിൽ ലോകം മറ്റൊന്നായി മാറും. ലോകത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ നടക്കുന്ന യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും ഏറ്റുമുട്ടലുകൾക്കും ശത്രുതയ്ക്കും ഭീകരാക്രമണങ്ങൾക്കും അറുതിയാകും. സ്നേഹത്തിലും പരസ്പരബഹുമാനത്തിലും സമാധാനത്തിലും അധിഷ്ഠിതമായ പുതിയൊരു നാഗരികത ഈ 'പൊതുതത്ത്വ' മനുസരിച്ച് ഉദയംകൊള്ളും.

അതിനാൽ മുസ്‌ലിംകൾ പരിഗണിക്കേണ്ട അടിസ്ഥാനയാഥാർഥ്യങ്ങളുണ്ട്. വ്യത്യസ്തജനസമൂഹങ്ങളെക്കുറിച്ചും അവരുടെ കർമങ്ങളെക്കുറിച്ചും ദൈവം ഖുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നതതാണ്:
- ഖുർആന്റെ ധാർമികമൂല്യങ്ങൾ എല്ലാ വംശീയഭേദഭാവങ്ങളെയും നിരാകരിക്കുന്നു.
-ഇതരമതസമൂഹങ്ങളോട് മിതനിലപാടും സൗഹാർദ്ദവും അനുവർത്തിക്കുന്ന ന

യസമീപനം വിശ്വാസികൾ കൈക്കൊള്ളണമെന്ന് ഖുർആൻ കൽപിക്കുന്നു.
ജൂതജനതയിൽ പെട്ട ചിലർ ഭൂതകാലത്ത് ചില അധർമങ്ങൾ പ്രവർത്തിച്ചത് ഖുർആൻ തുറന്നുകാട്ടുകയും അതിനെ വിമർശിക്കുകയുംചെയ്തിട്ടുണ്ടെന്നത് ഏവർക്കുമറിയാവുന്നതാണ്. അതുപക്ഷേ, എല്ലാ ജൂതൻമാരോടും ശത്രുതപ്രകടിപ്പിക്കാൻ മുസ്‌ലിംകൾക്കുള്ള ന്യായമല്ല. ചില ജൂതൻമാർ നിർമതതത്ത്വശാസ്ത്രത്തിന്റെ സ്വാധീനത്തിൽ ചെയ്തുകൂട്ടുന്ന അക്രമങ്ങൾ ജൂതമതത്തോടും ജൂതരാഷ്ട്രത്തോടും ചേർത്തുപറയാനെങ്ങനെയാണ് നമുക്കുകഴിയുക?

ഏതെങ്കിലും ജനതയെ അവരുടെ പ്രത്യേകവംശമോ, വർഗമോ, സമുദായമോ, രാഷ്ട്രമോ, മതമോ മുൻനിർത്തി വിധിയെഴുതരുതെന്നാണ് ഖുർആൻ മുമ്പോട്ടുവെക്കുന്ന അടിസ്ഥാനവീക്ഷണം.എല്ലാ ജനവിഭാഗങ്ങളിലും ദുഷ്ടജനങ്ങളും ശിഷ്ടജനങ്ങളുമുണ്ട്. ഈ വിഭജനമാണ് ഖുർആൻ പ്രതിപാദിച്ചിട്ടുള്ളത്. ദൈവത്തിനും അവന്റെ സൻമാർഗദർശനത്തിനും എതിരെ ധിക്കാരനയം സ്വീകരിച്ച ജൂത-ക്രൈസ്തവസമൂഹങ്ങളിൽപെട്ടവരെക്കുറിച്ച് പറയുമ്പോൾതന്നെയും അതിൽപെടാത്ത നല്ലവരെക്കുറിച്ച് ഖുർആൻ വെളിപ്പെടുത്തുന്നുണ്ട്:

'അവരെല്ലാം ഒരുപോലെയല്ല. വേദക്കാരിൽ നേർവഴിയിൽ നിലകൊള്ളുന്ന ഒരു വിഭാഗമുണ്ട്. അവർ രാത്രി വേളകളിൽ സാഷ്ടാംഗം പ്രണമിച്ച് അല്ലാഹുവിന്റെ വചനങ്ങൾ പാരായണം ചെയ്യുന്നു.അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നു. നൻമ കൽപിക്കുന്നു. തിൻമ തടയുന്നു. നല്ല കാര്യങ്ങളിൽ മത്സരിച്ചു മുന്നേറുന്നു. അവർ സജ്ജനങ്ങളിൽ പെട്ടവരാണ്.അവരെന്തു നൻമ ചെയ്താലും അതിന്റെ ഫലം അവർക്കു ലഭിക്കാതിരിക്കില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ നന്നായറിയുന്നവനാകുന്നു.'(ആലുഇംറാൻ 113-115)

മറ്റൊരിടത്ത് ഇങ്ങനെ കാണാം: 'നിശ്ചയമായും എല്ലാ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. അവരൊക്കെ പറഞ്ഞതിതാണ്: ''നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക; വ്യാജ ദൈവങ്ങളെ വർജിക്കുക.'' അങ്ങനെ അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. മറ്റു ചിലരെ ദുർമാർഗം കീഴ്പ്പെടുത്തുകയും ചെയ്തു. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കൂ. എന്നിട്ട് സത്യത്തെ നിഷേധിച്ചുതള്ളിയവരുടെ ഒടുക്കം എവ്വിധമായിരുന്നുവെന്ന് നോക്കിക്കാണുക.'(അന്നഹ്ൽ 36)

ഏകനായ പ്രപഞ്ചനാഥനെപ്പോലെ മറ്റൊരു ശക്തിയില്ലെന്നും അതിനാൽ മനുഷ്യർ അവനുമാത്രമേ ആരാധനകളും അനുസരണവും അർപ്പിച്ച് വഴിപ്പെടാവൂ എന്നും എല്ലാ പ്രവാചകൻമാർക്കും ദൈവം വെളിപ്പെടുത്തിയിരുന്നു. സത്യസന്ദേശം ദൈവം മനുഷ്യർക്ക് നൽകിയത് ഈ പ്രവാചകരിലൂടെയായിരുന്നു. ഇത് ആ

ദ്യമനുഷ്യൻ തൊട്ട് തുടർന്നുപോന്ന നടപടിക്രമമാണ്. ചില സമൂഹങ്ങൾ ഈ സത്യസന്ദേശത്തെ ഉൾക്കൊള്ളാൻ തയ്യാറായപ്പോൾ മറ്റുചില സമൂഹങ്ങൾ അത് നിഷേധിക്കാനും അതിൽനിന്ന് വഴിമാറിനടക്കാനും ധൃഷ്ടരായി. അതിന്നും തുടരുന്നു. ചിലയാളുകൾ നൻമയോടൊപ്പം ചേരുമ്പോൾ മറ്റുചിലർ താന്തോന്നിത്തത്തിൽ മുഴുകുന്നു. ഇത് ദൈവത്തിന്റെ നിയമത്തിലുള്ളതാണ്. അതിനാൽ ദൈവത്തെ ഭയക്കുന്ന ആളുകളും മതനിയമങ്ങളെ കാറ്റിൽ പറത്തി തന്നിഷ്ടം നടക്കുന്നവരും എല്ലാ മതവിഭാഗത്തിലും ഉണ്ടെന്ന് ഭയഭക്തിപുലർത്തുന്ന ആളുകൾ മനസ്സിലാക്കണം.

ഏതുവംശത്തിലും വർഗത്തിലും സമുദായത്തിലും മതത്തിലും പെട്ടവരായാലും അവിടെ ജനങ്ങൾക്ക് സമാധാനത്തിൽ ജീവിക്കാൻകഴിയുന്ന ലോകം സ്ഥാപിതമാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. അവിടെ യാതൊരുവിധത്തിലുമുള്ള വംശീയവിദ്വേഷങ്ങൾക്കും ഇടമുണ്ടാവുകയില്ല. എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടും. എല്ലാവരും ആദരണീയരായിരിക്കും. അതിനാൽ ധൈഷണികതലത്തിലുള്ള പോരാട്ടമാണ് എല്ലാ മതനിഷേധ പ്രത്യയശാസ്ത്രങ്ങൾക്കുമെതിരിലും ഉയർന്നുവരേണ്ടത്. ഏവരുംകൊതിക്കുന്ന സമാധാനം പുലരാനുള്ള വഴി അതാണ്. അതിലേക്ക് വെളിച്ചംവീശിക്കൊണ്ട് ഖുർആൻ പറയുന്നു:

'സത്യനിഷേധികളും പരസ്പരം ആത്മമിത്രങ്ങളാണ്. അതിനാൽ നിങ്ങളങ്ങനെ ചെയ്യുന്നില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വമ്പിച്ച നാശനഷ്ടവുമുണ്ടാകും'(അൽ അൻഫാൽ 73).
'നിങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയ തലമുറകളിൽ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നത് തടയുന്ന ഉത്തമ പാരമ്പര്യമുള്ള ഒരു വിഭാഗം ഉണ്ടാവാതിരുന്നതെന്തുകൊണ്ട്? അവരിൽ നിന്നും നാം രക്ഷപ്പെടുത്തിയ വളരെ കുറച്ചുപേരൊഴികെ. അക്രമികൾ തങ്ങൾക്കു കിട്ടിയ സുഖസൗകര്യങ്ങളുടെ പിറകെ പോവുകയാണുണ്ടായത്. അവർ കുറ്റവാളികളായിരുന്നു.'(ഹൂദ് 116)

## അദ്നാൻ അഖ്തറുമായി സംഭാഷണം

## കൊലയാളിക്ക് മാപ്പുകൊടുക്കണമെന്ന് നമ്മോട് ദൈവംപോലും ആവശ്യപ്പെടുന്നു

അദ്നാൻ അഖ്തർ: അമേരിക്ക മുസ്‌ലിംകളെ ഭീകരരായി കാണുന്നതിന് മുഖ്യമായും രണ്ടുകാരണങ്ങളുണ്ട്; ആദ്യമായി, ഇസ്‌ലാമിൽ മറ്റുള്ളവരെ ഭയപ്പെടുത്തുക എന്നൊന്നില്ലെന്നത് സുവ്യക്തമായ സംഗതിയാണ്. സ്നേഹം, സഹാനുഭൂതി, വിട്ടുവീഴ്ച ഇതൊക്കെയാണ് ഇസ്‌ലാം കൊണ്ടർഥമാക്കുന്നത്. ദൈവം പോ

ലും  നമ്മോട് കൊലയാളിക്ക് മാപ്പുകൊടുക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. കൊലയാളിക്കെതിരെ പ്രതിക്രിയ എന്ന സംഗതി ഖുർആൻ മുന്നോട്ടുവെക്കുന്നുണ്ടെങ്കിലും   മാപ്പുകൊടുക്കുന്നതാണ് ഏറ്റവും ഉത്തമം എന്ന് ദൈവം പറയുന്നു. ഇങ്ങനെയൊക്കെ നിലപാട് വ്യക്തമാക്കുന്ന ഒരു മതത്തിൽ മറ്റുള്ളവരെ ഭീതിപ്പെടുത്തുകയെന്ന സംഗതി ഉണ്ടാവുകയെന്നത് യുക്തിസഹമായിരിക്കുകയില്ല. സർവശക്തനായ ദൈവം പോലും നമ്മോട് ആവശ്യപ്പെടുന്നത് കൊലയാളിക്ക് മാപ്പുനൽകാനാണ്. ഇത് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മതമാണ്. വിട്ടുവീഴ്ചയും മാപ്പുമാണ് ഇസ്‌ലാമിൽ എവിടെയുമുള്ളത്. എല്ലാറ്റിനും വിട്ടുവീഴ്ചയുണ്ട്. വിട്ടുവീഴ്ച, നൻമ കൽപിക്കൽ, തിൻമ വിലക്കൽ, സ്നേഹം , കാരുണ്യം, സഹാനുഭൂതി, സഹകരണം ഇതെല്ലാംതന്നെ ഖുർആനിലൂടെ വിശദീകരിച്ചുതന്നിട്ടുണ്ട്. പക്ഷേ, അതിൽ ഭീകരപ്രവർത്തനങ്ങൾ നടത്തുന്ന ഭീകരവാദികളുമുണ്ട്.  തീരെ അറിവില്ലാത്ത അക്കൂട്ടർ സിവിലിയൻമാർക്കുനേരെ  ബോംബാക്രമണം നടത്തുന്നു. സ്ത്രീകളും കുട്ടികളുമുള്ളിടത്ത് അവർ ബോംബുസ്ഫോടനംനടത്തുന്നു. അവൻ മുസ്‌ലിമാണോ? ഇതാണ് നമുക്ക് ചോദിക്കാനുള്ളത്. അത്തരം ആളുകൾ മുസ്‌ലിംആകുമെന്ന് എനിക്കറിയില്ല. ഒന്നാമതായി അത്തരക്കാരെ മുസ്‌ലിം എന്ന് വിളിക്കുന്നതുതന്നെ യുക്തിയില്ലായ്മയാണ്. പിന്നെയല്ലേ, 'മുസ്‌ലിം' നടത്തിയ ഭീകരപ്രവർത്തനത്തെ അപലപിക്കുന്നത്. ആദ്യം നാം തീരുമാനിക്കേണ്ടത് അക്കൂട്ടർ മുസ്‌ലിമാണോ അല്ലേ എന്നതാണ്.  കണ്ണുംമൂക്കുമില്ലാതെ കുട്ടികളെ കൊന്നൊടുക്കാൻ ഇറങ്ങിത്തിരിച്ചവന് മുസ്‌ലിമാകാൻ സാധ്യമല്ലെന്നാണ് എന്റെ വീക്ഷണം. ഒട്ടുംതന്നെ സ്വീകാര്യമല്ലാത്ത സംഗതിയാണത്.

പരിണാമവാദ- ഭൗതികവാദ-മാർക്സിസ്റ്റ് ആദർശങ്ങളിൽവിശ്വസിച്ചിരുന്ന യുവാക്കൾ അവസാനം ഇസ്‌ലാമിലേക്ക്  കൂടുതൽ താൽപര്യത്തോടെ കടന്നുവരുന്നുണ്ടെങ്കിലും അവർ ഉള്ളിന്റെയുള്ളിൽ മാർക്സിസ്റ്റും പരിണാമവാദിയുമായിത്തന്നെ നിലകൊള്ളുകയാണ്. അവരാണ് ഇസ്‌ലാമിന്റെ പേരിൽ കമ്യൂണിസ്റ്റ് ഭീകരത നടപ്പാക്കുന്നത്. കൃത്യമായി പറഞ്ഞാൽ, ഇസ്‌ലാമിന്റെ പേരിൽ ഓരോന്നുചെയ്തുകൂട്ടുകയും അതെല്ലാം ഇസ്‌ലാം അനുവദിച്ചിരിക്കുന്നുവെന്ന്  വാദിക്കുകയും ചെയ്യുന്ന അവൻ യഥാർഥത്തിൽ  ചെയ്യുന്നതെല്ലാം കമ്യൂണിസ്റ്റുകാരൻ എന്ന നിലയിലാണ്.  അവന്റെ അന്തരാത്മാവ് അക്രമത്തിനും ഭീകരപ്രവർത്തനത്തിനും അങ്ങേയറ്റം കൊതിക്കുന്നുണ്ടെന്നതാണ് യാഥാർഥ്യം.  അവൻ സ്വയം മുസ്‌ലിമെന്ന് വിശേഷിപ്പിക്കുന്നില്ലെങ്കിലും മാർക്സിസ്റ്റ് എന്ന നിലക്കോ ഫാസിസ്റ്റ് എന്ന നിലക്കോ അത്തരം ഭീകരവൃത്തികൾ ചെയ്യുന്നുണ്ട്.  എല്ലാ വിഷയത്തിലും അവൻ അങ്ങനെതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. വ്യക്തമായി പറഞ്ഞാൽ അവന്റെ ആത്മാവ് രോഗാതുരമാണ്. അതുകൊണ്ടാണ് ഇസ്‌ലാമിൽ ഭീകരതയുണ്ടെന്ന് ധരിച്ചിരിക്കുന്നവർ ആ മതത്തെ തെറ്റായി മനസ്സിലാക്കിയിരിക്കുന്നുവെന്ന് പറയുന്നത്. ഇത് വളരെ ഗുരുതരമായ തെറ്റാണ്. ഇസ്‌ലാം എന്നാൽ  സമാധാനം എന്നാ

ണതിന്റെ അർഥം. അപ്പോൾ അത് സമാധാനമാണ് ലക്ഷ്യമിടുന്നതെന്ന് ആ പേരിൽനിന്നുതന്നെ വ്യക്തമാണല്ലോ.  അതിനാൽ സുമനസ്സുകൾ ഇസ്ലാം ഭീകരതയാണെന്ന്  ഒരിക്കലും അംഗീകരിക്കുകയില്ല.(Denge TVm,9 December 2008)

അദ്നാൻ അഖ്തർ: ഭീകരതയ്ക്ക് എങ്ങനെയാണ് ഇസ്ലാമിൽ സ്ഥാനമുണ്ടാകുക?ഇസ്ലാം വെള്ളവും ഭീകരത തീയുമാണ്. ആ തീയെ കെടുത്തുന്ന വെള്ളമാണ് ഇസ്ലാം. തീ വെള്ളത്തെ ആളിക്കത്തിക്കുകയില്ലല്ലോ.മറിച്ച്, വെള്ളം തീയിനെ കെടുത്തിക്കളയുന്നു. സ്നേഹം, സഹാനുഭൂതി, കാരുണ്യം , ആദരവ്, ആഴത്തിലുള്ള ചിന്ത, ആത്മാർഥത, പരസ്പരസഹകരണം ഇതെല്ലാം മതത്തിന്റെ അന്തസ്സത്തയിലുൾച്ചേർന്നിരിക്കെ ആ മതം ഭീകരതയെ പിന്തുണയ്ക്കുമെന്ന് കരുതാനേ സാധ്യമല്ല. ഭീകരത ഇസ്ലാമിന്റെ ഘടനയിലേ ഇല്ല. ഇനി ഒരാൾ ആരെയെങ്കിലും കൊന്നെന്നിരിക്കട്ടെ,  ദൈവം പറയുന്നത് ആ കൊലയാളിക്ക് മാപ്പുകൊടുക്കണമെന്നാണ്. വിട്ടുവീഴ്ചചെയ്യുന്നുവെങ്കിൽ അതാണ് ഏറ്റവും ഉത്തമമെന്ന്  ദൈവം പറയുന്നു. അത്തരമൊരു മതം  ഭീകരതയ്ക്ക്  വളംവെച്ചുകൊടുക്കുമെന്ന് ധരിച്ചിരിക്കാമോ?(Associated Press of Pakistan, 6 September 2008)

## മുഹമ്മദ് നബിയുടെ തിരിച്ചറിവും ഏവരുമിഷ്ടപ്പെടുന്ന ധാർമികഗുണങ്ങളും

## പ്രവാചകന്റെ ഉദാരസമീപനം

സമൂഹത്തിലെ വ്യത്യസ്തവിഭാഗക്കാരായ ആളുകളോട് സത്യസന്ദേശത്തിന്റെ പ്രചാരണാർഥം മുഹമ്മദ് നബി എപ്പോഴും ബന്ധപ്പെടുകയും സംസാരിക്കുകയും  ചെയ്യുമായിരുന്നു. ഉന്നതരാഷ്ട്രത്തലവൻമാർ മുതൽ സ്ത്രീകളും  കുട്ടികളുമടക്കം യുദ്ധത്തടവുകാരോടും അദ്ദേഹം ഇടപെട്ടു.  ജീവിതത്തിന്റെ  വിവിധതുറകളിൽപെട്ട ഭിന്ന ആചാരാനുഷ്ഠാനങ്ങൾ മുറുകെപ്പിടിക്കുന്നവരോട് രചനാത്മകമായി സംസാരിക്കാനും   അവരുടെ വർത്തമാനം ക്ഷമയോടും അവബോധത്തോടും കേൾക്കാനും,സ്നേഹം പിടിച്ചുപറ്റാനും അദ്ദേഹത്തിന് കഴിഞ്ഞു.

ഏറ്റവും അടുത്ത അനുയായികൾ വിവരിച്ചതനുസരിച്ച്, നബി(സ) വിമർശനങ്ങൾക്കിടനൽകാത്തവിധം ഉന്നതധാർമികഗുണങ്ങളുള്ള  സൽകർമിയും സൗഹൃദമനസ്കനും പരക്ഷേമതൽപരനും ആയിരുന്നു. നബിതന്നെ സ്വയം വിശേഷിപ്പിച്ചിരുന്നത്, ഉയർന്ന ധാർമികശ്രേഷ്ഠഗുണങ്ങളുടെ പൂർത്തീകരണമായാണ് താൻ അയക്കപ്പെട്ടതെന്നാണ്(മിശ്കാത് ശെരീഫ്). അദ്ദേഹത്തിന്റെ  സ്വഭാവഗുണങ്ങളെപ്പറ്റി ഏറ്റവും നന്നായി അറിയാമായിരുന്ന പത്നി ആഇശ  വിവരിച്ചത് ഇപ്രകാര

മാണ്:'പ്രവാചകന്റെ സ്വഭാവം ഖുർആനായിരുന്നു'(സ്വഹീഹ് മുസ്‌ലിം).

പ്രവാചകന്റെ വീട്ടിൽ പിച്ചവെച്ചുവളരുകയും സേവനമനുഷ്ഠിക്കുകയുംചെയ്ത സ്വഹാബിയായ അനസ് (റ) നബിയെക്കുറിച്ച് വിവരിക്കുന്നതിങ്ങനെ:
'അല്ലാഹുവിന്റെ ദൂതർ, ആർക്കെങ്കിലും ഹസ്തദാനംചെയ്താൽ അപരൻ കൈ പിൻവലിക്കുംവരെ കൈ എടുത്തിരുന്നില്ല. അപരൻ തന്റെ മുഖം മറ്റുള്ളവരിലേക്ക് തിരിക്കുംവരെ തന്റെ ശ്രദ്ധ തിരിച്ചിരുന്നില്ല. തന്നോട് അഭിമുഖമായിരിക്കുന്ന ആളുടെ നേർക്ക് കാൽ നീട്ടി ഇരിക്കാറുണ്ടായിരുന്നില്ല. '(മൗലാനാ മുഹമ്മദ് മൻസ്വൂർ നുഅ്മാനി, മആരിഫുൽ ഹദീസ്- Meaning and Message of the Traditions-ദാറുൽ ഇശാഅത് പബ്ലിക്കേഷൻസ് , കറാച്ചി, വാള്യം 4, പേജ്334). തന്നോട് സംഭാഷണത്തിൽ ഏർപ്പെട്ടവരുടെ ഇടയിൽകയറി സംസാരിക്കാതെ അത് സശ്രദ്ധം ശ്രവിച്ചിരിക്കുമായിരുന്നു. '(ശമാഇൽ തിർമിദി, ഉള്ളടക്കം 334, ഹദീസ് 9)
അനസ് ബ്നു മാലിക് (റ) പറയുന്നു:'ഞാൻ പ്രവാചകന് സേവനമർപ്പിച്ച് പത്തു വർഷത്തോളം അവിടെ കഴിയുകയുണ്ടായി. എന്നാൽ എന്നോട് വെറുപ്പ് പ്രകടിപ്പിച്ച് അവിടുന്ന് ഒരിക്കലും സംസാരിക്കുകയുണ്ടായില്ല. ഞാനെന്തെങ്കിലും ചെയ്താൽ 'നീയെന്തിന് അങ്ങനെ ചെയ്തു?' എന്നെന്നോട് ചോദിച്ചിട്ടില്ല. ഞാനെന്തെങ്കിലും ചെയ്യാതിരുന്നാൽ എന്തുകൊണ്ട് ചെയ്തില്ല എന്ന് ഗുണദോഷിച്ചിരുന്നുമില്ല' (ശമാഇലുതിർമിദി -ഇസ്‌ലാമിക് ബുക് സർവീസ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി 2000 പേജ് 362)

തന്റെ ജീവിതകാലത്തിനിടയിൽ ആയിരക്കണക്കായ വ്യക്തികളെ നബിതിരുമേനി പഠിപ്പിച്ചു. അതിന്റെ സ്വാധീനഫലമായി മതത്തെക്കുറിച്ച് യാതൊന്നുമറിയാതിരുന്ന ആളുകൾ അതിനെ ഉൾക്കൊള്ളാനും അതിനുവേണ്ടി ത്യാഗമനുഷ്ഠിക്കാനും സന്നദ്ധരായി .അതിലൂടെ അവർ ഉയർന്ന ധാർമിക സ്വഭാവങ്ങൾക്കുടയവരായി.അദ്ദേഹത്തിന്റെ മരണശേഷം കോടിക്കണക്കായ ആളുകൾ ഇന്നും ആ ധാർമിക ശ്രേഷ്ഠഗുണങ്ങളുടെ പേരിൽ അദ്ദേഹത്തെ തങ്ങളുടെ നേതാവായും മാർഗദർശിയായും അധ്യാപകനായും കാണുന്നു.

## വിശ്വാസി സ്നേഹമൂർത്തിയാവുക

തികഞ്ഞ ആത്മാർഥതയോടെ എല്ലാവരെയും സ്നേഹിക്കാൻ നബിതിരുമേനി വിശ്വാസികളോട് നിഷ്കർഷിച്ചു.പ്രസ്തുതവിഷയത്തിൽ സ്വാർത്ഥതാൽപര്യങ്ങൾ കടന്നുവരരുതെന്നും മനസ്സിൽ ആരോടും വെറുപ്പും വിദ്വേഷവും അസൂയയും വെച്ചുപുലർത്തരുതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ഖുർആനിലൂടെ ദൈവം തന്റെ പ്രവാചകനോട് ഇപ്രകാരം പറയാൻ കൽപിച്ചു:'

സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസൻമാർക്ക് അല്ലാഹു നൽകുന്ന ശുഭവാർത്തയാണിത്. പറയുക: ''ഇതിന്റെ പേരിൽ ഞാൻ നിങ്ങളോടൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്തബന്ധത്തിന്റെ പേരിലുള്ള ആത്മാർഥമായ സ്നേഹമല്ലാതെ.'' ആരെങ്കിലും വല്ല നൻമയും നേടുകയാണെങ്കിൽ നാമതിൽ വർധനവ് വരുത്തും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാണ്.'(അശ്ശൂറാ 23) തികഞ്ഞ ആത്മാർഥതയോടെ എല്ലാവരെയും സ്നേഹിക്കാൻ നബിതിരുമേനി വിശ്വാസികളോട് നിഷ്കർഷിച്ചു.പ്രസ്തുതവിഷയത്തിൽ സ്വാർത്ഥതാൽപര്യങ്ങൾ കടന്നുവരരുതെന്നും  മനസ്സിൽ ആരോടും വെറുപ്പും വിദ്വേഷവും അസൂയയുംവെച്ചുപുലർത്തരുതെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ഖുർആനിലൂടെ ദൈവം തന്റെ പ്രവാചകനോട് ഇപ്രകാരം പറയാൻ കൽപിച്ചു:' സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസൻമാർക്ക് അല്ലാഹു നൽകുന്ന ശുഭവാർത്തയാണിത്. പറയുക: ''ഇതിന്റെ പേരിൽ ഞാൻ നിങ്ങളോടൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്തബന്ധത്തിന്റെ പേരിലുള്ള ആത്മാർഥമായ സ്നേഹമല്ലാതെ.'' ആരെങ്കിലും വല്ല നൻമയും നേടുകയാണെങ്കിൽ നാമതിൽ വർധനവരുത്തും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനുമാണ്.'(അശ്ശൂറാ 23)

സ്നേഹം, സൗഹൃദം , സാഹോദര്യം തുടങ്ങിയവുമായി ബന്ധപ്പെട്ട്  മുഹമ്മദ് നബിയുടെ വചനങ്ങൾ നോക്കുക:

' ഒരു വിശ്വാസി തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുന്നു.'(ഇമാം ഗസ്സാലി-ഇഹ്‌യാ ഉലൂമിദ്ദീൻ( The book of Religious Learnings) ഇസ്‌ലാമിക് ബുക് സർവീസ്  പബ്ലിക്കേഷൻസ്, ന്യൂഡൽഹി 2001, വാള്യം- iii, page 68)

ദൈവദൂതർ  മറ്റുള്ളവരുടെ കയ്യിൽനിന്നും സമ്മാനങ്ങൾ സ്വീകരിക്കുകയും അവർക്ക് അങ്ങോട്ട് സമ്മാനങ്ങൾ നൽകുകയുംചെയ്തിരുന്നു.(സ്വഹീഹുൽ ബുഖാരി,ഇസ്‌ലാമിക് ബുക് സർവീസ്  പബ്ലിക്കേഷൻസ്, ന്യൂഡൽഹി 2002, വാള്യം -III പേജ് 597)

'ഇനി ഒരാൾക്ക് സമ്മാനമായി തുളസിപ്പൂവാണ് ലഭിക്കുന്നതെങ്കിൽ പോലും അത് നിരസിക്കരുത്. കാരണം, അത് ലഘുവും സുഗന്ധപൂരിതവുമാണ്.'(രിയാദുസ്സ്വാലിഹീൻ, വാള്യം 2, ക്രോഡീകരണം-അൽ ഇമാം അബൂസകരിയ്യ ബിൻ ശറഫ് അ

ന്നവവി അദ്ദിമശ്ഖി, പേജ് 1330)

'നിങ്ങൾ അന്യോന്യം വെറുക്കരുത്, അസൂയവെച്ചുപുലർത്തരുത്, മറ്റൊരാൾ വില യുറപ്പിച്ചതിൻമേൽ കച്ചവടത്തിനുശ്രമിക്കരുത്, അന്യോന്യം വഴക്കടിക്കരുത്, അന്യോന്യം ചതിക്കരുത്. അല്ലാഹുവിന്റെ ദാസൻമാർ അന്യോന്യം സഹോദരങ്ങളാണ് '( ഇമാം ഗസ്സാലി-ഇഹ്യാ ഉലൂമിദ്ദീൻ( ദ ബുക് ഓഫ് റിലീജിയസ് ലേണിങ്സ്) ഇസ്ലാമിക് ബുക് സർവീസ് പബ്ലിക്കേഷൻസ്, ന്യൂഡൽഹി 2001, വാള്യം- 3 പേജ് 124)

മുൻഗാമികളെ ബാധിച്ച അതേ ശീലങ്ങളും നിങ്ങളെയും ബാധിച്ചിട്ടുണ്ട്-അസൂയയും വെറുപ്പുമാണത്. വിശ്വാസികളാകുന്നതുവരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതുവരെ വിശ്വാസികളാവുകയില്ല. സ്നേഹം നിലനിർത്താൻ ഞാൻ നിങ്ങൾക്കൊരു മാർഗം പറഞ്ഞുതരട്ടെയോ? നിങ്ങൾക്കിടയിൽ സമാധാനം(സലാം)പരത്തുക.(ഇഹ്യാ ഉലൂമിദ്ദീൻ-ഇമാം ഗസ്സാലി, (ദി ബുക് ഓഫ് റിലീജിയസ് ലേണിങ്സ്) ,ഇസ്ലാമിക് ബുക് സർവീസ് , ന്യൂഡൽഹി 2001, വാല്യം-3 പേജ്. 167)

നിങ്ങളിൽ മല്ലയുദ്ധത്തിൽ വിജയിക്കുന്നവനല്ല ശക്തൻ. മറിച്ച്, കോപം വരുമ്പോൾ അതിനെ അതിജയിക്കാൻ കഴിയുന്നവനാണ് ശക്തൻ.(സ്വഹീഹുൽ ബുഖാരി)

'അസൂയയെ സൂക്ഷിക്കുക,കാരണം, തീ വിറകിനെയെന്ന പോലെ അസൂയ നൻമകളെ വിഴുങ്ങുന്നു'(അബൂദാവൂദ്)

'വിശ്വാസികൾ പരസ്പരം സഹോദരൻമാരാണ്. അവർ അന്യോന്യം ചതിക്കുകയോ, നുണപറയുകയോ അപമാനിക്കുകയോ ചെയ്യില്ല'.(തിർമിദി)

## പ്രവാചകൻ നീതി കൽപിച്ചു

മുസ്ലിംകൾക്ക് പഠിപ്പിച്ചുകൊടുത്ത അധ്യാപനങ്ങളിലും മറ്റു മത-ഭാഷാ-വർഗ-വർണ-ഗോത്ര വിഭാഗത്തിൽപെട്ട മനുഷ്യരോട് നീതിപൂർവമുള്ള വ്യവഹാരങ്ങളിലും മനുഷ്യരാശിക്ക് തികഞ്ഞ മാതൃകയായിരുന്നു മുഹമ്മദ് നബി. ഖുർആനിലൊരിടത്ത് ദൈവം അദ്ദേഹത്തോട് ഇപ്രകാരം കൽപിക്കുന്നത് കാണാം: 'അതിനാൽ നീ അവർക്കിടയിൽ തീർപ്പുകൽപിക്കുകയാണെങ്കിൽ നീതിപൂർവം വിധിക്കുക. സംശയമില്ല; നീതി നടത്തുന്നവരെ അല്ലാഹു സ്നേഹിക്കുന്നു'(അൽമാഇദ 42) അങ്ങേയറ്റം പ്രതിസന്ധി നേരിടേണ്ടിവന്ന ഘട്ടത്തിൽ പോലും പ്രവാചകൻ

തിരുമേനി നീതിനടപ്പാക്കുന്നതിൽ ഒട്ടും വിട്ടുവീഴ്ച കാണിച്ചിരുന്നില്ല.

നബി(സ)യുടെ നീതിനിഷ്ഠയ്ക്ക് എത്രയോ ഉദാഹരണങ്ങൾ ആ മഹദ്ജീവിത ത്തിൽ നമുക്ക് കാണാനാകും. അദ്ദേഹത്തിന്റെ നാട്ടിൽ വ്യത്യസ്തമതവിശ്വാസി കളും ഗോത്രങ്ങളും വംശങ്ങളും ഒരുമയോടെ കഴിഞ്ഞുകൂടി. പ്രവാചകനിയോ ഗത്തന് മുമ്പ് ആ ജനത ചെറിയൊരു അഭിപ്രായവ്യത്യാസം പോലും പൊറുപ്പി ക്കാത്ത അസഹിഷ്ണുക്കളായിരുന്നു. തദ്ഫലമായി സമാധാനവും സുരക്ഷയും എന്തെന്നറിയാതെ അവരുടെ ജീവിതം അസ്വസ്ഥപൂർണമായിരുന്നു. എന്നാൽ ന ബിതിരുമേനിയുടെ നീതിപൂർവകമായ സമീപനം മുസ്‌ലിംകൾക്കെന്നപോലെ അ വർക്കും സമാധാനവും സുരക്ഷയും പകർന്നുനൽകി. അദ്ദേഹത്തിന്റെ ജീവിത കാലത്ത് അറേബ്യൻ ഉപദ്വീപിലെ ജൂത-ക്രൈസ്തവ-മുസ്‌ലിം-ബഹുദൈവവിശ്വാ സികൾക്കെല്ലാം നീതിയും സമത്വവും അനുഭവിക്കാനായി.

ഖുർആന്റെ അനുശാസനങ്ങൾ പൂർണമായും പിന്തുടർന്നതിനാൽ ഏവരെയും ആകർഷിക്കുന്ന സ്വഭാവമായിരുന്നു പ്രവാചകൻ മുഹമ്മദ് നബിയുടേത്. ഇതരസ മൂഹങ്ങളോട് എങ്ങനെ വർത്തിക്കണമെന്ന സുവ്യക്തമായ പാഠം നൽകി എല്ലാ മ തവിഭാഗങ്ങൾക്കും ഒരു മാതൃകയായി അത് നിലകൊള്ളുന്നു. അദ്ദേഹം മുന്നോട്ടു വെച്ച നീതിസങ്കൽപം വ്യത്യസ്തവർഗങ്ങൾക്കിടയിൽ സമവായം സാധ്യമാക്കി. ത ന്റെ എല്ലാ പ്രഭാഷണങ്ങളിലും എന്തിനേറെ ഹജ്ജിലെ വിടവാങ്ങൽ പ്രസംഗ ത്തിലും ഏതെങ്കിലും വംശമോ, വർഗമോ, മറ്റുള്ളവരെക്കാൾ ഉന്നതരല്ലെന്ന് അദ്ദേ ഹം ആവർത്തിച്ച് വ്യക്തമാക്കി. മഹത്ത്വം ദൈവഭക്തിയിലാണെന്ന് ഖുർആൻ വ്യ ക്തമാക്കുന്നുണ്ട്:‘മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്. നിങ്ങളെ വിവിധ വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങളന്യോന്യം തിരിച്ചറിയാനാണ്. അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റം ആദരണീയൻ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവനാണ്; തീർച്ച. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു‘(അൽ ഹുജുറാത്:13).

ഈ വിഷയത്തിൽ ഹദീസുകളിപ്രകാരമാണുള്ളത്:

’നിങ്ങൾ ആദമിന്റെ മക്കളാണ്. ആദമോ മണ്ണിൽനിന്നും. അതിനാൽ നിങ്ങളാരും പൂർവികരുടെ പേരിൽ മേൻമ നടിക്കേണ്ടതില്ല.’(സുനനു അബീദാവൂദ്, പുസ്തകം 41, നമ്പർ 5097)’

നിങ്ങളുടെ തറവാട്ടുമഹിമ പറഞ്ഞ് മറ്റുള്ളവരെ ഇകഴ്ത്തുന്നതിൽ ന്യായമില്ല. നി ങ്ങളെല്ലാം ആദംസന്തതികളാണ്. ആർക്കും ദീനിന്റെയും ദൈവഭക്തിയുടെയും പേരിലല്ലാതെ മറ്റാരെക്കാളും മേൻമ നടിക്കാനാകില്ല’ (അഹ്മദ് 158/4).

## പ്രവാചകൻ കാംക്ഷിച്ചത് സമാധാനം

ലോകത്തിന്റെ പ്രവാചകനായി വന്ന മുഹമ്മദ് നബി(സ) ഒരിക്കലും യുദ്ധം ആഗ്രഹിച്ചില്ല. ജീവിതകാലത്ത് ഏറ്റവും സമാധാനപൂർണമായ മാർഗമാണ് ഇസ്‌ലാമിന്റെ പ്രബോധനത്തിനായി അദ്ദേഹം സ്വീകരിച്ചത്. കടുത്ത ഭീഷണിയും ആക്രമണങ്ങളും ഉയർന്നുവന്നപ്പോഴും അദ്ദേഹം അങ്ങേയറ്റം ക്ഷമയവലംബിച്ചു. ജീവന്നും ഇസ്‌ലാമിന്റെ പ്രബോധനത്തിനും കടുത്ത വെല്ലുവിളിയുയർത്തിയപ്പോൾ അല്ലാഹുവിന്റെ നിർദ്ദേശപ്രകാരംമാത്രമാണ് അദ്ദേഹം യുദ്ധത്തിന് അനുവാദം നൽകിയത്. ശത്രുവിന്റെ ആക്രമണവും സമ്മർദ്ദവും നിസ്സഹായാവസ്ഥയിലകപ്പെടുത്തിയപ്പോഴും സന്ധിക്ക് സാധ്യതതെളിഞ്ഞാൽ പിന്നെ അദ്ദേഹം യുദ്ധത്തിന് ഒരുമ്പെട്ടിരുന്നില്ല.

നബിയുടെ ജീവിതകാലത്ത് മുഅ്ത യുദ്ധമായിരുന്നു ഇസ്‌ലാമികസമൂഹത്തിന് നേരിടേണ്ടിവന്ന ഏറ്റവും കടുത്ത പരീക്ഷണം. സൈനികദളത്തിന്റെ കമാന്ററായി സൈദ് ബ്നു ഹാരിസയെ നിയോഗിച്ചുകൊണ്ട് നബി സൈനികർക്ക് നൽകിയ നിർദേശങ്ങൾ കാണുക:

'അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ദൈവനിഷേധികൾക്കെതിരിൽ യുദ്ധംചെയ്യുക. വഞ്ചനയുടെ മാർഗം സ്വീകരിക്കാതിരിക്കുക. ആളുകളുടെ ചെവിയും മൂക്കും ശരീരാവയങ്ങളും മുറിച്ചെടുത്ത് അംഗവിഛേദം നടത്തരുത്. കുട്ടികളെയും സ്ത്രീകളെയും വൃദ്ധരെയും വധിക്കരുത്. ആരാധനാലയങ്ങളിലുള്ളവരെയും അതിന്റെ പരികർമികളെയും അപായപ്പെടുത്തരുത്. ഈന്തപ്പനയടക്കം ഫലവൃക്ഷങ്ങൾ വെട്ടിവീഴ്ത്താൻ പാടില്ല. പാർപ്പിടങ്ങളും കെട്ടിടങ്ങളും തകർത്തുതരിപ്പണമാക്കരുത്'(ബുഖാരി)

യുദ്ധവേളയിൽ നബി നൽകിയ നിർദ്ദേശങ്ങളെ യുദ്ധത്തിന്റെ ഇസ്‌ലാമികതത്ത്വങ്ങൾ എന്ന രൂപത്തിൽ പണ്ഡിതൻമാർ താഴെപ്പറയുംവിധം ക്രോഡീകരിച്ചിട്ടുണ്ട്.

1. യുദ്ധോത്സുകരായി ആക്രമണത്തിനുമുതിരുന്നവർക്കെതിരെ മാത്രമേ യുദ്ധംചെയ്യാവൂ.
2. ആരാധനാലയങ്ങളിലെ പുരോഹിതൻമാരും പരികർമികളും കുട്ടികളും സ്ത്രീകളും വൃദ്ധജനങ്ങളും ഒരിക്കലും ആക്രമിക്കപ്പെടരുത്.
3. കൃഷിയിടങ്ങൾ നശിപ്പിക്കരുത്.
4. കരാറുകളും ഉടമ്പടികളും ലംഘിക്കപ്പെടരുത്.
5. മൃഗങ്ങളെ ഉപദ്രവിക്കരുത്.
6. ക്രൂരതയും മർദ്ദനപീഡനങ്ങളും അരുത്.
7. ജനവാസകേന്ദ്രങ്ങൾ തകർക്കരുത്.( (Ahmet Hamdi Akseki, Abdurrahman

Azzam Pasa'nin "God'in Peygamberlerine emanet ettigi ebedi risalet", Diyanet Isleri Baskanligi Nseriyat, Ankara, 1948)

മുഹമ്മദ് നബിയും ജൂതൻമാരും ബഹുദൈവാരാധകരും ചേർന്നുണ്ടാക്കിയ ഉടമ്പടി വ്യത്യസ്തസമുദായങ്ങൾക്കിടയിലുള്ള പരസ്പരബഹുമാനത്തിന്റെയും നീതിയുടെയും മകുടോദാഹരണമാണ്. വർഷങ്ങളോളം ശത്രുതയിലും പ്രതികാരചിന്തയിലും കഴിഞ്ഞിരുന്ന സമുദായങ്ങളെ പരസ്പരസഹവർത്തിത്വവും വിശ്വാസസ്വാതന്ത്ര്യവും വെച്ചുപുലർത്താൻ സഹായിക്കുമാറ്, ഭരണകൂടത്തിനുള്ള വഴിതെളിക്കുകയായിരുന്നു പ്രസ്തുത ഉടമ്പടി.

ആ ഉടമ്പടിയിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നായിരുന്നു വിശ്വാസസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന നിർദ്ദേശം . ആ ഖണ്ഡിക ഇപ്രകാരം വായിക്കാം:

' ബനൂ ഔഫിലെ ജൂതൻമാർ മുസ്ലിംകളോടൊപ്പം ഒരു ദേശരാഷ്ട്രമായിരിക്കും. ജൂതൻമാർക്ക് അവരുടെ മതമനുസരിച്ച് ജീവിക്കാം. മുസ്ലിംകൾക്ക് അവരുടെ മതമനുസരിച്ചും. ' (The Constitution of Madina, http://www.islamic-study.org/jews-prophet-p.-2.htm)

മദീനാകരാറിലെ ആർടിക്ൾ പതിനാറിൽ ഇപ്രകാരം കാണാം:'നമ്മെ പിന്തുണക്കുന്ന ജൂതൻമാർക്ക് നമ്മുടെ സഹായവും നമ്മെപ്പോലെ തുല്യാവകാശവും ഉണ്ടായിരിക്കും. അവരോട് അന്യായം പ്രവർത്തിക്കുകയോ അവരുടെ ശത്രുക്കളെ സഹായിക്കുകയോ ചെയ്യില്ല.' നബി(സ)യുടെ അനുയായികൾ പ്രസ്തുത കരാറിനോട് നീതിപുലർത്തി ബർബറുകളോടും ബുദ്ധമതവിശ്വാസികളോടും ഹിന്ദു ബ്രാഹ്മണരോടും ഇതരമതവിശ്വാസികളോടും സഹവസിക്കുകയുണ്ടായി.

ഖുർആന്റെ നിർദ്ദേശം പൂർണമായി ഉൾക്കൊണ്ടുകൊണ്ട് നീതിയുടെ മാർഗത്തിൽ ഉറച്ചുനിന്നുവെന്നതാണ് നബിയുടെ കാലത്ത് സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ സഹായിച്ചത്. അതിനാൽ നബിയുടെ ഉന്നത നീതിബോധവും സ്വഭാവഗുണങ്ങളും ധാർമികമൂല്യങ്ങളും വിദേശഎഴുത്തുകാരുടെ പ്രശംസയും ആദരവും നേടിക്കൊടുക്കുകയുണ്ടായി.

നബിയുടെ പ്രസ്തുതസ്വഭാവഗുണങ്ങളെ ജോർജ് ബർണാഡ് ഷാ തന്റെ 'the Genuine Islam' എന്ന പുസ്തകത്തിൽ ഇപ്രകാരം കുറിക്കുന്നു:
'മുഹമ്മദിന്റെ മതം പ്രസരിപ്പിച്ച, ഏതൊരു നിഗമനങ്ങൾക്കുമപ്പുറത്തുള്ള ഊർജ്ജസ്വലതയും കരുത്തും കാരണമായി അതെന്നെ ഒട്ടേറെ ആകർഷിച്ചിട്ടുണ്ട്. ഏതു

നൂറ്റാണ്ടിലും അതിനിണങ്ങുംവിധം മാറ്റത്തെ ഉൾക്കൊള്ളാനും ഏവരുടെയും സ്വീകാര്യത നേടാനും യോഗ്യത തെളിയിച്ച ഒരേയൊരു മതം അതുമാത്രമേയുള്ളൂ.. ഞാൻ മുഹമ്മദിനെക്കുറിച്ചു പഠിച്ചു. മനുഷ്യരാശിയുടെ രക്ഷകനെന്ന് അദ്ദേഹത്തെ വിളിച്ചേ മതിയാകൂ. ആധുനികലോകത്തെ ഏതെങ്കിലും സ്വേഛാധിപതി അദ്ദേഹത്തെപ്പോലെയായിത്തീരുമെങ്കിൽ അയാൾ പ്രശ്നങ്ങളൊക്കെ പരിഹരിച്ച് സമാധാനവും സന്തോഷവും കൈവരിക്കുന്നതിൽ വിജയിക്കും. '

(Sir George Bernard Shaw in 'The Genuine Islam,' 1936, http://www.geocities.com/Athens/Forum/9192 /mainquote2.html#shaw)

ഇന്ന് ലോകത്ത് നാം കാണുന്ന സംഘർഷങ്ങൾക്കും ശത്രുതയ്ക്കും ഭീകരാക്രമണങ്ങൾക്കും അസ്ഥിരതയ്ക്കുമുള്ളഏകപരിഹാരം ഖുർആൻ മുന്നോട്ടുവെക്കുന്ന ധാർമികമൂല്യങ്ങൾ മാത്രമാണ്. നബി(സ)യെപ്പോലെ നാം നീതിയുടെ മാർഗത്തിൽനിന്ന് വ്യതിചലിക്കാതെ നിലകൊള്ളേണ്ടതുണ്ട്. ഇതരവിശ്വാസങ്ങൾ പിന്തുടർന്ന് ജീവിക്കുന്ന വ്യക്തികളുടെയും സമുദായങ്ങളുടെയും അവകാശങ്ങളും വിശ്വാസസ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

## വേദക്കാരോട് സ്നേഹവും കരുതലും പ്രകടിപ്പിച്ച നബി

## മസ്ജിദുന്നബവിയിൽ നജ്റാൻ ക്രൈസ്തവർക്ക് പ്രാർഥനയ്ക്ക് അനുവാദം നൽകി മുഹമ്മദ് നബി.

'ഒരിക്കൽ നജ്റാനിൽനിന്ന് ഒരു ക്രൈസ്തവസംഘം നബിയുമായി സംഭാഷണം നടത്താൻ അസ്ർ നമസ്കാരസമയത്ത് മദീനയിലെത്തി. അവർ മസ്ജിദുന്നബവിയിൽ കയറിച്ചെന്നപ്പോൾ നബിയും അനുയായികളും അസ്ർ നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ഘട്ടത്തിൽ ക്രൈസ്തവസംഘം തങ്ങളുടെ പ്രാർഥനയ്ക്കായി കിഴക്കോട്ട് അഭിമുഖമായി നിന്നു. അതുകണ്ട പ്രവാചകാനുയായികളിൽ ചിലർ അവരെ ആരാധനയിൽനിന്ന് തടയാൻ ശ്രമിച്ചു. എന്നാൽ പ്രവാചകൻ അവരെ പ്രാർഥനയിൽ മുഴുകാൻ അനുവാദം നൽകുകയായിരുന്നു.(ത്വബ്രി, ഇബ്നുകസീർ, റാസി, ഖുർതുബി-ഖുർആൻ ആലുഇംറാൻ1-61 വ്യാഖ്യാനത്തിന്റെ തുടക്കത്തിൽ നൽകിയ വിവരണത്തിൽനിന്ന്)(ഹമീദുല്ലാ-ദി പ്രോഫറ്റ് ഓഫ് ഇസ്ലാം , പരിഭാഷ: സാലിഹ് തുഗ്, അങ്കാറ 2003, 1,920 ; സരികാം, ദ പ്രോഫറ്റ് മുഹമ്മദ് & ഹിസ് യുണിവേഴ്സൽ മെസ്സേജ്, 278) '.

## നജ്റാൻ ക്രൈസ്തവസംഘത്തിന് തന്റെ മേൽമുണ്ട് വിരിച്ചുകൊടുത്ത നമ്മുടെ പ്രവാചകൻ

ചില റിപോർട്ടുകൾ പ്രകാരം  മുഹമ്മദ് നബി അവരുടെ വിവാഹങ്ങളിൽ പങ്കെടുക്കുകയും രോഗിസന്ദർശനം നടത്തുകയും അവരോട് ഉദാരമായി പെരുമാറുകയും ചെയ്തിരുന്നു. ഒരിക്കൽ  നജ്റാനിലെ ക്രൈസ്തവപ്രതിനിധിസംഘത്തിന് ഇരിക്കാനായി തന്റെ മേൽമുണ്ട് വിരിച്ചുകൊടുക്കുകയുണ്ടായി.

## വേദക്കാർ മുസ്‌ലിംകളുടെ സംരക്ഷണത്തിലെന്ന് മുഹമ്മദ് നബി

ഹാരിസ്  ഇബ്നു കൽബ്  തുടങ്ങി ക്രൈസ്തവർക്ക് നബി നൽകിയ കരാർ രേഖയിലെ ചില ഖണ്ഡികകൾ ഇപ്രകാരം വായിക്കാം: കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവരുടെ വിശ്വാസം, ചർച്ചുകൾ, അവരുടെ ജീവൻ,  സമ്പത്ത്, ചാരിത്യം എന്നിവയുടെയെല്ലാം സംരക്ഷണം  പ്രവാചകനായ മുഹമ്മദിന്റെയും അദ്ദേഹത്തിൽ വിശ്വസിക്കുന്നവരുടെയും സംരക്ഷണത്തിലായിരിക്കും. ക്രിസ്തുമതത്തിൽ വിശ്വസിച്ചവരെ ഇസ്‌ലാംസ്വീകരിക്കാൻ നിർബന്ധിക്കുന്നതല്ല. ഏതെങ്കിലും ക്രിസ്ത്യാനി ജീവഹാനിയും അന്യായവും ഭയപ്പെട്ടാൽ മുസ്‌ലിംകൾ അവരെ സഹായിക്കുന്നതാണ്'  തുടർന്ന്  ഖുർആനിലെ സൂക്തം ഇപ്രകാരം രേഖപ്പെടുത്തി.: 'ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ വേദക്കാരുമായി  സംവാദത്തിലേർപ്പെടരുത്...'(അൽ അൻകബൂത് 46)(ഇബ്നുഹിശാം, അബൂ മുഹമ്മദ്  അബ്ദുൽ മാലിക്, വാള്യം218/ 834, അസ്സീറത്തുന്നബവിയ്യ, ദാറുത്തുറാസിൽ അറബിയ്യ ബെയ്റൂത് 1396 / 1971, ശ്/ 241-242; ഹമീദുല്ലാ, അൽ വസാഇഖ്, എസ്.154-155, നമ്പർ 96-97; ലിവിങ് ടുഗതർ ഇൻ ഈസ്റ്റേൺ & വെസ്റ്റേൺ സോഴ്സസ്, പേജ് 95)

## വേദക്കാരായ സന്ദർശകർക്ക് അനുയായികളുടെ വസതികളിൽ താമസസൗകര്യമൊരുക്കിയ മുഹമ്മദ് നബി

നബി രാഷ്ട്രതന്ത്രജ്ഞനായിരിക്കെ പ്രബോധനവേളയിൽ അയൽരാജ്യങ്ങളിൽനിന്ന് വിദേശപ്രതിനിധിസംഘങ്ങൾ അദ്ദേഹത്തെ കാണാൻ വരാറുണ്ടായിരുന്നു. ചിലപ്പോൾ അക്കൂട്ടത്തിൽ വേദക്കാരായ ആളുകളും ഉണ്ടാകും. ദിവസങ്ങളോളം നീളുന്ന അത്തരം സന്ദർശനങ്ങളിൽ അവർക്ക് താമസിക്കാൻ തന്റെ അനുചരൻമാരിൽ പ്രമുഖരായ അബ്ദുർറഹ്മാനുബ്നു ഔഫ്,  മുഗീറത്തുബ്നു ശുഅ്ബ, അബൂ അയ്യൂബിൽ അൻസ്വാരി, തുടങ്ങിയവരുടെ വസതികളിലായിരുന്നു പ്രവാചകൻ തിരുമേനി സൗകര്യം ഏർപ്പാടാക്കിയിരുന്നത്.  നബിയിൽ നിന്ന് ദീനിനെക്കുറിച്ച് പഠിക്കാനും  ചര്യകൾ കണ്ടുമനസ്സിലാക്കാനുമായി അസ്ഹാബുസ്സുഫ്ഫ എന്ന പേരിൽ അറിയപ്പെട്ട സ്വഹാബിമാരുടെ, മസ്ജിദുന്നബവിയുടെ മുറ്റത്ത് കെട്ടിയി

ട്ടുള്ള തമ്പും  പ്രസ്തുതആവശ്യത്തിന് ഉപയോഗപ്പെടുത്തിയിരുന്നു. അത്തരം പ്രതിനിധിസംഘങ്ങൾക്ക്  അവരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും വിവരിച്ചുകൊണ്ടുള്ള കരാർപത്രങ്ങളും  നബി നൽകിയിരുന്നു. അവർക്കായി ഭൂമി നീക്കിവെച്ചുകൊണ്ടുള്ള പ്രമാണപത്രങ്ങളും അക്കൂട്ടത്തിലുണ്ടാകും. ചില പ്രവിശ്യകളിൽ അവരിൽ നിന്നുള്ളവരെ ഗവർണർമാരായി നിശ്ചയിക്കുന്ന പതിവുമുണ്ടായിട്ടുണ്ട്. അതുപോലെ മുസ്‌ലിംകളിൽനിന്ന് സകാത്ത് പിരിക്കുന്ന ഉദ്യോഗസ്ഥരോടൊപ്പം ദിമ്മികളിൽനിന്ന് ടാക്സ് പിരിക്കുന്നവരായി ക്രൈസ്തവഉദ്യോഗസ്ഥരെയും നിയമിച്ചിരുന്നു. വാസ്തവത്തിൽ, അറേബ്യൻ ഉപദ്വീപിൽ  മുഹമ്മദ് നബിയുടെ പ്രവാചകത്വവും ആധിപത്യവും അയൽരാജ്യങ്ങൾ അംഗീകരിച്ചിരുന്നുവെന്നാണ്  അവിടെനിന്നുള്ള വിദേശപ്രതിനിധിസംഘങ്ങളുടെ സന്ദർശനം തെളിയിക്കുന്നത്.( സരികാം, ദ പ്രോഫറ്റ് മുഹമ്മദ് & ഹിസ് യൂണിവേഴ്സൽ മെസ്സേജ്,356) വിധിവിലക്കുകൾ നൽകപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളിൽ നബി തിരുമേനി വേദക്കാരുടെ രീതിപിന്തുടർന്നാണ് പ്രവർത്തിച്ചിരുന്നത്.

അത്തരംഘട്ടത്തിൽ മക്കയിലെ ബഹുദൈവവിശ്വാസികളുടെ പാത അദ്ദേഹം പിൻപറ്റിയിരുന്നില്ല. അല്ലാഹുവിന്റെ വിധി നൽകപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ നബി തിരുമേനി വേദക്കാരുടെ നടപടിക്രമങ്ങളാണ് പിന്തുടർന്നിരുന്നത്(ബുഖാരി, അൽലിബാസ് 70  ; മുസ്‌ലിം അൽ ഫളാഇൽ 90)

## മുഹമ്മദ് നബി തന്റെ അനുയായികളോട് ക്രൈസ്തവരാജാവായ നജ്ജാശിയുടെ അടുക്കലേക്ക് ഹിജ്റപോകാൻ നിർദ്ദേശിച്ചു

ആദ്യത്തെ ഹിജ്റയ്ക്കുമുമ്പ് തന്റെ അനുയായികൾ കുടിയേറണമെന്ന്  നബി താൽപര്യപ്പെട്ട ആദ്യ ക്രൈസ്തവരാജ്യം അബ്സീനിയയാണ്.മക്കയിലെ ബഹുദൈവാരാധാകരുടെ പീഡനം സഹിക്കവയ്യാതായ ഘട്ടത്തിൽ മുസ്‌ലിംകൾ അബ്സീനിയയിലേക്ക് പോകുന്നതാണ് നല്ലതെന്ന വീക്ഷണമായിരുന്നു മുഹമ്മദ് നബിക്കുണ്ടായിരുന്നത്. തന്റെ ആ മനോഗതം അദ്ദേഹം വിവരിക്കുന്നതിങ്ങനെ: നിങ്ങൾക്ക്  വേണമെന്നുണ്ടെങ്കിൽ അബ്സീനിയയിൽ അഭയംതേടിക്കൊള്ളുക. ആ രാജാവിന്റെ  നാട്ടിൽ യാതൊരുവിധ പീഡനങ്ങളുമേൽക്കേണ്ടിവരില്ല. അത് ഏറ്റവും സുരക്ഷിതവും അനുയോജ്യവുമായ സ്ഥലമാണ്. ദൈവം കാര്യങ്ങൾ എളുപ്പമാക്കിത്തരുംവരെ നിങ്ങൾ അവിടെ തങ്ങുക.' (മുഹമ്മദ് ഹമീദുല്ല, അൽവസാഇഖുസ്സിയാസ്സിയ്യ, ഹമീദുല്ല ,ദ പ്രോഫറ്റ് ഓഫ് ഇസ്‌ലാം 1, 297)

## ജൂതന്റെ ശവമഞ്ചം കടന്നുപോയപ്പോൾ എഴുന്നേറ്റുനിന്ന് ആദരവ് പ്രകടിപ്പിച്ച നബി

ജാബിറുബ്നു അബ്ദില്ലയിൽ നിന്ന് നിവേദനം: ഒരിക്കൽ പ്രവാചകരോടൊപ്പമായിരിക്കെ ഞങ്ങളുടെ മുന്നിലൂടെ ജൂതന്റെ ശവമഞ്ചംകടന്നുപോയി. അതുകണ്ടപ്പോൾ പ്രവാചകൻ (സ) എഴുന്നേറ്റുനിന്നു. അതുകണ്ട് ഞങ്ങളും അപ്രകാരം ചെയ്തു. ഞങ്ങൾ പറഞ്ഞു:' അല്ലാഹുവിന്റെ ദൂതരേ, ഇത് ജൂതന്റെ ശവമഞ്ചമല്ലേ?' അപ്പോൾ അദ്ദേഹം പറഞ്ഞു:'മൃതദേഹവും വഹിച്ചുകൊണ്ട് ആരെങ്കിലും പോകുന്നതുകണ്ടാൽ നിങ്ങൾ എഴുന്നേറ്റുനിന്ന് ആദരിക്കുക'(സ്വഹീഹുൽ ബുഖാരി, വാള്യം 2 പുസ്തകം 23 നമ്പർ 398)

അബ്ദുറഹ്മാനുബ്നു അബീലൈലയിൽനിന്ന് നിവേദനം: സഹ്ലുബ്നു ഹുനൈഫും ഖൈസുബ്നു സഅദും ഖാദിസിയ്യപട്ടണത്തിലൊരിടത്ത ്ഇരിക്കുകയായിരുന്നു. അവരുടെ മുന്നിലൂടെ ശവമഞ്ചം കൊണ്ടുപോകുന്നത് കണ്ടപ്പോൾ അവർ എഴുന്നേറ്റുനിന്നു. മുസ്‌ലിംകളുടെ സംരക്ഷണത്തിലുള്ള പ്രദേശത്ത് താമസിക്കുന്ന അവിശ്വാസിയുടെതാണ് ആ മയ്യിത്തെന്ന് ആരോ അപ്പോൾ പറഞ്ഞു. അപ്പോൾ അവർ പറഞ്ഞു:'മുഹമ്മദ് നബിയുടെ മുന്നിലൂടെ ഒരു ശവമഞ്ചം കടന്നുപോയപ്പോൾ അദ്ദേഹം എഴുന്നേറ്റുനിന്നു. അപ്പോൾ ആരോ ഒരാൾ അത് ജൂതന്റെ മയ്യിത്താണെന്ന് പറഞ്ഞപ്പോൾ നബി ഇപ്രകാരം പറഞ്ഞു:'അത് ജീവനുള്ള മനുഷ്യനായിരുന്നില്ലേ''(സ്വഹീഹുൽ ബുഖാരി വാള്യം 2 പുസ്തകം 23 നമ്പർ 399)

## ദിമ്മികളെ(മുസ്‌ലിമേതര സംരക്ഷിതപ്രജകൾ) അടിച്ചമർത്തരുതെന്ന് മുഹമ്മദ് നബി കൽപിച്ചു.

മുഹമ്മദ് നബി(സ) പറഞ്ഞു: ' ആരെങ്കിലും ദിമ്മികളെ അടിച്ചമർത്തുകയോ അവരുടെമേൽ വഹിക്കാനാകാത്ത ഭാരം അടിച്ചേൽപിക്കുകയോ ചെയ്താൽ ഞാനവന്റെ ശത്രുവായിരിക്കും.'

## നമ്മുടെ പ്രവാചകൻ നുബുവ്വത്തിന്റെ ആദ്യനാളുകളിൽ ക്രൈസ്തവരുമായി സംസാരിക്കുക പതിവായിരുന്നു.

...ദൈവത്തിന്റെ ദൂതൻ വഹ്‌യി(വെളിപാട്)നുശേഷം പരിഭ്രമചിത്തനായി വീട്ടിലേക്ക് തിരിച്ചു. ഭാര്യ ഖദീജ ബിൻത് ഖുവൈലിദിന്റെ അടുക്കൽ ചെന്നു... ഖദീജ അദ്ദേഹത്തോടൊപ്പം തന്റെ കസിനായ വറഖത്തുബ്നുനൗഫൽ ബിൻ അസദ് ബിൻ അബ്ദിൽ ഉസ്സയുടെ വീട്ടിലെത്തി. നുബുവ്വത്തിനുമുമ്പേ തന്നെ ക്രൈസ്തവമതം

സ്വീകരിച്ച്, ഹിബ്രുവിൽ എഴുത്തുകുത്തുകളൊക്കെ നടത്തുന്ന സാത്വികനായിരുന്നു അദ്ദേഹം. സുവിശേഷങ്ങളിൽനിന്ന് ഹിബ്രുഭാഷയിലേക്ക് ഒട്ടേറെ ഭാഗങ്ങൾ പകർത്തിയെഴുതിയിട്ടുണ്ട്...(സ്വഹീഹുൽ ബുഖാരി, വാല്യം, 1 പുസ്തകം 1 നമ്പർ 3)

## പരമതസമൂഹത്തിൽ പ്രതിബന്ധംസൃഷ്ടിക്കരുത്

ദീനിൽ ബലാൽക്കാരമില്ല(അൽബഖറ:256) എന്ന ഖുർആന്റെ നിർദ്ദേശം മുഹമ്മദ് നബി(സ) പൂർണാർഥത്തിൽതന്നെ നടപ്പാക്കി.പൗരൻമാരുടെ വിശ്വാസസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് ക്രിസ്ത്വാബ്ദം 630ൽ ഹിംയർ ഭരണാധികാരിയുടെ സ്ഥാനപതികളോട് താഴെപറയുന്ന കാര്യങ്ങൾ മുസ്‌ലിംകളെ അറിയിക്കാൻ നബി ഉത്തരവിട്ടു.

'ജൂതനും ക്രിസ്ത്യാനിയും വിശ്വാസികളായ മുസ്‌ലിംകളെപ്പോലെത്തന്നെ തുല്യാവകാശങ്ങളുള്ളവരാണ്. ഏതെങ്കിലും ജൂതനോ ക്രിസ്ത്യാനിയോ വിശ്വാസാചാരത്തിൽ തൽസ്ഥിതി തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആരുംതന്നെ അക്കാര്യത്തിൽ അവർക്കുമുന്നിൽ പ്രതിബന്ധംസൃഷ്ടിക്കരുത്.'(സീറത്തു ഇബ്നുഹിശാം 2 പേജ് 586)

## നബി ജൂതൻമാരുമായി ബിസിനസ് പങ്കാളിത്തം

ആളുകളുമായി വ്യവഹാരങ്ങളിലേർപ്പെട്ടിരുന്ന മുഹമ്മദ് നബിയുടെ ഏറ്റവും വലിയ സവിശേഷത വിശ്വസ്തതയായിരുന്നു. വിശ്വസ്തനായ ആരുമായും വ്യാപാര-വ്യവഹാരങ്ങളിലേർപ്പെടുന്നതിൽ അവരുടെ മതവിശ്വാസമെന്തെന്നത് പ്രവാചകന് പ്രശ്നമായിരുന്നില്ല. മദീനയിലെ ജൂതൻമാരിൽനിന്ന് അദ്ദേഹം ഭക്ഷ്യവസ്തുക്കളും പണവും കടമായി കൈപ്പറ്റാറുണ്ടായിരുന്നു. പ്രവാചകൻ മരണപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പടയങ്കി ഒരു ജൂതന്റെ അടുക്കൽ പണയത്തിലായിരുന്നു.

## ഖൈബറിൽ ജൂതൻമാരോടുള്ള നബിയുടെ സ്നേഹം

ഖൈബർ കോട്ട കീഴടക്കിയപ്പോൾ ലഭിച്ച യുദ്ധാനന്തരസ്വത്തിന്റെ കൂട്ടത്തിൽ ചുരുൾ രൂപത്തിലുള്ള തൗറാത്തിന്റെ കോപ്പികൾ ഉൾപ്പെട്ടിരുന്നു. നബി(സ) ആ കോപ്പികൾ ജൂതൻമാർക്ക് തിരികെകൊടുക്കാൻ ആജ്ഞാപിച്ചു.
ജൂതൻമാർ കീഴടങ്ങിയതോടെ അവരുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ കടന്നുകയറി മുന്തിരിയും ഈത്തപ്പഴവും പറിച്ചെടുത്ത് മുസ്‌ലിംഭടൻമാർ ഭക്ഷിക്കാൻ തുടങ്ങി. അതെപ്പറ്റി ജൂതൻമാർ മുഹമ്മദ് നബിയോട് പരാതിപ്പെട്ടു. അ

പ്പോൾ പ്രദേശവാസികളുടെ തോട്ടങ്ങളിൽ കടന്നുചെല്ലുകയോ അവരുടെ വസ്തു വകകളിൽ കൈവെക്കുകയോ ചെയ്യരുതെന്ന് ഭടൻമാരോട് നബി കൽപിച്ചു.

## ജൂതൻമാരുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കരുത്: മദീനാ ഉടമ്പടി

ഔസ് ,ഖസ്റജ് ഗോത്രങ്ങളുമായി ഉണ്ടാക്കിയ മദീനാഉടമ്പടിയിൽ ജൂതൻ മാരെയും കക്ഷികളാക്കാൻ മുഹമ്മദ് നബി അനുവദിച്ചു. അതുവഴി അവർക്ക് സ്വ തന്ത്രസമുദായമായി നിലകൊള്ളാൻ കഴിഞ്ഞു. ജൂതൻമാരോടുള്ള മുസ്ലിംകളു ടെ സഹിഷ്ണുതയുടെയും സമഭാവനയുടെയും നിലപാടിന്റെ അടിസ്ഥാനം താ ഴെ ഖണ്ഡികയിൽ വിവരിക്കുന്നു:

"വിശ്വാസികളെപ്പോലെത്തന്നെ ബനൂഔഫിലെ ജൂതന്യൂനപക്ഷം സമുദായമായി രിക്കും. ജൂതൻമാർക്ക് അവരുടെ മതം, മുസ്ലിംകൾക്ക് അവരുടെ മതം."

മക്കയിലെ മുസ്ലിംകുടിയേറ്റക്കാരും (മുഹാജിറുകൾ )മദീനയിലെ തദ്ദേശവാസി മുസ്ലിംകളും (അൻസ്വാറുകൾ) ജൂതന്മാരും ചേർന്ന് അംഗീകരിച്ച മദീനാകരാർ നീതിയുടെ മകുടോദാഹരണമാണ്. ആ കരാറിലെ ഒരു ഖണ്ഡിക ഇപ്രകാരം വാ യിക്കാം:

" ബനൂ ഔഫിലെ ജൂതന്മാർ മുസ്ലിംകളുമായി ചേർന്ന് ഒരു രാഷ്ട്രമായിരിക്കും. ജൂതന്മാർക്ക് അവരുടെ മതവും മുസ്ലിംകൾക്ക് അവരുടെ മതവും അനുസരിച്ച് ജീവിക്കാം."

കരാറിലെ 16-ാം ഖണ്ഡിക ഇങ്ങനെ:"ഞങ്ങളോടൊന്നിച്ചുനിൽക്കുന്ന ജൂതന് ഞ ങ്ങൾക്കുള്ളതുപോലെ തുല്യാവകാശങ്ങളും പിന്തുണയും സഹായവും ഉണ്ടായി രിക്കും. ആ വ്യക്തിയോട് യാതൊരു അനീതിയും അക്രമവും പ്രവർത്തിക്കുക യില്ല. അയാൾക്കെതിരിൽ ശത്രുവിനെ സഹായിക്കുകയുമില്ല."

പ്രവാചകവിയോഗശേഷവും അദ്ദേഹത്തിന്റെ അനുയായികൾ കരാറിലുറച്ചുനിന്നു. ആ കരാറിന്റെ വെളിച്ചത്തിലായിരുന്നു ബർബറുകളോടും ബുദ്ധമതവിശ്വാസിക ളോടും ബ്രാഹ്മണരോടും മറ്റിതരവിശ്വാസികളോടും അവർ നീതിയിലും സൗഹാർ ദ്ദത്തിലും അനുവർത്തിച്ചത്.

## നജ്റാനിലെ ക്രൈസ്തവർ മുസ്ലിംസംരക്ഷണത്തിൽ

അദ്റുഹ്, മഖ്ന, ഖൈബർ, നജ്റാൻ, അഖബ എന്നീ ജനവാസകേന്ദ്രങ്ങളിലെ വേദക്കാരായ ആളുകൾക്ക് അവരുടെ മതവിശ്വാസം മുറുകെപ്പിടിച്ച് ജീവിക്കാമെന്നും അവരുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടുമെന്നുമുള്ള ഉറപ്പ് നബി നൽകുകയുണ്ടായി. നബിയും നജ്റാൻ ക്രൈസ്തവരുമായി ചേർന്ന് ഉണ്ടാക്കിയ പ്രസ്തുതകരാറിലെ ആ ഖണ്ഡിക ശ്രദ്ധേയമാണ്.

"ഇവിടെ ഹാജരുള്ളവരും അല്ലാത്തവരുമായ നജ്റാനിലെയും പരിസരപ്രദേശങ്ങളിലെയും ക്രൈസ്തവർക്ക് അവരുടെ ജീവന്നും സ്വത്തിനും മതത്തിനും ദൈവത്തിൽനിന്ന് സംരക്ഷണവും അവന്റെ ദൂതനിൽനിന്നുള്ള വാഗ്ദത്തപൂർത്തീകരണവും ഉറപ്പുനൽകുന്നു.

ഒരു ബിഷപ്പും തൽസ്ഥാനത്തുനിന്ന് ബഹിഷ്കൃതനാവുകയില്ല. ഒരു സന്ന്യാസിയും തന്റെ മഠത്തിൽനിന്ന് പുറത്താക്കപ്പെടുകയില്ല. ഒരു പുരോഹിതനും തന്റെ പദവി നഷ്ടപ്പെടുകയില്ല. അവർക്കെല്ലാം ഈ നിമിഷംവരെ ആസ്വദിച്ചിരുന്ന എല്ലാ സൗഭാഗ്യങ്ങളുമുണ്ടായിരിക്കും... അവർ അടിച്ചമർത്തപ്പെടുകയില്ല. ആരെയും അടിച്ചമർത്തുകയുമില്ല. ആരെങ്കിലും നിങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ശ്രമിച്ചാൽ നിങ്ങൾക്കിടയിൽ നീതി നടപ്പാക്കും. ആർക്കും അടിച്ചമർത്താനോ അടിച്ചമർത്തപ്പെടാനോ അവസരം നൽകുന്നതല്ല."

## വേദക്കാരുമായി കരാറുകളിലേർപ്പെട്ട പ്രവാചകൻ

തന്റെ ജീവിതകാലത്ത് വേദക്കാരുമായി പ്രവാചകൻ ഉണ്ടാക്കിയ ഉടമ്പടികൾ ജൂത-ക്രൈസ്തവവിഭാഗങ്ങളുടെ അവകാശങ്ങളും നിലനിൽപും ഉറപ്പുവരുത്തുകയുണ്ടായി. മൗണ്ട് സീനായിലെ സെന്റ് കാതറീൻ ആശ്രമത്തിലുള്ള സന്ന്യാസിമാർക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ അതനുവദിച്ചുനൽകി. മുസ്ലിംപരമാധികാരരാഷ്ട്രത്തിലെ ജൂത-ക്രൈസ്തവസമൂഹങ്ങൾക്ക് നിയമ-മത-സാമൂഹിക മണ്ഡലത്തിൽപെട്ട എല്ലാ അവകാശങ്ങളും ആ ഉടമ്പടികൾ ഉറപ്പുവരുത്തി. എന്തു പ്രശ്നങ്ങളുണ്ടായാലും അവയെല്ലാം ഉടമ്പടിയെ മുൻനിർത്തി പരിഹൃതമായി. തങ്ങളുടെ ഇടയിലുണ്ടായ ഒരു പ്രശ്നം ക്രൈസ്തവർ ഉമർ(റ)ന്റെ കാർമികത്വത്തിൽ പരിഹരിച്ച സംഭവം ചരിത്രത്തിന്റെ താളുകളിൽ ഇടംപിടിച്ചിട്ടുണ്ട്.

## അദ്നാൻ അഖ്തറുമായി സംഭാഷണം

## മുസ്ലിംകൾ മുഹമ്മദ് നബിയെ മാതൃകയാക്കുക

അദ്നാൻ അഖ്തർ: ഒരാൾ കാര്യങ്ങളെ എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നതിൽനിന്നാണ് ഇതെല്ലാം ഉണ്ടാകുന്നത്. ദൈവത്തോടുള്ള അദമ്യമായ സ്നേഹത്താൽ ബന്ധിതനായവനും ഖുർആനെ അതിന്റെ സാകല്യത്തിൽ മനസ്സിലാക്കിയവനും അതിൻപ്രകാരം ജീവിതത്തെ പരിവർത്തിപ്പിച്ചവനും ദൈവത്തെ പൂർണരൂപത്തിൽ സ്നേഹിക്കും. ഒന്നിനെയും നശിപ്പിക്കാൻ അവൻ  ആഗ്രഹിക്കുകയില്ല. ബോംബു പൊട്ടിക്കാനോ എല്ലാം ഛിന്നഭിന്നമാക്കാനോ അവൻ കൊതിക്കുകയില്ല. ജനമനസ്സുകളെയാണ് ഇസ്ലാം ലക്ഷ്യമിടുന്നത്.  ഒരുവന് അവന്റെ വിശ്വാസത്തിൽ നിലകൊള്ളാൻ കഴിയുമാറ് സ്വതന്ത്രമായ അന്തരീക്ഷം സംജാതമാക്കിയാൽ നിങ്ങൾക്ക് അവനെ  കീഴടക്കാം. മതത്തിൽ യാതൊരു ബലപ്രയോഗവും പാടില്ലെന്നത് സുവ്യക്തമായ കാര്യമാണ്. എന്നാൽ ബലപ്രയോഗത്തിലൂടെ ആരെയെങ്കിലും ആദർശപരിവർത്തനത്തിന് ശ്രമിച്ചാൽ അവൻ കപടനായിത്തീരും. നരകത്തിന്റെ ഏറ്റവും അടിത്തട്ടിലാണ് കപടൻമാരുടെ സ്ഥാനം. ഏറ്റവും നികൃഷ്ടനായ ജീവിയായിരിക്കും അയാൾ. ഏറ്റവും അഭിശപ്തമായ തിൻമകളെ ഉണ്ടാക്കുന്ന യന്ത്രമായി മാറും അയാൾ. അതിനാൽ ജനങ്ങളെ തികഞ്ഞ സത്യസന്ധരും ആത്മാർഥതയുള്ളവരുമാക്കാനാണ് നാം ശ്രമിക്കേണ്ടത്. ഒരാൾ വിശ്വസിക്കുന്നില്ലെങ്കിൽ സത്യസന്ധമായി തനിക്കതിലൊന്നും വിശ്വാസമില്ലെന്ന് അയാൾ തുറന്നുപറയണം. അങ്ങനെയുള്ളവർക്ക് ആദരവ് വകവെച്ചുകൊടുക്കണം. എല്ലാ ആളുകളും ആദരവ് അർഹിക്കുന്നവരാണല്ലോ. കാരണം, ദൈവം  അങ്ങനെയാണ് അവരെ സൃഷ്ടിച്ചത്. അവർക്കതാണ് വിധിച്ചിട്ടുണ്ടാവുക. നിങ്ങൾ അവരോട് സത്യം തുറന്നുപറയുക. അവർക്ക് മനസ്സിലാക്കാൻ കഴിവുണ്ടെങ്കിൽ അത് ഉൾക്കൊള്ളും. ഇല്ലെങ്കിൽ അത് നിരസിക്കും.

ഖുർആനികനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പ്രവാചകൻ മുഹമ്മദ് നബി(സ) ആത്മരക്ഷാർഥം പ്രതിരോധിച്ചതുപോലെ എല്ലാ വ്യക്തികൾക്കും പ്രതിരോധിക്കാം. എന്നാൽ കുട്ടികളെയും സ്ത്രീകളെയും ബോംബുസ്ഫോടനത്താൽ ഛിന്നഭിന്നമാക്കാൻ ഏതൊരാൾ തുനിഞ്ഞാലും അത് അങ്ങേയറ്റം നികൃഷ്ടകൃത്യമാണെന്നേ ഞാൻ വിശേഷിപ്പിക്കൂ. അത് മനസ്സാക്ഷിയോടു ചെയ്യുന്ന ക്രൂരതയും വഞ്ചനയുമാണ്. അല്ലാതെ മറ്റൊന്നുമല്ല. സ്ത്രീകളെയും  കുട്ടികളെയും കൊന്നുതള്ളി എന്ത് വിജയമാണാവോ  നേടുന്നത്? അത് അധർമത്തിൽ കവിഞ്ഞ് മറ്റൊന്നുമല്ല. കാരണം, യുദ്ധത്തിന് അതിന്റേതായ നിയമങ്ങളുണ്ട്. എന്നാൽ നിങ്ങൾ യുദ്ധംപ്രഖ്യാപിക്കുകയും അപ്പുറത്തുചെന്നിട്ട് അവർ നിങ്ങളോട് യുദ്ധംചെയ്യുന്നുവെന്ന്

വിലപിക്കുകയുമല്ലേ ചെയ്യുന്നത്.

രാഷ്ട്രങ്ങൾ നിങ്ങളോട് യുദ്ധം പ്രഖ്യാപിക്കുകയും അങ്ങനെ നിങ്ങൾ യുദ്ധത്തി നൊരുങ്ങുകയും ചെയ്താൽ ദൈവം അവനുദ്ദേശിക്കുന്നവർക്ക് വിജയം സമ്മാനി ക്കും. പരാജിതർ പിടിക്കപ്പെടുകയും മറുപക്ഷത്തിന്റെ അധികാരത്തിന് വിധേയരാ വുകയും ചെയ്യും. അതിൽനിന്നും വ്യത്യസ്തമായി നാം ചെയ്യുന്നത് മറുപക്ഷ ത്തോടൊപ്പം സമാധാനപരമായി ജീവിക്കാൻ ഒരുക്കമാണെന്ന് വ്യക്തമാക്കി ഉട മ്പടിയുണ്ടാക്കുകയാണ്. എന്നാൽ എല്ലാവിധ ഉടമ്പടിയിൽനിന്നും പിൻവാങ്ങുന്നു വെന്ന് പ്രഖ്യാപിച്ച് സ്ത്രീകളും കുട്ടികളുമടക്കം ആളുകളെ ബോംബ്സ്ഫോടന ത്തിലൂടെ കൊല്ലുന്ന കിരാതരീതിയാണ് ഇക്കാലത്ത് നടമാടുന്നത്. അത് വിവേക ത്തിന്റെയും യുക്തിയുടെയും ഖുർആനികവിശ്വാസത്തിന്റെയും തികഞ്ഞ ലംഘന മാണെന്ന് ഏതൊരാൾക്കും മനസ്സിലാക്കാനാകും. നമ്മുടെ പ്രവാചകൻ അങ്ങനെ യെന്തെങ്കിലും ചെയ്തതായി കാണാനാകുമോ? ഒരിക്കലുമില്ല.(അസർബൈജാൻ അയ്ന 8 ആഗസ്റ്റ് 2008)

*അന്ന് നന്മയുമായി വന്നെത്തുന്നവന് അതിലും മെച്ചപ്പെട്ട പ്രതിഫലം കിട്ടും. (അ ന്നംല് 89)*

# മധ്യപൂർവദേശത്ത് സമാധാനവും സൗഹാർദ്ദവും കൊണ്ടുവന്നത് ഇസ്‌ലാം

ഖുർആനെ പിന്തുടർന്ന് മുസ്‌ലിംകൾ അധികാരം കയ്യാളിയിരുന്ന പ്രദേശങ്ങളിലെല്ലാം നീതിയും സമാധാനവും സ്നേഹവുമെല്ലാം പുലർന്നിരുന്നുവെന്നതിന് ചരിത്രം സാക്ഷിയാണ്.പ്രവാചകന്റെ കാലത്ത് തങ്ങൾ കടന്നുചെന്ന പ്രദേശങ്ങളിലെല്ലാം മുസ്‌ലിംകൾ കൈക്കൊണ്ട നയങ്ങൾ അതിനുദാഹരണമാണ്. ഖുർആൻ കൊണ്ടുവന്ന ധാർമികമൂല്യങ്ങളെ അടിസ്ഥാനമാക്കി സമാധാനാന്തരീക്ഷം സൃഷ്ടിച്ച മുഹമ്മദുനബിയുടെ വിയോഗശേഷം നീതിമാൻമാരായ ഖലീഫമാരും, ആ പാതയിൽനിന്ന് വ്യതിചലിച്ചില്ല. പിൽക്കാലസമൂഹത്തിന് മാതൃകയാവുംവിധം ഖുർആൻ പഠിപ്പിച്ച ശരിയായ അർഥത്തിലുള്ള നീതി, മനുഷ്യാവകാശം, സത്യസന്ധത എന്നിവയെല്ലാം ഈ ഭരണനായകരുടെ കാലത്ത് നിലനിന്നു.

ജറൂസലം തലസ്ഥാനമായ ഫലസ്തീനിൽ മൂന്നുമതങ്ങളുടെയും (ജൂത-ക്രൈസ്തവ-ഇസ്‌ലാം)അനുയായികൾ സൗഹൃദത്തോടെ കഴിഞ്ഞുകൂടിയെന്നത് മുസ്‌ലിംകൾ അധികാരം കയ്യാളുന്ന പ്രദേശങ്ങളിൽ സമാധാനവും സുരക്ഷിതത്വവും കൊണ്ടുവന്നുവെന്നാണ് വെളിവാക്കുന്നത്. കഴിഞ്ഞ 1400 വർഷക്കാലത്തെ ചരിത്രം പരിശോധിച്ചാൽ അതിൽ മുസ്‌ലിംഭരണാധികാരികളുടെ കാലത്താണ് ജറൂസലമിലും ഫലസ്തീനിലും സമാധാനം കളിയാടിയതെന്നു കാണാം.

## ഫലസ്തീനിൽ സമാധാനവും നീതിയും സ്ഥാപിച്ചത് ഖലീഫാ ഉമർ

ഏ.ഡി. 71 വരെ ജൂതൻമാരുടെ തലസ്ഥാനമായിരുന്നു ജറൂസലം. ആ വർഷം റോമാസൈന്യം ജൂതൻമാരുടെ മേൽ കനത്ത ആക്രമണമഴിച്ചുവിട്ടു. അവിടെനിന്ന് ജൂതരെ മുഴുവൻ നിർദ്ദയം ആട്ടിപ്പായിച്ചു. അവർ പല ദേശങ്ങളിലായി ചിതറിത്തെറിച്ചു. അതെത്തുടർന്ന് ജറൂസലമും പരിസരപ്രദേശങ്ങളും ജനവാസമില്ലാതെയായി.

എന്നാൽ റോമൻചക്രവർത്തിയായ കോൺസ്റ്റന്റൈൻ ക്രിസ്തുമതം സ്വീകരിച്ചതോടെ ജറൂസലം വീണ്ടും ശ്രദ്ധാകേന്ദ്രമായിത്തീർന്നു. റോമൻ ക്രൈസ്തവർ ജറൂസലമിൽ ഒട്ടേറെ ചർച്ചുകൾ നിർമിച്ചു. ജൂതൻമാർക്ക് ജറൂസലമിൽ വരാനും താമസിക്കാനുമുള്ള വിലക്ക് നീങ്ങി. ഏഴാം നൂറ്റാണ്ടുവരെ റോമിലെ ബൈസാന്റൈൻ സാമ്രാജ്യത്തിന്റെ ഭാഗമായി ഫലസ്തീൻ മാറി . ഇടക്കാലത്ത് പേർഷ്യക്കാർ ആ പ്രദേശങ്ങൾ ആക്രമിച്ച് കീഴടക്കിയെങ്കിലും ബൈസാന്റൈൻ സൈന്യം അത് വീണ്ടും പിടിച്ചെടുത്തു.

ഏ.ഡി. 637 ൽ ഫലസ്തീനിൽ ഏറെ മാറ്റങ്ങൾക്ക് വഴിതെളിച്ച സംഭവവികാസങ്ങളുണ്ടായി. മുസ്ലിംസൈന്യം അവിടേക്ക് കടന്നുചെന്നു. അധിനിവേശകരുടെ യുദ്ധങ്ങളും കൂട്ടക്കൊലകളും കൊള്ളിവെയ്പും കൊടുംക്രൂരതകളും, തദ്ദേശീയ ജനതയുടെ പലായനവും ശതാബ്ദങ്ങളോളം ആവർത്തിച്ചിരുന്ന ഫലസ്തീൻ ദേശത്ത് സമാധാനവും സൗഹാർദ്ദവും കടന്നുവന്നു. ഇസ്ലാമിൻെറ കടന്നുവരവോടെ ജൂത-ക്രൈസ്തവ-മുസ്ലിം സമൂഹങ്ങൾ ശാന്തിയിലും സഹവർത്തിത്വത്തിലും കഴിയുന്ന പുതുയുഗപ്പിറവിക്ക് തുടക്കമായി.

മുഹമ്മദ് നബിയുടെ വിയോഗശേഷം രണ്ടാം ഖലീഫയായി സ്ഥാനമേറ്റെടുത്ത ഉമർ(റ)ആണ് ഫലസ്തീൻ കീഴടക്കിയത്. ജറൂസലമിലേക്ക് കടന്നുചെന്ന അദ്ദേഹം അവിടത്തെ വ്യത്യസ്തമതക്കാരായ ദേശവാസികളോട് സ്നേഹത്തിലും കാരുണ്യത്തിലും പെരുമാറി. ഉമർ(റ)ന്റെ ആഗമനത്തെക്കുറിച്ചും അതുവഴി ഫലസ്തീനിന്റെ സുവർണകാലത്തെപ്പറ്റിയും ചരിത്രഗവേഷകയും എഴുത്തുകാരിയുമായ കരൺ ആംസ്ട്രങ് തന്റെ 'ഹോളിവാർ' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് ഇങ്ങനെ:

"വെളുത്ത ഒട്ടകപ്പുറത്തേറി ഖലീഫാ ഉമർ ജറൂസലം നഗരത്തിലേക്ക് കടന്നുവന്നു. നഗരത്തിന്റെ ന്യായാധിപനായ ഗ്രീക്ക് പാത്രിയാർക്കീസ് സോഫ്രോണിയസ് അദ്ദേഹത്തിന് അകമ്പടിസേവിച്ചു. മൗണ്ട് ദേവാലയത്തിലേക്ക് തന്നെ കൂട്ടിക്കൊണ്ടുപോകാൻ ഉമർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. തന്റെ നേതാവും സുഹൃത്തുമായ മുഹമ്മദ് നബി രാത്രിയാത്രയിൽ എത്തിയ സ്ഥലത്ത് അദ്ദേഹം നമസ്കരിച്ചു. പാത്രിയാർക്കീസ് ഇതെല്ലാം ഭീതിയോടെ വീക്ഷിച്ചുകൊണ്ടിരുന്നു. ദാനിയൽ പ്രവാചകൻ നടത്തിയ സർവ്വനാശത്തിന്റെ നികൃഷ്ടശക്തി ദേവാലയത്തിൽ കടക്കുമെന്ന പ്രവചനം പുലരുകയാണെന്ന് അയാൾ ധരിച്ചു. അവസാനനാളുകളിൽ വരുന്ന അന്തിക്രിസ്തു ഇയാൾതന്നെയെന്ന് പാത്രിയാർക്കീസ് ഉറപ്പിച്ചു. പിന്നീട് , ഉമർ(റ) ക്രിസ്ത്യൻ ദേവാലയങ്ങൾ എവിടെയാണെന്ന് അന്വേഷിച്ചു. അവയെല്ലാം സന്ദർശിച്ചുകൊണ്ടിരിക്കെ, ക്രൂശിതനായ യേശുവിനെ അടക്കംചെയ്തുവെന്ന് ക്രൈസ്തവർ വിശ്വസിക്കുന്ന ഹോളിസെപാൽഷർ ചർച്ചിൽ വെച്ച് നമസ്കാരത്തിന് സമയമായി. ഖലീഫയ്ക്ക് അവിടെ നമസ്കരിക്കാമെന്ന് പാത്രിയാർക്കീസ് അറിയിച്ചു. "ഞാൻ ഇവിടെ ഈ ചർച്ചിൽ നമസ്കരിച്ചാൽ മുസ്ലിംകൾ പ്രസ്തുതസംഭവത്തിന്റെ സ്മരണാർഥം ഇവിടെ പള്ളിയുയർത്താൻ ആഗ്രഹംപ്രകടിപ്പിക്കും. അത് ഈ ദേവാലയത്തിന്റെ നാശത്തിനാണ് വഴിയൊരുക്കുക."എന്ന വിശദീകരണത്തോടെ ഖലീഫ അത് വിനയത്തോടെ നിരസിച്ചു. തുടർന്ന് ചർച്ചിൽനിന്ന് പുറത്തുപോയി അതിന് എതിർഭാഗത്തുചെന്ന് നമസ്കരിക്കുകയായിരുന്നു. ദേവാലയത്തിന് പുറത്ത് ഖലീഫാ ഉമറിന്റെ സ്മരണാർഥമുള്ള ആ ചെറി

യ പള്ളി  ഇന്നുമുണ്ട്.

മുഹമ്മദ് നബിയുടെ രാത്രിയാത്രയുടെ ഓർമയുണർത്തുന്ന മസ്ജിദുൽ അഖ്സ്വാ യോടുചേർന്ന് മുസ്‌ലിംവിജയത്തിന്റെ അടയാളമെന്നോണം ഉമർ (റ) നിർമിച്ച വലിയ ഒരു മസ്ജിദും ടെമ്പിൽ മൗണ്ടിൽ കാണാം.  ജൂതദേവാലയത്തെ ചപ്പുചവ റുകളും മാലിന്യങ്ങളും കൊണ്ടിടാനുള്ള സ്ഥലമായി  വർഷങ്ങളോളം ക്രൈസ്ത വർ ഉപയോഗിച്ചപ്പോൾ, ഉമർ (റ) മുസ്‌ലിംകളോടൊപ്പം ചേർന്ന് അവിടംവൃത്തി യാക്കി ദേവാലയം പടുത്തുയർത്തി മൂന്നാമത്തെ വിശുദ്ധനഗരിയിൽ ഇസ്‌ലാമിന്റെ പ്രചാരണത്തിന് അടിത്തറപാകി.[20]

മുസ്‌ലിംകളുടെ ജറൂസലം വിജയത്തിനുശേഷം മൂന്നുമതങ്ങളും സഹവർത്തിത്വ ത്തിൽ കഴിഞ്ഞ സുരക്ഷിതനഗരമായി അത് മാറിയെന്ന് ജോൺ എൽ എക്സ് പോസിറ്റോ നിരീക്ഷിക്കുന്നു:"എ.ഡി. 638 ൽ അറബ് സൈന്യം ജറൂസലമിൽ കട ന്നപ്പോൾ ക്രൈസ്തവലോകം തീർഥാടനം നടത്താറുള്ള ദേവാലയനഗരിയിലേക്ക് അവർ എത്തി. അവിടെ ചർച്ചുകളോ ക്രൈസ്തവരോ യാതൊരുവിധത്തിലുമുള്ള കയ്യേറ്റത്തിനും ഇരയായില്ല. ദീർഘകാലമായി ക്രൈസ്തവരാജാക്കൻമാർ  ജൂതൻ മാരെ അങ്ങോട്ട് പ്രവേശിപ്പിച്ചിരുന്നില്ല. എന്നാൽ മുസ്‌ലിംകൾ സോളമന്റെയും ദാ വീദിന്റെയും നഗരത്തിൽ ജൂതൻമാർക്ക് താമസിക്കാനും ആരാധനകൾ നടത്താ നും അനുവാദം നൽകി." [21]

ഖലീഫാ ഉമർ ജറൂസലമിൽ പ്രവേശിച്ചപ്പോൾ  പാത്രിയാർക്കീസുമായി ഉണ്ട ാക്കിയ ഉടമ്പടി അദ്ദേഹത്തിന്റെ സഹാനുഭൂതിക്ക് തെളിവാണ്.
ചുരുക്കത്തിൽ,  ജറൂസലമിലും ഫലസ്തീൻ ദേശത്തും തങ്ങളുടേതല്ലാത്ത മത ത്തിന്റെ ആരാധനാലയങ്ങളെയും വിശുദ്ധശേഷിപ്പുകളെയും അവമതിക്കുകയും വിശ്വാസികളെ കൊന്നൊടുക്കുകയും ചെയ്യുന്ന അധീശശക്തികളുടെ ഭരണത്തിനു പകരം  നീതിയും സഹിഷ്ണുതയും പുലരുന്ന പുതിയൊരു നാഗരികത മുസ്‌ലിം കൾ സംഭാവനചെയ്തു. ഉമർ (റ)ന്റെ കടന്നുവരവോടെ ഫലസ്തീനിൽ മുസ്‌ലിം കളും ജൂതൻമാരും ക്രൈസ്തവരും സമാധാനത്തിലും സൗഹാർദ്ദത്തിലും  ജീവി ച്ചു.  ഇതരവിശ്വാസികളെ തങ്ങളുടെ മതത്തിലേക്ക് പരിവർത്തനം ചെയ്യിപ്പിക്കാൻ അവർ ബലംപ്രയോഗിച്ചില്ല. അതേസമയം, ഇസ്‌ലാം സത്യമതമാണെന്ന് തിരിച്ചറി ഞ്ഞവർ സ്വാഭീഷ്ടപ്രകാരം അതിനെ പുൽകുകയുംചെയ്തു.

മുസ്‌ലിംകളുടെ ഭരണം നിലനിന്നിരുന്ന കാലത്തോളം  ഫലസ്തീൻ മണ്ണിൽ സൗ ഹാർദ്ദവും സമാധാനവും നിലനിന്നു. എന്നാൽ പതിനൊന്നാം നൂറ്റാണ്ടോടെ വിദേ ശശക്തികൾ ആ പ്രദേശത്ത് വീണ്ടും കടന്നുചെന്നു. അങ്ങനെ സംസ്കാരത്തിന്റെ

വിളനിലമായിരുന്ന ജറൂസലമിനെ കിരാതവും നിഷ്ഠൂരവുമായ രീതിയിൽ അവർ നശിപ്പിച്ചു. ആ കാടൻമാരായിരുന്നു കുരിശുയോദ്ധാക്കൾ.

## കുരിശുയോദ്ധാക്കളുടെ ക്രൂരത

ഫലസ്തീനിൽ മൂന്നുമതങ്ങളിലും പെട്ട വിശ്വാസികൾ സമാധാനത്തിൽ ജീവിച്ചു കൊണ്ടിരിക്കെ, യൂറോപ്പിലെ ക്രൈസ്തവർ കുരിശുയുദ്ധത്തിന് കരുക്കൾ നീക്കി. 1095 നവംബർ 27 ന് ക്ലെയർമൗണ്ട് കൗൺസിലിൽവെച്ച് പോപ്പ് അർബൻ രണ്ടാമൻ ആഹ്വാനംചെയ്തതനുസരിച്ച് ഒരു ലക്ഷത്തോളം വരുന്ന ആളുകൾ മുസ്‌ലിംകളിൽനിന്ന് ഫലസ്തീൻ വിമോചിപ്പിക്കാനും കിഴക്കിന്റെ മോഹിപ്പിക്കുന്ന സമ്പത്ത് കൈക്കലാക്കാനും പുറപ്പെട്ടു. അങ്ങനെ നഗരങ്ങൾ തകർത്തും കൊള്ളയടിച്ചും ജനങ്ങളെ കൂട്ടക്കൊലനടത്തിയുമുള്ള നീണ്ട ആ യാത്രകൾക്കൊടുവിൽ അവർ 1099 ൽ ജറൂസലമിൽ എത്തി. ഒരുമാസത്തിലേറെ നീണ്ട ഉപരോധത്തിനു ശേഷം നഗരം അവർക്കു കീഴടങ്ങി. കുരിശുയോദ്ധാക്കൾ നഗരത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് അവിടെ നടമാടിയത് ലോകം അന്നുവരെ കണ്ടിട്ടില്ലാത്ത കൊടുംക്രൂരതകളായിരുന്നു. നഗരത്തിലുണ്ടായിരുന്ന മുഴുവൻ ജൂതൻമാരെയും ക്രൈസ്തവരെയും കുരിശുയോദ്ധാക്കൾ വാളിന്നിരയാക്കി.

ഹസ്റത്ത് ഉമറിന്റെ കാലം തൊട്ട് ഫലസ്തീനിൽ നിലനിന്നിരുന്ന സമാധാനവും സൗഹാർദ്ദവും ഏറ്റവും ഭയാനകമായ കൂട്ടക്കുരുതിയിൽ അവസാനിച്ചു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പേരിലറിയപ്പെട്ട ക്രിസ്തുമതത്തിന്റെ എല്ലാ അടിസ്ഥാനമൂല്യങ്ങളെയും ഉല്ലംഘിച്ചുകൊണ്ട് കുരിശുയോദ്ധാക്കൾ ക്രൈസ്തവതയുടെ പേരിൽ ഭീകരത പരത്തി.

## സ്വലാഹുദ്ദീൻ അയ്യൂബിയുടെ നീതിസംസ്ഥാപനം

അപരിഷ്കൃതരും ക്രൂരൻമാരുമായ കുരിശുപോരാളികൾ ജറൂസലമിനെ തലസ്ഥാനനഗരമാക്കിക്കൊണ്ട് ലാറ്റിൻ സാമ്രാജ്യം സ്ഥാപിച്ചു. അതിന്റെ അതിരുകൾ ഫലസ്തീനിൽനിന്നും അന്താക്കിയ(തുർക്കിയിലെ ഒരു പട്ടണം)വരെ വിശാലമായിരുന്നു. എന്നാൽ ഫലസ്തീനിൽ ക്രൂരതയുടെ തേരോട്ടം നടത്തിയ കുരിശുയോദ്ധാക്കളുടെ ആധിപത്യം അധികനാൾ നീണ്ടുനിന്നില്ല. സ്വലാഹുദ്ദീൻ എല്ലാ മുസ്‌ലിംഭരണാധികാരികളെയും ഒരുമിച്ചുകൂട്ടിയശേഷം 1187– ൽ നടത്തിയ ഹിത്വീൻ യുദ്ധത്തിൽ കുരിശുയോദ്ധാക്കളെ പരാജയപ്പെടുത്തി. യുദ്ധത്തിനുശേഷം കുരിശുസേനയ്ക്കു നേതൃത്വം കൊടുത്തിരുന്ന റെയ്നാൾഡ് ഓഫ് ഷാറ്റിലൺ, കിങ് ഗൈ എന്നിവരെ സ്വലാഹുദ്ദീന്റെ മുമ്പിൽ ഹാജരാക്കി. മുസ്‌ലിംകളെ ക്രൂരമായി ഉൻമൂലനംചെയ്യുന്നതിൽ കുപ്രസിദ്ധിയാർജിച്ച റെയ്നാൾഡിനെ വധശിക്ഷയ്

ക്കുവിധിച്ചു. എന്നാൽ അത്തരത്തിൽ സമാനമായ ക്രൂരതകളൊന്നും ചെയ്തിട്ടില്ലെന്ന് കണ്ട് കിങ് ഗൈയെ വെറുതെവിട്ടു. വീണ്ടും നീതിയുടെ പൊൻകിരണങ്ങൾ ഫലസ്തീനിൽ പ്രകാശം പൊഴിച്ചു.

ഹിത്വീൻ യുദ്ധത്തിന്റെ തൊട്ടുപിന്നാലെ , നബി(സ)ഇസ്റാഅ്, മിഅ്റാജ് യാത്ര നടത്തിയെന്ന് പറയപ്പെടുന്ന ദിനത്തിൽത്തന്നെ സ്വലാഹുദ്ദീൻ 88 വർഷമായി കുരിശുയോദ്ധാക്കളുടെ കീഴിലായിരുന്ന ജറൂസലമിൽ പ്രവേശിക്കുകയും അതിനെ മോചിപ്പിക്കുകയുംചെയ്തു. മുമ്പ് ആ നഗരത്തിലുണ്ടായിരുന്ന മുഴുവൻ മുസ്‌ലിംകളെയും കുരിശുയുദ്ധക്കാർ കൂട്ടക്കുരുതി നടത്തിയതുകൊണ്ട് തങ്ങളെയും പ്രതികാരബുദ്ധ്യാ സ്വലാഹുദ്ദീൻ കൈകാര്യംചെയ്യുമെന്ന് ക്രൈസ്തവർ ഭയപ്പെട്ടിരുന്നു. എന്നാൽ ഒരാളെപ്പോലും സ്വലാഹുദ്ദീൻ നോവിക്കാൻ ശ്രമിച്ചില്ല. എന്നാൽ ലാറ്റിൻ കത്തോലിക്കാക്രൈസ്തവരോട് നഗരം വിട്ടുപോകാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം കുരിശുയുദ്ധത്തിൽനിന്ന് വിട്ടുനിന്ന ഓർത്തഡോക്സ് വിഭാഗക്കാർക്ക് സ്വതന്ത്രമായി ജീവിക്കാനും തങ്ങളുടെ വിശ്വാസാചാരക്രമങ്ങൾ പുലർത്താനും അവസരം നൽകി. സ്വലാഹുദ്ദീന്റെ നടപടിയെ ചരിത്രകാരനും പണ്ഡിതനും അക്കാദമിഷ്യനുമായ ജോൺ .എൽ. എസ്പോസിറ്റോ കുറിച്ചിട്ടതിങ്ങനെ: യുദ്ധത്തിൽ നിശ്ചയദാർഢ്യം പ്രകടിപ്പിച്ചതുപോലെ മുസ്‌ലിംസൈന്യം വിജയത്തിലും കരുണാർദ്രമായി പെരുമാറി. സിവിലിയൻമാരെ അവർ കയ്യേറ്റം ചെയ്തില്ല. ചർച്ചുകൾക്കും ആരാധനാലയങ്ങൾക്കും യാതൊരു പോറലുമേറ്റില്ല. സ്വലാഹുദ്ദീൻ വാക്കുപാലിക്കുന്നവനും യുദ്ധംചെയ്യുന്നവരോട് ആർദ്രമനസ്സോടെ പെരുമാറുന്നവനുമായിരുന്നു.[22]

ജറൂസലമിനെ രണ്ടാമത് കീഴടക്കിയതിനെ കരൺ ആംസ്ട്രങ് വിവരിച്ചത് കാണുക:
1187 ഒക്ടോബർ 2 ന് സ്വലാഹുദ്ദീനും സൈന്യവും ജറൂസലം കീഴടക്കിയതോടെ പിന്നീടുള്ള 800 വർഷം അത് മുസ്‌ലിംകളുടെ നഗരമായി നിലകൊണ്ടു. സ്വലാഹുദ്ദീൻ തന്റെ വാക്കുപാലിച്ചു. ഇസ്‌ലാമിന്റെ മഹിതാദർശങ്ങൾ മുറുകെപ്പിടിച്ചാണ് അദ്ദേഹം ആ നഗരത്തിൽ പ്രവേശിച്ചത്. നീ ക്ഷമിക്കുകയെന്ന ഖുർആനിലെ അന്നഹ്ൽ അധ്യായത്തിലെ 127-ാം സൂക്തം നൽകിയ ഉപദേശവും 'അതിക്രമകാരികളോടല്ലാതെ യാതൊരു കയ്യേറ്റവും പാടില്ലെന്ന (അൽബഖറ 194)കൽപനയും സ്വീകരിച്ച് 1099 ൽ മുസ്‌ലിംകളെ അറുകൊല ചെയ്ത സംഭവത്തിൽ അദ്ദേഹം പ്രതികാരത്തിന് മുതിർന്നില്ല. ഒരു ക്രൈസ്തവൻ പോലും കൊല്ലപ്പെടുകയോ കൊള്ളയടിക്കപ്പെടുകയോ ഉണ്ടായില്ല. തടവുകാരായി പിടിക്കപ്പെട്ടവരുടെ മേൽ ചുമത്തിയ മോചനത്തുക നന്നേ കുറവായിരുന്നു. അധികപേരെയും ഖുർആൻ ആഹ്വാനംചെയ്തതുപോലെ സ്വലാഹുദ്ദീൻ വെറുതെവിട്ടു. സഹോദരനായ ആദിൽ, തടവുകാരുടെ അവസ്ഥയിൽ മനസ്സലിഞ്ഞ് സ്വലാഹുദ്ദീനോട് ആയിരം പേരെ ത

നിക്ക് വേണമെന്ന് ആവശ്യപ്പെടുകയും അങ്ങനെ മോചിപ്പിക്കുകയും ചെയ്യുകയുണ്ടായി. സമ്പന്ന ക്രൈസ്തവർ ദരിദ്രരായ തങ്ങളുടെ സഹോദരങ്ങളെ രക്ഷിക്കാൻ മെനക്കെടാതെ എല്ലാതരത്തിലുമുള്ള സമ്പത്തുമായി രക്ഷപ്പെടുന്ന കാഴ്ച മുസ്ലിംഭരണാധികാരികളെ ഞെട്ടിച്ചു. പാത്രിയാർക്കീസ് ഹിറാക്ലിയസ് എല്ലാവരെയും പോലെ 10 ദീനാർ മോചനത്തുക നൽകിയാണ് പുറത്തുവന്നത്. 'ടയറി'ലേക്കുള്ള അദ്ദേഹത്തിന്റെ യാത്രയിൽ സ്വത്തുസാമഗ്രികളുടെ സംരക്ഷണത്തിനായി അകമ്പടിക്കാരെ സ്വലാഹുദ്ദീൻ ഏർപ്പാടാക്കുകയുണ്ടായി.[23]

ചുരുക്കത്തിൽ സ്വലാഹുദ്ദീനും അദ്ദേഹത്തിന്റെ മുസ്ലിംസൈന്യവും ക്രൈസ്തവരോട് നീതിയിലും കാരുണ്യത്തിലും വർത്തിച്ചു. അവരുടെ നേതാക്കൾക്കുണ്ടായിരുന്നതിനേക്കാൾ എത്രയോ പതിൻമടങ്ങ് സ്നേഹവും ആർദ്രതയും പ്രകടിപ്പിച്ചു. ജറൂസലമിലേക്കുള്ള മുസ് ലിംകളുടെ കടന്നുവരവോടെ ക്രൈസ്തവർക്കുമാത്രമല്ല, ജൂതൻമാർക്കും സമാധാനവും സുരക്ഷാബോധവും ലഭിച്ചു. അറിയപ്പെട്ട സ്പാനിഷ് ജൂതകവിയായ യെഹൂദ അൽ ഹരീസി അതെക്കുറിച്ച് തന്റെ രചനകളിൽ കുറിച്ചത് ഇങ്ങനെ:

'ദൈവം ഏശാവിന്റെ സന്തതിപരമ്പരയിൽ നഗരത്തിന്റെ സുരക്ഷ ഭദ്രമായിരിക്കുകയില്ലെന്ന് നിശ്ചയിച്ചു. സൃഷ്ടിയുടെ 4950-ാം(AD- 1190) ആണ്ടിൽ ഇസ്മാഈൽ സന്തതികളിലെ രാജകുമാരന്റെ(സ്വലാഹുദ്ദീൻ) ആത്മാവിനെ ദൈവം ഉണർത്തിവിട്ടു. ഉയർന്ന നീതിബോധവും ധൈര്യവും കൈമുതലുണ്ടായിരുന്ന ആ മനുഷ്യൻ തന്റെ മുഴുവൻ സേനയെയും നയിച്ച് നഗരം വളഞ്ഞു. അതിന്റെ നിയന്ത്രണം ഏറ്റെടുത്ത ശേഷം ഏതുദേശത്തുള്ളവരായാലും എഫ്രയീംവംശജരെ രാജ്യത്തേക്ക് സ്വാഗതംചെയ്യുമെന്ന് വിളംബരം ചെയ്തു. അങ്ങനെ ഞങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും അവിടേക്കെത്തി താമസമാരംഭിച്ചു. ഇപ്പോൾ ഞങ്ങൾ സമാധാനത്തിന്റെ തണലിൽ സസുഖം ജീവിക്കുന്നു.'24

ജറൂസലം സംഭവത്തിനുശേഷം അന്യദേശങ്ങളിലെ കുരിശുയോദ്ധാക്കൾ തങ്ങളുടെ ക്രൂരത തുടർന്നുകൊണ്ടിരുന്നപ്പോൾ ഫലസ്തീനിലെ മറ്റു നഗരങ്ങളിലുള്ള മുസ്ലിംകൾ നീതിയിൽനിന്നും കടുകിട വ്യതിചലിച്ചില്ല. ബ്രിട്ടീഷ് ചരിത്രത്തിലെ ഹീറോ ആയി അറിയപ്പെടുന്ന റിചാർഡ് ദ ലയൺഹാർട്ട് 1194 ൽ ഭൂരിപക്ഷവും സ്ത്രീകളും കുട്ടികളുമടങ്ങുന്ന മൂവായിരത്തോളം മുസ്ലിംകളെ 'കാസിൽ ഏക്റി'ൽവെച്ച് കൂട്ടക്കൊലചെയ്തു. ഇതിന് ദൃക്സാക്ഷികളായ മുസ്ലിംകളിലാരുംതന്നെ പക്ഷേ അതിന്റെ പേരിൽ പ്രതികാരനടപടികൾ സ്വീകരിച്ചില്ല. 'മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതിൽനിന്ന് നിങ്ങളെ വിലക്കിയവരോടുള്ള വെറുപ്പ് അവർക്കെതിരെ അക്രമം പ്രവർത്തിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ'(അൽമാഇദ 2) എന്ന ദൈവകൽപനയെ മുറുകെപ്പിടിച്ച് നിരപരാധികളെ സിവിലിയൻമാർ

ക്കെതിരെ അവർ അക്രമത്തിന് തുനിഞ്ഞില്ല. എന്തിനേറെ, പരാജിതരായ കുരിശു യോദ്ധാക്കളോടുപോലും അവരൊരിക്കലും ക്രൂരമായി പെരുമാറിയില്ല.

കുരിശുയോദ്ധാക്കളുടെ ക്രൂരതയും മുസ്‌ലിംകളുടെ നീതിപൂർവകമായ പെരുമാറ്റവും ഒരിക്കൽകൂടി ഒരു ചരിത്രയാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട് :വ്യത്യസ്തമത വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്നവർക്ക് ഒരുമിച്ചുജീവിക്കാൻ ഇസ്‌ലാമികതത്ത്വങ്ങളിലധിഷ്ഠിതമായ ഭരണവ്യവസ്ഥ അനുവാദംനൽകുന്നുവെന്നതാണ് അത്. സ്വലാഹുദ്ദീനുശേഷം ഏതാണ്ട് 700 വർഷത്തോളം പ്രത്യേകിച്ചും ഒട്ടോമൻ ഭരണകാലത്ത് ഈ വസ്തുത ഏവർക്കും ദൃശ്യമാംവിധം നിലനിന്നിരുന്നു.

## നീതിയിലും കാരുണ്യത്തിലും അധിഷ്ഠിതമായ ഒട്ടോമൻഭരണം

1514 ൽ സുൽത്താൻ സലീം ജറൂസലമും പരിസരപ്രദേശങ്ങളും കീഴടക്കിക്കൊണ്ട് ഫലസ്തീനിലെ 400 വർഷത്തെ ഒട്ടോമൻ ഭരണത്തിന് തുടക്കമിട്ടു. ഒട്ടോമൻ ഭരണകൂടത്തിൻ കീഴിലെ മറ്റുപ്രവിശ്യകളിലെന്ന പോലെ ഫലസ്തീനിലെ വ്യത്യസ്തവിശ്വാസികളായ പൗരൻമാർക്ക് സമാധാനവും സുസ്ഥിരതയും നിറഞ്ഞ ജീവിതം ആസ്വദിക്കാൻ കഴിഞ്ഞു.

ഒട്ടോമൻ ഭരണകൂടത്തിനുകീഴിൽ തങ്ങളുടെ മതവിശ്വാസാചാരാനുഷ്ഠാനങ്ങൾക്കൊത്ത് ജീവിക്കാനും നീതിന്യായവ്യവഹാരങ്ങൾ നടത്താനും അവർക്ക് കഴിഞ്ഞു. ഖുർആൻ വേദക്കാരായി പരിചയപ്പെടുത്തിയ ജൂത-ക്രൈസ്തവവിഭാഗങ്ങൾ കാരുണ്യവും സുരക്ഷിതത്വവും സ്വാതന്ത്ര്യവും പ്രസ്തുതഭരണകാലത്ത് ആസ്വദിച്ചു.

മുസ്‌ലിംകൾ ഭരണംകയ്യാളിയിരുന്ന ശക്തമായ ഇസ്‌ലാമികരാഷ്ട്രമായിരുന്നു ഒട്ടോമൻ സാമ്രാജ്യത്തിന്റേത് എന്നതായിരുന്നു അതിന് കാരണം. എങ്കിൽപോലും ഇസ്‌ലാം സ്വീകരിക്കാൻ തങ്ങളുടെ പൗരൻമാരുടെ മേൽ ബലപ്രയോഗമവലംബിക്കാൻ അധികാരികൾക്ക് താൽപര്യമുണ്ടായിരുന്നില്ല. അതിനുപകരം ഇതരവിശ്വാസങ്ങൾ മുറുകെപ്പിടിച്ച് ജീവിക്കുന്നവർക്ക് സമാധാനവും സുരക്ഷിതത്വവും ഉറപ്പുവരുത്താനാണ് ശ്രദ്ധിച്ചത്. ഇസ്‌ലാമികഭരണത്തിലും അതിന്റെ നീതിന്യായവ്യവസ്ഥയിലും സംതൃപ്തിയടയുംവിധം പൗരൻമാർക്ക് എല്ലാ അവകാശങ്ങളും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യമായിരുന്നു ഭരണകൂടത്തിനുണ്ടായിരുന്നത്.

അതേസമയം കാടത്തവും അസഹിഷ്ണുതയും ക്രൂരതയുമായിരുന്നു ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ ആധിപത്യം പുലർത്തിയിരുന്ന ഭരണകൂടങ്ങളുടെ മുഖമുദ്ര. മുസ്‌ലിംകളും ജൂതൻമാരും തങ്ങളുടെ രാജ്യത്ത് ഉണ്ടാകുന്നത് സ്പാനിഷ് ഉപദ്വീ

പിലെ രാജഭരണകൂടം ഇഷ്ടപ്പെട്ടില്ല. അതിനാൽ ഇരുസമുദായത്തിനുമെതിരിൽ ക്രൂരമായ അക്രമമുറകൾ അധികാരികൾ അഴിച്ചുവിട്ടു. ജൂതൻമാരാണ് എന്ന ഒറ്റ ക്കാരണത്താൽ പ്രസ്തുതസമുദായം പല യൂറോപ്യൻരാജ്യങ്ങളിലും ഏറെ പീഡി പ്പിക്കപ്പെട്ടു. അവരെ ഗെറ്റോകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രത്യേകഇടങ്ങ ളിൽ കൂട്ടമായി താമസിപ്പിച്ചു. പലപ്പോഴും അവർ കൂട്ടക്കൊലയ്ക്കു വിധേയരായി. ക്രൈസ്തവസമൂഹത്തിലെ അവാന്തരവിഭാഗങ്ങൾക്കിടയിലും അന്യോന്യം സ്നേ ഹത്തിൽ കഴിഞ്ഞുകൂടാൻ കഴിയാത്തത്ര ശത്രുതയുണ്ടായിരുന്നു. 16,17 നൂറ്റാണ്ടുക ളിൽ അരങ്ങേറിയ പ്രൊട്ടസ്റ്റന്റ് -കത്തോലിക്ക വിഭാഗങ്ങൾതമ്മിലുള്ള ഏറ്റുമുട്ടലു കൾ യൂറോപ്പിനെ രക്തക്കളമാക്കിത്തീർത്തു. 1618-1648 കാലയളവിലുണ്ടായ 30 വർഷം നീണ്ടയുദ്ധം പ്രസ്തുത രണ്ടുവിഭാഗങ്ങൾ തമ്മിലുള്ള ശത്രുതയുടെ ബാ ക്കിപത്രമായിരുന്നു. യുദ്ധംനിമിത്തം മധ്യയൂറോപ് രണഭൂമിയായിത്തീർന്നു. ജർമ നിയിൽമാത്രം ജനസംഖ്യയിലെ മൂന്നിലൊന്നിന് ജീവഹാനി നേരിട്ടു.

അത്തരമൊരു സാഹചര്യങ്ങളെ മുൻനിർത്തി പരിശോധിക്കുമ്പോൾ ഒട്ടോമൻ ഭര ണകാലം തികച്ചും മനുഷ്യത്വപൂർണമായിരുന്നു എന്ന് നിസ്തർക്കം പറയാം. ഒട്ടേ റെ ചരിത്രകാരൻമാരും രാഷ്ട്രീയവിശാരദരും ഈ ഒരു യാഥാർഥ്യം പ്രത്യേകം ചൂ ണ്ടിക്കാട്ടിയിട്ടുണ്ട്. കൊളംബിയ യൂണിവേഴ്സിറ്റിയിലെ വിഖ്യാത മധ്യപൗരസ്ത്യ പഠനവിശാരദനായ എഡ്വേർഡ് സൈദ് അവരിലൊരാളാണ്. ജറൂസലമിലെ ക്രൈ സ്തവകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. തന്റെ ജൻമനാട്ടിൽനിന്ന് അമേരി ക്കയിലേക്ക് ചേക്കേറിയ അദ്ദേഹം അവിടത്തെ യൂണിവേഴ്സിറ്റികളിൽ ജോലിചെ യ്യവേ തദ്വിഷയകമായി ഗവേഷണപഠനങ്ങളിലേർപ്പെടുകയുണ്ടായി. ഇസ്രയേലി ദി നപത്രമായ ഹാരെറ്റ്സിന് നൽകിയ ഒരു അഭിമുഖത്തിൽ മധ്യപൗരസ്ത്യദേശത്ത് സമാധാനമുണ്ടാകണമെങ്കിൽ 'ഒട്ടോമൻ ഭരണകൂടം' വേണമെന്ന നിർദ്ദേശം അദ്ദേ ഹം മുന്നോട്ടുവെച്ചു.

'അറബ് ദേശത്ത് മറ്റുമതന്യൂനപക്ഷങ്ങൾ അതിജീവിച്ചതുപോലെ ജൂതൻമാർക്കും അതിജീവിക്കാനാകും. ഓരോരുത്തർക്കും തങ്ങളുടേതായ വ്യക്തിഗതനിയമം അ നുസരിച്ച് ജീവിക്കാനുള്ള അവസരം ഉറപ്പാക്കിയ ഒട്ടോമൻ ഭരണകാലത്ത് അത് ക്ഷിപ്രസാധ്യമായി. ഇപ്പോൾ നമുക്കുള്ളതിനേക്കാൾ മനുഷ്യത്വപരവും കരുണാർ ദ്രവുമായ നിലപാട് അവർക്കുണ്ടായിരുന്നു.'25

മധ്യപൗരസ്ത്യദേശത്ത് നീതിയും കാരുണ്യവും ഉറപ്പുനൽകാൻ കഴിയുന്ന ഭരണ വ്യവസ്ഥ വാഗ്ദാനം ചെയ്യാൻ ഇസ്‌ലാമിനേ കഴിയൂവെന്ന് ചരിത്രം നമ്മോട് വെളി പ്പെടുത്തുന്നു. മേഖലയിൽ ഒട്ടോമൻ ഭരണകൂടത്തിന് അന്ത്യംകുറിച്ചുവെങ്കിലും അതിന് പകരം വെക്കാവുന്ന ഒരു ഭരണകൂടവും പിന്നീടുണ്ടായിട്ടില്ല.

ഇക്കാരണത്താൽ, മധ്യപൗരസ്ത്യദേശത്ത് സമാധാനംവീണ്ടെടുക്കാൻ ഖുർആനി കമൂല്യങ്ങളായ വിട്ടുവീഴ്ചയും സഹാനുഭൂതിയും ദീനാനുകമ്പയും മുഖമുദ്ര യാക്കിയ ഒരു വ്യവസ്ഥയെ മാതൃകയായി അവതരിപ്പിക്കേണ്ടതുണ്ട്. ഇസ്‌ലാമിനെ പൂർണമായും സ്വാംശീകരിക്കുന്ന പക്ഷം, എല്ലാവിധത്തിലുമുള്ള അക്രമങ്ങളും സംഘർഷങ്ങളും യുദ്ധങ്ങളും ഭീകരവൃത്തികളും അവസാനിപ്പിച്ച് സമാധാനവും നീതിയും ദയയും ഉറപ്പുവരുത്താൻ അതേയുള്ളൂ പരിഹാരം.

## ലോകസമൂഹത്തിനാവശ്യം ഐക്യവും സമാധാനവും

ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ബുദ്ധിജീവികളെയും വിദ്യാഭ്യാസവിചക്ഷ ണരെയും പണ്ഡിതൻമാരെയും അധികാരികളെയും നടൻമാരെയും രാഷ്ട്രീയക്കാ രെയും ഒരുമിച്ചുകൂട്ടിക്കൊണ്ട് ഖുർആൻ പഠിപ്പിക്കുന്ന സ്നേഹത്തിന്റെയും കാരു ണ്യത്തിന്റെയും സാഹോദര്യത്തിന്റെയും വിട്ടുവീഴ്ചയുടെയും മൂല്യങ്ങളുൾച്ചേർ ന്ന ഇസ്‌ലാമിന്റെ സന്ദേശം പകർന്നുനൽകാനുള്ള ബൗദ്ധികപ്രവർത്തനങ്ങളിലാ ണ് അദ്നാൻ അഖ്തർ ഏർപ്പെട്ടിരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് മതം, ശാസ്ത്രം, കല എന്നുതുടങ്ങി വിജ്ഞാനീയങ്ങളിൽനിന്ന് മനുഷ്യരാശിയെ സ്നേഹത്തിലേക്കും സമാധാനത്തിലേക്കും വഴിനടത്താൻ സഹായിക്കുന്ന തെളി വുകളും ദൃഷ്ടാന്തങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 300 ഓളം പുസ്തകങ്ങൾ അദ്ദേ ഹം രചിച്ചുകഴിഞ്ഞു.

വ്യത്യസ്ത മത-വംശ ധാരകളിൽപെട്ടവർക്ക് സമാധാനത്തിലും സഹവർത്തിത്വ ത്തിലും സ്നേഹത്തിലും കഴിഞ്ഞുകൂടാനാകുംവിധം ആരാധനാസ്വാതന്ത്ര്യം , മ തസ്വാതന്ത്ര്യം, ചിന്താസ്വാതന്ത്ര്യം തുടങ്ങിയവ അനുവദിക്കുന്ന ജനാധിപത്യക്രമ ത്തിന്റെതായ ആശയങ്ങളാണ് അദ്ദേഹം മുന്നോട്ടുവെക്കുന്നത്. എല്ലാവരും ദൈവ ത്തിന് കീഴൊതുങ്ങുന്ന , ജീവിതത്തിന്റെ സമസ്തമേഖലയിലും ക്ഷേമവും സമൃ ദ്ധിയും പുരോഗതിയും ഉറപ്പുനൽകുന്ന ഒരു ലോകമാണ് അദ്ദേഹം ആഗ്രഹിക്കു ന്നത്.

*അല്ലാഹു തന്റെ അടിമകളോട് പരമദയാലുവാകുന്നു.(ആലുഇംറാൻ 30)*

# ഭീകരതയുടെ വേരുകൾ ഡാർവിനിസവും ഭൗതികവാദവും

പരിണാമവാദം ആദ്യമായി മുന്നോട്ടുവെച്ചത് ചാൾസ് ഡാർവിനാണെന്നും അതിന് ശാസ്ത്രീയതെളിവുകളുടെയും പരീക്ഷണ-ഗവേഷണഫലങ്ങളുടെയും പിൻബല മുണ്ടെന്നും അധികപേരും കരുതുന്നു. വാസ്തവത്തിൽ ചാൾസ് ഡാർവിനൊന്നു മല്ല ആ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. അതിന് ശാസ്ത്രീയതെളിവുകളുടെ യാതൊരു പിൻബലവുമില്ല. മറിച്ച്, ഭൗതികവാദത്തിന്റെ പ്രാഗ്രൂപങ്ങളോട് താദാത്മ്യ പ്പെടുത്തുന്ന തത്ത്വമാണ് അതിൽ ഉൾച്ചേർന്നിരിക്കുന്നത്. ശാസ്ത്രീയതെളിവുകളു ടെ പിൻബലമൊന്നുമില്ലെങ്കിൽപോലും പരിണാമസിദ്ധാന്തത്തെ ആളുകൾ ഭൗതി കവാദ തത്ത്വശാസ്ത്രമെന്ന നിലയിൽ അന്ധമായി പിന്തുണക്കുകയായി രുന്നു.(ഹാറൂൺ യഹ്‌യയുടെ 'ദ ഇവല്യൂഷൻ ഡിസീറ്റ്' എന്ന പുസ്തകം കാണു ക)

പരിണാമവാദമെന്ന അന്ധവിശ്വാസം ഒരുപാട് ദുരന്തങ്ങൾക്ക് വഴിതുറന്നു. ഡാർ വിനിസവും അത് പിന്തുണക്കുന്ന ഭൗതികവാദവും പ്രചാരംനേടിയതോടെ 'മനു ഷ്യനെന്താണ് 'എന്ന ചോദ്യത്തിന്റെ ഉത്തരം കീഴ്മേൽമറിഞ്ഞു. അതിനുമുമ്പ് ആളുകൾ പറഞ്ഞിരുന്നത് 'മനുഷ്യൻ ദൈവസൃഷ്ടിയാണ് അതിനാൽ ദൈവമറിയി ച്ചുതന്ന ധാർമികമൂല്യങ്ങൾക്കനുസരിച്ച് അവൻ ജീവിക്കേണ്ടതുണ്ട്' എന്നായി രുന്നു. അത് ' മനുഷ്യൻ യാദൃശ്ചികയാ പിറവികൊണ്ടതാണെന്നും അതിജീവന ത്തിന്റെ ഫലമായി ഇന്നത്തെ രൂപം പ്രാപിച്ചതാണെന്നു'മുള്ള ചിന്താഗതിയിലേ ക്ക് വഴിമാറി. ഈ കൊടുംവഞ്ചനയ്ക്ക് പക്ഷേ കടുത്ത വിലയൊടുക്കേണ്ടിവന്നു. സംഘട്ടനത്തെ അടിസ്ഥാനമാക്കിയുള്ള വംശീയവാദം, ഫാസിസം, കമ്യൂണിസം തുടങ്ങി അപരിഷ്കൃതദർശനങ്ങൾ ഈ വഞ്ചനാത്മസിദ്ധാന്തത്തിൽനിന്നാണ് ഊർജ്ജം സ്വീകരിച്ചത്.

ഡാർവിനിസം കടന്നുചെന്ന നാടുകളിലെല്ലാം ഉണ്ടാക്കിയ ദുരന്തങ്ങളെ പരിശോ ധിക്കുകയാണ് പുസ്തകത്തിന്റെ ഈ ഭാഗം. അതോടൊപ്പം സമകാലീനലോക ത്ത് ഏറ്റവും ഭീഷണദുരന്തമായ ഭീകരതയുമായി അതിനുള്ള ആത്മബന്ധത്തെ തുറന്നുകാട്ടുകയും ചെയ്യുന്നു.

**'ജീവിതം ഏറ്റുമുട്ടലുകളുടേത് ' ഡാർവിന്റെ പെരുംനുണ**

ഡാർവിൻ തന്റെ സിദ്ധാന്തം പടച്ചുവിട്ടപ്പോൾ ഒരു വിചിത്രവാദവും ഉന്നയിച്ചു; അ തായത്, ജീവനുള്ള എല്ലാ വസ്തുക്കളുടെയും നിലനിൽപും വികാസവും അതി ജീവനത്തിനുള്ള പോരാട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശക്തനാരാണോ അവൻ അതിജയിക്കും. ദുർബലർ പരാജയപ്പെടുകയും വിസ്മൃതിയിലാകുകയുംചെയ്യും.

ഡാർവിന്റെ അശാസ്ത്രീയമായ ആശയമനുസരിച്ച്, അതിജീവനത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവും അനന്തമായ ഏറ്റുമുട്ടലും അനിവാര്യമാണ്. ആ ഏറ്റുമുട്ടലിൽ ശക്തൻ ദുർബലനെ പരാജയപ്പെടുത്തുന്നു. അതിലൂടെ വികസനം സാധ്യമാകുന്നു. 'ദ ഒറിജിൻ ഓഫ് സ്പീഷീസ് ' എന്ന തന്റെ പുസ്തകത്തിന് 'പ്രകൃതിയുടെ തെരഞ്ഞെടുപ്പിലൂടെ സ്പീഷീസുകളുടെ ആവിർഭാവം അല്ലെ ങ്കിൽ ജീവൽപോരാട്ടത്തിൽ വിശിഷ്ടവർഗങ്ങളുടെ സംരക്ഷണം' എന്ന് അദ്ദേഹം നൽകിയ ഉപതലക്കെട്ട് വികലവും അശാസ്ത്രീയവുമായ ആ കാഴ്ചപ്പാടിനെയാ ണ് വെളിവാക്കുന്നത്.

അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടം എന്ന പെരുംനുണയെ അദ്ദേഹം മനു ഷ്യരിലെ വംശീയതയിലേക്കും ചേർത്തുവെച്ചു. അനുഗൃഹീതവർഗങ്ങൾ പോരാട്ട ത്തിൽ വിജയിക്കുന്നുവെന്ന് തങ്ങൾക്കനുകൂലമായി വ്യാഖ്യാനിച്ചുകൊണ്ട് ആ സങ്കൽപനത്തെ വിശദീകരിച്ചു. ഡാർവിന്റെ വീക്ഷണത്തിൽ അനുഗൃഹീതവർഗ മെന്നാൽ യൂറോപ്യൻ വെള്ളക്കാരാണ്. ആഫ്രിക്കക്കാരും ഏഷ്യൻ വംശജരും അ തിജീവനത്തിനുള്ള പോരാട്ടത്തിൽ പിന്തള്ളപ്പെട്ടുപോയതാണ്. അദ്ദേഹം ഒരുപടി കൂടി കടന്ന് ഇപ്രകാരം പറഞ്ഞുവെച്ചു: അതായത്, ആഫ്രിക്കൻ -ഏഷ്യൻ വം ശജർ അതിജീവനത്തിനുള്ള പോരാട്ടത്തിൽ പരാജയപ്പെടുകയും അതെതുടർന്ന് ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുകയുംചെയ്യും.

നൂറ്റാണ്ടുകൾക്ക് ശേഷം മനുഷ്യരിലെ നാഗരികപുരോഗതിനേടിയ വർഗം അപരി ഷ്കൃതവർഗക്കാരായ ആളുകളെ ലോകത്തുനിന്നുതന്നെ ഉൻമൂലനംചെയ്യും. അ തേസമയം, മനുഷ്യക്കുരങ്ങുകൾക്ക് വംശനാശം സംഭവിക്കുമെന്നതിൽ യാതൊ രുസംശയവും വേണ്ട. അങ്ങനെവരുമ്പോൾ മനുഷ്യനും അവന്റെ ഏറ്റവും അടു ത്ത സഹകാരികളും തമ്മിലുള്ള അകലം വളരെ കൂടുതലായിരിക്കും. കാരണം ഇന്ന് കറുത്തവംശജനോ ,ആസ്ത്രേലിയൻ അബോറിജിനുകളോ ഗൊറില്ലകളുമാ യി സാമ്യം പുലർത്തുന്നതുപോലെ താഴേത്തട്ടിലുള്ള ബബൂണും കൊക്കേഷ്യൻ മനുഷ്യനും തമ്മിലുണ്ടായേക്കാവുന്ന പാരസ്പര്യത്തെപ്പോലും മറികടക്കുംവിധം മനുഷ്യർ തമ്മിലുള്ള ഇടപെടലുകൾ കൂടുതൽ നാഗരികവളർച്ച നേടിക്കഴിഞ്ഞിട്ടു ണ്ടാകും എന്നാണ് നാം പ്രതീക്ഷിക്കുന്നത്.26

ഇന്ത്യൻ നരവംശശാസ്ത്രജ്ഞയായ ലളിതവിദ്യാർഥി ഡാർവിന്റെ പരിണാമവാദം സാമൂഹികശാസ്ത്രശാഖയിൽ വംശീയത അടിച്ചേൽപിച്ചുവെന്ന് പറയുന്നുണ്ട്.

'അർഹതയുള്ളത് അതിജീവിക്കുമെന്ന ഡാർവിന്റെ തിയറിയെ സാമൂഹികശാസ് ത്രകാരൻമാർ വർധിതാവേശത്തോടെയാണ് സ്വാഗതംചെയ്തത്. വെള്ളക്കാരൻ

ഇന്ന് ആർജ്ജിച്ചെടുത്ത നാഗരികപുരോഗതി മനുഷ്യകുലത്തിനുണ്ടായ പരിണാമത്തിന്റെ വ്യത്യസ്തദശകളിലൂടെ ഉളവായതാണെന്ന് അവർ വിശ്വസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അർധശതകത്തിൽ  പാശ്ചാത്യൻ ശാസ്ത്രജ്ഞൻമാരിൽ ബഹുഭൂരിപക്ഷവും  വംശീയതയെ യാഥാർഥ്യമെന്നോണം അംഗീകരിച്ചു.'27

## മാൽത്തൂസിന്റെ തിയറിയാണ് ഡാർവിന്റെ പ്രചോദനം

ബ്രിട്ടീഷ് സാമ്പത്തികവിദഗ്ധനായ തോമസ് മാൽതൂസ് രചിച്ച ' ആൻ എസ്സേ ഓൺ ദ പ്രിൻസിപ്പിൾ ഓഫ് പോപ്പുലേഷൻ ' എന്ന കൃതിയാണ് ഡാർവിന്റെ അശാസ്ത്രീയവും അബദ്ധജഡിലവും അപകടകരവുമായ ആശയങ്ങൾക്കുള്ള പ്രചോദനം.  മാനവരാശിയുടെ എണ്ണം അതിവേഗം കുതിച്ചുയരുന്നുവെന്ന് അദ്ദേഹം തന്നിഷ്ടപ്രകാരം കണക്കുനിരത്തി. അദ്ദേഹത്തിന്റെ വീക്ഷണമനുസരിച്ച് ജനസംഖ്യയെ നിയന്ത്രിക്കുന്നത് പകർച്ചവ്യാധികളും പട്ടിണിയും യുദ്ധങ്ങളും തുടങ്ങി ദുരന്തങ്ങളാണ്. ചുരുക്കത്തിൽ, മാൽതൂസിന്റെ മനുഷ്യത്വരഹിതമായ വാദം ഇതായിരുന്നു: അതായത്, കുറച്ചാളുകൾക്ക് ജീവിക്കാൻ മറ്റുചിലർ മരിക്കേണ്ടതുണ്ട്. നിലനിൽപ് ശാശ്വതയുദ്ധത്തിലേക്കുള്ള ന്യായമാണ്.

19-ാം നൂറ്റാണ്ടിൽ മാൽതൂസിന്റെ വഴിപിഴച്ച ആശയങ്ങൾക്ക് വമ്പിച്ച സ്വീകാര്യത ലഭിച്ചു. യൂറോപിലെ ഉപരിവർഗബുദ്ധിജീവികൾ അതീവതാൽപര്യത്തോടെ അദ്ദേഹത്തിന്റെ ക്രൂരമായ ആശയങ്ങളെ പിന്തുണച്ചു. മാൽതൂസിന്റെ ജനസംഖ്യാവീക്ഷണത്തിന്റെ പ്രാധാന്യത്തെ പത്തൊമ്പതാംനൂറ്റാണ്ടിലെ യൂറോപിൽ ടി.ഡി.ഹാൾ തന്റെ  'ദ സയന്റിഫിക് ബാക്ഗ്രൗണ്ട് ഓഫ് ദ നാസി' റേസ് പ്യൂരിഫികേഷൻ' പ്രോഗ്രാം' എന്ന ലേഖനത്തിൽ വിവരിക്കുന്നതിങ്ങനെ:

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അർധശതകത്തിൽ യൂറോപിലെങ്ങും പുതുതായി കണ്ടെത്തിയ ജനസംഖ്യപ്രശ്നത്തെപ്പറ്റി ചർച്ചചെയ്യാൻ ഭരണവർഗം ഒത്തുകൂടി. ദരിദ്രജനവിഭാഗത്തിന്റെ  മരണനിരക്ക് വർധിപ്പിക്കാൻ കഴിയുംവിധം മാൽതൂസിന്റെ പരിഹാരമാർഗം  പ്രയോഗവത്കരിക്കാനുള്ള വഴി ആരായുകയായിരുന്നു ഉദ്ദേശ്യം. 'പാവങ്ങളോട് വൃത്തി അനുഷ്ഠിക്കാൻ കൽപിക്കുന്നതിനുപകരം വൃത്തിഹീനമായ കാര്യങ്ങൾ പ്രോത്സാഹിപ്പിക്കണം. പട്ടണങ്ങളിൽ യാത്രക്കായി ഇടുങ്ങിയതെരുവുകൾ  നിർമിക്കണം. വീടുകളിൽ തിങ്ങിഞെരുങ്ങി ജീവിക്കാൻ നിർബന്ധിതമായ അവസ്ഥ സൃഷ്ടിക്കണം. അതിലൂടെ പ്ലേഗിന്റെ തിരിച്ചുവരവിന് അന്തരീക്ഷം ഒരുക്കണം. രാജ്യത്ത് നാം വെള്ളം കെട്ടിനിൽക്കുന്ന കുളങ്ങൾക്ക് സമീപം ഗ്രാമങ്ങൾ നിർമിക്കണം. ചതുപ്പും അനാരോഗ്യകരമായ ചുറ്റുപാടും  ഉള്ളയിടങ്ങളിൽ അവർക്കായി പാർപ്പിടങ്ങൾ ഒരുക്കാൻ പ്രോത്സാഹിപ്പിക്കണം. അങ്ങനെതുടങ്ങി പല നിർദ്ദേശങ്ങളും അവിടെ മുമ്പോട്ടുവെച്ചു.'28

ഇത്തരത്തിൽ മനുഷ്യത്വരഹിതവും ക്രൂരവുമായ നയങ്ങളിലൂടെ ദുർബലരും പോരാട്ടത്തിൽ അതിജയിക്കാൻ കഴിയാത്തവരുമായ ജനത ഉൻമൂലനംചെയ്യപ്പെടും. അതുവഴി ജനസംഖ്യാവർധന സന്തുലിതത്വം പ്രാപിക്കും. പാവങ്ങളെ അടിച്ചൊതുക്കുന്ന ക്രൂരമായ ഈ നയം യഥാർഥത്തിൽ, പത്തൊമ്പതാംനൂറ്റാണ്ടിലെ ബ്രിട്ടനിൽ നടപ്പാക്കിയതാണ്. കൽക്കരി ഖനികളിൽ എട്ടും ഒമ്പതുംവയസ്സ് പ്രായമുള്ള കുട്ടികൾ പതിനാറുമണിക്കൂർ പണിയെടുക്കണമെന്ന വ്യവസായികഉത്തരവ് അന്ന് പുറത്തിറക്കിയിരുന്നു. വളരെ ശോചനീയവുംഅപകടകരമായ സാഹചര്യത്തിൽ ആയിരക്കണക്കായ കുട്ടികൾ  കൊല്ലപ്പെട്ടു. മാൽതൂസിയൻ തിയറി ആവശ്യപ്പെട്ടതുപ്രകാരമുള്ള  അിജീവനത്തിന്റെ പോരാട്ടം ദശലക്ഷക്കണക്കായ ബ്രിട്ടീഷുകാരെ ദുരിതക്കയത്തിലാക്കി.

മേൽപറഞ്ഞ വന്യമായ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട ഡാർവിൻ തന്റെ സംഘർഷമെന്ന കാഴ്ചപ്പാടിനെ പ്രകൃതിയിലെ എല്ലാറ്റിലും പ്രയോഗിച്ചു. നിലനിൽപിനായുള്ള പോരാട്ടത്തിൽ ശക്തനും യോഗ്യനും വിജയശ്രീലാളിതനാകുമെന്ന് സമർഥിച്ചു. എല്ലാറ്റിനുംപുറമെ, അതിജീവനത്തിനായുള്ള പ്രസ്തുതപോരാട്ടത്തെ പ്രകൃതിയുടെ ഉല്ലംഘനീയമായ നിയമമെന്ന് ന്യായീകരിച്ചു. മറുവശത്ത്, സൃഷ്ടിവാദത്തെ നിരാകരിച്ചുകൊണ്ട്  മതവിശ്വാസം ഉപേക്ഷിക്കാൻ അദ്ദേഹം എല്ലാവരെയും ക്ഷണിച്ചു. നിലനിൽപിനായുള്ള പോരാട്ടത്തിൽ വിഘ്നമാകുമെന്ന് കണ്ട എല്ലാ ധാർമികമൂല്യങ്ങളെയും  അട്ടിമറിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ജനങ്ങളെ ദയാശൂന്യരും ക്രൂരരുമാക്കിയ  ദയാരഹിതകാഴ്ചപ്പാടുകളുടെ ഫലമായി  മാനവരാശി അതിനെല്ലാം ഇരുപതാംനൂറ്റാണ്ടിൽ വലിയ വിലയൊടുക്കേണ്ടിവന്നു.

## ഒന്നാംലോകയുദ്ധത്തിന് കളമൊരുക്കിയ ഡാർവിനിസം

യൂറോപ്യൻ സംസ്കാരത്തിൽ ഡാർവിനിസ്റ്റ് തിയറി  ആധിപത്യം പുലർത്തിയതോടെ അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടം എന്ന കെട്ടുകഥയ്ക്ക് കൂടുതൽ വിശ്വാസ്യത കൈവന്നുതുടങ്ങി. തങ്ങൾ കീഴടക്കിവെച്ച രാജ്യങ്ങളെ യൂറോപ്യൻ കൊളോണിയലിസ്റ്റുകൾ  പിന്നാക്കരാജ്യങ്ങൾ എന്ന് അഭിസംബോധനചെയ്യാൻ തുടങ്ങി. അതിനായി ഡാർവിനിസത്തെ കൂട്ടുപിടിച്ചു.  ആ ഡാർവിനിസത്തിന്റെ ഹീനരാഷ്ട്രീയത്തിന്റെ ഫലമായിരുന്നു 1914-ൽ പൊട്ടിപ്പുറപ്പെട്ട ഒന്നാംലോകയുദ്ധം.

ചരിത്രവിഷയത്തിൽ അറിയപ്പെട്ട ബ്രിട്ടീഷ് പ്രൊഫസറായ ജെയിംസ് ജോൾ ത ന്റെ 'യൂറോപ് സിൻസ് 1870' എന്ന പുസ്തകത്തിൽ ഒന്നാംലോകയുദ്ധത്തിന് നില മൊരുക്കിയത് അക്കാലത്തെ യൂറോപ്യൻ ഭരണാധികാരികളുടെ ഡാർവിനിസത്തി ലുള്ള വിശ്വാസമാണെന്ന് വിശദീകരിക്കുന്നുണ്ട്.

...നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടവും അർഹതയുള്ളവരുടെ അതിജീവ നവും എന്ന സിദ്ധാന്തം വർഷങ്ങളായി ബഹുഭൂരിപക്ഷം യൂറോപ്യൻ നേതാക്കളു ം ഗൗരവത്തിൽ ഉൾക്കൊണ്ടുവെന്നതാണ് ഒന്നാം ലോകയുദ്ധത്തിലേക്ക് അവരെ കൊണ്ടെത്തിച്ചതെന്ന് നാം തിരിച്ചറിയണം. ഉദാഹരണത്തിന് ആസ്ട്രോ-ഹംഗേറി യൻ ചീഫ് ഓഫ് സ്റ്റാഫ് ഫ്രാൻസ് ബാരൺ കോൺറാഡ് വോൺ ഹോറ്റ്സെൻ ഡോർഫ് തന്റെഓർമക്കുറിപ്പിൽ ഇങ്ങനെ കുറിച്ചിട്ടു:

'നിലനിൽപിനുവേണ്ടിയുള്ള മനുഷ്യന്റെ പ്രാഥമികതലത്തിലുള്ള പോരാട്ടത്തെ മ നുഷ്യസ്നേഹത്തിലൂന്നിയുള്ള മതങ്ങളും ധാർമികാധ്യാപനങ്ങളും തത്ത്വശാസ് ത്രദർശനങ്ങളും പലപ്പോഴും ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് പറയേ ണ്ടിവരും. പക്ഷേ, ലോകത്തിന്റെ ചാലകശക്തിയായ അത്തരം പോരാട്ടത്തിനുള്ള ചോദനയെ ഒരിക്കലും ഇല്ലായ്മചെയ്യാൻ അവയ്ക്ക് കഴിയില്ല... പ്രകൃതിയിൽ അ തിന്റെ സ്വാഭാവികരീതിയെന്നോണമുണ്ടാകുന്ന പേമാരിപോലെ സ്റ്റേറ്റിന്റെയും ജനതയുടെയും നിലനിൽപിന് ചാലകശക്തിയെന്നോണം ലോകയുദ്ധത്തിന്റെ ദുര ന്തങ്ങൾ വർത്തിക്കുന്നു.

പക്ഷേ, ഈ ആശയപരിസരത്തിന് വിരുദ്ധമായി ഏതുവിധേനയും ആസ്ട്രോ-ഹം ഗേറിയൻ രാജഭരണത്തെ സംരക്ഷിക്കാനായി ഒരു മുൻകരുതൽയുദ്ധം ആവശ്യമു ണ്ടെന്ന് കോൺറാഡ് നിർബന്ധംപിടിക്കുന്നത് എല്ലാവർക്കും തിരിച്ചറിയാനാകു ന്നുണ്ട്.

ഇത്തരം ചിന്താഗതികൾ സൈനികവൃത്തത്തിൽ മാത്രം പരിമിതല്ലെന്ന് നമുക്ക് കാണാം.. ഉദാഹരണത്തിന് മാക്സ് വെബർ അതിജീവനത്തിനുവേണ്ടിയുള്ള അ ന്താരാഷ്ട്രപോരാട്ടത്തെക്കുറിച്ച് കൂടുതൽ ബോധവാനായിരുന്നു.ജർമൻ ചാൻസ്ല റായ ഥിയോബാൽഡ് വോൺ ബെത്മാൻ ഹോൾവെഗിന്റെ പേഴ്സണൽ അസി സ്റ്റന്റും മനസ്സാക്ഷിസൂക്ഷിപ്പുകാരനുമായിരുന്ന കർട്ട് റീസ്ലർ 1914 ൽ ഇങ്ങനെ എ ഴുതി:

ശാശ്വതവും പൂർണാർഥത്തിലുമുള്ളതായ ശത്രുത അടിസ്ഥാനപരമായി ജനങ്ങളു ടെ പരസ്പരബന്ധങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന സംഗതിയാണ്. നാം എല്ലായി ടത്തും കാണുന്ന പകയും വിദ്വേഷവും അതുപോലെതന്നെ. ഇതൊന്നും മനുഷ്യ

പ്രകൃതിയിൽനിന്നുള്ള വ്യതിചലനമല്ല. ജീവന്റെ ഉൽപത്തിയിലും ലോകത്തിന്റെ ആത്മസത്തയിലും ഉള്ളതാണത്. 29

ഒന്നാംലോകയുദ്ധത്തിലെ ജനറലായിരുന്ന ഫ്രെഡറിക് വോൺ ബേൺഹാർഡി, യുദ്ധത്തെയും പ്രകൃതിയിലെ യുദ്ധനിയമങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചു. 'യുദ്ധം ജൈവികഅനിവാര്യത'യാണെന്ന് ബേൺഹാർഡി പ്രഖ്യാപിച്ചു. പ്രകൃതിയിലെ ഓരോ വസ്തുക്കളും നടത്തുന്ന പോരാട്ടംപോലെ അത്യന്താപേക്ഷിതമാണതെന്ന് അദ്ദേഹം വാദിച്ചു. അത് ജൈവികനീതി ഉറപ്പുവരുത്തുന്നു. ഓരോ വസ്തുവിന്റെയും പ്രകൃതിയിൽതന്നെ അത്തരം തീരുമാനങ്ങൾ ഉൾച്ചേർന്നിട്ടുണ്ട്.30

യുദ്ധവും രക്തച്ചൊരിച്ചിലും കഷ്ടപ്പാടുകളും വികസനത്തിന്റെ ഭാഗമാണെന്ന് യൂറോപ്യൻ ബുദ്ധിജീവികളും പട്ടാളജനറൽമാരും ഭരണാധികാരികളും കരുതിയതാണ് ഒന്നാംലോകയുദ്ധം പൊട്ടിപ്പുറപ്പെടാൻ വഴിയൊരുക്കിയതെന്ന് നാം മനസ്സിലാക്കി. അതെല്ലാം പ്രകൃതിയുടെ അലംഘനീയമായ നിയമമായാണ് അവർ വിശ്വസിച്ചത്. വിശിഷ്ടവർഗങ്ങൾ, അതിജീവനത്തിനുള്ള പോരാട്ടം തുടങ്ങി ഡാർവിന്റെ ചിന്താഗതികളാണ് തലമുറകളെ നാശത്തിലേക്ക് വലിച്ചിഴച്ച ആശയങ്ങളുടെയെല്ലാം നാരായവേര്.

ഒന്നാംലോകയുദ്ധത്തിൽ 80 ലക്ഷം ആളുകൾ കൊല്ലപ്പെടുകയുണ്ടായി. നൂറുകണക്കിന് നഗരങ്ങൾ തകർന്നടിഞ്ഞു. ദശലക്ഷങ്ങൾക്ക് പരിക്കേൽക്കുകയും അംഗഭംഗം സംഭവിക്കുകയും ചെയ്തു.ലക്ഷക്കണക്കായ ആളുകൾക്ക് പാർപ്പിടമില്ലാതാകുകയും തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു.
21 വർഷങ്ങൾക്കുശേഷം 550 ലക്ഷം പേർ കൊല്ലപ്പെട്ട രണ്ടാംലോകയുദ്ധത്തിന്റെ കാരണമായി വർത്തിച്ചതും ഇതേ ഡാർവിനിസ്റ്റ് ചിന്താഗതിയുണ്ടാക്കിയ മൗലിക പ്രശ്നങ്ങളായിരുന്നു.

## കാട്ടിലെ നിയമം ഫാസിസത്തിലേക്കെത്തിച്ചു

പത്തൊമ്പതാം നൂറ്റാണ്ടിൽ വംശീയതയെ ഊട്ടിവളർത്തിയ ഡാർവിനിസം, ഇരുപതാംനൂറ്റാണ്ടിൽ വികാസംപ്രാപിച്ച് ലോകത്തെ ചോരയിൽ മുക്കിയ നാസിസത്തിന് അടിത്തറപാകി.

നാസി സൈദ്ധാന്തികരിൽ ശക്തമായ ഡാർവിനിസ്റ്റ് സ്വാധീനം തെളിഞ്ഞുകാണാം. അഡോൾഫ് ഹിറ്റ്ലറും ആൽഫ്രഡ് റോൺ ബർഗും ചേർന്ന് രൂപവത്കരിച്ച നാസി ആശയത്തെ വിശകലനംചെയ്യുമ്പോൾ, 'പ്രകൃതിപരമായ തെരഞ്ഞെടു

പ്പ ് ','തെരഞ്ഞെടുക്കപ്പെട്ടവയുടെ കൂടിച്ചേരൽ','വംശങ്ങൾതമ്മിൽ അതിജീവന ത്തിനുവേണ്ടിയുള്ള പോരാട്ടം' എന്നിങ്ങനെ ഡാർവിൻ ആവർത്തിച്ചുരുവിടുന്ന സംജ്ഞകൾ എമ്പാടും കാണാനാകും. 'മെയ്ൻ കാംഫ്'(എന്റെ പോരാട്ടം) എന്ന പുസ്തകത്തിൽ 'അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടം', 'വിജയം യോഗ്യത തെളിയിച്ചവർക്കുള്ളതാണ്' എന്നീ ഡാർവിനിസ്റ്റ് ആശയങ്ങളാൽ പ്രചോദിതനായ ഹിറ്റ്ലറെ കാണാൻ കഴിയും. വംശങ്ങൾ തമ്മിലുള്ള പോരാട്ടത്തെ പ്രത്യേകം അദ്ദേഹം പരാമർശിക്കുന്നത് ഇപ്രകാരമാണ്:

'പ്രകൃതിതന്നെ പ്രതിഷ്ഠിക്കുന്ന ഒരു പുതിയ വംശാവലിയെ അടിസ്ഥാനപ്പെടുത്തി അതുവരെയുണ്ടായിട്ടില്ലാത്ത സവിശേഷപ്രകൃതികളോടുകൂടിയ പുതു സഹസ്രാബ്ദത്തിലേക്ക് ചരിത്രം കടന്നെത്തും. '31
1933 ലെ ന്യൂറംബർഗ് പാർട്ടി റാലിയിൽ ഹിറ്റ്ലർ ഉദ്ഘോഷിച്ചു: 'ഉന്നത വർഗം അധമവർഗത്തെ ഭരിക്കും. പ്രകൃതിയിൽ നാം കാണുന്ന ആ യാഥാർഥ്യം പുലരുന്ന വസ്തുതയാണ് '.32

നാസികൾ ഡാർവിനിസത്താൽ സ്വാധീനിക്കപ്പെട്ടിരുന്നുവെന്ന യാഥാർഥ്യം പ്രസ്തുത ആശയത്തെ ആഴത്തിൽ പഠിച്ച ഏതാണ്ടെല്ലാ ചരിത്രകാരൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. 'ദ റൈസ് ഓഫ് ഫാസിസം' എന്ന പുസ്തകം രചിച്ച പീറ്റർ ക്രിസ്പ് അക്കാര്യം വ്യക്തമാക്കിയതിങ്ങനെ:
'മനുഷ്യൻമാരെല്ലാം ആൾക്കുരങ്ങിൽനിന്നുണ്ടായതാണെന്ന ചാൾസ് ഡാർവിന്റെ സിദ്ധാന്തം, അച്ചടിച്ച് പുറത്തുവന്നപ്പോൾ എല്ലാവരും അതിനെ പരിഹസിച്ചു. പക്ഷേ, അധികം വൈകാതെ അത് സ്വീകാര്യത നേടി. യുദ്ധത്തെയും വംശീയവാദത്തെയും ന്യായീകരിക്കാൻ നാസികൾ ഡാർവിൻസിദ്ധാന്തത്തെ വളച്ചൊടിച്ചു.'33

ഡാർവിനിസം ഹിറ്റ്ലറിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ചരിത്രകാരൻ ഹിക്മാൻ വിവരിക്കുന്നത് കാണുക:
പരിണാമവാദവിശ്വാസിയും അതിന്റെ പ്രബോധകനും ആയിരുന്നു ഹിറ്റ്ലർ. അദ്ദേഹത്തിന്റെ തീവ്രതരവും വ്യവഹാരസങ്കീർണവും അതിരുകളില്ലാത്തതുമായ ഉൻമാദമനോവികാരമെന്തായിരുന്നാലും അതിൽ അതിജീവനത്തിനുള്ള പോരാട്ടം എന്ന ആശയത്തിന് വളരെ പ്രാധാന്യമുണ്ടായിരുന്നു എന്നത് തീർച്ചയാണ്. തന്റെ മെയ്ൻ കാംഫ് എന്ന പുസ്തകത്തിൽ അദ്ദേഹം പ്രത്യേകിച്ചും പോരാട്ടം, ശ്രേഷ്ഠവിഭാഗത്തിന്റെ അതിജീവനം, ഉത്തമസമൂഹത്തിന്റെ സൃഷ്ടിക്കായി ദുർബലരുടെ നിഷ്കാസനം എന്നിങ്ങനെ ഒട്ടേറെ പരിണാമവാദ പരികൽപനകളെ വ്യക്തമായി മുന്നോട്ടുവെക്കുന്നുണ്ട്. 34

വന്യമായ ആശയങ്ങളുമായി രംഗപ്രവേശനംചെയ്ത ഹിറ്റ്ലർ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത അക്രമത്തിലേക്ക് ലോകത്തെ കൊണ്ടെത്തിച്ചു. നാസി കോൺസൺട്രേഷൻ ക്യാമ്പുകളിൽ വ്യത്യസ്ത രാഷ്ട്രീയ-വംശീയ വിഭാഗത്തിൽപെട്ട ആളുകൾ, പ്രത്യേകിച്ചും ജൂതൻമാർ കൊടുംക്രൂരതകൾക്കും വംശഹത്യക്കും ഇരയായി. രണ്ടാം ലോകയുദ്ധത്തിന്റെ ആരംഭം കുറിച്ചത് നാസി കടന്നാക്രമണത്തോടെയായിരുന്നു. 55 ദശലക്ഷം ആളുകളാണ് യുദ്ധത്തിൽ കൊല്ലപ്പെട്ടത്. ഈ വലിയ ദുരന്തത്തിന് വഴിതെളിച്ചത് ഡാർവിന്റെ 'അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ട'മെന്ന സിദ്ധാന്തമായിരുന്നു.

## ഡാർവിനിസവും കമ്മ്യൂണിസവും തമ്മിൽ അവിശുദ്ധബാന്ധവം

സോഷ്യൽ ഡാർവിനിസത്തിന്റെ വലതുചിറകിലേറിയത് ഫാസിസ്റ്റുകളാണെങ്കിൽ അതിന്റെ ഇടതുചിറകിലുണ്ടായിരുന്നത് കമ്മ്യൂണിസ്റ്റുകളാണ്. ഡാർവിൻ തിയറിയെ ഏറ്റവും ശക്തമായി പിന്തുണച്ചവരുടെ കൂട്ടത്തിലെന്നും കമ്മ്യൂണിസ്റ്റുകളുണ്ടായിരുന്നു.

കമ്മ്യൂണിസവും ഡാർവിനിസവും തമ്മിലുള്ള ബന്ധവും ഈ രണ്ടു ആശയഗതികളുടെയും സ്ഥാപകനേതാക്കളുടെ കാലംതൊട്ടുതുടങ്ങിയതാണ്. ഡാർവിന്റെ 'ദ ഒറിജിൻ ഓഫ് സ്പീഷീസ്' പുറത്തിറങ്ങിയയുടൻ കമ്മ്യൂണിസ്റ്റ് ആദർശത്തിന്റെ സ്ഥാപകരായ മാർക്സും ഏംഗൽസും അത് വായിക്കുകയും അതിലെ വൈരുധ്യാതിഷ്ഠിതഭൗതികകാഴ്ചപ്പാടിൽ അത്ഭുതം കൂറുകയുംചെയ്തു. 'കമ്മ്യൂണിസത്തിന്റെ സ്വാഭാവികചരിത്രത്തിൽ ഉൾച്ചേർന്നിട്ടുള്ള അടിസ്ഥാനങ്ങളെ' ഡാർവിൻ സിദ്ധാന്തത്തിൽ കണ്ടെത്തിയതായി ഇരുവരും തമ്മിൽ നടത്തിയ എഴുത്തുകുത്തുകളിൽ വെളിപ്പെടുന്നുണ്ട്. 'ദ ഡയലെറ്റിക്സ് ഓഫ് നേചർ' എന്ന തന്റെ പുസ്തകത്തിൽ ഡാർവിനെ എത്രപുകഴ്ത്തിയിട്ടും ഏംഗൽസിന് മതിയാകുന്നില്ല. 'മനുഷ്യക്കുരങ്ങിൽനിന്ന് മനുഷ്യനിലേക്കുള്ള മാറ്റത്തിൽ തൊഴിലാളി വഹിച്ച പങ്ക് 'എന്ന അധ്യായത്തിൽ തന്റെ നിരീക്ഷണങ്ങൾക്കുള്ള സംഭാവന ഡാർവിന്റെ സിദ്ധാന്തത്തിൽനിന്ന് സ്വീകരിക്കുന്നത് കാണാനാകും.

മാർക്സിന്റെയും ഏംഗൽസിന്റെയും പാതപിന്തുടർന്ന റഷ്യൻ കമ്മ്യൂണിസ്റ്റുകളായ പ്ലഖനോവ് , ലെനിൻ , ട്രോട്സ്കി, സ്റ്റാലിൻ തുടങ്ങിയവരെല്ലാം തന്നെ ഡാർവിന്റെ പരിണാമസിദ്ധാന്തത്തെ പൂർണമായും ഉൾക്കൊണ്ടവരായിരുന്നു. റഷ്യൻ കമ്യൂണിസത്തിന്റെ സ്ഥാപകനായി അറിയപ്പെടുന്ന പ്ലഖനോവ് മാർക്സിസത്തെ 'ഡാർവിനിസത്തിന്റെ സാമുഹകശാസ്ത്രപരമായ പ്രായോഗിക രൂപം' എന്നാണ് വിശേഷിപ്പിച്ചത്.35

ഡാർവിന്റെ കണ്ടുപിടിത്തം പ്രപഞ്ചപ്രതിഭാസത്തിലെ വൈരുധ്യാത്മകഭൗതികവാദത്തിന്റെ മഹത്തായ വിജയമാണെന്ന് [36]ട്രോട്സ്കി പറഞ്ഞു.

ഡാർവിൻ തിയറിയെ ആധാരമാക്കിയുള്ള വിദ്യാഭ്യാസം കമ്മ്യൂണിസ്റ്റ് ആശയാടിത്തറയുള്ള ഒട്ടേറെ ആളുകളെ സൃഷ്ടിച്ചു. സ്റ്റാലിൻ തന്റെ യൗവനകാലത്ത് മതബോധമുള്ളവനായിരുന്നുവെന്നും എന്നാൽ ഡാർവിൻപുസ്തകങ്ങളുടെ വായനയെത്തുടർന്ന് ദൈവനിഷേധിയായെന്നും ചരിത്രകാരൻമാർ കുറിക്കുന്നു.

ചൈനീസ് സോഷ്യലിസം ഡാർവിന്റെയും പരിണാമവാദത്തിന്റെയും പിൻബലത്തിൽ പടുത്തുയർത്തിയതാണെന്ന് ദശലക്ഷങ്ങളെ കൊന്നൊടുക്കി ചൈനയിൽ കമ്മ്യൂണിസ്റ്റ് വാഴ്ച നടപ്പാക്കിയ മാവോ സേ തുങ് നിസ്സങ്കോചം വ്യക്തമാക്കുകയുണ്ടായി.[37]

ഹാവാർഡ് യൂണിവേഴ്സിറ്റിയിലെ ചരിത്രകാരനായ ജെയിംസ് റീവ് പുസി തന്റെ 'ചൈന & ചാൾസ് ഡാർവിൻ' എന്ന തന്റെ ഗവേഷണഗ്രന്ഥത്തിൽ ചൈനീസ് കമ്മ്യൂണിസത്തിലും മാവോയിലും ഡാർവിനിസ്റ്റ് ചിന്താഗതി ചെലുത്തിയ സ്വാധീനത്തെപ്പറ്റി വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ചുരുക്കത്തിൽ ഡാർവിന്റെ പരിണാമവാദവും കമ്മ്യൂണിസവും തമ്മിൽ പൊട്ടിച്ചെറിയാനാകാത്ത ബന്ധമാണുള്ളത്. ജീവനുള്ളവയെല്ലാംതന്നെ അവസരങ്ങളുടെ സൃഷ്ടികളാണെന്ന് പറയുന്ന ഡാർവിൻസിദ്ധാന്തം അതിലൂടെ നിരീശ്വരവാദത്തിന് ശാസ്ത്രീയപിൻബലം അവകാശപ്പെടുന്നു. നിരീശ്വരപ്രസ്ഥാനമായ കമ്മ്യൂണിസം അക്കാരണം കൊണ്ടുതന്നെ ഡാർവിനിസവുമായി ബന്ധം പുലർത്തി. അതിനുപുറമെ, ഏറ്റുമുട്ടലിലൂടെയുള്ള(മറ്റൊരു തരത്തിൽ പറഞ്ഞാൽ അതിജീവനത്തിനുള്ള പോരാട്ടം) വികസനവും പുരോഗതിയുമാണ് പ്രകൃതിയിൽ സാധ്യമാകുന്നതെന്നാണ് പരിണാമവാദം മുന്നോട്ടുവെക്കുന്ന ആശയം'. കമ്മ്യൂണിസത്തിന്റെ അടിസ്ഥാനമായ വൈരുധ്യാത്മകഭൗതികവാദത്തെ അത് പിന്തുണക്കുകയുംചെയ്യുന്നുണ്ട്.
'വൈരുധ്യാത്മകസംഘട്ടന'ത്തെ മുൻനിർത്തി ചിന്തിച്ചാൽ , ഇരുപതാം നൂറ്റാണ്ടിൽ അത് 120 ദശലക്ഷം ആളുകളെ കുരുതികൊടുത്തതായി കാണാം. ഇങ്ങനെ നോക്കുമ്പോൾ ഡാർവിനിസം ഭൂമിയിൽ വിതച്ച കൊടിയദുരന്തത്തിന്റെ വ്യാപ്തിയുടെ ചിത്രം നമുക്ക് വ്യക്തമാകും.

## വൈരുധ്യാത്മകസംഘർഷം വികസനത്തിനെതിര്

നാം നേരത്തേ മനസ്സിലാക്കിയതുപോലെ, പ്രകൃതിയിൽ കാണുന്ന വ്യത്യസ്തജീവിവർഗങ്ങളുടെ അതിജീവനത്തിനും പുരോഗതിക്കും നിദാനമായത് അവയുടെ പ

രസ്പരമുള്ള പോരാട്ടമാണെന്ന് ഡാർവിനിസം സിദ്ധാന്തിക്കുന്നു. അതിലൂടെ വൈരുധ്യാത്മകഭൗതികവാദത്തിന് ശാസ്ത്രീയമെന്ന വാദമുഖത്തോടെ പ്രചാരം ലഭിച്ചു.

പേര് വെളിപ്പെടുത്തുന്നതുപോലെ ഏറ്റുമുട്ടലാണ് വൈരുധ്യാത്മകഭൗതികവാദത്തിന്റെ അടിസ്ഥാനം. സമരമോ ഏറ്റുമുട്ടലോ എതിർപ്പോ ഇല്ലെങ്കിൽ എല്ലാ ജൈവപ്രതിഭാസങ്ങളും പിറവികൊണ്ട അതേ അവസ്ഥയിൽതന്നെ തുടരുമെന്ന് ഈ ആശയത്തിന്റെ വക്താവായ കാൾമാർക്സ് പ്രചരിപ്പിച്ചു. മറ്റൊരിടത്ത് അദ്ദേഹം പറയുന്നത് കാണുക: ' പഴയസമൂഹം പുതിയതിനെ ഗർഭം ധരിക്കുമ്പോൾ ബലപ്രയോഗമാണ് അവിടെ വയറ്റാട്ടിയാകുന്നത്'.38 ഇതിലൂടെ പുരോഗതിയും വികസനവും ആർജിക്കാമെന്ന് വിശ്വസിപ്പിച്ച് അദ്ദേഹം ജനങ്ങളെ സംഘട്ടനത്തിലേക്കും അക്രമത്തിലേക്കും യുദ്ധത്തിലേക്കും ക്ഷണിക്കുകയായിരുന്നു.

ഡാർവിന്റെ സിദ്ധാന്തങ്ങളെ രാഷ്ട്രീയത്തിൽ പ്രയോഗവത്കരിച്ച പ്രഥമവ്യക്തിയായിരുന്നു ലെനിൻ. ഭിന്ന ആശയങ്ങൾ വെച്ചുപുലർത്തുന്നവർ സദാ സംഘർഷത്തിലേർപ്പെടണമെന്ന്, വിരുദ്ധദ്വന്ദ്വങ്ങളുടെ സംഘട്ടനങ്ങളിലൂടെ പുരോഗതി കൈവരുന്നു എന്ന തത്ത്വത്തെ മുൻനിർത്തി അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. ഈ സംഘർഷം രക്തരൂഷിതമാകണമെന്ന് ലെനിൻ എപ്പോഴും ഉണർത്തിക്കൊണ്ടിരുന്നു. ചുരുക്കത്തിൽ അതിനെയല്ലേ നാം ഭീകരതയെന്ന് വിളിക്കുന്നത്.
ബോൾഷെവിക് വിപ്ലവത്തിന് 11 വർഷംമുമ്പ്, 1906 ൽ പ്രസിദ്ധീകരിച്ച 'പ്രോലിറ്ററി' എന്ന പുസ്തകത്തിൽ ഗറില്ലായുദ്ധമുറയെന്ന തലക്കെട്ടിൽ എഴുതിയ ലെനിൻ താൻ സ്വീകരിച്ച ഭീകരമുറകളെപ്പറ്റി വിവരിക്കുന്നുണ്ട്.

ഞങ്ങൾക്ക് ഏറ്റവും താൽപര്യമുണ്ടാക്കിയത് സായുധപോരാട്ടമായിരുന്നു. വ്യക്തികളും ചെറുഗ്രൂപ്പുകളുമായിരുന്നു അത്തരം സായുധാക്രമണങ്ങൾ സംഘടിപ്പിച്ചിരുന്നത്. അവയിൽ ചിലത് വിപ്ലവസംഘടനകളുമായി ബന്ധമുള്ളവയായിരുന്നു. റഷ്യയിലെ അധികപ്രദേശങ്ങളിലും മറ്റു ഗ്രൂപ്പുകൾ യാതൊരുവിധ വിപ്ലവപ്രസ്ഥാനങ്ങളുമായും ബന്ധം പുലർത്തിയിരുന്നില്ല. സായുധപോരാട്ടത്തിന്റെ രണ്ടു മുഖ്യലക്ഷ്യങ്ങളെ നാം വളരെ സ്പഷ്ടമായും മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. പോലീസിലെയും പട്ടാളത്തിലെയും തലവൻമാരെയും വ്യക്തികളെയും ഉൻമൂലനംചെയ്യുകയെന്നതാണ് അതിന്റെ പ്രാഥമിക ഘട്ടം. രണ്ടാംഘട്ടത്തിൽ സർക്കാരിൽനിന്നും സ്വകാര്യവ്യക്തികളിൽനിന്നും സമ്പത്ത് പിടിച്ചെടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ പിടിച്ചെടുക്കുന്ന സമ്പത്തിന്റെ ഒരു ഭാഗം പാർട്ടി ഖജനാവിലേക്ക് മുതൽകൂട്ടുന്നു.മറ്റൊരുവിഹിതം സായുധവിപ്ലവത്തിനുള്ള പരിശീലനത്തിനും ആയുധശേഖരമൊരുക്കുന്നതിനും ചെലവഴിക്കുന്നു. മറ്റൊരുപങ്ക് പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ നിത്യജീവിതച്ചെലവുകൾക്കും മാറ്റിവെക്കുന്നു.[39]

20-ാം നൂറ്റാണ്ടിൽ കമ്മ്യൂണിസത്തെ എതിർത്ത് രംഗത്തുവരുന്നതിൽ ശ്രദ്ധേയമായ ആശയമാണ് ഫാസിസം. കമ്മ്യൂണിസത്തെ പൂർണമായും തള്ളിപ്പറയുന്നുവെന്ന് പ്രഖ്യാപിക്കുന്ന ഫാസിസം പക്ഷേ, അവരെപ്പോലെ ഏറ്റുമുട്ടൽ കാഴ്ചപ്പാടിൽ വിശ്വസിക്കുന്നുവെന്നതാണ് ഏറെ രസകരമായ വസ്തുത. കമ്മ്യൂണിസ്റ്റുകൾ വർഗസമരത്തിന്റെ അനിവാര്യതയിൽ വിശ്വസിച്ചു. ഫാസിസ്റ്റുകളെ സംബന്ധിച്ചിടത്തോളം പക്ഷേ, അത് വംശങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഇടയിലുള്ള പോരാട്ടം എന്ന വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. ശക്തനായ വംശീയവാദിയും നാസി ബുദ്ധിജീവിയും ജർമൻ ചരിത്രകാരനുമായിരുന്ന ഹെൻറിച് ട്രിഷ്കെ എഴുതി: 'ഡാർവിന്റെ അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടം വിവക്ഷിക്കുംപോലെ, കടുത്ത മത്സരമില്ലാതെ രാഷ്ട്രങ്ങൾക്ക് പുരോഗതി പ്രാപിക്കാനാകില്ല.' [40]താൻ ഡാർവിന്റെ ഏറ്റുമുട്ടൽ എന്ന ആശയത്തിൽ നിന്ന് പ്രചോദനം നേടിയിരുന്നുവെന്ന് ഹിറ്റ്ലറും പറഞ്ഞിട്ടുണ്ട്.

ശക്തരും ദുർബലരും തമ്മിലുണ്ടായ ശക്തമായ പോരാട്ടത്തിന്റെ ബാക്കിപത്രമാണ് പ്രകൃതിയിലുള്ള മുഴുവൻ ചരാചരങ്ങളും . അവിടെ ദുർബലരെ തോൽപിക്കുന്ന ശക്തർക്കാണ് ശാശ്വതവിജയം. അങ്ങനെയായിരുന്നില്ലെങ്കിൽ പ്രകൃതിയിൽ യാതൊന്നും അവശേഷിക്കാതെ എല്ലാം ജീർണിച്ച് മണ്ണടിയുമായിരുന്നു.ജീവിക്കണമെന്നുള്ളവന് പോരാട്ടം അനിവാര്യമാണ്. 'നിരന്തരപോരാട്ടത്തിലൂടെയാണ് ജീവിതം എന്ന പ്രകൃതിനിയമമമെന്നിരിക്കെ ഏറ്റുമുട്ടാൻ താൽപര്യമില്ലാത്തവന് നിലനിൽക്കാൻ അർഹതയില്ല.41

ഒരു സമൂഹം കരുത്തുറ്റതായിത്തീരാൻ ഏറ്റുമുട്ടലും രക്തച്ചൊരിച്ചിലും അനിവാര്യമാണ് എന്ന് ഈ രണ്ട് സോഷ്യൽ ഡാർവിനിസ്റ്റ് പ്രത്യയശാസ്ത്രങ്ങളും വിശ്വസിച്ചുപോന്നു. അവർ ഇരുപതാം നൂറ്റാണ്ടിനെ ആ രീതിയിൽ പരിവർത്തിപ്പിച്ചതോടെ ലോകം അത് മനസ്സിലാക്കിയതാണ്. എണ്ണമറ്റ നിരപരാധികൾ അതുകാരണമായി കൊല്ലപ്പെട്ടു. അസംഖ്യംപേർ മുറിവേറ്റവരും വികലാംഗരുമായിത്തീർന്നു. സമ്പദ് വ്യവസ്ഥ തകർന്നടിഞ്ഞു. ആരോഗ്യത്തിനും ഗവേഷണത്തിനും സാങ്കേതികവിദ്യക്കും , വിദ്യാഭ്യാസത്തിനും ചെലവഴിച്ചുകൊണ്ടിരുന്ന തുക ആയുധങ്ങൾക്കും യുദ്ധംമൂലമുള്ള മുറിവ് ചികിത്സിക്കുന്നതിനും തകർന്ന നഗരങ്ങൾ പുനർനിർമിക്കുന്നതിനും ഉപയോഗിക്കേണ്ടിവന്നു. കാലം കടന്നുപോയപ്പോൾ ഏറ്റുമുട്ടലും ഭീകരതയും മനുഷ്യന് നാശമല്ലാതെ പുരോഗതിയൊന്നും ഉണ്ടാക്കിയില്ലെന്ന് സമൂഹം തിരിച്ചറിഞ്ഞു.

ലോകത്ത് വ്യത്യസ്തങ്ങളായ പല സംഗതികളുമുണ്ടെന്നത് യാഥാർഥ്യമാണ്. പ്രകൃതിയിൽ ഇരുളും വെളിച്ചവും, രാത്രിയും പകലും ,തണുപ്പും ചൂടും എല്ലാം ഉ

ള്ളതുപോലെ ആശയങ്ങളുടെ പ്രയോഗവത്കരണത്തിലും വൈരുധ്യങ്ങളുണ്ട്. പക്ഷേ, ആശയത്തിലുള്ള വൈരുധ്യം സംഘർഷങ്ങളെ ആവശ്യപ്പെടുന്നില്ല. നേരെമറിച്ച്, വൈരുധ്യങ്ങളെയും ഭിന്നതകളെയും സമാധാനത്തോടും തിരിച്ചറിവോടും സ്നേഹത്തോടും സഹാനുഭൂതിയോടും കാരുണ്യത്തോടും സമീപിക്കുകയാണെങ്കിൽ അത് സദ്ഫലങ്ങൾ നേടിത്തരും. ഇതരവീക്ഷണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തന്റെ വീക്ഷണത്തിനുള്ള ന്യൂനതയും പരിമിതിയും എന്തെന്ന് മനസ്സിലാക്കാനും അതിന് പരിഹാരം കണ്ടെത്താനും ഒരാൾക്ക് കഴിയും. വ്യത്യസ്താഭിപ്രായങ്ങൾക്കും വീക്ഷണങ്ങൾക്കും വേണ്ടി നിലകൊള്ളുന്നവർക്ക് സംഭാഷണമധ്യേയും നിരൂപണവേളയിലും രചനാത്മകവിമർശത്തിലൂടെ പരസ്പരം അത് കൈമാറാനാകും. വിട്ടുവീഴ്ചയുടെയും ആത്മാർഥതയുടെയും വിനയത്തിന്റെയും ആൾരൂപമാകും വിധം ഖുർആന്റെ ധാർമികമൂല്യങ്ങളെ സ്വാംശീകരിക്കുന്ന വ്യക്തിക്കുമാത്രമേ അത്തരത്തിലുള്ള സമീപനരീതി സ്വീകരിക്കാനാകൂ.

തന്റേതിൽനിന്ന് വ്യത്യസ്തമായ ആശയത്തിലോ മതത്തിലോ വംശത്തിലോ പെട്ടതാണ് എന്നത് മുൻനിർത്തി ഒരാളെ കൊല്ലാനും അക്രമിക്കാനും ശ്രമിക്കുന്നത് കൊടുംക്രൂരതയാണ്. ഈ ഒരു വാദമുയർത്തി ലോകമൊട്ടുക്കും ഓരോ നാടുകളിലെയും ജനതയെ മറുപക്ഷം നിർദ്ദയം കൊന്നുതള്ളിയത് ചരിത്രത്തിൽ നാം കാണുന്നു. വ്യത്യസ്തവർഗത്തിലും ദേശീയതയിലും പെട്ട സ്ത്രീകളും കുട്ടികളും അടക്കമുള്ള ജനങ്ങൾ അറുകൊലചെയ്യപ്പെട്ടുകൊണ്ടിരുന്നു. മനുഷ്യനെന്ന അസ്തിത്വത്തെ ആദരിക്കാത്തവനുമാത്രമേ ഇവ്വിധം ആസുരവൃത്തി ചെയ്യാനാകൂ. തന്റെ മുമ്പിലുള്ളത് ബുദ്ധിയുള്ള മൃഗമാണെന്ന് ധരിക്കുകയും ,തന്റെ പ്രവൃത്തികളെക്കുറിച്ച് നാളെ ദൈവത്തിനുമുമ്പിൽ കണക്കുപറയണമെന്നകാര്യത്തിൽ അവിശ്വസിക്കുകയും ചെയ്യുന്നവനേ അതിന് കഴിയൂ.

തങ്ങളുടേതിൽനിന്ന് വിരുദ്ധമായ കാഴ്ചപ്പാടും ജീവിതവീക്ഷണവും വെച്ചുപുലർത്തുന്നവരോട് സ്വീകരിക്കേണ്ട ഏറ്റവും ഉത്തമവും സത്യസന്ധവുമായ ശൈലിയെ സംബന്ധിച്ച് ഖുർആൻ അറിയിക്കുന്നുണ്ട്. ആശയങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകൾ ചരിത്രത്തിലെമ്പാടും കാണാനാകും. അക്കൂട്ടത്തിലറിയപ്പെട്ടതാണ് ഫറോവയും മോസസും തമ്മിലുണ്ടായത്. ഫറോവയുടെ നിഷ്ഠുരതയും അക്രമവും അതിരുകടന്നഘട്ടത്തിലും തന്റെ അനുസരണത്തിലേക്ക് ക്ഷണിക്കാൻ ദൈവം മോസസ്പ്രവാചകനെ അയക്കുകയാണ് ചെയ്തത്. കൂട്ടത്തിൽ, ഫറോവയെ കാര്യങ്ങൾ ധരിപ്പിക്കേണ്ടതെങ്ങനെയെന്നും പഠിപ്പിച്ചു.''നിങ്ങളിരുവരും ഫറവോന്റെ അടുത്തേക്ക് പോവുക. നിശ്ചയമായും അവൻ അതിക്രമിയായിരിക്കുന്നു.നിങ്ങളവനോട് സൗമ്യമായി സംസാരിക്കുക. ഒരുവേള അവൻ ചിന്തിച്ചു മനസ്സിലാക്കിയെങ്കിലോ? അല്ലെങ്കിൽ ഭക്തിയുള്ളവനായെങ്കിലോ?''(ത്വാഹാ 43,44)

ദൈവകൽപനയുടെ വെളിച്ചത്തിൽ സത്യമതമെന്തെന്ന് വിശദമായിത്തന്നെ മോസസ്പ്രവാചകൻ ഫറോവയ്ക്ക് മനസ്സിലാക്കിക്കൊടുത്തു. കീഴാളരായ ജനങ്ങളെ അടിച്ചമർത്തുന്നതിൽനിന്നും ദൈവത്തെ നിഷേധിക്കുന്നതിൽനിന്നും ഫറോവയെ സത്യത്തിലേക്ക് വഴികാട്ടുവാൻ കാര്യങ്ങൾ വളരെ ക്ഷമയോടെ മോസസ് വിവരിച്ചുകൊടുത്തു. എന്നാൽ സത്യത്തിലേക്ക് ക്ഷണിച്ച മോസസിന്റെ കുലീനസ്വഭാവത്തെയും ക്ഷമയെയും പ്രതികാരവാഞ്ചയോടെ നേരിട്ട ഫറോവ അദ്ദേഹത്തെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. പക്ഷേ, ഫറോവയുടെ നിലപാട് പരാജയപ്പെടുകയും അയാളും കിങ്കരൻമാരും ചെങ്കടലിൽ മുങ്ങിമരിക്കുകയുംചെയ്തു. മോസസ് പ്രവാചകനും അനുയായികളും ചരിത്രവിജയംനേടുകയുംചെയ്തു.

ആദർശവിജയത്തിനും സാമൂഹികപുരോഗതിക്കും പരസ്പരമുള്ള ശത്രുതയോ ആക്രമണമോ സഹായകരമല്ലെന്നതിന് ഈ ചരിത്രസംഭവം തെളിവാണ്. മോസസ് പ്രവാചകന്റെയും ഫറോവയുടെയും കൂടിക്കാഴ്ച ചരിത്രത്തിൽ ആ ഗുണപാഠമാണ് പകർന്നുനൽകുന്നത്. കടുംപിടുത്തത്തിന്റെയും ക്രൂരതയുടെയും പക്ഷത്തുനിൽക്കുന്നവരല്ല വിജയികൾ. മറിച്ച് സമാധാനത്തിന്റെയും നീതിയുടെയും പക്ഷംചേർന്നവരാണ് വിജയം നേടിയിട്ടുള്ളത് . അതിനാൽ ഉന്നത ധാർമികമൂല്യങ്ങൾ ജീവിതത്തിൽ പുലർത്തുന്നവർക്ക് ഇഹ-പര ലോകങ്ങളിൽ അതിന്റെ പ്രതിഫലം ലഭിക്കുന്നു.

## ഡാർവിനിസവും ഭീകരതയും

ഇരുപതാംനൂറ്റാണ്ടിൽ മനുഷ്യരാശിക്ക് ദുരന്തം സമ്മാനിച്ച പ്രത്യയശാസ്ത്രങ്ങളുടെ നാരായവേര് ഡാർവിനിസത്തിലാണ് ചെന്നുചേരുന്നതെന്ന് നാം ഇതിനകം കണ്ടുകഴിഞ്ഞു. അത്തരം വീക്ഷണഗതിക്കും പെരുമാറ്റത്തിനും പിന്നിൽ 'നമ്മിൽപെടാത്തവരോട് ഏറ്റുമുട്ടുക'യെന്ന അടിസ്ഥാനകാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്. ലോകത്ത് വ്യത്യസ്തചിന്താഗതികളും വിശ്വാസങ്ങളും തത്ത്വശാസ്ത്രങ്ങളും എന്നുമുണ്ട്. സ്വാഭാവികമായും ഈ വിശ്വാസങ്ങളും ചിന്താഗതികളും അന്യോന്യം എതിർക്കുന്ന സ്വഭാവത്തിലുള്ളതായിരിക്കും. എന്നിരുന്നാലും അവയുടെ വ്യത്യസ്തനിലപാടുകളെ രണ്ടുരീതിയിൽ കാണാനാകും.

1. തങ്ങളുടെ കാഴ്ചപ്പാടിനും വിശ്വാസങ്ങൾക്കും തീർത്തും വിരുദ്ധമായവയുടെ അസ്തിത്വം അംഗീകരിക്കുകയും ആദരിക്കുകയും അത്തരക്കാരുമായി സംഭാഷണം നടത്തുകയും ചെയ്യുന്ന മനുഷ്യത്വപരമായ രീതി. ഇത് ഖുർആൻ പഠിപ്പിക്കുന്ന ധാർമികമൂല്യങ്ങളോട് ഒത്തുപോകുന്ന ശൈലിയാണ്.

2. അവർക്കുവേണമെങ്കിൽ പരസ്പരം യുദ്ധംചെയ്യാം. എതിരാളികളെ നശിപ്പിച്ചു

കൊണ്ട് നേട്ടങ്ങളുണ്ടാക്കാൻ ശ്രമിക്കാം. മറ്റൊരുതരത്തിൽ പറഞ്ഞാൽ കാട്ടുമൃഗങ്ങളെപ്പോലെ പെരുമാറാം. ഭൗതികവാദം സ്വീകരിച്ചിരിക്കുന്ന ഈ രീതി പക്ഷേ, മതവിരുദ്ധമാണ്.

നമ്മൾ 'ഭീകരത' എന്നുവിളിക്കുന്ന ഭയാനകശൈലി രണ്ടാമതുപറഞ്ഞതാണ്.
മനുഷ്യൻ ഏറ്റുമുട്ടുന്ന മൃഗമാണ് എന്ന രീതിയിൽ ഡാർവിനിസം മനുഷ്യരുടെ ഉപബോധമണ്ഡലത്തിൽ അടിച്ചേൽപിച്ച ആശയമാണ് ജനങ്ങളെ കൂടുതൽ സ്വാധീനിച്ചിട്ടുള്ളതെന്ന് മേൽ രണ്ടുശൈലികളും തമ്മിലുള്ള വ്യത്യാസം പരിശോധിക്കുമ്പോൾ നമുക്ക് കാണാനാകുന്നു. ഇന്ന് പരസ്പരം സംഘട്ടനത്തിലേർപ്പെട്ടിരിക്കുന്ന വ്യക്തികളും സംഘങ്ങളും ഒരു പക്ഷേ ഡാർവിനെക്കുറിച്ചോ അദ്ദേഹം മുന്നോട്ടുവെക്കുന്ന സിദ്ധാന്തങ്ങളോ കേട്ടിട്ടുള്ളവരായിരിക്കില്ല. പക്ഷേ, എല്ലാ വിശദാംശങ്ങൾക്കുമൊടുവിൽ സംഘട്ടനത്തിന് പ്രചോദിപ്പിക്കുന്ന ഘടകം ഡാർവിനിസത്തിന്റെ അന്തർധാരയാണെന്ന് അവരും സമ്മതിക്കും. 'ഈ ലോകത്ത് ശക്തനാണ് അതിജയിക്കുക', 'കൊമ്പൻസ്രാവുകൾ പരലുകളെ വിഴുങ്ങും' , 'യുദ്ധം നൻമയാണ്', ' യുദ്ധത്തിലൂടെ മനുഷ്യൻ പുരോഗതിനേടുന്നു' തുടങ്ങി ഡാർവിനിസത്തിലൂന്നിയ മുദ്രാവാക്യങ്ങൾ അവർ നെഞ്ചേറ്റുന്നതിനുള്ള കാരണമതാണ് . ഡാർവിനിസത്തിന്റെ അഭാവത്തിൽ ഈ മുദ്രാവാക്യങ്ങളെല്ലാംതന്നെ പൊള്ളയാണെന്ന് കാണാം.

വാസ്തവത്തിൽ, ഡാർവിനിസത്തെ മാറ്റിനിർത്തിയാൽ സംഘർഷത്തിന്റെ യാതൊരു പ്രത്യയശാസ്ത്രവും ബാക്കിയുണ്ടാകില്ല. ലോകത്ത് ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്ന മൂന്ന് ദൈവികമതങ്ങളായ ഇസ്‌ലാമും ക്രൈസ്തവതയും ജൂതമതവും അക്രമത്തെ തള്ളിപ്പറയുന്നു. ഈ മൂന്നുമതങ്ങളും ലോകത്ത് സമാധാനവും സൗഹാർദ്ദവും കൊണ്ടുവരാനാണ് ഇഷ്ടപ്പെടുന്നത്. നിരപരാധികളെ കൊല്ലുന്നതും ജനങ്ങളോട് ക്രൂരമായി പെരുമാറുന്നതും അവരെ പീഡിപ്പിക്കുന്നതും അവയെതിർക്കുന്നു. മനുഷ്യന് ദൈവം നിർണയിച്ചുകൊടുത്തിരിക്കുന്ന ധാർമികസദാചാരസീമകളെ ലംഘിക്കുന്ന യുദ്ധവും അക്രമവും അപകടകരവും പ്രകൃതിവിരുദ്ധവുമായ ചിന്താഗതികളാണ്. എന്നിട്ടും ഡാർവിനിസം യുദ്ധത്തെയും അക്രമത്തെയും നൈസർഗികസംഗതികളായി കാണുന്നു. അവ നിലനിൽക്കേണ്ട അനിവാര്യസത്യമായി ന്യായീകരിക്കുന്നു.

ഇക്കാരണത്താൽ തന്നെ , ഇസ്‌ലാമിന്റെയും ക്രൈസ്തവതയുടെയും ജൂതായിസത്തിന്റെയും ചിഹ്നങ്ങളോ ആശയങ്ങളോ ദുരുപയോഗംചെയ്ത് ആരെങ്കിലും ഭീകരവൃത്തി ചെയ്താൽ അത്തരക്കാർ മുസ്‌ലിംകളോ ക്രിസ്ത്യാനികളോ ജൂതൻമാരോ അല്ലെന്ന് നിങ്ങൾക്കുറപ്പിച്ചുപറയാനാകും. അവർ സോഷ്യൽ ഡാർവിനിസ്റ്റുകളാണ്. എന്നാലോ മതത്തിന്റെ മേലങ്കി അണിഞ്ഞിരിക്കുകയുംചെയ്യുന്നു.

അവർ യഥാർഥവിശ്വാസികളേയല്ല.  തങ്ങൾ മതത്തെ സേവിക്കുന്നുവെന്നാണ് അവർ അവകാശപ്പെടുന്നതെങ്കിലും  മതത്തിന്റെയും വിശ്വാസികളുടെയും യഥാർഥ ശത്രുക്കൾ അവരാണ്.  മതം വിലക്കിയ കുറ്റകൃത്യങ്ങൾ നിർദാഷിണ്യം അനുവർത്തിക്കുന്നതിലൂടെ അതിനെ ജനംവെറുക്കുന്ന അവസ്ഥയിലേക്കെത്തിക്കുകയാണ് അവർ ചെയ്യുന്നത്.

ഈ ഭൂമിലോകത്തെ പ്രയാസപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഭീകരതയുടെ വേര് ദൈവികമതങ്ങളിലല്ലെന്നും ദൈവനിരാസത്തിന്റെ പ്രകടരൂപങ്ങളായ ഡാർവിനിസത്തിലും ഭൗതികവാദത്തിലുമാണെന്നതാണ്  നാം മനസ്സിലാക്കേണ്ട വസ്തുത.

നീതിപാലിക്കണമെന്നും നൻമ ചെയ്യണമെന്നും കുടുംബ ബന്ധമുള്ളവർക്ക് സഹായം നൽകണമെന്നും അല്ലാഹു കൽപിക്കുന്നു. നീചവും നിഷിദ്ധവും അതിക്രമവും വിലക്കുകയും ചെയ്യുന്നു.(അന്നഹ്ൽ 90)

## സമാധാനം വേണോ,ഡാർവിനിസത്തിന്റെ അപകടം തിരിച്ചറിയണം

ഒരു പ്രശ്നത്തെ പരിഹരിക്കാനുള്ള ശ്രമങ്ങളിൽ അങ്ങേയറ്റം പ്രാധാന്യമുള്ളതാണ് ആ പ്രശ്നം എങ്ങനെയുണ്ടാകുന്നുവെന്നതിനെ സംബന്ധിച്ച സൂക്ഷ്മധാരണ. ഉദാഹരണത്തിന്, ദുർഗന്ധം വമിക്കുന്ന  ചവറ്റുകൊട്ടയുടെ ചുറ്റുവട്ടം എത്ര മാത്രം വൃത്തിയാക്കിയാലും ദുർഗന്ധം ഒരിക്കലും വിട്ടുമാറുകയില്ലല്ലോ. മാലിന്യങ്ങൾ എവിടെനിന്നാണ് അവിടെയെത്തുന്നതെന്ന് മനസ്സിലാക്കി അതവസാനിപ്പിക്കുകയും  ചവറ്റുകൊട്ട എടുത്തുമാറ്റലുമാണ് അതിനുള്ള പരിഹാരം. അല്ലാത്ത പക്ഷം, ഒരു ഫാമിൽ വിഷപ്പാമ്പുകളെ വളർത്തി വലുതാക്കി അവയെ പുറത്തേക്ക് തുറന്നുവിട്ടുവെന്ന് പറഞ്ഞതുപോലെയാകും. അന്നാട്ടുകാരെ  അവ വളഞ്ഞുചെന്ന് കടിക്കുമ്പോൾ അത്ഭുതപ്പെട്ടിട്ട് കാര്യമില്ലല്ലോ. അവയെ ഫാമിൽ വളർത്താതിരിക്കുകയായിരുന്നു വേണ്ടത് എന്നതാണ് മുഖ്യം.

അതേപോലെ ഭീകരതക്കെതിരായ പോരാട്ടമെന്ന് പറഞ്ഞ് ഭീകരരെ ഒന്നൊന്നായി അന്വേഷിച്ച് കണ്ടെത്തി തടങ്കലിലിടുകയെന്നത് ശരിയായ നടപടിക്രമമോ ശാശ്വതപരിഹാരമോ അല്ല. ഭൂമിയിൽനിന്ന് ഭീകരത തുടച്ചുനീക്കണമെങ്കിൽ ഭീകരരെ വളർത്തിയെടുക്കുന്ന അടിസ്ഥാനസ്രോതസ്സിനെ കണ്ടെത്തി അത് ഉൻമൂലനംചെയ്യുകയാണ് വേണ്ടത്.  സത്യത്തിൽ, ഭീകരതയുടെ  പ്രധാനഉറവിടം തെറ്റായ പ്രത്യയശാസ്ത്രങ്ങളും  അതിനെ വെളിച്ചമായി സ്വീകരിച്ച വിദ്യാഭ്യാസക്രമവുമാണ്.

ഇക്കാലത്ത്, ലോകത്തെല്ലാ രാജ്യങ്ങളിലും തന്നെ  ഡാർവിനിസം ശാസ്ത്രസത്യമെന്ന രൂപേണ സ്കൂൾ പാഠ്യപദ്ധതിയിൽ ഇടംപിടിച്ചിരിക്കുന്നു. തങ്ങൾ ദൈവ

ത്തിന്റെ സൃഷ്ടിയാണെന്നും ആത്മാവും യുക്തിജ്ഞാനവും വിവേകവും നൽകപ്പെട്ടിട്ടുണ്ടെന്നും വിദ്യാർഥികളെ ആരും പഠിപ്പിക്കുന്നില്ല. ഇഹലോകപ്രവർത്തനങ്ങളുടെ പേരിൽ തങ്ങൾ വിചാരണചെയ്യപ്പെടുമെന്നും സദ്കർമങ്ങൾക്ക് സ്വർഗം പ്രതിഫലംലഭിക്കുമെന്നും ദുർവൃത്തികൾക്ക് നരകശിക്ഷ ലഭിക്കുമെന്നും അവരെ ബോധ്യപ്പെടുത്തുന്നില്ല. മറിച്ച്, തങ്ങളുടെ ആദ്യപിതാക്കൻമാർ മൃഗങ്ങളാണെന്നുള്ള പെരുംനുണയാണ് അവരെ വിശ്വസിപ്പിച്ചിരിക്കുന്നത്. ഈ രീതിയിൽ മൂല്യനിരാസത്തിലൂടെ വളർത്തിയെടുക്കപ്പെട്ട തലമുറ ദൈവത്തോട് ഉത്തരംബോധിപ്പിക്കേണ്ടതില്ലാത്ത തന്നിഷ്ടക്കാരായി ജീവിക്കുന്നു. മാത്രമല്ല, ഭാവിജീവിതം പോരാട്ടത്തിലൂടെ മാത്രമേ ശോഭനമാകൂ എന്ന് ധരിച്ചുവശാകുകയുംചെയ്യുന്നു. തങ്ങളുടെ സ്കൂൾപഠനകാലത്ത് മൂല്യബോധം ചോർന്നുപോയ അത്തരം വ്യക്തികളെ യൗവനത്തിൽ മസ്തിഷ്കപ്രക്ഷാളനം ചെയ്ത് പിഞ്ചുകുഞ്ഞുങ്ങളെപ്പോലും നിർദ്ദയം കൊന്നുതള്ളുന്ന മാനവരാശിയുടെ ക്രൂരശത്രുക്കളാക്കി മാറ്റാൻ എളുപ്പമാണ്. അത്തരക്കാർ വഴിപിഴച്ച ജീവിതദർശനങ്ങളിലേക്ക് എളുപ്പം ആകർഷിക്കപ്പെടുമെന്ന് മാത്രമല്ല, ഭീകരവാദികളുടെ സ്വാധീനവലയങ്ങളിൽ അകപ്പെടുകയുംചെയ്യും. അവരുടെ നിർദ്ദേശങ്ങൾക്കൊത്ത് എല്ലാവിധ അക്രമ-നിഷ്ഠുര പ്രവർത്തനങ്ങളുംചെയ്യാൻ സന്നദ്ധരാകും. പത്തൊമ്പതാംനൂറ്റാണ്ടിൽ നിലവിൽവന്ന കമ്മ്യൂണിസ്റ്റ്, ഫാസിസ്റ്റ്, വംശീയ ഭീകരസംഘങ്ങളൊക്കെത്തന്നെ അത്തരത്തിലുള്ള വിദ്യാഭ്യാസത്തിന്റെ ഉൽപന്നങ്ങളാണ്.

വിദ്യാഭ്യാസത്തെ മതത്തിൽനിന്ന് അകറ്റിനിറുത്തുന്നുവെന്നതാണ് ഈ പാഠ്യപദ്ധതിയുടെ രണ്ടാമത്തെ അപകടം. അതുവഴി മതം വിദ്യാഭ്യാസമില്ലാത്തവരുടെ വൃത്തത്തിൽമാത്രം പരിമിതപ്പെടുന്നു. വിദ്യാഭ്യാസം നേടിയവരെല്ലാം മതത്തിൽനിന്ന് മാറ്റിനിറുത്തപ്പെടുന്നതോടെ വിദ്യയഭ്യസിക്കാനാകാത്തവരുടെ മാത്രം കൈവശമുള്ള അസാധാരണമായെന്തോ ആണ് മതമെന്ന ധാരണ പരക്കുകയായി. ഇത് അന്ധവിശ്വാസജഢിലവും അബദ്ധങ്ങൾ നിറഞ്ഞതുമായ ആശയങ്ങൾക്ക് പിറവിയൊരുക്കി. അത്തരം ആശയങ്ങളിൽനിന്ന് ഊർജം സ്വീകരിച്ചവർ മതത്തിന്റെ പേരുപറഞ്ഞ് മതവിരുദ്ധമായ ആശയങ്ങൾ മുന്നോട്ടുവെക്കുകയും അതിലൂടെ യുവാക്കളെ അനായാസം തങ്ങളുടെ ചൊൽപടിയിൽ നിറുത്തുകയുമായിരുന്നു.

സെപ്റ്റംബർ 11 ഇപ്പറഞ്ഞതിന് മികച്ച ഉദാഹരണമാണ്. ദൈവത്തെ ഭയക്കുന്ന, അവനെ സ്നേഹിക്കുന്ന, നാളെ അവനോട് കണക്കുപറയേണ്ടിവരുമെന്ന് ബോധ്യമുള്ള ഒരാളും പതിനായിരങ്ങളെ മുറിവേൽപ്പിക്കുകയും കൊലപ്പെടുത്തുകയും ആയിരക്കണക്കായ അനാഥബാല്യങ്ങളെ സൃഷ്ടിക്കുകയുംചെയ്യുന്ന ഹീനകൃത്യത്തിന് മുതിരുകയില്ല. തന്റെ ക്രൂരകൃത്യങ്ങൾക്കിരയാക്കപ്പെടുന്ന ഓരോ ജീവിതവും നാളെ തനിക്ക് വെന്തെരിയുന്ന നരകശിക്ഷയൊരുക്കുന്നതിൽ കാരണക്കാരായിത്തീരുമെന്ന് അവന്നറിയാം.

ചുരുക്കത്തിൽ, ഭീകരതയ്ക്ക് അന്ത്യം കുറിക്കണമെങ്കിൽ ഡാർവിനിസ്റ്റ് ഭൗതിക വിദ്യാഭ്യാസക്രമത്തെ ഇല്ലാതാക്കിയേ മതിയാകൂ. ശരിയായ ശാസ്ത്രീയവസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസക്രമമാണ് യുവജനങ്ങൾക്ക് നൽകേണ്ടത്. അത് അവർക്ക് ദൈവഭയവും തദ്ഫലമായി വിവേകവും സൂക്ഷ്മതയും കൈക്കൊള്ളാൻ പ്രചോദനമേകും. അത്തരം വിദ്യാഭ്യാസക്രമത്തിന്റെ ഫലമായി സമാധാനകാംക്ഷികളും വിശ്വസ്തരും, വിട്ടുവീഴ്ചചെയ്യുന്നവരും സഹാനുഭൂതിയുള്ളവരും ആർദ്രഹൃദയരുമായ മനുഷ്യസമൂഹം പിറവിയെടുക്കും.

## ഏകശിലാ ഡാർവിനിസ്റ്റ് വിദ്യാഭ്യാസക്രമത്തിന്റെ പ്രശ്നങ്ങൾ

മനുഷ്യജീവിതത്തിന് പ്രത്യേകിച്ചെന്തെങ്കിലും ലക്ഷ്യബോധം നൽകാത്ത ഒരു നുണപ്രചാരണം മാത്രമാണ് ഡാർവിനിസ്റ്റ് വിദ്യാഭ്യാസക്രമത്തിലൂടെ നടത്തപ്പെടുന്നത്. എന്നുമാത്രമല്ല, അത് ജനങ്ങളെ മനോരോഗികളും ആക്രമണോത്സുകരും ആക്കുക മാത്രമല്ല, പ്രതീക്ഷയും സന്തോഷവും അസ്തമിച്ച വിഷാദരോഗികളുമാക്കുന്നു.

ഇതിന് മികച്ച ഉദാഹരണമാണ് നോർവെയിൽ ഭീകരാക്രമണം നടത്തിയ ആൻഡേഴ്സ് ബെറിങ് ബ്രെവിക്. 2011 ജൂലായ് 22 ന് നടത്തിയ രണ്ട് ഭീകരാക്രമണങ്ങൾക്കുപിന്നിലും താനായിരുന്നുവെന്ന് അയാൾ സമ്മതിച്ചു. ഓസ്ലോയിലെ സർക്കാർ ഓഫീസ് സമുച്ചയത്തിൽ ബോംബുവെച്ച് 8 പേരെ കൊലപ്പെടുത്തിയതായിരുന്നു അതിലൊന്ന്. ഉട്ടോയ ദ്വീപിലെ ലേബർപാർട്ടി യൂത്ത് ക്യാമ്പിൽ കടന്നുകയറി നടത്തിയ ആക്രമണമായിരുന്നു രണ്ടാമത്തേത് . അതിൽ 69 പേരാണ് കൊല്ലപ്പെട്ടത്.

ആക്രമണത്തിനുമുമ്പ് തന്റെ കാഴ്ചപ്പാടുകൾ വ്യക്തമാക്കിക്കൊണ്ട് തയ്യാറാക്കിയ 'യൂറോപ്യൻ ഇന്റിപെന്റൻസ് മാനിഫെസ്റ്റോ' യുടെ 1518-ാം പേജിൽ ആധുനികജീവശാസ്ത്രത്തിന്റെയും ശാസ്ത്രീയലോകകാഴ്ചപ്പാടിന്റെയും വക്താവാണ് താനെന്ന് ബ്രെവിക് ഊറ്റംകൊള്ളുന്നുണ്ട്. താനേറെ വിലമതിക്കുന്ന പുസ്തകങ്ങളിലൊന്ന് ചാൾസ് ഡാർവിന്റെ 'ഒറിജിൻ ഓഫ് സ്പീഷീസ് '[1] ആണെന്ന് അയാൾ വ്യക്തമാക്കുന്നു. സോഷ്യൽ ഡാർവിനിസ്റ്റ് നിയമങ്ങൾ ഉൾക്കൊണ്ടതായിരിക്കും 'എല്ലാംതികഞ്ഞ യൂറോപ്' [2]എന്നതായിരുന്നു ബ്രെവികിന്റെ വീക്ഷണം.

'ബുദ്ധിയും ആരോഗ്യവുമുള്ള കുട്ടികൾക്ക് മാത്രമേ ജൻമംകൊടുക്കാനനുവദിക്കാവൂ' എന്ന പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഡാർവിനിസ്റ്റ് ബയോളജിസ്റ്റായ ലീ സിൽവറിന്റെ അഭിപ്രായത്തെ ബ്രെവിക് പിന്താങ്ങുന്നത് അതേ പുസ്തകത്തി

ലെ 1202 -ാം പേജിൽ കാണാം. നിലവിലെ ലോകജനസംഖ്യ നേർപകുതിയായി അതായത് 3.8 ബില്യൺ ആയി(അക്കാലത്തെ കണക്ക്) കുറക്കണമെങ്കിൽ തീവ്രന യങ്ങൾ കൈക്കൊള്ളേണ്ടതുണ്ടെന്ന സിൽവറിന്റെ [3]കാഴ്ചപ്പാടുതന്നെയാണ് ബ്രെ വിക്കിനുമുള്ളത്. അതേപേജിൽതന്നെ ഡാർവിന്റെ 'വംശീയഹത്യയും പ്രകൃതി യുടെ തെരഞ്ഞെടുപ്പും കൈകോർത്തുപോകണമെന്ന നിലപാടുതന്നെയാണ് ശ രിയെന്ന് അയാൾ തറപ്പിച്ചുപറയുന്നു.

'രണ്ടും മൂന്നും ലോകരാജ്യങ്ങളെല്ലാം തന്നെ 'ആധിപത്യ'ത്തിന്റെ ഈ ആഹ്വാനം ( കുട്ടികളുണ്ടാകുന്നത് നിറുത്തിവെക്കാനുള്ള) അവഗണിക്കുന്നപക്ഷം പ്രകൃതിത ന്നെ അത്തരത്തിലുള്ള ആത്മഹത്യാപരമായ നടപടിയെ പട്ടിണിമരണങ്ങളിലൂടെ തിരുത്തുന്നതാണ്.4'

പട്ടിണിയും ഭക്ഷ്യക്ഷാമവും തുടങ്ങി പ്രകൃതിയുടെ സ്വാഭാവികനടപടിയിൽ യാ തൊരുവിധ ഇടപെടലുകളും പാടില്ലെന്ന നിലപാടാണ് ബ്രെവികിനുണ്ടായിരു ന്നത്. 'നമ്മുടെ നിർദ്ദേശങ്ങൾ(ജനസംഖ്യാപെരുപ്പം നിയന്ത്രിക്കുന്നതിലുള്ള) സ്വീ കരിക്കാനും നടപ്പാക്കാനും പരാജയപ്പെടുന്ന രാജ്യങ്ങളിൽ പട്ടിണിയും ഭക്ഷ്യക്ഷാ മവും ഉണ്ടാകുന്ന പക്ഷം ആ ഭരണകൂടങ്ങളെ തുടരാനനുവദിക്കുംവിധം യാതൊ രുവിധ സഹായങ്ങളും നൽകരുത്[5]. ജനസംഖ്യാവർധനക്ക് കാരണമായ ഭക്ഷ്യസ ഹായങ്ങൾ നൽകുന്നത് എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം.[6]'

വ്യക്തിപരമായ ഇത്തരം കാഴ്ചപ്പാടുകൾ തുറന്നെഴുതിക്കൊണ്ടുള്ള ബ്രെവികിന്റെ അഭിപ്രായപ്രകടനങ്ങൾ ഡാർവിനിസ്റ്റ് വിദ്യാഭ്യാസത്തിലൂടെ മൂല്യബോധം നഷ്ട പ്പെട്ട മനുഷ്യനെയാണ് തുറന്നുകാട്ടുന്നത്. അക്കാരണത്താൽതന്നെ ആളുകളെ നി ഷ്ഠൂരമായി കൊന്നുതള്ളുന്ന ഭീകരാക്രമണങ്ങൾക്ക് ഒരുമ്പെട്ടിറങ്ങാൻ അയാൾക്ക് മടിയേതുമുണ്ടായില്ല.

ഡാർവിനിസ്റ്റ് വിദ്യാഭ്യാസത്തിന്റെ ഫലമായുണ്ടായ ധാർമികാധപതനത്തിന്റെയും ക്രൂരതയുടെയും ഉദാഹരണങ്ങളിൽപെട്ടതാണ് അമേരിക്കൻ പരമ്പരക്കൊലയാ ളിയായ ജെഫ്രി ഡാമർ. പതിനേഴ് കുട്ടികളെ കൊന്നുതിന്ന അയാളെ പോലീസ് ഒടുവിൽ പിടികൂടുകയായിരുന്നു. വധശിക്ഷയ്ക്ക് വിധേയനാക്കും മുമ്പ് എൻബി സി ചാനലിന്റെ ഡേറ്റ് ലൈൻ പരിപാടിയിലെ അഭിമുഖത്തിൽ അയാൾ ഇങ്ങനെ വെളിപ്പെടുത്തി:

''ചോദ്യംചെയ്യുന്ന ഒരു ദൈവമുണ്ടെന്ന് വിശ്വസിക്കാത്ത ഒരാൾ സമൂഹത്തിന് സ്വീകാര്യമായ രീതിയിൽ തന്റെ സ്വഭാവം രൂപപ്പെടുത്തേണ്ട കാര്യമെന്തിരിക്കു ന്നു?' എന്റെ ചിന്താഗതി അതായിരുന്നു. പരിണാമസിദ്ധാന്തം സത്യമെന്ന് ഞാൻ

വിശ്വസിച്ചു. അതായത്, യാദൃശ്ചികതയുടെ  ബാക്കിപത്രമാണ് നാമെല്ലാവരും. മരണത്തോടെ എല്ലാം അവസാനിക്കുന്നു. അത്രേയുള്ളൂ കാര്യം7.'

ഡാർവിന്റെ അന്ധവിശ്വാസം ഒട്ടേറെ ആളുകളുടെ മനസ്സുകളെ വിഷലിപ്തമാക്കി. അത് അവരെ പരമ്പരക്കൊലയാളികളും നരമാംസഭോജികളാക്കിത്തീർത്തു.  സ്രഷ്ടാവിനോട് യാതൊരു കടപ്പാടോ ബാധ്യതയോ ഇല്ലെന്ന വാദമുയർത്തി മനുഷ്യരെ നിർമതരാക്കുന്ന 'മത'മായിരുന്നു അത്.  മനുഷ്യന് പ്രത്യേകിച്ചൊരു ജീവിതലക്ഷ്യമൊന്നുമില്ലെന്ന് ആ മതം വിശ്വസിപ്പിച്ചു. നിരുത്തരവാദിത്തപരമായി പെരുമാറാനും   ദിശാബോധം നഷ്ടപ്പെട്ട് അലഞ്ഞുതിരിയാനും അത് വഴിയൊരുക്കി. എന്നല്ല, മനുഷ്യനെ വെറുമൊരു മൃഗമായാണ് അത്  പരിഗണിച്ചത്.  മരണം എല്ലാറ്റിനും പര്യവസാനം കുറിക്കുന്നുവെന്നുമുള്ള മിഥ്യാധാരണ പരത്തിക്കൊണ്ട് അത് മനുഷ്യനെ പരലോകനിഷേധത്തിലേക്ക്  തള്ളിവിട്ടു.

കഴിഞ്ഞ രണ്ടുശതാബ്ദക്കാലയളവിൽ ഏറ്റവും കൂടുതൽ കൂട്ടക്കൊലകളും ,അധിനിവേശവും ഭീകരതയും കൊലപാതകങ്ങളും  സമ്മാനിച്ച,  പിന്നിട്ട നൂറ്റാണ്ടിലെ ഏറ്റവും വലിയ  ദുരന്തവും വഞ്ചനയുമായിരുന്നു ഡാർവിനിസം. ലോകയുദ്ധങ്ങൾക്കും കമ്യൂണിസ്റ്റ് -ഫാസിസ്റ്റ്  ഭീകരതകൾക്കും വഴിയൊരുക്കിക്കൊണ്ട് ജനസമൂഹത്തെ മതനിരാസത്തിലേക്കും  വംശീയസംഘർഷങ്ങളിലേക്കും  നരഹത്യയിലേക്കും നയിച്ചത് ഡാർവിനിസമായിരുന്നു.

ഡാർവിനിസം സമൂഹത്തിലുണ്ടാക്കിയ ദുരന്തങ്ങളുടെ ദൗർഭാഗ്യകരമായ പ്രത്യാഘാതങ്ങൾ ഇന്നും നിലനിൽക്കുന്നു. മനുഷ്യരെ നിരാശയിലേക്കും അശുഭാപ്തിവിശ്വാസത്തിലേക്കും  തള്ളിയിടുംവിധം ദൈവനിരാസത്തിന് പ്രേരിപ്പിക്കുന്ന വീക്ഷണങ്ങളാണ് ഡാർവിനിസത്തിന്റെ  വിനീതദാസനായ റിച്ചാർഡ് ഡോക്കിൻസിന്റെ ഏറ്റവും പുതിയ പുസ്തകം സമർപ്പിക്കുന്നത്. അതിന്റെ  ഞെട്ടിപ്പിക്കുന്ന ഉദാഹരണമാണ് 22കാരനായ അമേരിക്കൻ വിദ്യാർഥി ജെസ്സി കിൽഹർ.  അധ്യാപകന്റെ നിർദ്ദേശാനുസരണം ഡോക്കിൻസിന്റെ പുസ്തകം വായിച്ച  ആ വിദ്യാർഥി പക്ഷേ വൈകാതെതന്നെ ആത്മഹത്യയിൽ അഭയം തേടുകയായിരുന്നു8.

ഡാർവിനിസമെന്ന ആസുരദർശനത്തെ അടിസ്ഥാനമാക്കി ഡോക്കിൻസ് മുന്നോട്ടുവെക്കുന്ന ഭീകരമായ വീക്ഷണങ്ങളുടെ പ്രഭാവം അവിടംകൊണ്ടുമവസാനിച്ചില്ല. 'അൺവീവിങ് ദ റെയ്ൻബോ' എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ ഡോക്കിൻസ്തന്നെ പ്രസ്തുത വീക്ഷണങ്ങളുടെ ആസുരതയെ തുറന്നുസമ്മതിക്കുന്നുണ്ട്:

' പുസ്തകം വായിച്ചിട്ട് 3 ദിനരാത്രങ്ങൾ ഉറങ്ങാൻ കഴിഞ്ഞില്ലെന്ന് എന്റെ

ആദ്യപുസ്തകത്തിന്റെ അച്ചടിനിർവഹിച്ച വിദേശപ്രസാധകൻ  തുറന്നുപറഞ്ഞു. പുസ്തകത്തിന്റെ ഉള്ളടക്കത്തിലെ സുഖകരമല്ലാത്ത സന്ദേശം അയാളിൽ ഉള വാക്കിയ ആത്മസംഘർഷം അത്രമാത്രം വലുതായിരുന്നു. എനിക്കെങ്ങനെ രാവി ലെ ഉണരാൻകഴിയുന്നുവെന്നാണ്  വേറെ ചിലർ ചോദിച്ചത്.  ജീവിതം വ്യർഥവും ശൂന്യവുമായിത്തോന്നുവെന്ന്  ഈ പുസ്തകം വായിച്ച  ഒരു വിദ്യാർഥി കരഞ്ഞു കൊണ്ട് പരാതിപ്പെട്ടതായി  വിദൂരദേശത്തെ ഒരു അധ്യാപകൻ രൂക്ഷമായി വിമർ ശിച്ചുകൊണ്ട്  എനിക്കെഴുതി.  ശുഭാപ്തിവിശ്വാസം നഷ്ടപ്പെട്ട് നിരർഥവാദത്തിൽ പെട്ടുപോകാതിരിക്കാൻ മറ്റുകൂട്ടുകാർക്കൊന്നും പുസ്തകം കാട്ടിക്കൊടുക്കരുതെ ന്ന് പ്രസ്തുത വിദ്യാർഥിയോട് ഉപദേശിച്ചിരിക്കുകയാണ് ആ അധ്യാപകൻ9'.

യാദൃശ്ചികമായി  പിറവിയെടുത്ത മൃഗങ്ങളാണ് തങ്ങളെന്ന്  ജനങ്ങളെ ധരി പ്പിക്കാനാണ് , മൃത്യുവും കൊലയും നിരാശയും നിർവികാരതയും ഭീകരതയും ക്രൂരതയും സമ്മാനിക്കുന്ന ഡാർവിനിസമെന്ന പൈശാചികവിപത്ത് പ്രോത്സാഹ നമേകിയത്. പ്രസ്തുതചിന്താഗതിയുടെ അവശേഷിച്ച പ്രതിനിധികൾ ജനങ്ങളിൽ നിന്ന് ദൈവവിശ്വാസം ഇല്ലായ്മ ചെയ്യാൻ തങ്ങളുടെ പ്രയത്നമത്രയും ഇപ്പോഴും ചെലവഴിച്ചുകൊണ്ടിരിക്കുന്നു.  അതുകൊണ്ടാണവർ ഡാർവിനിസ്റ്റ് വീക്ഷണത്തി ന്റെ ദൗർബല്യങ്ങൾ തുറന്നുകാട്ടുന്ന അധ്യാപനങ്ങളെ സ്കൂളുകളിൽ ശക്തിയാ യെതിർക്കുന്നത്. സൃഷ്ടിവാദത്തെ സമർഥിക്കുന്ന ഫോസ്സിലുകൾ ഒളിപ്പിച്ചുവെക്കു ന്നത്. യാദൃശ്ചികമായി പ്രോട്ടീൻ ഉണ്ടാവുകയില്ലെന്ന് സമ്മതിക്കാത്തത്.  350 മി ല്യൺ ഫോസിലുകൾ ഡാർവിനിയൻ സിദ്ധാന്തത്തെ തീർത്തും നിരാകരിക്കുന്നു വെന്ന് അംഗീകരിക്കാൻ വിസമ്മതിക്കുന്നത്. ഡാർവിനിസത്തിന്റെ വഞ്ചനാത്മ കമായ തനിനിറം തുറന്നുകാണിച്ചിട്ടും അതെല്ലാം അവഗണിച്ച്  അതിനെ സജീവ ചർച്ചയാക്കി നിലനിർത്താനുള്ള ശ്രമം പക്ഷേ വിഫലമായിക്കൊണ്ടിരിക്കുന്നു.

1.http://www.darwinthenandnow.com/2011/07/breivik-a-darwinist/?cb=09394448816310614

2. ആൻഡേഴ്സ് ബെറിങ് ബ്രെവിക്, എ യൂറോപ്യൻ ഡിക്ലറേഷൻ ഓഫ് ഇന്റിപെന്റൻസ്, പേജ്: 1386

3.http://www.darwinthenandnow.com/2011/07/breivik-a-darwinist/?cb=09394448816310614

4. ആൻഡേഴ്സ് ബെറിങ് ബ്രെവിക്, എ യൂറോപ്യൻ ഡിക്ലറേഷൻ ഓഫ് ഇന്റിപെന്റൻസ്, പേജ്: 1202

5. ആൻഡേഴ്സ് ബെറിങ് ബ്രെവിക്, എ യൂറോപ്യൻ ഡിക്ലറേഷൻ ഓഫ് ഇന്റിപെന്റൻസ്, പേജ്: 1202

6. ആൻഡേഴ്സ് ബെറിങ് ബ്രെവിക്, എ യൂറോപ്യൻ ഡിക്ലറേഷൻ ഓഫ്

ഇന്റിപെന്റൻസ്, പേജ്: 1203
7. കെല്ലി ജെ. കോഗ്ലാൻ, ഹൂസ്റ്റൺ ക്രോണിക്ൾ സൺഡേ-15 ഫെബ്രുവരി 2009
8. http://www.worldnetdaily.com/index.php?fa=PAGE.view&pageId=81459
9. റിച്ചാർഡ് ഡോക്കിൻസ് , അൺവീവിങ് ദ റെയ്ൻബോ ന്യൂയോർക്ക്: ഹഫ്ടൺ മിഫ്ളിൻ കമ്പനി, 1998, പേജ് 9

## ഭീകരതയ്ക്ക് കാരണം സ്കൂളിലെ ഡാർവിൻ തിയറി

ഈ ലോകത്ത് ഒന്നും യാദൃശ്ചികമായി സംഭവിക്കുന്നില്ല. ഇരുപതും ഇരുപത്തിയൊന്നും നൂറ്റാണ്ടുകളിൽ ലോകം ഇരുട്ടിലായിട്ടുമില്ല. ചരിത്രത്തിന്റെ വേദനാജനകമായ ഈ ദശകളിൽ ദൈവം മനുഷ്യരാശിയെ വലിയ ഉദാഹരണം കാട്ടിക്കൊടുക്കുകയായിരുന്നു. മനുഷ്യർ അതിപ്പോഴും കാണണമെന്ന് അവൻ ആഗ്രഹിക്കുന്നു. മനുഷ്യർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട് :പരസ്പരം സ്നേഹിക്കാനും സാഹോദര്യംപുലർത്താനും സൗഹൃദം നിലനിർത്താനും  സമഭാവനകൈക്കൊള്ളാനും വേണ്ടി സൃഷ്ടിക്കപ്പെട്ട വിശിഷ്ടവർഗമാണ് അവർ. ഈ സത്യം വിസ്മരിച്ച് 'പുരോഗതിക്ക് യുദ്ധവും കൊലയും അനിവാര്യമാണ്' എന്ന് പ്രചരിപ്പിക്കുന്ന അബദ്ധജഢിലമായ സിദ്ധാന്തങ്ങളിലും പ്രസ്ഥാനങ്ങളിലും വിശ്വസിച്ച്, ഒന്നിച്ചുനിന്ന് ശക്തരാകേണ്ടതിനുപകരം ഭിന്നിച്ച് പരസ്പരം പോരടിക്കാനാണ് ഭാവമെങ്കിൽ അവരാഗ്രഹിച്ചതേ കിട്ടൂ: അതായത്, യുദ്ധവും അതിന്റെ ദുരിതങ്ങളും. അങ്ങനെ ഏറ്റുമുട്ടലും യുദ്ധങ്ങളും പുരോഗതിയല്ല സർവ്വനാശമാണ് സമ്മാനിച്ചതെന്ന് അവർ വൈകാതെതന്നെ  തിരിച്ചറിയും.

## ഡാർവിനിസവും കമ്മ്യൂണിസവും യുദ്ധോത്സുകസിദ്ധാന്തങ്ങൾ

ക്രിസ്തുവിന് മുമ്പ് ഗ്രീസിൽ ജീവിച്ചിരുന്ന ഹെറാക്ലീറ്റസി(576-480)ന്റെ 'വിരുദ്ധദ്വന്ദ്വങ്ങളുടെ ഏറ്റുമുട്ടലിലൂടെയാണ്  എല്ലാം അസ്തിത്വം പ്രാപിച്ചത് ' എന്ന പ്രസ്താവനയുടെ ചുവടുപിടിച്ചാണ് 'ദ്വന്ദ്വമാനഭൗതികവാദം'(ഡയലെക്ടിക് മെറ്റീരിയലിസം) കടന്നുവരുന്നത് . അദ്ദേഹത്തിന്റെ വീക്ഷണത്തിൽ എല്ലാറ്റിന്റെയും പിതാവ് സംഘർഷമാണ്. അതുകൊണ്ട് തിസീസി(പൂർവപക്ഷം)ന്റെയും ആന്റി തിസീസി(പ്രതിപക്ഷം)ന്റെയും ഇടയിൽ ഏറ്റുമുട്ടലുണ്ടാകേണ്ടതുണ്ട്. ഒരു തിസീസിന്റെ വക്താക്കളെ പരാജയപ്പെടുത്തണമെങ്കിൽ  അത്  യുദ്ധത്തിലൂടെയും രക്തച്ചൊരിച്ചിലിലൂടെയും എതിരാളിയെ സമ്പൂർണമായി നശിപ്പിച്ചുകൊണ്ടേ സാധ്യമാകൂ.അങ്ങനെ വരുമ്പോൾ സിന്തെസിസ്(ഉദ്ഗ്രഥനം) ഒരു പുതിയ തിസീസ് ആയി ഉയർന്നുവരികയും അങ്ങനെ പ്രസ്തുത സംഘർഷം ഗതിവേഗമാർജിച്ച് തുടർന്നുകൊണ്ടേയിരിക്കുകയുംചെയ്യും.

നൂറ്റാണ്ടുകൾക്കുശേഷം ഹെറാക്ലീറ്റസിന്റെ അതേ വീക്ഷണഗതികൾ പങ്കുവെച്ച് ഹെഗലും മാർക്സും അതിനെ 'ഏറ്റുമുട്ടൽ' എന്ന് വിളിച്ചു. അപ്പോഴത് പ്രത്യക്ഷ യുദ്ധമൊന്നുമായിരുന്നില്ലെങ്കിലും ഒട്ടുംവൈകാതെ കടന്നുവന്ന കമ്മ്യൂണിസ്റ്റ് നേതാക്കൾ അതിനെ യുദ്ധമെന്നും കൂട്ടക്കൊലയെന്നും വ്യവഹരിച്ചു. യുദ്ധത്തിന്റെ ആവശ്യകതയിൽ വിശ്വസിച്ച അവർ മാർക്സിസത്തിന് അത് അനിവാര്യമെന്ന് മനസ്സിലാക്കി. ഇന്നത്തെ ഹരിതകമ്മ്യൂണിസ്റ്റുകൾ യുദ്ധമെന്ന ആശയത്തെ തള്ളിപ്പറയുന്നുണ്ടെങ്കിലും ആ പ്രത്യയശാസ്ത്രം മിന്നലാക്രമണങ്ങളും ഗറില്ലായുദ്ധരീതിയും,കൂട്ടക്കൊലകളും നിസ്സങ്കോചം കൈക്കൊള്ളുന്നത് കാണാനാകുന്നു. സമകാലീനലോകത്ത് ,സിറിയയിലെ കൂട്ടക്കൊലകളും  തെക്കുകിഴക്കൻ അനറ്റോലിയ(തുർക്കി)യിലെ  കമ്മ്യൂണിസ്റ്റ് പികെകെയുടെ  ചെയ്തികളും അതിന് തെളിവാണ്.

## കമ്മ്യൂണിസ്റ്റ് ഭീകരതയുടെ കെടുതികൾ

തുർക്കിയടക്കമുള്ള രാജ്യങ്ങൾ യഥാർഥത്തിൽ കമ്മ്യൂണിസത്തിന്റെ ഭീകരതകൾക്കെതിരെയാണ് പോരാടുന്നത്. ഇന്നും കമ്മ്യൂണിസം വളരെ സജീവമാണെന്നുതന്നെ പറയാം. വടക്കേ അമേരിക്കയുടെയും  വടക്കൻ യൂറോപ്പിന്റെയും മിക്കവാറും മിഡിലീസ്റ്റിന്റെയും  ഒക്കെ നിയന്ത്രണം ആരും സമ്മതിച്ചാലുമില്ലെങ്കിലും കമ്മ്യൂണിസത്തിന്റെ നിയന്ത്രണത്തിലാണ്. ലാറ്റിനമേരിക്കൻ രാജ്യങ്ങൾ, ചൈന, വടക്കൻകൊറിയ തുടങ്ങിയ നാടുകളിൽ കമ്മ്യൂണിസ്റ്റ് ഭരണമാണെന്നത് ഏവരും അംഗീകരിക്കുന്ന കാര്യമാണ്. ഈ കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് ഭരണമാണ് ലോകമൊട്ടാകെ ഭീകരത നടത്തുന്നത്. മാർക്സിസം ഉയർത്തുന്ന ഈ ഭീഷണിക്കെതിരെ കണ്ണടച്ചുപിടിച്ച് ഒരിക്കലും അവസാനിക്കാത്ത ടി. വി. ചാനൽചർച്ചകളിലൂടെ ഭീകരതയ്ക്ക്, ലോകം പരിഹാരം തേടിക്കൊണ്ടിരിക്കുന്നു. അതേസമയം അവരെല്ലാവരും തങ്ങളുടെ വിദ്യാർഥികളെ ദ്വന്ദ്വമാനഭൗതികവാദം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. തികച്ചും വിരുദ്ധമായ രണ്ടാശയങ്ങൾ തമ്മിൽ സംഘർഷം അനിവാര്യമാണെന്ന , ചരിത്രം  അത്തരം സംഘർഷങ്ങളുടേതാണെന്ന പെരുംനുണ വിദ്യാർഥികളുടെ മനസ്സിൽ ഊട്ടിയുറപ്പിക്കുന്നു. അത്തരം സംഘർഷങ്ങളാണ് പുരോഗതി നേടിത്തരികയെന്നും സമൂഹങ്ങൾക്ക് ഗുണകരമാവുകയെന്നും അവരെ വിശ്വസിപ്പിക്കുന്നു. ഭീകരർതന്നെയും അത്തരം നുണകളിൽ അഭിരമിക്കുകയാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും മുതലാളിത്തരാജ്യങ്ങളും ഒരേസമയം വിദ്യാർഥികളെ ഇതാണ് പഠിപ്പിക്കുന്നതെന്ന വിരോധാഭാസവുമുണ്ട്. അതിനാൽതന്നെ മാർക്സിസ്റ്റ് ചിന്താഗതി എല്ലാ നാടുകളിലും വേരുറപ്പിച്ചുകൊണ്ട് മുന്നോട്ടുനീങ്ങുകയാണ്.

ഇവിടെ മറ്റൊരു സംഗതികൂടി പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ട്; അതായത്, മുത

ലാളിത്തം ഒരിക്കലും കമ്മ്യൂണിസത്തിന് തിരിച്ചടിയായല്ല വന്നിട്ടുള്ളത്. ഒരുവേള, മാർക്സിന്റെ വീക്ഷണമനുസരിച്ച് കമ്മ്യൂണിസത്തിലേക്ക് ജനത എത്തിപ്പെടണ മെങ്കിൽ മുതലാളിത്തം അനിവാര്യമായും ഉണ്ടാകേണ്ടതുണ്ട്. മനുഷ്യരിലെ ധാർമി ക-മാനവിക-മത മൂല്യങ്ങളെല്ലാം കയ്യൊഴിച്ച് അവരെ സ്വാർഥരാക്കുന്ന മുതലാളി ത്തത്തിന്റെ വലയിൽപ്പെട്ട ജനങ്ങളെ കടന്നാക്രമിക്കാൻ അവസരം പാർത്തിരിക്കു കയാണ് കമ്മ്യൂണിസം. ഏറ്റവുമൊടുവിലുണ്ടായ സാമ്പത്തികമാന്ദ്യം കമ്മ്യൂണിസ ത്തിന് നല്ലൊരു അവസരമാണ് നൽകിയത്. മാർക്സിസ്റ്റുകളുടെയും കമ്മ്യൂണി സ്റ്റുകളുടെയും വീക്ഷണത്തിൽ എല്ലാം ഇപ്പോൾ അനുകൂലമാണ്. ഈ സംഭവവി കാസം ശരിക്കുമറിയണമെന്നാഗ്രഹിക്കുന്നവർ വർത്തമാനലോകത്ത് നടക്കുന്ന പ്ര ശ്നങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മാത്രം മതിയാകും.

## വിരുദ്ധാശയങ്ങൾ സംഘർഷം അനിവാര്യമാക്കുന്നില്ല.

ചരിത്രത്തിലെന്നും വിരുദ്ധ ആശയങ്ങളും തത്ത്വദർശനങ്ങളും പ്രതിഭാസങ്ങളുമു ണ്ടായിരുന്നിട്ടുണ്ട്. നൻമയും തിൻമയും തമ്മിൽ സംഘർഷം ലോകചരിത്രാരംഭം തൊട്ടേയുള്ളതാണ്. എന്നിരുന്നാലും ഈ സംഘർഷം എന്തെന്ന് കൃത്യമായി നിർ വചിക്കപ്പെടേണ്ടതുണ്ട്. വിരുദ്ധാശയങ്ങൾ യുദ്ധം അനിവാര്യമാക്കുന്നില്ല. വിരുദ്ധ ചേരികൾക്ക് പരസ്പരാശയവിനിമയത്തിലൂടെയും ബുദ്ധിപരമായ സംവാദത്തിലൂ ടെയും തെളിവുകളുടെ പിൻബലത്തിലുള്ള സമർഥനങ്ങളിലൂടെയും സ്നേഹ ത്തിന്റെയും പരസ്പരാദരവിന്റെയും അന്തരീക്ഷത്തിൽ നിലകൊള്ളാനാകും. മറു പക്ഷത്തിന്റെ ആശയം നിർബന്ധിതമായി സ്വീകരിക്കേണ്ട അവസ്ഥ ഏതെങ്കിലും കക്ഷിക്ക് ഒരിക്കലും ഉണ്ടാവുകയില്ല. അപരന്റെ വീക്ഷണം അംഗീകരിക്കാൻ ത യ്യാറാകാത്തതിന്റെ പേരിൽ ജീവഹാനി നേരിടുകയില്ല. യുദ്ധം ഒരു സമൂഹത്തി നും ഇക്കാലംവരെ യാതൊരുവിധപുരോഗതിയും സമ്മാനിച്ചിട്ടില്ല. ഇരുപതാം നൂ റ്റാണ്ടിലെ യുദ്ധങ്ങളും ഇന്നുകാണുന്ന അവസാനമില്ലാത്ത സംഘർഷങ്ങളും ഏറ്റു മുട്ടലുകളും, ജനങ്ങളെയും നാഗരികതകളെയും സാങ്കേതികപുരോഗതിയെയും നഗരങ്ങളെയും സമ്പദ് വ്യവസ്ഥയെയും തകർക്കുംവിധമുള്ള മാരകായുധങ്ങളുടെ വിപണിയെയാണ് സഹായിക്കുന്നത്. എന്നും ഭയാശങ്കകളോടെ കഴിയുന്ന ജനത യ്ക്ക് പുരോഗതിയും വികസനവും നേടുക സാധ്യമല്ല. പട്ടിണികിടക്കേണ്ടിവരുന്ന, പോഷകക്കുറവിനാൽ വലയുന്ന, വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന, രചനാത്മക ഗുണങ്ങൾ നഷ്ടപ്പെടുന്ന ജനത എങ്ങനെ പുരോഗതി നേടാനാണ്? ബോംബും ഫൈറ്റർ വിമാനങ്ങളും ഉപയോഗിച്ച് പശ്ചാത്തലസൗകര്യങ്ങളും സാങ്കേതികവിദ്യ കളും നശിപ്പിച്ചാൽ നഗരങ്ങൾ എങ്ങനെയാണ് നന്നായിത്തീരുക? ഇളംതലമുറ കുരുതികൊടുക്കപ്പെടുന്ന കാലത്തോളം ഒരു സമൂഹവും മുന്നോട്ടുകുതിക്കുക യില്ല. തലമുറകളോളം നീണ്ടുനിന്ന വേദനകൾ ബാക്കിവെച്ച് സർവസംഹാരതാ ണ്ഡവമാടിയതല്ലാതെ ഹിരോഷിമയിലെയും നാഗസാക്കിയിലെയും ആറ്റംബോം

ബുകൾ  ഒന്നും സമ്മാനിച്ചില്ല. മാർക്സിസം മുന്നോട്ടുവെച്ച വൈരുധ്യാധിഷ്ഠിത ഭൗതികവാദം സമൂഹത്തിന് പറയപ്പെട്ട സാങ്കൽപികപുരോഗതിയൊന്നും ഉണ്ടാക്കിയില്ല. ഇനി ഭാവിയിലൊട്ട് അത് പുരോഗതി ഉണ്ടാക്കാനും പോകുന്നില്ല.  ഇനിയങ്ങോട്ട്  ആ കാഴ്ചപ്പാടിന്  നാം പ്രോത്സാഹനം  നൽകിയാൽ ലോകം കൂടുതൽ നാശത്തിലേക്കാണ് ആപതിക്കുക. അതോടെ എല്ലാം ചോരയിൽ മുങ്ങും.

ലോകത്തുനടക്കുന്ന സംഘർഷങ്ങളിൽ ബഹുഭൂരിപക്ഷത്തിന്റെയും പശ്ചാത്തലമൊരുക്കിയിട്ടുള്ളത്  ഡാർവിനിസമാണ്. ഒരൊറ്റ കോശത്തിൽനിന്ന്  അനുകൂല സാഹചര്യങ്ങളുടെ പരമ്പരകൾക്കൊടുവിൽ ലോകത്ത് ഇന്നുകാണുന്ന എല്ലാവസ്തുക്കളും ഉണ്ടായെന്ന് പരിണാമസിദ്ധാന്തം വാദിക്കുന്നു: എന്നാൽ ഈ ഒരു കോശം എങ്ങനെയുണ്ടായി എന്നതിന് ഡാർവിനിസ്റ്റുകൾക്ക് വിശദീകരണമില്ല. അവരുടെ വീക്ഷണത്തിൽ സാങ്കൽപികപരിണാമപ്രക്രിയയിൽ  ഏറ്റുമുട്ടലുകൾ ഒരു മുഖ്യഘടകമാണ്.  ജീവിവർഗങ്ങളുടെ ഉത്ഭവം ഏറ്റുമുട്ടലിലൂടെ മാത്രമാണെന്ന വാദം സമർപ്പിക്കുന്ന ഈ ക്രൂരദർശനത്തിന്റെ  അടിസ്ഥാനതത്ത്വംതന്നെ അർഹതയുള്ളതിന്റെ അതിജീവനം എന്നതാണ്. ഈ വികലഡാർവിനിസ്റ്റ് മതത്തെ ലോകമെമ്പാടും വിദ്യാഭ്യാസപദ്ധതിയിലൂടെ ശാസ്ത്രീയസിദ്ധാന്തമെന്ന മട്ടിൽ അവതരിപ്പിച്ചു. അങ്ങനെ ജനസമൂഹത്തെ വഞ്ചനയിലകപ്പെടുത്തി. അത് ഡാർവിനിസ്റ്റ് ആശയങ്ങൾക്ക്  അനുകൂലമായ മണ്ണുപാകപ്പെടുത്തിക്കൊടുത്തു. അങ്ങനെ മില്യൺ കണക്കായ ആളുകളുടെ ജീവൻ കവർന്നെടുത്ത യുദ്ധങ്ങളിലേക്ക് അത് ജനതയെ കൊണ്ടെത്തിച്ചു.

## ഡാർവിനിസത്തെ വളർത്തുന്ന ഏകപക്ഷീയവിദ്യാഭ്യാസം

വിരുദ്ധാശയങ്ങൾ സദ്ഫലങ്ങൾ നൽകുന്നത് പരസ്പരസ്നേഹവും സഹാനുഭൂതിയും ആദരവും ചിന്താസ്വാതന്ത്ര്യവും ശാസ്ത്രീയതെളിവുകളും അവലംബമാക്കുമ്പോഴാണ്. അല്ലാതെ ബലപ്രയോഗവും അക്രമവും സ്വീകരിക്കുമ്പോഴല്ല. ഇന്ന് ലോകത്തെ പിന്നാക്കംനിറുത്തുന്ന എല്ലാ ദുരിതങ്ങളുടെയും പിന്നിൽ വർത്തിക്കുന്നത് എന്താണെന്ന്  തിരിച്ചറിയേണ്ട സമയമാണിത്. മാർക്സിസം യുദ്ധത്തിനുള്ള ന്യായം ചമയ്ക്കുന്നു. വളരെ നിഗൂഢമായി അത്തരമൊരു സാഹചര്യം സൃഷ്ടിക്കാൻ മാർക്സിസ്റ്റ് സമൂഹങ്ങൾ  വേദിയൊരുക്കുന്നു. ഇതെല്ലാം അവസാനിപ്പിക്കാനുള്ള ഏകമാർഗം, യുദ്ധത്തെ നീതീകരിക്കാൻ വൈരുധ്യാധിഷ്ഠിത ഭൗതികവാദമെന്ന കപടശാസ്ത്രത്തെയാണ് മാർക്സിസം  മുന്നോട്ടുവെക്കുന്നതെന്ന് ആളുകളെ ബോധ്യപ്പെടുത്തുകയാണ് . പ്രകൃതിയുടെ നിയമമെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടുവെക്കുന്ന ഈ ദർശനങ്ങളെല്ലാം ശുദ്ധഅസംബന്ധമാണെന്ന് ആളുകൾ അറിയണം. പ്രകൃതിയിൽ വേട്ടക്കാരുള്ളതുപോലെത്തന്നെ നിസ്വാർഥരും പരക്ഷേമതൽപരരുമായ ജീവികളുമുണ്ടെന്ന യാഥാർഥ്യം ബോധ്യപ്പെടുത്തണം. ഈ

ലക്ഷ്യം നേടണമെങ്കിൽ ലോകമൊട്ടാകെ കൗമാരമനസ്സുകളിൽ ഏറ്റുമുട്ടലിന്റെ മനോവികാരങ്ങൾ സൃഷ്ടിക്കുന്ന പാഠ്യപദ്ധതിയിൽ എത്രയുംപെട്ടെന്ന് ഭേദഗതികൾ വരുത്തിയേ മതിയാകൂ. ഈ ലോകം മനുഷ്യർക്കായി തയ്യാറാക്കിവെച്ച യുദ്ധഭൂമിയൊന്നുമല്ല. ഇതരജീവജാലങ്ങൾക്കും അങ്ങനെത്തന്നെ. ദൈവം അവതരിപ്പിച്ച ഏല്ലാ ജീവിതമതങ്ങളിലും സ്നേഹത്തിലൂടെ മാത്രമേ ലോകം സുന്ദരമാകൂ എന്ന് പറഞ്ഞിട്ടുണ്ട്. ദൈവം നമ്മിൽനിന്ന് സ്നേഹമാണാഗ്രഹിക്കുന്നത്. നാം സഹോദരീ-സഹോദരൻമാർ ഒറ്റക്കെട്ടാകണമെന്ന് ദൈവം ആവശ്യപ്പെടുന്നു. എല്ലാവരും സ്നേഹിക്കുന്നതും സ്നേഹിക്കപ്പെടുന്നതുമാണ് അവനിഷ്ടപ്പെടുന്നത്. എല്ലാവരെയും സ്നേഹിക്കുകയെന്ന ദൈവത്തിന്റെ ശാസന പിന്തുടരുമ്പോൾ മാത്രമേ ഈ ലോകത്ത് മാറ്റം സാധ്യമാകുകയുള്ളൂ.

## ഡാർവിനിസത്തിനും ഭൗതികവാദത്തിനുമെതിരിൽ ബൗദ്ധികപോരാട്ടം അനിവാര്യം

മതനിരാസത്തിനെതിരെ ബൗദ്ധികസമരം നയിക്കാൻ ജീവിതമുഴിഞ്ഞുവെച്ച വലിയ പണ്ഡിതനാണ് ബദീഉസ്സമാൻ സഈദ് നൂർസി. ഡാർവിനിസവും ഭൗതികവാദവുമാണ് ദൈവനിഷേധത്തിന് ജീവവായു നൽകുന്നതെന്ന് തന്റെ രചനകളിലൂടെ അദ്ദേഹം വിശദീകരിച്ചു. അതിനാൽ ബൗദ്ധികപോരാട്ടത്തിന് അത്തരം ഭൗതിക ദർശനങ്ങൾക്കെതിരെ സുപ്രധാനപങ്കുവഹിക്കാനാകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

തന്റെയും സുഹൃത്തുക്കളുടെയും നേർക്ക് ആക്രമണമഴിച്ചുവിടുന്ന അവിശ്വാസികളിൽ ഭൗതികവാദം ചെലുത്തുന്ന സ്വാധീനത്തെ ബദീഉസ്സമാൻ വിവരിക്കുന്നത് കാണുക:
'മൂന്നാമതായി, ഭൗതികവാദദർശനങ്ങളും നാഗരികതകളും മനുഷ്യരെ പ്രലോഭിപ്പിക്കുകയും അവരുടെ ചിന്താശേഷി നഷ്ടപ്പെടുത്തുന്ന ആസ്വാദനങ്ങളുടെ വിഷബീജങ്ങളാൽ ദുഷിപ്പിക്കുകയുംചെയ്യുന്നു. മാനവസമൂഹമെന്ന നിലക്കുള്ള അവരുടെ ഐക്യദാർഢ്യത്തെ തകർക്കുന്നു. വഞ്ചനാത്മകമായ നുണകളിലൂടെ നേതാക്കളെ അവമതിക്കുന്നു. ശാസ്ത്രത്തിന്റെയും തത്ത്വദർശനത്തിന്റെയും പേരിൽ ആളുകളെ നേർമാർഗത്തിൽനിന്ന് വഴിതെറ്റിക്കുന്നു..(ബദീഉസ്സമാൻ, ദ ട്രീറ്റീസ് ഓഫ് ലൈറ്റ് കളക്ഷൻ, ദ റേയ്സ്, തേർട്ടീൻത് റേ)'

ബദീഉസ്സമാൻ കൃത്യമായി നിരീക്ഷിച്ചതുപോലെ അദ്ദേഹത്തിന്റെ ബൗദ്ധികമായ പ്രവർത്തനങ്ങളെ നിർവീര്യമാക്കാനും ഇല്ലായ്മചെയ്യാനുമായി, ദൈവനിഷേധികൾ ഐഹികസുഖങ്ങളും താൽക്കാലികാസ്വാദനങ്ങളും വിശ്വാസികൾക്ക് നൽ

കി വഞ്ചിക്കാൻ ശ്രമിച്ചു.ഭൗതികസംസ്കാരത്തിന്റെ പിന്തുണയോടെ വിശ്വാസികളുടെ ഐക്യവും സംഘബലവും തകർക്കാൻ കരുക്കൾ നീക്കി. ബദീഉസ്സമാനെതിരെ നിരന്തര ദുഷ്പ്രചാരണങ്ങളഴിച്ചുവിട്ടു. പക്ഷേ അവരുടെ നീക്കങ്ങൾ പരാജയപ്പെടുകയായിരുന്നു.

ഡാർവിനിസവും ഭൗതികവാദവും പ്രത്യേകിച്ചും അവസാനനാളുകളിൽ, കൂടുതൽ ശക്തിപ്പെടുകവഴി മതനിഷേധം ലോകമെങ്ങും വ്യാപിക്കുമെന്ന് ബദീഉസ്സമാൻ പറയുന്നു. എന്തായാലും പ്രവാചകനായ യേശുവും മഹ്ദിയും ഈ വിപത്തിനെ ഫലപ്രദമായ ബൗദ്ധികപോരാട്ടത്തിലൂടെ അവസാനിപ്പിക്കും. അദ്ദേഹം വിശദമാക്കിയതുപോലെ മഹ്ദി(അ) തന്റെ ഉത്തരവാദിത്വം പൂർത്തീകരിക്കുകയും ധൈഷണികപ്രവർത്തനങ്ങളിലൂടെ ഡാർവിനിസത്തിന്റെയും ഭൗതികവാദത്തിന്റെയും കഥകഴിച്ചുകൊണ്ട് ജനങ്ങളിലെ ദൈവവിശ്വാസത്തെ സംരക്ഷിക്കുകയുംചെയ്യും.

'ഒന്നാമതായി, ശാസ്ത്രത്തിന്റെയും ദർശനങ്ങളുടെയും സ്വാധീനത്താൽ മാനവരാശിയിൽ അർബുദം കണക്കെ വ്യാപിച്ച ഭൗതികജീവിതദർശനങ്ങളെ നിശ്ശബ്ദമാക്കിക്കൊണ്ട് ദൈവവിശ്വാസത്തെ പരിരക്ഷിക്കുകയെന്നതാണ് മഹ്ദിയുടെ പ്രഥമ ദൗത്യം.'(ബദീഉസ്സമാൻ സഈദ് നൂർസി, ദി ട്രീറ്റീസ് ഓഫ് ലൈറ്റ് കളക്ഷൻ, എമിർദാഗ് അഡെൻസം പേജ്. 259).

ഡാർവിനിസവും ഭൗതികവാദവുമാണ് അന്തിക്രിസ്തുവിന്റെ പിടിവള്ളി. അതിനാൽ പ്രവാചകനായ യേശു(അ) അതിനെ ബുദ്ധിപരമായ പോരാട്ടത്തിലൂടെ എന്നെന്നേക്കുമായി അവസാനിപ്പിക്കുമെന്ന് ബദീഉസ്സമാൻ വിശദമാക്കുന്നു:

'...ലോകാവസാനത്തിന്റെ നാളുകളിൽ ക്രൈസ്തവവിശ്വാസം ശുദ്ധീകരിക്കപ്പെടും. പ്രകൃതിവാദ ദർശനങ്ങളുടെ ഭാഗമായി ജൻമമെടുത്ത നിരീശ്വരവാദത്തിന്റെയും മതനിഷേധപ്രവണതകളുടെയും തള്ളിക്കയറ്റത്തിന്റെ ഘട്ടത്തിൽ അത് സ്വയംതന്നെ എല്ലാ അന്ധവിശ്വാസങ്ങളിൽനിന്ന് മുക്തമായി തനത് ഇസ്ലാമാകും. ഈ ഘട്ടത്തിൽ ക്രൈസ്തവസമൂഹത്തിന്റെ സാകല്യവ്യക്തിത്വം മതനിഷേധത്തിന്റെ ദുഷ്ടമൂർത്തിയെ ദൈവികവെളിപാടാകുന്ന ഖഡ്ഗമുപയോഗിച്ച് കഥകഴിക്കും; ക്രൈസ്തവ സംഘടിതശക്തിയെ പ്രതിനിധീകരിച്ച് പ്രവാചകൻ യേശു, മതനിഷേധത്തിന്റെ സാകല്യവ്യക്തിത്വമായ അന്തിക്രിസ്തുവിനെ ആത്മീയമായി ഹനിക്കും. അതായത്, ദൈവനിഷേധ ചിന്തകളെ ബുദ്ധിപരമായ തലത്തിൽ അദ്ദേഹം നിഷ്കാസനംചെയ്യും.'(ബദീഉസ്സമാൻ സഈദ് നൂർസി, ദി ട്രീറ്റീസ് ഓഫ് ലൈറ്റ് കളക്ഷൻ, ദ ലെറ്റേഴ്സ്, ഫസ്റ്റ് ലെറ്റർ പേജ്. 22).

'...ഭൗതികവാദത്തിന്റെയും മതനിഷേധത്തിന്റെയും ഭീമാകാരം പൂണ്ട സാകല്യവ്യ

ക്തിത്വമായ അന്തിക്രിസ്തുവിന്റെ ആശയങ്ങളെയും അവിശ്വാസത്തെയും ദൈവ നിഷേധത്തെയും  വിജ്ഞാനത്തിന്റെ ഖഡ്ഗമുപയോഗിച്ച് കഥകഴിക്കുകതന്നെ ചെയ്യും...'(ബദീഉസ്സമാൻ സഈദ് നൂർസി, ദി ട്രീറ്റീസ് ഓഫ് ലൈറ്റ് കളക്ഷൻ, ഫ് ളാഷസ്, ഫിഫ്ത് ഫ്ളാഷ് പേജ്. 589).

ഡാർവിനിസവും ഭൗതികവാദവും ജനങ്ങളെ മതമൂല്യങ്ങളിൽനിന്ന് അകറ്റി അവരെ ദൈവനിഷേധത്തിലേക്ക് തള്ളിവിടുമെന്ന് ബദീഉസ്സമാൻ സഈദ് നൂർസി വ്യക്തമാക്കുന്നു. പ്രവാചകൻ യേശുവിന്റെയും ഹസ്രത്ത് മഹ്ദിയുടെയും നേതൃത്വത്തിൽ ഏറ്റവും വലിയ ധൈഷണികപോരാട്ടം മുസ്‌ലിംകൾ ഈ രണ്ടു ആശയങ്ങൾക്കുമെതിരിൽ  നടത്തുമെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ദൈവാനുഗ്രഹത്താൽ, ഈ രണ്ട് അനുഗൃഹീതവ്യക്തിത്വങ്ങളുടെയും സഹായത്തോടെ ഭൗതിക കാഴ്ചപ്പാടുകൾ മണ്ണടിയുകയും ഇസ്‌ലാമികമൂല്യങ്ങൾ ലോകം വാഴുകയും ചെയ്യും.

## അദ്നാൻ അഖ്തറുമായുള്ള സംഭാഷണങ്ങൾ:

ഭീകരതയ്ക്ക് കാരണം ഡാർവിനിസം

അദ്നാൻ അഖ്തർ: യൂറോപ്യൻ വിദ്യാഭ്യാസം  നേടുകയും അതിന്റെ ഭൗതികവാദദർശനങ്ങളെ സ്വാംശീകരിക്കുകയും  ചെയ്ത ഡാർവിനിസ്റ്റ് , ദൈവനിഷേധ ചിന്തകളിലാകൃഷ്ടരായ ആളുകളാണ് സെപ്റ്റംബർ 11 ന്റെ ആക്രമണത്തിനുപിന്നിലുണ്ടായിരുന്നത്.  തിരിച്ചറിയൽ കാർഡുകളിൽ അവർ മുസ്‌ലിംനാമധാരികളായിരിക്കാം, പക്ഷേ അത്  ഫലസ്തീനിനും ഇറാഖിലും സിറിയയിലും ഉണ്ടായിരുന്ന കമ്മ്യൂണിസ്റ്റുകളെപ്പോലുള്ളവരാണ്. എന്നാൽ  ഈ രാജ്യങ്ങളിലെ ജനത ഇപ്പോൾ ദൈവബോധത്തിലേക്ക് തിരിഞ്ഞിരിക്കുന്നുവെന്നത് ആശാവഹമാണ്. അതേസമയം, മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ വളരുകയും  ഇടതുപക്ഷ-ഡാർവിനിസ്റ്റ് ഭൗതികചിന്താ പാഠ്യക്രമത്തിലൂടെ വളർന്നുവലുതാവുകയും ചെയ്ത ആൾ ഹസ്സൻ എന്നോ മുഹമ്മദ് എന്നോ പേരുവിളിക്കപ്പെടുന്നതുകൊണ്ട് യാതൊരു വ്യത്യാസം ഉണ്ടാകുന്നില്ല. ഭൗതികവാദി എന്നും ഭൗതികവാദി തന്നെ. ഡാർവിനിസ്റ്റ് ഭൗതികവാദി  ചെയ്യുന്നതെന്തും ആ ദർശനങ്ങളുടെ ചുവടുപിടിച്ചുള്ളതായിരിക്കും. അതാണ്  മാർക്സിസ്റ്റ് പ്രവർത്തനം. അത്തരം പ്രവർത്തനങ്ങൾ മുസ്‌ലിം നാമധാരിയോട്  ചേർത്തുപറഞ്ഞതുകൊണ്ട്  അത് ഇസ്‌ലാമികമാകുന്നില്ല. തെളിച്ചുപറഞ്ഞാൽ, ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ നിരീക്ഷിച്ചാൽ അവരെല്ലാംതന്നെ ഡാർവിനിസ്റ്റ് വിദ്യാഭ്യാസം ലഭിച്ചവരായിരുന്നുവെന്ന് കാണാം. അവർ ജീവിതത്തെ ഭൗതികകാഴ്ചപ്പാടിൽ  കണ്ടവരാണ്. ദൈവത്തെ അത്യധികം സ്നേഹിക്കുന്ന, സ്വർഗ-നരകത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് നിരപ

രാധികളായ സ്ത്രീകളെയും കുട്ടികളെയും ബോംബുസ്ഫോടനത്തിലൂടെ കൊല്ലാൻ കഴിയുമോ?അതാണോ ധീരകൃത്യം? ദൈവബോധവും ഭയവുമുള്ളവന് അത്തരം ഹീനകൃത്യങ്ങൾ ചെയ്യാനുള്ള കരളുറപ്പുണ്ടാകുമോ ? എന്നല്ല, അത്തരം ചെയ്തികളെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയുമോ? അവ്വിധം ചിന്ത പോലും അവരുടെ മനോമുകുരത്തിലുണ്ടാകുകയില്ല. പിന്നെയല്ലേ അതിന് തുനി ഞ്ഞിറങ്ങുന്നത്? ഇത്തരം ചെയ്തികൾക്ക് മുതിരുന്നവർ ഞാൻ നേരത്തേ പറ ഞ്ഞതുപോലെ മദ്റസയിലെ പ്രാഥമികക്ലാസുകളിൽ പോയിട്ടുണ്ടാകുമെങ്കിലും അവർ ഊട്ടിവളർത്തപ്പെട്ടിട്ടുള്ളത് ഡാർവിനിസ്റ്റ് ഭൗതികവിദ്യാഭ്യാസക്രമത്തിലൂടെ യായിരിക്കും. ഇതിനെ ഇസ്‌ലാമിന്റെ പേരിൽ വരവുവെക്കാനാകില്ല. കാരണം, ഇ വിടെ ഭീകരതയ്ക്ക് അവരെ പ്രേരിപ്പിച്ചത് ഡാർവിനിസവും ഭൗതികവാദവുമാണ്. അതിനെയടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്ത മാർക്സിസ്റ്റ് ലെനിനിസ്റ്റ് കാഴ്ചപ്പാ ടാണ്. ലെനിനിസ്റ്റ് ആശയഗതിയുടെ മുന്നുപാധിതന്നെ ഭീകരതയാണ്. സൈ ദ്ധാന്തികകമ്മ്യൂണിസമാണ് മാർക്സിസമെങ്കിൽ പ്രായോഗികകമ്മ്യൂണിസമാണ് ലെനിനിസം. കമ്മ്യൂണിസ്റ്റ് ചിന്തകൾ അങ്ങനെയാണ് കർമപഥത്തിൽ കൊ ണ്ടുവരുന്നത്. ലെനിൻ പറയുന്നത് മാർക്സിസ്റ്റ് സിദ്ധാന്തങ്ങളെ ഭീകരതയുടെ ലൈനിൽ ബലംപ്രയോഗിച്ചുമാത്രമേ നടപ്പിലാക്കാനാകൂ എന്നാണ്. ജനങ്ങളെ ഭീ തിപ്പെടുത്താതെയൊരു കമ്മ്യൂണിസം എന്നത് ലെനിന്ന് സങ്കൽപിക്കാൻ പോലു മായിരുന്നില്ല. ക്ലാസിക്കൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ചിന്തകളുടെ അടിസ്ഥാന നിയമമാണ് ഭീകരത എന്നത്. അതുകൊണ്ട് ആ പ്രത്യയശാസ്ത്രത്തിന്റെ വക്താ ക്കൾ തന്നിഷ്ടപ്രകാരം എന്തുചെയ്യാനും മടിയില്ലാത്തവരായിരിക്കും.

നോക്കൂ, അവർ ബഅസ് പാർട്ടിയിലെ മെമ്പർമാരായിരുന്നു. ജനങ്ങളെ അങ്ങനെ ചിന്തിക്കാനും സമീപിക്കാനും അവർ പരിശീലിപ്പിച്ചു. ഇറാഖിലെയും സിറിയയി ലെയും ബഅസ് പാർട്ടിക്കാർ മാർക്സിസ്റ്റ് -ലെനിനിസ്റ്റ്-സ്റ്റാലിനിസ്റ്റ് കാഴ്ചപ്പാട് സ്വാംശീകരിച്ചവരായിരുന്നു. ഇറാഖ് സംഘർഷഭരിതമായത് സ്റ്റാലിനിസ്റ്റുകളായ ആളുകളുടെ ഭരണകാലത്താണ്. അക്രമമാണ് സ്റ്റാലിനിസത്തിന്റെ തുറുപ്പുചീട്ട്. അക്രമമില്ലാതെ സ്റ്റാലിനിസത്തിന് പിടിച്ചുനിൽക്കാനാകില്ല. കടുത്ത സ്റ്റാലിൻ ആരാധകനായിരുന്ന ഇറാഖിലെ ഭരണാധികാരി സദ്ദാം അതുകൊണ്ടുതന്നെ സ്വ യം സ്റ്റാലിനാകാനാണ് ശ്രമിച്ചത്. മാർക്സിസ്റ്റ് -ലെനിനിസ്റ്റ് കാഴ്ചപ്പാടുകളായിരു ന്നു സദ്ദാമിന്റേത്. പലപ്പോഴും സ്റ്റാലിന്റെ നിലപാടുകളെയും ഭരണരീതികളെയും സദ്ദാം പുകഴ്ത്തി. സ്റ്റാലിന്റെ ചെയ്തികളെ അയാൾ അനുകരിക്കാനിഷ്ടപ്പെട്ടു. ന രഹത്യകളും വംശീയഉൻമൂലനവും സ്റ്റാലിന്റെ മുഖ്യകർമപരിപാടികളായിരുന്നു. സമാനമായ കർമപരിപാടികൾ സദ്ദാമും നടപ്പിലാക്കി. ബഅസ് ക്രിമിനൽ സംഘ ങ്ങളും ഗുണ്ടകളും ജനങ്ങൾക്കിടയിൽ വ്യാപിച്ചിരുന്നു. ഇന്നും അത്തരത്തിലുള്ള ആക്രമണങ്ങൾ അവർ നടത്തുന്നുണ്ട്. അതുവഴി തങ്ങളും സ്വർഗത്തിൽ പ്രവേശി ക്കുമെന്ന് അവർ വാദിച്ചാൽ അത് തികഞ്ഞ അന്ധവിശ്വാസമെന്നല്ലാതെ എന്തുപറ

യാൻ? ദൈവത്തിൽ വിശ്വസിച്ച് പരലോകവിചാരണയും രക്ഷാ-ശിക്ഷകളും ഭയപ്പെടുന്നവന് ഒരിക്കലും കൊച്ചുകുട്ടികളെ കൊല്ലാനാകില്ല. നിരപരാധികളുടെ ചോരചിന്തുകയില്ല. യുദ്ധം ചെയ്യുന്നതിനും ഇസ്‌ലാമിന് ചില നിയമങ്ങളൊക്കെയുണ്ട്. അത് ഖുർആൻ നൽകിയിട്ടുള്ളതാണ്. പ്രവാചകൻ നബി തിരുമേനി അതിന്റെ തത്ത്വങ്ങൾ പ്രത്യേകം പഠിപ്പിച്ചിട്ടുണ്ട്. യുദ്ധം ആത്മപ്രതിരോധത്തിനുള്ളത് മാത്രമാണ്. അതിൽ സ്ത്രീകളും കുട്ടികളും ഉപദ്രവിക്കപ്പെടരുതെന്നാണ് നിർദ്ദേശം. എന്നല്ല, പരസ്യമായി യുദ്ധംപ്രഖ്യാപിക്കാതെ ഒരു രാജ്യത്തിനെതിരെയും യാതൊരുവിധനീക്കങ്ങളും അനുവദനീയമല്ല. യുദ്ധവും പോരാട്ടവും നിയമപരമായ രീതിയിലൂടെ മാത്രമേ സാധുവാകുകയുള്ളൂ. ഏതെങ്കിലും രാജ്യവുമായി സമാധാന ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അതൊരിക്കലും ലംഘിക്കാൻ പാടുള്ളതല്ല. മൂന്നോ നാലോ വ്യക്തികൾ ചേർന്നുകൊണ്ട് തങ്ങൾ യുദ്ധംപ്രഖ്യാപിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ അത് സ്വീകാര്യമല്ല. കുട്ടികളെയും സ്ത്രീകളെയും വൃദ്ധൻമാരെയും വികലാംഗരെയും സിവിലിയൻമാരെയും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടവരെയും ആക്രമിക്കുന്നത് ഒട്ടും സ്വീകാര്യമല്ല. അവരെ ഒഴിവാക്കുകയാണ് വേണ്ടത്. കല, സ്നേഹം, വിജ്ഞാനം, സംസ്കാരം എന്നിവയിലൂടെ ജനങ്ങളുടെ മനസ്സിലേക്ക് കടന്നുകയറുകയാണ് ഇസ്‌ലാമിന്റെ രീതി. അല്ലാതെ സംഘർഷങ്ങളോ രക്തച്ചൊരിച്ചിലോ അതിന്റെ രീതിയല്ല.

ജനങ്ങളുടെ പ്രവാചകനായ മുഹമ്മദ്(സ) ഉക്കാള് ചന്തയിൽ പോകാറുണ്ടായിരുന്നു. എന്നാൽ ആളുകൾ ആ മഹാനുഭാവനെ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം നടക്കുന്ന വഴികളിൽ അവർ മുള്ളുകൾ വാരിവിതറി. അദ്ദേഹത്തിന്റെ ശരീരത്തിൽ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാലകൾ കൊണ്ടുവന്നിട്ടു. എന്നിട്ടും അദ്ദേഹം പ്രബോധനപ്രവർത്തനങ്ങൾ തുടർന്നു. അവർക്ക് ഇസ്‌ലാമിന്റെ നിയമങ്ങളും ഖുർആന്റെ സന്ദേശങ്ങളും വിവരിച്ചുകൊടുത്തു. വർഷങ്ങളോളം യാതൊരു മടുപ്പുംകാട്ടാതെ അക്ഷീണം അതിരറ്റ സ്നേഹത്തോടെ അതുമായി മുന്നോട്ടുപോയി. നിങ്ങൾക്കേവർക്കുമറിയാവുന്നതുപോലെ, അവസാനം കടുത്ത ഭീഷണികളും ശാരീരികോപദ്രവങ്ങളും സഹിക്കാനാകാതെ അദ്ദേഹത്തിന് ഹിജ്റ പോകേണ്ടിവന്നു. പലായനവേളയിൽ കടന്നുപോയ സ്ഥലങ്ങളിലെല്ലാം അദ്ദേഹം തന്റെ പ്രബോധനം നിർവഹിച്ചു. മുഹമ്മദ് നബി നടത്തിയ എല്ലാ യുദ്ധങ്ങളും സ്വയം രക്ഷയ്ക്കുവേണ്ടിയുള്ളതായിരുന്നു. അദ്ദേഹം ഒരു നാടും ആയുധപ്രയോഗം നടത്തി കീഴ്പ്പെടുത്തിയില്ല. എതിരാളികളെ പ്രതിരോധിക്കാൻ വേണ്ടി മാത്രമായിരുന്നു അദ്ദേഹം യുദ്ധം ചെയ്തത്.(അസർ ന്യൂസ്, 23 ഒക്ടോബർ 2008)

## ഇസ്‌ലാമികമൂല്യങ്ങൾ മുറുകെപ്പിടിക്കുന്നവർ ഉത്തമനാഗരികതയുടെ സംസ്ഥാപകർ

അദ്നാൻ അഖ്തർ: ക്രൈസ്തവസമൂഹത്തിന് പോപ്പുണ്ട്. എന്നാൽ ഇസ്‌ലാമിക ലോകത്തിന് ഒരു നേതാവില്ല. അതിനാൽ തുർക്കി -ഇസ്‌ലാമികലോകത്തിന് ഒരു നേതാവുണ്ടാകുകയും ആ നേതാവിനുകീഴിൽ മുസ്‌ലിംലോകം ഒന്നിക്കുകയും ചെയ്തേ മതിയാകൂ. അങ്ങനെ ഏകനേതൃത്വത്തിൻ കീഴിൽ ഇസ്‌ലാമികസമൂഹം ഒന്നിച്ചാൽ പ്രസ്തുത ധാർമികമൂല്യങ്ങൾ തൽക്ഷണം കടന്നുവരികയും എല്ലായിടത്തും വ്യാപിക്കുകയുംചെയ്യും. ആരും അതിനെ തള്ളിപ്പറയുകയില്ല. അജ്ഞരുടെയും ദുർബലവിശ്വാസികളുടെയും വായനാശീലമില്ലാത്തവരുടെയും ലോകവിവരമില്ലാത്തവരുടെയും  കൈകളിൽത്തന്നെ മതം ഒതുങ്ങിക്കൂടിയാൽ ഭീകരതയും അരാജകത്വവും കൊലയും ദാരിദ്ര്യവും അന്ധമായ ശാസ്ത്രവിരോധവും തുടങ്ങി എല്ലാ തിൻമകളും കൊടികുത്തിവാഴും. എന്നാൽ  ജനങ്ങൾ ഒറ്റക്കെട്ടായി പിന്തുടരേണ്ട മതമാണ് ഇസ്‌ലാം. തുർക്കി- ഇസ്‌ലാമികഐക്യം  സ്ഥാപിക്കപ്പെട്ടുകഴിഞ്ഞാൽ അതിന് നേതൃത്വം കൊടുക്കുന്നവർ എല്ലാ കുറവുകളും ന്യൂനതകളും പരിഹരിക്കും. അവിടെ സ്നേഹവും  സഹാനുഭൂതിയും സൗഹൃദവും കാരുണ്യവും സാഹോദര്യവും ഇടംപിടിക്കും. തദ്ഫലമായി ഏറ്റവും സമ്പൂർണമായ നാഗരികത പിറവികൊള്ളും. അതുകൊണ്ടാണ് ഞാൻ ഐകതുർക്കി -ഇസ്‌ലാമികലോകത്തിന്റെ സംസ്ഥാപനം എത്രയും പെട്ടെന്ന് ഉണ്ടായിക്കാണാൻ ആഗ്രഹിക്കുന്നത്. (അസോസിയേറ്റഡ് പ്രസ് ഓഫ് പാകിസ്താൻ 6 സെപ്റ്റംബർ 2008)

# പാശ്ചാത്യൻ ലോകത്തിനും മുസ്‌ലിംകൾക്കും മുമ്പാകെ ചില നിർദ്ദേശങ്ങൾ

ഇസ്‌ലാമിന്റെ മുഖംമൂടിയണിഞ്ഞ് ഭീകരപ്രവൃത്തികൾ ചെയ്യുന്ന സംഘടനകളെക്കുറിച്ച തികഞ്ഞ ജാഗ്രതയിലാണ് പാശ്ചാത്യൻ ലോകമിന്ന്. ആ ആശങ്കയും ജാഗ്രതയും അസ്ഥാനത്താണെന്ന് പറയാനാവില്ല. അതുകൊണ്ട് അത്തരംസംഘങ്ങളിൽ പെട്ടവരെയും അതിനെ പിന്തുണക്കുന്നവരെയും അന്താരാഷ്ട്ര നിയമവ്യവസ്ഥയനുസരിച്ച് വിചാരണനടത്തി ശിക്ഷിക്കേണ്ടതുണ്ട്. മാത്രമല്ല, പ്രസ്തുതവിഷയത്തിലുള്ള പ്രശ്നപരിഹാരത്തിന് കൈക്കൊള്ളുന്ന നടപടികൾ ദീർഘകാലാടിസ്ഥാനത്തിലുള്ളതാകണം.

മുകളിൽ വിവരിച്ചതനുസരിച്ച് ഭീകരതയ്ക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ലെന്ന് ഏവർക്കും ബോധ്യമാകും . എന്നല്ല, അത് മനുഷ്യരാശിക്കെതിരായ ക്രൂരതയാണ്. 'ഇസ്‌ലാമികഭീകരത' എന്ന സംജ്ഞ പോലും ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ധാർമികമൂല്യങ്ങൾക്ക് കടകവിരുദ്ധമാണ് . ഇത് നമുക്ക് ഉറച്ചനിലപാടുണ്ടാകണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നുണ്ട്.

1. ഇനിയങ്ങോട്ട് തികഞ്ഞ ജാഗ്രതയും വിവേകവും യാഥാർഥ്യബോധവും എല്ലാ രാഷ്ട്രങ്ങളും വെച്ചുപുലർത്തേണ്ടതുണ്ട്. 'നാഗരികതകൾ തമ്മിലുള്ള സംഘർഷം' മുമ്പോട്ടുവെക്കുന്ന ഇരുണ്ട ഭാവി ലോകമാനവികതയ്ക്ക് നാശഹേതുവാണ്. അത്തരം ആശയങ്ങൾ ആർക്കും യാതൊരു ഗുണവും ചെയ്യില്ല. എല്ലാ സമൂഹങ്ങളും പരസ്പരമറിഞ്ഞും ചരിത്രം പഠിച്ചും സമാധാനപൂർവംസഹവസിച്ചും അന്യോന്യം ജീവിതത്തെ പരിപോഷിപ്പിക്കുന്ന സംസ്കാരം , സാങ്കേതികവിദ്യ, ശാസ്ത്രം, തത്ത്വദർശനം, സാഹിത്യം, കല , മതംകൽപിക്കുന്ന ഉത്തരവാദിത്വങ്ങളുടെ പൂർത്തീകരണം തുടങ്ങിയവയെല്ലാം മനസ്സിലാക്കാൻ അവസരം കണ്ടെത്തേണ്ടതുണ്ട്.

2. ശരിയായ ഇസ്‌ലാമിനെ ജീവിതത്തിലൂടെ പ്രചരിപ്പിക്കാനാകും വിധം പ്രവർത്തനങ്ങൾ വ്യാപകമാക്കേണ്ടത് അനിവാര്യമാണ്.
അതിനാൽ ഇസ്‌ലാമികലോകത്ത് കാണുന്ന തീവ്രചിന്താഗതികളെ പരാജയപ്പെടുത്താൻ സ്വീകരിക്കേണ്ട ലൈൻ 'നിർബന്ധിത നിർമതവൽകരണ'ത്തിന്റേതാകരുത്. അത്തരം നയം സമൂഹത്തിൽ വിപരീതഫലമുളവാക്കുകയേ ചെയ്യൂ. ജനങ്ങൾക്ക് ഇസ്‌ലാമിനെ പഠിക്കാൻ അവസരമൊരുക്കി കൊടുക്കലാണ് ശരിയായ പരിഹാരം. മനുഷ്യരാശിക്ക് സന്തോഷവും അനുഗ്രഹവുമായി ഭവിക്കുന്ന ഖുർആന്റെ ഉന്നത ധാർമികമൂല്യങ്ങളായ മനുഷ്യാവകാശങ്ങൾ , ജനാധിപത്യം, സ്വാത

ന്ത്ര്യം, സദാചാരവിശുദ്ധി, ശാസ്ത്രം, ആത്മീയത, സൗന്ദര്യബോധം എന്നിവയെ ജീവിതത്തിൽ നടപ്പാക്കി കാട്ടിക്കൊടുക്കുകയാണ് വേണ്ടത്. ഖുർആൻ കൽപിക്കുകയും നബിജീവിതം കാട്ടിത്തരികയും ചെയ്ത ഉന്നതമൂല്യങ്ങളെ മുസ്‌ലിംകൾ സ്വായത്തമാക്കി മാതൃകകാണിക്കണം. തെറ്റുധരിപ്പിക്കും വിധം ഇസ്‌ലാമിനെ ദുരുപയോഗംചെയ്യുന്നവരുടെ കൈകളിൽനിന്ന് അതിനെ വിമോചിപ്പിച്ച് ദൈവദൂതനായ മുഹമ്മദ് നബിയെ മാതൃകയാക്കി ജീവിക്കാനിഷ്ടപ്പെടുന്നവർക്ക് നൽകാനുള്ള ഉത്തരവാദിത്തം മുസ്‌ലിംകൾക്കുണ്ട്.

3. അജ്ഞതയും തീവ്രതയുമാണ് ഭീകരവാദത്തിന്റെ ഉറവിടം. വിജ്ഞാനം പകർന്നുനൽകുകയാണ് ഇതിനുള്ള പരിഹാരം. ഭീകരതയോട് അനുകമ്പകാട്ടുന്ന സംഘങ്ങളോട് അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദ് നബിയുടെ അനുപമചരിത്രത്തിന്റെ താളുകൾ അനാവരണം ചെയ്ത് ഭീകരത ഇസ്‌ലാമിനെതിരാണെന്ന് വ്യക്തമാക്കി കൊടുക്കണം. ഭീകരത ഇസ്‌ലാമിനും മുസ്‌ലിംകൾക്കും മാത്രമല്ല, മനുഷ്യകുലത്തിനുതന്നെയും ദ്രോഹമേ വരുത്തിവെക്കുകയുള്ളൂ.

4. കമ്മ്യൂണിസ്റ്റ് –ഫാസിസ്റ്റ്–വംശീയവാദങ്ങളിൽ നിന്ന് ഊർജം സ്വീകരിക്കുന്ന ഭീകരവാദത്തെ കൈകാര്യംചെയ്യാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള സാംസ്കാരികനടപടികൾക്ക് രൂപംകൊടുക്കേണ്ടതുണ്ട്. ഇന്ന് ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലും ഡാർവിനിസ്റ്റ് കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസമാണ് നിലവിലുള്ളത്. ഏറ്റുമുട്ടലിലൂടെ മാത്രം അതിജീവിക്കാൻ കഴിയുന്ന മനുഷ്യമൃഗത്തെ പരിചയപ്പെടുത്തുന്ന പിഴച്ച പ്രത്യയശാസ്ത്രമാണ് ഡാർവിനിസം. എല്ലാതരത്തിലുമുള്ള ഭീകരതയ്ക്ക് കളമൊരുക്കിയിട്ടുള്ളത് പ്രസ്തുത ദർശനമാണ്. ലോകത്തെ ഭീകരതയുടെ ചതുപ്പുനിലങ്ങളിൽനിന്ന് ഒരുകാലത്തും രക്ഷിക്കാൻ കഴിയാത്ത, യുദ്ധം സവിശേഷനൻമയായിക്കാണുന്ന , അധികാരശക്തികൾക്ക് മാത്രമേ നിലനിൽപുള്ളൂവെന്ന കാഴ്ചപ്പാട് മുന്നോട്ടുവെക്കുന്ന ദർശനമാണത്. ഭീകരതയെ എതിരിടാൻ നിയമത്തിന്റേതായ എല്ലാ വഴികളും സ്വീകരിക്കുന്നതോടൊപ്പം ഈ ഒരു യാഥാർഥ്യം ലോകമൊട്ടാകെയുള്ള ആളുകളെ ബോധ്യപ്പെടുത്തുന്ന വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. എല്ലാറ്റിനുമുപരി, ഡാർവിനിസത്തിന്റെയും ഭൗതികവാദത്തിന്റെയും ചതിക്കുഴികൾ ലോകത്തിനുമുന്നിൽ അനാവരണംചെയ്യപ്പെടണം. ദൈവം മനുഷ്യരാശിക്ക് നൽകിയിട്ടുള്ള മഹിതമൂല്യങ്ങളെ അടിസ്ഥാനമായി സ്വീകരിക്കുന്ന വിദ്യാഭ്യാസം നൽണം. വാസ്തവത്തിൽ സത്യമതത്തിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുന്നതിലൂടെ മാത്രമേ സന്തോഷവും സമാധാനവും സ്ഥിരതയും കൈവരിക്കാനാകൂ. ഡാർവിനിസത്തിന്റെ ചതുപ്പുനിലങ്ങളെ ഇല്ലായ്മ ചെയ്യാതെ ദുരന്തങ്ങളുടെ ലോകത്തുനിന്ന് രക്ഷപ്പെടാനാവില്ല.

മേൽ നടപടികൾ കൈക്കൊള്ളുക വഴി ഭീകരതയുടെയും അതുപോലുള്ള മനു

ഷ്യത്വരഹിതവും ക്രൂരവുമായ ഹിംസാത്മകളുടെയും കരാളതകളിൽനിന്ന് ലോകത്തെ രക്ഷിക്കാനാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. ദൈവത്തിന്റെ നിർദ്ദേശങ്ങൾക്കൊത്ത് ചലിക്കുന്ന നാടെന്ന് സ്വയം വിശേഷിപ്പിക്കുന്ന ക്രൈസ്തവഅമേരിക്ക മുസ്‌ലിംലോകവുമായി സൗഹൃദത്തിൽ കഴിയേണ്ടതുണ്ട്. ആ ഒരു യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് വിശ്വാസികളോടേറ്റവും സൗഹൃദത്തിൽ വസിക്കുന്നത് ക്രൈസ്തവരാണെന്ന് ഖുർആൻ പറഞ്ഞത് (അൽ മാഇദ 82)

ഈ വസ്തുത മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ട വിവരദോഷികളായ കുരിശുയോദ്ധാക്കളാണ് ഈ രണ്ടുമതവിഭാഗങ്ങൾക്കിടയിൽ സംഘർഷത്തിന് കളമൊരുക്കിയത്. 'നാഗരികതകളുടെ സംഘട്ടനം,' 'പടിഞ്ഞാറിനെതിരെയുള്ള വിശുദ്ധയുദ്ധം' തുടങ്ങിയ വാദഗതികളുയർത്തിപ്പിടിക്കുന്ന അത്തരം അവസ്ഥാവിശേഷങ്ങൾ ആവർത്തിക്കാതിരിക്കാൻ യഥാർഥമുസ്‌ലിംകളും ക്രൈസ്തവരും ഒത്തൊരുമിക്കേണ്ടത് അനിവാര്യമായിരിക്കുന്നു.

തീർച്ചയായും അത്തരം ദുഃഖകരമായ സംഭവവികാസങ്ങൾക്ക് ശേഷം ഉണ്ടായ മാറ്റങ്ങൾ സഹകരണത്തിന്റെ ചേരികൾക്ക് ബീജാവാപം നൽകുന്ന സൂചനകളാണ് നമുക്ക് നൽകുന്നത്. ഭീകരപ്രവർത്തനങ്ങളുടെ തിക്തയാഥാർഥ്യം മുസ്‌ലിം-ക്രൈസ്തവ സമുദായങ്ങളെ കൂടുതൽ അടുപ്പിക്കാൻ സഹായിച്ചിരിക്കുന്നു. അതുവഴി ഇസ്‌ലാമിനെപ്പറ്റി മനസ്സിലാക്കാൻ ഒട്ടേറെ ക്രൈസ്തവർക്ക് അവസരം ലഭിച്ചു. അതോടൊപ്പം ഖുർആൻ വിവരിച്ച ഏറ്റവും നല്ല രീതിയിൽ മുസ്‌ലിമിനെ പ്രതിനിധീകരിക്കാനുള്ള പരിശ്രമങ്ങൾ സമുദായവും ആരംഭിച്ചു.

ഈ മാറ്റങ്ങൾ ശുഭോദർക്കമാണ്. കാരണം, ഇസ്‌ലാമിന്റെ മൂല്യങ്ങൾ മറ്റുള്ളവയെക്കാൾ മികച്ചതാണെന്ന് ആളുകൾ മനസ്സിലാക്കുമല്ലോ. അതോടൊപ്പം ഇസ്‌ലാമിനെക്കുറിച്ച അവരുടെ മുൻധാരണകൾ തിരുത്തപ്പെടുകയും ചെയ്യും. ദൈവേച്ഛയാൽ ഇരുപത്തിയൊന്നാം നൂറ്റാണ്ട് ഈ ഭൂമിയിൽ സമാധാനം ഉറപ്പിക്കാൻ ഇസ്‌ലാമിന്റെ ധാർമികമൂല്യങ്ങൾ പ്രചരിപ്പിക്കേണ്ടതുണ്ടെന്ന തിരിച്ചറിവ് നേടുന്ന ജനത്തിന്റേതായിരിക്കും.

'അവനാണ് ദൈവംഅവനാണ് അല്ലാഹു. സ്രഷ്ടാവും നിർമാതാവും രൂപരചയിതാവും അവൻതന്നെ. വിശിഷ്ടനാമങ്ങളൊക്കെയും അവന്നുള്ളതാണ്. ആകാശഭൂമികളിലുള്ളവയെല്ലാം അവന്റെ മഹത്വം കീർത്തിച്ചുകൊണ്ടിരിക്കുന്നു. അവനാണ് അജയ്യനും യുക്തിജ്ഞനും' (അൽഹശ്റ് 24).

# അനുബന്ധം

## പരിണാമവാദത്തിലെ ചതി

ഡാർവിനിസം അതായത് പരിണാമവാദം ദൈവത്തിന്റെ സൃഷ്ടികർമമെന്ന യാഥാർഥ്യത്തെ നിഷേധിക്കാനുദ്ദേശിച്ച് ഉണ്ടാക്കിയ സിദ്ധാന്തമാണ്. സത്യത്തിലത് പരാജയമടഞ്ഞ അശാസ്ത്രീയ വരട്ടുവാദമാണ്. അജൈവകണത്തിൽനിന്ന് യാദൃച്ഛികമായി ജീവിതം ഉരുത്തിരിഞ്ഞുവെന്നാണ് അതിന്റെ കണ്ടുപിടിത്തം. എന്നാൽ പ്രപഞ്ചത്തിലെ ജീവിവർഗങ്ങളിൽ അത്യത്ഭുതകരമായ ആസൂത്രണമുണ്ടെന്ന ശാസ്ത്രീയതെളിവുകൾ പ്രസ്തുത സങ്കൽപനത്തെ തള്ളിക്കളയുന്നു. അതുപോലെത്തന്നെ, മുന്നൂറ് മില്യൺ ഫോസിലുകളിൽ നടത്തിയിട്ടുള്ള  പഠനങ്ങളും ശാസ്ത്രീയ കണ്ടുപിടിത്തത്തെയാണ് പിന്തുണക്കുന്നത്. പരിണാമവാദത്തെ സജീവമായി നിലനിർത്താനായി  നടത്തുന്ന പ്രചാരവേലകളെല്ലാം തന്നെ ശാസ്ത്രവസ്തുതകളെ വടച്ചൊടിച്ചും ഏകപക്ഷീയമായി വ്യാഖ്യാനിച്ചും നുണകളും അസത്യങ്ങളും ശാസ്ത്രീയമെന്ന് വാദിച്ചുമുള്ളതാണ്.

എന്നിട്ടും ഈ പ്രചാരവേലകൾക്കൊന്നും സത്യത്തെ മൂടിവെക്കാനായില്ല. ശാസ്ത്രചരിത്രത്തിലെ അങ്ങേയറ്റത്തെ കൊടിയ വഞ്ചനയായ പരിണാമവാദത്തെ കഴിഞ്ഞ മുപ്പതുവർഷക്കാലമായി ശാസ്ത്രമെന്ന പേരിൽ എഴുന്നള്ളിച്ചുകൊണ്ടിരിക്കുന്നു. 1980 കൾക്ക് ശേഷം നടന്ന ശാസ്ത്രീയഗവേഷണങ്ങൾ ഡാർവിനിസത്തിന്റെ വാദങ്ങളെല്ലാം യാതൊരു അടിസ്ഥാനവുമില്ലാത്തതാണെന്ന് തെളിയിച്ചിട്ടുള്ളതാണ്. അമേരിക്കയിൽതന്നെ ബയോളജി, ബയോകെമിസ്ട്രി, പാലിയന്റോളജി മേഖലകളിലെ ബഹുഭൂരിപക്ഷം ശാസ്ത്രജ്ഞൻമാരെല്ലാംതന്നെ ഡാർവിനിസത്തെ തള്ളിക്കളഞ്ഞുകൊണ്ട്  ജൈവഉൽപത്തിക്ക് നിദാനം സൃഷ്ടിവാദമാണെന്ന വസ്തുതയെ അംഗീകരിച്ചവരാണ്

പരിണാമവാദത്തിന്റെ പരാജയവും സൃഷ്ടിവാദത്തിനുള്ള തെളിവുകളും വളരെ വിശദമായി തന്നെ നമ്മുടെ കൃതികളിൽ പരാമർശിച്ചിട്ടുണ്ട്.  ഇനിയും അത് തുടർന്നുകൊണ്ടിരിക്കും . വിഷയത്തിന്റെ അതീവപ്രാധാന്യം പരിഗണിച്ച് അതിവിടെ ചുരുക്കിപ്രതിപാദിക്കുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

### ഡാർവിനിസത്തിന്റെ ശാസ്ത്രീയപരാജയം

പ്രാക്തനഗ്രീസിലെ പ്രാകൃതവിശ്വാസസംഹിതയിൽനിന്ന് 19-ാം നൂറ്റാണ്ടിലെത്തിയപ്പോൾ പരിണാമവാദം ഒട്ടേറെ വികസിക്കുകയുണ്ടായി. 1859-ൽ പ്രസിദ്ധീകരിച്ച, ചാൾസ് ഡാർവിന്റെ  'ദ ഒറിജിൻ ഓഫ് സ്പീഷീസ് ' എന്ന പുസ്തകം, ശാസ്ത്ര

ലോകത്തെ ഏറ്റവും ശ്രദ്ധേയമായ ചർച്ചാവിഷയമായിത്തീരുകവഴി വലിയൊരു മുന്നേറ്റം നടത്തി. ഭൂമിയിലെ വ്യത്യസ്തങ്ങളായ സർവചരാചരങ്ങളെയും ദൈവം സൃഷ്ടിച്ചതാണെന്ന വാദത്തെ ഈ പുസ്തകത്തിൽ അദ്ദേഹം തള്ളിപ്പറഞ്ഞു. എല്ലാ ജീവിവർഗങ്ങൾക്കും ഒരൊറ്റ പൂർവികസ്രോതസ്സേയുള്ളൂവെന്നും കാലാന്തരത്തിൽ അവ പരിണാമവാദത്തിന് വിധേയമായതാണെന്നുമുള്ള തികച്ചും തെറ്റായ വാദം പകരം അദ്ദേഹം മുന്നോട്ടുവെച്ചു. ഡാർവിൻ പ്രത്യേകിച്ചെന്തെങ്കിലും പ്രമാണങ്ങളുടെ വെളിച്ചത്തിലായിരുന്നില്ല അത് സമർപ്പിച്ചത്. മറിച്ച് , അത് വെറും 'അനുമാനം' മാത്രമായിരുന്നു. പുസ്തകത്തിലെ 'ഡിഫിക്കൽറ്റീസ് ഓൺ തിയറി' എന്ന വലിയ അധ്യായത്തിൽ വളരെ നിർണായകമായ ഒട്ടേറെ ചോദ്യങ്ങൾക്ക് തനിക്കുത്തരമില്ലെന്ന് ഡാർവിൻ സമ്മതിക്കുന്നുണ്ട്.

ശാസ്ത്രം പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നതോടെ തന്റെ അനുമാനങ്ങളെ നിഷേധിക്കുന്ന സമസ്യകൾക്ക് ഉത്തരം കണ്ടെത്താനാകുമെന്ന് ഡാർവിൻ പ്രതീക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്ക് വിരുദ്ധമായി പുതിയ ശാസ്ത്രീയകണ്ടുപിടിത്തങ്ങൾ പ്രസ്തുത സമസ്യകളുടെ ശൃംഖലതന്നെ വിപുലീകരിച്ചുകൊണ്ടിരുന്നു.ശാസ്ത്രവസ്തുതകളെ മുൻനിർത്തി ഡാർവിനിസത്തിന്റെ പരാജയം മൂന്ന് തലക്കെട്ടുകളിലൂടെ നമുക്ക് പരിശോധിക്കാം.

1. ഭൂമിയിൽ ജീവിതം എങ്ങനെ സമാരംഭംകുറിച്ചു എന്നത് ഈ സിദ്ധാന്തത്തിന് വിശദീകരിക്കാനാകുന്നില്ല.
2. ഡാർവിൻ തിയറി മുന്നോട്ടുവെക്കുന്ന പരിണാമപ്രക്രിയകൾക്ക് ശാസ്ത്രീയ പിൻബലം ലഭിക്കുന്നില്ല.
3. ഡാർവിൻ തിയറിയുടെ വാദഗതികൾക്ക് നേർവിപരീതമാണ് ഫോസിൽ തെളിവുകൾ

ഈ മൂന്ന് പോയന്റുകളെ നമുക്ക് വിശാലമായി പരിശോധിക്കാം.

### കടന്നുകയറാനാകാത്ത കടമ്പ: ജീവോൽപത്തി

ഭൂമിയിൽ 3.8 ബില്യൺ വർഷങ്ങൾക്ക് മുമ്പ് യാദൃശ്ചികസംഭവങ്ങളുടെ ഫലമായി ഉണ്ടായതെന്ന് കരുതുന്ന ഏകകോശത്തിൽനിന്നാണ് ഇന്നുകാണുന്ന സകലജീവജാലങ്ങളുടെയും ഉൽപത്തിയെന്ന് പരിണാമസിദ്ധാന്തം ഉത്ഘോഷിക്കുന്നു. ഈ ഒരു ഏകകോശജീവനിൽനിന്ന് ഇന്നുകാണുന്ന അസംഖ്യം ജീവിവർഗങ്ങൾ എങ്ങനെയുണ്ടായി,അങ്ങനെ ഒരു പരിണാമപ്രക്രിയ നടന്നിട്ടുണ്ടെങ്കിൽ അതിന്റെ അടയാളങ്ങൾ ഫോസിലുകളിൽ കാണപ്പെടാത്തതെന്ത് എന്നിത്യാദി ചോദ്യങ്ങൾക്ക് പക്ഷേ ഉത്തരമില്ല. എന്തായാലും ഒന്നാമതായി നമ്മുടെ ചോദ്യമിതാണ് . ഈ ആദ്യജീവകോശം എങ്ങനെ ഉണ്ടായി?

സൃഷ്ടിവാദത്തെ പരിണാമവാദം തീർത്തും നിഷേധിക്കുന്നതിനാൽ പ്രത്യേകിച്ചെന്തെങ്കിലും ആസൂത്രണമോ നിയമക്രമമോ ഇല്ലാതെ യാദൃച്ഛികമായി ' ഏകകോശ ജീവി' ഉത്ഭവംകൊണ്ടു എന്നാണ് സമർഥിക്കുന്നത്. ഡാർവിൻ തിയറി അനുസരിച്ച് നിർജീവകണം യാദൃച്ഛികമായി ജീവകോശം ഉൽപാദിപ്പിച്ചുവത്രെ. എന്നാൽ ജീവശാസ്ത്രത്തിന്റെ സുസ്ഥിര നിയമങ്ങൾക്കുമുന്നിൽ അത്തരം വാദങ്ങൾക്ക് നിലനിൽപ്പില്ല.

## ജീവന്റെ ഉൽപത്തി ജീവനുള്ളവയിൽനിന്ന്

ഡാർവിൻ ജീവന്റെ ഉൽപത്തിയെന്ന വിഷയം തന്റെ പുസ്തകത്തിൽ കൈകാര്യംചെയ്യുന്നുണ്ട്. ജീവിവർഗങ്ങൾ വളരെ ലളിതമായ ഘടനയുള്ളവയാണെന്ന അനുമാനമാണ് പരിമിതവിജ്ഞാനം കൈമുതലായുണ്ടായിരുന്ന അന്നത്തെ ശാസ്ത്രലോകം വെച്ചുപുലർത്തിയിരുന്നത്. ജീവനില്ലാത്ത വസ്തുക്കൾ ചേർന്ന് ജീവനുള്ളവ സ്വാഭാവികജൻമമെടുക്കുന്നുവെന്ന് മധ്യകാലഘട്ടംതൊട്ടേ വിശ്വസിച്ചുപോന്നിരുന്നു. ബാക്കിവന്ന ഭക്ഷണാവശിഷ്ടങ്ങളിൽനിന്ന് പ്രാണികൾ രൂപം കൊള്ളുന്നുവെന്നായിരുന്നു പരക്കെയുള്ള ധാരണ. അതുതെളിയിക്കാൻ ഗോതമ്പിൽ നിന്ന് എലികൾ ഉണ്ടാകുന്നുവെന്ന വളരെ രസകരമായ പരീക്ഷണങ്ങൾ പോലും നടത്തിയിട്ടുണ്ട്. മുഷിഞ്ഞ തുണിക്കഷ്ണത്തിൽ ഗോതമ്പ് വെച്ച് കുറച്ചു ദിവസങ്ങൾ കഴിഞ്ഞാൽ എലി അതിൽനിന്ന് ജൻമംകൊള്ളുമെന്ന് ജനം വിശ്വസിച്ചിരുന്നു.

അതുപോലെ ചീഞ്ഞളിഞ്ഞ മാംസത്തിൽ കാണുന്ന പുഴുക്കളെ സ്വാഭാവികപിറവിയുടെ തെളിഞ്ഞ ദൃഷ്ടാന്തമായി അവതരിപ്പിച്ചിരുന്നു. എന്തായാലും നഗ്നനേത്രങ്ങൾകൊണ്ട് കാണാനാകാത്ത പ്രഥമഘട്ടത്തിൽ അവയെ ഈച്ചകൾ വഹിച്ചുകൊണ്ടുവരുന്നതാണെന്നും അല്ലാതെ ആ പുഴുക്കൾ തനിയെ ഉണ്ടാകുന്നതല്ലെന്നും പിന്നീട് കണ്ടെത്തുകയുണ്ടായി.

ഡാർവിൻ 'ദ ഒറിജിൻ ഓഫ് സ്പീഷീസ്' എഴുതുന്ന ഘട്ടത്തിലും ബാക്ടീരിയ ജീവനില്ലാത്ത ഘടകങ്ങൾ ചേർന്നാണുണ്ടാകുന്നതെന്ന ധാരണയ്ക്ക് ശാസ്ത്രലോകത്ത് പരക്കെ സ്വീകാര്യതയുണ്ടായിരുന്നു.

എന്തായാലും ഡാർവിന്റെ പുസ്തകം പുറത്തുവന്ന് അഞ്ചുവർഷത്തിന് ശേഷം അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന് മൂലക്കല്ലായി വർത്തിച്ച 'സ്വാഭാവിക പിറവി'യെ നിക്ഷേധിക്കുന്ന , തന്റെ ദീർഘകാലപഠനഗവേഷണഫലങ്ങൾ ലൂയിപാസ്റ്റർ ലോകത്തോട് വിളിച്ചുപറഞ്ഞു. 1864-ൽ സോർബോണിൽ നടന്ന വിജയഭേരി മുഴക്കിക്കൊണ്ടുള്ള പ്രഭാഷണത്തിൽ പാസ്റ്റർ പറഞ്ഞു:'ഈ പരീക്ഷണത്തിലൂടെ സ്വാ

ഭാവികജൻമമെന്ന സിദ്ധാന്തത്തിന് ഏറ്റപ്രഹരത്തിൽനിന്ന് അതൊരിക്കലും മോചിതമാകുകയില്ല.'[1]

ഏറെക്കാലത്തോളം പരിണാമവാദികൾ ഈ കണ്ടുപിടിത്തത്തെ പ്രതിരോധിച്ചു. എന്നിരുന്നാലും ശാസ്ത്രം വികസിക്കുകയും ജീവകോശങ്ങളുടെ സങ്കീർണഘടന ഉരുക്കഴിക്കുകയും ചെയ്തതോടെ ജീവിവർഗം  പ്രപഞ്ചത്തിൽ യാദൃച്ഛികമായുണ്ടായതാണെന്ന പരിണാമവാദികളുടെ  ആശയഗതികൾ കടുത്ത പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ചു.

## സന്ദിഗ്ധതകളുടെ 20-ാം നൂറ്റാണ്ട്

ഇരുപതാംനൂറ്റാണ്ടിൽ ജീവോത്പത്തിയെ സംബന്ധിച്ച പരിണാമവാദത്തെ ഏറ്റെടുത്തുകൊണ്ട്  മുമ്പോട്ടുവന്ന ശാസ്ത്രജ്ഞരിൽ ഒരാളായിരുന്നു റഷ്യൻ ബയോളജിസ്റ്റായ അലക്സാണ്ടർ ഒപാറിൻ. 1930 കളോടെ തന്റെ നിരവധി ഗവേഷണപ്രബന്ധങ്ങളിലൂടെ ജീവനുള്ള കോശം യാദൃശ്ചികമായി ഉണ്ടായേക്കാമെന്ന്  തെളിയിക്കാൻ അദ്ദേഹം ശ്രമിച്ചു. എന്നാൽ അത്തരം പഠനഗവേഷണഫലങ്ങളൊന്നും ലക്ഷ്യം കണ്ടില്ല. അവസാനം ഒപാറിൻ പരാജയം സമ്മതിച്ചുകൊണ്ട് ഇങ്ങനെയെഴുതി:'ദൗർഭാഗ്യവശാൽ , ജീവിവർഗങ്ങളുടെ പരിണാമത്തെക്കുറിച്ച പഠനത്തിൽ ഏറ്റവും  വലിയ പ്രതിസന്ധി, ഏകകോശജീവിയുടെ ഉത്ഭവമെങ്ങനെയെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താനാകാത്തതാണ്.'[2]
തുടർന്ന് ഒപാറിന്റെ പരിണാമവാദികളായ ശിഷ്യൻമാർ പ്രസ്തുത സമസ്യക്ക് ഉത്തരം കണ്ടെത്താൻ ശ്രമങ്ങൾ തുടങ്ങി. അക്കൂട്ടത്തിലറിയപ്പെട്ടത് 1953-ൽ അമേരിക്കൻ രസതന്ത്രജ്ഞനായ സ്റ്റാൻലി മില്ലർ നടത്തിയ പരീക്ഷണമായിരുന്നു . ഭൂമിയുടെ രൂപവത്കരണത്തിന്റെ പ്രഥമഘട്ടത്തിൽ നിലനിന്നിരുന്നുവെന്ന് പറയപ്പെടുന്ന അന്തരീക്ഷം പരീക്ഷണശാലയിൽ ഉണ്ടാക്കിയെടുത്ത്  അതിലൂടെ ഊർജം കടത്തിവിട്ട് , പ്രോട്ടീൻ ഘടനയിൽ കാണപ്പെടുന്ന പലതരം ജൈവതൻമാത്രകളെ (അമിനോആസിഡ്) താൻ ഉണ്ടാക്കിയെടുത്തതായി മില്ലർ അവകാശപ്പെട്ടു.

എന്നാൽ പരിണാമവാദത്തിന്റെ  ഏറ്റവും വലിയ മുന്നേറ്റമായി ഈ പരീക്ഷണത്തെ ലോകത്തിനുമുന്നിൽ സമർപ്പിച്ച് അധികം വൈകാതെ തന്നെ, നിലവിലുള്ള ഭൗമസാഹചര്യത്തിൽനിന്നും വ്യത്യസ്തമായ പരീക്ഷണശാലയിലെ കൃത്രിമ അന്തരീക്ഷം സ്വീകാര്യമല്ലെന്ന വസ്തുത ശാസ്ത്രം വെളിപ്പെടുത്തി.[3]
ദീർഘകാലത്തെ മൗനത്തിനുശഷം തന്റെ പരീക്ഷണശാലയിലെ സാങ്കൽപിക ഭൗമാന്തരീക്ഷം യഥാർഥത്തിലുള്ളതായിരുന്നില്ലെന്ന് മില്ലർ തുറന്നുസമ്മതിച്ചു.[4]
ജീവോൽപത്തിയെ വിശദീകരിക്കാൻ പരിണാമവാദികൾ നടത്തിയ എല്ലാ ശ്രമങ്ങളും ഇരുപതാംനൂറ്റാണ്ടിലുടനീളം പരാജയമടഞ്ഞു. സാൻഡിയാഗോ സ്ക്രിപ്

സ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഭൗമരസതന്ത്രജ്ഞനായ ജെഫ്രി ബാഡ 1998– ലെ എർത് മാഗസിനിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ ഈ വസ്തുത ഊട്ടിയുറപ്പിച്ചുകൊണ്ട് ഇങ്ങനെ എഴുതി:

'നാം ഇരുപതാം നൂറ്റാണ്ടിനോട് വിടപറയുന്ന ഈ ഘട്ടത്തിലും അതിന്റെ ആരംഭത്തിൽ നാം അഭിമുഖീകരിച്ച, ഭൂമിയിൽ ജീവൻ എങ്ങനെ പിറവിയെടുത്തു എന്ന ചോദ്യം ഇപ്പോഴും അവശേഷിക്കുന്നു.'[5]

## ജീവന്റെ സങ്കീർണഘടന

ഏറ്റവും ലളിതരൂപമുള്ള ജീവിവർഗങ്ങൾക്കുപോലും ഉണ്ടായിരുന്ന സങ്കീർണമായ കോശാന്തരഘടനയാണ് ജീവോൽപത്തി എന്ന വിഷയത്തിൽ പരിണാമവാദികൾക്ക് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചത് . മനുഷ്യൻ ഉണ്ടാക്കിയ എല്ലാ സാങ്കേതിക ഉപകരണങ്ങളുടെതിനെക്കാൾ എത്രയോ മടങ്ങ് സങ്കീർണമാണ് ജീവിവർഗങ്ങളുടെ കോശഘടന. ലോകത്തിലെ അത്യന്താധുനിക ലബോറട്ടറികളിൽ പോലും കോശത്തിനകത്തെ ഒരു പ്രോട്ടീനോ അല്ലെങ്കിൽ ഒരു കോശംതന്നെയോ സൃഷ്ടിക്കാൻ ഇന്നുംകഴിഞ്ഞിട്ടില്ല.

ഒരു കോശം രൂപംകൊള്ളാൻ വേണ്ട നിബന്ധനകളെക്കുറിച്ച് വിവരിക്കാൻ വാള്യങ്ങളേറെ വേണ്ടിവരുമെന്നിരിക്കെ, അത് യാദൃച്ഛികമായുണ്ടായതെന്ന് പറയുന്നത് യുക്തിഹീനതയാണെന്നതിൽ സംശയമില്ല. ആ വിശദാംശങ്ങളെ ഇപ്പോൾ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ലല്ലോ. കോശഘടനയിലേക്കെത്തുംമുമ്പുതന്നെ കാലിടറിവീണ ഡാർവിനിസ്റ്റുകൾക്ക് മുമ്പോട്ടുപോകാൻ കഴിയാതായിരിക്കുന്നു. ഒരു ജീവകോശത്തിന്റെ അടിസ്ഥാനഘടകമായ പ്രോട്ടീൻ കണംപോലും യാദൃച്ഛികമായി പ്രത്യക്ഷപ്പെടാനുള്ള സാധ്യത ഗണിതശാസ്ത്രതത്ത്വമനുസരിച്ച് സീറോ ആണെന്നതുതന്നെ അതിന് കാരണം.

ഒരു പ്രോട്ടീൻ കണമുണ്ടാകണമെങ്കിൽ മറ്റുള്ള പ്രോട്ടീനുകളുടെയും സാന്നിധ്യം ആവശ്യമാണെന്ന വസ്തുതതന്നെ ആകസ്മികഉൽപത്തിയെന്ന പരിണാമവാദത്തെ ചോദ്യംചെയ്യുന്നുണ്ട്.

ചുരുക്കത്തിൽ , പ്രോട്ടീനുകൾ എൻസൈമുകളെക്കൂടാതെ ഉൽപാദിപ്പിക്കാനാകില്ല. കാരണം, എൻസൈമുകൾ എല്ലാം പ്രോട്ടീനുകളാണ്. ഏതാണ്ട് 100 പ്രോട്ടീനുകളുടെ സാന്നിധ്യത്തിലാണ് ഒരു പ്രോട്ടീനെ ഉരുത്തിരിച്ചെടുക്കാൻ കഴിയുന്നത്. ഏതെങ്കിലുമൊരു പ്രോട്ടീൻ രൂപം കൊള്ളണമെങ്കിൽ അവിടെ മറ്റു പ്രോട്ടീനുകളുടെ സാന്നിധ്യമുണ്ടാകണം.

പ്രോട്ടീൻ ഉൽപാദകരായ എൻസൈമുകളെ നിർമിക്കുന്നത് ഡിഎൻഎയാണ്. ഡിഎൻഎ ഇല്ലാതെ പ്രോട്ടീൻ ഉരുത്തിരിച്ചെടുക്കാനാകില്ല. അതുകൊണ്ടുതന്നെ പ്രോട്ടീൻ രൂപം കൊള്ളുന്നതിന് ഡിഎൻഎ കൂടിയേതീരൂ.

കോശത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ള ജൈവഘടകങ്ങൾക്ക്(Organells) പ്രോട്ടീൻ രൂപവത്കരണത്തിൽ അതീവപ്രാധാന്യമുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ , കോശത്തെ സമ്പൂർണവും സക്രിയവുമായി നിലനിർത്താൻ പ്രോട്ടീനുകൾക്ക് കഴിയണമെങ്കിൽ അതിനോടൊപ്പം നേരത്തെപറഞ്ഞ ജൈവഘടകങ്ങൾ വേണം.

കോശത്തിന്റെ നൂക്ലിയസിൽ സ്ഥിതിചെയ്യുന്ന ഡിഎൻഎ തൻമാത്ര എല്ലാ ജനിതകവിവരങ്ങളും ശേഖരിച്ചുവെച്ചിട്ടുള്ള ബൃഹത്തായ ഡാറ്റാബാങ്കാണ്. ഡിഎൻഎയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങളെല്ലാം എഴുതിവെക്കാൻ ശ്രമിക്കുകയാണെങ്കിൽ 500 പേജ് വീതമുള്ള തൊള്ളായിരം വാള്യങ്ങളുടെ എൻസൈക്ലോപീഡിയയോളമുണ്ടാവും അവ.

അതേസമയം തന്നെ ഒരു ആശയക്കുഴപ്പം ഇവിടെ ഉയർന്നുവരുന്നു. ഡിഎൻഎ വീണ്ടും ഉണ്ടാകണമെങ്കിൽ പ്രത്യേകതരം പ്രോട്ടീനു(എൻസൈമുകൾ) കളുടെ സഹായം കൂടിയേതീരൂ. അതെന്തായാലും ഈ എൻസൈമുകളുടെ സങ്കലനം മനസ്സിലാക്കാൻ കഴിയുന്നത് ഡിഎൻഎയിൽ കോഡ് ചെയ്തിട്ടുള്ള വിവരങ്ങൾ മുൻനിർത്തി മാത്രമാണ്. അവ എന്നും എവിടെയും പരസ്പരം ഒന്നിച്ചുനിൽക്കേണ്ടതുണ്ട്. ഒന്നിന്റെ അഭാവത്തിൽ മറ്റേതില്ല. ഈ ശാസ്ത്രീയവസ്തുത ജീവൻ തനിയെ ഉണ്ടായതാണെന്ന വാദത്തിന് മുന്നിൽ വിലങ്ങുതടി തീർക്കുന്നു. കാലിഫോർണിയയിലുള്ള സാൻഡിയാഗോ യൂണിവേഴ്സിറ്റിയിലെ പേരുകേട്ട പരിണാമവാദിയായ പ്രൊഫ: ലെസ്‌ലി ഒർഗെൽ 1994 സെപ്റ്റംബർ ലക്കത്തിലെ സയന്റിഫിക് അമേരിക്കൻ മാഗസിനിൽ ഈ വസ്തുത അംഗീകരിച്ചുകൊണ്ട് ഇങ്ങനെയെഴുതി:'ഘടനാപരമായി അതീവസങ്കീർണമായ പ്രോട്ടീനും ന്യൂക്ലിക് ആസിഡും(ഡിഎൻഎ) യാദൃച്ഛികമായി ഒരു സ്ഥലത്ത് വന്നുചേരുകയെന്നത് തീർത്തും അസാധ്യമായ കാര്യമാണ്. ഒന്നിന്റെ അഭാവത്തിൽ മറ്റേതുണ്ടാവുകയെന്നതും അസാധ്യമാണെന്നാണ് കരുതേണ്ടത്.

അതുകൊണ്ടുതന്നെ ജീവൻ എന്നത് ചില രാസപ്രക്രിയകളുടെ ഫലമാണെന്ന അനുമാനം സാധ്യമല്ലെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാം.'6

യാദൃച്ഛിക രാസസംയോജനങ്ങളുടെ ഫലമായി ജീവൻ ഉണ്ടാവുകയില്ലെന്ന് വ്യക്തമാണെങ്കിൽ അത് സൃഷ്ടിയുടെ ബാക്കിപത്രമാണെന്നതിൽ യാതൊരു സംശയവുമില്ല. ഈ സംഗതി സൃഷ്ടിവാദത്തെ നിരാകരിക്കുന്ന പരിണാമവാദത്തെ ഫല

ത്തിൽ തള്ളിക്കളയുകയാണ്.

## സാങ്കൽപികമായ പരിണാമപ്രക്രിയ

ഈ സിദ്ധാന്തമുന്നയിക്കുന്ന പരിണാമപ്രക്രിയകൾക്കൊന്നും യഥാർഥത്തിൽ പരിണാമത്തെ ത്വരിതപ്പെടുത്താനുള്ള ശക്തിയില്ലെന്നതാണ് ഡാർവിൻ സിദ്ധാന്തത്തെ നിഷേധിക്കുന്ന രണ്ടാമത്തെ പ്രധാനസംഗതി,
ഡാർവിൻ തന്റെ പരിണാമവാദത്തെ സമർപ്പിക്കാൻ ശ്രമിച്ചിട്ടുള്ളത് 'പ്രകൃതിപരമായ തെരഞ്ഞെടുപ്പ് 'പ്രക്രിയയിലൂടെയാണ്. ആ വീക്ഷണത്തിന്റെ പ്രാധാന്യം അദ്ദേഹംതന്നെ രചിച്ച 'ദ ഒറിജിൻ ഓഫ് സ്പീഷീസ് ബൈമീൻസ് ഓഫ് നാചുറൽ സെലക്ഷൻ' എന്ന പുസ്തകത്തിന്റെ പേര് സ്വയംവെളിപ്പെടുന്നുണ്ട്.

അനുയോജ്യമായ ജൈവാന്തരീക്ഷത്തിൽ കഴിയുന്ന ജീവജാലങ്ങളിൽ ജീവനുവേണ്ടിയുള്ള പോരാട്ടത്തിൽ അതിജയിക്കാനാകും വിധം ശക്തനായ ജീവിവർഗം അവശേഷിക്കുന്നു. ഉദാഹരണത്തിന് വന്യജീവികളുടെ ആക്രമണഭീഷണിയിൽ കഴിയുന്ന മാൻകൂട്ടങ്ങളിൽ അതിവേഗം ഓടാൻ കഴിയുന്ന മാനിന് അതിജീവനശേഷിയുണ്ടാകും അതുകൊണ്ടുതന്നെ മാൻകൂട്ടങ്ങളിൽ വേഗതയും കരുത്തും ഉള്ളവ ഉണ്ടായിരിക്കും. എന്നാൽ വേഗതയും കരുത്തുമുള്ള മാനുകളൊന്നും കാലാന്തരത്തിൽ പരിണാമം സംഭവിച്ച് കുതിരപോലുള്ള മറ്റേതെങ്കിലും ജീവിയായി മാറുന്നില്ലെന്നതിൽ ആർക്കും തർക്കമില്ല. അതുകൊണ്ടുതന്നെ പ്രകൃതിയുടെ സ്വാഭാവികതെരഞ്ഞെടുപ്പിന് പരിണാമപ്രേരകമായ ശക്തിയില്ലെന്നത് വ്യക്തമാണ്. ഡാർവിനും ഇക്കാര്യത്തെപ്പററി തികഞ്ഞ ബോധ്യമുണ്ടായിരുന്നു. തന്റെ 'ഒറിജിൻ ഓഫ് സ്പീഷീസി' ൽ അക്കാര്യം വ്യക്തമാക്കുന്നത് കാണുക.

'അനുകൂലമായ സാഹചര്യവും മാറ്റവും ഉണ്ടായെങ്കിലല്ലാതെ പ്രകൃതിപരമായ തെരഞ്ഞെടുപ്പിന് ഒന്നുംചെയ്യാനില്ല.'[7]

## ലാമാർക്കിന്റെ സ്വാധീനം

അപ്പോൾ എങ്ങനെയാണ് 'അനുകൂലമായ മാറ്റങ്ങൾ' ഉണ്ടാകുന്നത്? ശാസ്ത്രം അതിന്റെ ശൈശവഘട്ടത്തിലായിരുന്നപ്പോൾ വെച്ചുപുലർത്തിയിരുന്ന കാഴ്ചപ്പാടു വെച്ചുകൊണ്ട് ഡാർവിൻ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിച്ചു. ഡാർവിന് മുമ്പ് ജീവിച്ചിരുന്ന ഫ്രഞ്ച് ബയോളജിസ്റ്റായിരുന്ന ഷെവലിയർ ഡി ലാമാർക്കി(1744-1829)ന്റെ അഭിപ്രായമനുസരിച്ച് ഓരോ ജീവിവർഗവും തങ്ങളുടെ ജീവിതകാലത്ത് ആർജിച്ച സവിശേഷപാരമ്പര്യഗുണങ്ങൾ തൊട്ടടുത്ത തലമുറയിലേക്ക് പകർന്നുനൽകുന്നു. ഒരു തലമുറ ജീവിവർഗം ആർജിച്ച അത്തരം പാ

രമ്പര്യഗുണങ്ങൾ പകർന്നുനൽകുന്നതോടെ അത് പുതിയജീവിവർഗത്തിന് തുടക്കം കുറിക്കുന്നതായി അദ്ദേഹം ഉറപ്പിച്ചു. ഉദാഹരണത്തിന് വലിയ മരങ്ങളിൽനിന്ന് ഇലകൾ തിന്നാൻ കഴുത്തുനീട്ടിയതിനാൽ തലമുറകളിൽനിന്ന് തലമുറകളിലൂടെ മാനുകളിൽനിന്ന് കഴുത്തു നീണ്ടുവളർന്ന് ജിറാഫുണ്ടായി എന്ന് അദ്ദേഹം വാദിച്ചു. ഡാർവിനും സമാനമായ ഉദാഹരണങ്ങൾ നിരത്തുന്നുണ്ട്. 'ദി ഒറിജിൻ ഓഫ് സ്പീഷീസ് ' എന്ന തന്റെ പുസ്തകത്തിൽ വെള്ളത്തിൽ ഭക്ഷണം തേടിയ കരടികൾ കാലാന്തരത്തിൽ പരിണമിച്ച് തിമിംഗലങ്ങളായി [8]എന്ന് പറയുന്നുണ്ട്.

ഈ വാദമുഖങ്ങൾ എന്തൊക്കെയായിരുന്നാലും ജീൻപാരമ്പര്യത്തെക്കുറിച്ച നിയമങ്ങളാവിഷ്കരിച്ച ഗ്രിഗർ മെൻഡലും(1822-84) ഇരുപതാംനൂറ്റാണ്ടിൽ വികാസം പ്രാപിച്ച ജനിതകശാസ്ത്രവും പരിണാമവാദികൾ മുന്നോട്ടുവെച്ച പാരമ്പര്യഗുണങ്ങളുടെ സംക്രമണമെന്ന അനുമാനത്തെ തൂത്തെറിഞ്ഞു. പരിണാമപ്രക്രിയയിൽ പ്രകൃതിയുടെ തെരഞ്ഞെടുപ്പിനും അതോടെ പങ്കില്ലാതായി മാറി.

## നിയോ -ഡാർവിനിസവും ഉൾപരിവർത്തനവും(Mutation)

ഒരു രക്ഷയുമില്ലാതെവന്നപ്പോൾ 1930 കളുടെ അവസാനത്തിൽ ഡാർവിനിസ്റ്റുകൾ 'നിയോ ഡാർവിനിസം 'എന്ന പേരിൽ പൊതുവെ അറിയപ്പെടുന്ന 'മോഡേൺ സിന്തറ്റിക് തിയറി' മുന്നോട്ടുവെച്ചു. റേഡിയേഷൻ, തലമുറകളുടെ ആവർത്തനപ്രക്രിയയിലെ പാളിച്ചകൾ തുടങ്ങി ബാഹ്യഘടകങ്ങൾ മൂലവും സ്വാഭാവിക ഉൾപരിവർത്തനത്തിനുപുറമെ പ്രകൃതിയുടെ അനുകൂലമാറ്റങ്ങളുടെ ഫലമെന്നോണവും ആണ് ജീവിവർഗങ്ങളുടെ ജീനുകളിൽ ഉൾപ്പരിവർത്തനം(Mutation) സംഭവിക്കുന്നത് എന്നവർ വാദിച്ചു.

ഇപ്പറഞ്ഞവയ്ക്കൊന്നും ശാസ്ത്രീയസാധുതയൊന്നും ഇല്ലെന്ന് ഡാർവിനിസ്റ്റുകൾക്ക് തന്നെ അറിയാമായിരുന്നിട്ടും നിയോഡാർവിനിസത്തെയാണ് അവർ കൂട്ടുപിടിച്ചിരിക്കുന്നത്. പാരമ്പര്യജനിതകഘടനയിലെ തകരാറുമൂലം പ്രസ്തുതജീവികളുടെ സങ്കീർണങ്ങളായ അവയവങ്ങൾ (ചെവി, കണ്ണ്, ശ്വാസകോശം, ചിറക്...) ഉൾപ്പരിവർത്തനത്തിന് വിധേയമായി ദശലക്ഷക്കണക്കായ ജീവിവർഗങ്ങൾ ഉണ്ടായെന്നാണ് അവരുടെ വാദം. എന്നാൽ , ജീവിവർഗങ്ങളിലെ ജീനുകളിലുണ്ടാകുന്ന ഉൾപരിവർത്തനം അവയിൽ പുരോഗമനപരമായ വികസനമല്ല നാശമാണ് സമ്മാനിക്കുന്നതെന്ന കാര്യം ശാസ്ത്രീയലോകത്ത് തെളിഞ്ഞുകഴിഞ്ഞ വസ്തുതയാണ്.

അപ്പറഞ്ഞതിന്റെ കാരണം തികച്ചും ലളിതമാണ്. ഡിഎൻഎ വളരെ സങ്കീർണഘടനയോടുകൂടിയതാണ്. നേരിയ മാറ്റം പോലും അതിനെ അപകടപ്പെടുത്തുക

യാണ് ചെയ്യുക. അമേരിക്കൻ ജനിതകശാസ്ത്രജ്ഞനായ ബി.ജി. രംഗനാഥൻ അ ത് ഇങ്ങനെ  വിശദീകരിക്കുന്നു.

'ഒന്നാമതായി ആത്യന്തികമായ ഒരു മാറ്റം എന്നത് തികച്ചും ഒറ്റപ്പെട്ട ഒരു സംഭവ മാണ്. രണ്ടാമതായി, ജീനിലെ അത്യധികം സൂക്ഷ്മമായ ഘടനയിൽ ഏതെങ്കിലും ഒരു ഭാഗത്ത് അസാധാരണമായി സംഭവിക്കുന്ന മാറ്റം വലിയ അപകടമാണുണ്ടാക്കുക. അത് ഒരിക്കലും ഗുണകരമായ സംഗതിയല്ല. ഉദാഹരണത്തിന്, ഒരു ഭൂമികുലുക്കത്തിൽപെട്ട് കെട്ടിടങ്ങൾ പോലുള്ള  നിർമിതികൾ ഉലയുകയും അവയുടെ ചട്ടക്കൂടിൽ മാറ്റമുണ്ടാകുകയും ചെയ്യുന്നത് തകർച്ചയല്ലാതെ മറ്റൊന്നും സമ്മാനിക്കില്ലല്ലോ.'[9]

ജനിതകകോഡിൽ പുരോഗതിയുണ്ടാക്കുന്ന ഒരു വിധത്തിലുമുള്ള ഉൾപരിവർത്തനവും (Mutation) ഇത്രയും കാലം ഗവേഷണനിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള ശാസ്ത്രത്തിന് കണ്ടെത്താനായിട്ടില്ലെന്നതിൽ അത്ഭുതപ്പെടാനില്ല. എല്ലാ ഉൾപരിവർത്തനവും നാശകാരിയാണെന്നതാണ് യാഥാർഥ്യം. പരിണാമപ്രക്രിയയിലെ ഒരു ചുവട് വെയ്പ് എന്ന നിലയിൽ പരിചയപ്പെടുത്തുന്ന ഉൾപരിവർത്തനം ജീവിവർഗങ്ങളുടെ ജനിതകഘടനയിൽ വരുത്തുന്നത് നാശമല്ലാതെ മറ്റൊന്നുമല്ല. ജീവിവർഗങ്ങളെ വൈകല്യമുള്ളതാക്കിത്തീർക്കുകയാണ് അത് ചെയ്യുന്നത്. (മനുഷ്യനിലെ മ്യൂട്ടേഷന്റെ ഫലമായുണ്ടാകുന്നതാണ് കാൻസർ). നശീകരണപ്രവർത്തനം ഒരിക്കലും പരിണാമപ്രക്രിയയാകാൻ തരമില്ലല്ലോ. പ്രകൃതിപരമായതെരഞ്ഞെടുപ്പ് സ്വയമേവ ഒന്നുംചെയ്യുന്നില്ല എന്നത് ഡാർവിൻ പോലും അംഗീകരിച്ച വസ്തുതയായിരിക്കെ ' പരിണാമപ്രക്രിയ' എന്നൊന്ന് പ്രകൃതിയിൽ ഇല്ലെന്നാണ് അതെല്ലാം വെളിപ്പെടുത്തുന്നത്. അങ്ങനെയൊരു പ്രക്രിയ തന്നെ ഇല്ലെങ്കിൽ പരിണാമം നടന്നുവെന്ന് പറയാനാകില്ല.

## ഫോസ്സിലുകൾ: മധ്യരൂപങ്ങളില്ല

പരിണാമവാദം പറയുന്നതുപോലുള്ള സാഹചര്യം ഉണ്ടായിട്ടില്ലെന്നതിന് വ്യക്തമായ തെളിവ് ഫോസിൽ രേഖകളാണ്. ഈ സിദ്ധാന്തത്തിന്റെ അന്ധമായ അനുമാനമനുസരിച്ച് എല്ലാ ജീവികളും ഒരു മുൻഗാമിയിൽനിന്ന് ഉടലെടുത്തതാണ്. ഒരു സ്പീഷീസിൽ പെട്ട ജീവിവർഗം കാലക്രമേണ മറ്റൊരു ജീവിയായി മാറുകയാണ്, ഇതേ രീതിയിലാണ് എല്ലാ ജീവിവർഗങ്ങളും ഉണ്ടായിട്ടുള്ളത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ , ഈ പരിണാമം മില്യൺ കണക്കായ വർഷങ്ങളിലൂടെ തുടർന്നുപോരുന്ന പ്രക്രിയയാണ്.

ഇപ്പറഞ്ഞതുപോലെയായിരുന്നു കാര്യങ്ങളെങ്കിൽ ഇപ്പോൾ ഭൂമിയിൽ കാണാത്ത

ഇടക്കണ്ണികളായി വർത്തിക്കുന്ന മധ്യരൂപത്തിലുള്ള ഒട്ടനേകം ജീവിവർഗങ്ങൾ ഏറെക്കാലം നിലനിൽക്കേണ്ടതായിരുന്നു.
ഉദാഹരണത്തിന്, പകുതി മത്സ്യവും / പകുതി ഉരഗവുമായ മത്സ്യത്തെപ്പോലെ വെള്ളത്തിൽ കഴിയുന്ന പ്രത്യേകജീവികൾ ജീവിച്ചിട്ടുണ്ടാകുമായിരുന്നു. അല്ലെങ്കിൽ നേരത്തേ സമ്പൂർണമായ ഉരഗവർഗ സവിശേഷതകളുള്ള ജീവിയിൽ നിന്നും പകുതി ഉരഗവും പകുതി പക്ഷിയുമായ ജീവിവർഗം ജീവിച്ചിട്ടുള്ളതായി അറിയേണ്ടതാണ്. ഇവയെല്ലാം ദീർഘമായ ഒരു പരിവർത്തനദശയിലായതുകൊണ്ട് അവ ദുർബലരും അംഗവിഹീനരുമായി കാലംകഴിച്ചിട്ടുണ്ടാകും. പരിണാമദശയിലുള്ള ഇത്തരം സങ്കൽപജീവികൾ മുമ്പുണ്ടായിരുന്നുവെന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു.

വ്യത്യസ്തവർഗത്തിൽപെട്ട അത്തരം ജീവികൾ നന്നെച്ചുരുങ്ങിയത് ലക്ഷക്കണക്കിനോ കോടിക്കണക്കിനോ ഉണ്ടാകേണ്ടതായിരുന്നു. അത്തരം വേറിട്ട ജീവികളുടെ സാന്നിധ്യം ഫോസ്സിൽ ശേഖരങ്ങളിലെങ്കിലും കാണേണ്ടതായിരുന്നു. തന്റെ 'ദ ഒറിജിൻ ഓഫ് സ്പീഷീസിൽ ' ഡാർവിൻ വിവരിക്കുന്നത് കാണുക:' എന്റെ തിയറി ശരിയാകണമെങ്കിൽ, എല്ലാ ജീവിവർഗങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരേ ഗ്രൂപ്പിൽ പെട്ട ഒട്ടേറെ മധ്യരൂപജീവികൾ ജീവിച്ചിട്ടുണ്ടായിരിക്കണം. ആ രീതിയിൽ മുൻഗാമികൾ ജീവിച്ചിരുന്നതിന്റെ തെളിവുകൾ, ഭാവിയിൽ ലഭ്യമാകുന്ന ഫോസ്സിൽ അവശിഷ്ടങ്ങളിൽ കാണാൻ കഴിഞ്ഞേക്കും.'[10] അതെന്തായാലും മധ്യവർത്തിജീവികളുടെയൊന്നും ഫോസ്സിലൊന്നും അതുവരെയും കണ്ടെടുത്തിട്ടില്ലെന്ന വസ്തുത ഡാർവിന് നന്നായറിയാമായിരുന്നു. 'സിദ്ധാന്തം നേരിടുന്ന പ്രതിബന്ധങ്ങൾ' എന്ന അധ്യായത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി:
'പൂർണതയുടെ പടവുകൾ താണ്ടി ഒരു ജീവിവർഗം മറ്റൊരു ജീവിവർഗത്തിലേക്ക് പരിണമിച്ചിട്ടുണ്ടെങ്കിൽ അനേകായിരക്കണക്കായ അത്തരം ജീവിവർഗങ്ങളെ കാണേണ്ടതായിരുന്നില്ലേ? ആശയക്കുഴപ്പം സൃഷ്ടിക്കാത്തവിധം സുവ്യക്തമായി പ്രസ്തുത ജീവിവർഗങ്ങളെ കാണാൻ എന്തുകൊണ്ട് കഴിയുന്നില്ല? ഈ സിദ്ധാന്തമനുസരിച്ച് പരിണാമദശകളിലുള്ള അവയെ ഭൂമിയുടെ അകക്കാമ്പിൽ അടക്കം ചെയ്യപ്പെട്ട നിലയിലെങ്കിലും കാണേണ്ടതായിരുന്നു'.[11]

## ഡാർവിന്റെ പ്രതീക്ഷകൾ തകർന്നടിഞ്ഞു

പത്തൊമ്പതാംനൂറ്റാണ്ടിന്റെ മധ്യദശകങ്ങൾ പിന്നിട്ടതുമുതൽക്ക് ഫോസ്സിലുകൾ കണ്ടെത്താനുള്ള കഠിനപരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ലോകമൊട്ടുക്കുമുള്ള പരിണാമവാദികൾ . എന്നാൽ മധ്യരൂപത്തിലുള്ള ഫോസിലുകളൊന്നുംതന്നെ ഇതുവരെയും കണ്ടെടുക്കാനായിട്ടില്ല. അതേസമയം, ലഭ്യമായ എല്ലാ

ഫോസിലുകളും വെളിപ്പെടുത്തുന്നത് ഭൂമിയിൽ ജീവിവർഗങ്ങൾ പൂർണരൂപത്തിൽതന്നെ പൊടുന്നനെ ഉണ്ടായെന്നാണ്.

പരിണാമവാദിയായിട്ടുപോലും ബ്രിട്ടീഷ് ഫോസിൽ ശാസ്ത്രജ്ഞനായ ഡെരെക് . വി. ആഗർ ഈ വസ്തുത അംഗീകരിക്കുന്നു:'ഇതുവരെയുള്ള ഫോസിൽ ശേഖരങ്ങളെക്കുറിച്ച് വിശദമായി പരിശോധിച്ചാൽ ഓരോ ജീവിവർഗത്തിന്റെയും സ്പീഷീസുകൾ നമ്മെ ആവർത്തിച്ച് ബോധ്യപ്പെടുത്തുന്ന ഒരു സംഗതിയുണ്ട്. അതായത്, ഘട്ടംഘട്ടമായ പരിണാമത്തിലൂടെയല്ല, മറിച്ച് മറ്റൊന്നിന്റെ സാന്നിധ്യത്തിൽ ഒരു ജീവിവർഗം പൊടുന്നനെ പിറവിയെടുക്കുകയായിരുന്നു എന്നാണ്.'[12]

ഇന്ന് ലോകത്ത് കാണുന്ന ജീവികളെല്ലാം മധ്യരൂപജീവികളൊന്നുമില്ലാതെ സമ്പൂർണഘടനയോടെ പൊടുന്നനെ രൂപംകൊള്ളുകയായിരുന്നുവെന്നാണ് ഫോസിൽ രേഖകളെല്ലാം നമ്മെ ബോധ്യപ്പെടുത്തുന്നത്. ഡാർവിന്റെ അനുമാനങ്ങൾക്ക് തീർത്തും വിരുദ്ധമായ സംഗതിയാണിത്. ജീവനുള്ളവയെല്ലാംതന്നെ സൃഷ്ടിക്കപ്പെട്ടതാണെന്ന് ഇത് തെളിയിക്കുന്നു. തികഞ്ഞ ശാരീരികഘടനയോടെ മുൻമാതൃകകളില്ലാതെയും പൂർവികരില്ലാതെയും ജീവിവർഗം പ്രത്യക്ഷപ്പെട്ടതിന് നൽകാവുന്ന യുക്തമായ വിശദീകരണം അവയെല്ലാം സൃഷ്ടിക്കപ്പെട്ടവയാണെന്നതുമാത്രമാണ്. വിശ്രുതപരിണാമവാദിയും ജീവശാസ്ത്രജ്ഞനുമായ ഡഗ്ളസ് ഫുറ്റുയാമ ഈ യാഥാർഥ്യം സമ്മതിക്കുന്നുണ്ട്.

ജീവിവർഗങ്ങളുടെ ഉത്ഭവത്തെക്കുറിച്ച സൃഷ്ടിവാദത്തിന്റെയും പരിണാമവാദത്തിന്റെയും ഇടയിൽ വിശദീകരണങ്ങൾ ആവശ്യമില്ല. ജീവിവർഗങ്ങൾ ഇന്ന് ഭൂമിയിൽ കാണുംപോലെ പൂർണരൂപത്തിൽ ഉണ്ടായതാണ് എന്നാണ് ഒരു വാദം. ഇനി പൂർവികവംശത്തിൽ നിന്ന് പരിണാമം സംഭവിച്ചാണ് ഉണ്ടായതെങ്കിൽ അതിന്റെ അവശിഷ്ടങ്ങൾ ഫോസിലുകളിൽ കാണപ്പെടണം. നേരെ മറിച്ച്, പൂർണരൂപത്തിലാണവ കാണപ്പെടുന്നതെങ്കിൽ തീർച്ചയായും അത് സർവ്വവ്യാപിയും സർവജ്ഞനുമായ ഒരു ഏകശക്തിയുടെ സൃഷ്ടിവൈഭവത്തിന്റെ അനന്തരഫലമല്ലാതെ മറ്റൊന്നുമല്ല.[13]

ഭൂമിയിൽ ജീവിവർഗങ്ങളെല്ലാം തന്നെ പൂർണരൂപത്തിലും സമ്പൂർണഘടനയിലുമാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത് എന്നാണ് ഫോസിലുകൾ കാണിക്കുന്നത്. ഡാർവിൻ അനുമാനിക്കുംപോലെ പരിണാമത്തിലൂടെയല്ല, മറിച്ച് സൃഷ്ടികർമത്തിലൂടെയാണ് ജീവിവർഗങ്ങൾ ഉണ്ടായിട്ടുള്ളത് എന്നാണതിന്റെയെല്ലാം അർഥം.

## മനുഷ്യപരിണാമത്തിന്റെ കഥ

പരിണാമവാദികൾ ഏറ്റവും കൂടുതൽ ചർച്ചചെയ്തിട്ടുള്ളത് മനുഷ്യഉൽപത്തിയെ സംബന്ധിച്ചാണ്. ആൾക്കുരങ്ങുകളിൽ പരിണാമം സംഭവിച്ചാണ് മനുഷ്യൻ ഉണ്ടായതെന്ന് ഡാർവിനിസ്റ്റുകൾ പറയുന്നു. ഇപ്പറഞ്ഞ പരിണാമം ആരംഭിക്കുന്നത് 4,5 മില്യൺ വർഷങ്ങൾക്ക് മുമ്പാണത്രെ. ഈ ഘട്ടത്തിൽ മനുഷ്യനും അവന്റെ സാങ്കൽപികപൂർവികനും ഇടയിൽ ഒട്ടേറെ പരിണാമരൂപങ്ങൾ നിലനിന്നിരുന്നുവെന്ന് അനുമാനിക്കപ്പെടുന്നു. ഈ സാങ്കൽപിക പരിണാമപ്രക്രിയയിൽ അടിസ്ഥാനപരമായി നാല് 'അടിസ്ഥാനവിഭാഗങ്ങളെ ' പരിചയപ്പെടുത്തുന്നുണ്ട്.

1. ആസ്ട്രലോപിത്തിക്കസ്
2. ഹോമോ ഹബിലിസ്
3. ഹോമോ ഇറെക്റ്റസ്
4. ഹോമോ സാപിയെൻസ്

മനുഷ്യന്റെ ആദ്യ പൂർവികനെ ആസ്ട്രലോപിത്തിക്കസ് എന്നാണ് പരിണാമവാദികൾ വിളിക്കുന്നത്. 'ദക്ഷിണാഫ്രിക്കൻ ആൾക്കുരങ്ങ്' എന്നാണതിനർഥം. ഈ ജീവി ഭൂമുഖത്തുനിന്ന് വംശനാശം സംഭവിച്ച് ഇല്ലാതായ ആൾക്കുരങ്ങ് വർഗമാണ്. ആസ്ട്രലോപിത്തിക്കസിന്റെ ഫോസിൽ ശരീരഭാഗങ്ങളിൽ നടത്തിയ വിശദമായ പഠനത്തിന് ശേഷം ഇംഗ്ലണ്ടിലെ ലോർഡ് സോളി സുക്കർമാൻ, അമേരിക്കയിലെ ചാൾസ് ഓക്സ്നാഡ് തുടങ്ങിയ ശരീരശാസ്ത്രജ്ഞൻമാർ വെളിപ്പെടുത്തിയത് ഈ ആൾക്കുരങ്ങുകൾ പ്രത്യേകതരം ജീവിവർഗമായിരുന്നുവെന്നും അല്ലാതെ മനുഷ്യനുമായി യാതൊരുസാദൃശ്യവും ഉണ്ടായിരുന്നില്ലെന്നുമാണ്.[14]

പരിണാമശൃംഖലയിലെ അടുത്ത ദശയെ 'ഹോമോ' എന്നാണ് പരിണാമവാദികൾ തരംതിരിക്കുന്നത്. 'മനുഷ്യൻ' എന്നാണ് അതിനർഥം. പരിണാമവാദികളുടെ വീക്ഷണത്തിൽ 'ഹോമോ' പരമ്പരയിൽ വരുന്ന ജീവികൾ ആസ്ട്രലോപിത്തിക്കസിനെക്കാൾ ഏറെ പുരോഗതിപ്രാപിച്ചവയാണ് . ഒരു പ്രത്യേകക്രമത്തിൽ ഈ ജീവികളുടെയെല്ലാം ഫോസിലുകൾ ക്രമീകരിച്ച് ഒരു കാൽപനികപരിണാമപ്രക്രിയയെ സമർപ്പിക്കുകയാണ് അവർ ചെയ്യുന്നത്. ഈ ശ്രേണിയിലെ ഓരോ ജീവിവർഗങ്ങൾക്കുമിടയിൽ പരിണാമബന്ധമുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇതിനെ കാൽപനികപരിണാമപ്രക്രിയയെന്ന് വിശേഷിപ്പിച്ചത്. ഇരുപതാംനൂറ്റാണ്ടിലെ അറിയപ്പെട്ട പരിണാമവാദി ഏണസ്റ്റ് മയർ 'വൺ ലോങ് ആർഗുമെന്റ്' (ദീർഘമായൊരു വാദഗതി)എന്ന തന്റെ പുസ്തകത്തിൽ 'ജീവോൽപത്തി അല്ലെങ്കിൽ മനുഷ്യോൽപത്തി എന്ന ചരിത്രസമസ്യയുടെ തൃപ്തികരമായ വിശദീകരണം അങ്ങേയറ്റം പ്രയാസകരമാണെന്ന്'[15] വ്യക്തമാക്കുന്നുണ്ട്.

ആസ്ട്രലോപിത്തിക്കസ്>ഹോമോ ഹബിലിസ്>ഹോമോ ഇറെക്റ്റസ്>ഹോമോ

സാപിയൻസ് എന്നിങ്ങനെ വാനരൻമാരിൽനിന്ന് മനുഷ്യരിലേക്ക് ശൃംഖല ചിത്രീകരിച്ചിട്ടുണ്ട്.ഈ ശ്രേണീബന്ധത്തിലെ ഓരോന്നും അതിനുമുമ്പിലുള്ള വംശത്തിൽനിന്ന് പരിണമിച്ചു എന്ന നിലയിൽ ഓരോന്നിന്റെയും പൂർവികൻ മുൻപത്തെ വംശമാണ് എന്ന് സ്ഥാപിക്കുന്നതാണ് ഈ ശ്രേണീബന്ധം. എന്നാൽ ഫോസിൽ നരവംശശാസ്ത്രജ്ഞർ നടത്തിയ എറ്റവുമൊടുവിലത്തെ കണ്ടുപിടിത്തങ്ങൾ ആസ്ട്രലോപിത്തിക്കസ് , ഹോമോഹബിലിസ്, ഹോമോ ഇറെക്റ്റസ് എന്നീ ജീവിവർഗങ്ങൾ ഒരേ സമയംതന്നെ ലോകത്തിന്റെറ വ്യത്യസ്തഭാഗങ്ങളിൽ ജീവിച്ചിരുന്നതായി വെളിപ്പെടുത്തുന്നുണ്ട്.[16]

ഹോമോ ഇറക്റ്റസ് എന്ന് വർഗീകരിക്കപ്പെട്ടിട്ടുള്ള മനുഷ്യരിലെ ഒരു വിഭാഗം ആധുനികകാലഘട്ടം വരേക്കും ജീവിച്ചിരുന്നവയാണെന്ന യാഥാർഥ്യം അതിനുമപ്പുറത്താണ്. ഹോമോസാപിയൻസ് , നിയാണ്ടർതാലൻസിസ്, ഹോമോസാപിയൻസ് സാപിയൻസ് (മനുഷ്യൻ) ഒരേ പ്രദേശത്ത് ഒരേസമയത്ത് സഹവസിച്ചിരുന്നവയാണ്.[17] ഒരു ജീവിവർഗം മറ്റേതിന്റെ മുൻഗാമിയാണെന്ന പരിണാമവാദികളുടെ വാദം പൊള്ളയാണെന്നാണ് ഇത് തെളിയിക്കുന്നത് . പരിണാമവാദത്തിന്റെ ഈ പ്രതിസന്ധിയെ ഇരുപതാംനൂറ്റാണ്ടിലെ ഡാർവിനിസത്തിന്റെ പ്രണേതാക്കളിൽ ഒരാളായിരുന്ന സ്റ്റീഫൻ ജേ ഗോൾഡ് വിശദീകരിക്കുന്നതിങ്ങനെയാണ്:
'മനുഷ്യരുടെ പൂർവികപരമ്പരയിൽ പെട്ടതെന്ന് വാദിച്ചിരുന്ന ആഫ്രിക്കാനസ് , ആസ്ട്രലോപിത്തെസിൻസ്, ഹബിലിസ് എന്നിവ മറ്റുള്ളവയിൽനിന്ന് ആവിർഭവിച്ചതല്ലെന്ന് വരുമ്പോൾ പിന്നെന്താണ് നാം മുമ്പോട്ടുവെച്ച ശ്രേണിബന്ധത്തിന്റെ അർഥം? മാത്രമല്ല, ഈ മൂന്നുജീവിവർഗവും ഭൂമിയിൽ അധിവസിച്ചിരുന്ന കാലത്ത് യാതൊരു പരിണാമസ്വഭാവവും അവ പ്രകടിപ്പിച്ചിരുന്നില്ലെന്ന വസ്തുതയുമുണ്ട്.'[18]

ചുരുക്കിപ്പറഞ്ഞാൽ പകുതി ആൾക്കുരങ്ങും പകുതി മനുഷ്യനും ആയി ചിത്രീകരിച്ചുകൊണ്ട് മാധ്യമങ്ങളിലും പാഠപുസ്തകങ്ങളിലും വമ്പിച്ച പ്രചാരണം നൽകിയ മനുഷ്യപരിണാമവാദം യാതൊരു ശാസ്ത്രീയാടിത്തറയുമില്ലാത്ത കെട്ടുകഥയാണെന്ന് വന്നിരിക്കുന്നു.
ആസ്ട്രലോപിത്തിക്കസ് ഫോസിലുകളെ 15 വർഷത്തോളം പഠിച്ച് പരിണാമവാദത്തെ സഹായിക്കാൻ ഗവേഷണംനടത്തിയ ബ്രിട്ടീഷ് ശാസ്ത്രജ്ഞനായ ലോഡ് സോളി സുക്കർമാൻ അവസാനം പറഞ്ഞത്, ആൾക്കുരങ്ങിൽനിന്ന് മനുഷ്യനിലേക്ക് ബന്ധിപ്പിക്കുന്ന വംശശ്രേണീബന്ധം ഇല്ലെന്നാണ്.
ശാസ്ത്രീയമെന്നും അശാസ്ത്രീയമെന്നും അദ്ദേഹം തന്നെ പട്ടികതിരിച്ചിട്ടുള്ള 'ശാസ്ത്രവർണരാജി'(Spetcrum of Science) സുക്കർമാൻ ഉണ്ടാക്കിയിട്ടുണ്ട്. ആ സ്പെക്ട്രം അനുസരിച്ച് കണ്ടുപിടിത്തങ്ങളിലൂടെയുള്ള കൃത്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി രൂപംകൊണ്ട രസതന്ത്രത്തിന്റെയും ഭൗതികശാസ്ത്രത്തി

ന്റെയും മേഖലകളാണ് ഏറ്റവും ശാസ്ത്രീയമായത്. അതിനുശേഷം ജീവശാസ്ത്രവും തൊട്ടുപിറകെ സാമൂഹികശാസ്ത്രവും വരുന്നു. ആ സ്പെക്ട്രത്തിന്റെ ഏറ്റവുമൊടുവിൽ അശാസ്ത്രീയമെന്ന് പട്ടികതിരിച്ചിട്ടുള്ള 'അതീന്ദ്രിയജ്ഞാനം'എന്ന് വിവക്ഷിക്കപ്പെടുന്ന ടെലിപ്പതിയും , ആറാമിന്ദ്രിയവും ശേഷം പരിണാമവാദവും കടന്നുവരുന്നു. അതിന് സുക്കർമാൻ നൽകുന്ന വിശദീകരണം ഇങ്ങനെയാണ്:
'നിർണിതസത്യത്തിലധിഷ്ഠിതമായ രജിസ്റ്ററിന്റെ വലതുഭാഗത്തുനിന്ന് അതിന്റെ അങ്ങേയറ്റത്തേക്ക് സഞ്ചരിച്ചാൽ ജീവശാസ്ത്രത്തിന്റെ ഭാഗമെന്ന് സങ്കൽപിച്ചിരിക്കുന്ന അതീന്ദ്രിയജ്ഞാനം അല്ലെങ്കിൽ മനുഷ്യഫോസിൽ ചരിത്രങ്ങളെക്കുറിച്ച വ്യാഖ്യാനം തുടങ്ങി ഒരു അടിയുറച്ച പരിണാമവാദിക്ക് വിശ്വസിക്കാൻ ബുദ്ധിമുട്ടില്ലാത്ത ഒട്ടേറെ വൈരുധ്യങ്ങളിലേക്ക് ചെന്നെത്താം.'[19]
ചിലർ കുഴിച്ചെടുത്ത ഏതോ ഫോസിലുകളെ മുൻവിധിയോടെ വ്യാഖ്യാനിച്ചുകൊണ്ട് പരിണാമ 'അന്ധവിശ്വാസികൾ' ഒന്നുമല്ലാതായിത്തീർന്നിരിക്കുന്നു.

## ഡാർവിന്റെ ഫോർമുല

പരിണാമവാദത്തെ നിഷേധിക്കുന്ന തെളിവുകളാണ് നമ്മളിതുവരെ കൈകാര്യം ചെയ്ത ശാസ്ത്രീയവും സാങ്കേതികമായ എല്ലാ വിവരങ്ങളും. ഇനി കുട്ടികൾക്കുപോലും മനസ്സിലാകുംവിധമുള്ള ഉദാഹരണത്തിലൂടെ പരിണാമവാദികൾ പുലർത്തിയിരുന്ന അന്ധവിശ്വാസത്തെ നമുക്കൊന്ന് പരിശോധിച്ചുനോക്കാം:
ജീവൻ യാദൃച്ഛികമായുണ്ടായതാണെന്നാണ് പരിണാമവാദം പറയുന്നത്. ഈ യുക്തിരഹിതവാദമനുസരിച്ച് , ജീവനില്ലാത്തതും ബോധശൂന്യവുമായ ആറ്റങ്ങൾ ഒരുമിച്ച് ചേർന്ന് കോശങ്ങൾ രൂപപ്പെടുകയും തുടർന്നെങ്ങനെയോ മനുഷ്യനടക്കമുള്ള ജീവിവർഗങ്ങൾ ഉണ്ടാകുകയുംചെയ്തു. ഇനി ഇപ്പറഞ്ഞത് മുൻനിർത്തി നമുക്കൊന്ന് ചിന്തിച്ചുനോക്കാം. ജീവന്റെ അടിസ്ഥാന നിർമാണഘടകങ്ങളായ കാർബൺ, ഫോസ്ഫറസ്, നൈട്രജൻ, പൊട്ടാസ്യം ഇവയൊക്കെ നാം ഒരുമിച്ചുകൂട്ടിയാൽ അവിടെയുണ്ടാവുക ഒരു കൂമ്പാരമാണ് . നാം അതിനെ എന്തെല്ലാം രാസപ്രക്രിയയ്ക്ക് വിധേയമാക്കിയാൽപോലും ആ ആറ്റങ്ങളുടെ കൂമ്പാരത്തിൽനിന്ന് ഒരു ജീവിയെപ്പോലും ഉണ്ടാക്കാൻ കഴിയില്ല. നിങ്ങൾക്ക് താൽപര്യമുണ്ടെങ്കിൽ പരിണാമവാദികളുടെ സാന്നിധ്യത്തിൽ അവർ പറയാതെ പറയുന്ന'ഡാർവിനിയൻ സൂത്രവാക്യം' ഉപയോഗിച്ച് നമുക്കൊരു പരീക്ഷണം നടത്തിനോക്കാം.

ജീവിവർഗങ്ങളിൽ കാണപ്പെടുന്ന രാസവസ്തുക്കളായ ഫോസ്ഫറസ് , നൈട്രജൻ, കാർബൺ, ഓക്സിജൻ, അയെൺ, മഗ്നീഷ്യം തുടങ്ങിയ രാസപദാർഥങ്ങൾ പരിണാമവാദികൾ വലിയ ബാരലുകളിൽ ശേഖരിക്കട്ടെ. അതിനുപുറമെ, ഈ ബാരലുകളിൽ സാധാരണനിലക്ക് കാണപ്പെടുകയോ കാണപ്പെടാത്തതോ ആയ രാസപദാർഥങ്ങൾ ആവശ്യമുള്ളതനുസരിച്ച് അവർ ചേർത്തുകൊള്ളട്ടെ. ത

ങ്ങളിച്ഛിക്കുംപ്രകാരമുള്ള അമിനോആസിഡുകളും പ്രോട്ടീനുകളും അവർ കലർത്തിക്കൊള്ളട്ടെ. ആ മിശ്രിതത്തെ ആവശ്യാനുസാരം അവർക്ക് ചൂടാക്കുകയും തണുപ്പിക്കുകയുംചെയ്യാവുന്നതാണ്. ആ മിശ്രിതം കൂട്ടിക്കലർത്താനും ഇളക്കാനും പര്യാപ്തമായ യന്ത്രങ്ങൾ ഉപയോഗിക്കാം. പ്രശസ്തരും വിദഗ്ധരുമായ ശാസ്ത്രജ്ഞൻമാർ ബാരലുകൾക്ക് സമീപം എല്ലാം നിരീക്ഷിച്ചും ശ്രദ്ധിച്ചും നിൽക്കട്ടെ. ബില്യൺ-ട്രില്യൺ വർഷങ്ങൾ ഊഴമനുസരിച്ച് ഈ വിദഗ്ധർ കാത്തുനിൽക്കുന്നതിനും വിരോധമില്ല. ഒരു മനുഷ്യൻ രൂപപ്പെടാൻ എന്തൊക്കെ സാഹചര്യങ്ങളും അനുകൂലഘടകങ്ങളും വേണമോ അതെല്ലാം സജ്ജീകരിച്ചുകൊള്ളട്ടെ. അവരെന്തുതന്നെ ചെയ്താലും ആ ബാരലിലെ രാസമിശ്രിതത്തിൽനിന്ന് ഇലക്ട്രോണിക് മൈക്രോസ്കോപ്പിലൂടെ തന്റെ കോശഘടനപരിശോധിക്കുന്ന പ്രൊഫസറെപ്പോലും ഉണ്ടാക്കാൻ കഴിയില്ല.അവർക്ക് ജിറാഫ്, സിംഹങ്ങൾ, ഈച്ചകൾ, കുരുവികൾ, കുതിരകൾ, ഡോൾഫിനുകൾ , റോസാപുഷ്പങ്ങൾ, ഓർക്കിഡുകൾ, ലില്ലിപ്പൂക്കൾ, അലങ്കാരപുഷ്പങ്ങൾ , വാഴപ്പഴങ്ങൾ, ഓറഞ്ചുകൾ, ആപ്പിൾ, ഈത്തപ്പഴങ്ങൾ, തക്കാളികൾ, തണ്ണിമത്തനുകൾ , അത്തിപ്പഴങ്ങൾ, ഒലിവ് പഴങ്ങൾ, മുന്തിരി, പീച്ച് പഴങ്ങൾ, മയിലുകൾ, നീണ്ടവാലുള്ളപക്ഷികൾ, വർണവൈവിധ്യമുള്ള ചിത്രശലഭങ്ങൾ അതുപോലെ മില്യൺകണക്കായ ജീവിവർഗങ്ങളിലേതെങ്കിലുമൊന്ന് സൃഷ്ടിക്കാൻ പോയിട്ട് അവയുടെ ഒരു കോശം പോലും ഉണ്ടാക്കാനാകില്ല.

ചുരുക്കത്തിൽ ചിന്താശേഷിയില്ലാത്ത ആറ്റങ്ങൾ തമ്മിൽ കൂടിച്ചേർന്ന് കോശങ്ങളായി മാറുകയില്ല. അവയ്ക്ക് സ്വയമേവ തീരുമാനിച്ച് കോശം രണ്ടായി പിളരാൻ കഴിയില്ല. അങ്ങനെ, തങ്ങളുടെ തൻമാത്രഘടന പരിശോധിക്കാൻ സഹായിക്കുന്ന ഇലക്ട്രോൺ മൈക്രോസ്കോപ് കണ്ടുപിടിച്ച പ്രൊഫസർമാരെ ഉണ്ടാക്കാനാകില്ല. ദ്രവ്യം ചിന്താശേഷിയില്ലാത്ത, ജീവനില്ലാത്ത, കൂമ്പാരം മാത്രമാണ്. ദൈവത്തിന്റെ ഉന്നതമായ സൃഷ്ടികർമത്താൽ മാത്രമാണ് അതിൽ ജീവൻ തുടിക്കുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി വാദിക്കുന്ന പരിണാമവാദം കെട്ടുകഥയും യുക്തിക്ക് നിരക്കാത്തതുമാണ്. പരിണാമവാദികളുടെ വാദഗതികളെപ്പറ്റി ചിന്തിക്കുന്നപക്ഷം മുകളിലെ ഉദാഹരണത്തിൽ കാണിച്ചതുപോലെ ഈ യാഥാർഥ്യം ബോധ്യപ്പെടുന്നതാണ്.

## കണ്ണിന്റെയും ചെവിയുടെയും സാങ്കേതികവിദ്യ

പരിണാമവാദികൾക്ക് ഇന്നും വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത സംഗതിയാണ് കണ്ണിന്റെയും ചെവിയുടെയും ഗ്രഹണശക്തിയുടെ മികവ്. കണ്ണിന്റെ വിഷയത്തിലേക്ക് കടക്കുന്നതിന് മുമ്പ് കാഴ്ച എങ്ങനെ സാധ്യമാകുന്നുവെന്ന് ചുരുക്കി വിവരിക്കാം. വസ്തുക്കളിൽതട്ടി പ്രതിഫലിക്കുന്ന പ്രകാശം കണ്ണിനകത്തുള്ള റെറ്റിന

യിൽ പതിക്കുന്നു. ഇവിടെയുള്ള സവിശേഷകോശങ്ങൾകാരണമായി ഈ പ്രകാശരശ്മികൾ വൈദ്യുതതരംഗങ്ങളായി മാറുന്നു. അവ തലച്ചോറിന് പിറകിലുള്ള 'ദൃഷ്ടികേന്ദ്രം ' എന്നറിയപ്പെടുന്ന ഒരു ചെറിയ ഭാഗത്ത് എത്തിച്ചേരുന്നു. വൈദ്യുതസ്പന്ദനങ്ങളെ സ്വീകരിക്കുന്ന ഈ കേന്ദ്രത്തിൽ സങ്കീർണപ്രക്രിയയിലൂടെ അവയെ തിരികെ ചിത്രങ്ങളായി കാണിക്കപ്പെടുന്നു. ഈ സാങ്കേതിക പ്രക്രിയകൾ മുന്നിൽ വെച്ചുകൊണ്ട് ഇനി നമുക്ക് അൽപമൊന്ന് ചിന്തിക്കാം.

തലച്ചോറ് പ്രകാശത്തിൽ നിന്ന് സുരക്ഷിതമായി പരിരക്ഷിക്കപ്പെട്ടിരിക്കുന്നു. അതിനർഥം അതിന്റെ അകത്ത് പരിപൂർണമായും ഇരുട്ടാണെന്നാണ്. തലച്ചോറ് സ്ഥിതിചെയ്യുന്ന ഭാഗത്ത് യാതൊരു വിധ പ്രകാശവും എത്തുന്നില്ല. അതായത്, 'ദൃഷ്ടികേന്ദ്ര'ത്തിൽ പ്രകാശസ്പർശമുണ്ടാകുന്നില്ലെന്നുമാത്രമല്ല, ഒരുവേള നിങ്ങൾക്കറിയാവുന്നതിൽവെച്ച് ഏറ്റവും ഇരുളുമൂടിയ ഭാഗവും അതായിരിക്കും. എന്നിട്ടുപോലും നിങ്ങൾ ആ 'കേന്ദ്ര'ത്തിന്റെ സഹായത്തോടെ പ്രകാശമാനവും അത്ഭുതകരവുമായ ലോകത്തെ ഈ 'അന്ധകാര'ത്തിൽ കാണുന്നു.

ഇന്നത്തെ ഏറ്റവുമുയർന്ന സാങ്കേതികവിദ്യയ്ക്കുപോലും നേടാൻ കഴിയാത്ത കൃത്യതയാർന്ന പ്രതിബിംബമാണ് കണ്ണിൽ ഉണ്ടാക്കുന്നത്. ഉദാഹരണത്തിന് നിങ്ങൾ കയ്യിൽപിടിച്ച് വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകത്തിൽനിന്ന് തലയുയർത്തി ചുറ്റുംനോക്കുക. ഒരു സ്ഥലത്തുനിന്നുകൊണ്ട് എല്ലാ വസ്തുക്കളും ഇത്രമേൽ കൃത്യതയോടെ കാട്ടിത്തരുന്ന മറ്റേതെങ്കിലും ഉപകരണമോ കണ്ടുപിടിത്തമോ ഉണ്ടോ?

ഏറ്റവും അത്യന്താധുനികമായ സ്ക്രീൻ മിഴിവുകളോടെ ടെലിവിഷൻ നിർമിക്കുന്ന കമ്പനികൾക്കുപോലും അത്തരത്തിൽ ഇമേജ് മികവ് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. കാരണം കണ്ണ് ത്രിമാനതലത്തിൽ വർണപ്പകിട്ടോടെ കൂടുതൽ കൃത്യതയാർന്ന ചിത്രമാണ് നമുക്ക് നൽകുന്നത്. നൂറിലേറെ വർഷമായി എഞ്ചിനീയർമാർ അത്തരം മികവുറ്റ പ്രതിബിംബം ചിത്രീകരിക്കാനുള്ള പരിശ്രമങ്ങളിലേർപെട്ടിരിക്കുന്നു. അതിനായി വലിയ ഗവേഷണകേന്ദ്രങ്ങൾ പടുത്തുയർത്തിയിരിക്കുന്നു. അതിലേക്ക് വിവിധപദ്ധതികളും പ്രോഗ്രാമുകളും തയ്യാറാക്കിയിരിക്കുന്നു. ഒരിക്കൽക്കൂടി ആ ടെലിവിഷൻ സ്ക്രീനിലേക്കും കയ്യിലിരിക്കുന്ന പുസ്തകത്തിലേക്കും നോക്കുക. ചിത്രങ്ങളുടെ മികവിലും കൃത്യതയിലുമുള്ള കാഴ്ചയുടെ വ്യത്യാസം നിങ്ങൾക്ക് ബോധ്യപ്പെടും. മാത്രമല്ല, ടെലിവിഷൻ സ്ക്രീനിൽ നിങ്ങൾ കാണുന്നത് ദ്വിമാനതലദൃശ്യങ്ങളാണ്. അതേസമയം വസ്തുക്കളുടെ ഘനംകൂടി അനുഭവവേദ്യമാകുംവിധം ത്രിമാനതലദൃശ്യമാണ് കണ്ണ് നമുക്ക് നൽകുക.

എത്രയോ കാലമായി പതിനായിരക്കണക്കായ എഞ്ചിനീയർമാർ കണ്ണ് അനുഭവ

വേദ്യമാക്കുന്ന ചിത്രമികവോടെ ത്രീഡി ടെലിവിഷൻ ഉണ്ടാക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. അവർ ത്രീ-ഡി ടെലിവിഷൻ ഉണ്ടാക്കിയിട്ടുണ്ടെന്നത് ശരി യാണ്. പക്ഷേ, അത് ത്രീ-ഡി കണ്ണട വെച്ചാൽ മാത്രമേ കാണാൻ കഴിയൂ. മാ ത്രമല്ല, അത് കൃത്രിമത്രിമാനതലദൃശ്യമാണ് കാട്ടിത്തരുന്നത്. പശ്ചാത്തലദൃ ശ്യങ്ങൾ അതിൽ കൂടിക്കലർന്നവിധമായിരിക്കും . അതേസമയം മുൻഭാഗദൃശ്യ ങ്ങൾ പേപ്പറിൽ സെറ്റുചെയ്തതുപോലെയാണ് പ്രത്യക്ഷപ്പെടുക. ഒരിക്കലും ക ണ്ണ് നമുക്കു പകർന്നുതരുന്നതുപോലെ കൃത്യതയും മികവുറ്റതുമായ ത്രീ-ഡി ദൃശ്യം അതിൽ സാധ്യമായിട്ടില്ല. ക്യാമറയിലും ടെലിവിഷനിലും ചിത്രത്തിന് ദൃ ശ്യമേൻമ നഷ്ടപ്പെടുന്നുണ്ട്. കൃത്യതയുള്ളതും സൂക്ഷ്മവുമായ ദൃശ്യം ഉണ്ടാകുന്ന ത് യാദൃച്ഛികതയാണെന്നാണ് പരിണാമവാദികൾ പറയുന്നത്. ഇനി ഒരാൾ നിങ്ങ ളുടെ റൂമിലിരിക്കുന്ന ടെലിവിഷൻ വ്യത്യസ്തതരം ആറ്റങ്ങളെല്ലാം കൂടിച്ചേർന്ന് തനിയെ ഉണ്ടായതാണെന്ന് നിങ്ങളോട് പറഞ്ഞാൽ എന്തായിരിക്കും അയാളെപ്പ റ്റി കരുതുക? ആയിരക്കണക്കായ ആളുകൾ അശ്രാന്തപരിശ്രമം നടത്തിയിട്ടും സാ ധിക്കാത്തത് ആറ്റങ്ങൾക്ക് എങ്ങനെ സാധിക്കാനാണ്?

കണ്ണ് സാധ്യമാക്കുന്ന കൃത്യതയും തെളിമയും ഒട്ടുംതന്നെ നൽകാത്ത ദൃശ്യോപ കരണങ്ങൾ യാദൃച്ഛികമായി ഉണ്ടാകില്ലെങ്കിൽ സവിശേഷമായ കണ്ണും അതിന്റെ ദൃശ്യമികവും അതുപോലെ ഉണ്ടാകുമെന്ന് കരുതാമോ? ഇതേ സംഗതി തന്നെയാ ണ് ചെവിയുടെ വിഷയത്തിലുമുള്ളത്. ബാഹ്യകർണം അതിന് ലഭിക്കുന്ന ശബ്ദ വീചികളെ ചെവിക്കുടയുടെ സഹായത്തോടെ പിടിച്ചെടുത്ത് മധ്യകർണത്തിലേ ക്കയക്കുന്നു. മധ്യകർണം ഈ ശബ്ദകമ്പനങ്ങളെ ശക്തികൂട്ടി ആന്തരകർണത്തി ലേക്കും അവിടെനിന്ന് വൈദ്യുതസ്പന്ദനങ്ങളായി തലച്ചോറിലേക്കും അയ ക്കുന്നു. കണ്ണിനുസമാനമെന്നോണം ചെവിയുടെ കേൾവിയും തലച്ചോറിലുള്ള 'കേൾവി കേന്ദ്ര'ത്തിന്റെ സഹായത്താലാണ് സാധ്യമാകുന്നത്.

കണ്ണിലെ സാഹചര്യം ചെവിയുടെ വിഷയത്തിലും ശരിയാണ്. അതായത്, തല ച്ചോറ് എല്ലാ ശബ്ദവീചികളിൽനിന്നും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ത രത്തിലുള്ള ശബ്ദതരംഗങ്ങൾ അതിലേക്ക് കടന്നുപോകുകയില്ല. അതിനാൽ എ ത്രതന്നെ ഉയർന്ന ശബ്ദമായാലും തലച്ചോറിന്റെ ഉള്ളറ നിശബ്ദമായിരിക്കും. സൂ ക്ഷ്മവും കൃത്യവുമായ ശബ്ദങ്ങളെ അപ്പോഴും തലച്ചോർ തിരിച്ചറിയുന്നു. ശാന്ത ഗംഭീരമായ തലച്ചോറിന്റെ ഉള്ളറയിൽ ശബ്ദമയാനമായ ആൾക്കൂട്ടത്തിൽ നടത്ത പ്പെടുന്ന സംഗീതം വേറിട്ടുതന്നെ കേട്ടാസ്വദിക്കാൻ നമുക്ക് കഴിയുന്നത് അതു കൊണ്ടാണ്. ആ ഘട്ടത്തിൽ തലച്ചോറിലെ വളരെ സൂക്ഷ്മമായ ഒരുപകരണം ഓരോ ശബ്ദവീചികളുടെയും വിന്യാസം തിരിച്ചറിഞ്ഞ് അനുഭവവേദ്യമാക്കുന്നു.

ചിത്രദൃശ്യവത്കരണമേഖലയിലെന്നപോലെ യഥാർഥശബ്ദം നിർമിക്കാനും വീ

ണ്ടെടുക്കാനുമുള്ള പരിശ്രമങ്ങൾക്ക് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. അത്തരം പരീക്ഷണങ്ങളുടെ ഫലമായി സൗണ്ട് റെക്കോഡറുകൾ ഹൈ-ഫിഡെലിറ്റി സിസ്റ്റംസ്, സൗണ്ട് സെൻസിങ് സിസ്റ്റംസ് മുതലായവ കണ്ടുപിടിക്കുകയുംചെയ്തിട്ടുണ്ട്. ഇത്രയും പുരോഗതിപ്രാപിച്ച സാങ്കേതികവിദ്യയും , ശബ്ദവീചികളുടെ ഗുണമേൻമ വർധിപ്പിക്കാൻ കഠിനയത്നം നടത്തുന്ന ആയിരക്കണക്കായ സൗണ്ട് എഞ്ചിനീയർമാരും വിദഗ്ധരും ഉണ്ടായിട്ടും ചെവി പിടിച്ചെടുക്കുംപോലെ സുഗ്രാഹ്യവും സുവ്യക്തവും സൂക്ഷ്മവും ആയി ശബ്ദം പിടിച്ചെടുത്ത് തിരികെ നൽകുന്ന ഉപകരണങ്ങൾ സാധ്യമായിട്ടില്ല. ഇന്ന് സൗണ്ട് റെക്കോഡിങ് ഉപകരണങ്ങളുടെ നിർമാണത്തിൽ മുൻപന്തിയിലുള്ള കമ്പനികളുടെ ഹൈ-ഫൈ സിസ്റ്റങ്ങളെ മുമ്പിൽവെച്ചുകൊണ്ട് ഈ വിഷയത്തെ ക്കുറിച്ച് ആലോചിച്ചുനോക്കുക. റെക്കോഡുചെയ്യപ്പെടുന്ന ഘട്ടത്തിൽ പലതും അതിൽനിന്ന് നഷ്ടപ്പെട്ടിട്ടുണ്ടാകും. എന്നുമാത്രമല്ല, സിസ്റ്റം പ്ലേ ചെയ്തുതുടങ്ങുന്നതോടെ ചീറുന്ന(Hissing) തരത്തിലുള്ള ശബ്ദം നമുക്ക് അവയിൽ കേൾക്കാനാകും. അതെന്തായാലും മനുഷ്യശരീരത്തിലെ അവയവങ്ങൾ അതിന്റെ സാങ്കേതികവിദ്യയാൽ ഉണ്ടാക്കുന്ന ശബ്ദങ്ങളെല്ലാം അങ്ങേയറ്റം സൂക്ഷ്മവും തെളിമയാർന്നതുമാണ്. ചെവി ഒരു ശബ്ദത്തെ പതർച്ചയോ സ്വരവ്യതിയാനമോ ഇല്ലാതെ തനത് സ്വഭാവത്തിൽ മനുഷ്യനെ കേൾപ്പിക്കുന്നു. മനുഷ്യനെ സൃഷ്ടിച്ചതുമുതൽക്ക് അങ്ങനെത്തന്നെയാണ് ചെവിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതും.

മനുഷ്യൻ ഇന്നോളം കണ്ടുപിടിക്കുകയും ഉണ്ടാക്കുകയും ചെയ്തിട്ടുള്ള ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളെല്ലാം തന്നെ അവന്റെ കണ്ണിനെയും ചെവിയെയും പോലെ സൂക്ഷ്മവും കൃത്യതയാർന്നതുമായ ഇന്ദ്രിയാനുഭവം നൽകുന്നില്ലെന്നതാണ് യാഥാർഥ്യം. കാഴ്ചയും കേൾവിയും സംബന്ധിച്ചിടത്തോളം വലിയ ഒരു സത്യം അവയുടെയെല്ലാം അപ്പുറത്തുണ്ടെന്നാണ് അതെല്ലാം തെളിയിക്കുന്നത്.

## കാണുകയുംകേൾക്കുകയുംചെയ്യുന്ന അവബോധം ആരുടേത്?

ഈ ലോകത്തിന്റെ ദൃശ്യചാരുത ആസ്വദിക്കുകയും സംഗീതം കേൾക്കുകയും കിളികളുടെ കളകൂജനം ശ്രവിക്കുകയും റോസാപുഷ്പങ്ങൾ മണക്കുകയും ഒക്കെ ചെയ്യുന്ന ആരാണ് തലച്ചോറിലുള്ളത്?

ഒരു മനുഷ്യന്റെ കണ്ണിലും ചെവിയിലും മൂക്കിലും ഉണ്ടാകുന്ന ഉദ്ദീപനങ്ങൾ വൈദ്യുത -കാന്തിക ആവേഗങ്ങളായാണ് തലച്ചോറിലെത്തുന്നത്. ഈ ദൃശ്യങ്ങൾ തലച്ചോറിൽ എങ്ങനെ രൂപംകൊള്ളുന്നുവെന്ന് ജീവശാസ്ത്ര-ശരീരശാസ്ത്ര-ജൈവരസതന്ത്ര പുസ്തകങ്ങളിലെല്ലാം വിവരിക്കുന്നുണ്ട്. പക്ഷേ, അപ്പോഴും ഒരു പ്രധാനവസ്തുതയെ നിങ്ങൾ അഭിമുഖീകരിക്കുന്നില്ല. അതായക്, തലച്ചോറിലെ

ത്തുന്ന വൈദ്യുത-കാന്തിക നാഡി ആവേഗങ്ങളെ ശബ്ദമായും കാഴ്ചയായും ഇന്ദ്രിയാനുഭവമായും വേർതിരിച്ച് സ്വീകരിക്കുന്നത് ആരാണ്?

തനിക്ക് കണ്ണോ, കാതോ, മൂക്കോ ഒന്നും വേണമെന്ന ചിന്തയില്ലാത്ത തലച്ചോറിൽ ഒരു അവബോധം പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, ഈ തിരിച്ചറിവിന്റെ കേന്ദ്രം ആരോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. തീർച്ചയായും അത് തലച്ചോറിലെ ഞരമ്പുകളുമായോ കൊഴുപ്പുപാളികളുമായോ ന്യൂറോണുകളുമായോ അല്ല ബന്ധപ്പെട്ടിരിക്കുന്നത്. എല്ലാറ്റിലും ദ്രവ്യമടങ്ങിയിരിക്കുന്നു എന്ന് വിശ്വസിക്കുന്ന ഡാർവിനിസ്റ്റ് ഭൗതികവാദികൾക്ക് പക്ഷേ, ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല.

എന്തുകൊണ്ടെന്നാൽ അവബോധമെന്നത് ദൈവം സൃഷ്ടിച്ച ആത്മാവാണ്. അതിന് കാണാൻ കണ്ണോ ,കേൾക്കാൻ കാതുകളോ ഒന്നുംവേണ്ട. അപ്രകാരംതന്നെ ചിന്തിക്കാൻ തലച്ചോറും വേണ്ട. സംശയത്തിന് യാതൊരിടവും കൊടുക്കാതെ സുവ്യക്തവും ശാസ്ത്രീയവുമായ ഈ വസ്തുത അറിയുന്ന മനുഷ്യൻ സർവശക്തനായ ദൈവത്തെപ്പറ്റി ചിന്തിക്കണം. അഖില പ്രപഞ്ചത്തെ ത്രിമാനതലത്തിലുള്ള തിളക്കമേറിയ വർണങ്ങളോടെ രഹസ്യമായി ഏതാനും ക്യുബിക് സെന്റീമീറ്റർ വരുന്ന ഇരുട്ടറയിൽ ഒതുക്കിനിറുത്തിയ ആ സർവശക്തനെ ഭയപ്പെടുകയും അവനിൽ അഭയം തേടുകയുംചെയ്യണം.

## ഭൗതികവാദിയുടെ വിശ്വാസം

ശാസ്ത്രീയകണ്ടെത്തലുകളുമായി പൊരുത്തപ്പെടുന്ന ഒന്നല്ല പരിണാമവാദം എന്നതിന് വസ്തുതാപരമായ ചില വിവരണങ്ങളാണ് ഇതുവരെ നാം നൽകിയത്. ജീവോൽപത്തിയുമായി ബന്ധപ്പെട്ട് അതുന്നയിക്കുന്ന വാദങ്ങളെല്ലാം ശാസ്ത്രവുമായി പൊരുത്തപ്പെടുന്നതല്ല. പരിണാമപ്രക്രിയകൾക്കൊന്നിനുംതന്നെ പരിണാമം കൊണ്ടുവരാനുള്ള ശക്തിയില്ല. മാത്രമല്ല, ഫോസിലുകൾ ബോധ്യപ്പെടുത്തുന്നത് മധ്യരൂപ ജീവികൾ ഒരിക്കലും ഉണ്ടായിരുന്നില്ലെന്നാണ്. അതിനാൽ പരിണാമവാദത്തെ അശാസ്ത്രീയസങ്കൽപമെന്ന നിലക്ക് മാറ്റിനിർത്താനേ കഴിയുകയുള്ളൂ. ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന മുൻകാലത്തെ നിഗമനങ്ങളടക്കം ശാസ്ത്രം തള്ളിക്കളഞ്ഞത് ചരിത്രത്തിലുണ്ടല്ലോ.

ഇങ്ങനെയൊക്കെയാണെങ്കിലും പരിണാമവാദം ശാസ്ത്രത്തിന്റെ അജണ്ടയിൽ തന്നെ നിലകൊള്ളുന്നു. അതിനെതിരെ എന്തെങ്കിലും വിമർശനം ഉന്നയിച്ചാൽ അത് ശാസ്ത്രത്തിനുനേരെയുള്ള കടന്നാക്രമണമായി ചിത്രീകരിച്ച് ആളുകൾ ഒച്ചവെക്കുന്നു. എന്തുകൊണ്ടിങ്ങനെ?

പരിണാമവാദം ഇനിയും ചിലർക്ക് ചോദ്യംചെയ്യാൻപാടില്ലാത്ത ഒരു വിശ്വാസമാ

ണെന്നതുതന്നെ അതിന് കാരണം. ആ ആളുകൾ ഭൗതികവാദകാഴ്ചപ്പാടുകളിൽ അന്ധമായി ജീവിക്കുന്നവരാണ്. പ്രകൃതിയിലെ നിയമങ്ങളെ ഭൗതികവാദത്തിലൂന്നി വിശദീകരിക്കാൻ  ഡാർവിനിസ്റ്റുസിദ്ധാന്തം മാത്രമേ അവരെ സഹായിക്കുന്നുള്ളൂ.

ഈ വസ്തുതകളൊക്കെയും ഓരോ ഘട്ടത്തിലും അവർ തുറന്നുസമ്മതിക്കുന്നുവെന്നതാണ് ഏറ്റവും രസകരമായ വസ്തുത. ഹാവാർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും അറിയപ്പെട്ട ജനിതകശാസ്ത്രജ്ഞനും പരിണാമവാദിയുമായ റിചാർഡ്  സി ലെവൺടിൻ , താൻ ഏറ്റവുമാദ്യം ഒരു ഭൗതികവാദിയും അതിനുശേഷം ശാസ്ത്രജ്ഞനും എന്ന് തുറന്നുപറയുന്നുണ്ട്.
'ഇന്ന് നമ്മുടെ മുമ്പിലുള്ള പ്രതിഭാസലോകത്തെക്കുറിച്ച ഭൗതികവിശദീകരണം നമ്മെ സ്വീകരിക്കാൻ നിർബന്ധിക്കുന്നത് ശാസ്ത്രീയമായ രീതികളോ അതിന്റെ സ്ഥാപനങ്ങളോ അല്ല. നേരെമറിച്ച്, ഭൗതികലക്ഷ്യങ്ങൾക്ക് നാം നൽകുന്ന അമിത പ്രാധാന്യത്തിന്റെ ഭാഗമായി  ഉണ്ടാക്കിയെടുത്ത സിദ്ധാന്തങ്ങളും– അവ നമ്മുടെ പ്രത്യക്ഷാനുഭവങ്ങൾക്കെതിരോ, അറിവോ അനുഭവങ്ങളോ ഇല്ലാത്തവരിൽ ദുരൂഹത ജനിപ്പിക്കുന്നതോ ആയാൽ പോലും– പ്രസ്തുതസിദ്ധാന്തങ്ങളെ  അരക്കിട്ടുറപ്പിക്കുന്ന ഭൗതികവിശദീകരണങ്ങളും ഗവേഷണസംവിധാനങ്ങളുമാണ്. എല്ലാറ്റിനുമുപരി ,ദൈവികഇടപെടലിനെ  അനുവദിക്കേണ്ടതില്ലാത്തവിധം സമ്പൂർണമാണ്  ഭൗതികവാദം.... '.[20]

ഭൗതികവാദത്തെ പുണരാൻവേണ്ടി തട്ടിക്കൂട്ടിയ ഒരു സിദ്ധാന്തമാണ് ഡാർവിനിസമെന്ന് തെളിയിക്കുന്നതാണ് ഇത്തരം തുറന്ന പ്രസ്താവനകൾ.  ഈ ശ്രമങ്ങളെല്ലാം തന്നെ ദ്രവ്യത്തെ സംരക്ഷിക്കുന്ന  അസ്തിത്വമില്ലെന്ന് വരുത്തിത്തീർക്കാനാണ് . അതിനാൽ അചേതനമായ, ചിന്താശേഷിയില്ലാത്ത ആറ്റമാണ് ജീവൻ കൊണ്ടുവന്നതെന്ന് അത് വാദിക്കുന്നു.  മില്യൺ കണക്കിന് ജീവിവർഗങ്ങൾ (ഉദാ: പക്ഷികൾ, മത്സ്യങ്ങൾ , ജിറാഫുകൾ, കടുവകൾ, പ്രാണികൾ, മരങ്ങൾ, ചെടികൾ , പൂക്കൾ, തിമിംഗലങ്ങൾ , മനുഷ്യർ തുടങ്ങിയവ...) മഴയും ഇടിമിന്നലും പോലുള്ള പ്രക്രിയകളിലൂടെ ജീവനില്ലാത്ത കണങ്ങൾ തമ്മിൽ സംയോജിച്ചുണ്ടായതാണെന്ന് ഉറച്ചുവിശ്വസിക്കുന്നു. ഈ വീക്ഷണം ശാസ്ത്രത്തിനും  യുക്തിക്കും  ഒരേസമയം  എതിരാണ്. എന്നിട്ടും ഡാർവിനിസ്റ്റുകൾ ദൈവാസ്തിക്യം ബോധ്യപ്പെടുത്തുന്ന  തങ്ങളുടെ കൺമുന്നിലെ ദൃഷ്ടാന്തങ്ങളെ അംഗീകരിക്കാൻ വിസമ്മതിച്ചുകൊണ്ട് അജ്ഞതയിൽതന്നെ അഭിരമിക്കുകയാണ്.

ഭൗതികവാദത്തിലധിഷ്ഠിതമായ മുൻവിധികളെ മാറ്റിനിർത്തി ജീവിവർഗങ്ങളുടെ ഉൽപത്തിയെക്കുറിച്ച് ചിന്തിച്ചാൽ ആർക്കും ബോധ്യമാകുന്ന തെളിഞ്ഞ ഒരു സത്യമുണ്ട്. അതായത്, എല്ലാ ജീവിവർഗങ്ങളും ദൈവത്തിന്റെ സൃഷ്ടികർമമാണ്. ഒ

ന്നുമില്ലായ്മയിൽനിന്ന് ഈ സമ്പൂർണവും വ്യത്യസ്തജീവിവർഗങ്ങളുൾക്കൊള്ളുന്നതുമായ ഒരു പ്രപഞ്ചത്തെ സൃഷ്ടിച്ച സർവശക്തനും സർവജ്ഞാനിയും യുക്തിജ്ഞനുമായ അവനാണ് ദൈവം.

## പരിണാമവാദം: ലോകത്തെ സ്വാധീനിച്ച മായാജാലം

ശാസ്ത്രീയ- നാഗരിക ഗന്ധമില്ലാത്ത സമൂഹങ്ങൾ വെച്ചുപുലർത്തുന്ന അന്ധവിശ്വാസങ്ങൾക്ക് സമാനമാണ് പരിണാമവാദവിശ്വാസമെന്ന് , യാതൊരുവിധആദർശക്കുടുക്കുകളിലോ മുൻധാരണകളിലോ പെടാത്ത സ്വതന്ത്രബുദ്ധിയും യുക്തിയുംപുലർത്തുന്ന ആർക്കും എളുപ്പം ബോധ്യപ്പെടും. മുകളിൽ വിവരിച്ചതനുസരിച്ച് കണങ്ങളും തൻമാത്രകളും അടങ്ങിയ ഒരു വലിയപാത്രം ചിന്താശേഷിയും യുക്തിയുമുള്ള പ്രൊഫസർമാരെയും യൂണിവേഴ്സിറ്റി വിദ്യാർഥികളെയും ,ഗലീലിയോ, ഐൻസ്റ്റീൻ തുടങ്ങിയ ശാസ്ത്രജ്ഞൻമാരെയും ലൂസിയാനോ പാവറോട്ടി, ഫ്രാങ്ക് സിനാത്ര, ഹംഫ്രി ബൊഗാർട്ട് തുടങ്ങിയ കലാകാരൻമാരെയും അതുപോലെ മാനുകൾ, നാരങ്ങവൃക്ഷങ്ങൾ, അലങ്കാരപുഷ്പങ്ങൾ തുടങ്ങി ജീവജാലങ്ങളെയും ഉണ്ടാക്കുമെന്ന് പരിണാമവാദികൾ വിശ്വസിച്ചിരുന്നു. ഒരുവേള, ഉന്നതവിദ്യാഭ്യാസവും ഡിഗ്രിയുമുള്ള ശാസ്ത്രജ്ഞരും പ്രൊഫസർമാരുമായ ആളുകൾ പോലും ഈ അസംബന്ധത്തിൽ വിശ്വസിക്കുന്നതുകൊണ്ട് 'ചരിത്രത്തിൽ ഏറ്റവും സ്വാധീനമുള്ള മായാജാലം'എന്ന് ഈ സിദ്ധാന്തത്തെ വിശേഷിപ്പിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. ഇതിനുമുമ്പ് ആളുകളുടെ ബുദ്ധിയെയും യുക്തിയെയും ചൊൽപടിയിലാക്കിയ മറ്റേതെങ്കിലും വിശ്വാസമോ ആദർശമോ ഉണ്ടായിട്ടില്ല. പരിണാമവാദമാകട്ടെ,ആളുകളുടെ കണ്ണുമൂടിക്കെട്ടിയതുപോലെയാണ് സത്യം മറച്ചുവെച്ചത്. സൂര്യനെ ആരാധിച്ചിരുന്ന സബഇലെ ജനത , ഇബ്റാഹീംനബിയുടെ കാലത്ത് തങ്ങളുടെ തന്നെ കൈകൾ കൊണ്ടുണ്ടാക്കിയ വിഗ്രഹങ്ങളെ ആരാധിച്ച സമൂഹം, സുവർണപശുക്കുട്ടിയെ ആരാധിച്ച മൂസാനബിയുടെ സമുദായത്തിലെ സാമിരിയുടെ കൂട്ടർ , ആഫ്രിക്കയുടെ ചില ഭാഗങ്ങളിൽ പക്ഷി-മൃഗ-വൃക്ഷാദികളെ പവിത്രമായിക്കണ്ട് ആരാധിക്കുന്ന ഗോത്രവർഗം തുടങ്ങി വഴികേടിലായ ജനങ്ങളെ നാം ചരിത്രത്തിൽ വായിച്ചിട്ടുണ്ട്. എന്നാൽ അവരെക്കാളുമേറെ ആന്ധ്യം ബാധിച്ച കൂട്ടരാണ് ഇവർ.

സത്യത്തിൽ ദൈവം ഈ യുക്തിയില്ലായ്മയെ ഖുർആനിലൂടെ പലവട്ടം എടുത്തുകാണിച്ചിട്ടുണ്ട്. ചില ആളുകൾ തങ്ങളുടെ മനസ്സിന്റെ വാതായനങ്ങൾ കൊട്ടിയടച്ചതിനാൽ സത്യംകാണാൻ കഴിയില്ലെന്ന് അവൻ പറയുന്നു. അത്തരത്തിലുള്ള ഏതാനും വചനങ്ങളാണ് ചുവടെ:

' എന്നാൽ സത്യനിഷേധികളോ; അവർക്കു നീ താക്കീതു നൽകുന്നതും നൽകാതിരിക്കുന്നതും തുല്യമാണ്. അവർ വിശ്വസിക്കുകയില്ല.അല്ലാഹു അവരുടെ

മനസ്സും കാതും അടച്ചു മുദ്രവെച്ചിരിക്കുന്നു. അവരുടെ കണ്ണുകൾക്ക് മൂടിയുണ്ട്. അവർക്കാണ് കൊടിയ ശിക്ഷ'(അൽ ബഖറ 6,7)
'ജിന്നുകളിലും മനുഷ്യരിലും ധാരാളം പേരെ നാം നരകത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്; അതുപയോഗിച്ച് അവർ പഠിക്കുന്നില്ല. കണ്ണുകളുണ്ട്; അതുകൊണ്ട് കണ്ടറിയുന്നില്ല. കാതുകളുണ്ട്; അതുപയോഗിച്ച് കേട്ടു മനസ്സിലാക്കുന്നില്ല. അവർ നാൽക്കാലികളെപ്പോലെയാണ്. എന്നല്ല, അവരാണ് പിഴച്ചവർ. അവർ തന്നെയാണ് ഒരു ശ്രദ്ധയുമില്ലാത്തവർ' (അൽ അഅ്റാഫ് 179)
'നാമവർക്ക് മാനത്തുനിന്നൊരു വാതിൽ തുറന്നുകൊടുത്തുവെന്ന് വെക്കുക. അങ്ങനെ അവരതിലൂടെ കയറിപ്പോയിക്കൊണ്ടിരിക്കുന്നുവെന്നും.
എന്നാൽപ്പോലും അവർ പറയും: ''നമ്മുടെ കണ്ണുകൾക്ക് മയക്കം ബാധിച്ചതാണ്. അല്ല നാം മായാജാലത്തിനിരയായ ജനമത്രെ''(അൽഹിജ് ർ 14,15)

കഴിഞ്ഞ 150 ലേറെ വർഷമായി ഒരു മായാജാലം വലിയ ഒരു ജനസമൂഹത്തെ ചൊൽപടിയിൽ നിർത്തുകയും സത്യത്തിൽനിന്നകറ്റുകയും ചെയ്തതെങ്ങനെയെന്ന് ഏവരെയും അത്ഭുതപ്പെടുത്തുന്നു. യുക്തിയില്ലായ്മയും വങ്കത്തരവും മാത്രം കൈമുതലായിട്ടുള്ള ഏതാനും ആളുകൾ ചില പ്രത്യേക സാഹചര്യത്തിലുണ്ടാകുന്നത് നമുക്ക് മനസ്സിലാക്കാനാകും. എന്നാൽ, സംസ്ഥാപനവും ക്രമവും വിതരണവും അറിവും എല്ലാം തന്നെ യാതൊരുവിധ പഴുതോ ചോർച്ചയോ ഏറ്റക്കുറച്ചിലോ അബദ്ധങ്ങളോ ബാക്കിവെക്കാതെ അന്യസ്യൂതമായി തുടരുംവിധം സംവിധാനിക്കപ്പെട്ട ഈ പ്രപഞ്ചവും , ഓരോ ജീവിവർഗങ്ങൾക്കും പ്രതിഭാസങ്ങൾക്കും ഒത്തവിധം ആവാസവ്യവസ്ഥയും അനുകൂലസാഹചര്യങ്ങളും നിലനിർത്തുന്ന ഭൂമിയും, ചിന്താശേഷിയില്ലാത്തതും ജീവനില്ലാത്തതുമായ ആറ്റങ്ങൾ പെട്ടെന്നൊരുനിമിഷാർധത്തിലുണ്ടായ തീരുമാനത്തിന്റെ ഭാഗമായി ഒരുമിച്ചുചേർന്ന് രൂപംകൊണ്ടതിന്റെ ഫലമാണെന്ന് ലോകത്തെ ഒരുപറ്റം ആളുകൾ വിശ്വസിക്കുന്നതിനെ 'മായാജാലം' എന്നല്ലാതെ വിശേഷിപ്പിക്കാനാകില്ല.

മൂസാനബിയുടെയും ഫറോവയുടെയും ചരിത്രം ഖുർആനിലൂടെ ദൈവം വിവരിക്കുന്നത് നിരീശ്വരതത്ത്വശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന ആളുകൾ മാജികിലൂടെ ജനതയെ സ്വാധീനിക്കുമെന്ന വസ്തുത തുറന്നുകാട്ടാനാണ്. ഫറോവയോട് സത്യമതത്തെക്കുറിച്ച് പറഞ്ഞ മൂസാനബിയോട് അയാൾ പറഞ്ഞത് തന്റെ 'മജീഷ്യൻമാരു'മായി മത്സരിക്കാനാണ്. അങ്ങനെ മജീഷ്യൻമാരും മൂസായും തുറന്ന മൈതാനത്തെത്തിയപ്പോൾ അവരോട് പ്രകടനങ്ങൾ പുറത്തെടുക്കാൻ നബി ആവശ്യപ്പെട്ടു. ഖുർആൻ പറയുന്നു:
'മൂസാ പറഞ്ഞു: ''നിങ്ങൾ തന്നെ എറിഞ്ഞുകൊള്ളുക.'' അവർ വടിയെറിഞ്ഞു. അവർ ആളുകളുടെ കണ്ണുകളെ മാരണം ചെയ്യുകയും അവരിൽ

ഭീതിയുണർത്തുകയും ചെയ്തു. ഗംഭീരമായ മായാജാലമാണ് അവർ കാണിച്ചത് '(അൽ അഅ്റാഫ് 116).

ഫറോവയുടെ മജീഷ്യൻമാർ മൂസായെയും അനുയായികളെയും ഒഴിച്ചുനിർത്തി ബാക്കിയെല്ലാ കാഴ്ചക്കാരുടെയും കണ്ണുകളെ മായികവിഹ്വലതയിൽ അകപ്പെടുത്താൻ പ്രാവീണ്യം നേടിയവരായിരുന്നു. പക്ഷേ, മൂസാക്ക് ദൈവം നൽകിയ ദൃഷ്ടാന്തം എല്ലാ മായാജാലങ്ങളെയും പരാജയപ്പെടുത്തിക്കളഞ്ഞു. അവർ കെട്ടിച്ചമച്ചുണ്ടാക്കിയതിനെ അത് വിഴുങ്ങുകയുംചെയ്തുവെന്ന് ഖുർആൻ വ്യക്തമാക്കുകയുംചെയ്തു.

'മൂസായോട് നാം നിർദേശിച്ചു: ''നീ നിന്റെ വടിയെറിയുക.'' അതൊരു പാമ്പായി അവരുടെ മായാജാലത്തെ മുഴുവൻ വിഴുങ്ങാൻ തുടങ്ങി. അങ്ങനെ സത്യം സ്ഥാപിതമായി. അവർ ചെയ്തുകൊണ്ടിരുന്നതെല്ലാം പാഴാവുകയും ചെയ്തു'(അൽഅഅ്റാഫ് 117,118)

തങ്ങൾ ഇതുവരെകണ്ടുകൊണ്ടിരുന്നത് മതിഭ്രമമുണ്ടാക്കുന്ന മായാജാലക്കാഴ്ചകളാണെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞതോടെ ഫറോവയുടെ മജീഷ്യൻമാരുടെ എല്ലാ വിശ്വാസ്യതയും നഷ്ടമായി. ഈ വർത്തമാനകാലഘട്ടത്തിലും അത്തരത്തിലൊരു മായികപ്രചാരണങ്ങളുടെ സ്വാധീനഫലമായി ശാസ്ത്രമെന്ന് തെറ്റുധരിച്ച് പരിഹാസ്യമായ പരിണാമവാദങ്ങളിൽ വിശ്വസിക്കുകയും അതിനുവേണ്ടി നിലകൊള്ളുകയുംചെയ്യുന്ന ആളുകളുണ്ട്. സത്യം രംഗപ്രവേശംചെയ്യുന്നതോടെ അവർ നിന്ദ്യരായിത്തീരും. കഴിഞ്ഞ 60 വർഷമായി പരിണാമവാദത്തിന് വേണ്ടി വാദിക്കുകയും അവസാനം അബദ്ധം മനസ്സിലാക്കി തെറ്റുതിരുത്തുകയുംചെയ്ത നിരീശ്വരവാദിയും അറിയപ്പെട്ട ബ്രിട്ടീഷ് എഴുത്തുകാരനും ദാർശനികനുമായ മാൽകം മഗ്ഗറിഡ്ജ് ആ വാദത്തിന്റെ പരിണതിയെക്കുറിച്ച് പറയുന്നുണ്ട്:

'ഇന്ന് സാമൂഹികജീവിതത്തിന്റെ വലിയൊരുഭാഗം കൈയ്യടക്കിയിരിക്കുന്ന പരിണാമവാദം വൈകാതെതന്നെ ഏറ്റവും വലിയ തമാശയായി ചരിത്രപുസ്തകങ്ങളിലിടം പിടിക്കുമെന്ന കാര്യം എനിക്കുറപ്പാണ്. ഒട്ടുംതന്നെ വിശ്വാസ്യത നേടാനാകാത്ത ഈ ഒരു ദുർബല-ദുരൂഹസിദ്ധാന്തം എങ്ങനെ സ്വീകാര്യത നേടി എന്നതോർന്ന് വരുംതലമുറ അതിശയം കൂറും.'[21]

ആ ഭാവി അതിവിദൂരമല്ല; എന്നല്ല, 'സാധ്യത' ദൈവമല്ലെന്ന് ജനങ്ങൾ വൈകാതെ തിരിച്ചറിയും . ലോകത്തെ ഭയാനകമായ മായാജാലവും ഏറ്റവും അധമമായ വഞ്ചനയുമായിരുന്നു പരിണാമവാദമെന്ന് തിരിഞ്ഞുനോക്കുമ്പോൾ അവർക്ക് മനസ്സിലാകും. വൈകാതെതന്നെ ലോകജനത അതിനെ തങ്ങളുടെ തോളിൽനിന്ന് വലിച്ചെറിയും. അതിന്റെ യഥാർഥമുഖം തിരിച്ചറിയുന്ന ജനം ആ സംഗതിക്ക് തങ്ങൾ ഇത്രയുംകാലം വശംവദരായിപ്പോയതെങ്ങനെയെന്നോർത്ത് അത്ഭുതംകൂറും.

## ആരാണ് കാണുന്നത്?

ഭൂമിയിൽ പിറവിയെടുക്കുന്ന നിമിഷംതൊട്ട്  സമൂഹം അടിച്ചേൽപിക്കുന്ന അന്ധ വിശ്വാസങ്ങൾക്ക് ഒരു മനുഷ്യൻ നിരന്തരം വിധേയനായിക്കൊണ്ടിരിക്കുന്നുണ്ട്. ഒരു സമ്മർദ്ദശക്തിയാണ്  പലപ്പോഴും അന്ധവിശ്വാസമെന്നത് ഏവർക്കുമറിയാവുന്ന ഒരു യാഥാർഥ്യമാണ്. സമൂഹത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളിലും സ്വാധീനംചെലുത്തിയ അന്ധവിശ്വാസങ്ങൾ ആരാലുംചോദ്യംചെയ്യപ്പെടാതെ  തലമുറകളിലൂടെ കൈമാറ്റംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

എന്നാൽ അത്തരത്തിലുള്ള അന്ധവിശ്വാസങ്ങൾക്ക്  അടിപ്പെടാതെ ചിന്തിക്കാൻ തയ്യാറാകുന്ന ഏതൊരാൾക്കും ചില അത്ഭുതകരമായ യാഥാർഥ്യങ്ങളെ നേരിലറിയാനാകും. ഈലോകത്ത് കടന്നുവരുമ്പോൾ കാണുന്ന മനുഷ്യജീവികളും, ജന്തുക്കളും, പൂക്കളും അവയുടെ നിറവും മണവും , പഴങ്ങളും അവയുടെ രുചിഭേദങ്ങളും,  വാനലോകത്തെ ഗ്രഹങ്ങളും താരങ്ങളും, പർവതങ്ങളും ,കല്ലുകളും, കെട്ടിടങ്ങളും വിശാലമായ സ്ഥലങ്ങളും നമ്മുടെ ഇന്ദ്രിയാനുഭവങ്ങളിലൂടെ ഗോചരമായതാണ്.  ഒന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ ബാഹ്യലോകത്തെക്കുറിച്ച വിവരങ്ങൾ പകർന്നുതരുന്ന ഘടകങ്ങളെയും അനുഭവങ്ങളെയും  പരിശോധിച്ചറിയാൻ അവ നമ്മെ സഹായിക്കുന്നു.

മനുഷ്യന്റെ എല്ലാ പഞ്ചേന്ദ്രിയങ്ങളും  ഈ രീതിയിൽ നമുക്ക് അനുഭവങ്ങളെ പകർന്നുനൽകുന്നു. ഓരോ വസ്തുവിൽനിന്നുമുള്ള ഉദ്ദീപനങ്ങൾ(പ്രകാശം, ശബ്ദം, മണം, രുചി, ബാഹ്യപ്രതലം..) എല്ലാം ഈ ഇന്ദ്രിയങ്ങളിൽനിന്ന് നാഡിഞരമ്പുകളിലൂടെ തലച്ചോറിനകത്തുള്ള ഗ്രാഹ്യകേന്ദ്രങ്ങ(sensory cetnre)ളിലേക്ക്  എത്തിക്കുന്നു. ഈ ഉദ്ദീപനങ്ങൾ എല്ലാ വൈദ്യുതതരംഗങ്ങളായാണ്  തലച്ചോറിലെത്തുന്നത്.  ഉദാഹരണത്തിന് കാഴ്ച എന്ന പ്രക്രിയയിൽ സംഭവിക്കുന്നത് എന്താണെന്ന് നോക്കാം. ബാഹ്യലോകത്തെ വസ്തുവിൽനിന്ന് പ്രതിഫലിച്ചെത്തുന്ന പ്രകാശരശ്മികൾ കണ്ണിന്റെ പിറകുവശത്തുള്ള റെറ്റിനയിൽ പതിക്കുന്നത് സങ്കീർണമായ മാറ്റങ്ങൾക്ക് വിധേയമായി ഒടുവിൽ വൈദ്യുതസ്പന്ദനങ്ങളായാണ്. ഈ സ്പന്ദനങ്ങൾ നാഡിയിലൂടെ  സഞ്ചരിച്ച് തലച്ചോറിലെ ദർശനകേന്ദ്രത്തിലെത്തുന്നു. ഏതാനും ക്യുബിക്സെന്റിമീറ്ററുകൾ മാത്രമുള്ള ആ ഇടത്തിൽ വളരെ ആകർഷകവും വർണാഭവുമായ ലോകത്തിന്റെ ത്രിമാനദൃശ്യം സാധ്യമാകുന്നു.

ഇതുതന്നെയാണ് മറ്റ് ഇന്ദ്രിയങ്ങളിലും നടക്കുന്നത്.  നാവിന്റെ ഉപരിതലത്തിലുള്ള കോശങ്ങൾ രാസഘടകങ്ങളെ വൈദ്യുതസ്പന്ദനങ്ങളാക്കി മാറ്റുകവഴി നമുക്ക് അത് രുചിഭേദങ്ങളായി അനുഭവപ്പെടുന്നു.  മൂക്കിനകത്തുള്ള ബാഹ്യസ്തര

ങ്ങളിലെ കോശങ്ങളിൽ മണം വൈദ്യുതസ്പന്ദനങ്ങളായി മാറിയാണ് നമുക്ക് അതിന് അനുഭവവേദ്യമാക്കുന്നത്. തൊലിക്കടിയിലുള്ള പ്രത്യേകതരം സംവേദക കോശങ്ങൾ സ്പർശനആവേഗങ്ങളെ(പരുപരുത്തതും മിനുത്തതുമായ സ്പർശന അനുഭവങ്ങളെ) വൈദ്യുതസ്പന്ദനങ്ങളാക്കുന്നു. ചെവിക്കകത്തും അത്തരത്തിൽ പ്രത്യേക മെക്കാനിസം നടക്കുന്നുണ്ട്. ഇവയിലെല്ലാം ഉത്ഭൂതമാകുന്ന വൈദ്യുത സ്പന്ദനങ്ങൾ തലച്ചോറിലെ പ്രത്യേകകേന്ദ്രങ്ങളിലെത്തുകയും അവിടെ യഥാർഥ അനുഭവം പകർന്നുനൽകുകയുംചെയ്യുന്നു.

മേൽപറഞ്ഞവ ഒന്നുകൂടി വ്യക്തമാക്കാം. നിങ്ങൾ ഒരു ഗ്ലാസ് നാരങ്ങാവെള്ളം കുടിക്കുന്നുവെന്ന് കരുതുക. ഉറപ്പുള്ളതും തണുത്തതുമായ ഗ്ലാസിന്റെ ഉപരിതലത്തിൽ നിങ്ങൾ കൈകൊണ്ട് പിടിക്കുമ്പോൾ കൈപ്പത്തിയിലുള്ള തൊലിക്കടിയിലെ പ്രത്യേകസ്വീകാര്യക്ഷമതയുള്ള കോശങ്ങൾ വൈദ്യുതസ്പന്ദനങ്ങൾ തലച്ചോറിലേക്കയക്കുന്നു. അതേസമയംതന്നെ നാരങ്ങയുടെ മണം, രുചി, അതിന്റെ മഞ്ഞനിറം എന്നിവയെല്ലാംതന്നെ അതാത് ഇന്ദ്രിയങ്ങളുടെ സഹായത്താൽ വൈദ്യുതസ്പന്ദനങ്ങളായി തലച്ചോറിലെത്തുന്നു. എല്ലാ അനുഭവങ്ങളും തലച്ചോറിലെ പരസ്പരസൗഹാർദ്ദത്തോടെ പ്രവർത്തിക്കുന്ന അതതുകേന്ദ്രങ്ങൾ കൃത്യമായി വ്യാഖ്യാനിക്കുന്നു. ഈ ആവേഗങ്ങളുടെ പ്രവർത്തനസംഘാതം നിങ്ങൾ ഒരു ഗ്ലാസ് നാരങ്ങാവെള്ളം കുടിക്കുന്നുവെന്ന അവബോധം നൽകുന്നു.

ഈ വസ്തുത മുൻനിർത്തി പ്രസിദ്ധതത്ത്വചിന്തകരായ റസ്സലിന്റെയും ലഡ്വിഗ് വിറ്റ്ജെൻസ്റ്റീന്റെയും വീക്ഷണങ്ങൾ നമുക്കൊന്ന് വിശകലനംചെയ്യാം.
'ഉദാഹരണത്തിന്, ഒരു നാരങ്ങ യഥാർഥത്തിലുണ്ടോ ഇല്ലേ, അതെങ്ങനെ രൂപംകൊണ്ടു തുടങ്ങിയവയൊന്നും ചോദ്യംചെയ്യാനോ അന്വേഷിച്ചുകണ്ടെത്താനോ കഴിയില്ല. നാവിന് ലഭിച്ച രുചിയും മൂക്കിന് കിട്ടിയ മണവും കണ്ണിന് ദൃശ്യമായ അതിന്റെ നിറവും ആകൃതിയും മാത്രമേ നമുക്ക് പരിശോധനയ്ക്കും സൂക്ഷ്മനിരീക്ഷണത്തിനും വിധേയമാക്കാൻ കഴിയുകയുള്ളൂ. ശാസ്ത്രത്തിന് (പിറവിയുടെ)ഭൗതികലോകത്തെ അറിയാൻ കഴിയില്ല'.[21]

വേറൊരുവിധത്തിൽ പറഞ്ഞാൽ നമുക്ക് ഭൗതികവസ്തുക്കൾ രൂപംകൊണ്ടതെങ്ങനെയെന്ന് അറിയുന്ന ലോകത്തെത്താൻ ഒരിക്കലും കഴിയില്ല. ഈ ലോകത്ത് അനുഭവവേദ്യമായ വസ്തുക്കളെല്ലാംതന്നെ കാഴ്ച, കേൾവി, സ്പർശനം എന്നിങ്ങനെ കൂട്ടായ ഇന്ദ്രിയാവബോധത്തിന്റെ ഫലമാണ്. ജീവിതത്തിലുടനീളം നാം അവബോധകേന്ദ്രങ്ങളിലെ വിവരങ്ങളെ സൂക്ഷ്മപരിശോധനകൾ നടത്തുമ്പോൾ നമുക്കുപുറത്തുള്ള വസ്തുവിന്റെ 'യഥാർഥത്തിലുള്ളവ'യെയല്ല അടുത്തറിയുന്നത്. മറിച്ച് നമ്മുടെ തലച്ചോറിലുള്ള വിവരങ്ങളുടെ കോപ്പിയെയാണ് അറിയുന്നത്. ഈ ഘട്ടത്തിൽ നാം പക്ഷേ തെറ്റുധരിച്ചിരിക്കുന്നത് പുറത്തുള്ളവയാണ് യഥാർ

ത്ഥമെന്നാണ്.

ഈ പ്രത്യക്ഷസംഗതിയെ ആധുനികശാസ്ത്രം ഇന്ന് തെളിയിച്ചിട്ടുണ്ട്. നമ്മുടെ തലച്ചോറിൽ രൂപംകൊണ്ടിട്ടുള്ള ഇന്ദ്രിയാവബോധങ്ങളുടെ ലോകത്താണ് നാം ജീവിക്കുന്നതെന്നും അവ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ഇന്നത്തെ ശാസ്ത്ര ജ്ഞർ നമ്മോട് പറയും. പൂന്തോട്ടത്തിൽ ഒരു മരമുണ്ടെന്ന ബാഹ്യലോകത്തെ ഉ ദ്ദീപനങ്ങളെ വ്യാഖ്യാനിക്കുകയാണ് നമ്മുടെ ഇന്ദ്രിയങ്ങളെന്ന് ഇംഗ്ലീഷ് ഭൗതിക ശാസ്ത്രജ്ഞനായ ജോൺ ഗ്രിബിൻ പറയുന്നു. ഇന്ദ്രിയങ്ങൾ അരിച്ചെടുത്ത് പ കർന്നുകൊടുക്കുന്ന അത്തരത്തിലുള്ള ഉദ്ദീപനങ്ങളെ തലച്ചോർ വ്യവഛേദിച്ചറി യുന്നുവെന്നുകൂടി അദ്ദേഹം പറഞ്ഞുവെക്കുന്നു. അതായത്, മരം ഒരു ഉദ്ദീപനം മാത്രം. എന്നിട്ടദ്ദേഹം ചോദിക്കുന്നു; ഏത് മരമാണ് യഥാർഥത്തിലുള്ളത്? ഇ ന്ദ്രിയങ്ങൾ രൂപപ്പെടുത്തിയതോ? അതല്ല, പൂന്തോട്ടത്തിലുള്ളതോ?[22]

ഈ യാഥാർഥ്യം വളരെ ആഴത്തിലുള്ള ചിന്തയെ ആവശ്യപ്പെടുന്നുണ്ടെന്ന് നി സ്സംശയം പറയാനാകും. ഈ ഭൗതികയാഥാർഥ്യങ്ങളുടെ ഫലമായി നാം തർക്ക ങ്ങൾക്കിടനൽകാത്ത ചില വസ്തുതകളിലെത്തിച്ചേരുന്നു:നാം കണ്ടുംതൊട്ടും കേട്ടും ദ്രവ്യം, ലോകം, പ്രപഞ്ചം എന്നിങ്ങനെയെല്ലാം പേരുവിളിച്ചും മനസ്സിലാ ക്കിയിട്ടുള്ള എല്ലാംതന്നെ നമ്മുടെ തലച്ചോറിനകത്ത് വ്യാഖ്യാനവിധേയമായ വൈദ്യുതസ്പന്ദനങ്ങൾ മാത്രമാണ്. നമ്മുടെ തലച്ചോറിന് പുറത്തുള്ള യഥാർഥ വസ്തുവിലേക്ക് നമുക്ക് ഒരിക്കലും എത്താൻ കഴിയില്ല. നാം രുചിനോക്കുന്നതും കേൾക്കുന്നതും കാണുന്നതുമായ എല്ലാംതന്നെ തലച്ചോറിൽ രൂപംകൊണ്ടിട്ടുള്ള ബാഹ്യലോകത്തിന്റെ പ്രതിബിംബങ്ങൾ മാത്രമാണ്.

സത്യത്തിൽ ആപ്പിൾ തിന്നുന്ന ഒരാൾ യഥാർഥത്തിലുള്ള പഴത്തെയല്ല, മറിച്ച് ത ലച്ചോർ പകർന്നുതന്നിട്ടുള്ള അറിവിനെയാണ് മനസ്സിലാക്കുന്നത്. ആപ്പിളെന്ന് ക രുതി കടിക്കുന്നത്, ആ ഫലത്തിന്റെ ആകൃതി, രുചി, മണം, ഉപരിതലം എന്നിവ യെക്കുറിച്ച് തലച്ചോർ പകർന്നുതരുന്ന വൈദ്യുതസ്പന്ദനങ്ങളുടെ അനുഭവമാണ്. തലച്ചോറിലേക്കുള്ള ദൃശ്യസംവേദനനാഡി(Optic nerve) ക്ക് തകരാർ സംഭവി ച്ചാൽ ആപ്പിളിന്റെ പ്രതിബിംബം തൽക്ഷണം അപ്രത്യക്ഷമാകും. മൂക്കിലെ സം വേദനകാരികളായ കോശങ്ങളിൽനിന്ന് തലച്ചോറിലേക്ക് ചെല്ലുന്ന ഘ്രാണനാഡി കൾ ബന്ധം വേർപെട്ടുപോയാൽ ആ നിമിഷം മണം എന്തെന്ന് അറിയാതാകും. അതിനാൽ വൈദ്യുതസ്പന്ദനങ്ങളെ തലച്ചോർ വ്യാഖ്യാനിക്കുന്നതിന്റെ പേ രാണ് ആപ്പിൾ എന്ന് ലളിതമായി പറയാം.

ദൂരം എന്ന അനുഭവത്തെ നമുക്കൊന്ന് പരിശോധിക്കാം. നിങ്ങൾക്കും മുമ്പിലെ പേജിനുമിടയിൽ അനുഭവപ്പെടുന്ന ശൂന്യമായ ഇടം തലച്ചോറിൽ രൂപം കൊണ്ട

ശൂന്യതമാത്രമാണ്. ദൂരത്തായി നിങ്ങൾ കാണുന്ന  വസ്തുക്കൾ അതേപോലെ ത്തന്നെയാണ് തലച്ചോറിലും കാണപ്പെടുക. ഉദാഹരണത്തിന് ഒരാൾ രാത്രിയിൽ കാണുന്ന നക്ഷത്രം മില്യൺ കണക്കിന് പ്രകാശവർഷം ദൂരെയാണ് സ്ഥിതിചെ യ്യുന്നത്. എന്നാൽ ആ നക്ഷത്രങ്ങൾ അയാളുടെ പരിധിക്കകത്തുതന്നെയാണ് ; അതായത് തലച്ചോറിലെ ദൃശ്യകേന്ദ്ര(Vision Cetnre)ത്തിലാണ്. നിങ്ങൾ ഈ വ രികൾ വായിക്കുമ്പോൾ  നിങ്ങൾ ധരിച്ചുവശായിരിക്കുന്ന  മുറിയിലല്ല യഥാർഥ ത്തിൽ നിങ്ങളുള്ളത്. നേരെമറിച്ച് മുറി നിങ്ങൾക്കകത്താണ് ഉള്ളത്.  നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾ നിങ്ങളെ അതിനകത്താണെന്ന്  തോന്നിപ്പിക്കുകയാണ്. അതെ ന്തായാലും നിങ്ങളുടെ ശരീരം പോലും തലച്ചോർ  ശേഖരിച്ചുവെച്ചിട്ടുള്ള പ്രതി ബിംബങ്ങളുടെ സമാഹാരമാണ്.

## ഘനാന്ധകാരത്തിലെ കോടിക്കണക്കായ നിറങ്ങൾ

അവിശ്വസനീയമായ ചില യാഥാർഥ്യങ്ങളെ നമുക്ക് മുമ്പിൽ അനാവരണംചെയ്യു ന്നതാണ് ഈ വിഷയം.  നമ്മുടെ ഇന്ദ്രിയാനുഭവങ്ങളുടെ കേന്ദ്രം തലച്ചോറിലെ മൂന്നുപൗണ്ട് തൂക്കംവരുന്ന കല(Tissue)യുടെ പിണ്ഡത്തിലാണ് സ്ഥിതിചെയ്യു ന്നത്. ഈ അവയവം പ്രകാശമോ ശബ്ദമോ ഗന്ധമോ തുളച്ചുകയറാത്ത തലയോ ട്ടിക്കകത്ത് സുരക്ഷിതമായിരിക്കുന്നു. ഈ തലയോട്ടിക്കകത്ത് ഘനാന്ധകാരവും നിശബ്ദതയുമാണ് ഉള്ളത്. അവിടെ യാതൊരുതരത്തിലുള്ള ഗന്ധവുമില്ല. എ ന്നാൽ ഈ അന്ധകാരമയമായ സവിശേഷസ്ഥാനത്ത് ദശലക്ഷക്കണക്കിന്  നിറ ഭേദങ്ങളും ശബ്ദശ്രുതികളും രുചിഭേദങ്ങളും ഗന്ധങ്ങളും പിറവിയെടുക്കുന്നു. ഇ തെങ്ങനെ സംഭവിക്കുന്നു?

പ്രകാശമില്ലാതെ എങ്ങനെയാണ് നിങ്ങൾക്ക് ഒരു സ്ഥലത്തെ പ്രകാശത്തെ അറി യാൻ കഴിയുന്നത്.  ഗന്ധങ്ങളില്ലാത്ത ശൂന്യതയിൽ ഗന്ധത്തെ എങ്ങനെ അറി യാൻ കഴിയുന്നു. നിശബ്ദതയിൽ ശബ്ദത്തെ മനസ്സിലാക്കാൻ എങ്ങനെ സാധിക്കു ന്നു?

നിങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും വൈവിധ്യമാർന്ന അത്ഭുത ങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ മുറിയിലിരി ക്കുന്ന നിങ്ങളുടെ ചുറ്റുപാടുകളെ പഞ്ചേന്ദ്രിയങ്ങൾ ഒപ്പിയെടുത്ത് വൈദ്യുതസ്പ ന്ദനങ്ങളാക്കി തലച്ചോറിലേക്കയക്കുകയും അവയെല്ലാറ്റിനെയും അവിടെ സംയോ ജിപ്പിക്കുകയംചെയ്യുന്നു. അതിന്റെ ഫലമായി ഒരു മുറിയിലാണ് നിങ്ങളെന്ന അ നുഭവം അത് നൽകുന്നു. മറ്റുവിധത്തിൽ പറഞ്ഞാൽ, ഈ മുറിയിൽ ഇരിക്കുകയാ ണ് നിങ്ങളെന്ന ധാരണയുള്ളപ്പോൾ തന്നെ മുറി നിങ്ങളുടെ അകത്ത് തലച്ചോറി ലാണുള്ളത്. മുറിയെന്ന ആശയാനുഭവത്തെ സംയോജിപ്പിക്കുകയും ചിത്രീകരി ക്കുകയുംചെയ്ത തലച്ചോറിലെ ആ 'ഇടം' തീരെ ചെറുതും ഇരുട്ടുള്ളതും ശബ്ദര ഹിതവുമാണ്.  എന്നിട്ടും ഭൗതികലോകത്തെ വിശാലമായ മുറിയും സ്ഥലവും ഭൂ

പ്രദേശവും അതിന്റെ വലിപ്പചെറുപ്പപ്രശ്നങ്ങളൊന്നുമില്ലാതെ ആ 'ഇട'ത്തിൽ ചേർന്നുനിൽക്കുന്നുവെന്ന അത്ഭുതമുണ്ട്. ഇടുങ്ങിയ മുറിയും ചക്രവാളങ്ങളോളം വിശാലമായി കിടക്കുന്ന സമുദ്രവും ആ 'ഇട'ത്തിൽ തിരിച്ചറിയുന്നു.

'ബാഹ്യലോക'വുമായി ബന്ധപ്പെട്ട സ്പന്ദനങ്ങൾക്ക് നമ്മുടെ തലച്ചോറുകളാണ് വ്യാഖ്യാനവും അർഥപരികൽപനയും നൽകുന്നത്. ഉദാഹരണത്തിന് കേൾവി യെന്ന അനുഭവത്തെ എടുക്കാം. നമ്മുടെ തലച്ചോറാണ് ശബ്ദതരംഗങ്ങളെ സിംഫ ണിയായി വ്യാഖ്യാനിക്കുന്നതും പരിവർത്തിപ്പിക്കുന്നതും. ശരിക്കുപറഞ്ഞാൽ ന മ്മുടെ തലച്ചോർ സൃഷ്ടിക്കുന്ന ഇന്ദ്രിയാനുഭവമാണ് സംഗീതം. അതേ രീതിയിൽ നമുക്ക് നിറങ്ങളെയും മനസ്സിലാക്കാനാകും. യഥാർഥത്തിൽ കണ്ണിലെത്തുന്നത് വ്യത്യസ്തതരംഗദൈർഘ്യമുള്ള പ്രകാശകണങ്ങളാണ്. അതിനെയും നമ്മുടെ ത ലച്ചോർ തന്നെ നിറങ്ങളായി പരിവർത്തിപ്പിക്കുന്നു. 'ബാഹ്യലോക'ത്ത് നിറങ്ങ ളൊന്നുംതന്നെയില്ലെന്നറിയാമല്ലോ. അവിടെ ആപ്പിൾ ചുവപ്പോ, ആകാശം നീ ലയോ ഇലകൾ പച്ചയോ അല്ല. തലച്ചോർ പകർന്നുനൽകുന്ന ഇന്ദ്രിയാവബോധ ത്താൽ നമുക്കങ്ങനെയെല്ലാം തോന്നുന്നുവെന്ന് മാത്രം.
കണ്ണിന്റെ റെറ്റിനയിലുള്ള നേരിയ വ്യതിയാനം പോലും നമുക്ക് വർണാന്ധത സ മ്മാനിക്കും. അത്തരത്തിൽ പ്രശ്നങ്ങളുള്ളവർക്ക് നീലയും പച്ചയും ഒരേപോലെ യാണ് അനുഭവപ്പെടുക. അത്തരമൊരു അവസ്ഥയിൽ പുറത്തുള്ള വസ്തുവിന് നിറമുണ്ടോ ഇല്ലയോ എന്നത് പ്രശ്നമല്ല.

വിഖ്യാതനായ ചിന്തകൻ ജോർജ് ബെർകിലി ഈ യാഥാർഥ്യത്തെക്കുറിച്ച് പറയു ന്നതിങ്ങനെ:'ആദ്യമൊക്കെ നിറങ്ങളും ഗന്ധങ്ങളും യഥാതഥമായി ഉണ്ടെന്ന് കരു തപ്പെട്ടിരുന്നു. എന്നാൽ അതെല്ലാം നമ്മുടെ പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടവ യാണെന്ന് പിന്നീട് കണ്ടെത്തുകയായിരുന്നു'.[23]
ചുരുക്കിപ്പറഞ്ഞാൽ, ഒരു വസ്തുവിനെ അതിന്റെ പ്രത്യേകവർണത്തിൽ നാം കാ ണുന്നത് ,വാസ്തവത്തിൽ അതിന് ആ വർണം ഉള്ളതുകൊണ്ടല്ല. ഒരു വസ്തുവി നെ കാണുന്നത് ചുറ്റുമുള്ള ലോകത്ത് അത് ഭൗതികാർഥത്തിൽ ഉള്ളതു കൊണ്ടല്ല. മറിച്ച്, യഥാർഥത്തിൽ ആ വസ്തുക്കൾക്കുള്ള സവിശേഷഗുണങ്ങ ളെല്ലാം തന്നെ നമ്മുടെ തലച്ചോറിനകത്ത് ഉള്ളടക്കം ചെയ്യപ്പെട്ടതിനാലാണ്.ഒരു പക്ഷേ, നിങ്ങൾ മുമ്പ് ഈ സത്യത്തെ അറിഞ്ഞിട്ടില്ലെന്നു വരാം.

## മനുഷ്യന്റെ പരിമിതമായ അറിവ്

ബാഹ്യലോകത്തെക്കുറിച്ച മനുഷ്യന്റെ പരിജ്ഞാനം തീർത്തും ശുഷ്കമാണ് എ ന്നാണ് വസ്തുതകൾ മുന്നിൽനിരത്തി ഇത്രയും വിവരിച്ചതിന്റെ ഉദ്ദേശ്യം.ആ അറി വുകളാകട്ടെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾക്കകത്തുള്ളവയാണ്. മാ

ത്രമല്ല, 'ശരിയായ ലോക'ത്തിന്റെ തത്തുല്യമായ പ്രകൃതിയോടുകൂടിയാണ് പഞ്ചേന്ദ്രിയങ്ങൾ നമുക്ക് ആ ലോകത്തെ അറിയിച്ചുതരുന്നതെന്നതിന് കൃത്യമായ തെളിവൊന്നും നമ്മുടെ കയ്യിലില്ല. ഒരുവേള, നാം അനുഭവിച്ചറിയുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കാം ആ ലോകം. നമുക്കറിയാത്ത അളവുകളും മാനങ്ങളും രൂപങ്ങളും അവയ്ക്കുണ്ടാകാം. നാം പ്രപഞ്ചത്തിന്റെ അവസാനസീമകൾ താണ്ടിയെന്നുവന്നാലും നമ്മുടെ അറിവ് അപ്പോഴും ന്യൂനമായിരിക്കും.

പ്രപഞ്ചത്തിലെ സകലചരാചരങ്ങളെയും കുറിച്ച പഴുതടച്ച അപാരമായ അറിവ് അവയെ സൃഷ്ടിച്ച സർവശക്തനായ ദൈവത്തിനുമാത്രമാണ് ഉള്ളത്. അവൻ അനുവദിച്ചുതരുന്നത് മാത്രമേ സൃഷ്ടികൾക്ക് പ്രാപ്തമായിട്ടുള്ളൂ. ഈ വസ്തുത ഖുർആൻ ഇങ്ങനെ വിവരിക്കുന്നു.
'അല്ലാഹു; അവനല്ലാതെ ദൈവമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവൻ; എല്ലാറ്റിനെയും പരിപാലിക്കുന്നവൻ; മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശഭൂമികളിലുള്ളതൊക്കെയും അവന്റേതാണ്. അവന്റെ അടുക്കൽ അനുവാദമില്ലാതെ ശിപാർശ ചെയ്യാൻ കഴിയുന്നവനാര്? അവരുടെ മുന്നിലുള്ളതും പിന്നിലുള്ളതും അവനറിയുന്നു. അവന്റെ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ അവർക്കൊന്നും അറിയാൻ സാധ്യവുമല്ല. അവന്റെ ആധിപത്യം ആകാശഭൂമികളെയാകെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന്നൊട്ടും ഭാരമാവുന്നില്ല. അവൻ അത്യുന്നതനും മഹാനുമാണ്.'(അൽബഖറ 255)

## ആരാണ് തിരിച്ചറിവുള്ളവൻ

കാര്യങ്ങൾ തിരിച്ചറിയാൻ ബാഹ്യലോകത്തിന്റെ ആവശ്യമൊന്നുമില്ല. തലച്ചോറിന് സ്പർശനത്തിന്റെയും കേൾവിയുടെയും ശരിയാംവണ്ണമുള്ള ഉദ്ദീപനങ്ങൾ ലഭിച്ചാൽ അത് തലച്ചോറിൽ പുനഃസൃഷ്ടിക്കാനാകും. അതിന് മികച്ച ഉദാഹരണമാണ് സ്വപ്നം.
സ്വപ്നവേളയിൽ നിശബ്ദവും ഇരുട്ടുള്ളതുമായ മുറിയിൽ നിങ്ങളുടെ ശരീരം ബെഡിൽ അനങ്ങാതെ കിടക്കുകയായിരിക്കും. കണ്ണുകൾ അടഞ്ഞിരിക്കും. ചുറ്റുമുള്ള ലോകത്തെ പ്രകാശമോ ശബ്ദമോ സമാനമായ ഉദ്ദീപനങ്ങളോ നിങ്ങളുടെ തലച്ചോറിൽ എത്തുകയില്ല. എന്നിട്ടും സ്വപ്നത്തിൽ നിങ്ങൾ അനുഭവിക്കുന്നതെന്തും സംഭവലോകത്തിലേതിന് സമാനമായ രീതിയിലാണ്.

കൂടാതെ, സ്വപ്നത്തിലായിരിക്കെ, നിങ്ങൾ അനുഭവിക്കുന്നതിന്റെ യാഥാർഥ്യത്തെപ്പറ്റി യാതൊരു സംശയവും നിങ്ങൾക്കുണ്ടാവുകയില്ല. എന്നാൽ ഉറക്കത്തിൽനിന്ന് എഴുന്നേൽക്കുന്നതോടെ അതുവരെ അനുഭവിച്ചത് സ്വപ്നത്തിലായി

രുന്നുവെന്ന് നിങ്ങൾ തിരിച്ചറിയുന്നു.

വിശ്വവിഖ്യാതനായ തത്ത്വചിന്തകൻ റെനെ ദെക്കാർത്തെ സ്വപ്നാനുഭവങ്ങളുടെ ആശ്ചര്യകരമായ സത്യത്തെക്കുറിച്ച വാദംസമർപ്പിക്കുന്നത് കാണുക: എന്റെ സ്വപ്നങ്ങളിൽ ഞാൻ പല പ്രവൃത്തികളും ചെയ്യുന്നതായി കണ്ടിട്ടുണ്ട്. പല സ്ഥലങ്ങളിലും പോകുന്നു. പക്ഷേ, ഉണർന്നുനോക്കിയാലോ ഞാനൊന്നുംചെയ്തിട്ടുമില്ല, എങ്ങും പോയിട്ടുമില്ല. എന്നാലോ അപ്പോഴും ശാന്തമായി കട്ടിലിൽ കിടക്കുകയായിരിക്കും. ഞാൻ ഇതുപറയുമ്പോഴും സ്വപ്നം കാണുന്നില്ല എന്ന് ആർക്കാണ് ഉറപ്പിച്ചുപറയാൻ കഴിയുക? എന്നല്ല, എന്റെ ജീവിതം മുഴുവൻ സ്വപ്നമല്ലെന്നുണ്ടോ? [24]അതിനാൽ നാം ബോധ്യപ്പെട്ട ഒരു സത്യത്തിലേക്ക് നോക്കിക്കൊണ്ടിരിക്കുന്നു:' നമുക്കു ജീവിക്കേണ്ട നാം ജീവിച്ചുകൊണ്ടിരിക്കുന്ന യഥാർഥ ലോകവുമായി പ്രത്യക്ഷബന്ധം സ്ഥാപിച്ചിരിക്കുന്നുവെന്ന നമ്മുടെ വാദത്തിൽ യാതൊരു കഴമ്പുമില്ല. '

നമ്മുടെ തലച്ചോർ ബാഹ്യലോകത്തിൽനിന്ന് വ്യതിരിക്തമാണോ?

ചുറ്റുപാടുമുള്ള ലോകത്തെ വസ്തുക്കളും പ്രതിഭാസങ്ങളും നാം കാണുന്നത് ആന്തരികമായി നിർമിക്കപ്പെട്ടിട്ടുള്ള തിരിച്ചറിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണെങ്കിൽ തലച്ചോറാണോ കാണുകയും കേൾക്കുകയും ചെയ്യുന്നത്? അത് മറ്റുള്ളവയെപ്പോലെത്തന്നെ ആറ്റങ്ങളും തൻമാത്രകളും കൊണ്ട് നിർമിക്കപ്പെട്ടതല്ലേ? നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സിലാക്കിയതനുസരിച്ച് തലച്ചോറും ഒരു കൂട്ടം കലകളുടെ പിണ്ഡമാണ്. അങ്ങനെയെങ്കിൽ കാണുകയും കേൾക്കുകയും സ്പർശിക്കുകയും വാസനിക്കുകയും രുചിക്കുകയും ചെയ്യുന്നത് തലച്ചോറിനെക്കൂടാതെ മറ്റെന്തെങ്കിലും അവയവമാണോ?

ഇവിടെയാണ് നാം പ്രത്യക്ഷമായ ഒരു വസ്തുതയെ അഭിമുഖീകരിക്കുന്നത്: കാണാനും അനുഭവിക്കാനും ചിന്തിക്കാനും യുക്തി ഉപയോഗിക്കാനും കഴിയുന്ന വിവേകിയായ മനഷ്യൻ കേവലം കണങ്ങളുടെയും തൻമാത്രകളുടെയും സംയോജിതരൂപങ്ങൾക്കുമപ്പുറത്തുള്ള പ്രത്യേകജീവിയാണോ?

'താൻ സൃഷ്ടിച്ച ഏതും അന്യൂനം സുന്ദരമായി സൃഷ്ടിച്ചവൻ. അവൻ കളിമണ്ണിൽനിന്ന് മനുഷ്യസൃഷ്ടി ആരംഭിച്ചു. പിന്നെ അവന്റെ സന്താനപരമ്പരയെ നിസ്സാരമായ വെള്ളത്തിന്റെ സത്തിൽ നിന്നുണ്ടാക്കി. പിന്നീട് അവനെ വേണ്ടവിധം സന്തുലനപ്പെടുത്തി. തന്റെ ആത്മാവിൽ നിന്ന് അതിലൂതി. നിങ്ങൾക്കവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഉണ്ടാക്കിത്തന്നു. എന്നിട്ടും നന്നെ കുറച്ചേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ.'(അസ്സജദ 7–9)

## നമ്മോട് ഏറ്റവും അടുത്ത അസ്തിത്വമാണ് ദൈവം

മനുഷ്യൻ കേവലം ദ്രവ്യങ്ങളുടെ ഘനരൂപമെന്നതിനേക്കാൾ 'ആത്മാവ് 'ഉൾച്ചേർ ന്നതാണെങ്കിൽ ആ ആത്മാവിന് ഇന്ദ്രിയാനുഭവങ്ങളുടെ സാകല്യം പകർന്നുനൽ കുന്നത് ബാഹ്യലോകമാണോ? ആരാണ് അനന്തമായ ഈ അവബോധങ്ങളെയും അനുഭവങ്ങളെയും തുടർച്ചയായി സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്?

അതിന്റെ ഉത്തരം വ്യക്തമാണ്. തന്റെ ചൈതന്യം മനുഷ്യരിലേക്ക് ഊതിയ അവ നാണ് സർവചരാചരങ്ങളുടെയും സ്രഷ്ടാവായ ദൈവം. എല്ലാ തിരിച്ചറിവുകളു ടെയും സ്രോതസ്സ് അവനാണ്. ഏതെങ്കിലുമൊരു വസ്തുവിന്റെ അസ്തിത്വം രൂപ പ്പെടുന്നത് അവന്റെ സൃഷ്ടികർമത്തിലൂടെയാണ്. സദാ അവൻ സൃഷ്ടികർമത്തി ലാണെന്നും എപ്പോഴവൻ സൃഷ്ടിപ്പ് അവസാനിപ്പിക്കുന്നുവോ അന്ന് എല്ലാം അപ്ര ത്യക്ഷമാകുമെന്നും അവൻ നമ്മോട് പറയുന്നു.

'അല്ലാഹു ആകാശഭൂമികളെ നീങ്ങിപ്പോകാതെ പിടിച്ചുനിർത്തുന്നു. അഥവാ, അവ നീങ്ങിപ്പോവുകയാണെങ്കിൽ അവനൊഴികെ അവയെ പിടിച്ചുനിർത്തുന്ന ആരുമില്ല. അവൻ സഹനശാലിയും ഏറെ പൊറുക്കുന്നവനുമാണ്'(ഫാത്വിർ 41).
ഈ ഭൗതികലോകം സർവശക്തനായ ദൈവം എങ്ങനെ കൈകാര്യംചെയ്യുന്നുവെ ന്ന് മേൽസൂക്തം വിവരിക്കുന്നുണ്ട്. പ്രപഞ്ചവും ഭൂമിയും പർവതങ്ങളും അചേത ന-സചേതനവസ്തുക്കളും എല്ലാം അവനാണ് സൃഷ്ടിച്ചത്. തന്റെ അധികാരശക്തി യാൽ എല്ലാറ്റിനെയും അവൻ നിയന്ത്രിക്കുന്നു. ഈ ലോകത്ത് താൻ സ്വീകരിച്ചിട്ടു ള്ള ഉത്കൃഷ്ടനാമങ്ങളിലൊന്നായ 'അൽ ഖാലിഖ്' എന്നത് ഒന്നുമില്ലായ്മയിൽനി ന്ന് എല്ലാറ്റിനെയും സൃഷ്ടിച്ചവൻ എന്ന ആശയത്തെ ദ്യോതിപ്പിക്കുന്നു. അത് കാ ണിക്കുന്നത്, നമ്മുടെ തലച്ചോറിനുമപ്പുറം ദൈവസൃഷ്ടികളെല്ലാം ജീവിക്കുന്ന ഭൗ തികലോകമുണ്ടെന്ന യാഥാർഥ്യമാണ്. എന്നിരുന്നാലും തന്റെ മഹത്തായ സൃഷ്ടി കർമത്തിന്റെയും സർവജ്ഞതയുടെയും ഉന്നതമായ ദൃഷ്ടാന്തമാണ് ഈ ഭൗതിക ലോകത്തെ 'മായക്കാഴ്ച'യായി, 'നിഴലാ'യി, 'പ്രതിബിംബ'മായി നമ്മെ അനുഭ വിപ്പിക്കുന്നുവെന്നത്. തന്റെ സൃഷ്ടികർമത്തിന്റെ മികവിന്റെയും തികവിന്റെയും അനന്തരഫലമെന്നോണം തങ്ങളുടെ തലച്ചോറിനപ്പുറത്തുള്ള ലോകത്തേക്ക് മനു ഷ്യർക്ക് എത്തിച്ചേരാൻ കഴിയുന്നില്ല. യഥാർഥഭൗതികപ്രപഞ്ചത്തെക്കുറിച്ച പരി ജ്ഞാനം ദൈവത്തിന് മാത്രമാണ് ഉള്ളത്.

മേൽസൂക്തത്തിന് മറ്റൊരു വ്യാഖ്യാനമുള്ളത് ഇങ്ങനെയാണ്: ജനങ്ങൾക്ക് കാ ണാൻ കഴിയുംവിധം ഈ ഭൗതികപ്രപഞ്ചത്തിന്റെ പ്രതിബിംബത്തെ ദൈവം സു സ്ഥിരമായി നിലനിർത്തുന്നു(ദൈവമാണ് ഏറ്റം നന്നായി അറിയുന്നവൻ). നമ്മുടെ

മനസ്സുകളിൽ ഈ ലോകത്തിന്റെ പ്രതിബിംബത്തെ കാണിച്ചുതരാൻ അവൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ  ഈ പ്രപഞ്ചമഖിലം നമ്മിൽനിന്ന് അപ്രത്യക്ഷമാകുമായിരുന്നു. അങ്ങനെവന്നാൽ പിന്നീട് നമുക്കൊരിക്കലും അതുമായി ബന്ധംസ്ഥാപിക്കാൻ കഴിയുകയേയില്ല.

ദൈവം മാത്രമേ ശാശ്വതമായ അസ്തിത്വമായുള്ളൂവെന്ന തിരിച്ചറിവായിരിക്കും ഈ വസ്തുതകളെ നേരിടുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഉണ്ടാവുക. ആകാശഭൂമികളിലുള്ളതെല്ലാം അവനിലേക്കുള്ളതാണ്.
'അറിയുക: തീർച്ചയായും ഈ ജനം തങ്ങളുടെ നാഥനെ കണ്ടുമുട്ടുമെന്ന കാര്യത്തിൽ സംശയത്തിലാണ്. ഓർക്കുക: അവൻ സകല സംഗതികളെയും വലയം ചെയ്യുന്നവനാണ്'(ഹാമീം അസ്സജദ 54)
' കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്. അതിനാൽ നിങ്ങൾ എങ്ങോട്ടു തിരിഞ്ഞു പ്രാർഥിച്ചാലും അവിടെയൊക്കെ അല്ലാഹുവിന്റെ സാന്നിധ്യമുണ്ട്. അല്ലാഹു അതിരുകൾക്കതീതനാണ്. എല്ലാം അറിയുന്നവനും'(അൽ ബഖറ 115)

'ആകാശഭൂമികളിലുള്ളതൊക്കെയും അല്ലാഹുവിന്റേതാണ്. എല്ലാ കാര്യങ്ങളെപ്പറ്റിയും സൂക്ഷ്മമായറിയുന്നവനാണ് അല്ലാഹു'(അന്നിസാഅ് 126).

'നിന്റെ നാഥൻ മനുഷ്യരെയൊന്നടങ്കം വലയം ചെയ്തിരിക്കുന്നുവെന്ന് നാം നിന്നോട് പറഞ്ഞ സന്ദർഭം ഓർക്കുക. '(അൽഇസ്റാഅ് 60)

..'അവന്റെ ആധിപത്യം ആകാശഭൂമികളെയാകെ ഉൾക്കൊണ്ടിരിക്കുന്നു. അവയുടെ സംരക്ഷണം അവന്നൊട്ടും ഭാരമാവുന്നില്ല. അവൻ അത്യുന്നതനും മഹാനുമാണ്.'(അൽബഖറ 255)

ദൈവത്തിന്റെ അറിവും വൈഭവവും നമ്മെ എല്ലായിടത്തുനിന്നും വലയംചെയ്യുന്നു. അവൻ നമ്മെ ചൂഴ്ന്നുനിൽക്കുന്നു. അവൻ എല്ലായിടത്തുനിന്നും സദാ നമ്മെ നിരീക്ഷിക്കുന്നു. ബാഹ്യമായും ആന്തരികമായും അവൻ നമ്മുടെ മേൽ പരമാധികാരം  വാഴുന്നു. അവൻ നമ്മുടെ കണ്ഠനാഡിയേക്കാൾ സമീപസ്ഥനും , അനന്തമായ ശക്തിക്കുടയവനുമാണ്.

## സമാപനം

ഈ അധ്യായത്തിൽ വിവരിച്ച ദ്രവ്യത്തിനുപിന്നിലെ രഹസ്യത്തെക്കുറിച്ച് കൃത്യമായി മനസ്സിലാക്കേണ്ടത് അങ്ങേയറ്റം പ്രധാനപ്പെട്ട സംഗതിയാണ്.  പർവതങ്ങളും സമതലങ്ങളും പൂക്കളും ജനങ്ങളും സാഗരങ്ങളും പ്രകൃതിയിലും ഖുർആ

നിൽ വിവരിച്ചതനുസരിച്ചും നമ്മുടെ കൺമുമ്പിലുള്ളതുപോലെയും എല്ലാം അല്ലാഹു ഒന്നുമില്ലായ്മയിൽനിന്ന സൃഷ്ടിച്ചതാണ്. അത് ഉൺമയിലുള്ളതുമാണ്. എന്നിരുന്നാലും ആളുകൾക്ക് തങ്ങളുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ഇവയുടെ യഥാർ ഥസ്വഭാവത്തെപ്പറ്റി തൊട്ടുംകേട്ടും കണ്ടും അനുഭവിക്കാൻ കഴിയില്ല. തങ്ങളുടെ ത ലച്ചോറിൽ പ്രത്യക്ഷപ്പെട്ട തിന്റെ പ്രതിരൂപം മാത്രമാണ് അവർ കണ്ടുംതൊട്ടും അ നുഭവിച്ചറിയുന്നത്. വൈദ്യശാസ്ത്രവിദ്യാലയങ്ങളിൽ ഈ ശാസ്ത്രീയയാഥാർഥ്യ മാണ് പഠിപ്പിക്കുന്നത്. ഇത് തന്നെയാണ് നിങ്ങൾ ഇപ്പോൾ വായിച്ചുകൊണ്ടിരി ക്കുന്ന പുസ്തകത്തെപ്പറ്റി പറയാനാവുക. നിങ്ങൾ അതിനെ യഥാർഥരൂപത്തിൽ കാണുകയോ തൊടുകയോ ചെയ്യുന്നില്ല. യഥാർഥപുസ്തകത്തിൽനിന്ന് തട്ടിത്തി രിച്ചെത്തുന്ന പ്രകാശം കണ്ണിലുള്ള പ്രത്യേകകോശങ്ങളുടെ പ്രവർത്തനഫലമാ യി വൈദ്യുതസ്പന്ദനങ്ങളായി തലച്ചോറിനുപിറകിലുള്ള ദൃശ്യകേന്ദ്രത്തിലേക്ക് നയിക്കപ്പെടുന്നു. ഈ പുസ്തകത്തിന്റെ ദൃശ്യം സൃഷ്ടിക്കപ്പെടുന്നത് അവിടെ യാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നിങ്ങളുടെ കൺമുന്നിലുള്ള , കണ്ണ് കാട്ടി ത്തരുന്ന പുസ്തകമല്ല നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നത്. സത്യത്തിൽ പുസ്ത കം തലച്ചോറിനുപിറകിലുള്ള ദൃശ്യകേന്ദ്രത്തിലാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. നിങ്ങ ളുടെ തലച്ചോറിൽ ആലേഖനംചെയ്യപ്പെട്ടിട്ടുള്ള യഥാർഥപുസ്തകത്തിന്റെ കോപ്പി യാണ് നിങ്ങളുടെ മുമ്പിൽ വായിച്ചുകൊണ്ടിരിക്കുന്നത്. യഥാർഥപുസ്തകം ദൈ വം കണ്ടുകൊണ്ടിരിക്കുന്നു.

അതോടൊപ്പം ഒരു കാര്യം പ്രത്യേകം ഓർക്കണം. ഇവിടെ ദ്രവ്യം അതായത് വസ് തുക്കൾ തലച്ചോറിൽ രൂപംകൊണ്ടതിന്റെ മായികവിഭ്രമമാണെന്ന യാഥാർഥ്യം വ്യ ക്തമാക്കുമ്പോൾ തന്നെ ആ ദ്രവ്യത്തെ തള്ളിപ്പറയുന്നില്ല. കാരണം, ആ സംഗതി യാണ് വസ്തുവിന്റെ തനത് സ്വഭാവത്തെപ്പറ്റിയുള്ള വിവരം നമുക്ക് നൽകുന്നത്. ഒരു വ്യക്തിക്കും യഥാർത്ഥ വസ്തുവുമായി ബന്ധം ഉണ്ടാക്കാനാകില്ല. അതിനു പറമെ പുറത്ത് നാം കാണുന്ന വസ്തു നാം മാത്രമല്ല കാണുന്നത്. നിരീക്ഷണചു മതലയേൽപിച്ച് ദൈവം നിയോഗിച്ച മാലാഖമാരും അതിന് ദൃക്സാക്ഷികളായി നിലകൊള്ളുന്നുണ്ട്.

വലതു ഭാഗത്തും ഇടതു ഭാഗത്തും ഇരുന്ന് ഏറ്റുവാങ്ങുന്ന രണ്ടുപേർ എല്ലാം ഏറ്റുവാങ്ങുന്ന കാര്യം ഓർക്കുക.
അവനോടൊപ്പം ഒരുങ്ങി നിൽക്കുന്ന നിരീക്ഷകരില്ലാതെ അവനൊരു വാക്കും ഉച്ചരിക്കുന്നില്ല.'
നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അറിയുക: അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം കണ്ടറിയുന്നവനാണ്.(അൽബഖറ 233)
'പറയുക: എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷിയായി അല്ലാഹു മതി. തീർച്ചയായും അവൻ തന്റെ ദാസൻമാരെ സൂക്ഷ്മമായി അറിയുന്നവനും

കാണുന്നവനുമാണ്‘(അൽഇസ്റാഅ് 96)
എല്ലാറ്റിന്റെയും രേഖകൾ അല്ലാഹു ലൗഹുൽ മഹ് ഫൂള് സംരക്ഷിതഫലകം) എന്ന ഫലകത്തിൽ സൂക്ഷിക്കുന്നുണ്ടെന്നത് മറക്കരുത്. നാം അതൊന്നും ഇവിടെ കാണുന്നില്ലെങ്കിൽ പോലും അവയെല്ലാം ആ ഫലകത്തിലുണ്ട്.

‘സംശയമില്ല; ഇത് ഒരു മൂലപ്രമാണത്തിലുള്ളതാണ്. നമ്മുടെയടുത്ത് അത്യുന്നത സ്ഥാനമുള്ളതും തത്ത്വപൂർണവുമാണിത്.‘(അസ്സുഖ്റുഫ് 4)

‘നമ്മുടെ വശം എല്ലാം സൂക്ഷിച്ചിട്ടുള്ള ഗ്രന്ഥവുമുണ്ട്‘(ഖാഫ് 4)

സ്പഷ്ടമായ മൂലപ്രമാണത്തിൽ രേഖപ്പെടുത്താത്ത ഒന്നും ആകാശഭൂമികളിൽ ഒളിഞ്ഞുകിടക്കുന്നില്ല.(അന്നംല് 75)

അവർ പറഞ്ഞു: ’’കുറ്റമറ്റവൻ നീ മാത്രം. നീ പഠിപ്പിച്ചുതന്നതല്ലാതൊന്നും ഞങ്ങൾക്കറിയില്ല. എല്ലാം അറിയുന്നവനും യുക്തിമാനും നീ മാത്രം’’(അൽ ബഖറ 32)

ISLAM DENOUNCES TERRORISM FOOTNOTES:
കുറിപ്പുകൾ:

1. പ്രൊഫ. തോമസ് ആർനോൾഡ്, ദ സ്പ്രെഡ് ഓഫ് ഇസ്ലാം ഇൻ ദി വേൾഡ്, എ ഹിസ്റ്ററി ഓഫ് പീസ്ഫുൾ പ്രീചിങ്, ഗുഡ് വേഡ് ബുക്സ് , 2001, പേ. 79-80
2. ജോൺ. എൽ. എസ്പോസിറ്റോ, ഇസ്ലാം: ദ സ്ട്രെയ്റ്റ് പാത് , ഓക്സഫഡ് യൂണിവേഴ്സിറ്റി പ്രസ്, 1998, പേ. 10.
3. അഹ്മദ് സിയാഉദ്ദീൻ അൽ കമുഷ്ഖാനവി, റമൂസുൽ അഹാദീസ്,വാള്യം 1, 84/8
4. അഹ്മദ് സിയാഉദ്ദീൻ അൽ കമുഷ്ഖാനവി, റമൂസുൽ അഹാദീസ്,വാള്യം 1, 76/12
5. ബുഖാരി(5778) മുസ് ലിം(109, 110) മുസ്ലിം ഉദ്ധരിച്ചത് -ഇംഗ്ലീഷ് പരിഭാഷ വാള്യം 1 പേ. 62 നമ്പർ 203
6. കരൺ ആംസ്ട്രോങ്, ഹോളി വാർ, മക്മില്ലൻ ലണ്ടൻ ലി. 1988, പേ. 25
7. ത്വബരി, താരീഖ്, 1 1850, മാജിദ് ഖദ്ദൂരിയുടെ 'വാർ ആന്റ് പീസ് ഇൻ ദ ലോ ഓഫ് ഇസ്ലാം ' (ജോൺ ഹോപ്കിൻസ് പ്രസ് , ബാൾട്ടിമൂർ, 1955, പേ. 102)എന്ന കൃതിയിൽ ഉദ്ധരിച്ചത്.
8. ഡബ്ല്യൂ. എച്. സി. ഫ്രെൻഡ് ' ക്രിസ്ത്യാനിറ്റി ഇൻ ദി മിഡിലീസ്റ്റ് , സർവേ ഡൗൺ ടു ഏ.ഡി. 1800', റിലീജിയൻ ഇൻ ദ് മിഡിലീസ്റ്റ്, എഡ്. എ. ജെ. ആർബെറി, കകക കേംബ്രിഡ്ജ് , 1969, വാള്യം 1, പേ. 289.
9. പ്രൊഫ. തോമസ് ആർനോൾഡ്, ദ സ്പ്രെഡ് ഓഫ് ഇസ്ലാം ഇൻ ദി വേൾഡ്, എ ഹിസ്റ്ററി ഓഫ് പീസ്ഫുൾ പ്രീചിങ്, ഗുഡ് വേഡ് ബുക്സ് , 2001, പേ. 71-72
10. എൽ. ബ്രൗൺ, ദ പ്രോസ്പെക്റ്റ്സ് ഓഫ് ഇസ്ലാം, പേ. 11-15
11. ജോൺ. എൽ. എസ്പോസിറ്റോ, ഇസ്ലാം: ദ സ്ട്രെയ്റ്റ് പാത് , ഓക്സഫഡ് യൂണിവേഴ്സിറ്റി പ്രസ്, 1998, പേ. 33-34
12. ബർണാഡ് ലൂയിസ് , ദ മിഡിൽ ഈസ്റ്റ്, വീഡെൻഫെൽഡ് & നികോൾസൺ , ലണ്ടൻ 1995,പേ. 210
13. പ്രൊഫ. തോമസ് ആർനോൾഡ്, ദ സ്പ്രെഡ് ഓഫ് ഇസ്ലാം ഇൻ ദി വേൾഡ്, എ ഹിസ്റ്ററി ഓഫ് പീസ്ഫുൾ പ്രീചിങ്, ഗുഡ് വേഡ് ബുക്സ് , 2001, പേ. 96
14.പ്രൊഫ. തോമസ് ആർനോൾഡ്, ദ സ്പ്രെഡ് ഓഫ് ഇസ്ലാം ഇൻ ദി വേൾഡ്, എ ഹിസ്റ്ററി ഓഫ് പീസ്ഫുൾ പ്രീചിങ്, ഗുഡ് വേഡ് ബുക്സ് , 2001, പേ. 88-89
15. ആൻഡ്രേ മികെൽ, ലെ ഇസ്ലാം എറ്റ് സാ സിവിലൈസേഷൻ ഢകക തത സൈകിൾ
16. ഗെസ്റ്റാ ഫ്രാങ്കോറം, ഓർ ദ ഡീഡ്സ് ഓഫ് ദ ഫ്രാങ്കസ് ആന്റ് ദ അദർ പിൽഗ്രിംസ് ടു ജറൂസലം, പരിഭാഷ: റോസാലിൻഡ് ഹിൽ, ലണ്ടൻ, 1962, പേ. 91

17.ആഗസ്റ്റ് .സി. ക്രേ, ദ ഫസ്റ്റ് ക്രൂസേഡ്: ദ അക്കൗണ്ട്സ് ഓഫ് ഐ-വിറ്റ്നെസ്സെസ് ആന്റ് പാർട്ട്സിപന്റ്സ്,പ്രിൻസ്റ്റൺ & ലണ്ടൻ, 1921, പേ. 261
18.ആഗസ്റ്റ് .സി. ക്രേ, ദ ഫസ്റ്റ് ക്രൂസേഡ്: ദ അക്കൗണ്ട്സ് ഓഫ് ഐ-വിറ്റ്നെസ്സെസ് ആന്റ് പാർട്ട്സിപന്റ്സ്,പ്രിൻസ്റ്റൺ & ലണ്ടൻ, 1921, പേ. 262
19. അലാൻ എറേയ്റ, ഡേവിഡ് വാലസ്, ക്രുസേഡ്സ്: ടെറി ജോൺസ് ടെൽസ് ദ ഡ്രാമാറ്റിക് സ്റ്റോറി ഓഫ് ബാറ്റ്ൽ ഫോർ ഹോളിലാന്റ് , ബിബിസി വേൾഡ് വൈഡ് ലി. 1995.
20. ദ പാക്റ്റ് ഓഫ് നജ്റാൻ, ആർട്ടിക്ൾ 6, വേേു:// ംംം.ശഹെമാശരൃലഹീൗൃരല.രീാ/ജമരബേീളിഅബചമഷൃമി.വോ
21. കരൺ ആംസ്ട്രോങ്, ഹോളി വാർ, മക്മില്ലൻ ലണ്ടൻ ലി. 1988, പേ. 30-31.
22. ജോൺ. എൽ. എസ്പോസിറ്റോ, ഇസ്ലാം: ദ സ്ട്രെയ്റ്റ് പാത് , ഓക്സഫഡ് യൂണിവേഴ്സിറ്റി പ്രസ്, 1998, പേ. 58.
23. പ്രൊഫ. തോമസ് ആർനോൾഡ്, ദ സ്പ്രെഡ് ഓഫ് ഇസ്ലാം ഇൻ ദി വേൾഡ്, എ ഹിസ്റ്ററി ഓഫ് പീസ്ഫുൾ പ്രീചിങ്, ഗുഡ് വേഡ് ബുക്സ് , 2001, പേ. 56
24. ജോൺ. എൽ. എസ്പോസിറ്റോ, ഇസ്ലാം: ദ സ്ട്രെയ്റ്റ് പാത് , ഓക്സഫഡ് യൂണിവേഴ്സിറ്റി പ്രസ്, 1998, പേ. 59.
25.കരൺ ആംസ്ട്രോങ്, ഹോളി വാർ, മക്മില്ലൻ ലണ്ടൻ ലി. 1988, പേ.185.
26. ഫ്രാൻസിസ് ഇ. പീറ്റേഴ്സ്, ജറൂസലം: ഹോളി സിറ്റി ഇൻ ദ ഐയ്സ് ഓഫ് ക്രോണിക്ളേഴ്സ്, വിസിറ്റേഴ്സ്, പിൽഗ്രിംസ്, ആന്റ് പ്രോഫെറ്റ്സ് ഫ്രം ദ ഡേയസ് ഓഫ് അബ്രഹാം ടു ദ ബിഗിനിങ്സ് ഓഫ് മോഡേൺ ടൈംസ്, പ്രിൻസ്റ്റൺ, പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പ്രസ്സ്, 1985, പേ. 363.
27. രണ്ടായിരം ആഗസ്റ്റ് 18 ന് ഇസ്രയേലിലെ ഹാരെറ്റ്സ് ദിനപത്രം പ്രസിദ്ധീകരിച്ച എഡ്വേർഡ് സെയ്ദിന്റെ അഭിമുഖ സംഭാഷണത്തിൽ നിന്ന്
28. ചാൾസ് ഡാർവിൻ, ദ ഡിസെന്റ് ഓഫ് മാൻ, 2-ാം എഡിഷൻ, ന്യൂയോർക്ക് , എ.എൽ. ബർട്ട് കമ്പനി, 1874, പേ. 178
29. ലളിതപ്രസാദ് വിദ്യാർഥി, റേസിസം, സയൻസ് ആന്റ് സ്യൂഡോ സയൻസ് , യുനെസ്കോ, ഫ്രാൻസ്, വെന്റോം,1983. പേ. 54.
30. തിയഡോർ ഡി. ഹാൾ, 'ദ സയന്റിഫിക് ബാക്ഗ്രൗണ്ട് ഓഫ് ദ നാസി 'റേസ് പ്യൂരിഫികേഷൻ' പ്രോഗ്രാം' http://wwwt.rufax.org/avoid/nazi.html
31. ജെയിംസ് ജോൾ, യൂറോപ് സിൻസ് 1870: ആൻ ഇന്റർനാഷണൽ ഹിസ്റ്ററി, പെൻഗ്വിൻ ബുക്സ്, മിഡ്ൽസെക്സ്, 1990, പേ. 164
32. എം.എഫ്. ആഷ്ലി -മൊണ്ടേഗ്, മാൻ ഇൻ പ്രോസസ്സ്, ന്യൂയോർക്: വേൾഡ് പബ്ലി. കമ്പനി 1961, പേ.76,77 ബോൾട്ടൺ ഡേവിഡ് ഹീസർ, ഡബ്ല്യു .ഇ. ലാമേഴ്സ് എന്നിവർ എഡിറ്റ് ചെയ്ത് 1971 ൽ പ്രസിദ്ധീകരിച്ച 'സയന്റിഫിക് സ്റ്റഡീസ് ഇൻ സ്പെഷ്യൽ ക്രിയേഷനിസം' (പേ. 338,339) എന്ന ശാസ്ത്രസമാഹാര

ഗ്രന്ഥത്തിൽ ഉദ്ധരിച്ചത്
33. എൽ.എച്ര്. ഗാൻ, 'അഡോൾഫ് ഹിറ്റ് ലർ, ദ കംപ്ലീറ്റ് ടോറ്റലിറ്ററിയൻ' ദ ഇന്റർകൊളീജിയേറ്റ് റിവ്യൂ, ഫാൾ 1985, പേ. 24 (1989 ൽ ബേക്കർ ബുക് ഹൗസ് പ്രസിദ്ധീകരിച്ച ഹെൻ റി എം. മോറിസിന്റെ ദ ലോങ് വാർ എഗെയ്ൻസ്റ്റ് ഗോഡ് (പേ. 78) എന്ന കൃതിയിൽ ഉദ്ധരിച്ചത്.
34. ജെ. ടെനൻബോം, റേയ്സ് ആന്റ് റീഹ്, ടെയ്ൻ പബ്ലി. ന്യൂയോർക്ക് 1956, പേ. 211, 'ഡാർവിനിസം ആന്റ് ദ നാസി റേസ് ഹോളോകോസ്റ്റ് ' എന്ന ലേഖന ത്തിൽ ജെറിബെർഗ് മാൻ ഉദ്ധരിച്ചത്, http://wwwt.rueorigin. org/ holocaust.thm
35. പീറ്റർ ക്രിസ്പ്, ദ റൈസ് ഓഫ് ഫാസിസം, വിറ്റ്നസ് ഹിസ്റ്ററി സീരീസ് പേ. 6
36. ഹിക്മാൻ ആർ. ബയോക്രിയേഷൻ ,സയൻസ് പ്രസ്സ്, വർതിങ്ടൺ, ഓഹിയോ , പേ. 51-52 1983, 1999 ൽ ക്രിയേഷൻ എക്സ് നിഹിലിയോ ടെക്നിക്കൽ ജേണ ലി(13/2)ൽ(ഇപ്പോഴത് ജേണൽ ഓഫ് ക്രിയേഷൻ എന്ന പേരിലാണ് പ്രസിദ്ധീകരി ക്കുന്നത്) 'ഡാർവിനിസം ആന്റ് ദ നാസി റേസ് ഹോളോകോസ്റ്റ് ' എന്ന ലേഖന ത്തിൽ(പേ. 101,111 ) ജെറിബെർഗ് മാൻ ഉദ്ധരിച്ചത്.
37. റോബർട്ട് എം . യങ്, ഡാർവിനിയൻ എവല്യൂഷൻ ആന്റ് ഹ്യൂമൻ ഹിസ്റ്ററി , ഹിസ്റ്റൊറികൽ സ്റ്റഡീസ് ഓൺ സയൻസ് ആന്റ് ബിലീഫ്, 1980
38. അലൻ വുഡ്സ് ആന്റ് ടെഡ് ഗ്രാന്റ് , റീസൺ ഇൻ റിവോൾട്ട്: മാർക്സിസം ആന്റ് മോഡേൺ സയൻസ് , ലണ്ടൻ: 1993
39. കെ . മെഹ് നെർട്ട്, കാഫ് ഉം മാവോസ് എർബ്,ഡ്യൂഷ് വെർലാഗ്സ്-അൻസ് റ്റാൾട്ട്, 1977
40. കാൾ മാർക്സ് , ദസ് ക്യാപിറ്റൽ , വാള്യം 1 1955 പേ. 603
41. വ്ലാദിമിർ ഇലിച്ച് ലെനിൻ , കളക്റ്റഡ് വർക്സ് , ഫോർത് ഇംഗ്ലീഷ് എ ഡിഷൻ, പ്രോഗ്രസ് പബ്ലിഷേഴ്സ് , മോസ്കോ, 1965, വാള്യം 2 പേ. 216

APPENDIX FOOTNOTES:
അനുബന്ധം:
അടിക്കുറിപ്പുകൾ

1. സിഡ്നി ഫോക്സ് , ക്ലോസ് ഡോസ്, മോളിക്യുലാർ എവല്യൂഷൻ ആന്റ് ദ ഒറിജിൻ ഓഫ്  ലൈഫ്, ഡബ്ല്യു . എച്. ഫ്രീമാൻ ആന്റ് കമ്പനി, സാൻഫ്രാൻസിസ്കോ , 1972, പേ. 4
2. അലക്സാണ്ടർ ഐ. ഒപാരിൻ , ഒറിജിൻ ഓഫ് ലൈഫ്, ഡോവർ പബ്ലിക്കേഷൻസ്, ന്യൂയോർക്ക് , 1936, 1953 (റീപ്രിന്റ്), പേ. 196
3. 'ന്യൂ എവിഡൻസ് ഓൺ എവല്യൂഷൻ ഓഫ് ഏർളി അറ്റ്മോസ്ഫിയർ ആന്റ് ലൈഫ്, 'ബുള്ളറ്റിൻ ഓഫ് ദ അമേരിക്കൻ മിറ്റീയറോളജികൽ സൊസൈറ്റി, വാ. 63, നവംബർ 1982, പേ.1328-1330
4. സ്റ്റാൻലി മില്ലർ, മോളിക്യുലാർ എവല്യൂഷൻ ഓഫ്  ലൈഫ്:  കറന്റ് സ്റ്റാറ്റസ് ഓഫ്  ദ പ്രീ ബയോട്ടിക് സിന്തസിസ് സ്മാൾ മോളിക്യൂൾസ്, 1986, പേ. 7
5. ജെഫ്രി ബദാ, എർത്, ഫെബ്രുവരി 1998, പേ. 40.
6. ലെസ് ലീ ഇ.  ഒർഗെൽ, ' ദ ഒറിജിൻ ഓഫ് ലൈഫ് ഓൺ എർത്', സയന്റിഫിക് അമേരിക്കൻ , വാ. 271, ഒക്ടോബർ 1994, പേ. 78
7. ചാൾസ് ഡാർവിൻ, ദ ഒറിജിൻ ഓഫ് സ്പീഷീസ് ബൈ മീൻസ് ഓഫ് നാചുറൽ സെലക്ഷൻ, ദ മോഡേൺ ലൈബ്രറി, ന്യൂയോർക്ക്, പേ. 127
8. ചാൾസ് ഡാർവിൻ  , ' ദി ഒറിജിൻ ഓഫ് സ്പീഷീസ് : എ ഫസിമയ്ൽ ഓഫ് ദ ഫസ്റ്റ് എഡിഷൻ, ഹാവാർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, 1964, പേ. 184
9. ബി.ജി. രംഗനാഥൻ ,  ഒറിജിൻസ് ? പെൻസിൽവാനിയ: ദ ബാനർ ഓഫ് ട്രൂത് ട്രസ്റ്റ് , 1988 , പേ. 7
10. ചാൾസ് ഡാർവിൻ, ദ ഒറിജിൻ ഓഫ് സീപീഷിസ് : എ ഫസിമയ്ൽ ഓഫ് ദ ഫസ്റ്റ് എഡിഷൻ, പേ. 179.
11. ഡെറെക് എ. ആജർ, 'ദ നേചർ ഓഫ് ദ ഫോസിൽ റെക്കോഡ്, 'പ്രൊസീഡിങ്സ് ഓഫ് ദ ബ്രിട്ടീഷ് ജിയോളജിക്കൽ അസോസിയേഷൻ, വാ. 87, 1976, പേ. 133.
12. ഡഗ്ലസ് .ജെ. ഫുറ്റുയാമ, സയൻസ് ഓൺ ട്രയൽ, പാന്തിയോൺ ബുക്സ്, ന്യൂയോർക്  1983, പേ. 197.
13. സോളി സുക്കർമാൻ, ബിയോണ്ട് ദ ഐവറി ടവർ, ടോപ് ലിങർ പബ്ലിക്കേഷൻസ് , ന്യൂയോർക്ക് , 1970, 75-14;  ചാൾസ്  . ഇ. ഓക്സ്നാഡ്, 'ദ പ്ലെയ്സ് ഓഫ് ആസ്ട്രലോപിത്തെസിൻസ് ഇൻ  ഹ്യൂമൻ എവല്യൂഷൻ: ഗ്രൗണ്ട്സ് ഫോർ ഡൗട്ട്' നേചർ, വാ. 258, 389.
14. 'കുഡ് സയൻസ് ബി ബ്രോറ്റ് ടു ആൻ എൻഡ് ബൈ സയന്റിസ്റ്റ്സ്'സ് ബിലീഫ്  ദാറ്റ് ദെ ഹാവ് ഫൈനൽ ആൻസേഴ്സ്  ഓർ ബൈ സൊസൈറ്റീസ് റില

ക്റ്റൻസ് ടു പേ ദ ബിൽസ്? സയന്റിഫിക് അമേരിക്കൻ, ഡിസംബർ 1992, പേ. 20.
15. അലൻ വാക്കർ, സയൻസ് വാ. 207, 7 മാർച്ച് 1980, പേ. 1103; എ.ജെ. കെൽസോ, ഫിസിക്കൽ ആന്ത്രപോളജി , ഫസ്റ്റ് എഡി., ജെ. ബി. ലിപിൻകോട്ട് കമ്പനി, ന്യൂയോർക്ക് 1970, പേ. 221; എം. ഡി. ലീക്കി, ഓൾഡുവ ജോർജ്, വാ. 3, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, കേംബ്രിഡ്ജ്, 1971, പേ. 272.
16. ജെഫ്രി ക്ലുഗർ, 'നോട്ട് സോ എക്സ്റ്റിങ്റ്റ് ആഫ്റ്റർ ഓൾ: ദ പ്രിമിറ്റീവ് ഹോമോ ഇറക്റ്റസ് മേ ഹാവ് സർവൈവ്ഡ് ലോങ് ഇനഫ് റ്റു കോഎക്സിസ്റ്റ് വിത് മോഡേൺ ഹ്യൂമൻസ്,' ടൈം, 23 ഡിസംബർ 1996.
17. എസ് .ജെ. ഗോൾഡ്, നാച്ചുറൽ ഹിസ്റ്ററി, വാ. 85, 1976, പേ. 30.
18. സോളി സുക്കർമാൻ , ബിയോണ്ട് ദ ഐവറി ടവർ , പേ. 19.
19. റിച്ചാർഡ് ലെവന്റിൻ, 'ദ ഡെമൻ ഹോണ്ടഡ് വേൾഡ്', ദ ന്യൂയോർക്ക് റിവ്യൂ ഓഫ് ബുക്സ് , ജനുവരി 9, 1997, പേ. 28.
20. മാൽകം മഗ്ഗെറിഡ്ജ് , ദ എൻഡ് ഓഫ് ക്രിസ്ത്യൻഡം, ഗ്രാന്റ് റാപിഡ്സ് :എഡ്മാൻസ് ,1980, പേ.43.
21. ഒർഹാൻ ഹൻസെർലിയോഗ് ലു, ദുസുൻസ് താരീഹി(ദ ഹിസ്റ്ററി ഓഫ് ഥോട്ട് ), (ഇസ്തംബൂൾ: റംസി ബുക്സ്റ്റോർ, ആറാംഎഡിഷൻ, 1995)പേ. 447.
22. ജോൺ ഗ്രിബിൻ, ഇൻ ദ സേർച്ച് ഓഫ് ബിഗ് ബാങ്; Ta?k›n Tuna, Uzay›n Otesi (ഫാർ ബിയോണ്ട് ദ യൂണിവേഴ്സ്),പേ. 194
23. ട്രീറ്റീസ് കൺസേണിങ് ദ പ്രിൻസിപ്പ്ൾ ഓഫ് ഹ്യൂമൻ നോളജ്, 1710, വർക്സ് ഓഫ് ജോർജ് ബെർകിലി, വാ. 1, എഡി. എ. ഫ്രേസർ, ഓക്സ്ഫഡ്, 1871
24. മാസിത് ഗുക് ബർക്, ഫൽസഫെ താരീഹി(ഹിസ്റ്ററി ഓഫ് ഫിലോസഫി), പേ. 263